


Indian Unioin Muslim League Documents

മുസ്‌ലിം ലീഗ് രേഖകൾ

1947 - 1970

ഗ്രേസ് എജുക്കേഷണൽ അസോസിയേഷൻ

മുസ്‌ലിംലീഗ് രേഖകൾ



പ്രസാധനം:
ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

Malayalam

Muslim League Rekhakal

(Politics-Documents)

Compiled by

Syed Ashraf Thangal, Chettippady

Editors :

M.I. Thangal, M.C. Vatakara, P.A.Rasheed

All rights reserved

First Edition : December 2013

Published by

Grace Educational Association

Regd 245/04

PB No. 3, Malappuram Dist. 676 317

Typesetting & Layout:

appletalk prindesign

Cover: Mahmood Kooria

Printed at :

Distributors

Grace Books

Camp Sayyid, PB No. 3

Malappuram Dist. 676317

9895114673, 9633902944

Thanks to the sponsors of this project

Ollakkan Muhammed Kutty Kodinhi

C.P.Abdu Rahiman Parappanangadi

Abdul Hameed Thekkil Klari

(Riyad Tirurangadi constituency KMCC)

₹

ആമുഖം

സാമൂഹികശാസ്ത്ര വിഷയങ്ങളിൽ പ്രത്യേകിച്ച് രാഷ്ട്രീയചരിത്രത്തിൽ ഗവേഷണപഠനങ്ങൾ നടത്തുന്ന പലരും അന്വേഷിച്ചെത്തുക മുസ്‌ലിംലീഗ് രേഖകൾ തേടിയാണ്. ഇവയാണെങ്കിൽ അസംഖ്യം കൈകളിലായി ചിതറിക്കിടക്കുന്നു. പൊതുരേഖകളായി പ്രസിദ്ധീകരിക്കപ്പെട്ട ഏതാനും ലഘുലേഖകൾ സമാഹരിച്ച് ഇങ്ങനെ ഒരു ഗ്രന്ഥം പുറത്തിറക്കുന്നത് രാഷ്ട്രീയ പഠിതാക്കളെ സംബന്ധിച്ചിടത്തോളം പ്രയോജനകരമായിരിക്കും.

ഇങ്ങനെ ഒരു സമാഹാരത്തിൽ ഉൾപ്പെടേണ്ട ഒട്ടേറെ രേഖകൾ ഇനിയും കാണും. അവ കൈവശമുള്ളവർ അറിയിച്ചാൽ അവ കൂടി ഉൾപ്പെടുത്തി ഈ സമാഹാരം വിപുലീകരിക്കാനാവും. പശ്ചാത്തലക്കുറിപ്പുകൾ ദിശാസൂചികൾ മാത്രമാണ്. ഏതാണ്ട് 1948 മുതൽ 1970 വരെയുള്ള 31 ലഘുലേഖകളാണ് ഇതിൽ ഉൾപ്പെടുന്നത്. പാർട്ടി രൂപവൽക്കരണം, ഘടനയും നിയമങ്ങളും, കേരള സംസ്ഥാന മുസ്‌ലിംലീഗ് സമ്മേളനങ്ങൾ, തെരഞ്ഞെടുപ്പുകൾ, മലപ്പുറം ജില്ലാ രൂപവൽക്കരണം, മുന്നണികളുടെ വികാസപരിണാമങ്ങൾ, 1957 മുതൽ 1970 വരെയുള്ള കേരളഭരണം തുടങ്ങിയവ ഇതിലൂടെ കടന്നു പോകുന്നു.

കേരളരാഷ്ട്രീയം പഠന വിധേയമാക്കുന്ന ആർക്കും ഇത് സഹായകമായി അനുഭവപ്പെടുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ഈ ഗ്രന്ഥം സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നു. ഗ്രേസ് എജുക്കേഷണൽ അസോസിയേഷന്റെ ഈ സംരംഭവുമായി സർവാത്മനാ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എം.ഐ.തങ്ങൾ
എം.സി.വടകര
പി.എ.റഷീദ്

കോഴിക്കോട്
01.12.2013

ഉള്ളടക്കം

1.	1948 മാർച്ച് 10 – പ്രമേയം – പരിപാടി	7
2.	മുസ്‌ലിംലീഗ് എന്തിന്? – മുഹമ്മദ് ഇസ്മായിൽ സാഹിബ്	15
3.	ഇന്ത്യൻ മുസ്‌ലിംകളും മുസ്‌ലിംലീഗും – കെ.എം.സീതിസാഹിബ്	25
4.	ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ ഭരണഘടന – 1951	31
5.	കമ്യൂണിസ്റ്റുകളുടെ കുട്ടിക്കരണം – കെ.എസ്.മുഹമ്മദ്	39
6.	മലബാറിലെ മുസ്‌ലിംലീഗ് ശാഖാ സംഘങ്ങൾക്ക്	47
7.	തിരുകൊച്ചിയിലെ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് ശാഖാ സംഘങ്ങൾക്ക്	51
8.	കെ.എം.സീതിസാഹിബിന്റെ പ്രസ്താവന – 1957	57
9.	കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് ഘടനയും നിയമങ്ങളും – 1958	61
10.	കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് പ്രഥമ വാർഷിക സമ്മേളനം ആലപ്പുഴ – 1958	77
11.	ആലപ്പുഴ സമ്മേളനം ഖാഇദെമില്ലത്തിന്റെ അധ്യക്ഷപ്രസംഗം – 1958	83
12.	മുസ്‌ലിംലീഗ് ശാഖകളുടെ അടിയന്തര ശ്രദ്ധക്ക് – 1959	99
13.	സംസ്ഥാന മുസ്‌ലിംലീഗ് സമ്മേളനം കോഴിക്കോട് ബാഫഖി തങ്ങളുടെ പ്രസംഗം – 1959	101
14.	കോഴിക്കോട് സമ്മേളനം ഖാഇദെമില്ലത്തിന്റെ അധ്യക്ഷപ്രസംഗം – 1959	108
15.	കേരള തെരഞ്ഞെടുപ്പ് മുസ്‌ലിംലീഗ് വിജ്ഞാപനം – 1960	117
16.	മുസ്‌ലിംലീഗും സ്പീക്കർ പ്രശ്നവും – 1961	133
17.	എസ്.കെ. പൊറ്റെക്കാട്ടിനെ വിജയിപ്പിക്കുക – 1962	143
18.	മുസ്‌ലിംലീഗും ദേശീയോദ്ഗ്രഥനവും	144
19.	കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് ഘടനയും നിയമങ്ങളും – 1964	150

20.	മുസ്‌ലിംലീഗിന്റെ തെരഞ്ഞെടുപ്പ് വിജ്ഞാപനം – 1965	167
21.	മദിരാശി പ്രമേയം – 1966	179
22.	ലീഗ് പ്രമേയം; വിമർശനങ്ങൾക്ക് മറുപടി	185
23.	ജനാധിപത്യത്തിന്റെ മാഗ്നകാർട്ട	190
24.	ഏഴു പ്രതിപക്ഷപാർട്ടികളുടെ യോജിച്ച നയപ്രഖ്യാപനം	196
25.	പി.എം.എസ്.എ. പൂക്കോയതങ്ങളുടെ പ്രസംഗം കോഴിക്കോട് – 1968	207
26.	മലപ്പുറം ജില്ല രൂപവൽക്കരണം ബാഫഖി തങ്ങളുടെ പ്രസ്താവന – 1969	211
27.	മുസ്‌ലിംലീഗ് പ്രവർത്തകസമിതി പ്രമേയം – 1969	215
28.	മുസ്‌ലിംലീഗും കേരളത്തിലെ രാഷ്ട്രീയ സംഭവവികാസങ്ങളും	221
29.	മുസ്‌ലിംലീഗ് മന്ത്രിമാർ എന്തിന് മന്ത്രിസഭ വിട്ടു?	238
30.	അവുക്കാദർകുട്ടി നഹയുടെ നിയമസഭാ പ്രസംഗം – 1969	244
31.	മുസ്‌ലിംലീഗ് തെരഞ്ഞെടുപ്പ് വിജ്ഞാപനം – 1970	249

രാജ്യത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിയും വിഭജനവും തീരുമാനിക്കപ്പെട്ടപ്പോൾ 1947 ജൂണിൽ സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ പ്രവർത്തനങ്ങൾ നിറുത്തിവെക്കുകയായിരുന്നു. 1947 ആഗസ്ത് 15 ന് ഇന്ത്യ സ്വതന്ത്രമായി. കൂടെ പാക്കിസ്താന്റെ പിറവിയും. വിഭജനം ഉത്തരേന്ത്യയിൽ രക്തരൂഷിതമായ കലാപങ്ങൾ സൃഷ്ടിച്ചു. പ്രമുഖ നേതാക്കൾ പലരും പാക്കിസ്താനിലേക്കു പോയി. ഈ ഘട്ടത്തിൽ 1947 നവംബർ 9, 10 തീയതികളിൽ മുൻ ബംഗാൾ പ്രധാനമന്ത്രി എച്ച്.എസ്.സുഹ്റവർദി കൽക്കത്തയിലെ വസതിയിൽ ഒരു കൺവെൻഷൻ വിളിച്ചു ചേർത്തു. മുസ്‌ലിംലീഗ് പിരിച്ചുവിടാനും ഭാവി രാഷ്ട്രീയ കാര്യങ്ങൾ ആലോചിക്കാനും ഉദ്ദേശിച്ചുകൊണ്ട് വിളിച്ച ഈ യോഗത്തിൽ മദിരാശി പ്രവിശ്യയിൽ നിന്നു ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബും കെ.എം.സീതി സാഹിബും പങ്കെടുത്തു. ഈ ഘട്ടത്തിൽ മുസ്‌ലിംലീഗ് പിരിച്ചു വിടരുതെന്നും സർവേന്ത്യാ മുസ്‌ലിംലീഗ് കൗൺസിൽ വിളിച്ചു കൂട്ടാൻ ആവശ്യപ്പെടണമെന്നും ഇസ്മായിൽ സാഹിബും സീതിസാഹിബും വാദിച്ചു. സുഹ്റവർദിയുടെ കൺവെൻഷൻ വ്യക്തമായ തീരുമാനാവാതെ പിരിയുകയും സർവേന്ത്യാ ലീഗ് കൗൺസിൽ വിളിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. 1947 ഡിസംബർ 13, 14 തീയതികളിൽ കറാച്ചിയിൽ ചേർന്ന സർവേന്ത്യാ മുസ്‌ലിംലീഗ് കൗൺസിൽ സംഘടനയെ രണ്ടായി വിഭജിക്കാൻ തീരുമാനിച്ചു. പാക്കിസ്താൻ മുസ്‌ലിംലീഗിന്റെ കൺവീനറായി നവാബ് സാദാലിയാഖത്തലി ഖാനേയും ഇന്ത്യൻ മുസ്‌ലിംലീഗിന്റെ കൺവീനറായി മുഹമ്മദ് ഇസ്മയിൽ സാഹിബിനേയും തെരഞ്ഞെടുത്തു.

ഇസ്മായിൽ സാഹിബ് ഇന്ത്യൻ യൂണിയനിലെ മുസ്‌ലിംലീഗ് കൗൺസിലർമാരുടെ യോഗം 1948 മാർച്ച് 10 ന് ചെന്നൈയിലെ ബാങ്കറ്റിംഗ് ഹാളിൽ (ഇപ്പോൾ രാജാജി ഹാൾ) വിളിച്ചു ചേർത്തു. നിലവിലുണ്ടായിരുന്ന 147 കൗൺസിലർമാരിൽ 30 പേരാണ് ഈ യോഗത്തിൽ പങ്കെടുത്തത്. ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് ഈ യോഗത്തിൽ വെച്ചു രൂപീകൃതമായി.

1

1948 മാർച്ച് 10 നു ബുധനാഴ്ച മദ്രാസ് ബാൻകറ്റിങ്ങ് ഹാളിൽ ചേർന്ന ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് കൗൺസിൽ യോഗത്തിൽ പാസ്സാക്കിയ പ്രമേയങ്ങളാണ് താഴെ ചേർക്കുന്നത്.

പ്രമേയം I

ഒരു കൊലപാതകിയുടെ കയ്യാൽ മഹാത്മാഗാന്ധിക്ക് നേരിട്ട ദാരുണമായ മരണത്തിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ ഈ കൗൺസിൽ യോഗം അഗാധമായ വ്യസനം പ്രകടിപ്പിക്കുന്നു. സാമുദായിക സമാധാനവും രഞ്ജിപ്പും നാട്ടിൽ നിലനിർത്താൻ വേണ്ടി അതുല്ല്യമായ ആവേശത്തോടും നിഷ്ഠയോടും

mappilaheritagelibrary.com

കൂടി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു മഹാനായ വ്യക്തിയെ മൃഗീയമായ വിധം നാട്ടിൽ നിന്നു ഇല്ലായ്മ ചെയ്തിരിക്കുന്നു. ഈ മഹാനായ സമാധാനദൂതന് ഏറ്റവും പറ്റിയ ഒരു സ്മാരകമെന്ന നിലയിൽ രാഷ്ട്രത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയിടയിലും സമാധാനവും സൗഹാർദ്ദവും സ്ഥാപിക്കുന്നതിനു കഴിയുന്ന എല്ലാ പരിശ്രമങ്ങളും ചെയ്യുവാൻ മുസ്ലിംകളോടും മറ്റു സമുദായങ്ങളോടും ഈ യോഗം അഭ്യർത്ഥിച്ചുകൊള്ളുന്നു.

പ്രമേയം II

A. ഈ യോഗം നിശ്ചയിച്ച സബ്കമ്മിറ്റിയുടെ റിപ്പോർട്ടു പരിശോധിച്ചു പുതിയ ഘടനാ നിയമങ്ങൾ ഉണ്ടാക്കുന്നത് വരെ താഴെപറയുന്ന ഭേദഗതികളോടുകൂടിയ അഖിലേന്ത്യാ മുസ്‌ലിംലീഗിന്റെ നിലവിലുള്ള ഘടനാ നിയമം തന്നെയായിരിക്കും ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെയും ഘടനാനിയമം.

1. അഖിലേന്ത്യാ മുസ്‌ലിംലീഗിന്റെ ഘടനാനിയമങ്ങളിൽ (1944 ജനുവരിയിൽ സ്വീകരിച്ചത്) 'അഖിലേന്ത്യാ' എന്നോ 'ബ്രിട്ടീഷ് ഇന്ത്യ' എന്നോ ഉള്ള പദങ്ങൾക്ക് പകരം 'ഇന്ത്യൻ യൂണിയൻ' എന്ന വാക്ക് ഉപയോഗിക്കേണ്ടതാണ്.

2. ഒന്നാമത്തെ വകുപ്പിനു താഴെ പറയുന്നവ പകരമായി ഉപയോഗിക്കേണ്ടതാണ്.

1. സംഘടനയുടെ പേർ "ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ്" എന്നായിരിക്കും.

3. രണ്ടാമത്തെ വകുപ്പിനു താഴെ പറയുന്നവ പകരമായി ഉപയോഗിക്കേണ്ടതാണ്. ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ ആദർശങ്ങളും ഉദ്ദേശങ്ങളും താഴെ പറയുന്നവയായിരിക്കും.

(a) ഇന്ത്യൻ യൂനിയൻ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യവും അഭിമാനവും നിലനിർത്തുകയും സംരക്ഷിക്കുകയും സ്ഥാപിക്കുകയും, നിലനിർത്തുന്നതിലും സംരക്ഷിക്കുന്നതിലും സ്ഥാപിക്കുന്നതിലും സഹായിക്കുകയും രാഷ്ട്രത്തിലെ ജനങ്ങളുടെ അന്തസ്സും ക്ഷേമവും സുഖവും വർദ്ധിപ്പിക്കുന്നതിൽ പരിശ്രമിക്കുകയും ചെയ്യുക.

(b) രാഷ്ട്രത്തിലെ മുസ്‌ലിംകളുടേയും മറ്റു ന്യൂനപക്ഷങ്ങളുടേയും എല്ലാ ന്യായമായ അവകാശങ്ങളും താല്പര്യങ്ങളും കരസ്ഥമാക്കുകയും രക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക.

(c) ഇന്ത്യയിലെ മുസ്‌ലിംകളുടേയും മറ്റു സമുദായക്കാരുടേയും ഇടയിൽ പരസ്പരവിശ്വാസവും സന്മനസ്സും സ്നേഹവും മതിപ്പും രഞ്ജിപ്പും ഐക്യവും വളർത്തുക.

4. 8ാം വകുപ്പിൽ "അവരുടെയിടയിൽ നിന്ന്" എന്നു തുടങ്ങി "വരുന്ന വാർഷിക യോഗം" എന്നുവരേയുള്ള പദങ്ങൾ എടുത്തുകളയുക.

5. 9ാം വകുപ്പിൽ ''വാർഷിക യോഗത്തിൽ'' എന്നുള്ള പദങ്ങൾ "കൗൺസിൽ" എന്നാക്കി മാറ്റുക

6. 20ാം വകുപ്പിൽ 'അമ്പത്' എന്നുള്ളത് 'ഇരുപത്തി അഞ്ച്' എന്നാക്കി മാറ്റുക.

6. 47ാം വകുപ്പ് താഴെ പറയും പ്രകാരം മാറ്റുക.

"47, ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ ഘടനാനിയമങ്ങൾ ഏറ്റാനും മാറ്റാനും റദ്ദാക്കാനും ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിലിന് അധികാരമുണ്ടായിരിക്കും."

mappilaheritagelibrary.com

B. (1) ഘടനാനിയമം ഉണ്ടാക്കുവാൻ വേണ്ടി താഴെപേരെഴുതുന്ന മാന്യന്മാർ അടങ്ങിയ ഒരു സബ്കമ്മിറ്റിയെ രൂപീകരിക്കുവാനും പ്രസ്തുത സബ്കമ്മിറ്റി അതിന്റെ റിപ്പോർട്ട് മൂന്നു മാസത്തിനുള്ളിൽ കൗൺസിലിന്റെ ആലോചനക്കും അംഗീകരണത്തിനും വേണ്ടി പ്രസിഡണ്ടിനു സമർപ്പിക്കേണ്ടതാണെന്നും ഈ യോഗം തീരുമാനിക്കുന്നു.

1. മി : എം.മുഹമ്മദ് ഇസ്മായിൽ സാഹിബ്, M.L.A
2. മി : എ.എ.ഖാൻ സാഹിബ്, M.L.A, M.C.A
3. മി : ഹാജി ഹസ്സനലി പി.ഇബ്രാഹിം സാഹിബ്, M.L.A
4. മി : എസ്.എ.റഊഫ് സാഹിബ്, M.L.A
5. മി : അബ്ദുൽ ഖാദർ ഹാഫിസ്ഖാൻ സാഹിബ്
6. മി : ബി.പോക്കർ സാഹിബ് M.L.A, M.C.A
7. മി : മഹ്ബൂബ് അലിബേഗ് സാഹിബ് M.L.A, M.C.A
8. മി : കെ.ടി.അഹമ്മദ് ഇബ്രാഹിം സാഹിബ് M.L.A, M.C.A
9. മി : മുഹമ്മദ് റസാഖാൻ സാഹിബ് M.L.A
10. മി : ഇസ്മായിൽ താബിശ് സാഹിബ്
11. മി : പി.കെ.മൊയ്തീൻകുട്ടി സാഹിബ്, M.L.A
12. മി : കെ.എം. സീതിസാഹിബ്, M.L.A
13. മി : എച്ച്.യൂസഫ് ശരീഫ് സാഹിബ് ബാർ-അറ്റ്ലോ
14. മി : അബ്ദുൾ ഖാദർ ഷെയിക്ക് സാഹിബ്, M.L.A, M.C.A
15. മി : ഹാജി അബ്ദുസത്താർ ഹാജി ഇസ്ഹാഖ് സേട്ടു സാഹിബ് M.C.A

കോറം അഞ്ചായിരിക്കുന്നതാണ്.

2. രാഷ്ട്രത്തിലെ മാറിയ പരിതസ്ഥിതികളേയും ഹിന്ദുമുസ്ലിം ഐക്യത്തെയും സമുദായിക സന്മതസ്ഥിതിയേയും വിശ്വാസത്തേയും ഉന്നംവെച്ചുകൊണ്ടു ഈ സബ്കമ്മിറ്റി ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിനു സ്വതന്ത്രമായ ഒരു ഘടനാ നിയമം ഉണ്ടാക്കുന്നതായിരിക്കും.

3. ജനങ്ങൾക്ക് വേണ്ടി ഉത്തരവാദിത്വത്തോടുകൂടി സംസാരിക്കാവുന്ന മറ്റു രാഷ്ട്രീയ കക്ഷികളുമായി യോജിച്ചു പ്രവർത്തിക്കുന്നതിനു മുസ്‌ലിംലീഗിനു സാധിക്കാവുന്ന ഒരു വ്യവസ്ഥ ഘടനാനിയമത്തിൽ ഉൾക്കൊള്ളിക്കുന്നതായിരിക്കും.

പ്രമേയം III

(a) രാഷ്ട്രത്തിനു സ്വാതന്ത്ര്യം കിട്ടുകയാൽ അതിനുശേഷമുള്ള മുസ്‌ലിംലീഗിന്റെ നയം വ്യക്തമാക്കേണ്ടിയിരിക്കുന്നതിനാൽ, രാജ്യത്തിലെ വിവിധ ജനവിഭാഗങ്ങളുടെയിടയിൽ പരസ്പരം വിശ്വാസവും സന്മനസ്സും ഐക്യവും വളർത്തിക്കൊണ്ടു വരുന്നതിലും, ക്ഷേമത്തിലേക്കും സൗഖ്യത്തിലേക്കും ഉള്ള ജനങ്ങളുടെ ഗമനത്തെ ത്വരിതപ്പെടുത്തുന്നതിലും മുസ്‌ലിംലീഗ് ഹൃദയംഗമമായി കൂറോടെ പരിശ്രമിക്കുന്നതാണെന്ന് ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ ഈ കൗൺസിൽ യോഗം പ്രഖ്യാപിക്കുന്നു. വിവിധ സമുദായങ്ങളുടെയിടയിൽ ഐക്യവും സമാധാനവും പാലിക്കാൻ മറ്റു സംഘടനകളും കക്ഷികളുമായി കഴിയുന്ന എല്ലാവിധത്തിലും സഹകരിക്കുവാൻ ഈ യോഗം മുസ്‌ലിംകളോടു അഭ്യർത്ഥിച്ചു കൊള്ളുന്നു.

(b) ഇന്ത്യൻ യൂനിയൻ മുസ്‌ലിംകളുടെ മതപരവും സംസ്കാരികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താല്പര്യത്തെ പരിരക്ഷിക്കുന്നതിലായിരിക്കും മുസ്‌ലിംലീഗ് കാര്യമായും പ്രവർത്തിക്കുകയും ശ്രദ്ധിക്കുകയും ചെയ്യു

mappilaheritagelibrary.com

കയെന്നു ഈ യോഗം തീരുമാനിക്കുന്നു.

(c) ഈ രാജ്യത്തിന്റെ യുദ്ധാനന്തര രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കുവഹിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി താഴെ പറയുന്നവയെ രചനാത്മക പരിപാടികളായി ഈ യോഗം രൂപീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ആവശ്യമാണെന്ന് തോന്നുന്ന മാറ്റങ്ങളോടു കൂടി ഈ പരിപാടിയെ വിവിധ മുസ്‌ലിംലീഗ് അസംബ്ലിപാർട്ടികൾ അംഗീകരിക്കണമെന്നു ഈ യോഗം നിർദ്ദേശിക്കുന്നു. ഈ പരിപാടികളുമായി ഐകരൂപ്യമുള്ളതോ ഏതാണ്ടതുപോലെയുള്ളതോ ആയ സാമ്പത്തികപരിപാടികളുള്ള കക്ഷികളുമായോ ഗ്രൂപ്പുകളുമായോ വ്യക്തികളുമായോ ഇഷ്ടമുള്ള ഏതെങ്കിലും ഒരു പേരിൽ ഇതിന്റെ പ്രവർത്തനത്തിനു വേണ്ടി മുസ്‌ലിംലീഗ് കക്ഷികൾക്ക് സഹകരിക്കാവുന്നതാണ്.

പരിപാടി

ഭൂമിയും അതിലുള്ള എല്ലാ സാധനങ്ങളും മനുഷ്യവർഗ്ഗത്തിനു ദൈവം നല്കിയ സൗജന്യമാകകൊണ്ടു അവയെ തന്റെയും കുടുംബങ്ങളുടേയും ആശ്രിതന്മാരുടേയും സുഖകരമായ ജീവിതത്തിന് ആവശ്യമായ ഭക്ഷണം, വസ്ത്രം, വാസസ്ഥലം എന്നിവയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുവാനും ഏതൊരു മനുഷ്യനും പൂർണ്ണമായ അവകാശവും അവസരവും ഉണ്ടായിരിക്കേണ്ടതും ഉണ്ടായിരിക്കുന്നതുമാണ്. ആകയാൽ ധനത്തിന്റെ ഉല്പാദനത്തിലും വിതരണത്തിലും താഴെ പറയുന്ന തത്വങ്ങൾ അനുഷ്ഠിക്കേണ്ടതാകുന്നു.

1. എല്ലാ ഓരോ മനുഷ്യനും തൊഴിലിനു പൂർണ്ണസൗകര്യം ഉണ്ടായിരിപ്പാൻ ഗവർമ്മേണ്ടു ഏൽക്കേണ്ടതും രോഗം, അംഗഭംഗം, വാർദ്ധക്യം, തൊഴിലില്ലായ്മ, മരണം എന്നീ ഘട്ടങ്ങളിൽ തൊഴിലാളികൾ, തൊഴിൽ നല്കുന്നവർ, ഗവർമ്മെണ്ട് എന്നിവർ നിശ്ചിതമായ ഒരു വീതപ്രകാരം പണം എടുത്ത് സ്വരൂപിക്കപ്പെടുന്ന ഒരു ഫണ്ട് വഴിക്കോ ഇൻഷൂറൻസ് വഴിക്കോ സാമൂഹ്യരക്ഷ നല്കേണ്ടതുമാണ്.

2. മനുഷ്യനെ ചൂഷണം ചെയ്യുവാൻ ഇടവരുത്തുന്ന വിധത്തിൽ ധനശേഖരണം സംഭവിക്കാവുന്നതല്ല.

3. ഏതുവിധമായ പലിശയേയും ഗവർമ്മെണ്ടു തടയേണ്ടതാണ്.

4. ഇരുകക്ഷികളുടേയും പൂർണ്ണമനസ്സോടും സമ്മതത്തോടും കൂടി അല്ലാത്ത യാതൊരുവിധ കരാറും നീതിപൂർവ്വമാണെന്നു അംഗീകരിക്കുകയോ നടപ്പിൽ വരുത്തുകയോ ചെയ്യാവുന്നതല്ല. സന്ദർഭങ്ങളുടെ നിർബ്ബന്ധം കൊണ്ടു ഉണ്ടായതാണെന്നു തോന്നപ്പെടുന്ന സമ്മതത്തിന്മേൽ ചെയ്യപ്പെടുന്ന ഏതൊരു കരാറിനേയും ഗവർമ്മേണ്ടു തടയേണ്ടതും ദുർബ്ബലപ്പെടുത്തേണ്ടതുമാണ്.

5.സ്വകാര്യസ്വത്ത് എന്ന സ്ഥാപനത്തെ ഗവർമ്മേണ്ടു അംഗീകരിക്കണം. പക്ഷെ അത് ഒരു ട്രസ്റ്റ് എന്ന നിലയിൽ മാത്രമായിരിക്കണം. ഉടമസ്ഥനും അദ്ദേഹത്തിന്റെ കുടുംബവും ആശ്രിതന്മാരും തങ്ങളുടെ സുഖകരമായ ജീവിതത്തിനു മാത്രം പ്രഥമ പരിഗണനയുള്ള അനുഭവസ്ഥന്മാരും ബാക്കിയുള്ളതിൽ അതാത് സന്ദർഭങ്ങളിൽ ഉണ്ടാകുന്ന പരിതസ്ഥിതികൾക്കനുസരിച്ചു രാഷ്ട്രത്തിലെ ജനങ്ങളെല്ലാം അനുഭവസ്ഥന്മാരായിരിക്കേണ്ടതാണ്. എന്നാൽ അവശിഷ്ടധനം രാഷ്ട്രം മറ്റു വിധത്തിൽ ആവശ്യപ്പെടുന്നില്ലെങ്കിൽ കൂടുതൽ ധനമുണ്ടാകുവാൻ ഉപയോഗിക്കുന്നതിനു ഉടമസ്ഥനെ തടയുവാൻ പാടുള്ളതല്ല.

6. അന്യായമോ നിയമവിരുദ്ധമോ ആയ വഴികളിൽ കൂടി അല്ലാതെ സമ്പാ

mappilaheritagelibrary.com

ദിച്ച കായികമോ മാനസികമോ ആയ പ്രവർത്തനഫലം ഒരാളിൽ നിന്നും എടുത്തുകളയരുത്. ഇതൊന്നിച്ചു പറയുന്ന തത്വങ്ങളുടെ വെളിച്ചത്തിൽ അന്യായമോ നിയമവിരുദ്ധമോ ആയ വഴികൾ ഏതാണെന്നു തീരുമാനിക്കേണ്ടത് രാഷ്ട്രമാണ്.

7. ഏതുവിധത്തിലുള്ള ലഹരിസാധനങ്ങളുടെ ഉപയോഗവും ചൂതുകളിയും ചന്തയും രാഷ്ട്രം വിരോധിക്കേണ്ടതാണ്.

8. ഉല്പാദന മാർഗ്ഗങ്ങളും ധനവും പൂട്ടിയിട്ടു മറ്റുള്ളവരേക്കാൾ വേണ്ടുന്നതിൽ കൂടുതലായ ലാഭം കരസ്ഥമാക്കുന്ന കുത്തക സമ്പ്രദായത്തേയും മറ്റും രാഷ്ട്രം നിരോധിക്കേണ്ടതാണ്.

9. ആളുകളെ ചൂഷണം ചെയ്തും, കുത്തക സമ്പ്രദായം കൊണ്ടും, പന്തയം വെച്ചും, ലഹരിസാധനം ഉണ്ടാക്കിയും വിറ്റും പണം സമ്പാദിക്കുന്നതിനെ രാഷ്ട്രം തടയണം. മാത്രമല്ല, ഇത്തരം കുറ്റക്കാരനെ ശിക്ഷിക്കുന്നതു കൂടാതെ ഈ വഴികളിൽ കൂടി അവർ സമ്പാദിച്ച സ്വത്തിനെയും പിടിച്ചെടുക്കേണ്ടതാണ്.

10. ഈ പ്രമാണങ്ങൾ സ്വീകരിക്കുന്നതിനു മുമ്പ് ഏതു വഴിക്കാണ് ജനങ്ങൾ സ്വത്തുക്കൾ സമ്പാദിച്ചെതെന്നു അറിയുവാൻ ഗവർമ്മേണ്ടു അന്വേഷണം നടത്തേണ്ടതില്ല. പക്ഷെ അത്തരം സ്വത്തുക്കളുടെ വിനിയോഗം മുകളിൽ 5-ാം ഖണ്ഡികയിൽ പറഞ്ഞ പ്രകാരം മാത്രം ക്ലിപ്തപ്പെടുത്തേണ്ടതാണ്.

11. ഭൂമുഖത്തും ഭൂഗർഭത്തിലും കാണുന്ന എല്ലാ സ്വത്തുക്കളും ഖനികളും മറ്റു സാധനങ്ങളും രാഷ്ട്രത്തിന്റെതായിരിക്കുന്നതാണ്. പക്ഷെ ഒരാളുടെ കൈവശം മുമ്പുണ്ടായിരുന്ന സ്ഥലം അയാളിൽ നിന്നു എടുക്കരുത്; അത് അയാൾക്ക് സ്വന്തം ദൃഷ്ടിക്കും മറ്റുപയോഗത്തിനും കിട്ടേണ്ടതാണ്. ഭൂമിയുടെ മുകൾപരപ്പിൽ കണ്ടെത്തുന്ന ഖനികളും ഖനന വസ്തുക്കളും ഉള്ള നിലത്തിന്റെ ഉടമസ്ഥനു പ്രസ്തുത സാധനങ്ങളിൽ ഓരോഹരിക്കും അർഹതയില്ല. ഭൂമിയുടെ മുകളിൽ കണ്ടെത്തുന്ന എല്ലാ ഖനന വസ്തുക്കളും രാഷ്ട്രത്തിന്റെതാണ്. ഭൂമിയുടെ ഉള്ളിൽ ഖനന വസ്തുക്കൾ കണ്ടു പിടിക്കപ്പെട്ടിട്ടുള്ള നിലത്തിന്റെ ഉടമസ്ഥനെ അതു കുഴിച്ചെടുക്കുവാൻ രാഷ്ട്രം അനുവദിക്കുകയാണെങ്കിൽ മുഴുആദായത്തിന്റെ അഞ്ചിൽ ഒരു ഓഹരിക്കു പ്രസ്തുത ഉടമസ്ഥൻ അർഹനാണ്.

12. കൃഷി ചെയ്യാൻ സാധിക്കാത്ത ഒരു ഭൂഉടമ തന്റെ നിലം കൃഷി ചെയ്യാൻ ആഗ്രഹിക്കുന്ന ഒരുവന് തുച്ഛമായ പാട്ടത്തിന്മേൽ ചാർത്തു കൊടുക്കേണ്ടതാണ്. ആ പാട്ടം ഭൂനികുതിയും വസ്തു കൈവശക്കാർ ഉണ്ടാക്കിയിട്ടുണ്ടാകാവുന്ന കുഴിക്കൂറുകൾക്ക് ഗവർമ്മേണ്ടു നിശ്ചയിക്കുന്ന വിലയും അടങ്ങിയിരിക്കേണ്ടതാണ്.

13. കെട്ടിടത്തെ സംബന്ധിച്ചാണെങ്കിൽ ഉടമസ്ഥനു മേൽ പറഞ്ഞ തോതിനെ അടിസ്ഥാനപ്പെടുത്തി ഗവർമ്മേണ്ടു നിശ്ചയിക്കുന്ന തുച്ഛമായ വാടക കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

14. നിലനികുതിയും ഉല്പന്നങ്ങളും തമ്മിൽ എത്രയും ന്യായമായ ഒരു ബന്ധമുണ്ടായിരിക്കേണ്ടതാണ്. മഴയില്ലാത്തത് കൊണ്ടോ മറ്റു ദൈവഗത്യാ ഉള്ള കാര്യങ്ങൾ കൊണ്ടോ വിളനാശം വരുകയാണെങ്കിൽ നിലനികുതി മടക്കിക്കൊടുക്കുവാനുള്ള ഒരു ഉപാധിയും ഉണ്ടായിരിക്കേണ്ടതാണ്.

15. കൃഷിയുടെ അഭിവൃദ്ധിക്കും ജലസേചന സൗകര്യത്തിനും വേണ്ടിയുള്ള വഴികൾ ഗവർമ്മെണ്ടു നല്കേണ്ടതാണ്. മൊത്തച്ചിലവിന്മേൽ അധിഷ്ഠാപിതമായ ഇതിനുവേണ്ടി യാതൊരു ഫീസ്സും വസൂലാക്കരുത്.

mappilaheritagelibrary.com

16. മേച്ചിൽ സ്ഥലങ്ങൾ സ്വതന്ത്ര മേച്ചിൽ സ്ഥലങ്ങളായി എല്ലാവർക്കും ഉപയോഗിക്കാവുന്നതാണ്.

17. തീവണ്ടി, വിമാനം, തപ്പാൽ, കമ്പി, ജലസേചനം, വിദ്യുച്ഛക്തി, ഖനികൾ എന്നിവ ഗവർമ്മേണ്ടിന്റെ വകയായിരിക്കേണ്ടതാണ്. ദേശീയ വല്ക്കരണം എത്രയും ചെറിയ പരിധിയിൽ അടങ്ങിയിരിക്കേണ്ടതാണ്. മറ്റു തുറകളിലുള്ള പൊതുജനാവശ്യത്തിന്റെ വലിയ ഒരു മാനദണ്ഡമായിരിക്കണം ഇതിനെ (ദേശീയവല്ക്കരണത്തെ) തീരുമാനിക്കേണ്ടത്.

18. സൗജന്യവും നിർബ്ബന്ധവുമായ പ്രാഥമിക വിദ്യാഭ്യാസം ഗവർമ്മേണ്ട് നല്കേണ്ടതാണ്. സെക്കണ്ടറി വിദ്യാഭ്യാസവും മറ്റു ഉയർന്ന വിദ്യാഭ്യാസവും നല്കുന്നതും ശാസ്ത്രീയ ഗവേഷണങ്ങൾ നടത്തുന്നതുമായ സ്ഥാപനങ്ങൾക്കു വേണ്ടത്ര സഹായം ഗവർമ്മെണ്ടു നല്കേണ്ടതാണ്.

19. വയോജന വിദ്യാഭ്യാസത്തിനു സൗകര്യമുണ്ടാക്കുക വഴി നിരക്ഷതത്വത്തെ ഏറ്റവും ചുരുങ്ങിയ കാലത്തിനുള്ളിൽ നിഷ്ക്കാസനം ചെയ്യേണ്ടതാണ്.

20. പൊതുജനാരോഗ്യാഭിവൃദ്ധിക്കായി ആശുപത്രികൾ അടക്കമുള്ള സൗജന്യ ആരോഗ്യ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതാണ്. സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികൾക്ക് സൗജന്യമായി എക്സറേ പരിശോധനയും രോഗ പരിശോധനയും കാലന്തോറും നല്കേണ്ടതാണ്.

IV

ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ പ്രവർത്തക സമിതി തീരുമാനിക്കുന്ന തീയതി വരെ ഇപ്പോഴത്തെ ശാഖാ മുസ്‌ലിംലീഗിലെ അംഗങ്ങൾ അതിലെ മെമ്പർമാരായിത്തന്നെയായിരിക്കും. പുതിയ ഭരണഘടനയുടെ കീഴിൽ ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗിന്റെ പ്രവർത്തക സമിതി തയ്യാറാക്കുന്ന പരിപാടി അനുസരിച്ചു പുതിയ തിരഞ്ഞെടുപ്പുകൾ കഴിയുന്നതുവരെ നിലവിലുള്ള ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിലും സംസ്ഥാനം ജില്ല, സിറ്റി, ശാഖാ മുസ്‌ലിംലീഗുകളും തുടർന്നുകൊണ്ടു പ്രവർത്തിക്കേണ്ടതാണ്.

V

പള്ളികളുടേയും ശവകുടീരങ്ങളുടേയും അശുദ്ധമാക്കലുകളും ജീവനഷ്ടത്തിലും സ്വത്ത് വിനാശത്തിലും പര്യവസാനിച്ചതുമായ ഇന്ത്യൻ യൂനിയനിലെ ചില സ്ഥലങ്ങളിലുണ്ടായ സാമുദായിക ലഹളകളെ ഇന്ത്യൻ യൂന്യൻ മുസ്‌ലിംലീഗ് കൗൺസിലിന്റെ ഈ യോഗം ഭയാശങ്കകളോടെ വീക്ഷിക്കുകയും ആ ലഹളകളിൽ കഷ്ടപ്പെട്ടവരോടു അതിയായി സഹതപിക്കുകയും ഏതു വിദ്വേഷാവസരങ്ങളിലും സമാധാനചിത്തരും ശാന്തരുമായിരിപ്പാൻ മുസ്‌ലിംകളോടും മറ്റുള്ളവരോടും അപേക്ഷിക്കുകയും നാട്ടിൽ നിയമവും സമാധാനവും സൗഹൃദവും നിലനിർത്താൻ ഗവർമ്മേണ്ടു ചെയ്യുന്ന പരിശ്രമങ്ങളിൽ സഹകരിക്കുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

VI

1947 ആഗസ്ത് 15 നു ശേഷം ഇന്ത്യൻ യൂനിയനിലെ വിവിധ സംസ്ഥാനങ്ങളിൽ മുസ്‌ലിംലീഗിലേയും മുമ്പത്തെ മുസ്ലിം നേഷനൽ ഗാർഡിലേയും, മുസ്ലിം തൊഴിലാളി യൂനിയനിലേയും അംഗങ്ങളെ പ്രത്യേക ചാർജ്ജു കൂടാതെയും കോടതി മുമ്പാകെ വിസ്തരിക്കാതെയും അറസ്റ്റ് ചെയ്തു തടങ്ങലിൽ വെക്കുന്നതിനേയും, പള്ളി, പുര, മറ്റു പരിശുദ്ധ സ്ഥലങ്ങൾ എന്നിവകളെ പക്ഷ

mappilaheritagelibrary.com

പാത ബുദ്ധിയാ നിർബ്ബന്ധപൂർവ്വം പരിശോധിക്കുന്നതിനേയും ഈ യോഗം വ്യസനത്തോടും ഉൽകണ്ഠയോടും വീക്ഷിക്കുകയും അത്തരം പ്രവർത്തനങ്ങൾ ഇന്ത്യൻ യൂണിയനിലെ മുസ്‌ലിംകളുടെ മനസ്സിൽ ഒരു അരക്ഷിത ബോധം സൃഷ്ടിക്കുമെന്നും അതിനാൽ തടങ്ങലിൽ വെച്ചവരെയെല്ലാം ഉടനടി വിട്ടയക്കണമെന്നു കേന്ദ്ര, സംസ്ഥാന ഗവർമ്മേണ്ടുകളോടു അപേക്ഷിക്കുകയും ചെയ്യുന്നു.

മുസ്ലിം നേഷനൽ ഗാർഡുകളെകൊണ്ടു ഉദ്ദേശിച്ചതും അവർ എപ്പോഴും ചെയ്തു വന്നിരുന്നതും നിയമ വിധേയമായ സാമുദായിക പ്രവർത്തനങ്ങൾ ആയിരുന്നതിനാൽ അവയെ നിയമ വിരുദ്ധമാക്കിക്കൊണ്ടുള്ള കേന്ദ്ര, സംസ്ഥാന ഗവർമ്മേണ്ടുകളുടെ പ്രവർത്തനം ഏറ്റവും ആക്ഷേപാർഹവും അന്യായവുമാണെന്നു ഈ യോഗം അഭിപ്രായപ്പെടുന്നു. എന്നാലും ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൺവീനർ മുമ്പ് പ്രഖ്യാപിച്ചതു പോലെ മുസ്ലിം നേഷനൽ ഗാർഡു സംഘം പിരിച്ചുവിടപ്പെട്ടതായിട്ടു തന്നെ സ്ഥിരപ്പെടുത്തിയിരിക്കുന്നു.

ഉദ്യോഗസ്ഥന്മാർ

ജനാബ് എം.മുഹമ്മദ് ഇസ്മായിൽ സാഹിബ് എം.എൽ.എ. മദ്രാസ്, ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ജനാബ് മഹബൂബ് അലിബേഗ് എം.എൽ.എ. എം.സി.എ. സെക്രട്ടറിയായും ഹാജി ഹസനലി പി.ഇബ്രാഹിം സാഹിബ് എം.എൽ.എ. ഖജാഞ്ചിയായും തിരഞ്ഞെടുക്കപ്പെട്ടു. ജോ.സെക്രട്ടറിമാരെ തിരഞ്ഞെടുക്കൽ നിർത്തിവെച്ചു.

അഡ്-ഹോക്ക് കമ്മിറ്റി

അഖിലേന്ത്യാ മുസ്‌ലിംലീഗിന്റെ കട ധനങ്ങളെ ഭാഗിക്കുന്നതിനുള്ള അഡ്-ഹോക്ക് കമ്മറ്റിയിലേക്കു ഇന്ത്യൻ യൂനിയനിൽ നിന്നു താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

1. മിസ്റ്റർ കെ.എം.സീതി സാഹിബ് എം.എൽ.എ.
2. ഹാജി ഹസനലി പി. ഇബ്രാഹിം സാഹിബ് എം.എൽ.എ.
3. മുഹമ്മദ് ഹിദായത്ത് അലി സാഹിബ് എം.എൽ.എ. (അംറോതി)

എം.മുഹമ്മദ് ഇസ്മയിൽ	മഹബൂബ് അലിബേഗ്
എം.എൽ.എ	(B.A.B.L.M.L.A, M.C.A)
പ്രസിഡണ്ട്	ജന.സെക്രട്ടറി

മദ്രാസ് 15th March 1948

mappilaheritagelibrary.com

സ്വതന്ത്ര ഇന്ത്യയിൽ മുസ്ലിംലീഗ് സംഘടിപ്പിക്കുന്നതിന് ധീരോദാത്തമായ നേതൃത്വം നൽകിയ വ്യക്തിയാണ് ഖാഇദേ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് (1896-1972) 1948 മാർച്ച് 10 ന് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ പിറവി മുതൽ 1972 ഏപ്രിൽ 5 ന് അദ്ദേഹം അന്തരിക്കുന്നത് വരെ ദേശീയ പ്രസിഡണ്ട് അദ്ദേഹമായിരുന്നു. പാർട്ടി സംഘടിപ്പിക്കുന്നത് സംബന്ധിച്ചു 1948 ഫെബ്രുവരിയിൽ ഗവർണർ ജനറൽ മൗണ്ട് ബാറ്റൺ പ്രഭുവുമായും പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവുമായും ചർച്ച നടത്തുകയുണ്ടായി. 1946 ൽ മദിരാശി നിയമസഭയിലെ പ്രതിപക്ഷ നേതാവായിരുന്നു അദ്ദേഹം. ഭരണഘടനാ നിർമ്മാണ സമിതി അംഗമായിരുന്നു. 1952 ൽ രാജ്യസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. 1962, 67, 71 വർഷങ്ങളിൽ മഞ്ചേരിയിൽ നിന്നു ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും മുസ്ലിംലീഗ് കമ്മിറ്റികൾ രൂപവൽക്കരിക്കുന്നതിന് അഹോരാത്രം പരിശ്രമിച്ചു.

2
മുസ്ലിംലീഗ് എന്തിന്?

(കേരളാ സ്റ്റേറ്റ് മുസ്ലിംലീഗ് പ്രസിദ്ധീകരണം-1949)

ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗ് പ്രസിഡണ്ട്
ജ: മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ പ്രസ്താവന

അസ്സലാമു അലൈക്കും

മുസ്ലിംകളെ സംബന്ധിച്ചു ചില വൃത്തങ്ങളിലുണ്ടായ അനാവശ്യവും ബുദ്ധിശൂന്യവും അന്യായവുമായ വിദ്വേഷങ്ങളേയും സംശയങ്ങളേയും വകവെക്കാതെ നിങ്ങൾ കാണിച്ച ക്ഷമയ്ക്ക് ഞാൻ ആദ്യമായി നിങ്ങളെ അഭിനന്ദിച്ചു കൊള്ളുന്നു. മേല്പറഞ്ഞ വിദ്വേഷങ്ങളും സംശയങ്ങളും ഉണ്ടായിട്ടും മാതൃഭൂമിയോടും രാഷ്ട്രത്തോടും നമുക്കു കൂറുണ്ടെന്നും നാട്ടിന്റെ അഭിമാനം നിലനിർത്തുവാൻ നാം സദാ സന്നദ്ധരാണെന്നുമുള്ള അനിഷേധ്യമായ പരമാർത്ഥം സമുചിതമായ വിധത്തിൽ പ്രകടിപ്പിക്കുവാൻ നിങ്ങൾക്കു സാധിച്ചുവെന്നുള്ളത് വളരെ ചാരിതാർത്ഥ്യ ജനകമത്രെ. എല്ലാവിധത്തിലുള്ള പുരോഗതിയുടേയും പ്രാരംഭസ്ഥാനമായ നിയമ-സമാധാനപരിപാലനത്തിന് നിങ്ങൾ നൽകിക്കൊണ്ടു വരുന്ന സഹായത്തിനും നിങ്ങൾ അഭിനന്ദനം അർഹിക്കുന്നുണ്ട്.

ഇതെല്ലാം ഫലപ്രദമായും ശരിയായും നിങ്ങൾക്കു ചെയ്യാൻ സാധിച്ചത്

mappilaheritagelibrary.com

നമ്മുടെ പ്രതിനിധി സംഘടനയായ മുസ്‌ലിംലീഗ് മുഖേനയാണ്. മുസ്‌ലിംലീഗിന്റെ പിന്നിൽ നിങ്ങളെല്ലാം ശക്തമായും ദൃഢമായും ഉറച്ചുനിന്നതിലും ഇപ്പോഴും ഉറച്ചുനിന്നുകൊണ്ടിരിക്കുന്നതിലും എനിക്കുള്ള സന്തോഷവും സംതൃപ്തിയും ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ചിലരെല്ലാം പിരിഞ്ഞുപോവുകയും നമ്മുടെ രാഷ്ട്രീയശത്രുക്കൾ പറയുന്നതു ആവർത്തിക്കുകയും ചെയ്യുന്നുണ്ട് എന്നുള്ളത് വാസ്തവമാണ്. പക്ഷെ അതിനെക്കുറിച്ചു നാം അത്രയധികം പരിതപിക്കേണ്ടതില്ല. അത്തരം ആളുകൾ ഏതുകാലത്തും ഏതുപ്രസ്ഥാനത്തിലും ഉണ്ടായിരിക്കും. അവരുടെയും അതുപോലുള്ള മറ്റു സഹോദരന്മാരുടേയും വാദങ്ങൾ നമുക്കൊന്നു പരിശോധിച്ചു നോക്കാം.

സംഘടന അത്യാവശ്യം

ഇന്നത്തെ രാഷ്ട്രീയഘടനയിൽ സാമുദായിക രാഷ്ട്രീയസംഘടനകൾക്കു സ്ഥാനമില്ല എന്നാണവർ പറയുന്നത്. ആ വാദത്തിനുപോൽബലകമായി ന്യായവാദങ്ങളുന്നയിക്കാതെ പ്രചരണവേലയെയും മുദ്രാവാക്യങ്ങളേയുമാണ് അവർ ആശ്രയിക്കുന്നത്. മുസൽമാന്മാർ ഒരു സമുദായമാണെന്നും ഒരു സമുദായമെന്ന നിലയിൽ നിലനില്ക്കുവാനുള്ള അവകാശം അവർക്കുണ്ടെന്നുമുള്ള വസ്തുത നിഷേധിക്കാനാവില്ല. ഒരു സമുദായമെന്ന നിലയിൽ ന്യായമായും നിലനിൽക്കാമെങ്കിൽ തങ്ങളുടെ മതപരവും സാംസ്കാരികവും വിദ്യാഭ്യാസപരവും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ അവകാശങ്ങളും ചുമതലകളും സംരക്ഷിക്കുന്നതിനു ഒരു സംഘടനയുണ്ടാവുന്നതിൽ തെറ്റില്ല. നേരെ മറിച്ചു അത്തരം ഒരു സംഘടന ഉണ്ടാകുന്നതു ആവശ്യമല്ലേ? അതവരുടെ അവകാശമല്ലേ? സ്വാഭാവികമായി അത്തരം ഒരു സംഘടനയിൽ നിന്നു രാഷ്ട്രീയകാര്യങ്ങൾ എങ്ങിനെ വേർതിരിക്കുവാൻ സാധിക്കും? ഉദാഹരണമായി ഏതെങ്കിലും മതപരമോ വിദ്യാഭ്യാസപരമോ സാമൂഹ്യമോ സാമ്പത്തികമോ ആയ പ്രശ്നങ്ങളെക്കുറിച്ചു നിങ്ങൾക്കു ഗവർമ്മെണ്ടിന്റെ മുമ്പാകെയോ നിയമസഭയിലോ നിവേദനം ചെയ്യാനുണ്ടെന്നു വിചാരിക്കുക. രാഷ്ട്രീയമെന്നു വിളിക്കപ്പെടുന്ന രംഗത്തിൽ കടക്കാതെ നിങ്ങൾക്കെങ്ങിനെ അതു സാധ്യമാകും. ഇക്കാലത്തു ഒരു സംഘടനയ്ക്കും രാഷ്ട്രീയകാര്യങ്ങളിൽ നിന്നു തികച്ചും അകന്നു ജീവിക്കുവാനോ പ്രവർത്തിക്കുവാനോ സാധ്യമല്ല.

അത്തരം നിവേദനങ്ങൾ ഒരു സാമുദായികേതര സംഘടന മുഖേന സമർപ്പിക്കാമെന്നു അവർ പറയുന്നു. പക്ഷെ ഭൂരിപക്ഷ സമുദായത്തിലേയും ന്യൂനപക്ഷ സമുദായത്തിലേയും അംഗങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസമുള്ള ഒരു പ്രശ്നമുണ്ടായാൽ- ഉദാഹരണമായി പള്ളിക്കു മുമ്പിൽ വാദ്യം മുഴക്കുന്നതിന്റെ കാര്യമോ ന്യൂനപക്ഷത്തിന്റെ മതപരവും സാംസ്കാരികവുമായ താല്പര്യത്തെ ബാധിക്കുന്ന ഒരു നിയമ നിർമ്മാണമോ എടുക്കാം- ഭൂരിപക്ഷസമുദായാംഗങ്ങൾക്കു ഭൂരിപക്ഷമുള്ള ഒരു സാമുദായികമല്ലാത്ത സംഘടന ന്യൂനപക്ഷത്തിന്റെ കാര്യം ഏറ്റെടുക്കുകയില്ല എന്നുള്ളതു സ്വഭാവികമാണ്. അത്തരം സന്ദർഭങ്ങളിൽ സ്വാഭിപ്രായ പ്രകടനത്തിനും തങ്ങളുടെ അഭിപ്രായങ്ങളും താല്പര്യങ്ങളും നിവേദനം ചെയ്യുന്നതിനുമുള്ള അവകാശം പോലും ന്യൂനപക്ഷങ്ങൾക്കു ഇല്ലാതെ പോകും. ഇത്തരം കാരണങ്ങൾ കൊണ്ടു ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങളുന്നയിക്കുന്നതിനുള്ള ഒരു സംഘടന അവശ്യം ആവശ്യമാണ്.

മുസ്‌ലിംകളുടെ പ്രാതിനിധ്യം ആർക്ക്?

നമുക്കിയ്യിടെ നടന്ന ചില സംഭവങ്ങളെപ്പറ്റി ആലോചിക്കാം. ഗവർമ്മെണ്ടു

mappilaheritagelibrary.com

സ്കൂളിലെ മതപഠനപ്രശ്നം, വ്യക്തിനിയമം (ശരീഅത്ത്), ഉറുദു മാതൃഭാഷയായ കുട്ടികൾക്കു പ്രൈമറി സ്കൂളുകളിൽ ആ ഭാഷയിൽ അധ്യയനം നൽകുന്നതു തുടർന്നു പോകുക മുതലായവയെ സംബന്ധിച്ചു ഭരണഘടനാ സഭയിൽ പ്രക്ഷോഭങ്ങൾ കൂട്ടുകയുണ്ടായി. മുസൽമാന്മാരായ നമുക്കു ഈ കാര്യങ്ങളിൽ വലിയ താല്പര്യമുണ്ട്. ഭൂരിപക്ഷം നമുക്കെതിരായിരുന്നു. അവരോ അവരുടെ സംഘടനയോ നമ്മുടെ കാര്യം വാദിക്കാമെന്നു നമുക്കെങ്ങിനെ പ്രതീക്ഷിക്കുവാൻ സാധിക്കും? വേറെ ആരാണ് നമുക്കുവേണ്ടി വാദിക്കുവാൻ മുതിരുക? സാമുദായികേതര സംഘടനകൾ ഒരിക്കലും അതിനുവേണ്ടി മുന്നോട്ടുവരില്ല... പറയുകയാണെങ്കിൽ ഈ കാര്യങ്ങളെ സംബന്ധിച്ചു മുസ്‌ലിംലീഗല്ലാത്ത ഒരൊറ്റ സംഘടനയും ഇതുവരെ പ്രതിഷേധസ്വരം ഉയർത്തിയിട്ടില്ല. ഈ മൗലികപ്രശ്നങ്ങളെ സംബന്ധിച്ചു മുസ്‌ലിംകളുടെ അഭിപ്രായഗതിയെന്താണെന്നു പോലും ലീഗുണ്ടായിരുന്നില്ലെങ്കിൽ ലോകം അറിയുമായിരുന്നില്ല.

ജനങ്ങളെ ഭിന്നിപ്പിക്കുന്നതിൽ താല്പര്യമുണ്ടെന്നു പറയാവുന്ന മൂന്നാമതൊരു കക്ഷി ഇന്ന് ഇവിടെയില്ല. അതിനാൽ എന്തെങ്കിലും ഉണ്ടാവുകയാണെങ്കിൽ മുസ്‌ലിംലീഗുവഴി മുസ്‌ലിംസമുദായം ഭൂരിപക്ഷ സമുദായത്തിന്റെയോ പ്രസ്തുത സമുദായത്തിലെ ഭൂരിപക്ഷം അംഗങ്ങളടങ്ങിയ ഗവർമ്മെണ്ടിന്റെയോ അരികിലേക്കാണ് പോകുന്നത്. അത്തരം നിവേദനങ്ങൾ സമർപ്പിക്കുകയും അവ ശ്രവിക്കുകയും ചെയ്യുന്നതിൽ എന്താപത്താണുള്ളത്? സംഘടിക്കുവാനും അധികാരത്തിലിരിക്കുന്നവരുടെ മുമ്പിൽ തങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചു നിവേദനം സമർപ്പിക്കുവാനുമുള്ള അവകാശം പോലും മുസ്‌ലിംകൾക്കില്ലെന്നോ?

മുസ്‌ലിംലീഗില്ലെങ്കിൽ

മുസൽമാന്മാർക്ക് സ്വന്തമായ ഒരു സംഘടനയില്ലെങ്കിൽ അവർ ഛിന്നഭിന്നമായി നശിച്ചു പോകും. അത്തരം ഒരു പരിതസ്ഥിതിയിൽ തങ്ങൾക്കുമാത്രം ബാധകമായ ഒരു പ്രത്യേകാവശ്യം ഉന്നയിക്കണമെന്നു അവർക്ക് തോന്നുകയാണെങ്കിൽ ഒരു സമുദായമെന്ന നിലയിൽ അങ്ങിനെ അഭിപ്രായപ്രകടനം ചെയ്യാൻ അവർക്കു നിർവ്വാഹമുണ്ടാവുകയില്ല. ഒരു അഭിപ്രായം സമുദായത്തിലെ ഭൂരിപക്ഷത്തിന്റെ അഭിലാഷപ്രകടനമാണെന്നു അറിയുകയാണെങ്കിൽ ഗവർമ്മെണ്ട് അനുഭാവപൂർവ്വമായ ഒരു നയം അവലംബിച്ചുവെന്നു വരാം. സമുദായം ശരിക്കു സംഘടിച്ചിട്ടില്ലെങ്കിൽ ആ അറിവും വിവരവും ഗവർമ്മെണ്ടിനു യഥാവസരം ലഭിക്കുകയില്ല. തൽഫലമായി അവശതകളും അതൃപ്തിയും ജനങ്ങളുടെ ഇടയിൽ വളർന്നുവരും. ഇതു ആർക്കും ഒരു ഗുണവും ചെയ്യുകയില്ല. അതിനാൽ സമുദായത്തിന്റെ മാത്രമല്ല, സമുദായത്തിന്റെ സംതൃപ്തിയും കൂറും സമ്പാദിക്കുന്നതിൽ ഗവർമ്മെണ്ടിന്റെ കൂടി താല്പര്യം പരിഗണിക്കുമ്പോൾ സമുദായം സംഘടിതമായി നിലകൊള്ളുകയും സ്വന്തം സംഘടന നിലനിർത്തുകയും ചെയ്യുന്നതു അഭിലഷണീയവും ആവശ്യവും ആകുന്നു.

എല്ലാ വിഭാഗത്തിലും പെട്ട ജനങ്ങൾ തമ്മിൽ സൗഹാർദ്ദവും സഹകരണവും വളർത്തുന്നതിനും മാത്രമല്ല അത്തരം ഒരു സംഘടന വേണമെന്നു പറയുന്നതു. ഒരു സമുദായം സുസംഘടിതമായിരുന്നാൽ അതിന്റെ ഫലപ്രദമായ സഹകരണം എളുപ്പത്തിലും പെട്ടെന്നും ഏതവസരത്തിലും ലഭിക്കുന്നതാണ്.

മുസ്‌ലിംലീഗ് എന്തിന്?

പാക്കിസ്താൻ സമ്പാദനമായിരുന്നു ലീഗിന്റെ ലക്ഷ്യമെന്നും പാക്കിസ്താൻ നിലവിൽ വന്നതുകൊണ്ടു ഇനി ലീഗ് നിലനിർത്തേണ്ടതില്ലെന്നും

mappilaheritagelibrary.com

ചിലർ പറയുന്നു. ഇത് തെറ്റാണ്. ഇങ്ങിനെ പറയുന്നവർക്കു ഈ കാര്യങ്ങളെ സംബന്ധിച്ച് ഒരു സാധാരണ വിവരം പോലുമില്ലെന്നുള്ളതു ആശ്ചര്യജനക മത്രെ. 1906 ലാണ് മുസ്‌ലിംലീഗ് നിലവിൽ വന്നത്. മുസൽമാന്മാരുടെ അവകാശസംരക്ഷണവും മുസൽമാന്മാരും മറ്റുള്ളവരും തമ്മിൽ സൗഹാർദ്ദം വളർത്തലുമായിരുന്നു അതിന്റെ ലക്ഷ്യം. മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങളിലെ മുസ്‌ലിംകൾക്കു വേണ്ടി പാക്കിസ്താൻ അതിന്റെ ലക്ഷ്യമായി ഉൾക്കൊള്ളിച്ചതു 1940ൽ മാത്രമായിരുന്നു. ഇപ്പോൾ അതു കരസ്ഥമായിക്കഴിഞ്ഞതിനാൽ ഈ പുതിയ ലക്ഷ്യം ലീഗിന്റെ ഉദ്ദേശങ്ങളിൽ ഉൾപ്പെടുന്നില്ല. എന്നാൽ മുമ്പ് തന്നെയുള്ള ആ പഴയ ലക്ഷ്യങ്ങൾ ഇപ്പോഴുമുണ്ട്. മുസൽമാന്മാർ ഒരു ന്യൂന പക്ഷമായതുകൊണ്ടു അതിൽ മാറ്റമൊന്നും വരുത്തേണ്ടതില്ല. ഇപ്പോൾ ലീഗിന്റെ ലക്ഷ്യങ്ങളിതാണ്.

1. നാട്ടിന്റെ സ്വാതന്ത്ര്യവും അന്തസ്സും അഭിമാനവും നിലനിർത്തുകയും സംരക്ഷിക്കുകയും ജനങ്ങളുടെ ശക്തിക്കും അഭിവൃദ്ധിക്കും ക്ഷേമത്തിനുമുള്ള പരിശ്രമങ്ങളിൽ പങ്ക് വഹിക്കുകയും ചെയ്യുക.

2. മുസൽമാന്മാരുടെയും മറ്റു ന്യൂനപക്ഷങ്ങളുടെയും ന്യായമായ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുക.

3. മുസൽമാന്മാരും മറ്റു സമുദായങ്ങളും തമ്മിൽ സൗഹാർദ്ദവും ഐക്യവും വളർത്തുക.

ഈ ലക്ഷ്യങ്ങളിൽ ഏതെങ്കിലും ഒന്നിനെ ആർക്കാണ് എതിർക്കുവാൻ സാധിക്കുക? ഇതിൽ ഏതെങ്കിലും ഒന്ന് ലീഗിന്റെ ലക്ഷ്യമായി അംഗീകരിക്കരുതെന്നു ന്യായബോധമുള്ള ആർക്കെങ്കിലും പറയാൻ സാധിക്കുമോ?

വർഗീയത്വം എന്നാൽ എന്താണ്?

അവർ വർഗീയതയെക്കുറിച്ചു സംസാരിക്കുന്നു എന്നാൽ അതെന്താണെന്നു അവർ നിർവചിച്ചിട്ടില്ല. മേല്പറഞ്ഞ ലക്ഷ്യങ്ങളിൽ ഏതെങ്കിലുമൊന്നു വർഗ്ഗീയത്വത്തിന്റെ വരുതിക്കുള്ളിൽ വരുത്താൻ ആർക്കെങ്കിലും സാധിക്കുമോ? ജനങ്ങൾ സ്വന്തം സമുദായത്തെക്കുറിച്ചും അതിന്റെ താല്പര്യങ്ങളെക്കുറിച്ചും സംസാരിക്കുന്നതാണ് വർഗ്ഗീയത്വമെങ്കിൽ അതിൽ എന്താണ് തെറ്റ്? സാമുദായികവിദ്വേഷവും കുത്തകയും മതഭ്രാന്തുമാണ് അനുവദിക്കാൻ പാടില്ലാത്തത്. ഉപരിസൂചിതങ്ങളായ ലക്ഷ്യങ്ങളോടുകൂടി മുസ്‌ലിംലീഗ് ഈ ദോഷങ്ങളെ കഠിനമായും അസന്ദിഗ്ദ്ധമായും എതിർക്കുന്നുണ്ട്.

ലീഗും കൂട്ടുനിയോജകമണ്ഡലവും

കൂട്ടുനിയോജകമണ്ഡലവ്യവസ്ഥയനുസരിച്ചു ലീഗ് പ്രയോജനശൂന്യമായിരിക്കുമെന്നും അതു നിലനിർത്തേണ്ടതില്ലെന്നും ചില സ്നേഹിതന്മാർ വാദിക്കുന്നു. സ്ഥിതി മനസ്സിലാക്കികൊണ്ടല്ല ഈ വാദം അവർ ഉന്നയിക്കുന്നത്. ഒന്നാമതായി പ്രത്യേകനിയോജകമണ്ഡലം വേണമെന്നു നാമിപ്പോഴും വാദിക്കുന്നു. എന്നാൽ പ്രത്യേക നിയോജകമണ്ഡലങ്ങൾ അവസാനമായി വേണ്ടെന്നു വെച്ചു സംയുക്ത നിയോജക മണ്ഡലങ്ങൾ നടപ്പിൽ വരികയാണെങ്കിൽ ലീഗിന്റെ ആവശ്യകത ഇരട്ടിക്കുകയാണ് ചെയ്യുന്നത്. കാരണം പ്രത്യേക നിയോജകമണ്ഡലവ്യവസ്ഥയനുസരിച്ചു നിയമസഭയിലെ മുസ്‌ലിംപ്രതിനിധികൾ നിയമസഭക്കകത്തു മുസ്‌ലിംകളെ പ്രതിനിധീകരിക്കുകയും അവർക്കു വേണ്ടി സംസാരിക്കുകയും ചെയ്യുന്നു. അതെ അവസരത്തിൽ മുസ്ലിംലീഗു പുറത്തുനിന്നു സംസാരിക്കുന്നു. എന്നാൽ സംയുക്തനിയോജക മണ്ഡലവ്യവസ്ഥയനുസരിച്ചു നിയമസഭക്കകത്തോ പുറത്തോ നിന്നു മുസ്‌ലിംകൾക്കു വേണ്ടി സംസാരിക്കുവാൻ

mappilaheritagelibrary.com

വേണ്ടി പലപ്പോഴും നിയമസഭയിലെ മുസ്ലിം മെമ്പർമാർക്കു സാധിച്ചെന്നുവരില്ല. കാരണം ബഹുഭൂരിപക്ഷം അമുസ്ലിംകളുടെ വോട്ടുകൊണ്ടാണവർ നിയമസഭയിൽ വരുന്നത്. അവരുടെ സീറ്റുകൾ അമുസ്ലിം വോട്ടർമാരുടെ ഇച്ഛയെ ആശ്രയിച്ചാണിരിക്കുന്നത്. അപ്പോൾ മുസ്‌ലിംലീഗ് പണ്ടൊന്നുമുണ്ടായിട്ടില്ലാത്തവിധം ആവശ്യമായിത്തീരും. കാരണം മുസ്‌ലിംകൾക്കു വേണ്ടി സംസാരിക്കുകയും ആവശ്യം വരുമ്പോൾ മുസ്ലിം അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്ന ഏക സ്ഥാപനമായിരിക്കും അത്. തന്മൂലം അതു അത്യന്താപേക്ഷിതമായിത്തീരുന്നു.

മുസ്‌ലിംലീഗിനു നിയമസഭക്കു പുറത്തുനിന്നും പ്രവർത്തിക്കുവാൻ സാധിക്കുമെന്നാണ് ഇതിൽ നിന്നു വരുന്നത്. വ്യാപാരമണ്ഡലത്തിന്റെ ഒരപേക്ഷക്കു മറുപടിയായി ഇയ്യിടെ സർദാർ പട്ടേൽ മദിരാശിയിൽ നിന്നു പറഞ്ഞ സംഗതി ഇതിനു തെളിവാണ്. നിയമസഭയിൽ തങ്ങൾക്കു പ്രാതിനിദ്ധ്യം തുടർന്നു ലഭിക്കണമെന്നു വ്യാപാരി മണ്ഡലം ആവശ്യപ്പെട്ടു. പ്രാതിനിദ്ധ്യം ആവശ്യമോ പ്രയോജനപ്രദമോ അല്ലെന്നും നിയമസഭക്കു പുറത്തു സംഘടിച്ചു അതുവഴി ശക്തി നേടാമെന്നുമായിരുന്നു സർദാറിന്റെ മറുപടി. ഈ അഭിപ്രായം മുസ്‌ലിംലീഗിനും ബാധകമാണ്. അതിനു നിയമസഭക്കു പുറത്തു ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കും. മുകളിൽ പറഞ്ഞ പരിതസ്ഥിതി പരിഗണിക്കുമ്പോൾ മുസ്ലിം ന്യൂനപക്ഷത്തിനു അത്തരം ഒരു സംഘടന ഒഴിച്ചു കൂടാത്ത ഒരാവശ്യകതയാണ്. 1939 മുതൽ 1946 വരെ നിയമസഭക്കു പുറത്തുനിന്നപ്പോഴാണ് കോൺഗ്രസ്സ് ഏറ്റവും ഫലപ്രദമായി പ്രവർത്തിച്ചതെന്ന വസ്തുതകൂടി നാമോർക്കേണ്ടതാണ്.

ലീഗ് സമാധാനത്തിനു വേണ്ടി നിലകൊള്ളുന്നു

നാട്ടിൽ കുഴപ്പമുണ്ടായതിനു മുസ്‌ലിംലീഗാണുത്തരവാദി എന്ന ആരോപണത്തെക്കുറിച്ചാണ് എനിക്കിനി പറയാനുള്ളത് ഇത് അവാസ്തവമാണ്. ഞാൻ അതിനെ ശക്തിയായി നിഷേധിക്കുന്നു. ഈ കാലമത്രയും മുസ്‌ലിംലീഗ് തർക്കങ്ങൾക്കും പ്രശ്നങ്ങൾക്കും സമാധാനപരവും സൗഹാർദ്ദപൂർവ്വവുമായ ഒത്തുതീർപ്പുണ്ടാക്കുന്നതിനു വേണ്ടി നിലകൊണ്ടു. 1949 നു മുമ്പുപോലും എല്ലാ കൂടിയാലോചനകളിലും ഐക്യത്തിനും സൗഹാർദ്ദത്തിനും വേണ്ടി നടത്തിയ എല്ലാ പരിശ്രമങ്ങളിലും ലീഗ് പങ്കെടുത്തിട്ടുണ്ട്. ലീഗുമായിട്ടാണ് കോൺഗ്രസ്സ് അപ്പോഴപ്പോഴായി കൂടിയാലോചനകൾ നടത്തിയത്. ഈ രണ്ടു സംഘടനകളും ഒന്നിലധികം തവണ സ്വാതന്ത്ര്യസമ്പാദനത്തിനു വേണ്ടി ഒന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്. മൊണ്ടേഗുചേംസ്ഫോർഡ് ഭരണപരിഷ്കാരങ്ങളുടെ അടിസ്ഥാനമായ 1916 ലെ ലഖ്നോ സന്ധി ലീഗുമായിട്ടാണ് കോൺഗ്രസ്സുണ്ടാക്കിയത്. മറ്റവസരങ്ങളിലും പല പ്രധാന രാഷ്ട്രീയ സംഗതികളെ സംബന്ധിച്ചും കോൺഗ്രസ്സ്-ലീഗ് ഒത്തുതീർപ്പുകളുണ്ടായിട്ടുണ്ട്. ഉപരിസൂചിതമായ ആരോപണങ്ങൾ ലീഗിനെതിരായി തൊണ്ടുവരുന്നതു സത്യമോ നീതിയോ അല്ല. മുകളിൽ പറഞ്ഞ സന്ധികളും ഒത്തുതീർപ്പുകളും ഉണ്ടായിട്ടും അസ്വാസ്ഥ്യങ്ങൾ ഉണ്ടായി. മുസൽമാന്മാരുടെ ചില അവകാശങ്ങൾ ഉന്നയിച്ചപ്പോൾ അവർക്കെതിരായി നടത്തിയ എതിർപ്പുകളായിരുന്നു ഈ കുഴപ്പങ്ങളുടെ ഉത്ഭവകാരണം. ഈ വിദ്വേഷമനസ്ഥിതിയാണ് നാമെല്ലാവരും കഠിനമായി ആക്ഷേപിക്കുന്ന ഇയ്യിടത്തെ കലാപങ്ങൾക്കു കാരണം. അത്തരം നിർഭാഗ്യകരമായ മനസ്ഥിതി വീണ്ടും പ്രത്യക്ഷപ്പെട്ടതിനെതിരായിട്ടാണ് നാമെല്ലാം പ്രവർത്തിക്കുന്നത്. സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും മനസ്ഥിതി ശക്തിയായി കെട്ടിപ്പടുക്കുവാനാണ്

mappilaheritagelibrary.com

നാം പ്രവർത്തിക്കുന്നത്. ഈ മനസ്ഥിതിയുണ്ടാക്കൽ മുസ്‌ലിംലീഗിന്റെ പ്രധാനലക്ഷ്യങ്ങളിലും വിശ്വാസപ്രമാണങ്ങളിലും പെട്ട ഒന്നാണ്. സമാധാനവും നിയമവും പരിപാലിക്കുന്നതിൽ മുസ്‌ലിംലീഗും അതിന്റെ നേതൃത്വവും വഹിച്ച പങ്ക് സംസ്ഥാന ഗവർണ്ണർമാരും കോൺഗ്രസ്സ് മന്ത്രിമാർ പോലും തെക്കെ ഇന്ത്യയെസ്സംബന്ധിച്ചേടത്തോളം സമ്മതിച്ചിട്ടുള്ളതാണ്.

മറ്റു രാജ്യങ്ങളിൽ

സാമുദായിക രാഷ്ട്രീയ സംഘടനകൾ അഥവാ ഒരു പ്രത്യേകമതത്തിന്റെ നാമത്തോടുകൂടി രാഷ്ട്രീയസംഘടനകൾ ഈ നാട്ടിന്നുള്ളഒരു പ്രത്യേകതയല്ല. രാഷ്ട്രീയമായി നമ്മെക്കാൾ ഉൽബുദ്ധത സിദ്ധിച്ച യൂറോപ്പിൽ മതപരമായ അടിസ്ഥാനത്തിൽ രാഷ്ട്രീയ കക്ഷികളുള്ള ഫ്രാൻസ്, ബൽജിയം, ഇറ്റലി, യുഗോസ്ലാവ്യ മുതലായ അനവധി രാജ്യങ്ങളുണ്ട്. ആരും അവയെ ആക്ഷേപിക്കുന്നില്ല, എതിർക്കുന്നില്ല. അമേരിക്കയിലെ ഐക്യരാജ്യങ്ങളിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അത്തരം ഒരു സംഘടന പ്രസിഡണ്ടുസ്ഥാനത്തേക്കു ഒരു സ്ഥാനാർത്ഥിയെ നിർത്തുകയുണ്ടായി.

ന്യൂനപക്ഷസംഘടന അത്യാവശ്യം

ഭൂരിപക്ഷ സമുദായത്തിനു ഒരു സാമുദായികസംഘടന ആവശ്യമില്ലെന്നു വാദിച്ചാൽ അതു മനസ്സിലാക്കാൻ സാധിക്കും. കാരണം അവർക്ക് ഒരു സമുദായമെന്ന നിലയിൽ എല്ലാ പൊതുസംഘടനകളിലും അതു ഗവർമ്മെണ്ടായാലും വേറെ ഏതെങ്കിലും പൊതുസ്ഥാപനമായാലും- ഫലപ്രദമായ പ്രാതിനിദ്ധ്യം ലഭിക്കും. ഈ സംഘടനകളുടെ ശബ്ദം ഭൂരിപക്ഷസമുദായത്തിന്റെ ശബ്ദമായിരിക്കും. എന്നാൽ ന്യൂനപക്ഷ സമുദായത്തിന്റെ സ്ഥിതി അതല്ല. ഒരു പരിതസ്ഥിതിയിലും ഈ സംഘടനകളിൽ അവർക്കു ഭൂരിപക്ഷം കിട്ടുകയില്ല. അവരുടെ സമുദായത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനെങ്കിലും സ്വന്തമായ ഒരു സംഘടന അവർക്കുണ്ടായിരിക്കണം. അത്തരം ഒരു സംഘടനയുടെ അഭാവം ന്യൂനപക്ഷങ്ങൾക്കു അത്യപ്തിയുളവാക്കുകയും അതു നാടിന്റെ മുഴുവൻ സമാധാനത്തിനും അഭിവൃദ്ധിക്കും ദോഷകരമായി ഭവിക്കുകയും ചെയ്യും. മുസൽമാന്മാരെ സംബന്ധിച്ചേടത്തോളം അവരുടെ ഏകരാഷ്ട്രീയസംഘടന മുസ്ലിംലീഗാണെന്ന വസ്തുത സർവ്വത്ര സമ്മതിക്കപ്പെട്ടതാണ്. ഇന്ത്യൻ മുസൽമാന്മാരുടെ രാഷ്ട്രീയ ചരിത്രത്തിൽ ഒരു സംഘടനക്കും നാളിതു വരെ ചെയ്യാൻ സാധിക്കാത്തവിധം മുസൽമാന്മാരുടെ ഇടയിലുള്ള എല്ലാ വിഭാഗക്കാരേയും കക്ഷിക്കാരേയും സംഘടിപ്പിച്ചതു മുസ്‌ലിംലീഗാണ്. എല്ലാ അട്ടിമറി പ്രവർത്തനങ്ങൾക്കും സമുദായ ദ്രോഹ പരിപാടികൾക്കും ഫാസിസ്റ്റ് പ്രവർത്തനങ്ങൾക്കും കടുത്ത വർഗ്ഗീയ പരിപാടികൾക്കുമെതിരായി മുസൽമാന്മാരുടെ ഏറ്റവും വലിയ ഒരു കോട്ട എന്ന നിലയിൽ അതുറച്ചു നിന്നു. ഇനിയും ഉറച്ചുനിൽക്കും. അത്തരം ഒരു സംഘടന കെട്ടിപ്പടുക്കാൻ ഇനി നൂറ്റാണ്ടുകൾ തന്നെ പിടിക്കും.

ഉപരിസൂചിതങ്ങളായ മറ്റു കാരണങ്ങളെക്കൊണ്ടും മറ്റു പല പ്രധാന പരിഗണനകൾ വെച്ചുമായിരുന്നു ലീഗു തുടർന്നു പോകണമെന്നും പക്ഷെ ഇപ്പോൾ പ്രധാനമായും ഇന്ത്യൻ മുസ്‌ലിംകളുടെ മതപരവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ താല്പര്യങ്ങൾ സംരക്ഷിക്കുവാനും അഭിവൃദ്ധിപ്പെടുത്തുവാനുമാണ് ശ്രമിക്കേണ്ടതെന്നും കഴിഞ്ഞ കൊല്ലം മുസ്‌ലിംലീഗ് കൗൺസിൽ തീരുമാനിച്ചത്. നാട്ടിലെ വിവിധ ജനവിഭാഗങ്ങൾ തമ്മിൽ

mappilaheritagelibrary.com

സൗഹാർദ്ദവും പരസ്പര വിശ്വാസവും വളർത്തുവാനും അഭിവൃദ്ധിയിലേക്കും ക്ഷേമത്തിലേക്കും ജനങ്ങളെ അതിവേഗം പുരോഗമിപ്പിക്കുവാനും മുസ്‌ലിംലീഗ് ഹൃദയപൂർവ്വം അത്യദ്ധ്വാനം ചെയ്യുമെന്നും പ്രമേയം പാസ്സാക്കിയിരുന്നു.

ഈ പ്രമേയത്തിനും തീർപ്പിനും നിരക്കുന്ന വിധത്തിലാണ് മുസ്‌ലിംലീഗും മുസ്‌ലിംകളും ഇതുവരെ പ്രവർത്തിച്ചത്. തങ്ങളുടെ സൗഹാർദ്ദമനസ്ഥിതിയുടെയും സഹകരണസ്വഭാവത്തിന്റെയും മറ്റു ജനവിഭാഗങ്ങളുമായുള്ള താല്പര്യ ഐക്യത്തിന്റെയും തെളിവുകൾ അവർ ഒന്നിലധികം തവണ നൽകീട്ടുണ്ട്. അതേ മനസ്ഥിതിയോടും സൗഹാർദ്ദസഹകരണസ്വഭാവത്തോടും കൂടി ഞങ്ങളിനിയും തുടർന്നു പോകും. തദ്വാരാ എല്ലാ വിഭാഗങ്ങളും തമ്മിലുള്ള സ്നേഹസൗഹാർദ്ദങ്ങൾ ഞങ്ങൾ അരക്കിട്ടുറപ്പിക്കും.

ഈ മനസ്ഥിതിയോടുകൂടി ഞങ്ങൾ മുന്നോട്ടു നീങ്ങുമ്പോൾ ഞങ്ങളിൽ നിന്നു ഭിന്നിച്ചുപോയ സുഹൃത്തുക്കൾ ഞങ്ങളുടെ നിലയുടെ ന്യായ്യത മനസ്സിലാക്കി ഞങ്ങളോടൊപ്പം ചേരും. ഒരസന്ദിഗ്ദ്ധമായ വസ്തുത വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. അതിതാണ്:- വിദ്വേഷങ്ങൾക്കും സംശയങ്ങൾക്കും വിധേയമായ ഈ മുസ്‌ലിംലീഗിൽ കൂടി മാത്രമേ സൗഹാർദ്ദവും സൗഭ്രാത്രവും ഇനിയും കെട്ടിപ്പടുക്കാൻ സാധിക്കുകയുള്ളു. എല്ലാ ജനവിഭാഗങ്ങളുടെയുമിടയിലുള്ള സൗഹാർദ്ദത്തിന്റേയും സ്നേഹത്തിന്റെയും കോട്ട ഈ സംഘടനയായിരിക്കും.

ലീഗിന്റെ പ്രവർത്തനങ്ങൾ

ചുരുക്കത്തിൽ മുസ്‌ലിംലീഗിന്റെ പ്രവർത്തനം താഴെ ചേർക്കുന്നവയും അതുപോലുള്ളവയുമായിരിക്കണം.

(എ) മുസ്‌ലിംകളുടെയും മറ്റു ന്യൂനപക്ഷങ്ങളുടെയും അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുകയും അവയെക്കുറിച്ചു നിവേദനം സമർപ്പിക്കുകയും തദ്വാരാ എല്ലാ ന്യൂനപക്ഷങ്ങൾക്കും സംതൃപ്തി കരഗതമാക്കുകയും ചെയ്യുക.

(ബി) ന്യൂനപക്ഷങ്ങളിൽ തങ്ങളുടെ അവകാശത്തേയും താല്പര്യത്തേയും കുറിച്ചു രക്ഷാബോധവും നാട്ടിലെ ജീവിതത്തിൽ ഒരു സാധാരണ പങ്ക് വഹിക്കുവാനുള്ള മനസ്ഥിതിയും ഉണ്ടാക്കുക.

(സി) അവരിൽ ഉത്തരവാദിത്വബോധവും ചുമതലാബോധവും ഉണ്ടാക്കുകയും രാജ്യത്ത് സൗഹാർദ്ദവും സഹകരണവും സന്മനസ്സും സംജാതമാക്കുകയും ചെയ്യുക.

(ഡി) സ്വാതന്ത്ര്യസംരക്ഷണത്തിനും നാടിന്റെ ക്ഷേമൈശ്വര്യങ്ങൾ കെട്ടിപ്പടുക്കുന്നതിൽ അവരുടെ ഉത്തമമായ പങ്കു നിർവ്വഹിക്കുവാനും ന്യൂനപക്ഷങ്ങൾക്കു കഴിവുണ്ടാക്കുക.

(ഇ) ജനദ്രോഹപരവും അക്രമപരവുമായ പ്രവർത്തനങ്ങളെ എതിർക്കുവാനും നിയമപരമായ മാർഗ്ഗങ്ങളിലേക്കു അവരുടെ പ്രവർത്തന ശക്തിയെ തിരിച്ചുവിടുവാനും സാധ്യമാക്കുക.

മുസ്‌ലിംലീഗിന്റെ മേൽവിവരിച്ച ലക്ഷ്യങ്ങളും ഉദ്ദേശങ്ങളുമനുസരിച്ചു മറ്റേതൊരു സംഘടനയുമായും യോജിച്ചു പ്രവർത്തിക്കുവാനും അതൊരുക്കമാണെന്നുള്ളതാണ് മറ്റൊരു പ്രധാന സംഗതി.

ലീഗ് ചെയ്ത തീരുമാനമനുസരിച്ചു നാമെല്ലാം ചെയ്യേണ്ടുന്ന ചില കാര്യങ്ങളെക്കുറിച്ചു ചിലതു പറയുവാൻ നിങ്ങളെന്നെ അനുവദിക്കുക അതു നിങ്ങൾക്കറിയാം. ഞാൻ അതുറപ്പിച്ചു പറയാനാണ് ശ്രമിക്കുന്നത്.

mappilaheritagelibrary.com

യഥാർത്ഥ മുസ്‌ലിംകളായിരിക്കുക

നാമെല്ലാം മുസ്‌ലിംകളാണെന്നു ന്യായമായും അവകാശപ്പെടുന്നു. വാക്കിലും പ്രവൃത്തിയിലും കൂടുതൽ നല്ല, യഥാർത്ഥമായ, മുസ്‌ലിംകളാവാൻ നാം ശ്രമിക്കണമെന്നു പറയുന്നതിനോടു നിങ്ങൾ യോജിക്കുമല്ലൊ. ഇതിനു ഇസ്ലാം കല്പിച്ച എല്ലാ ചുമതലകളും നാം നിർവ്വഹിക്കണം. ഇസ്ലാം വിരോധിച്ച എല്ലാ വിശ്വാസങ്ങളും കർമ്മങ്ങളും നാം ഉപേക്ഷിക്കണം. ഒന്നാമതായി സർവ്വശക്തനായ അല്ലാഹുവിൽ നാം കൂടുതൽ സജീവവും യഥാർത്ഥവുമായ വിശ്വാസമർപ്പിക്കണം. തൗഹീദിനെക്കുറിച്ചുള്ള കൂടുതൽ വ്യക്തവും സുദൃഢവുമായ ഒരഭിപ്രായം രൂപവൽക്കരിക്കണം. ഈ വിശ്വാസം എല്ലാ നന്മയുടെയും പ്രാരംഭമാണ്. ഈ വിശ്വാസത്തോടുകൂടി നാം ദൈനംദിന നമസ്കാരങ്ങളും ജുമുഅയും മറ്റു പ്രാർത്ഥനകളും കൃത്യമായി അനുഷ്ഠിക്കണം. പ്രാർത്ഥന കഷ്ടപ്പാടുകൾക്കു ആശ്വാസസ്പന്ദായകമായ അഭയകേന്ദ്രമാണ്. ശക്തിയുടെ ഉറവിടമാണ്. ജീവിതമാർഗ്ഗത്തിലെ കെടാത്ത വിളക്കാണ്. നാം അല്ലാഹുവിൽ യഥാർത്ഥമായി വിശ്വസിച്ചു നന്മചെയ്യുന്ന പക്ഷം ഇഹത്തിലും പരത്തിലും ഉള്ള നന്മുടെ പ്രതിഫലം അവന്റെ പക്കലാണ്. അപ്പോൾ നമുക്കു പേടിക്കാനോ പരിതപിക്കാനോ ഇല്ല. റംസാൻമാസത്തിലെ നോമ്പു കൃത്യമായും കണിശമായും അനുഷ്ഠിക്കണം. ആത്മീയമായ നേട്ടങ്ങളും ഭക്തിപരമായും ശിക്ഷണപരമായും വളരെ മെച്ചങ്ങളും ഉണ്ടെന്നു പരക്കെ സമ്മതിച്ച ഒരേർപ്പാടാണിത്. ഒരു നല്ല മുസൽമാനെ മാത്രമേ ഒരു നല്ല മനുഷ്യനെന്ന നിലയിലും നല്ല ഇന്ത്യക്കാരനെന്ന നിലയിലും നല്ല പൗരനെന്ന നിലയിലും കരുതാൻ നിവൃത്തിയുള്ളു.

സക്കാത്തിനെ സംബന്ധിച്ചുള്ള നമ്മുടെ ചുമതല നിർവ്വഹിക്കുന്നതിൽ നാം പ്രത്യേകം ശ്രദ്ധിക്കണം. ധനപരമായ അസമത്വങ്ങൾ മൂലമുണ്ടായിട്ടുള്ള സാമ്പത്തിക വിഷമതകൾക്കുള്ള ഏറ്റവും ഫലപ്രദമായ പരിഹാരമാണ് സക്കാത്ത്. മുസ്‌ലിംകൾ അതിന്റെ വില മനസ്സിലാക്കുകയും ഇസ്ലാം കല്പിച്ച അർത്ഥത്തിൽ സക്കാത്തിനെ സംബന്ധിച്ചുള്ള ചുമതല നിർവ്വഹിക്കുകയും മറ്റു ഇസ്ലാമിക സാമ്പത്തിക നിയമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്ന പക്ഷം കമ്യൂണിസവും സാമ്പത്തികവും ആത്മീയവുമായ മറ്റു പാഷണ്ഡവശങ്ങളും നശിക്കുകയും മനുഷ്യസമുദായത്തിനു നാശമുണ്ടാകാതിരിക്കുകയും ചെയ്യും. മുസ്ലിം പൊതു ജനങ്ങളുടെ സമ്മതത്തോടും സഹകരണത്തോടും കൂടി നിങ്ങളുടെ മഹല്ലുകളിലെ സക്കാത്ത് ശേഖരണവും വിതരണവും നിങ്ങൾക്കു സംഘടിപ്പിക്കാം.

അനാവശ്യച്ചെലവുകൾ

അനാവശ്യച്ചെലവുകളെ ഇസ്ലാം അസന്ദിഗ്ദ്ധമായി ആക്ഷേപിച്ചിരിക്കുന്നു. പരിശുദ്ധ ഖുർആൻ പറയുന്നു: അനാവശ്യച്ചെലവുകൾ ചെയ്യുന്നവർ പിശാചിന്റെ സഹോദരന്മാരാണ്. അടിയന്തിരങ്ങൾക്കും സാമുദായികചടങ്ങുകൾക്കും വേണ്ടിയുള്ള അനാവശ്യച്ചെലവു പല സ്ഥലത്തും നമ്മുടെ സമുദായത്തിന്റെ സാമ്പത്തികനാശത്തിനു തന്നെ കാരണമായി. പണം അല്ലാഹു നമ്മുടെ കയ്യിൽ തന്ന ഒരനാമത്താണ് നമുക്കു ദുരുപയോഗപ്പെടുത്താനധികാരമില്ല. നമ്മുടെ ന്യായമായ ആവശ്യങ്ങൾക്കു വേണ്ടിയും സാധുക്കളും നിർഭാഗ്യരുമായ നമ്മുടെ സഹോദരന്മാരുടെ നില നന്നാക്കാനും സമുദായത്തിന്റെയും നാട്ടിന്റെയും അഭിവൃദ്ധിക്കും മാത്രമെ അതുപയോഗിക്കാൻ പാടുള്ളു.

സമയോചിതമായ മദ്ധ്യസ്ഥമേർപ്പെടുത്തി ശണ്ഠകളും അഭ്യന്തര കലഹങ്ങളുമവസാനിപ്പിക്കാൻ നമുക്ക് സാധിക്കുമെങ്കിൽ അതൊരു വലിയ നേട്ടമായിരിക്കും. അഭ്യന്തര തർക്കങ്ങൾ തീർക്കാനും ചിലവു വരുന്നതും നാശകര

mappilaheritagelibrary.com

വുമായ കേസുകൾ ഇല്ലാതാക്കാനും നമുക്കു മഹല്ലു തോറും മധ്യസ്ഥക്കമ്മിറ്റി കളേർപ്പെടുത്താം. അനവധി മുസ്ലിം കുടുംബങ്ങളെ അധപതിപ്പിച്ചതു ഈ കേസ്സു കളാണ്.

നിയമവും സമാധാനവും നിലനിർത്തുക

നാട്ടിൽ നിയമവും സമാധാനവും പരിപാലിക്കുന്നതിൽ അധികൃതന്മാ രോടു സഹകരിക്കുകയും അവരെ സഹായിക്കുകയും ചെയ്യുന്നതു തുടർന്നു പോകാൻ ഞാൻ നിങ്ങളോടെല്ലാം അഭ്യർത്ഥിക്കുന്നു. നമ്മുടെ നാടിനു ചുറ്റും എന്താണ് സംഭവിക്കുന്നതെന്നോർക്കുമ്പോൾ നിയമ സമാധനപരിപാലന ത്തിന്റെ പ്രാധാന്യം നിങ്ങളെല്ലാം മനസ്സിലാക്കുമെന്നു ഞാൻ കരുതുന്നു.

വിവിധ സമുദായങ്ങൾ തമ്മിൽ സൗഹാർദ്ദവും സന്മനസ്സും സ്ഥാപിക്കു ന്നതിനും വളർത്തുന്നതിനും മറ്റു സംഘടനകളുമായുള്ള ദൃഢമായ സഹക രണം എല്ലാവിധത്തിലും തുടർന്നു പോകും.

മദ്യനിരോധത്തെ വിജയകരമാക്കുന്നതിനു മറ്റു കക്ഷികളുമായി യോജിച്ചു പ്രവർത്തിക്കുന്നതിനു ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു. പാർപ്പിടങ്ങൾ ഉണ്ടാ ക്കിക്കൊടുക്കുന്നതിലും മറ്റും നാം ആത്മാർത്ഥമായി സഹകരിക്കണം.

നിർബ്ബന്ധമായ പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കുകയാണ് ഇന്നത്തെ അടിയന്തര കാര്യമെന്നു നിങ്ങൾക്കറിയാമല്ലൊ. വിദ്യാഭ്യാസരംഗത്ത് മുസ്‌ലിംക ളായ നാം വളരെ പിന്നോക്കമാണ്. പിന്നോക്കം നിൽക്കുന്ന ഈ സമ്പ്രദായം ഉപേക്ഷിച്ചു നിർബ്ബന്ധവിദ്യാഭ്യാസസമ്പ്രദായത്തെ ഗുണകരമായ നിലയിൽ ഉപ യോഗപ്പെടുത്താൻ നാം ശ്രമിക്കണം. സ്കൂളിൽ അയക്കേണ്ടതായ പ്രായമെ ത്തിയ നമ്മുടെ സമുദായത്തിലെ എല്ലാ കുട്ടികളേയും നാം സ്കൂളിലേക്കയ ക്കണം.

വിദ്യാഭ്യാസം പ്രചരിപ്പിക്കുക

ഗ്രാമത്തിലെ എല്ലാ കുട്ടികളും കൃത്യമായി സ്കൂളിൽ പോകുന്നുണ്ടോ എന്നു നോക്കുവാൻവേണ്ടി ഓരോ പ്രാഥമിക മുസ്‌ലിംലീഗും ഒരു പ്രത്യേക ക മ്മിറ്റി രൂപീകരിക്കണം. മുസ്‌ലിംലീഗ് ഇല്ലാത്ത ഗ്രാമങ്ങളിലേക്കു ഈ കമ്മിറ്റി അതിന്റെ പ്രവർത്തന പരിധി വിപുലപ്പെടുത്തുമെങ്കിൽ അതു നന്നായിരിക്കും. സ്കൂളിൽ പോകുന്ന കുട്ടികൾക്കു വല്ല വിഷമതകളുമുണ്ടെങ്കിൽ അതു ലീഗു മെമ്പർമാരുടെയും മറ്റുള്ളവരുടേയും സഹായത്തോടുകൂടി കമ്മിറ്റി പരിഹരിച്ചു കൊടുക്കണം. കുട്ടികൾക്ക് പാലോ ഉച്ചഭക്ഷണമോ കിട്ടണമെന്നുണ്ടെങ്കിൽ അധി കൃതന്മാരെ സമീപിച്ചു അതിനു വേണ്ടത് ചെയ്തുകൊടുക്കണം. മുസ്‌ലിംകള ല്ലാത്ത കുട്ടികളെയും സാധ്യമാണെങ്കിൽ ഈ പ്രവർത്തനപരിധിയിൽ ഉൾപ്പെ ടുത്തണം.

മതവിദ്യാഭ്യാസം

മതവിദ്യാഭ്യാസം നമ്മുടെ കുട്ടികളുടെ പഠനത്തിന്റെ ഒരവിഭാജ്യഘടക മായിരിക്കണമെന്നാണ് മുസ്‌ലിംകളായ നാം ഉദ്ദേശിക്കുന്നത്. അതുകൊണ്ടു നാം സ്വന്തമായ ചില ഏർപ്പാടുകൾ ചെയ്യണം. അതായതു നാം നമ്മുടെ മക്ത്തബകളേയും മദ്രസകളേയും ആശ്രയിക്കണം. അവയെ പ്രബലപ്പെടുത്തേ ണ്ടതു ഇന്നാവശ്യമായിരിക്കുന്നു. ഇല്ലാത്തേടങ്ങളിൽ അവ സ്ഥാപിക്കണം. സ്കൂളുകളിലെ പഠനസമയം കഴിച്ചാലുള്ള സമയത്തിനുള്ളിൽ ഏറ്റവുമധികം മതവിദ്യാഭ്യാസം കുട്ടികൾക്ക് കിട്ടത്തക്കവണ്ണം ഈ മദ്രസകളിലെ കരിക്കുലം ഭേദപ്പെടുത്തണം. സ്കൂളില്ലാത്ത സമയങ്ങളിൽ മദ്രസകളിൽ ഹാജരാകുവാൻ

mappilaheritagelibrary.com

കുട്ടികൾക്കു സാധ്യമാക്കിതീർക്കണം. ഇങ്ങിനെ നാം ചെയ്തില്ലെങ്കിൽ നമ്മുടെ കുട്ടികൾക്കു മതവിദ്യാഭ്യാസം കിട്ടാതെ പോകും. അതുകൊണ്ടു നാം ഈ വിഷയത്തെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

മുസ്‌ലിംലീഗ് പ്രധാനമായും ബഹുജനങ്ങളുടെ സംഘടനയാണ്. സാധുക്കളുടേയും ബഹുജനങ്ങളുടേയും കാര്യത്തിലാണ് അതിനു ഉൽക്കണ്ഠയുള്ളത്. അവരുടെ നന്മയും അഭിവൃദ്ധിയുമാണ് അതിന്റെ ലക്ഷ്യം. അവരുടെ സാമ്പത്തികോദ്ധാരണത്തിനും ഉന്നമനത്തിനും വേണ്ടി കഴിയുന്നതെല്ലാം അതു ചെയ്യും.

കൃഷിയിലുള്ള താൽപര്യം

കൃഷിക്കു പുറമെ നൂൽ നൂൽക്കുക, നെയ്യുക, കയർ പിരിക്കുക, പായ ഉണ്ടാക്കുക, കൊട്ട മെടയുക, തുന്നൽവേല, ചായം മുക്കുക, തൊപ്പിയുണ്ടാക്കുക എന്നീ കുടിൽ വ്യവസായങ്ങളിലും ജനങ്ങൾ വ്യാപൃതരാണ്. അതുകൊണ്ട് ഈ വ്യവസായങ്ങൾ ക്ഷയിക്കുവാൻ ഇടവരുത്തരുത്. അവയെ പ്രോത്സാഹിപ്പിക്കണം. ജനങ്ങളുടെ സാമ്പത്തികപുനരുദ്ധാരണത്തിനു അത് ഒഴിച്ചു കൂടാത്തതാണ്.

കുടിൽ വ്യവസായങ്ങൾ ആദായകരമായി നടത്തുന്നതിൽ സഹകരണ ശ്രമവും സഹകരണസംഘങ്ങളും ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. അസംസ്കൃതപദാർത്ഥങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും മറ്റും സഹകരണ സംഘങ്ങൾ രൂപീകരിക്കണം. സഹകരണ പ്രസ്ഥാനത്തെ ഗുണകരമായി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ മുസ്‌ലിംകൾ പിന്നോക്കമാണ്. ഈ അധഃസ്ഥിതി മുസ്‌ലിംകൾ ഉപേക്ഷിക്കണം. സഹകരണസംഘങ്ങൾ ഉള്ളേടത്തു അതിൽ ചേരുകയും ഇല്ലാത്തേടത്ത് അതുണ്ടാക്കുകയും വേണം. ഈ സംഘങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ നല്ല വിവരമോ മാർഗ്ഗനിർദ്ദേശമോ അടുത്ത സ്ഥലങ്ങളിൽ നിന്നു കിട്ടുന്നില്ലെങ്കിൽ മദിരാശിയിലെ സെൻട്രൽ ലീഗാഫീസിലേക്കു എഴുതിച്ചോദിക്കാം.

മുസ്‌ലിംലീഗിനെ നിങ്ങൾ ഇനിയും ദൃഢമായും ഏകീകൃതമായും അനുകൂലിക്കുമെന്നും നാട്ടിൽ സഹോദരഭാവവും സൗഹാർദ്ദവും വളർത്തുന്നതിനു ശ്രമിക്കുമെന്നും നമ്മുടെ മാതൃഭൂമിയായ ഇന്ത്യയെ സേവിക്കുന്നതിൽ മുന്നണിയിലാണെന്നു കാണിച്ചു കൊടുക്കുമെന്നും ഞാനവസാനമായി ആശിക്കുന്നു.

(1949)

mappilaheritagelibrary.com

സത്താർ സേട്ട് സാഹിബിനെ പിന്തുടർന്നു മലബാർ ജില്ലാ മുസ്‌ലിംലീഗ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട കെ.എം.സീതിസാഹിബ് (1899–1961) കെ.ടി.എം അഹമ്മദ് ഇബ്രാഹിം സാഹിബിനു ശേഷം ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറിയായിരുന്നു. ഉജ്ജ്വല വാഗ്മി, വിവർത്തകൻ, എഴുത്തുകാരൻ, അഭിഭാഷകൻ എന്ന നിലയിൽ പ്രസിദ്ധനായ അദ്ദേഹം 1929 ൽ എ.ഐ. സി.സി. അംഗമായിരുന്നു. 1928, 31 വർഷങ്ങളിൽ കൊച്ചി നിയമസഭ കൗൺസിലിലേക്കും 1946, 1952 വർഷങ്ങളിൽ മദിരാശി നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. 1960ൽ കേരള നിയമസഭാ സ്പീക്കറായി. 1961 ഏപ്രിൽ 17 ന് അന്തരിച്ചു. മുസ്‌ലിം ലീഗിന്റെ താത്വികാചാര്യനായിരുന്ന അദ്ദേഹത്തിന്റെ യുക്തിസഹമായ വാദമുഖങ്ങളും അടിയുറച്ച ദൈവവിശ്വാസവും നിർമ്മലമായ ജീവിതവും സംഘടനയ്ക്ക് അനിഷേധ്യമായ ജനസ്വാധീനമുണ്ടാക്കുന്നതിൽ പങ്കു വഹിച്ചു.

3

ഇന്ത്യൻ മുസ്‌ലിംകളും മുസ്‌ലിംലീഗും

കെ.എം.സീതി, ബി.എ, ബിഎൽ; എം.എൽ.എ

ഇന്ത്യയിലെ മുസ്‌ലിം പൗരന്മാർ ഒരു മതപരമായ ന്യൂനപക്ഷമാണെന്നുള്ള വസ്തുത ഏകസംസ്ക്കാരവാദികൾക്കു പോലും നിഷേധിക്കുവാൻ സാധിക്കുകയില്ല. എന്നാൽ യഥാർത്ഥത്തിൽ അവർ ഒരു സാംസ്ക്കാരികമായ ന്യൂനപക്ഷം കൂടിയാണെന്ന് ചിന്താകുഴപ്പങ്ങളും പക്ഷപാതബുദ്ധിയും ഇല്ലാത്തവർക്കു എളുപ്പത്തിൽ സമ്മതിക്കേണ്ടി വരുന്നു. മതവും സംസ്കാരവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ എന്നോണം പരസ്പര ബന്ധമുള്ളവയാണ്. മുസ്‌ലിംകൾക്കു അവരുടെ വിശ്വാസ ആചാരങ്ങളെയും ചരിത്രം പാരമ്പര്യം ആദിയായവയെയും അധികരിക്കുന്ന ഒരു സംസ്ക്കാരമില്ലെന്ന് പറയുന്നവർ യാഥാർത്ഥ്യത്തിന്റെ നേർക്കു കണ്ണടക്കുക മാത്രമാണ് ചെയ്യുന്നത്.

സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടനയുടെ 29-ാം വകുപ്പ് ഈ നാട്ടിൽ ഭിന്ന സംസ്കാരങ്ങളുണ്ടെന്ന പരമാർത്ഥത്തെ സ്പഷ്ടമാക്കുന്നതു നോക്കുക: ഇന്ത്യാ രാജ്യത്തോ, അതിലെ ഏതെങ്കിലും ഒരു ഭാഗത്തോ നിവസിക്കുന്ന, ഒരു വ്യത്യസ്ത ഭാഷയോ, ലിപിയോ, സംസ്കാരമോ ഉള്ള ഏതൊരു പൗരവിഭാഗത്തിനു അവയെ നിലനിറുത്തുവാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.' എന്നാണ് ആ വകുപ്പ്.

ഭരണഘടനയുടെ 25-ാം വകുപ്പ് പ്രകാരം ഏതൊരു പൗരനും നിർബ്ബാധം

mappilaheritagelibrary.com

ഒരു മതത്തിൽ വിശ്വസിക്കുവാനും അതു അനുഷ്ഠിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്.

19-ാം വകുപ്പനുസരിച്ച് എല്ലാ പൗരന്മാർക്കും സംഘങ്ങൾ രൂപീകരിക്കുവാനുള്ള സംഘടനാ സ്വാതന്ത്ര്യം വ്യക്തമായ ഭാഷയിൽ ഭരണഘടന നൽകുകയും ചെയ്യുന്നു. ഈ നിലയിൽ ഒരു മതത്തിൽ വിശ്വസിക്കുകയും ആ മതവുമായി അഭേദ്യമായ ബന്ധമുള്ള ഒരു സംസ്കാരത്തെ ആശ്ലേഷിക്കുകയും ചെയ്യുന്ന ഇന്ത്യയിലെ മുസ്‌ലിം പൗരന്മാർക്ക് ഒരു പ്രത്യേക സംഘടന പാടില്ലെന്ന് ആർക്കു പറയുവാൻ സാധിക്കും? ആ പൗരന്മാർ രാഷ്ട്രത്തിലെ ഒരു ന്യൂനപക്ഷമായിരിക്കെ- ആ ന്യൂനപക്ഷത്തിന്റെ പ്രത്യേക താൽപര്യങ്ങളെ സംരക്ഷിക്കുവാൻ അതിനെ പ്രതിനിധീകരിക്കുന്ന ഒരു പ്രത്യേക സംഘടന കൂടാതെ എങ്ങിനെയാണ് സാധ്യമാവുക? ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷത്തിനു പ്രത്യേകമായ അവശതകളും ആവശ്യങ്ങളും ഇല്ലെന്നു യാഥാർത്ഥ്യങ്ങളെ മറച്ചുവെച്ചല്ലാതെ ആർക്കും പറയുവാൻ കഴിയുകയുമില്ല. രാഷ്ട്രീയ ലോകത്ത് ഒരു ജനവിഭാഗത്തിന്റെ അവശതകളും ആവശ്യങ്ങളും ഇന്നിന്നവയാണെന്നു പറയുവാനോ അവക്ക് പരിഹാരം തേടുവാനോ സംഘടിതമായ നിവേദനവും പ്രക്ഷോഭണവും വഴിക്കല്ലാതെ സാദ്ധ്യമല്ലെന്നുള്ളതും സർവ്വസമ്മതമായ ഒരു പ്രാഥമികതത്വമാകുന്നു.

ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഇന്നു ഭരണാധികാരത്തിലിരിക്കുന്നവർ ഒരു പ്രത്യേക മതവും സംസ്കാരവുള്ളവരാണ്. അവരുടെ രാഷ്ട്രീയാധിപത്യം കൊണ്ടുതന്നെ ആ മതത്തിനു പൂർണ്ണമായ സംരക്ഷണം ലഭിക്കുന്നുണ്ടെന്നു മാത്രമല്ല, ആ മതസംസ്കാരാദികളുടെ ചിഹ്നങ്ങൾ എല്ലാജാതി മതസ്ഥരും ഉപയോഗിക്കുന്നു. തപാൽസ്റ്റാമ്പുകളിലും അവർ പങ്കെടുക്കുന്ന ചില ഔപചാരിക ചടങ്ങുകളിലും കൂടി സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുപോലും സംതൃപ്തരാവാതെ ഹിന്ദുസമുദായത്തിലെ ഒരു വമ്പിച്ച വിഭാഗം ഹിന്ദുമഹാസഭയെ ഒരു സജീവ രാഷ്ട്രീയസംഘടനയായി നിലനിർത്തുവാൻ യത്നിക്കുന്നു. ഒരു ന്യൂനപക്ഷമായ മുസ്‌ലിംകളോടും നീതിയായി പെരുമാറുന്നതിനെപോലും തടയുവാനെന്നവണ്ണം കോൺഗ്രസ് ഗവർമ്മെണ്ടിന്റെ ഒരു വലിയ കുറ്റം 'മുസ്‌ലിംകളെ പ്രീണിപ്പിക്ക'ലാണെന്നു മഹാസഭാനേതാക്കൾ ശ്വാസം വിടാതെ നാടുനീളെ പറഞ്ഞുകൊണ്ടു നടക്കുന്നു. എന്നാൽ പരമാർത്ഥമെന്താണ്? വിഭജനത്തിനുശേഷം ഇന്ത്യൻ മുസ്‌ലിംകൾ രാഷ്ട്രീയമായ പല അവശതകളും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അതു പോരെന്നു മാത്രമാണ് ഹിന്ദുമഹാസഭാനേതാക്കൾ പറയുന്നതിന്റെ താല്പര്യം. അതല്ലാതെ മുസ്‌ലിംകളെ കോൺഗ്രസ് ഗവർമ്മെണ്ടു 'സാന്ത്വനപ്പെടുത്തു'ന്നുവെന്നുള്ള വിശ്വാസം കൊണ്ടു അവർ അങ്ങിനെ പറയുന്നതല്ല. ഈമാതിരി സങ്കുചിതമായ വർഗ്ഗീയ മനഃസ്ഥിതിയാണ് ഇന്ത്യയുടെ വിഭജനത്തിനു കാരണമാക്കിയതെന്നും മുസ്‌ലിംകൾ പാകിസ്താൻ ആവശ്യപ്പെടുന്നതിനു മുമ്പ് തന്നെ ഈ മുസ്‌ലിം വിരുദ്ധമനസ്ഥിതി ഭൂരിപക്ഷസമുദായത്തിൽ ഉണ്ടായിരുന്നുവെന്നും വിഭജനത്തിനുള്ള പ്രക്ഷോഭണം ആരംഭിക്കുവാൻ അവരെ നിർബ്ബന്ധിതരാക്കിയതു അതായിരുന്നുവെന്നും സുപ്രസിദ്ധ ദേശാഭിമാനിയും ഗാന്ധിഭക്തനുമായ മി.മശ്രുവാല ഒരിക്കൽ 'ഹരിജനിൽ' എഴുതിയിരുന്നത് ഞാൻ ഈ ഘട്ടത്തിൽ ഓർക്കുന്നു.

കോൺഗ്രസ്സിലെ ഒരു വലിയ വിഭാഗമായ ഹിന്ദുമഹാസഭാ മനഃസ്ഥിതിക്കാരും സാക്ഷാൽ ഹിന്ദുമഹാ സഭക്കാരും ന്യൂനപക്ഷങ്ങളുടെ നേർക്കു അനഭിലഷണീയമായ ഒരു നയം കൈക്കൊള്ളുകയും, അധികാരം കൈക്കലാക്കി ആ നയം പ്രയോഗത്തിൽ വരുത്തുവാൻ തീവ്രയത്നം തുടരുകയും ചെയ്യു

mappilaheritagelibrary.com

മ്പോൾ ന്യൂനപക്ഷങ്ങൾ സംഘടിച്ച് അവരുടെ അസ്തിത്വവും അവകാശങ്ങളും സംരക്ഷിക്കുവാൻ നിയമാനുസൃതങ്ങളായ മാർഗ്ഗങ്ങൾ സ്വീകരിക്കരുതെന്ന് പറയുന്നതിന് വല്ല അർത്ഥവുമുണ്ടോ? ന്യൂനപക്ഷങ്ങളുടെ സഹകരണം കൂടാതെ വിജയകരമായ ഒരു ഭരണം നാട്ടിൽ നിലനിർത്തുവാൻ ഒരു രാഷ്ട്രീയ പാർട്ടിക്കും, അതു മതപരമോ സാമ്പത്തികമോ ആയ അടിസ്ഥാനത്തിലായിക്കൊള്ളട്ടെ, ഒരിക്കലും സാധിക്കുന്നതല്ല. അതുകൊണ്ടു മുസ്‌ലിംകൾ സംഘടിതമായ ഒരു രാഷ്ട്രീയ കക്ഷിയായി സ്ഥിതിചെയ്യുന്ന പക്ഷം ഇന്നല്ലെങ്കിൽ നാളെ ഹിന്ദു മഹാസഭക്കാരുടെയും മറ്റും മുസ്‌ലിം വിരുദ്ധ മനസ്ഥിതിക്കു ഒരു മാറ്റം വരാതെ നിവൃത്തിയില്ല. രാഷ്ട്രീയലോകത്തു, നീതിക്കും ന്യായത്തിനും അനുസൃതമായ പ്രക്ഷോഭണങ്ങൾക്കു സംഘടിതമായ ശക്തിമൂലം വിജയം നിശ്ചയമാണെന്നത്രെ ചരിത്രവും വർത്തമാനകാലത്തെ അനുഭവങ്ങളും നമ്മെ പഠിപ്പിക്കുന്നത്. പട്ടികജാതി ഫെഡറേഷനും, സിക്കു സംഘടനയും, കാത്തലിക്ക യൂനിയൻ ആദിയായ ക്രൈസ്തവസംഘടനകളും ഹിന്ദു മഹാസഭയും നില കൊള്ളുന്ന ഈ നാട്ടിൽ മുസ്‌ലിംകൾക്കു മാത്രം പ്രത്യേക സംഘടന പാടില്ല പോലും! ഭരണഘടനയിൽ ന്യൂനപക്ഷങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന രക്ഷാവ്യവസ്ഥകൾ നിലനിർത്തിപ്പോകണമെങ്കിൽ തന്നെ ആ ന്യൂനപക്ഷങ്ങൾക്കു സംഘടിതമായ ഒരു നില ആവശ്യമല്ലയോ? അതില്ലെങ്കിൽ ആ രക്ഷാവ്യവസ്ഥകൾക്കുവേണ്ടി അവരുടെ പേരിൽ വാദിക്കുവാനാരാണുണ്ടായിരിക്കുക? അവർക്കു പ്രാതിനിധ്യമുള്ള സംഘടനകളുടെ അഭാവത്തിൽ ആ രക്ഷാവ്യവസ്ഥകൾ തന്നെ നിഷ്പ്രയോജനമായിരിക്കുകയില്ലേ.

മുസ്‌ലിംകൾ മതപരവും സാംസ്കാരികവുമായ ഒരു ന്യൂനപക്ഷമായിരിക്കുന്ന കാലത്തോളം അവരുടെ യഥാർത്ഥ പ്രാതിനിധ്യമുള്ള ഒരു രാഷ്ട്രീയ സംഘടനയുടെ കീഴിൽ അവർക്കു നിലകൊള്ളാതെ നിവൃത്തിയില്ല. അവരുടെ പ്രാതിനിധ്യമുള്ള ആ സംഘടന ഏതാണെന്ന് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലാത്തവിധം മുസ്‌ലിം ലീഗും, ഇന്ത്യൻ മുസൽമാന്മാരും തമ്മിലുള്ള ബന്ധം ലോകം അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. മുസ്‌ലിം രാഷ്ട്രീയ ജീവിതത്തിന്റെ ദീർഘകാല പാരമ്പര്യമുള്ള മുസ്‌ലിം ലീഗിന്റെ പതാകവിട്ടു മറ്റൊരു രാഷ്ട്രീയ കക്ഷിയിൽ മുസ്‌ലിംകൾ ചേരുന്നതു ആപൽക്കരമായിരിക്കുമെന്നു അവർക്ക് നല്ലപോലെ അറിയാം.

1906 ൽ മുസ്‌ലിംലീഗ് സ്ഥാപിതമായ കാലം മുതൽ അതു ഒരു രാഷ്ട്രീയ സംഘടനയായി നിലനിന്നു വന്നു. പുരോഗമനപരമായ ഒരു രാഷ്ട്രീയ കാര്യപരിപാടി സ്വീകരിച്ചു കൊണ്ടും കോൺഗ്രസ്സ് ആദിയായ സംഘടനകളോടു സഹകരിച്ചു കൊണ്ടും അതു രാഷ്ട്രീയരംഗത്ത് പല സേവനങ്ങളും ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ വിഭജനത്തിനു അതു കാരണമാക്കിയെന്നു പറഞ്ഞു ആ സംഘടനയെ അന്യായമായി പഴിക്കുന്നവർ, മുസ്‌ലിംകളുടെ സംഘടന മറ്റൊരു പേരിൽ അറിയപ്പെട്ടാൽ അതിനേയും പഴിക്കുകയും വെറുക്കുകയും ചെയ്യും. അതുകൊണ്ടു സംഘടനയുടെ പേർ മാറ്റം കൊണ്ടോ അത്തരം മറ്റു പ്രയോഗങ്ങൾ കൊണ്ടോ മുസ്‌ലിംകളുടെ നേർക്കു ഒരു വിഭാഗം ജനങ്ങൾക്കുള്ള മനോഭാവത്തിനു ഒരു മാറ്റവും വരുന്നില്ല. നേരെമറിച്ചു മുസ്‌ലിംകളുടെ ഐക്യഅണിയിൽ അതു നിമിത്തം ആപൽക്കരമായ വിടവുകൾ വന്നു ചേരുകയേ ഉള്ളൂ. മുസ്‌ലിംകളെ ഏകീകരിക്കുവാൻ മുസ്‌ലിംലീഗിനുള്ള കഴിവും പാരമ്പര്യവും ഇന്നു മറ്റൊരു സംഘടനക്കും ഇല്ലെന്നു മാത്രമല്ല, മുസ്‌ലിംകളുടെ പ്രാതിനിധ്യമുള്ള സംഘടനയായി ലോകം പൊതുവെ മുസ്‌ലിംലീഗിനെ മാത്രമേ അംഗീകരിക്കുകയുള്ളുവെന്നതും നമുക്കു വിസ്മരിച്ചു കൂടാ.

mappilaheritagelibrary.com

മുസ്‌ലിംലീഗ് പതാകയിൻ കീഴിൽ മുസ്‌ലിംകൾ സംഘടിക്കുന്നതു കൊണ്ട് അവർക്കു മാത്രമല്ല രാഷ്ട്രത്തിന്നാകമാനം പല നന്മകളും കൈവരുവാനുണ്ട്. അട്ടിമറി പ്രസ്ഥാനങ്ങളേ നേരിടുവാനും മറ്റും മുസ്‌ലിം വ്യക്തികളെ സമീപിക്കുന്നതിന്റെ നിഷ്പ്രയോജനത മനസ്സിലാക്കി മുസ്‌ലിംകളുടെ സഹകരണം ലഭിക്കുവാൻ ഏറ്റവും ഉത്തമമായ മാർഗ്ഗം അവർ ലീഗിൽ സംഘടിക്കുന്നതാണെന്നും ലീഗിനെ അടിച്ചമർത്തിയതു പിഴച്ചു പോയെന്നും ബിഹാറിലെ കോൺഗ്രസ്സ് മേധാവികൾ തന്നെ ഇപ്പോൾ പറഞ്ഞതുടങ്ങിയിരിക്കുന്നുവെന്ന് ഇയ്യിടെ പത്രങ്ങളിൽ കണ്ട റിപ്പോർട്ട് ഈ പരമാർത്ഥത്തിനു ഒരു തെളിവാണ്.

ഏതെങ്കിലും ഒരു പ്രശ്നത്തെ സംബന്ധിച്ച് മുസ്‌ലിംകളുടെ യഥാർത്ഥമായ അഭിപ്രായം അറിയുവാനും അവരുടെ സഹകരണം ലഭിക്കുവാനും അവരുടെ പ്രാതിനിധ്യമുള്ള ഒരു സംഘടന വഴിക്കു അവരെ സമീപിക്കുന്നതു ഏറ്റവും ആവശ്യമാണെന്നു അധികൃതന്മാർക്കും സഹോദരസമുദായങ്ങൾക്കും ഇനിയും നല്ലപോലെ മനസ്സിലായിട്ടില്ലെങ്കിൽ അനുഭവം അവരെ കാലവിളംബം കൂടാതെ അതു ഗ്രഹിപ്പിക്കുക തന്നെ ചെയ്യും.

സാമ്പത്തികാടിസ്ഥാനത്തിന്മേലുള്ള പാർട്ടികളാണ് നാട്ടിൽ വേണ്ടതെന്നും മുസ്‌ലിംലീഗ് ഒരു മതാടിസ്ഥാനത്തിലുള്ള സംഘടനയായതുകൊണ്ട് അതിന് രാഷ്ട്രീയ രംഗത്തു ഇനി സ്ഥാനമില്ലെന്നും ചിന്താകുഴപ്പം നിമിത്തമോ, അവസര സേവനാ ശക്തി കൊണ്ടോ ചിലർ പറയുന്നുണ്ട്. എന്നാൽ സാമ്പത്തികാടിസ്ഥാനത്തിന്മേലുള്ള സംഘടനകളെന്ന പേരിൽ അവർ ചൂണ്ടിക്കാണിക്കുന്ന കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് ആദിയായ പാർട്ടികൾ കേവലം സാമ്പത്തിക കാര്യപരിപാടികൾ മാത്രമുള്ള പാർട്ടികളല്ലെന്നും, ജീവിതത്തിന്റെ പ്രധാന തുറകളെ സ്പർശിക്കുന്ന ധാർമ്മികവശങ്ങൾ അവക്കുണ്ടെന്നും, പല വിഷയങ്ങളിലും അവ മൗലികമായി ഇസ്ലാമിന്റെ ധാർമിക പ്രമാണങ്ങൾക്കു പാടെ വിരുദ്ധങ്ങളാണെന്നുമുള്ള പ്രധാന സംഗതി അവർ ഓർക്കുന്നില്ല. കൂടാതെ മുസ്‌ലിംലീഗ് ഒരു മതത്തിന്റെ അനുയായികളാണെങ്കിലും അതിനു ഏറ്റവും പുരോഗമനപരവും നീതിയുക്തവും പ്രായോഗികവുമായ സാമ്പത്തിക പദ്ധതികളും രാഷ്ട്രീയ കാര്യ പരിപാടികളും ഉണ്ടെന്നുമുള്ള പരമാർത്ഥവും അവർ വിസ്മരിക്കുന്നു.

കോൺഗ്രസ്സിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലും ചേരുവാൻ മുസ്‌ലിംകളെ ഉപദേശിക്കുന്നവർ ഇന്നു ചുരുക്കമായിരിക്കും. എന്നാൽ സോഷ്യലിസ്റ്റ് പാർട്ടിയിൽ എന്തുകൊണ്ട് അവർക്കു ചേർന്നുകൂടാ എന്ന ചോദ്യം ചില വൃത്തങ്ങളിൽ നിന്നു പുറപ്പെടുന്നുണ്ട്. ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ സാമ്പത്തിക കാര്യ പരിപാടി– കാറൽ മാക്സിന്റെ നിർമ്മത തത്വങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണെങ്കിൽ രാഷ്ട്രീയ പരിപാടി ഹിന്ദുമഹാസഭയുടെ ആപൽക്കരമായ പിന്തിരിപ്പൻ പ്രമാണങ്ങളെ ശരിവെച്ചു കൊണ്ടുള്ളതാണെന്ന വസ്തുത പാർട്ടി നേതാക്കന്മാരുടെ പ്രസ്താവനകളും പാർട്ടിയുടെ ചില തീരുമാനങ്ങളും പ്രസിദ്ധീകരണങ്ങളും വ്യക്തമാക്കുന്നുണ്ട്.

കോൺഗ്രസ് ഗവർമ്മെണ്ടുകളുടെ ഭരണവൈകല്യങ്ങളെ ചൂണ്ടിക്കാണിച്ചു കോൺഗ്രസ്സിനെതിരായി സോഷ്യലിസ്റ്റ് പാർട്ടി നടത്തുന്ന പ്രചാരവേളയിൽ ആകർഷിക്കപ്പെടുന്ന ബഹുജനങ്ങളിൽ ചില മുസ്‌ലിം വ്യക്തികൾ ഉൾപ്പെട്ടേക്കാമെന്നല്ലാതെ ഒരു സമുദായമെന്ന നിലക്ക് മുസ്‌ലിംകൾ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേരുക ഒരിക്കലും സാദ്ധ്യമല്ല. സോഷ്യലിസത്തിന്റെ നല്ല വശങ്ങളെല്ലാം ഇസ്‌ലാമിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ തത്വസംഹിത ഉൾക്കൊള്ളുന്നതു കൊണ്ടു മുസ്‌ലിംകൾ മുസ്‌ലിംലീഗിൽ സംഘടിച്ചു

mappilaheritagelibrary.com

നിൽക്കുക വഴി നീതിപൂർവകമായ ഒരു സാമൂഹികവ്യവസ്ഥി നടപ്പിൽ വരുത്തുവാനും സോഷ്യലിസത്തിന്റെ ഭൗതികവാദ ദോഷങ്ങളെ തടുക്കുവാനും സാധിക്കുന്നതാണ്.

1948 ൽ മദ്രാസ്സിൽ വെച്ചു കൂടിയ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിൽ പാസ്സാക്കിയ ദീർഘമായ പ്രമേയത്തിൽ ലീഗിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യപരിപാടിയുടെ മൗലികതത്വങ്ങൾ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആ പ്രമേയം വായിക്കുന്നവർക്ക് ലീഗിന്റെ രാഷ്ട്രീയവും സാമ്പത്തിക വുമായ ആദർശങ്ങളും പരിപാടിയും എത്രയും പുരോഗമനപരവും ജനകീയ വുമാണെന്നു മനസ്സിലാക്കുവാൻ ഒരു വിഷമവുമുണ്ടായിരിക്കുന്നതല്ല.

സോഷ്യലിസ്റ്റ് പാർട്ടി ഹിന്ദുമഹാസഭയുടെ 'അഖണ്ഡഭാരത' വാദത്തെ പൂർണ്ണമായി അനുകൂലിക്കുന്നു. ഭാരതത്തിന്റെ വിഭജനം നിയമവിരുദ്ധമാണെന്നും അത് തങ്ങൾ അംഗീകരിക്കുന്നില്ലെന്നും, പാകിസ്താൻ വീണ്ടും ഇന്ത്യയിൽ ലയിക്കേണമെന്നും ഹിന്ദു മഹാസഭക്കാർ പറയുന്നതിനെ സോഷ്യലിസ്റ്റ് പാർട്ടി ഏറ്റു പാടുന്നു, ബങ്കാളിൽ അടുത്തു കഴിഞ്ഞ സാമുദായികാസ്വാസ്ഥ്യങ്ങളുടെ മദ്ധ്യേ ഇന്ത്യൻ പട്ടാളത്തെ കിഴക്കൻ ബങ്കാളിലേക്കയക്കുവാൻ സോഷ്യലിസ്റ്റ് പാർട്ടി നായകനായ മി.ജയപ്രകാശ് നാരായണൻ പരസ്യമായി ആവശ്യപ്പെടുകയുണ്ടായി. ഇന്ത്യ പാകിസ്താന്റെ നേർക്കു ഒരു യുദ്ധത്തിന്നൊരുങ്ങാത്തതിൽ ഹിന്ദുമഹാസഭയ്ക്കെന്നപോലെ സോഷ്യലിസ്റ്റ് പാർട്ടിക്കും കാര്യമായ ആവലാതിയുണ്ടെന്നല്ലെ ഇതെല്ലാം വിളിച്ചു പറയുന്നത്. ഇത്തരം ബാലിശവും ആപൽക്കരവുമായ രാഷ്ട്രീയനയവും, മാർക്സിന്റെ സാമ്പത്തികവും ധാർമ്മികവുമായ പ്രമാണങ്ങളും സ്വീകരിച്ചിരിക്കുന്ന ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ ലയിക്കുക മുസ്‌ലിംകൾക്കു സാദ്ധ്യമല്ലെന്നുള്ളതു സ്പഷ്ടമാണ്.

മനുഷ്യബുദ്ധിയെ അന്ധവിശ്വാസങ്ങളിൽ നിന്നു മോചിപ്പിക്കുന്ന ഏറ്റവും പരിശുദ്ധമായ ഏകദൈവവിശ്വാസത്തിന്മേൽ അധിഷ്ഠിതവും സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ഗുണങ്ങളുടെ സംസ്ഥാപനത്തിനുതകുന്ന ഏറ്റവും പ്രായോഗികമായ തത്വങ്ങൾ ഉൾകൊള്ളുന്നതുമായ ഇസ്‌ലാംമതത്തിന്റെ അനുയായികൾ അവരുടെ അഭിപ്രായങ്ങൾ ശരിയായി പ്രതിനിധീകരിക്കുന്ന മുസ്‌ലിംലീഗിൽ സംഘടിച്ചു നിൽക്കുന്നതത്രെ അവർക്കും ലോകത്തിനും ഒരേ സമയത്തു ഗുണപ്രദമായിരിക്കുക. ഭരണാധികാരികൾക്കും രാഷ്ട്രത്തിനും അതു ഗണ്യമായ ഒരു സഹായവുമായിരിക്കും.

ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ ഉദ്ദേശങ്ങൾ അതിന്റെ പുതിയ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് എല്ലാവരുടേയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ നിലനിർത്തുവാൻ എല്ലാ പ്രകാരത്തിലും സഹായിക്കുക, മുസ്‌ലിംകളും മറ്റു സമുദായങ്ങളും തമ്മിലുള്ള മൈത്രിയെ പാലിക്കുവാനും മുസ്‌ലിംകളുടെയും മറ്റു ന്യൂനപക്ഷങ്ങളുടെയും ന്യായമായ അവകാശതാല്പര്യങ്ങൾ സംരക്ഷിക്കുവാനും യത്നിക്കുക ഇവയാണ് ആ ഉദ്ദേശങ്ങൾ. ആർക്കെങ്കിലും ഈ ഉദ്ദേശങ്ങളെ ആക്ഷേപിക്കുക സാദ്ധ്യമാണോ? നേരെമറിച്ചു, ഇവയെ മുക്തകണ്ഠം അഭിനന്ദിക്കാതിരിക്കുവാൻ ആർക്കാണ് കഴിയുക? ഹിന്ദു മഹാസഭയുടെ ആപൽക്കരമായ ലക്ഷ്യവും കാര്യപരിപാടിയും മുസ്‌ലിംലീഗിന്റെ ഉദ്ദേശവും, പ്രവർത്തനപദ്ധതിയും തമ്മിൽ യാതൊരു താരതമ്യവുമില്ലെന്നല്ലേ ഇത് കൊണ്ട് സ്പഷ്ടമാകുന്നത്?

പ്രത്യേക നിയോജകമണ്ഡലങ്ങൾക്ക് ഭരണഘടനയിൽ വ്യവസ്ഥയില്ലാത്തതുകൊണ്ട് ഇനി മുസ്‌ലിംലീഗിന്റെ ആവശ്യമില്ലെന്നു പറയുന്ന ഒരു കൂട്ടരുണ്ട്. നിയമസഭകളിൽ മുസ്‌ലിം പ്രതിനിധികളെ അയക്കുക വഴി മുസ്‌ലിംകൾക്കു

mappilaheritagelibrary.com

ണ്ടാകുന്ന നേട്ടങ്ങൾ, ആ രംഗങ്ങൾ പ്രസ്തുത സഭകളിൽ ന്യൂനപക്ഷമായിരിക്കുന്ന കാലത്തോളം എത്രയോ പരിമിതമായിരിക്കുമല്ലൊ. സമുദായത്തിന്റെ അവകാശങ്ങളും അവശതകളും തുറന്നു പറയുക എന്നതിൽ കൂടുതൽ അവരിൽ ഏറ്റവും ഉത്തമന്മാരായവർക്കു പോലും സാദ്ധ്യമല്ല. എന്നാൽ നിയമസഭയിൽ ഒരു മുസ്‌ലിം പ്രതിനിധി പോലും ഇല്ലെങ്കിലും സംഘടിതമായ മുസ്‌ലിം പൊതുജനാഭിപ്രായം മുസ്‌ലിംലീഗ് മുഖേന മാറ്റൊലിക്കൊള്ളുമ്പോൾ അതു വഴിക്കുണ്ടാകുന്ന നേട്ടങ്ങൾ കുറച്ചൊന്നുമായിരിക്കുകയില്ല. കൂടാതെ മുസ്‌ലിംലീഗിനു അതിന്റെ കാര്യപരിപാടിയോടു യോജിക്കുന്ന രാഷ്ട്രീയപാർട്ടികളുമായി സഖ്യം ചെയ്തു തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുവാനും അതുവഴി നിയമസഭാസ്ഥാനങ്ങൾ കരസ്ഥമാക്കിയും നിയമസഭാ മെമ്പർമാരുടെ ആനുകൂല്യവും സഹകരണവും നേടിയും സമുദായത്തെ സേവിക്കുവാനും കഴിയുന്നതാണ്. മുസ്‌ലിം ലീഗിൽ സംഘടിച്ചുനിൽക്കുന്ന 4 കോടി മുസ്‌ലിംകളെ ഒരു രാഷ്ട്രീയ കക്ഷിക്കും അവഗണിക്കുവാൻ സാധിക്കുന്നതല്ല.

കൂട്ടുനിയോജകമണ്ഡലങ്ങൾ വഴിക്കു മുസ്‌ലിംകൾക്കു നിയമസഭാസ്ഥാനങ്ങൾ അവരുടെ നാമമാത്ര പ്രതിനിധികൾ വഴിക്കു പോലും ലഭിച്ചിട്ടില്ലെന്നു വരാവുന്നതാണ്. ആ സ്ഥിതിക്ക് മുസ്‌ലിംലീഗ് സംഘടന വഴിക്കല്ലാതെ അവരുടെ അവശതകളോ അവകാശങ്ങളോ പരസ്യപ്പെടുത്തുവാൻ പോലും സാധിക്കുകയില്ല. അതുകൊണ്ട് പ്രത്യേക നിയോജകമണ്ഡലങ്ങൾ ഉണ്ടായിരുന്ന കാലത്തേക്കാൾ കൂടുതലായി മുസ്‌ലിംലീഗിന്റെ ആവശ്യകത ഇന്നാണുള്ളതെന്ന് പലവരു വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്.

ഇനി എനിക്ക് കേരളത്തിലെ മുസ്‌ലിംകളോടാണ് വിനീതമായ ഒരപേക്ഷ ചെയ്‌വാനുള്ളത്. മതേതരതത്വങ്ങളെയോ അനുഷ്ഠാനങ്ങളെയോ സംബന്ധിച്ചുള്ള തർക്കങ്ങളും കക്ഷിത്വങ്ങളും ഭിന്നതകളും മൂലം മുസ്‌ലിംകളുടെ മൗലികമായ ഐക്യത്തെയും സാഹോദര്യത്തെയും വമ്പിച്ച കഴിവുകളെയും ശിഥിലമാക്കാതെ സലാംകൊണ്ട് അഭിവാദ്യം ചെയ്യുന്ന യാതൊരുവനോടും നീ വിശ്വാസിയല്ലെന്നു പറയരുതെന്നും സത്യവിശ്വാസികൾ നിശ്ചയമായും സഹോദരന്മാരാണെന്നും മറ്റുമുള്ള ദിവ്യവാക്യങ്ങളെ സ്മരിച്ചുകൊണ്ട് മുമ്പു അവർ ചെയ്തതുപോലെ ഇനിയും മുസ്‌ലിംലീഗിൽ നിൽക്കേണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. പരിശുദ്ധ നബി (സ.) പഠിപ്പിച്ച യാഥാർത്ഥ്യങ്ങളെ കൺമുമ്പിൽ വെച്ചുകൊണ്ട് മുസ്‌ലിംകളെ സംഘടിപ്പിച്ച് സമരത്തിലെന്നപോലെ സമാധാനത്തിലും കർമ്മനിരതരാക്കിയ മാതൃകക്കെതിരായി ചുറ്റുപാടുകളെ വിസ്മരിച്ച് സമുദായത്തെ മരവിപ്പിച്ച് കർമ്മരഹിതമാക്കി സ്വപ്നലോകത്ത് മാത്രം ജീവിക്കുന്ന കുറേ പേരെ സൃഷ്ടിച്ച്, സമുദായമധ്യത്തിൽ നിന്നു അവരെ അകറ്റി നിറുത്തുവാൻ ഇടവരുത്തുന്ന പ്രസ്ഥാനങ്ങളുടെ ദുരുപദിഷ്ടമായ നേതൃത്വം മുസ്‌ലിംകൾ സ്വീകരിക്കുകയില്ലെന്നും അവർ റസൂൽ തിരുമേനിയുടെയും സലഫുസ്സാലിഹീങ്ങളുടെയും കാര്യബഹുലമായ ജീവിതമാതൃകയെ പിന്തുടരുമെന്നും ഞാൻ വിശ്വസിക്കുന്നു.

മുസ്‌ലിംലീഗിൽ ഒരു ജീവൽസമുദായമായി നിൽക്കുന്നത് കൊണ്ടേ ഇന്ത്യയിലെ മുസൽമാന്മാരുടേയും ഭാരതത്തിന്റേയും ഭാവിഭാഗധേയം സുരക്ഷിതവും ശോഭനവുമാകുകയുള്ളൂ. ആ നില അചിരേണ വന്നു ചേരുവാൻ അല്ലാഹു അനുഗ്രഹിക്കട്ടെ.

(ചന്ദ്രിക ആഴ്ചപ്പതിപ്പ്- 1951 ജനുവരി 7)

mappilaheritagelibrary.com

4
ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ ഭരണഘടന

(1951 സെപ്തംബർ ഒന്നിന് മദിരാശിയിൽ ചേർന്ന ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് കൗൺസിൽ അംഗീകരിച്ചത്)

പേര്

1. സംഘടനയുടെ പേര് 'ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗ്' എന്നായിരിക്കും.

ലീഗിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും

ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും താഴെ പറയുന്നവയാണ്:

2 (a) ഇന്ത്യൻ യൂനിയന്റെ സ്വാതന്ത്ര്യവും അഭിമാനവും നിലനിർത്തുകയും സംരക്ഷിക്കുകയും സ്ഥാപിക്കുകയും നിലനിർത്തുന്നതിലും സംരക്ഷിക്കുന്നതിലും സ്ഥാപിക്കുന്നതിലും സാഹായിക്കുകയും നാട്ടിലെ ജനങ്ങളുടെ അന്തസ്സും സുഖവും വർദ്ധിപ്പിക്കുന്നതിൽ പരിശ്രമിക്കുകയും ചെയ്യുക.

(b) ഇന്ത്യൻ യൂനിയനിലെ മുസ്‌ലിംങ്ങളുടേയും ഇതര ന്യൂനപക്ഷങ്ങളുടേയും മതപരവും സാംസ്കാരികവും സാമൂഹ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികവും രാഷ്ട്രീയവും ഭരണപരവും മറ്റുമായ എല്ലാ ന്യായമായ അവകാശങ്ങളും താല്പര്യവും കരസ്ഥമാക്കുകയും രക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക.

(c) ഇന്ത്യയിലെ മുസ്‌ലിംങ്ങളുടേയും മറ്റു സമുദായക്കാരുടേയും ഇടയിൽ പരസ്പരവിശ്വാസവും സന്മനസ്സും സ്നേഹവും മതിപ്പും രഞ്ജിപ്പും ഐക്യവും വളർത്തുക.

3 (a) ഇന്ത്യൻ യൂനിയനിലെ പൗരനും, 18 വയസ്സിൽ കുറയാത്ത പ്രായമുള്ള ആളും ആയ മുസ്ലിമിന് മാത്രമെ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ ഏതെങ്കിലും ഒരു പ്രാഥമിക മുസ്ലീംലീഗ് കമ്മിറ്റിയിൽ അംഗമാവാൻ പാടുള്ളു.

മേൽ നിബന്ധനയിൽ നിന്ന് മുഴുവനുമായോ, ഭാഗികമായോ ഒരാളെ ഒഴിവാക്കാൻ ബന്ധപ്പെട്ട സ്റ്റേറ്റ് ലീഗിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(b) ഒരു പ്രാഥമിക ലീഗിൽ മെമ്പറായി ചേരാൻ ആഗ്രഹിക്കുന്ന ഒരാൾ

mappilaheritagelibrary.com

വാർഷികവരിസംഖ്യയായ രണ്ടണ മുൻകൂറായി നൽകേണ്ടതും ലീഗിന്റെ ഉദ്ദേശങ്ങളും, ലക്ഷ്യങ്ങളും, നിയമങ്ങളും, നയവും, പരിപാടിയും അനുസരിച്ച് പ്രവർത്തിക്കുമെന്ന് എഴുതി പ്രതിജ്ഞ എടുക്കേണ്ടതുമാണ്.

4 (a) മെമ്പർമാർ നൽകിയ വർഷാന്ത വരിസംഖ്യയുടെ കാലാവധി ഡിസമ്പർ 31-ാംനു അവസാനിക്കുന്നതാണ്. (ഏത് തിയ്യതിക്ക് മെമ്പറായി ചേർന്നാലും ശരി) കാലാവധി അവസാനിച്ച് മൂന്നുമാസത്തിനകം അംഗത്വം പുതുക്കാത്ത ആളുടെ അംഗത്വം നഷ്ടപ്പെടുന്നതാണ്.

ഈ നിയമത്തിൽ അയവ് വരുത്താനും, യുക്തമാണെന്ന് തോന്നുന്ന തിയ്യതിയോ, തിയ്യതികളോ നിജപ്പെടുത്താനും പ്രവർത്തകസമിതിക്ക് അധികാരമുണ്ടായിരിക്കും.

ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ ഉദ്യോഗസ്ഥന്മാർ

5 (a) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന് താഴെ പറയുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കുന്നതാണ്.

1. ഒരു പ്രസിഡണ്ട്
2. ഒരു ഓണററി ജനറൽ സിക്രട്ടറി
3. ഒരു ഓണററി ഖജാൻജി
4. രണ്ട് ഓണററി ജോയിന്റ് സിക്രട്ടറിമാർ മുസ്‌ലിംലീഗ് കൗൺസിൽ അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നു എല്ലാ കൊല്ലവും തിരഞ്ഞെടുക്കേണ്ടതും, പുതു ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതുവരെ അധികാരത്തിൽ തുടരേണ്ടതും ആണ്. നിലവിലുള്ള ഉദ്യോഗസ്ഥന്മാർക്ക് വീണ്ടും തിരഞ്ഞെടുപ്പിനു നില്ക്കാവുന്നതാണ്.

ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിൽ

6 (a) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന് ഒരു കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

(b) നിയമത്തിൽ പറഞ്ഞ എല്ലാ ഉദ്യോഗസ്ഥന്മാരേയും

(i) ഇന്ത്യൻ യൂനിയനിലെ ഓരോ സ്റ്റേറ്റിൽ നിന്നും കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രവർത്തക സമിതി നിജപ്പെടുത്തുന്നതാണ്. അതാതു സ്റ്റേറ്റുകളാണ് കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്.

(ii) ഓരോ സ്റ്റേറ്റ്‌ലീഗിന്റേയും പ്രസിഡണ്ടും സെക്രട്ടറിയും കൗൺസിലിൽ എക്സ്-ഒഫിഷ്യോ അംഗങ്ങളായിരിക്കും.

(iii) കൗൺസിലിലേക്ക് ഇരുപതിൽ അധികരിക്കാത്ത അംഗങ്ങളെ നോമിനേറ്റ് ചെയ്യാൻ ഇന്ത്യൻ മുസ്‌ലിംലീഗു പ്രസിഡണ്ടിനു അധികാരമുണ്ടായിരിക്കുന്നതാണ്.

b) 6 (a) നിയമത്തിൽ പറഞ്ഞ മെമ്പർമാരെ അതാത് സ്റ്റേറ്റ് ലീഗു കൗൺസിലുകൾ തിരഞ്ഞെടുക്കേണ്ടതും, പ്രവർത്തക സമിതി നിശ്ചയിക്കുന്ന തിയ്യതിക്ക് തന്നെ തിരഞ്ഞെടുപ്പു നടത്തേണ്ടതുമാണ്. യൂനിയൻ ലീഗു കൗൺസിലിലേക്കു അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനു പ്രവർത്തകസമിതി നിശ്ചയിച്ച സമയത്തിനുള്ളിൽ തിരഞ്ഞെടുപ്പു നടത്താൻ ഒരു സ്റ്റേറ്റ്‌ലീഗു വീഴ്ച കാണിക്കുകയാണെങ്കിൽ ആ സ്റ്റേറ്റിൽ നിന്നു അംഗങ്ങളെ കോ ഓപ്പറേറ്റ് ചെയ്യാൻ കൗൺസിലിനു അധികാരമുണ്ടായിരിക്കുന്നതാണ്.

7. കൗൺസിലിലെ ഓരോ അംഗവും ആറുറുപ്പിക വർഷാന്തവരിസംഖ്യ മുൻകൂറായി നൽകേണ്ടതാണ്. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് ആപ്പീസിൽ

mappilaheritagelibrary.com

നിന്നു നോട്ടീസ് നൽകിയ തിയ്യതി മുതൽ രണ്ടുമാസത്തിനകം വരിസംഖ്യ അടക്കാത്ത കൗൺസിലറുടെ അംഗത്വം നഷ്ടപ്പെടുന്നതാണ്.

ബാക്കിവന്ന വരിസംഖ്യ അടച്ചു കഴിഞ്ഞാൽ ഒരു കൗൺസിലർ വീണ്ടും അംഗത്വം നൽകാൻ കൗൺസിലിനു അധികാരമുണ്ടായിരിക്കും.

ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രവർത്തകസമിതി

8. ഇന്ത്യൻയൂനിയൻ മുസ്‌ലിംലീഗിനു ഇരുപത്തൊന്നു അംഗങ്ങളിൽ അധികരിക്കാത്ത (പ്രസിഡണ്ടിനും 5 (a) നിയമത്തിൽ പറഞ്ഞ ഓണററി ഉദ്യോഗസ്ഥന്മാർക്കും പുറമെ) പ്രവർത്തകസമിതി ഉണ്ടായിരിക്കുന്നതാണ്. 5 (a) നിയമത്തിൽ പറഞ്ഞ ഓണററി ഉദ്യോഗസ്ഥന്മാർ എക്സ് ഒഫിഷ്യോ അംഗങ്ങളായിരിക്കും. പ്രവർത്തകസമിതി ഉദ്യോഗസ്ഥന്മാരെ യൂനിയൻ ലീഗ് പ്രസിഡണ്ട്, പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ഉടനെ നോമിനേറ്റ് ചെയ്യുന്നതാണ്.

യോഗങ്ങൾ

9 (a) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ കൗൺസിലിനു ആവശ്യമാണെന്നു തോന്നുകയാണെങ്കിൽ, കൗൺസിൽ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗിന്റെ ഒരു പൊതുസമ്മേളനം ചേരാവുന്നതാണ്.

(b) ലീഗിന്റെ പൊതുസമ്മേളനത്തിനുള്ള കോറം അമ്പത് ആയിരിക്കും.

(c) ബന്ധപ്പെട്ട സ്റ്റേറ്റ് ലീഗ് പ്രതിനിധികൾക്കും, ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിൽ അംഗങ്ങൾക്കും പൊതു സമ്മേളനത്തിൽ സംബന്ധിക്കാനും, ചർച്ചയിൽ പങ്കെടുക്കാനും, വോട്ടു ചെയ്യാനും അധികാരമുണ്ടായിരിക്കും. അവർ അഞ്ച് ഉറുപ്പിക ഫീസ്സായി അടക്കേണ്ടതാണ്.

(d) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിൽ പൊതുസമ്മേളനത്തിന്റെ വിഷയനിർണ്ണയകമ്മിറ്റിയായി മാറുന്നതും പൊതുസമ്മേളനത്തിൽ അവതരിപ്പിക്കേണ്ട പ്രമേയങ്ങൾ തയ്യാറാക്കുന്നതുമാണ്. വിഷയനിർണ്ണയകമ്മിറ്റിയിലേക്ക് ... അധികരിക്കാത്ത അംഗങ്ങളെ നോമിനേറ്റ് ചെയ്യാൻ പ്രസിഡണ്ടിനു അധികാരമുണ്ടായിരിക്കുന്നതും, അങ്ങനെ നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾക്ക് പ്രതിനിധികൾക്കുള്ള എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതുമാണ്.

പ്രവർത്തകസമിതിയുടേയും കൗൺസിലിന്റേയും യോഗങ്ങൾ

10 (a) ലീഗ് കൗൺസിലിന്റെ യോഗം പ്രസിഡണ്ടോ അദ്ദേഹത്തിന്റെ നിർദ്ദേശത്തോടും, അംഗീകാരത്തോടും കൂടി ഓണററി ജനറൽ സിക്രട്ടറിയോ വിളിച്ചു കൂട്ടുന്നതാണ്. കൗൺസിലിലെ അമ്പത് അംഗങ്ങൾ രേഖാമൂലം അപേക്ഷിക്കുകയാണെങ്കിൽ പ്രത്യേകയോഗങ്ങൾ വിളിച്ചു കൂട്ടുന്നതാണ്. യോഗം വിളിക്കാനുള്ള ഉദ്ദേശ്യം അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

(b) കൗൺസിൽ യോഗത്തിന്റെ കോറം 15 ആയിരിക്കുന്നതും യോഗത്തിൽ ചർച്ചക്ക് വരുന്ന വിഷയങ്ങൾ ഭൂരിപക്ഷ വോട്ടടിസ്ഥാനത്തിൽ തീരുമാനിക്കുന്നതുമാണ്. കോറം തികയാതെ നിർത്തിവെച്ചു യോഗങ്ങൾക്ക് 15 അംഗങ്ങൾ എന്ന കോറം ബാധകമാവുന്നതല്ല.

(c) സാധാരണയോഗങ്ങൾക്ക് പത്തിൽ കുറയാതേയും പ്രത്യേകയോഗങ്ങൾക്കും പ്രവർത്തകസമിതിയോഗങ്ങൾക്കും ഏഴിൽ കുറയാതേയും ദിവസത്തെ നോട്ടീസ് അംഗങ്ങൾക്ക് നൽകേണ്ടതാണ്. സമയവും സ്ഥലവും, അജണ്ടയും നോട്ടീസിൽ കാണിച്ചിരിക്കേണ്ടതാണ്. അടിയന്തരയോഗങ്ങൾക്ക് ഈ നിബന്ധന ബാധകമാവുന്നതല്ല.

mappilaheritagelibrary.com

11. പ്രസിഡണ്ടിനു യുക്തമെന്നു തോന്നുന്ന സന്ദർഭങ്ങളിലെല്ലാം പ്രവർത്തകസമിതി വിളിച്ചു കൂട്ടാവുന്നതാണ്.

12. പ്രവർത്തകസമിതിയുടെ കോറം അഞ്ചായിരിക്കും.

13. പ്രവർത്തകസമിതി അംഗീകരിക്കുന്ന എല്ലാ പ്രമേയങ്ങളും കൗൺസിലിന്റെ മുമ്പാകെ വെക്കേണ്ടതാണ്.

കൗൺസിലിന്റെ അധികാരങ്ങൾ

14. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിലിനു താഴെ പറയുന്ന അധികാരങ്ങളുണ്ടായിരിക്കും.

(a) ലീഗിന്റെ നയപരിപാടികളേയും ഉദ്ദേശലക്ഷ്യങ്ങളേയും സംബന്ധിച്ചു ഇടക്കിടെയുണ്ടായിക്കൊണ്ടിരിക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും ആലോചിക്കുകയും, ആവശ്യമായ നടപടികളെടുക്കുകയും ചെയ്യുക.

(b) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പൊതുസമ്മേളനം പാസ്സാക്കിയ പ്രമേയങ്ങൾ നടപ്പിൽ വരുത്താൻ യുക്തമായ നടപടികളെടുക്കുക.

(c) ലീഗിന്റെ ഫണ്ട് നിയന്ത്രിക്കുക

(d) ചുമതല നിർവ്വഹിക്കാൻ സബ്ബ് കമ്മിറ്റികളെ തിരഞ്ഞെടുക്കുക

(e) ഈ നിയമങ്ങൾ പ്രകാരം മുസ്‌ലിംലീഗ് സംഘടനകളെ സംഘടിപ്പിക്കുകയും, അഫിലിയേറ്റ് ചെയ്യുകയും, മേൽനോട്ടം വഹിക്കുകയും, നിയന്ത്രിക്കുകയും, അഫിലിയേഷൻ റദ്ദാക്കുകയും ചെയ്യുക.

(f) ലീഗിനു നിയമങ്ങളും ചട്ടങ്ങളും ഉപനിയമങ്ങളുമുണ്ടാക്കുക.

(g) ലീഗിന്റെ തീരുമാനങ്ങൾ ലംഘിക്കുകയും ഉദ്ദേശ്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും എതിരായി പ്രവർത്തിക്കുകയും ചെയ്യുന്ന മെമ്പറുടെ പേരിൽ അച്ചടക്കനടപടിയെടുക്കുക.

(h) ഈ നിയമങ്ങളിൽ വ്യവസ്ഥ ചെയ്ത പ്രകാരം അപ്പീലുകൾ കേൾക്കുകയും തീരുമാനിക്കുകയും ചെയ്യുക.

(i) ലീഗിന്റെ പ്രവർത്തനം ഫലപ്രദമായി നടത്താൻ ആവശ്യമാണെന്നു കൗൺസിലിനു തോന്നുന്ന മറ്റു എല്ലാ കാര്യങ്ങളും നിർവ്വഹിക്കുക.

(15) കൗൺസിലിന്റെ ഏതെങ്കിലുമൊരധികാരം, യൂനിയൻ പ്രവർത്തകസമിതിക്കോ, പ്രസിഡണ്ടിനോ, ഓണററി അംഗത്തിനോ യുക്തമായ നിബന്ധനകളും പരിമിതികളും ചുമത്തി ഡെലിഗേറ്റ് ചെയ്യാൻ കൗൺസിലിനു അധികാരമുണ്ടായിരിക്കും.

പ്രവർത്തകസമിതിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും

16. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ പ്രധാന എക്സിക്യൂട്ടീവ് ഘടകം പ്രവർത്തകസമിതിയാണ്. പ്രവർത്തക സമിതിക്ക് താഴെ പറയുന്ന അധികാരങ്ങളുണ്ടായിരിക്കും.

(a) മുസ്‌ലിംലീഗിന്റെ ഉദ്ദേശ്യങ്ങളെ സംബന്ധിച്ച് അതാതവസരത്തിൽ ഉണ്ടാവുന്ന കാര്യങ്ങളെക്കുറിച്ചു ആലോചിക്കുകയും, ആവശ്യമായ തീരുമാനങ്ങളും നടപടികളും എടുക്കുകയും ചെയ്യുക.

(b) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പൊതുസമ്മേളനത്തിലും കൗൺസിൽ യോഗങ്ങളിലും പാസ്സാക്കിയ പ്രമേയങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ നടപടികളെടുക്കുക.

(c) 18-ാം നിയമത്തിൽ വ്യക്തമാക്കിയപോലെ ഒരു കേന്ദ്ര പാർലിമെണ്ടറിബോർഡിനെ നിയമിക്കുക.

(d) ഘടനാനിയമത്തിനും കേന്ദ്ര-സ്റ്റേറ്റ് പാർലിമെണ്ടറി ബോർഡു

mappilaheritagelibrary.com

കൾക്കും നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുകയും മാറ്റം വരുത്തുകയും ചെയ്യുക.

(e) പ്രത്യേകകടമകൾ നിർവ്വഹിക്കാൻ സബ്കമ്മിറ്റികളെ നിയമിക്കുക.

(f) വർഷാന്ത ബജറ്റ് തയ്യാറാക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും, ഓഡിറ്ററേയോ, ഓഡിറ്റർമാരെയോ നിയമിക്കുകയും ചെയ്യുക.

(g) ബജറ്റിൽ വകയിരുത്തിയിട്ടില്ലാത്ത കാര്യങ്ങൾ അനുവദിക്കുക.

(h) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രവർത്തകസമിതിയുടെയോ, കൗൺസിലിന്റെയോ തീരുമാനങ്ങൾ ലംഘിക്കുകയും ഏതെങ്കിലും വിധേന ലീഗിന്റെ പുരോഗതി തടയുകയും ചെയ്യുന്ന ഇന്ത്യൻയൂനിയൻ മുസ്‌ലിംലീഗു മെമ്പറുടെ പേരിൽ അച്ചടക്കനടപടിയെടുക്കുക. അച്ചടക്കനടപടിക്ക് വിധേയരായ അംഗത്തിനു യൂനിയൻ ലീഗുകൗൺസിൽ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(i) കടമ നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയോ, യൂനിയൻ ലീഗു പ്രവർത്തകസമിതിയുടേയോ, കൗൺസിലിന്റെയോ തീരുമാനങ്ങളെ അതിലംഘിക്കുകയോ, അവഗണിക്കുകയോ ചെയ്യുകയോ ലീഗിന്റെ പുരോഗതി തടയുകയോ ചെയ്യുന്ന സ്റ്റേറ്റ് ലീഗിനെ പിരിച്ചുവിടുകയോ, അഫിലിയേഷൻ സസ്പെണ്ട് ചെയ്യുകയോ ചെയ്യുക. ഈ നടപടിക്ക് വിധേയരായ സ്റ്റേറ്റ്ലീഗിനു യൂനിയൻ ലീഗു കൗൺസിൽ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(j) ചുമതലാനിർവ്വഹണത്തിൽ അമാന്തം കാണിക്കുകയോ യൂനിയൻ പ്രവർത്തകസമിതിയുടേയോ കൗൺസിലിന്റേയോ നിർദ്ദേശങ്ങളേയോ തീരുമാനങ്ങളേയോ അവഗണിക്കുകയും ചെയ്യുന്ന സ്റ്റേറ്റ് ലീഗിന്റെ ഏത് ഉദ്യോഗസ്ഥനെതിരിലും അച്ചടക്കനടപടിയെടുക്കുക. അച്ചടക്ക നടപടിക്ക് വിധേയനാവുന്ന ഉദ്യോഗസ്ഥന് യൂനിയൻ ലീഗ് കൗൺസിൽ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(k) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിലിലേക്ക് ഓരോ സ്റ്റേറ്റ് ലീഗും തിരഞ്ഞെടുക്കേണ്ട അംഗങ്ങളുടെ എണ്ണം നിശ്ചയിക്കുക.

(l) മുസ്‌ലിംലീഗിന്റെ പ്രവർത്തനം ഫലപ്രദമായി നടത്താൻ ആവശ്യമാണെന്നു തോന്നുന്ന എല്ലാ നടപടികളും സ്വീകരിക്കാൻ പ്രവർത്തകസമിതിക്കധികാരമുണ്ടായിരിക്കുന്നതാണ്.

17. പ്രവർത്തകസമിതിക്ക് അതിന്റെ ഏതെങ്കിലുമൊരധികാരം ഒരു സബ് കമ്മിറ്റിക്കോ, ഏതെങ്കിലും അംഗത്തിനോ, പ്രസിഡണ്ടിനോ, ജനറൽ സെക്രട്ടറിക്കോ നിബന്ധനകൾക്കും പരിമിതികൾക്കും വിധേയമായി വിട്ടുകൊടുക്കാവുന്നതാണ്.

കേന്ദ്ര പാർലിമെണ്ടറി ബോർഡ്

18. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രവർത്തകസമിതി വർഷം തോറും നിയമിക്കുന്ന ഒരു കേന്ദ്ര മുസ്‌ലിംലീഗ് പാർലമെണ്ടറി ബോർഡ് ഉണ്ടായിരിക്കുന്നതുമാണ്.

ലീഗിന്റെ ഫണ്ടുകൾ

19. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിൽ അംഗങ്ങളിൽ നിന്നും, പ്രതിനിധികളിൽ നിന്നും ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് ഉദ്യോഗസ്ഥന്മാരിൽ നിന്നും, ലീഗിന്റെ പൊതു സമ്മേളനത്തിലെ സന്ദർശകന്മാരിൽ നിന്നും ലഭിക്കുന്ന ഫീസ്സും വരിസംഖ്യയും, 28-ാം നിയമത്തിൽ പറഞ്ഞ പ്രകാരം സ്റ്റേറ്റ് വിഹിതമെന്ന് നിലക്ക് ലഭിക്കുന്ന സംഖ്യയും പിരിക്കുന്ന എല്ലാ സംഭാവനകളും, വരിസംഖ്യയും ലീഗിന്റെ ഫണ്ടായിരിക്കുന്നതാണ്.

mappilaheritagelibrary.com

20. മുസ്‌ലിംലീഗിന്റെ ഫണ്ടുകൾ പ്രവർത്തകസമിതിയുടെ തീർപ്പനുസരിച്ചു ഏതെങ്കിലുമൊരു ബേങ്കിൽ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ പേരിൽ നിക്ഷേപിക്കേണ്ടതാണ്.

ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് ഉദ്യോഗസ്ഥന്മാരുടെ ചുമതലകളും അധികാരങ്ങളും

21. സംഘടനയുടെ പ്രധാനതലവൻ യൂനിയൻ ലീഗ് പ്രസിഡണ്ടായിരിക്കും. പ്രസിഡണ്ടെന്ന നിലക്കുള്ള എല്ലാ അധികാരങ്ങളും നടത്തേണ്ടതും, എല്ലാ ഉദ്യോഗസ്ഥന്മാരും ഭരണഘടനക്കും നിയമത്തിനും നിരക്കുമാറ് പ്രവർത്തിക്കുന്നുണ്ടോയെന്നു നോക്കേണ്ടതും അദ്ദേഹത്തിന്റെ ഉത്തരവാദിത്തമാണ്.

രോഗമോ മറ്റു വല്ല കാരണത്താലോ തന്റെ അഭാവത്തിൽ കാര്യങ്ങൾ നടത്താൻ കൗൺസിലിലെ ഒരംഗത്തെ നോമിനേറ്റ് ചെയ്യാൻ പ്രസിഡണ്ടിനു അധികാരമുണ്ടായിരിക്കുന്നതാണ്.

22. ഓണററി ജനറൽ സെക്രട്ടറി ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിൽ 17-ാം നിയമപ്രകാരം നൽകുന്ന എല്ലാ അധികാരങ്ങളും ഉപയോഗിക്കുകയും, പ്രവർത്തകസമിതി ഭരണമേല്പിക്കുന്ന മറ്റു കാര്യങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്.

23. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിൽ നൽകിയ അധികാരങ്ങളുപയോഗിച്ചുകൊണ്ടു ഓണററി ജനറൽ സെക്രട്ടറി തന്റെ ചുമതല നിർവ്വഹിക്കേണ്ടതാണ്.

24. മുസ്‌ലിംലീഗിന്റെ സ്റ്റാഫിനെ നിയമിക്കാനും, ശിക്ഷിക്കാനും, ഡിസ്മിസ് ചെയ്യാനും, ശമ്പളത്തോടുകൂടിയതോ അല്ലാത്തതോ ആയ അവധി അനുവദിക്കാനും ഓണററി ജനറൽ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും. ഈ കാര്യത്തിൽ പ്രവർത്തകസമിതി വല്ല ഉപനിയമങ്ങളുണ്ടാക്കിയിട്ടുണ്ടെങ്കിൽ, അതിനു നിരക്കുമാറായിരിക്കണം സെക്രട്ടറി പ്രവർത്തിക്കേണ്ടത്.

25. അടിയന്തര ഘട്ടങ്ങളിൽ പ്രസിഡണ്ടിനോ അദ്ദേഹത്തിന്റെ അംഗീകാരത്തോടുകൂടി ജനറൽ സെക്രട്ടറിക്കോ കൗൺസിലിനുവേണ്ടി അടിയന്തരമെന്നു തോന്നുന്ന നടപടികളെക്കാവുന്നതാണ്. അത്തരം നടപടികൾ ലീഗിന്റെ നയപരിപാടികൾക്കും ആദർശലക്ഷ്യങ്ങൾക്കും വിരുദ്ധമാവരുത്. എടുക്കപ്പെട്ട നടപടികളെ സംബന്ധിച്ചു അംഗീകാരത്തിന്നായി കൗൺസിലിനു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

26. ലീഗിന്റെ ബേങ്ക് കണക്കോ, കണക്കുകളൊ കയ്യാളാൻ ഓണററി ഖജാൻജിയേയൊ, ഓണററി ജനറൽ സിക്രട്ടറിയേയൊ, അവർ രണ്ടുപേരേയുമൊ അധികാരപ്പെടുത്താൻ കൗൺസിലിനു അധികാരമുണ്ടായിരിക്കും.

27. ഓണററി ജോയിന്റ് സിക്രട്ടറിമാർ ഓണററി ജനറൽ സിക്രട്ടറിയെ സഹായിക്കേണ്ടതും, ജനറൽ സിക്രട്ടറി ഭരമേല്പിക്കുന്ന കാര്യങ്ങൾ അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം നിർവ്വഹിക്കേണ്ടതുമാണ്.

പൊതുവ്യവസ്ഥകൾ

28. പ്രവർത്തകസമിതി തീരുമാനിക്കുന്ന വിധത്തിൽ ഓരോ സ്റ്റേറ്റ് ലീഗും രൂപവല്ക്കരിക്കപ്പെടുന്നതാണ്. അങ്ങനെ രൂപവല്ക്കരിക്കപ്പെടുകയും ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിനോട് അഫിലിയേറ്റ് ചെയ്യപ്പെടുകയും ചെയ്തു ഒരു സ്റ്റേറ്റ് ലീഗ്, സംഭാവനകളൊഴികെയുള്ള അതിന്റെ വാർഷികവരുമാനത്തിൽ പത്തു ശതമാനം എല്ലാ കൊല്ലവും ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിനു നൽകേണ്ടതാണ്.

mappilaheritagelibrary.com

29. ഓരോ ജില്ലാലീഗും, അതിന്റെ പ്രൈമറി ലീഗുകളോടൊപ്പം ബന്ധപ്പെട്ട സ്റ്റേറ്റ് ലീഗിനോട് അഫിലിയേറ്റു ചെയ്യപ്പെട്ടു കഴിഞ്ഞാൽ യൂനിയൻ ലീഗിനോടും അഫിലിയേറ്റ് ചെയ്യപ്പെട്ട നിലയിൽ ഗണിക്കപ്പെടുന്നതാണ്.

30. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിനോട് ബന്ധപ്പെട്ട ഒരു സ്റ്റേറ്റ്‌ലീഗ് സ്റ്റേറ്റിലെ ഭൂരിപക്ഷം ജില്ലകളിലും ജില്ലാ ലീഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടെന്നു യൂനിയൻ ലീഗു പ്രവർത്തകസമിതിക്കോ, കൗൺസിലിനോ ബോദ്ധ്യം വന്നിട്ടുണ്ടെങ്കിൽ ആ സ്റ്റേറ്റ് ലീഗിന്റെ അഫിലിയേഷൻ റദ്ദാക്കാൻ കൗൺസിലിനോ, പ്രവർത്തകസമിതിക്കോ അധികാരമുണ്ടായിരിക്കും.

31. ലീഗിന്റെ പൊതുസമ്മേളനത്തിലേക്കു പ്രതിനിധികളെ തിരഞ്ഞെടുക്കാൻ എല്ലാ സ്റ്റേറ്റ്‌ലീഗിനും അവകാശമുണ്ടായിരിക്കും. അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ എണ്ണം സ്റ്റേറ്റിൽ നിന്നു യൂനിയൻ ലീഗ് കൗൺസിലേക്കുള്ള അംഗങ്ങളുടെ മൂന്നിരട്ടിയിലധികമാവാൻ പാടുള്ളതല്ല. സ്റ്റേറ്റ്‌ലീഗിനു അനുവദിച്ച എണ്ണം അതിനോടു ബന്ധപ്പെട്ട ജില്ലാ ലീഗുകൾക്കിടയിൽ വിഭജിക്കേണ്ടതാണ്.

32. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെയും കൗൺസിലിന്റെയും പ്രവർത്തകസമിതിയുടെയും ഏതെങ്കിലും സബ് കമ്മിറ്റിയുടെയും യോഗങ്ങളിൽ ചർച്ചക്കു വരുന്ന എല്ലാ പ്രശ്നങ്ങളും ഭൂരിപക്ഷവോട്ടനുസരിച്ചായിരിക്കണം തീരുമാനിക്കേണ്ടത്.

33. കൗൺസിൽ അംഗങ്ങളിലും ഉദ്യോഗസ്ഥന്മാരിലും ഉണ്ടാവുന്ന ഒഴിവുകൾ കൗൺസിൽ നികത്തുന്നതാണ്.

34. മുസ്‌ലിംലീഗിന്റെ ആദർശലക്ഷ്യങ്ങളുമായും പ്രവർത്തനപരിപാടിയുമായും മുഴുവനുമായോ, ഏകദേശമോ പൊരുത്തമുള്ള സംഘടനയുമായി സഖ്യത്തിലേർപ്പെടാനോ, സഹകരിക്കാനോ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിലിനു അധികാരമുണ്ടായിരിക്കും.

35. മുസ്‌ലിംലീഗുമായി ആദർശപ്പൊരുത്തമുള്ള മറ്റേതെങ്കിലും കക്ഷിയുമായി സഖ്യത്തിലേർപ്പെടാനോ, സഹകരിക്കാനോ ഒരു സ്റ്റേറ്റ്‌ലീഗിനു അധികാരമുണ്ടായിരിക്കും. പക്ഷെ അത്തരമൊരു മാർഗ്ഗം സ്വീകരിക്കുന്നതിനു മുമ്പു ഇന്ത്യൻ യൂനിയൻ ലീഗു പ്രവർത്തകസമിതിയുടെ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങേണ്ടതാണ്.

36. ഇന്ത്യൻയൂനിയൻ മുസ്‌ലിംലീഗിന്റെ ഭരണഘടനയും നിയമങ്ങളും മാറ്റാനോ, കൂട്ടിച്ചേർക്കാനോ, കുറക്കാനോ, റദ്ദാക്കാനോ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിലിനു അധികാരമുണ്ടായിരിക്കും. അത്തരമൊരു നടപടി സ്വീകരിക്കുന്നതിനു കൗൺസിൽ യോഗത്തിൽ പങ്കെടുത്ത അംഗങ്ങളിൽ മൂന്നിൽ രണ്ടുഭാഗത്തിന്റെ ഭൂരിപക്ഷം ലഭിക്കേണ്ടതാണ്.

37. കഴിഞ്ഞ മെമ്പർഷിപ്പ് പ്രവർത്തനം നടത്തിയപ്പോഴോ, അതിനുശേഷമോ, പ്രാഥമിക മുസ്‌ലിംലീഗിൽ അംഗങ്ങളായിട്ടുള്ളവർ, ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രവർത്തകസമിതിയും കൗൺസിലും നിശ്ചയിക്കുന്ന തിയ്യതികൾ വരെ അംഗങ്ങളായി തുടരുന്നതാണ്. സ്റ്റേറ്റ്-ജില്ലാ-പ്രാഥമിക ലീഗു കമ്മിറ്റികൾ മേൽപറഞ്ഞ നിയമമനുസരിച്ചു ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രവർത്തകസമിതി നിശ്ചയിക്കുന്ന പരിപാടികളനുസരിച്ചു തിരഞ്ഞെടുപ്പുകൾ നടക്കുന്നതുവരെ നിലവിലിരിക്കുന്നതായി ഗണിക്കപ്പെടുന്നതുമാണ്. ഇതിനു ശേഷം പ്രാഥമിക ലീഗിൽ അംഗമായി ചേരാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും മേൽപറഞ്ഞ നിയമപ്രകാരം ചേരാവുന്നതാണ്.

mappilaheritagelibrary.com

മേൽപറഞ്ഞതും നിലവിലുള്ളതുമായ നിയമങ്ങളനുസരിച്ചു പുതിയ പ്രാഥമിക ലീഗുകൾ രൂപവൽകരിക്കാവുന്നതുമാണ്.

എം.മുഹമ്മദ് ഇസ്മായിൽ
പ്രസിഡണ്ട്, ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ്

മദിരാശി
1951

mappilaheritagelibrary.com

1952 ൽ മദിരാശി നിയമസഭയിലേക്കു നടന്ന തെര ഞ്ഞെടുപ്പിൽ മലബാറിലെ അഞ്ചു സീറ്റുകൾ മുസ്‌ലിം ലീഗിനു ലഭിച്ചു. കെ.എം.സീതിസാഹിബ് (മലപ്പുറം ജന റൽ) എം.ചടയൻ (മലപ്പുറം സംവരണം) കോട്ടാൽ ഉപ്പി സാഹിബ് (തിരൂർ) കെ.കെ.മുഹമ്മദ് ശാഫി (പെരിന്തൽമ ണ്ണ) ചാക്കിരി അഹമ്മദ്കുട്ടി (കോട്ടക്കൽ) എന്നിവരായി രുന്നു വിജയിച്ചത്. ഈ അഞ്ചു എം.എൽ.എമാരും രാജാജി മന്ത്രിസഭയ്ക്കു നിരുപാധിക പിന്തുണ നൽകി. കമ്മ്യൂ ണിസ്റ്റ് നേതൃത്വത്തിൽ മുന്നണി മന്ത്രിസഭ വരുന്നതിനെ തടഞ്ഞ ഈ നടപടി കമ്മ്യൂണിസ്റ്റ് പാർട്ടിയെ ലീഗിനെതിരെ കടുത്ത നിലപാടെടുക്കാൻ പ്രേരിപ്പിച്ചു.

1954 ലെ ഡിസ്ട്രിക് ബോർഡ് ഇലക്ഷൻ വേളയിൽ കമ്മ്യൂ ണിസ്റ്റ് നേതാവ് കെ.ദാമോദരൻ എഴുതിയ ഒരു ലഘുലേ ഖക്കെതിരെ കെ.എസ്.മുഹമ്മദ് എഴുതിയ ഖണ്ഡനമാണ് അടുത്ത പേജുകളിൽ. കെ.എം.സീതി സാഹിബിന്റെ പുത്ര നായ കെ.എസ്.മുഹമ്മദ് പിന്നീട് സർക്കാർ സർവീസിൽ പ്രവേശിച്ചു. പബ്ലിക് റിലേഷൻസ് വകുപ്പ് ഓഫീസറായി രിക്കേ 1969 ൽ അന്തരിച്ചു.

54 ലെ ഡിസ്ട്രിക്റ്റ് ബോർഡ് തെരഞ്ഞെടുപ്പിലും മുസ്‌ലിംലീഗ് ജനസ്വാധീനം തെളിയിച്ചു. കൊടുവള്ളി – വ ി .
ഇമ്പിച്ചിക്കോയ തങ്ങൾ, കൊണ്ടോട്ടി – കെ.മുഹമ്മദ് കുട്ടി ഹാജി, മഞ്ചേരി – വി.മോയിൻ, കോട്ടക്കൽ – കെ.ചേക്കുട്ടി, തിരൂരങ്ങാടി – കെ.അവുക്കാദർകുട്ടി നഹ, പെരിന്തൽമണ്ണ– പി.ടി.സെയ്ത്, മങ്കട– മുസ്തഫ പൂക്കോയ തങ്ങൾ, തിരൂർ– കെ.മൊയ്തീൻകുട്ടി എന്ന ബാവഹാജി എന്നിവരാണ് തെര ഞ്ഞെടുക്കപ്പെട്ടത്.

5

കമ്യൂണിസ്റ്റുകളുടെ കുട്ടിക്കരണം

കെ.എസ്.മുഹമ്മദ്, ബി.എ

മാർക്സിസ്റ്റ് സാഹിത്യത്തിനു മുതൽ കൂട്ടുവാൻ മറ്റൊരു "ജനകീയ" കൃതികൂടി പുറത്തിറങ്ങിക്കഴിഞ്ഞു. സഖാവ് കെ.ദാമോദരൻ എഴുതിയതും ഒന്നാംപതിപ്പായി 4000 കോപ്പികൾ അച്ചടിച്ചിട്ടുള്ളതും ഒറ്റപ്രതിക്കു 2 അണ വിലയിട്ടതും പതിവുപോലെ പ്രഭാത് ബുക്ക് ഹൗസിന്റെ മൂലധനക്കയറ്റത്തെ ച്ചൊല്ലി പ്രസിദ്ധീകരിച്ചതുമാണ് പ്രസ്തുത കൃതി. "മലബാർ മുസ്‌ലിംലീഗിന്റെ കുട്ടിക്കരണ"മെന്നാണ് കൃതിയുടെ പേർ. സഖാവ് ദാമോദരനെ ഇത്തരമൊരു കൃതി ചമയ്ക്കാൻ പ്രേരപ്പിച്ചതു ഒരുപക്ഷെ ഇതായിരിക്കാം– "തിരഞ്ഞെടുപ്പടു ത്തപ്പോൾ (മലബാർ ഡിസ്ക്രിട് ബോർഡ് തിരഞ്ഞെടുപ്പെന്നു വിവക്ഷ) കോൺഗ്രസ്സ് നേതാക്കന്മാരെപ്പോലെ തന്നെ ലീഗുനേതാക്കന്മാരും ബേജാറായി

mappilaheritagelibrary.com

സ്വന്തം ചെയ്തികളെപ്പറ്റി ജനങ്ങളോടു കണക്കു പറയേണ്ട ഒരു ഘട്ടമാണ് വന്നിരിക്കുന്നത്. അവർക്കാണെങ്കിൽ കമ്യൂണിസ്റ്റ് വിരോധമല്ലാതെ മറ്റൊന്നും പറയാനുമില്ല." (പേജ് 13, രണ്ടാംഖണ്ഡിക) ഏതേതു ചെയ്തികൾ മൂലമാണ് ജനങ്ങളോടു കണക്കു പറയാൻ ലീഗുകാർ നിർബ്ബന്ധിതരായിരിക്കുന്നതെന്ന് പ്രതിപാദിക്കുകയാവാം മി.ദാമോദരന്റെ ഉദ്ദേശ്യം. സാധാരണഗതിയിൽ യുക്തിയും ബുദ്ധിയുമുണ്ടെന്നവകാശപ്പെടുന്ന മനുഷ്യർ സംഗതികൾ വീക്ഷിക്കുക വസ്തുനിഷ്ഠമായി (objective) ട്ടായിരിക്കും. അതായത് കുറെയേറെ സ്ഥിതിവിവരക്കണക്കുകളും സംഭവപരമ്പരകളും അതേപടി പ്രതിപാദിച്ചിട്ട് കാര്യകാരണപൂർവ്വം സ്വന്തം നിഗമനങ്ങളിലെത്തിച്ചേരുകയെന്നതാണ് മനുഷ്യസ്വഭാവം. എന്നാൽ മി: ദാമോദരനുൾക്കൊള്ളുന്ന കമ്യൂണിസ്റ്റ് പാർട്ടിക്ക് തങ്ങളുടെ തത്വസംഹിതയിൽ വിശ്വാസമുള്ളവരെന്നും അല്ലാത്തവരെന്നുമുള്ള രണ്ടു ചേരികൾ ആദിയിൽതന്നെ സൃഷ്ടിച്ചതിനു ശേഷമേ ഏതു കാര്യവും ചിന്തിക്കാനും എഴുതാനും പറയാനും നിവൃത്തിയുള്ളു. അഥവാ ആ അളവിലേ അവർക്കു മുന്നോട്ടുപോകുവാൻ സ്വാതന്ത്ര്യമുള്ളു. ആശയവിനിമയത്തിലുള്ള പാരതന്ത്ര്യം ഇത്രയേറെ മൂർച്ചിച്ച ഒരു സാമൂഹ്യവിഭാഗം നമുക്കു കണികാണ്മാൻ കഴിഞ്ഞെന്നു വരികയില്ല. ഞാനിത്രയും പറഞ്ഞതിന്റെ പൊരുളിതാണ്. "മലബാർ മുസ്‌ലിംലീഗിന്റെ കുട്ടിക്കരണം" എഴുതിയ കൈകൾക്കും അതിനു പ്രചോദനം നൽകിയ ചിന്താഗതിക്കുമുള്ള പരിമിതി ചിയാങ്ങ് കൈഷേക്കിനേയും ടിറ്റോവിനേയും സിംഗ്മാൻറീയേയും ആംഗ്ലോ അമേരിക്കൻ സാമ്രാജ്യവാദത്തേയും കൈകാര്യം ചെയ്യുന്നതിലുള്ള അതേ പരിമിതി തന്നെയാണ്. സങ്കുചിതമായ പ്രമാണസൂത്രങ്ങളുടേയും അവ പ്രകാശിപ്പിക്കുന്നതിനു അഭേദമായി ഉപയോഗിക്കേണ്ട ചില പദാവലികളുടേയും മുള്ളുവേലിയ്ക്കകത്ത് നിന്നു ഓരോ കാര്യങ്ങൾ നോക്കിക്കാണേണ്ടി വരുന്ന മി: ദാമോദരൻ സഹതാപമാണ് കൂടുതൽ അർഹിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ കൃതിയിലുള്ള പരസ്പരവൈരുദ്ധ്യങ്ങൾ ബഹുജനശ്രദ്ധയിൽ പെടുത്താതിരിക്കുവാൻ നിവൃത്തിയില്ലെന്നു പറയേണ്ടിയിരിക്കുന്നു.

കെ.ദാമോദരൻ തന്റെ കൃതി തുടങ്ങുകയാണ്:- ''മലബാറിലെ മുസ്‌ലിംലീഗ് വല്ലാത്തൊരു വിഷമസ്ഥിതിയിൽ പെട്ടിരിക്കുന്നു. അവരുടെ ഹൃദയവും തലച്ചോറും കോൺഗ്രസ്സിന്റെ തൊപ്പിയിലാണ്. കൈയും കാലും കോൺഗ്രസ്സിന്റെ കല്പനകളെ അനുസരിക്കുന്നു. പക്ഷെ, നാവും തൂവലും കോൺഗ്രസ്സിനെ എതിർക്കുന്നു," ഞാൻ നേരത്തേ സൂചിപ്പിച്ച ആശയപാരതന്ത്ര്യത്തിൽ പെട്ടുഴലുന്ന ഒരു വ്യക്തിക്കു പറയാതിരിക്കുവാൻ കഴിയാത്ത വാക്കുകൾ തന്നെ. "വിഷമസ്ഥിതി" ലീഗിനുമാത്രം വന്നുപെട്ടതാണോ? ഒരിക്കലുമല്ല. രാഷ്ട്രീയമീമാംസയുടെ സൂചിമുനയേല്ക്കാതെ കേവലം മനുഷ്യരായി മാത്രം ഗണിക്കാവുന്ന മലബാറിലെ ബഹുഭൂരിപക്ഷം മനുഷ്യർക്കു ഓരോ തിരഞ്ഞെടുപ്പു കാലത്തും എതിരിടേണ്ട ഒരുവൻ "വിഷമസ്ഥിതി" യാണല്ലൊ "ഐക്യമുന്നണി സ്ഥിതിവിശേഷം." ആ നിലക്കു മുസ്‌ലിംലീഗ് "വല്ലാത്തൊരു വിഷമസ്ഥിതിയിൽ പെട്ടു" വെന്നു ആ കക്ഷി എറ്റുപറയാതെ തന്നെ സഖാവ് ദാമോദരൻ വെളിവാക്കിയത് മലബാറിലെ ബഹുഭൂരിപക്ഷം ജനങ്ങൾ കാര്യമായെടുക്കേണ്ടതാണ്. കമ്യൂണിസം, ഐക്യമുന്നണി, ബഹുജനമുന്നേറ്റം തുടങ്ങിയ മായികാസ്വപ്നങ്ങളിൽ നിന്നു മുസ്ലിം ബഹുജനങ്ങളിലൊരു വിഭാഗത്തെ യാഥാർത്ഥ്യത്തിലേക്കു കരേറ്റുന്നതു വരെ മുസ്‌ലിംലീഗിന്റെ "വിഷമസ്ഥിതി" മാറുവാൻ പോകുന്നില്ല. എനി ഹൃദയം, തലച്ചോറു, തൊപ്പി, കൈ, കാൽ, നാവ്, തൂവൽ തുടങ്ങിയ ഉപമാനോപമേയങ്ങളിലേക്കൊന്നു കടന്നു നോക്കുക. ഹാ!

mappilaheritagelibrary.com

എന്തൊരു ചേതോഹരവും മധുരകാവ്യസദൃശവുമായ വാചകം. വീണ്ടുമോർത്തു നോക്കൂ. വല്ല പ്രത്യേകതയും ആ വാചകത്തിനു നിങ്ങൾ കാണുന്നുണ്ടോ? നിശ്ചയമായും നിങ്ങൾക്കു കാണാതിരിക്കാൻ നിവൃത്തിയില്ല. അപ്രതിഹതമായ ഒരു ആത്മവിലാപത്തിന്റെ ലോലലോലമായ അലയടികൾ നിങ്ങളതിൽ കേൾക്കുന്നില്ലേ? അല്ലെങ്കിൽ വ്യംഗ്യപ്രധാനമായ ആ വാചകമൊന്നു തിരുത്തി വായിച്ചു നോക്കൂ:- "അവരുടെ ഹൃദയവും തലച്ചോറും സഖാവ് മലങ്കോവിന്റെ റഷ്യൻസാമ്രാജ്യത്തത്തൊപ്പിയിലാണ്. കൈയും കാലും സഖാവ് മലങ്കോവിന്റെ റഷ്യൻസാമ്രാജ്യത്വത്തെ അനുസരിക്കുന്നു. പക്ഷെ നാവും തൂവലും റഷ്യൻ സാമ്രാജ്യത്വമൊഴിച്ചുള്ള എല്ലാ സാമ്രാജ്യത്വങ്ങളേയും എതിർക്കുന്നു" ഇവിടെ മറ്റൊരു കാര്യം സൂക്ഷിച്ചുവോ? കമ്യൂണിസ്റ്റു ചിന്താഗതിയിൽ കൂടി തന്നെ സൂക്ഷിച്ചാൽ മതി. ആന്തരമായി കോൺഗ്രസ്സിന്റെ ദൃഷ്യവശങ്ങളെ ലീഗുകാർ പുറത്തു കാണിക്കുന്നുവെന്നുവരെ പരോക്ഷമായിട്ടെങ്കിലും മി.ദാമോദരൻ സമ്മതിക്കുന്നുണ്ട്. ആന്തരമായ ആരാധന ഉണ്ടായിരുന്നോ ഉണ്ടോ എന്നു നിർണ്ണയിക്കാനുള്ള അവകാശം മി: ദാമോദരൻ എനി പൊതുജനങ്ങൾക്കു വിട്ടുകൊടുത്താൽ മതിയല്ലോ. "നമ്മുടെ യുദ്ധം ജനകീയയുദ്ധം" എന്നു പറഞ്ഞു നടക്കുന്ന ചിന്താഗതിക്കാരുടെ തൊലിക്കട്ടിക്കല്ലാതെ ഇത്തരം ഇരുതലമൂരിത്തം ഒരു ജീവിതചര്യയായി ഭേസി നടക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. ബാഹ്യമായി മനുഷ്യൻ വിമർശിക്കുന്നതേതും എണ്ണത്തിലും വണ്ണത്തിലും എറുമ്പോഴും നിരന്തരമാകുമ്പോഴും അതുതന്നെയായിരിക്കും ആന്തരചിന്താഗതിയെന്നു വിശ്വസിക്കാനേ സാധാരണ മനുഷ്യർക്കു സാദ്ധ്യമാകയുള്ളു. ഇതേസമയം ആന്തരമായും ബാഹ്യമായും റഷ്യൻസാമ്രാജ്യത്വത്തെ ജനകീയത്തിന്റെ പച്ചവില്ലീസണിയിച്ചു പൂജിക്കുന്ന കെ.ദാമോദരന്റെയും സഹയാതനക്കാരുടേയും "വിഷമസ്ഥിതികൾ" വർണ്ണിക്കുവാൻ മഹാഗ്രന്ഥങ്ങളും മഹാകാവ്യങ്ങളും നിർമ്മിക്കേണ്ടിവരും. എന്നാൽ അത്രയേറെ സാഹസസംരംഭങ്ങൾ കൂടാതെ തന്നെ കമ്യൂണിസമാകുന്ന കായംകുളംവാളിന്റെ തനിനിറം നാട്ടുകാർക്കു ഇതിനകം മനസ്സിലായിട്ടുണ്ട്.

"മുസ്‌ലിംലീഗിന്" മുസ്ലിം പ്രാതിനിദ്ധ്യമില്ലെന്നു സമർത്ഥിക്കുകയാണ് ദാമോദരന്റെ അടുത്ത ഉന്നം. "കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗു മത്സരിച്ച 8 നിയോജകമണ്ഡലങ്ങളിൽ ആകെ പോൾ ചെയ്ത വോട്ടിന്റെ 26 ശതമാനം മാത്രമെ ലീഗിനു കിട്ടിയുള്ളു. പക്ഷെ അതൊന്നും "ചന്ദ്രിക" യുടെ ഭാഷയിൽ "ഈ ജില്ലയിലെ മൂന്നിലൊരു ഭാഗം വരുന്ന മുസ്‌ലിംകളുടെ അനിഷേധ്യ സംഘടനയായ മുസ്‌ലിംലീഗ് അംഗീകരിക്കുകയില്ല." മി: ദാമോദരന്റെ സൗകര്യ പൂർവ്വമുള്ള കണക്കുകൾ കൊണ്ടു തന്നെ "മൂന്നിലൊരു ഭാഗം മുസ്‌ലിംകളുടെ പ്രാതിനിദ്ധ്യം" ലീഗിന്നുണ്ടെന്നു തെളിയുന്നുവല്ലോ. "ആകെ പോൾ ചെയ്ത വോട്ടിന്റെ 26 ശതമാന" മെന്നാണ് പറയുന്നത്. "ആകെ പോൾ ചെയ്ത മുസ്ലിംവോട്ടിന്റെ 26 ശതമാന" മെന്നല്ല കണക്കിന്റെ പോക്ക് അപ്പോൾ വിവിധജാതിമതസ്ഥർ പോൾ ചെയ്ത ആകെ വോട്ടുകളുടെ 26 ശതമാനം കിട്ടിയ ലീഗിനു പിന്നെ മുസ്‌ലിംകളുടെ മൂന്നിലൊന്നു പ്രാതിനിദ്ധ്യം കിട്ടുന്നതിന്നാവശ്യമായ 7.33 ശതമാനം വോട്ടുകൾക്കു വേറെയെങ്ങും പോകേണ്ടതില്ലല്ലോ. അമുസ്ലിംകളുടെ വോട്ടുകളും മുസ്‌ലിംകളുടെ വോട്ടുകളും തമ്മിലുള്ള അന്തരം കണക്കാക്കി മുസ്‌ലിംവോട്ടുകളുടെ എത്ര ശതമാനം ലീഗിനു കിട്ടിയെന്നു നോക്കുന്ന പക്ഷം മി: ദാമോദരൻ ഭയങ്കര പരിഹാസത്തിന്നിരയായ "മൂന്നിലൊന്നു പ്രാതിനിദ്ധ്യം" ഒരു പക്ഷെ "മൂന്നിൽ രണ്ടു പ്രാതിനിദ്ധ്യ" മായി കലാശിച്ചേക്കാം. മി: ദാമോദരന്റെ ഒരു സമ്പൂർണ്ണ പ്രതിഭാശാലിയായി (versatile genuis) ഗണിക്ക

mappilaheritagelibrary.com

പ്പെടുന്ന അങ്ങയുടെ കണക്കുകളുടേയും അഭിപ്രായങ്ങളുടേയും അപ്രമാദിത്വവും അപൗരുഷേയത്വവും ഇങ്ങിനെ അർത്ഥശൂന്യമായി വന്നുകൂടിയാലോ? നമുക്കു ഭാവിയിലും ലീഗല്ലെങ്കിൽ മറ്റെന്തെങ്കിലും കാര്യങ്ങൾക്കെതിരെ കുരിശുദ്ധം നടത്തേണ്ടതല്ലെ? അങ്ങ് എനിയെങ്കിലും കണക്കുകൾ ഉദ്ധരിക്കുന്നതിൽ ബഹുഭൂരിപക്ഷം മനുഷ്യരോടു നീതി കാണിക്കുകയില്ലേ? അല്ലെങ്കിൽ പിന്നെ നമുക്കു കണക്കുകളുടെ കണിശത്തിന്റെ പേരിൽ പ്രതിപക്ഷഭർത്സനം നടത്താതെ പൊതുവിലെന്തെങ്കിലുമങ്ങു അവ്യക്തമായി തട്ടിവിടുകയായിരിക്കും കാലോചിതം.

മി: ദാമോദരന്റെ കൃതിക്കു പല ഉപശീർഷകങ്ങളും കല്പിച്ചു കാണുന്നുണ്ട്. ന്യൂനപക്ഷസംരക്ഷണം, അധികാരികളുടെ ഭാഗത്ത് ലീഗിന്റെ മനസ്സാക്ഷി, ഇന്ത്യയിലെ സ്ഥിതി, നബിയുടെ ഹദീസ്, കോൺഗ്രസ്സിന്റെ സ്തുതിഗീതം, ആഗ്രഹം സഫലമായില്ല തുടങ്ങിയ ശീർഷകങ്ങളാണവ. ഈ ഓരോ ശീർഷകവും മുസ്‌ലിംലീഗിന്റെ പിന്തിരിപ്പൻ സ്വഭാവം കേന്ദ്രീകരിച്ചിട്ടുള്ള മർമ്മപ്രധാനവാക്യങ്ങളായിട്ടാവാം ലേഖകൻ വിവക്ഷിക്കുന്നത്.

ന്യൂനപക്ഷസംരക്ഷണത്തിനുവേണ്ടി വാദിക്കുന്നുവെന്നു പറയാൻ ലീഗിനു അർഹതയില്ലെന്നാണ് ദാമോദരന്റെ വാദം. കാരണം "ഒരു പിടി മർദ്ദകവർഗ്ഗക്കാരുടെ സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ടി എല്ലാ ന്യൂനപക്ഷസമുദായങ്ങളിലുമുള്ള ഭൂരിപക്ഷക്കാരായ ജനങ്ങളെ ഇടിച്ചമർത്തുകയും പട്ടിണിക്കിട്ടു കൊല്ലുകയും ചെയ്യുക" (പേജ് 3, ഒന്നാം ഖണ്ഡിക) എന്ന കോൺഗ്രസ്സിന്റെ പരിപാടിയെ ലീഗ് അനുകൂലിക്കുന്നുവെന്നാണ് മി: ദാമോദരൻ സിദ്ധാന്തിക്കുന്നത്. സാമ്പത്തികാസമത്വങ്ങൾ മാത്രമേ ലോകത്തു നടക്കുന്നുള്ളുവെന്നു സങ്കല്പിക്കുകയും അവയില്ലെന്നു സ്വയം തോന്നുന്നിടങ്ങളിൽ ആ അസമത്വങ്ങൾ കൂടുതൽ മാരകമായ തരത്തിൽ അഴിച്ചുവിട്ടു തങ്ങളുടെ കക്ഷിക്കു മുതൽകൂട്ടുകയും ചെയ്യുന്ന കമ്യൂണിസ്റ്റുകൾക്കു പറയാൻ കഴിയുമോ തങ്ങൾ ന്യൂനപക്ഷസംരക്ഷകരാണെന്ന്. വാസ്തവത്തിൽ ദാമോദരനും അദ്ദേഹത്തിന്റെ കക്ഷിക്കും ആ വക കാര്യങ്ങൾ ആലോചിക്കുവാൻ നേരമില്ല. മഹാകവി കുമാരനാശാന്റെ ആ പ്രസിദ്ധ പദ്യശകലമൊന്നനുകരിച്ചു പറഞ്ഞാൽ,

"സാമ്പത്തികാസമത്വം തന്നെയമൃതം
സാമ്പത്തികാസമത്വം തന്നെ ജീവിതം
ഇതരാസമത്വങ്ങൾ കമ്യൂണിസ്റ്റുകൾക്കു
മൃതിയേക്കാൾ ഭയാനകം" എന്നേ അക്കാര്യത്തെപ്പറ്റി കരുതാനുള്ളു. പരശ്ശതം സാമൂഹ്യാവശതകളുടെ തീച്ചൂളയിൽ പെട്ടു നട്ടം തിരിഞ്ഞിരുന്ന വയലാറിലേയും പുന്നപ്രയിലേയും ബഹുഭൂരിപക്ഷം മനുഷ്യർ സഞ്ജയന്റെ ഭാഷയിൽ "ഉത്തമാംഗം മനുഷ്യനു വയറെന്നു ശഠിക്കുവോ" രായ സഖാക്കളുടെ സമരകാഹളം കേട്ടു സർ സി.പി.യുടെ വെടിയുണ്ടകൾക്കിരയായ കഥ ബി.സി.യിൽ നടന്നതല്ലല്ലോ. സമാധാനപ്രിയരുടേയും നിരക്ഷരകുക്ഷികളുടേയും നെറുകയിൽ നൃത്തം ചവിട്ടി അവസാനം അക്കൂട്ടരെ അവരുടെ നാശത്തിലേക്കു വഴിതെളിയിച്ചു അന്തർദ്ധാനം ചെയ്യുന്ന അടവുകാർക്കു ന്യൂനപക്ഷ സംരക്ഷണത്തെപ്പറ്റി ശബ്ദിക്കുവാൻ അധികാരമില്ല; പ്രസ്തുത സംരക്ഷണത്തിനു വേണ്ടി വാദിക്കുന്നവരുടെ ആദർശശുദ്ധിയെ ചോദ്യം ചെയ്യാൻ അവകാശമില്ല. സഖാക്കളുടെ "ബഹുജനസംരക്ഷണത്തി"ന്റെ ഹതവിധി വയലാർ സമരം തൊട്ടു ട്രാൻസ്പോർട്ട് സമരം വരെയുള്ള ശോകമയമായ ചരിത്രങ്ങളിലേക്കു കണ്ണോടിച്ചാൽ മനസ്സിലാകും. ഓരോരൊ ഘട്ടങ്ങളിലും അമരമില്ലാത്ത സമരം നടത്തുകയല്ലാതെ തൊഴിലാളികൾക്കു ഒരിഞ്ചെങ്കിലും ആനുകൂല്യം നേടുവാൻ

mappilaheritagelibrary.com

ഇക്കൂട്ടർക്കു കഴിഞ്ഞിട്ടുണ്ടോ? ഒരിക്കലുമില്ല. പ്രത്യുത പാർട്ടിയുടെ നിലയും വിലയും കുറെക്കൂടി സ്ഥൂലമാക്കാൻ ആ വകയൊക്കെ അവർക്കുപകരിച്ചിട്ടുണ്ട്. മുസ്‌ലിംലീഗ് ന്യൂനപക്ഷ സംരക്ഷണത്തിനു വേണ്ടി എക്കാലവും പോരാടിയിട്ടുണ്ട്, പോരാടുന്നുമുണ്ട്. "ഒരു പിടി മർദ്ദകവർഗ്ഗക്കാരുടെ സ്ഥാപിതതാല്പര്യങ്ങൾക്കുവേണ്ടി നിലക്കൊള്ളുന്ന മുസ്‌ലിംലീഗു" കാർ മറ്റൊരു ന്യൂന പക്ഷ സമുദായാംഗമായ മാന്യനെ തങ്ങളുടെ സ്ഥാനാർത്ഥിയേക്കാൾ കൂടുതൽ വോട്ടുകൾ നൽകി അസംബ്ലിയിലേക്കയച്ച വീരചരിത്രത്തിന്റെ വാലിൽ തൂങ്ങുവാനുള്ള പാരമ്പര്യമുണ്ടോ, ഹേ, മി: ദാമോദരൻ, നിങ്ങളുടെ "ബഹുജന ജിഹ്വ"യായ കമ്യൂണിസ്റ്റ് പാർട്ടിക്ക്? വാലു കളഞ്ഞ നായരാദി സവർണ്ണരും നെടുനീളൻവാലുകളയാത്ത നമ്പുരാരുകളും മുന്നണിയിലും നാമെല്ലാം ഒന്നെന്ന തട്ടിപ്പിന്റെ പേരിൽ മറ്റുള്ളവരൊക്കെ പിന്നണിയിലും സ്ഥിതിചെയ്യുന്ന കമ്യൂണിസ്റ്റ് പാർട്ടിയിലെ ഒരംഗം ലീഗുകാരെ "അമേരിക്കൻ സാമ്രാജ്യവാദികളുടെ എച്ചിൽ പട്ടികളായും" (പേജ് 9, അവസാന ഖണ്ഡിക) ന്യൂനപക്ഷസമുദായങ്ങളെ മർദ്ദിക്കുന്നവരായും ചിത്രീകരിക്കുന്നുവെങ്കിൽ സംസ്കാരഭേദമെന്നല്ലാതെ എന്തു പറയാനാണ്, മി: ദാമോദരൻ. "അവനന്റെ കണ്ണിലിരിക്കുന്ന കോൽ ആദ്യമെടുത്തിട്ടു സഹോദരന്റെ കണ്ണിലെ കരടെടുക്കുക" എന്ന ബൈബിൾ വാക്യം അങ്ങയെ അനുസ്മരിപ്പിക്കാനേ തല്ക്കാലം നിവൃത്തിയുള്ളു ന്യൂനപക്ഷസംരക്ഷണത്തിനു വേണ്ടി വാദിക്കുവാൻ മുസ്‌ലിംലീഗുകാർ മുൻകയ്യെടുത്തതിന്റെ വെളിച്ചത്തിലാണ് ഇതര ന്യൂനപക്ഷകക്ഷികളുടെ നേതാക്കളായ ഡോക്ടർ അംബേദ്ക്കർ, മി: രാജ്ഭോജ്, ഡോക്ടർ സി.ആർ.റെഡ്ഡി തുടങ്ങിയവർക്കു തങ്ങളുടെ അവകാശങ്ങൾ സവർണ്ണരോടു ചോദിച്ചുമേടിക്കാൻ പില്ക്കാലത്ത് ആത്മസ്ഥൈര്യമുണ്ടായതെന്ന പരമാർത്ഥം ചരിത്രത്തിൽ മായാതെ കിടക്കുന്നുണ്ട്. എന്തിനേറെ ഒരു ജഗജീവൻ റാമിനെ കോൺഗ്രസ്സുകാർ കേന്ദ്രമന്ത്രി സഭയിലേക്കെടുത്തത് മഹാത്മാഗാന്ധിയുടെ ഹരിജനനോദ്ധാരണസംരംഭത്തെ മാനിച്ചു കൊണ്ടല്ല, പ്രത്യുത മുസ്‌ലിംലീഗിനു ന്യൂന പക്ഷസംഘടനകളെ സംബന്ധിച്ചു കൈവന്ന പ്രാതിനിദ്ധ്യസ്വഭാവത്തെ ചോദ്യം ചെയ്യുന്നതിനുമാത്രമായിരുന്നുവെന്ന് ഇന്നാട്ടിലെ ആദ്യകാല സംഭവ പരമ്പരകൾ സ്മരിക്കുന്നവർക്ക് വ്യക്തമാകുന്നതാണ്.

അധികാരികളുടെ ഭാഗത്ത്, ലീഗിന്റെ മനസ്സാക്ഷി (പേജുകൾ 5 മുതൽ 16 വരെ), കോൺഗ്രസ്സിന്റെ സ്തുതിഗീതം, ആഗ്രഹം സഫലമായില്ല (പേജുകൾ 12 മുതൽ 16 വരെ) എന്നീ ഉപശീർഷകങ്ങൾക്കടിയിലുള്ള വാദഗതികൾക്ക് വെവ്വേറെ മറുപടി പറയേണ്ടതില്ല. കാരണം, ആ വാദഗതികളൊക്കെ ഒളിഞ്ഞു കിടക്കുന്ന നീരോട്ടം ഒരേ ഒരു അനുമാനം മാത്രമാണ്. അവക്കു ഒന്നിച്ചേ മറുപടി പറയേണ്ടതുള്ളു. ചർവ്വിത ചർവ്വണത്തിന്റെ കെട്ടുകുറ്റിയിൽ പറ്റിപ്പിടിച്ചു കിടക്കാറുള്ള കമ്യൂണിസ്റ്റടവുകളായിട്ടേ അവയെ ഗണിക്കേണ്ടതുള്ളു. രാജാജി പോയപ്പോൾ കാമരാജനാഡാരെ പിന്താങ്ങി, നാഡാർ വരുന്നത് വരെ രാജാജിയെ പിന്താങ്ങി, അങ്ങിനെ അധികാരത്തിൽ വരുന്ന കോൺഗ്രസ്സ് ക്ലിക്കുകളെ അനുകൂലിച്ചു, തുടങ്ങിയവയാണ് മി: ദാമോദരന്റെ കുറ്റപത്രത്തിലെ പ്രധാന കാര്യങ്ങൾ കേട്ടാൽ ആർക്കും തോന്നിപ്പോകും ലീഗുകാർ ഇത്ര ആദർശസ്ഥിരതയില്ലാത്തവരാണോ എന്ന്. നാട്ടിനു നന്മവരുവാൻ ആഗ്രഹിച്ചു കൊണ്ടു നല്ലതാരു ചെയ്താലും അത് സ്വീകരിക്കുന്നതിൽ പാകപ്പിഴവെവിടെ? കെ.ദാമോദരന്റേയും മറ്റും ചിന്താഗതിയ്ക്കൊത്ത് ഏതു കാലത്തും തങ്ങൾക്കെതിരായ രാഷ്ട്രീയകക്ഷികളേയും രാഷ്ട്രീയപ്രമാണങ്ങളേയും കേവലം അശുഭാപ്തിവിശ്വാസം കലർന്ന ഒരു മനോഭാവത്തോടെ ലീഗുകാർ വീക്ഷിക്കുന്നില്ലെന്നാണോ അദ്ദേഹം

mappilaheritagelibrary.com

വിവക്ഷിക്കുന്നത്? എന്നാൽ അത്തരമൊരു മനോഭാവം കൈക്കൊള്ളാൻ മനുഷ്യത്വത്തിന്റെ പേരിൽ രാഷ്ട്രീയ സത്യസന്ധതയുടെ പേരിൽ ലീഗുനേതാക്കൾ ഒരുങ്ങുകയില്ല തന്നെ. അതേസമയം ലീഗുനേതാക്കളും മുസ്‌ലിംലീഗും പ്രവൃത്തിപഥത്തിൽ വരുത്തിയേക്കും യാതൊരു വിട്ടുവീഴ്ചയുമില്ലാതെ. ഭൗതികവാദത്തിന്റെ ചെങ്കതിരേറ്റു മനുഷ്യത്വം വരണ്ടു പോയ വ്യക്തികളെ ആത്മീയനിലവാരത്തിലേക്കു വീണ്ടെടുക്കുവാൻ ലീഗുകാർ എക്കാലവും പരിശ്രമിക്കതന്നെ ചെയ്യും. അതിനു കമ്യൂണിസ്റ്റു വിരോധമെന്നാണ് ദാമോദരന്റെ ഭാഷ്യമെങ്കിൽ ദൈവാസ്തിക്യബോധമെന്നോ മനുഷ്യപ്രേമമെന്നോ ആയിരിക്കും മറ്റു മനുഷ്യർ കല്പിക്കാവുന്ന വ്യാഖ്യാനം. രാജാജി നല്ലതു ചെയ്താൽ അദ്ദേഹത്തെ അനുകൂലിച്ചു കൂടാ, എന്നാലോ അവർ ചെയ്യുന്നതൊക്കെ ചീത്തയാവാനേ തരമുള്ളുവെന്നു എപ്പോഴും സങ്കല്പിച്ചിരിക്കുകയും വേണം. മുസ്‌ലിംലീഗുകാരെ മാനസികമായി വിഷമിപ്പിക്കുന്ന, മി: ദാമോദരൻ, അവർക്കും നിങ്ങളെപ്പോലേ സമാനമായി ചിന്തിക്കാൻ കഴിവും അവകാശവുമുള്ളവരല്ലേ? ഒരു കാര്യം ഞാനുറപ്പിച്ചു പറയാം, മി: ദാമോദരൻ. പിന്തിരിപ്പന്മാരെന്നു മുദ്രകുത്തിയവരെ പില്ക്കാലത്തു ദേശീയ ബൂർഷ്വകളായി മാമോദീസ കഴിച്ചു ഐക്യമുന്നണി സ്വർഗ്ഗത്തിലേക്ക് പിടിച്ചുകയററാറുള്ള നമ്മുടെ ആ പഴയ പാരമ്പര്യമില്ലേ, അതിലേതായാലും മുസ്‌ലിംലീഗുകാരുടെ തുണ കിട്ടുകയില്ല നിശ്ചയം. പണ്ടു പാക്കിസ്താനു വേണ്ടി വാദിച്ചപ്പോൾ ഞങ്ങളും കൂടാമെന്നു ലീഗുകാരോടു നാം പറഞ്ഞു നോക്കിയിട്ടില്ലേ? ഫലമെന്തായി? തട്ടിപ്പിലൊന്നും കുടുങ്ങുകയില്ലെന്നു ലീഗുകാർ തെളിയിച്ചു കഴിഞ്ഞു. പിന്നെ വൃഥാ അവരെ വെറുത്തിട്ടെന്തു കാര്യം? അവനവന്റെ കുട്ടിക്കരണങ്ങളുടെ നെടുനീളൻ കെട്ടുകൾ വല്ലവരും അഴിച്ചിട്ടേക്കുമെന്നുള്ളതിൽ കവിഞ്ഞു നിങ്ങൾക്കൊരു സിദ്ധിയുമുണ്ടാകാൻ പോകുന്നില്ല. സിദ്ധാന്തപരമായി അല്ലെങ്കിൽ വിശ്വാസപരമായി കോൺഗ്രസ്സിനോടേ മുസ്‌ലിംലീഗിനു വല്ല ധാർമ്മികവേഴ്ചയുമുണ്ടാകാനിടയുള്ളൂ. ദൈവനിഷേധം കോൺഗ്രസ്സിന്റെ പരിപാടികളിലില്ലെന്നത് തന്നെ അതിനുള്ള മർമ്മ പ്രധാനമായ കാരണം. യഥാർത്ഥ മതവിശ്വാസിയായ ഒരു മുസൽമാനു അവന്റെ ആത്മീയ നിലപാടിന്റെ വെളിച്ചത്തിലേ ഏതു കാര്യവും നോക്കിക്കാണാൻ പാടുള്ളുവെന്നത് സാക്ഷാൽ കാറൽ മാക്സ് തൊട്ടു കെ.ദാമോദരൻ വരെയുള്ളവർക്കു നിശ്ചയമുള്ളതുമാണല്ലോ. മറ്റൊരു കാര്യംകൂടി പറയേണ്ടതുണ്ട്. ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാട്ടുമെന്ന തോതിൽ കോൺഗ്രസ്സിലെ ക്ലിക്കുകളെ മാറിമാറി അനുകൂലിച്ചുവെന്നാണ് ദാമോദരനു പരാതിപ്പെടാനുള്ളത്. അത് മുസ്ലിം ബഹുജനവഞ്ചനയായിട്ടാണ് അദ്ദേഹത്തിനു തോന്നുന്നത്. കാമരാജനാഡാർ ചെയ്യുന്ന നല്ല കാര്യങ്ങൾക്കു അദ്ദേഹത്തെ അഭിനന്ദിക്കുന്നതുകൊണ്ടു രാജാജിയെ പഴിച്ചേ തീരുവെന്നുണ്ടോ, മി: ദാമോദരൻ? അഥവാ ലീഗുകാർ അങ്ങിനെ രാജാജിയെ ഇപ്പോൾ പഴിക്കുന്നതായി മി: ദാമോദരൻ ഒരിടത്തും സൂചിപ്പിച്ചിട്ടുമില്ല. എന്താണ് ഇതിന്റെയൊക്കെ ആകെത്തുക? തിരഞ്ഞെടുപ്പുകാലമാണിത്. ജനങ്ങളുടെ നൈമിഷിക വികാരവിചാരങ്ങളെ കൂടുതൽ ഊഷ്മളമാക്കിയാൽ തങ്ങളുടെ കാര്യം നേടാമെന്നു കമ്യൂണിസ്റ്റുകാർ കരുതിപ്പോരാറുള്ള ഒരു അസുലഭ കാലഘട്ടമാണിത്. പക്ഷെ, മി: ദാമോദരൻ, നിങ്ങൾക്കു പിഴച്ചുപോയി മുസ്‌ലിംലീഗിന്റെ വിലയും നിലയും ആത്മാർത്ഥതയും ഓരോ കേരളീയമുസൽമാനും നിശ്ചയമുള്ളതാണ്. മൊയ്തുമൗലവിയേപ്പോലുള്ള കോൺഗ്രസ്സുകാരും ഇമ്പിച്ചിബാവയെപ്പോലുള്ള കമ്യൂണിസ്റ്റുകാരും അതിലുൾപ്പെടും. അതുകൊണ്ടു തന്നെയാണ് അക്കൂട്ടർ ലീഗിനെ ഭർത്സിക്കുന്നതും വെറുക്കുന്നതും. ആടിനെ പട്ടിയാക്കുന്ന നിങ്ങളുടെ അടവുകളിൽ പെട്ടു വഴിപിഴപ്പിക്കുന്നതിനു

mappilaheritagelibrary.com

മലബാറിലെ ഒരു കൊച്ചു മുസ്‌ലിംബാലനെപ്പോലും നിങ്ങൾക്കു കിട്ടാൻ പോകുന്നില്ല. "മുസ്ലിം ബഹുജനവും" "നാട്ടുകാരുടെ സമരവും" മറ്റും തട്ടിപ്പിന്റെ മയക്കുമന്ത്രങ്ങളാണെന്നു നിങ്ങളുദ്ദേശിക്കുന്നതിനു മുമ്പു തന്നെ ഓരോ മുസൽമാനും മനസ്സിലാക്കിയിട്ടുണ്ടിക്കാലത്ത്. കോൺഗ്രസ്സുകാർ ന്യൂനപക്ഷസംഘടനകളോടു നീതികാണിക്കാതിരിക്കുകയോ മുസ്‌ലിംതാല്പര്യങ്ങളിൽ അശ്രദ്ധരായിരിക്കുകയോ ചെയ്യുമ്പോൾ ലീഗു അവരെ സന്ധിയില്ലാതെ എതിർക്കും. അത് തിരഞ്ഞെടുപ്പുകാലമായാലും ശരി സാധാരണകാലമായാലും ശരി. അതേ സമയം മനുഷ്യനു ഉപകാരമുള്ള കാര്യങ്ങൾ ചെയ്യാൻ കോൺഗ്രസ്സ് തുനിയുന്ന വേളകളിൽ, മനുഷ്യത്വത്തിന്റെ പേരിൽ ലീഗ് അവയെ അനുകൂലിക്കുക തന്നെ ചെയ്യും. അത്തരം വേളകളിൽ, കോൺഗ്രസ്സിന്നകത്തു ക്ലിക്കുണ്ടൊ ക്ലോക്കുണ്ടോ എന്നന്വേഷിക്കുന്നതിനു പ്രസക്തിയേതുമില്ല.

"നബിയുടെ ഹദീസ്" (പേജുകൾ 11 മുതൽ 13 വരെ) എന്ന ശീർഷകത്തിൽ മി: ദാമോദരൻ കുറിച്ചിട്ടുള്ള വരികൾക്കു കൂടി മറുപടി പറഞ്ഞു ഈ ലേഖനം അവസാനിപ്പിച്ചേക്കാം. ചെകുത്താന്റെ വേദമോത്തിൽ കവിഞ്ഞൊന്നുമില്ലെങ്കിലും അല്പം വിഷം വമിക്കാതിരുന്നിട്ടുമില്ല ആ വരികളിൽ. നടുവട്ടത്തെ മറ്റൊരു വയലാറാക്കാൻ കഴിയാതെപോയ ഈർഷ്യംതീർത്തിരിക്കെയാണ് ദാമോദരൻ. അഥവാ അധികൃതർ നിയമവിധേയമല്ലാതെ വെടിവെച്ചുവെന്നു തെളിയുന്ന പക്ഷം നിയമമനുസരിച്ചു തന്നെ അവർ ശിക്ഷാർഹരായേക്കും. ടി.സി.നാരായണൻ നമ്പ്യാർക്കു അടിയന്തര പ്രമേയമവതരിപ്പിച്ചാലെന്തു ചേതമാണ്? അത് ആ മാന്യൻ ഒരു "ഹിന്ദുവായി"ട്ടു കൂടി പ്രദർശിപ്പിച്ച സഹിഷ്ണുതാബോധമായി ഒരാളും കരുതുകയില്ല. കുളം കലക്കി മീൻ പിടിക്കാൻ ശ്രമിച്ചത് മൂലം കൈക്കു മുറിവേറ്റ ഒരു കൂട്ടരുടെയിടയിൽ നിന്നു ഒരു ടി.സി.നാരായണൻ നമ്പ്യാർ അടിയന്തരപ്രമേയം കൊണ്ടുവന്നില്ലെങ്കിലേ അത്ഭുതമുള്ളു. പോക്കർ സാഹിബു പാർല്ലിമെണ്ടിൽ ചെയ്തകാര്യങ്ങൾ മുസ്‌ലിംകൾക്കറിയാം. എ.കെ.ഗോപാലൻ ചെയ്യാതിരുന്ന കാര്യങ്ങൾ അതിലേറെയും. "മുസ്‌ലിംബഹുജനങ്ങളുടെ" താല്പര്യങ്ങൾക്ക് കടകവിരുദ്ധമായ പ്രത്യേകവിവാഹബില്ലിന്നെതിരായി സംസാരിക്കുവാൻ ഒരു പോക്കർസാഹിബല്ലാതെ നടുവട്ടപ്പള്ളി പ്രേമിയായ എ.കെ.ഗോപാലനോ മറ്റു സഖാക്കളോ ഉണ്ടായിരുന്നോ? പാർട്ടിക്കു മുതൽകൂട്ടാത്ത ആവക കാര്യങ്ങളെപ്പറ്റി അവരെന്തിനു ബഹളം കൂട്ടണം? എന്തിനേറെപ്പറയുന്നു, സാധാരണക്കാരായ മുസ്‌ലിംകളേയും സാധാരണക്കാരായ ഹിന്ദുക്കളേയും പറഞ്ഞിളക്കി അങ്ങിനെ മതമാത്സര്യങ്ങളുണ്ടായാൽ തങ്ങളുടെ പാർട്ടിക്കു മുതൽകൂട്ടുവാൻ കഴിയുമെന്നു വ്യാമോഹിച്ച കമ്യൂണിസ്റ്റുകൾ അതിൽ പരാജയമടഞ്ഞു. ലീഗുകാർ തുണ നൽകാത്ത വിദ്വേഷം തീർക്കാൻ രണ്ടു മുസ്‌ലിംകൾ കൊല്ലപ്പെട്ടതിനെച്ചൊല്ലി ലീഗു മൗനമവലംബിച്ചുവെന്നു പൊക്കിക്കാട്ടേണ്ടി വന്നു. രണ്ടു മുസ്‌ലിംകൾ കൊല്ലപ്പെടുകയും പള്ളിയുടെ നേരെ വെടിവെക്കുകയും ചെയ്ത കാര്യത്തിൽ കമ്യൂണിസ്റ്റുകൾക്കേ അമർഷവും സഹതാപവുമുണ്ടായുള്ളുവെന്നു വരുത്തിക്കൂട്ടുകയാണ് മി: ദാമോദരൻ. നിങ്ങൾക്കു ചങ്കൂറ്റമുണ്ടായല്ലോ, മി: ദാമോദരൻ, ഇതെഴുതാൻ. പള്ളികളോടും മതത്തോടുമുള്ള കമ്യൂണിസത്തിന്റെ അറപ്പും വെറുപ്പും നിങ്ങളുടെ ഓമനഗ്രന്ഥങ്ങൾ (മാർക്സിയൻ ഗ്രന്ഥങ്ങൾ) വഴിതന്നെ ബുദ്ധിയുള്ളവരേവരും മനസ്സിലാക്കിയിട്ടുള്ളതാണ്. ആ നിലക്കു ഒരു നടുവട്ടപ്പള്ളി സംഭവത്തെച്ചൊല്ലി കണ്ണീർ പൊഴിക്കുന്ന നിങ്ങളുടെ തട്ടിപ്പിൽപെട്ടു കമ്യൂണിസ്റ്റു പ്രമാണങ്ങൾ മറന്നുപോകാനുള്ള മഠയത്തരം ഇന്നാട്ടിലാർക്കുമുണ്ടാകയില്ല, കേട്ടോ. നബിയുടെ ഹദീസിൽ പറഞ്ഞ കാര്യങ്ങൾ മി: ദാമോദരനും അദ്ദേഹത്തിന്റെ പാർട്ടിയുമായിരിക്കട്ടെ ആദ്യമായി പ്രവൃ

mappilaheritagelibrary.com

ത്തിപഥത്തിൽ വരുത്തേണ്ടത്. തത്വവും പ്രയോഗവും സംബന്ധിച്ചു സ്വയം ദീക്ഷിക്കേണ്ട സത്യസന്ധതയെ ദൃഢതരമാക്കാനും ഒരാത്മപരിശോധന നടത്തുവാനും ഉതകുന്ന രൂപത്തിൽ സഖാവ് ദാമോദരൻ ഒരിക്കലെങ്കിലും നബി വാക്യമുദ്ധരിച്ചതിൽ നാമദ്ദേഹത്തോടു നന്ദിയുള്ളവരായിരിക്കുക. ആ ഉദ്ധാരണത്തിന്റെ അടിയൊഴുക്ക് പാർട്ടിക്കു മുതൽകൂട്ടുകയാവാം. എന്നാലും സ്വന്തം നിലപാട് ശരിക്കു വെളിവാക്കാനുള്ള വാക്യങ്ങൾ ബോധപൂർവ്വമല്ലെങ്കിലും മി: ദാമോദരൻ കണ്ടുപിടിച്ചല്ലോ.

എന്റെ പൊന്നു സഖാവേ, രാഷ്ട്രീയ പ്രബുദ്ധതയാകുന്ന സൂര്യരശ്മി ഊണിലും ഉറക്കത്തിലും ഏറ്റുകൊണ്ടിരിക്കുന്ന മലബാർ മുസ്‌ലിംകളെ ഇത്തരം തട്ടിപ്പുകൾ മൂലം കമ്യൂണിസ്റ്റു പാർട്ടിയിലേക്കു ആകർഷിക്കാമെന്നു താങ്കൾ കരുതുന്നുണ്ടെങ്കിൽ ആയിരമായിരം മുസ്‌ലിംകണ്ഠങ്ങളിൽ നിന്നു മാറ്റൊലി കൊള്ളുക തന്നെ ചെയ്യും. "ഈ കുട്ടിക്കരണം നിർത്തൂ സഖാവേ, നിങ്ങളെ ഞങ്ങൾക്കറിയാം" എന്ന നീതിനിർഭരമായ വാക്യങ്ങൾ.

(1954 ൽ കോഴിക്കോട് പാളയം മുസ്‌ലിംലീഗ് ശാഖാ കമ്മിറ്റി 'സീതി മുഹമ്മദ് സാഹിബ് മെമ്മോറിയൽ ഗ്രന്ഥാവലി' യിൽ രണ്ടാമത് ലഘുലേഖയായി പ്രസിദ്ധീകരിച്ചത്)

mappilaheritagelibrary.com

6

സർക്കുലർ

മലബാറിലെ മുസ്‌ലിംലീഗ് ശാഖാ സംഘങ്ങൾക്ക്

കെ.എം.സീതി

മുസ്‌ലിംലീഗ് ഒരു സജീവ രാഷ്ട്രീയ സംഘടനയായി തുടർന്നു പോകേണ്ട ആവശ്യകതയെകുറിച്ചും ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ചും ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രസിഡണ്ട് ജനാബ് മുഹമ്മദ് ഇസ്മായിൽ സാഹിബ് 7.5.49ൽ പുറപ്പെടുവിച്ച സർക്കുലർ* അയച്ചിരുന്നത് കിട്ടുകയും അത് ശാഖാ സംഘങ്ങളുടേയും ലീഗ് പ്രണയികളുടേയും ഗാഢമായ ശ്രദ്ധക്കു വിഷയീഭവിക്കുകയും ചെയ്തിട്ടുണ്ടല്ലൊ. ആ സർക്കുലറിനു ശേഷമുണ്ടായ സംഭവവികാസങ്ങൾ മുസ്‌ലിംലീഗിന്റെ അത്യാവശ്യകത ഒന്നുകൂടി മുസ്‌ലിംങ്ങൾക്കു അനുഭവപ്പെടുത്തിയിരിക്കുന്നു. ഇതിനിടക്കു പല ശാഖാകമ്മിറ്റികളും പ്രവർത്തനം ആരംഭിച്ചതായി റിപ്പോർട്ടുകൾ ലഭിച്ചതിൽ ജില്ലാ കമ്മിറ്റിക്കു വളരെ ചാരിതാർത്ഥ്യമുണ്ട്.

മുസ്‌ലിംലീഗിൽ മുസ്‌ലിംങ്ങൾ സംഘടിച്ചു നില്ക്കുന്നതു കൊണ്ടു മുസ്‌ലിംങ്ങൾക്കു പ്രത്യേകമായും നാട്ടിനു പൊതുവെയും നന്മയല്ലാതെയാതൊരു ദോഷവും ഉണ്ടാകുന്നതല്ലെന്നു നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ടു അധികൃതന്മാർക്കും സഹോദരസമുദായങ്ങൾക്കും നല്ലപോലെ ബോദ്ധ്യപ്പെട്ടതാണ്. മുസ്‌ലിംസമുദായത്തിന്റെ നിലനില്പിനും, അഭിവൃദ്ധിക്കും, സ്വതന്ത്രമായ പൗരജീവിതത്തിനും സംഘടന കൂടാതെ നിവൃത്തിയുമില്ല. ആ സംഘടനാസ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൌലികാവകാശങ്ങളിൽ ഉൾപ്പെട്ടതാണ്. മുസ്‌ലിംലീഗിൽ സംഘടിക്കുക വഴി ആ സ്വാതന്ത്ര്യം നാം ഉപയോഗപ്പെടുത്തുക മാത്രമെ ചെയ്യുന്നുള്ളു.

അതുകൊണ്ടു നാം മുസ്‌ലിംലീഗിനെ ശക്തിപ്പെടുത്തുവാനും ലീഗിന്റെ കാര്യപരിപാടി നടപ്പിൽ വരുത്തുവാനും വേണ്ടി ചെയ്യുന്ന പരിശ്രമങ്ങൾ തുടർന്നു പോകുന്നതിൽ യാതൊരു ഭയാശങ്കകൾക്കും വിധേയരാകേണ്ട ആവശ്യമില്ല. മുസ്‌ലിംലീഗിനു നിയമവിരുദ്ധമോ രഹസ്യമോ ആയ യാതൊരു ഉദ്ദേശങ്ങളും കാര്യപരിപാടിയുമില്ല. നാട്ടിൽ നിയമവും സമാധാനവും നിലനിർത്തുവാനുള്ള എല്ലാ ഉദ്യമങ്ങളേയും സഹായിക്കുകയും അട്ടിമറി പ്രസ്ഥാനങ്ങളേയും, നിയമ

** മുസ്‌ലിംലീഗ് രേഖകൾ – പേജ് : 15*

mappilaheritagelibrary.com

വിരുദ്ധ പ്രവർത്തനങ്ങളേയും, പരാജയപ്പെടുത്തുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ഭിന്നസമുദായങ്ങൾ തമ്മിൽ ഐക്യവും, സൗഹാർദ്ദവും നിലനിർത്തുകയും ചെയ്കയെന്നുള്ളതാണ് മുസ്‌ലിംലീഗിന്റെ നയം. മുസ്‌ലിംങ്ങൾ ലീഗിൽ സംഘടിക്കുന്നതിന്റെ ആവശ്യവും ഉദ്ദേശ്യവും മനസ്സിലാക്കാതെ ചിലർ നമ്മെ തെറ്റിദ്ധരിക്കുന്നുണ്ട്. ഇനിയും ആ തെറ്റിദ്ധാരണ വെച്ചുകൊണ്ട് അവർ നമ്മുടെ പ്രവർത്തനമാർഗ്ഗത്തിൽ പ്രതിബന്ധങ്ങൾ വലിച്ചുവെച്ചേക്കാം. പക്ഷെ, അതുകൊണ്ടു ക്ഷോഭിക്കുകയോ, മനം പതറുകയോ ചെയ്യാതെ ക്ഷമയോടും, സഹനത്തോടും, സർവ്വോപരി അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസത്തോടും കൂടി നമ്മുടെ പ്രവർത്തനം തുടർന്നു കൊണ്ടു പോകണം. പ്രവർത്തനങ്ങൾ തുടർന്നുപോകുന്നത് തികച്ചും നിയമാനുസൃതമായ മാർഗ്ഗങ്ങളിൽ കൂടിയായിരിക്കണമെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. കോടതികളുടേയോ, അധികാരമുള്ള ഉദ്യോഗസ്ഥന്മാരുടേയോ നിരോധകല്പനകളെ നാം ഇതുവരെ ആദരിച്ചു വന്നതുപോലെ മേലിലും ആദരിക്കുക തന്നെ വേണം.

നമ്മുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന വിധം അന്യായമായ കൈകടത്തൽ വല്ല ഉദ്യോഗസ്ഥന്മാരിൽ നിന്നോ, ഇതര രാഷ്ട്രീയ കക്ഷികളിൽപെട്ട പ്രവർത്തകന്മാരിൽ നിന്നോ ഉണ്ടാകുന്ന പക്ഷം വിവരം ഉടനടി ജില്ലാ ക്കമ്മിറ്റി ആപ്പീസിലേക്കു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മുസ്‌ലിംലീഗിൽ മെമ്പർമാരെ ചേർക്കുവാനുള്ള പുസ്തകങ്ങൾ താലൂക്ക് കമ്മറ്റികൾക്കയച്ചുകൊടുത്തിട്ടുണ്ട്. നിങ്ങളുടെ ശാഖയ്ക്കാവശ്യമായ പുസ്തകങ്ങൾ അവർ അയച്ചുതന്നിരിക്കുമെന്നു വിശ്വസിക്കുന്നു. ഇല്ലെങ്കിൽ നിങ്ങളുടെ താലൂക്ക് കമ്മറ്റി സിക്രട്ടറിയെ സമീപിച്ചു പുസ്തകങ്ങൾ വാങ്ങാനപേക്ഷ. പുസ്തകങ്ങൾ ലഭിച്ചാൽ കഴിയുമെങ്കിൽ നിങ്ങളുടെ അതിർത്തിയിൽപെട്ട മുഴുവൻ മുസ്‌ലിംസ്ത്രീകളേയും പുരുഷന്മാരേയും നമ്മുടെ ജമാഅത്തിൽ അംഗമാക്കിച്ചേർത്തു ജില്ലാലീഗുകമ്മിറ്റിക്ക് കൗണ്ടർഫോയലുകളും വീതസംഖ്യയും അയക്കേണ്ടതാണ്. മെമ്പർഷിപ്പ് പുസ്തകത്തിൽ ഒരംഗം മൂന്നു ഫോറത്തിൽ ഒപ്പുവെക്കണം. കാർബൺ കടലാസുപയോഗിക്കുന്നതാണ് സൗകര്യം. ഒരു കടലാസ് അംഗമായിച്ചേരുന്ന ആൾക്കു നൽകണം. മറ്റേതു ശാഖയിൽ സൂക്ഷിക്കണം. ഒന്നു ഇങ്ങോട്ടയച്ചു തരികയും വേണം. ആ മൂന്നു കടലാസിനും ഒരേ നമ്പ്രാണു ചേർക്കേണ്ടത്.

ശാഖാകമ്മറ്റികൾ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗു പ്രസിഡണ്ട് അവർകളുടെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യപരിപാടിയിൽ പ്രത്യേകം ശ്രദ്ധപതിച്ചു തങ്ങളുടെ പ്രവർത്തനപരിധിയിൽപെട്ട പ്രദേശങ്ങളിലെ സ്ഥിതിഗതികൾ മുമ്പിൽ വെച്ചുകൊണ്ട് പ്രായോഗികമായ പ്രവർത്തനപദ്ധതികൾ സ്വീകരിച്ചു നടപ്പിൽ വരുത്തണമെന്നു അഭ്യർത്ഥിക്കുന്നതോടുകൂടി താഴെ ചേർക്കുന്ന നിർദ്ദേശങ്ങളിലേക്കു കമ്മറ്റികളുടെ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു.

1. ഓരോ ശാഖാലീഗും അതിന്റെ അതിർത്തിയിലും, അയൽപ്രദേശങ്ങളിലും ഉൾക്കൊള്ളുന്ന മുസ്‌ലിംങ്ങളുടെ ഇടയിൽ പരിപൂർണ്ണമായ ഐക്യവും സാഹോദര്യവും നിലനിർത്തുവാൻ പരിശ്രമിക്കണം. ഭിന്നതയുണ്ടാക്കുന്ന വാദപ്രതിവാദങ്ങളിലും കക്ഷിമത്സരങ്ങളിലും ചേരാതെ കഴിയുന്നവിധമെല്ലാം ഭിന്നതകൾ ഇല്ലാതാക്കുവാൻ വേണ്ട നടപടികളെടുക്കേണം. മുസ്‌ലിംങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി നിലകൊള്ളുന്ന മറ്റു സാമുദായിക സംഘങ്ങളുമായി സഹകരണത്തിലും ഐക്യത്തിലും വർത്തിക്കുകയും അവയുടെ സഹായം വേണ്ട സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുക. ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും മാഹാത്മ്യങ്ങളേയും ഭിന്നതയുടേയും കക്ഷിത്വത്തിന്റേയും

mappilaheritagelibrary.com

ദോഷങ്ങളേയും ജനങ്ങൾക്കു ഉപദേശിക്കുന്ന സദുപദേശപ്രസംഗങ്ങൾ പള്ളികൾ വഴിക്കും അല്ലാതേയും നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്കയും ചെയ്യാവുന്നതാണ്. ഭിന്നതകൾ പറഞ്ഞവസാനിപ്പിക്കുവാൻ യോഗ്യന്മാരായ മദ്ധ്യസ്ഥന്മാരെ ഉണ്ടാക്കികൊടുക്കുവാനും, ലീഗ്ശാഖകൾ പരിശ്രമിച്ചാൽ നന്നായിരിക്കും.

2. മുസ്‌ലിംകളിൽ മതബോധവും മതനിഷ്ഠയും ഉളവാക്കുവാൻ നല്ല പ്രസംഗങ്ങളും ആവശ്യമെന്നു തോന്നുന്നപക്ഷം ലഘുലേഖകളും വഴിക്കു ഏർപ്പാടു ചെയ്യേണം. സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ഒഴിവു സമയങ്ങളിൽ പള്ളികൾ വഴിക്കൊ, മദ്രസകൾ വഴിക്കൊ മതപഠനം നല്കുവാൻ ഏർപ്പാടു ചെയ്യണം. പ്രായപൂർത്തി വന്നവർക്കും മതപഠനത്തിനുള്ള കേന്ദ്രങ്ങൾ ഏർപ്പെടുത്തി മതപഠനം നല്കേണം.

3. ഒരു വിദ്യാഭ്യാസ കമ്മറ്റിവഴിക്കു ശാഖാകമ്മറ്റിയുടെ പരിധിയിൽപ്പെട്ട പ്രദേശത്തെ മുസ്‌ലിംഗൃഹങ്ങളുടേയും വിദ്യാഭ്യാസവയസ്സിലുള്ള കുട്ടികളുടേയും അവരിൽ സ്കൂളുകളിൽ പോകുന്നവരുടേയും ഒരു സെൻസ്സസ്സ് കണക്ക് എടുക്കുന്നത് വളരെ നന്നായിരിക്കും. പ്രാഥമിക വിദ്യാലയങ്ങളിൽ പോകാതെ ഒരു മുസ്‌ലിംകുട്ടിയും ഒഴിഞ്ഞു പോകരുതെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി പ്രവർത്തിക്കണം. ദരിദ്രരായ കുട്ടികൾക്കു പുസ്തകങ്ങളും, ഫീസും മറ്റും കൊടുക്കുന്നതിനു ഒരു സ്കോളർഷിപ്പു ഫണ്ടു തന്നെ ഉണ്ടാക്കിവെക്കുകയും വർഷാരംഭത്തിൽ കുട്ടികളെ ഒന്നൊഴിയാതെ വിദ്യാലയങ്ങളിൽ ചേർക്കുകയും വേണം. അനാഥകുട്ടികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിക്കുകയും, അവരെ രക്ഷിക്കുവാൻ വേണ്ട ഏർപ്പാടുകൾ സ്ഥലത്തു തന്നെ ചെയ്യുകയോ അതിനു സാദ്ധ്യമല്ലാതെ വരുമ്പോൾ അവരെ നിലവിലുള്ള യത്തീംഖാനകളിൽ ചേർക്കുകയോ വേണം. നമ്മുടെ അശ്രദ്ധ കൊണ്ടു അനാഥകുട്ടികൾ അന്യരുടെ അധീനത്തിൽപ്പെട്ടു ഇസ്ലാമിൽ നിന്നും പുറത്തു പോയിട്ടുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുള്ള വിവരം ഓർമ്മപ്പെടുത്തികൊള്ളുന്നു. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ കുട്ടികളെ ഉയർന്ന വിദ്യാഭ്യാസത്തിനു പ്രേരിപ്പിച്ചയക്കുന്ന വിഷയത്തിലും കഴിവില്ലാത്തവരെ സഹായിച്ചു പഠിപ്പിക്കുന്ന വിഷയത്തിലും ശാഖാകമ്മറ്റികൾ പ്രത്യേകം ശ്രദ്ധിക്കണം.

വിദ്യാഭ്യാസത്തിൽ മുസ്‌ലിംസമുദായത്തിനു സ്വന്തം കാലുകളിൽ നില്ക്കാവുന്ന ഒരു നിലയെത്തിക്കഴിഞ്ഞാൽ നമ്മുടെ അവശതകൾ മിക്കവയും തീർന്നു പോകുന്നതാണെന്നു പ്രത്യേകം ഓർമ്മവെക്കണം. അതുകൊണ്ട് ശാഖാകമ്മറ്റികൾ വിദ്യാഭ്യാസപരിശ്രമങ്ങൾക്കു തങ്ങളുടെ കാര്യപരിപാടിയിൽ മുൻഗണന നല്കണമെന്നു പറയേണ്ടതില്ലല്ലോ.

മുസ്ലിം തൊഴിലാളികളുടെ അവശതകൾക്കു പരിഹാരം കാണ്മാനും, അവരുടെ സ്ഥിതിഗതികൾ നന്നാക്കുവാനുമുള്ള ന്യായമായ പരിശ്രമങ്ങളിൽ സഹകരിക്കുകയും, അവരും മുതലാളികളും തമ്മിൽ കഴിയുന്ന സൗഹാർദ്ദം ഉണ്ടാക്കുവാൻ യത്നിക്കുകയും ചെയ്യുക.

മദ്ധ്യവർത്തികളുടെ ചൂഷണത്തിന്നിരയാകുന്ന തൊഴിലാളികൾക്കു പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചും മറ്റു പ്രകാരത്തിലും വേണ്ട രക്ഷ നല്കുവാൻ ഏർപ്പാടു ചെയ്യുക. കച്ചവടത്തിലും വ്യവസായങ്ങളിലും, വിശിഷ്യ കുടിൽ വ്യവസായങ്ങളിൽ, സമുദായത്തിനു അഭിവൃദ്ധിയും ഉയർച്ചയും ഉണ്ടാക്കുവാൻ പരിശ്രമിക്കണം. സക്കാത്തു വസൂലാക്കി വിതരണം ചെയ്യാനുള്ള ഏർപ്പാടു നടപ്പിൽ വരുത്തുവാൻ ശ്രമിക്കണം. ഉടനടി എല്ലാവരും സക്കാത്ത് കൊടുക്കുവാൻ ഒരുങ്ങിയെന്നുവരില്ല. എന്നാൽ അതിനു ഒരുക്കമുള്ളവരുടെ വീതമെങ്കിലും

mappilaheritagelibrary.com

ശേഖരിച്ച് വിതരണം ചെയ്‌വാൻ ശ്രമിക്കുന്ന പക്ഷം, കാലക്രമത്തിൽ മറ്റുള്ള വരും അതിൽ സഹകരിച്ചു കൊള്ളും. സമുദായത്തിലെ ദരിദ്രന്മാർക്കും ആതുരന്മാർക്കും രക്ഷനല്കുവാൻ സക്കാത്തും സദഖയും നല്കുവാൻ ധനവാന്മാരെ പ്രേരിപ്പിക്കണം. ഈ വക വിഷയങ്ങളിൽ നയത്തോടും വിവേകത്തോടും ക്ഷമയോടും കൂടി പ്രവർത്തിക്കുവാൻ ശ്രദ്ധിക്കണം. ജമാഅത്തായുള്ള നമസ്കാരത്തിലും, ജുംആ നമസ്കാരത്തിലും മുസ്ലീംങ്ങളെ കൂടുതൽ സംബന്ധിപ്പിക്കുവാൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കണം.

ഇസ്‌ലാം നിഷിദ്ധമാക്കിയ അകർമ്മങ്ങളിൽ നിന്നു മുസ്‌ലിംങ്ങളെ പിന്തിരിക്കുവാനും, ഇസ്ലാമിക ഗുണങ്ങളായ സന്മാർഗ്ഗനിഷ്ഠ, സത്യനിഷ്ഠ, വിശ്വസ്തത, ക്ഷമ, കാരുണ്യം, ശുചിത്വം ആദിയായവ മുസ്‌ലിംങ്ങളിൽ വളർത്തുവാൻ യത്നിക്കുകയും ചെയ്യുക.

സല്കർമ്മങ്ങളെ ഉപദേശിക്കുകയും ദുഷ്കർമ്മങ്ങളെ നിരോധിക്കുകയും ചെയ്യുന്നതിൽ ലീഗുശാഖകൾക്കുള്ള കടപ്പാട് നിർവ്വഹിക്കുവാൻ യുക്തമായ നടപടികളെടുക്കണം. ഉപയോഗമുള്ള മതപ്രസംഗങ്ങളും മിതവും ലളിതവുമായ ഭാഷയിലുള്ള ലഘുലേഖ വിതരണവും ഈ മാർഗ്ഗത്തിൽ ഉത്തമഫലങ്ങൾ ഉളവാക്കുന്നവയാണ്. മറ്റു സമുദായങ്ങളുമായി മുസ്‌ലിംങ്ങൾ മാന്യമായ നിലയിൽ സൗഹാർദ്ദത്തിലും സ്നേഹത്തിലും സഹകരണത്തിലും കഴിഞ്ഞു കൂടുവാൻ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്.

നിയമവിരുദ്ധമായ യാതൊരു പ്രവർത്തനങ്ങളിലും ഏർപ്പെടാതിരിക്കുകയും നിയമവും സമാധാനവും പരിപാലിക്കുന്നതിൽ അധികൃതന്മാരോട് പൂർണ്ണമായി സഹകരിക്കുകയും ചെയ്യുന്ന നയം തുടർന്നു പോകുവാൻ മുസ്‌ലിംങ്ങളെ ഉപദേശിക്കണം. കമ്യൂണിസ്റ്റുകാർ തെളിഞ്ഞും ഒളിഞ്ഞും നടത്തുന്ന കുപ്രചാരവേലകളിൽ വഞ്ചിതരാവാതിരിക്കുവാൻ മുസ്‌ലിംങ്ങളെ എപ്പോഴും ഉണർത്തേണം. രാജ്യത്തിന്റെ പൊതുനന്മക്കു വേണ്ട പരിശ്രമങ്ങളിൽ മറ്റു രാഷ്ട്രീയപാർട്ടികളോട് നല്ലപോലെയും വ്യക്തിത്വം വിടാതെയും സഹകരിക്കുന്നതിനു യാതൊരു വിരോധവുമില്ലെന്നല്ല അങ്ങിനെ ചെയ്യുന്നത് ആവശ്യവുമാകുന്നു. ഗൗരവമേറിയ കാര്യങ്ങളിൽ ജില്ലാകമ്മറ്റിയോട് ആലോചിച്ചു നടപടികളെടുക്കുന്നതു എപ്പോഴും ഉത്തമമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

ഇസ്‌ലാമികവിജ്ഞാനവും പൊതുജ്ഞാനവും വർദ്ധിപ്പിക്കുവാനുതകുന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഉൾക്കൊള്ളുന്നു വായനശാലകൾ ഏർപ്പെടുത്തുവാൻ ശ്രദ്ധിക്കണം. ലീഗിന്റെ സംഘടനാപരിശ്രമത്തിനു ഏറ്റവും വലിയ ഒരു താങ്ങും സഹായവുമായിരിക്കുന്ന "ചന്ദ്രിക"ക്കു ധാരാളം വായനക്കാരേയും വരിക്കാരേയും ഉണ്ടാക്കുവാൻ ചെയ്യുന്ന വിജയപൂർവ്വമായ പരിശ്രമം ലീഗിനു ചെയ്യുന്ന വലിയൊരു സഹായമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

ശാഖാസംഘങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു ജില്ലാകമ്മറ്റി ആപ്പീസ്സിലേക്കു ഇടക്കിടെ റിപ്പോർട്ടുകൾ അയക്കുന്നത് വളരെ ഉപകാരമായിരിക്കും. നമ്മുടെ ജില്ലയിലെ മുസ്‌ലിംലീഗ് ശാഖകളുടെ പ്രശംസനീയമായ പ്രവർത്തനങ്ങൾ വഴിക്കു മുസ്‌ലിംലീഗിനു ഉത്തരോത്തരം അഭിവൃദ്ധിയും തൽഫലമായി മുസ്‌ലിംസമുദായത്തിനു സർവ്വത്ര ക്ഷേമൈശ്വര്യങ്ങളും അല്ലാഹു നല്കുമാറാകട്ടെ. ആമീൻ.

തലശ്ശേരി
25.7.1954

കെ.എം.സീതി, ബി.എ, ബി.എൽ, എം.എൽ.എ
സെക്രട്ടറി
മലബാർ ജില്ല മുസ്‌ലിംലീഗ്

mappilaheritagelibrary.com

സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ ഭരണഘടന അനുസരിച്ച് അതിന്റെ പ്രവർത്തനം ബ്രിട്ടീഷ് ഇന്ത്യയിൽ മാത്രമായിരുന്നു. നാട്ടുരാജ്യങ്ങളിൽ സ്റ്റേറ്റ് മുസ്‌ലിം ലീഗുകളാണ് പ്രവർത്തിച്ചിരുന്നത്. കൊച്ചിൻ സ്റ്റേറ്റ് മുസ്‌ലിംലീഗ് 1940ൽ മട്ടാഞ്ചേരിയിൽ സമ്മേളനം സംഘടിപ്പിക്കുകുണ്ടായി. തിരുവിതാംകൂറിൽ പ്രവർത്തനം തുടങ്ങാൻ വൈകി. 1945 ഡിസംബർ ഒന്നിനു വർക്കലയിൽ ചേർന്ന യോഗത്തിൽ വെച്ചാണ് തിരുവിതാംകൂർ സ്റ്റേറ്റ് മുസ്‌ലിംലീഗ് രൂപവൽക്കരിച്ചത്. പി.എസ്.മുഹമ്മദ് പ്രസിഡണ്ടും പി.കെ.കുഞ്ഞു സെക്രട്ടറിയുമായി പ്രവർത്തിച്ച സംഘടനയ്ക്ക് 1948 ലെ തെരഞ്ഞെടുപ്പിൽ എട്ടു സീറ്റ് ലഭിച്ചു.

1949 ജൂലൈ ഒന്നിനാണ് തിരുവിതാംകൂറും കൊച്ചിയും സംയോജിച്ച് തിരുകൊച്ചി സ്റ്റേറ്റാവുന്നത്. സംയോജനത്തിനു ശേഷം തിരുകൊച്ചി മുസ്‌ലിംലീഗ് രാഷ്ട്രീയം ഉപേക്ഷിക്കാൻ തീരുമാനിക്കുകയായിരുന്നു. ഇതോടെ സംഘടനാ പ്രവർത്തനം നിലച്ചു. 1953 ഒക്ടോബർ ഏഴിന് ചേർന്ന മലബാർ ജില്ലാ മുസ്‌ലിംലീഗ് തിരുകൊച്ചി പ്രദേശങ്ങളിൽ പാർട്ടി സംഘടിപ്പിക്കുന്നതിനു കെ.എം.സീതിസാഹിബ് കൺവീനറായി പ്രത്യേക കമ്മിറ്റി രൂപവൽക്കരിച്ചു. സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ, കെ.ഉപ്പിസാഹിബ്, ബി. പോക്കർ സാഹിബ്, സി.എച്ച്.മുഹമ്മദ്കോയ എന്നിവരായിരുന്നു അംഗങ്ങൾ. തിരുകൊച്ചിയിലെ ലീഗ് ശാഖകൾക്കു നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് മലബാർ ജില്ലാ സെക്രട്ടറി 1956 ജൂൺ 16 ന് അയച്ച സർക്കുലർ അടുത്ത പേജുകളിൽ

സർക്കുലർ

7

തിരുകൊച്ചിയിലെ ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗ് ശാഖാസംഘങ്ങൾക്ക്

ഇന്ത്യൻ യൂനിയനിലെ ഏക മുസ്ലിം രാഷ്ട്രീയ സംഘടനയായ മുസ്ലിംലീഗിൽ അണിനിരന്നു പ്രവർത്തിക്കുന്നതു കൊണ്ടു മാത്രമെ കേരളത്തിലെ മുസൽമാന്മാരായ നമുക്കു നമ്മുടെ വിവിധ അവശതകൾ പരിഹരിക്കുവാനും ഭരണകൂടത്തിൽ ഫലപ്രദമായ സ്വാധീനം ചെലുത്തുവാനും ഇതര സ്റ്റെയിറ്റുകളിലെ സഹോദരന്മാർക്കു കൂടി സേവനമർപ്പിക്കുവാനും സാധിക്കുകയുള്ളു. രാഷ്ട്രീയമില്ലാത്ത സംഘടനക്കു ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയില്ല. അതിന്റെ ശബ്ദം ശ്രവിക്കപ്പെടുകയില്ല. അതിനെ കൈകൊടുത്താദരിക്കുവാൻ ആരും ഉണ്ടാവില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കി തിരുകൊച്ചി മുസ്ലിംകൾ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ പിന്നിൽ അഹമഹമികയാ അണിനിരന്നു

mappilaheritagelibrary.com

കാണുന്നതിൽ എനിക്കു അനല്പമായ ചാരിതാർത്ഥ്യമുണ്ട്. പ്രാരംഭത്തിലുള്ളതും ക്ഷണികവുമായ വിഷമതകളെ നിർഭയമായും ദൃഢവിശ്വാസത്തോടേയും നേരിട്ടു സംഘടന കെട്ടിപ്പടുക്കാനുള്ള നിങ്ങളുടെ ഭഗീരഥശ്രമത്തിനു ഞാൻ വിജയമാശംസിക്കുന്നു.

മുസ്ലിംലീഗിൽ മുസ്ലിംങ്ങൾ സംഘടിച്ചുനില്ക്കുന്നതുകൊണ്ടു മുസ്ലിംങ്ങൾക്കു പ്രത്യേകമായും നാട്ടിന്നു പൊതുവേയും നന്മയല്ലാതെ യാതൊരു ദോഷവും ഉണ്ടാകുന്നതല്ലെന്നു നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ടു അധികൃതന്മാർക്കും സഹോദരസമുദായങ്ങൾക്കും നല്ലപോലെ ബോദ്ധ്യപ്പെട്ടതാണ്. മുസ്ലിം സമുദായത്തിന്റെ നിലനില്പിനും, അഭിവൃദ്ധിക്കും സ്വതന്ത്രമായ പൌരജീവിതത്തിനും സംഘടനകൂടാതെ യാതൊരു നിവൃത്തിയുമില്ല. ആ സംഘടനാസ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൌലികാവകാശങ്ങളിൽ ഉൾപ്പെട്ടതാണ്. മുസ്ലിംലീഗിൽ സംഘടിക്കുക വഴി ആ സ്വാതന്ത്ര്യം നാം ഉപയോഗപ്പെടുത്തുക മാത്രമെ ചെയ്യുന്നുള്ളു.

അതുകൊണ്ടു നാം മുസ്ലിംലീഗിനെ ശക്തിപ്പെടുത്തുവാനും ലീഗിന്റെ കാര്യപരിപാടി നടപ്പിൽ വരുത്തുവാനും വേണ്ടി ചെയ്യുന്ന പരിശ്രമങ്ങൾ തുടർന്നുപോകുന്നതിൽ യാതൊരു ഭയാശങ്കകൾക്കും വിധേയരാകേണ്ട ആവശ്യമില്ല. മുസ്ലിംലീഗിനു നിയമവിരുദ്ധമോ രഹസ്യമോ ആയ യാതൊരു ഉദ്ദേശങ്ങളും കാര്യപരിപാടിയുമില്ല. നാട്ടിൽ നിയമവും സമാധാനവും നിലനിർത്തുവാനുള്ള എല്ലാ ഉദ്യമങ്ങളേയും സഹായിക്കുകയും അട്ടിമറി പ്രസ്ഥാനങ്ങളേയും, നിയമവിരുദ്ധ പ്രവർത്തനങ്ങളേയും, പരാജയപ്പെടുത്തുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ഭിന്നസമുദായങ്ങൾ തമ്മിൽ ഐക്യവും സൗഹാർദ്ദവും നിലനിർത്തുകയും ചെയ്തുയെന്നുള്ളതാണ് മുസ്ലിംലീഗിന്റെ നയം. മുസ്ലിംങ്ങൾ ലീഗിൽ സംഘടിക്കുന്നതിന്റെ ആവശ്യവും ഉദ്ദേശവും മനസ്സിലാക്കാതെ ചിലർ നമ്മെ തെറ്റിദ്ധരിക്കുന്നുണ്ട്. ഇനിയും ആ തെറ്റിദ്ധാരണ വെച്ചുകൊണ്ട് അവർ നമ്മുടെ പ്രവർത്തനമാർഗ്ഗത്തിൽ പ്രതിബന്ധങ്ങൾ വലിച്ചുവെച്ചേക്കാം. പക്ഷെ, അതുകൊണ്ടു ക്ഷോഭിക്കുകയോ, മനം പതറുകയോ ചെയ്യാതെ ക്ഷമയോടും, സഹനത്തോടും, സർവ്വോപരി അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസത്തോടും കൂടി നമ്മുടെ പ്രവർത്തനം തുടർന്നു കൊണ്ടു പോകേണം. പ്രവർത്തനങ്ങൾ തുടർന്നു പോകുന്നത് തികച്ചും നിയമാനുസൃതമായ മാർഗ്ഗങ്ങളിൽ കൂടിയായിരിക്കേണമെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. കോടതികളുടേയോ, അധികാരമുള്ള ഉദ്യോഗസ്ഥന്മാരുടേയൊ, നിരോധക്കല്പനകളെ നാം ഇതുവരെ ആദരിച്ചുവന്നതുപോലെ മേലിലും ആദരിക്കുകതന്നെ വേണം.

നമ്മുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന വിധം അന്യായമായ കൈകടത്തൽ വല്ല ഉദ്യോഗസ്ഥന്മാരിൽ നിന്നോ, ഇതര രാഷ്ട്രീയകക്ഷികളിൽപെട്ട പ്രവർത്തകന്മാരിൽ നിന്നോ ഉണ്ടാകുന്ന പക്ഷം വിവരം ഉടനടി ഓർഗനൈസിങ്ങ് കമ്മിറ്റിക്കു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മുസ്ലിംലീഗിൽ മെമ്പർമാരെ ചേർക്കുവാനുള്ള പുസ്തകങ്ങൾ ഓർഗനൈസിങ്ങ് കമ്മറ്റികൾക്കയച്ചു കൊടുത്തിട്ടുണ്ട്. നിങ്ങളുടെ ശാഖയ്ക്കാവശ്യമായ പുസ്തകങ്ങൾ അവർ അയച്ചു തന്നിരിക്കുമെന്നു വിശ്വസിക്കുന്നു. ഇല്ലെങ്കിൽ സിക്രട്ടറിയെ സമീപിച്ചു പുസ്തകങ്ങൾ വാങ്ങാനപേക്ഷ. പുസ്തകങ്ങൾ ലഭിച്ചാൽ കഴിയുമെങ്കിൽ നിങ്ങളുടെ അതിർത്തിയിൽപെട്ട മുഴുവൻ മുസ്ലിംസ്ത്രീകളേയും പുരുഷന്മാരേയും നമ്മുടെ ജമാഅത്തിൽ അംഗമാക്കിച്ചേർത്തു ഓർഗനൈസിങ്ങ് കമ്മറ്റിക്കു കൌണ്ടർ ഫോയലുകളും സംഖ്യയും അയ്ക്കേണ്ടതാണ്. മെമ്പർഷിപ്പ് പുസ്തകത്തിൽ ഒരംഗം മൂന്നു ഫോറത്തിൽ ഒപ്പുവെക്കണം.

mappilaheritagelibrary.com

കാർബൻ കടലാസുപയോഗിക്കുന്നതാണ് സൗകര്യം. ഒന്നു ഇങ്ങോട്ടയച്ചു തരികയും വേണം. ആ മൂന്നു കടലാസിനും ഒരേ നമ്പ്രാണ് ചേർക്കേണ്ടത്.

ശാഖാകമ്മറ്റികൾ ഇന്ത്യൻയൂനിയൻ മുസ്ലിംലീഗു പ്രസിഡണ്ട് അവർകളുടെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യപരിപാടിയിൽ പ്രത്യേകം ശ്രദ്ധ പതിച്ചു തങ്ങളുടെ പ്രവർത്തനപരിധിയിൽപെട്ട പ്രദേശങ്ങളിലെ സ്ഥിതിഗതികൾ മുമ്പിൽ വെച്ചുകൊണ്ട് പ്രായോഗികമായ പ്രവർത്തനപദ്ധതികൾ സ്വീകരിച്ചു നടപ്പിൽ വരുത്തേണമെന്നു അഭ്യർത്ഥിക്കുന്നതോടുകൂടി താഴെ ചേർക്കുന്ന നിർദ്ദേശങ്ങളിലേക്കു കമ്മറ്റികളുടെ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു.

ഓരോ ശാഖാലീഗും അതിന്റെ അതിർത്തിയിലും, അയൽ പ്രദേശങ്ങളിലും ഉൾക്കൊള്ളുന്ന മുസ്ലിംങ്ങളുടെ ഇടയിൽ പരിപൂർണ്ണമായ ഐക്യവും സാഹോദര്യവും നിലനിർത്തുവാൻ പരിശ്രമിക്കേണം. ഭിന്നതയുണ്ടാക്കുന്ന വാദപ്രതിവാദങ്ങളിലും കക്ഷിമത്സരങ്ങളിലും ചേരാതെ കഴിയുന്നവിധമെല്ലാം ഭിന്നതകൾ ഇല്ലാതാക്കുവാൻ വേണ്ട നടപടികളെടുക്കേണം. മുസ്ലിംങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി നിലകൊള്ളുന്ന മറ്റു സാമുദായികസംഘങ്ങളുമായി സഹകരണത്തിലും ഐക്യത്തിലും വർത്തിക്കുകയും അവയുടെ സഹായം വേണ്ട സന്ദർഭങ്ങളിൽ അതു ഉപയോഗപ്പെടുത്തുകയും ചെയ്യുക. ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും മാഹാത്മ്യങ്ങളെയും ഭിന്നതയുടേയും കക്ഷിത്വത്തിന്റേയും ദോഷങ്ങളേയും ജനങ്ങൾക്കു ഉപദേശിക്കുന്ന സദുപദേശപ്രസംഗങ്ങൾ പള്ളികൾ വഴിക്കും അല്ലാതേയും നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്കയും ചെയ്യാവുന്നതാണ്. ഭിന്നതകൾ പറഞ്ഞവസാനിപ്പിക്കുവാൻ യോഗ്യന്മാരായ മദ്ധ്യസ്ഥന്മാരെ ഉണ്ടാക്കികൊടുക്കുവാനും, ലീഗ് ശാഖകൾ പരിശ്രമിച്ചാൽ നന്നായിരിക്കും.

മുസ്ലിംങ്ങളിൽ മതബോധവും മതനിഷ്ഠയും ഉളവാക്കുവാൻ നല്ല പ്രസംഗങ്ങളും ആവശ്യമെന്നു തോന്നുന്നപക്ഷം ലഘുലേഖകളും വഴിക്കു ഏർപ്പാടു ചെയ്യേണം. സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ഒഴിവു സമയങ്ങളിൽ പള്ളികൾ വഴിക്കൊ, മദ്രസകൾ വഴിക്കൊ മതപഠനം നല്കുവാൻ ഏർപ്പാടു ചെയ്യണം. പ്രായപൂർത്തി വന്നവർക്കും മതപഠനത്തിനുള്ള കേന്ദ്രങ്ങൾ ഏർപ്പെടുത്തി മതപഠനം നൽകേണം.

ഒരു വിദ്യാഭ്യാസ കമ്മറ്റിവഴിക്കു ശാഖാകമ്മററിയുടെ പരിധിയിൽപ്പെട്ട പ്രദേശത്തെ മുസ്ലിംഗൃഹങ്ങളുടേയും വിദ്യാഭ്യാസവയസ്സിലുള്ള കുട്ടികളുടേയും അവരിൽ സ്കൂളുകളിൽ പോകുന്നവരുടേയും ഒരു സെൻസ്സസ്സ് കണക്ക് എടുക്കുന്നത് വളരെ നന്നായിരിക്കും. പ്രാഥമികവിദ്യാലയങ്ങളിൽ പോകാതെ ഒരു മുസ്ലിംകുട്ടിയും ഒഴിഞ്ഞുപോകരുതെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി പ്രവർത്തിക്കേണം. ദരിദ്രരായ കുട്ടികൾക്കു പുസ്തകങ്ങളും, ഫീസും മറ്റും കൊടുക്കുന്നതിനു ഒരു സ്കോളർഷിപ്പു ഫണ്ടു തന്നെ ഉണ്ടാക്കിവെക്കുകയും, വർഷാരംഭത്തിൽ കുട്ടികളെ ഒന്നൊഴിയാതെ വിദ്യാലയങ്ങളിൽ ചേർക്കുകയും വേണം. അനാഥകുട്ടികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിക്കുകയും, അവരെ രക്ഷിക്കുവാൻ വേണ്ട ഏർപ്പാടുകൾ സ്ഥലത്തു തന്നെ ചെയ്യുകയോ അതിനു സാദ്ധ്യമല്ലാതെ വരുമ്പോൾ അവരെ നിലവിലുള്ള യത്തീംഖാനകളിൽ ചേർക്കുകയോ വേണം. നമ്മുടെ അശ്രദ്ധ കൊണ്ടു അനാഥകുട്ടികൾ അന്യരുടെ അധീനത്തിൽപ്പെട്ടു ഇസ്ലാമിൽ നിന്നും പുറത്തുപോയിട്ടുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുള്ള വിവരം ഓർമ്മപ്പെടുത്തികൊള്ളുന്നു. പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞ കുട്ടികളെ ഉയർന്ന വിദ്യാഭ്യാസത്തിനു പ്രേരിപ്പിച്ചയക്കുന്ന വിഷയത്തിലും കഴിവില്ലാത്തവരെ സഹായിച്ചു പഠിപ്പിക്കുന്ന വിഷയത്തിലും ശാഖാകമ്മിറ്റികൾ

mappilaheritagelibrary.com

പ്രത്യേകം ശ്രദ്ധിക്കണം.

വിദ്യാഭ്യാസത്തിൽ മുസ്ലിംസമുദായത്തിനു സ്വന്തം കാലുകളിൽ നില്ക്കാവുന്ന ഒരു നിലയെത്തിക്കഴിഞ്ഞാൽ നമ്മുടെ അവശതകൾ മിക്കവയും തീർന്നുപോകുന്നതാണെന്നു പ്രത്യേകം ഓർമ്മ വെക്കണം. അതുകൊണ്ട് ശാഖാകമ്മറ്റികൾ വിദ്യാഭ്യാസപരിശ്രമങ്ങൾക്കു തങ്ങളുടെ കാര്യപരിപാടിയിൽ മുൻഗണന നൽകേണമെന്നു പറയേണ്ടതില്ലല്ലോ.

മുസ്ലിം തൊഴിലാളികളുടെ അവശതകൾക്കു പരിഹാരം കാണുവാനും അവരുടെ സ്ഥിതിഗതികൾ നന്നാക്കുവാനുമുള്ള ന്യായമായ പരിശ്രമങ്ങളിൽ സഹകരിക്കുകയും, അവരും മുതലാളികളും തമ്മിൽ കഴിയുന്ത്ര സൌഹാർദ്ദം ഉണ്ടാക്കുവാൻ യത്നിക്കുകയും ചെയ്യുക.

മദ്ധ്യവർത്തികളുടെ ചൂഷണത്തിന്നിരയാകുന്ന തൊഴിലാളികൾക്കു പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചും മറ്റുപ്രകാരത്തിലും വേണ്ടരക്ഷ നൽകുവാൻ ഏർപ്പാടു ചെയ്യുക. കച്ചവടത്തിലും വ്യവസായങ്ങളിലും, വിശിഷ്യ കുടിൽ വ്യവസായങ്ങളിൽ, സമുദായത്തിനു അഭിവൃദ്ധിയും ഉയർച്ചയും ഉണ്ടാക്കുവാൻ പരിശ്രമിക്കേണം. സക്കാത്തു വസൂലാക്കി വിതരണം ചെയ്വാനുള്ള ഏർപ്പാടു നടപ്പിൽ വരുത്തുവാൻ ശ്രമിക്കണം. ഉടനടി എല്ലാവരും സക്കാത്തു കൊടുക്കുവാൻ ഒരുങ്ങിയെന്നുവരില്ല. എന്നാൽ അതിനു ഒരുക്കമുള്ളവരുടെ വീതമെങ്കിലും ശേഖരിച്ചു വിതരണം ചെയ്വാൻ ശ്രമിക്കുന്നപക്ഷം, കാലക്രമത്തിൽ മറ്റുള്ളവരും അതിൽ സഹകരിച്ചു കൊള്ളും. സമുദായത്തിലെ ദരിദ്രന്മാർക്കും ആതുരന്മാർക്കും രക്ഷനൽകുവാൻ സക്കാത്തും സദഖയും നൽകുവാൻ ധനവാന്മാരെ പ്രേരിപ്പിക്കണം. ഈ വക വിഷയങ്ങളിൽ നയത്തോടും വിവേകത്തോടും ക്ഷമയോടും കൂടി പ്രവർത്തിക്കുവാൻ ശ്രദ്ധിക്കണം. ജമാ അത്തായുള്ള നമസ്കാരത്തിലും, ജുംആ നമസ്കാരത്തിലും മുസ്ലിംങ്ങളെ കൂടുതൽ സംബന്ധിപ്പിക്കുവാൻ എപ്പോഴും പരിശ്രമിച്ചു കൊണ്ടിരിക്കേണം.

ഇസ്ലാം നിഷിദ്ധമാക്കിയ ദുഷ്കർമ്മങ്ങളിൽ നിന്നു മുസ്ലിംങ്ങളെ പിന്തിരിക്കുവാനും, ഇസ്ലാമിക ഗുണങ്ങളായ സന്മാർഗ്ഗനിഷ്ഠ, സത്യനിഷ്ഠ, വിശ്വസ്തത, ക്ഷമ, കാരുണ്യം, ശുചിത്വം ആദിയാവ മുസ്ലിംങ്ങളിൽ വളർത്തുവാനും യത്നിക്കുക.

സല്കർമ്മങ്ങളെ ഉപദേശിക്കുകയും ദുഷ്കർമ്മങ്ങളെ നിരോധിക്കുകയും ചെയ്യുന്നതിൽ ലീഗുശാഖകൾക്കുള്ള കടപ്പാട് നിർവ്വഹിക്കുവാൻ യുക്തമായ നടപടികളെടുക്കേണം. ഉപയോഗമുള്ള മതപ്രസംഗങ്ങളും, മിതവും ലളിതവുമായ ഭാഷയിലുള്ള ലഘുലേഖവിതരണവും ഈ മാർഗ്ഗത്തിൽ ഉത്തമഫലങ്ങൾ ഉളവാക്കുന്നവയാണ്. മറ്റു സമുദായങ്ങളുമായി മുസ്ലിംങ്ങൾ മാന്യമായ നിലയിൽ സൌഹാർദ്ദത്തിലും സ്നേഹത്തിലും സഹകരണത്തിലും കഴിഞ്ഞുകൂടുവാൻ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്.

നിയമവിരുദ്ധമായ യാതൊരു പ്രവർത്തനങ്ങളിലും ഏർപ്പെടാതിരിക്കുകയും നിയമവും സമാധാനവും പരിപാലിക്കുന്നതിൽ അധികൃതന്മാരോടു പൂർണ്ണമായി സഹകരിക്കുകയും ചെയ്യുന്ന നയം തുടർന്നു പോകുവാൻ മുസ്ലിംങ്ങളെ ഉപദേശിക്കണം. കമ്യൂണിസ്റ്റുകാർ തെളിഞ്ഞും ഒളിഞ്ഞും നടത്തുന്ന കുപ്രചാരവേലകളാൽ വഞ്ചിതരാകാതിരിക്കുവാൻ മുസ്ലിംങ്ങളെ എപ്പോഴും ഉണർത്തേണം. രാജ്യത്തിന്റെ പൊതുനന്മക്കുവേണ്ട പരിശ്രമങ്ങളിൽ മറ്റു രാഷ്ട്രീയപാർട്ടികളോട് നല്ലപോലേയും വ്യക്തിത്വം വിടാതെയും സഹകരിക്കുന്നതിനു യാതൊരു വിരോധവുമില്ലെന്നു മാത്രമല്ല അങ്ങിനെ ചെയ്യുന്നത് ആവശ്യവുമാകുന്നു. ഗൌരവമേറിയ കാര്യങ്ങളിൽകേന്ദ്രകമ്മറ്റിയോടു ആലോചിച്ചു നടപടി

mappilaheritagelibrary.com

കളെടുക്കുന്നതു എപ്പോഴും ഉത്തമമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലൊ

ഇസ്‌ലാമിക ജ്ഞാനവും പൊതുജ്ഞാനവും വർധിപ്പിക്കാനുതകുന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഉൾക്കൊള്ളുന്ന വായനശാലകൾ ഏർപ്പെടുത്തുവാൻ ശ്രദ്ധിക്കണം. ലീഗിന്റെ സംഘടനാ പരിശ്രമത്തിനു ഏറ്റവും വലിയ ഒരു താങ്ങും സഹായവുമായിരിക്കുന്ന 'ചന്ദ്രിക'യ്ക്കു ധാരാളം വായനക്കാരേയും വരിക്കാരേയും ഉണ്ടാക്കുവാൻ ചെയ്യുന്ന വിജയപൂർവമായ പരിശ്രമം ലീഗിനും വലിയൊരു സഹായമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

ശാഖാ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് കേന്ദ്രകമ്മിറ്റി ഓഫീസിലേക്ക് ഇടക്കിടെ റിപ്പോർട്ടുകൾ അയക്കുന്നത് വളരെ ഉപകാരമായിരിക്കും. സ്റ്റേറ്റിലെ മുസ്‌ലിംലീഗ് ശാഖകളുടെ പ്രശംസനീയമായ പ്രവർത്തനങ്ങൾ വഴിക്ക് മുസ്‌ലിം ലീഗിനു ഉത്തരോത്തരം അഭിവൃദ്ധിയും തൽഫലമായി മുസ്‌ലിം സമുദായത്തിനു സർവ്വത്ര ക്ഷേമൈശ്വര്യങ്ങളും അല്ലാഹു നൽകുമാറാകട്ടെ- ആമീൻ

എറണാകുളം
15.6.1956

കെ.എം.സീതി, ബി.എ.ബി.എൽ, എം.എൽ.എ
സെക്രട്ടറി,
മലബാർ ജില്ലാ മുസ്‌ലിംലീഗ് ആൻഡ് വർക്കിംഗ് കമ്മിറ്റി മെമ്പർ
ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ്

mappilaheritagelibrary.com

1956 നവംബർ ഒന്നിനു കേരള സംസ്ഥാനം പിറവി കൊണ്ടു. ഇതോടൊപ്പം തന്നെ സംസ്ഥാന മുസ്‌ലിംലീഗും നിലവിൽ വന്നു. സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ പ്രസിഡണ്ടും കെ.എം.സീതിസാഹിബ് ജനറൽ സെക്രട്ടറിയുമായ കമ്മിറ്റിയുടെ ഔപചാരികമായ പ്രവർത്തനങ്ങൾ 1956 നവംബർ 18 ന് എറണാകുളത്ത് നടന്ന സമ്മേളനത്തിൽ ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് ഉദ്ഘാടനം ചെയ്തു. 1957 മാർച്ച് 30 ന് എറണാകുളത്ത് ചേർന്ന സംസ്ഥാന മുസ്‌ലിംലീഗ് പ്രവർത്തക സമിതിയുടെ തീരുമാനങ്ങളുടെ വെളിച്ചത്തിൽ ജനറൽ സെക്രട്ടറിയുടെ പ്രസ്താവന അടുത്ത പേജുകളിൽ. 1958 ൽ കേരള സംസ്ഥാന മുസ്‌ലിം ലീഗിന്റെ ഭരണഘടന അംഗീകരിച്ചു.

8
കേരള മുസ്‌ലിംലീഗ് സിക്രട്ടറി കെ.എം.സീതിസാഹിബിന്റെ പ്രസ്താവന

(1957)

മുസ്‌ലിംലീഗിന്റെ കൊടിക്കൂറയിൻ കീഴിൽ നാം അണിനിരന്നിട്ടുള്ളത് ഒരു മഹത്തായ ലക്ഷ്യം വെച്ചു കൊണ്ടാണല്ലോ. ഇന്ത്യയിലെ നാലരക്കോടി മുസ്‌ലിംകൾക്ക് അവരുടെ മതത്തിലും സംസ്കാരത്തിലും ഉറച്ചുനിന്നുകൊണ്ട് സമുദായത്തിനും നാടിനും വേണ്ടി സേവനം ചെയ്യാനും ഇതരരാഷ്ട്രീയപാർട്ടികളുടെ- അവയിൽ ചിലത് നിരീശ്വരത്വത്തിലും നിർമ്മതത്വത്തിലും അടിയുറച്ചവയാണുതാനും-ഭാണ്ഡം പേറികളായി മുസ്‌ലിംസമുദായം ചിന്നച്ചിതറപ്പോകാതെ ഈ നാട്ടിലെ പൗരജീവിതത്തിൽ ന്യായവും മാന്യവുമായ ഒരു നില കൈവരുത്തുവാനും നമ്മുടേതായ ഒരു സംഘടനയുടെ കീഴിൽ ഒരു ശരീരമെന്നോണം ഉറച്ചുനിൽക്കുകയെന്നുള്ളതാണ് ആ ലക്ഷ്യം. ആ ലക്ഷ്യം വിസ്മരിച്ചു മുസ്‌ലിംകൾ ഇഷ്ടമുള്ള രാഷ്ട്രീയപാർട്ടികളിൽ ചേർന്നുകൊള്ളട്ടെ എന്നുവെക്കുകയോ, രാഷ്ട്രീയ പ്രവർത്തനങ്ങൾ കൂടാതെ വെറും സാമൂഹ്യകാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ചു കഴിഞ്ഞുകൊള്ളട്ടെ എന്നുള്ള നില കൈക്കൊള്ളുകയോ ചെയ്യുന്നപക്ഷം വരാവുന്ന വിപത്തുകൾ നാം കണ്ടുകഴിഞ്ഞതാണ്. മുസ്‌ലിംലീഗിന്റെ അഭാവത്തിൽ മുസ്‌ലിംങ്ങൾ പലരും കമ്യൂണിസ്റ്റ് ആദിയായ പാർട്ടികളിൽ ചേർന്നു പോയതും, ലീഗിന്റെ സംഘടന വന്നതോടുകൂടി അവരിൽ ഒരു വലിയ വിഭാഗം ലീഗിൽ ചേരുകവഴി ഇസ്‌ലാമിന്റെ വ്യത്തത്തിലേക്കു വീണ്ടും വന്നതും ലീഗിന്റെ അത്യാവശ്യകത സന്ദേഹമെന്യേ തെളിയിച്ചിരിക്കുന്നു. നിയമസഭകളിലേക്കും പാർലിമെണ്ടിലേക്കും കുറെ പ്രതിനിധികളെ തിരഞ്ഞെടു

mappilaheritagelibrary.com

ക്കുവാനോ തിരഞ്ഞെടുപ്പുകളിൽ സ്വാധീനം ചെലുത്തുവാനോ മാത്രമല്ല മുസ്‌ലിംലീഗ് നിലകൊള്ളുന്നതെന്നും ആ കാര്യപരിപാടിയില്ലെങ്കിൽ തന്നെ മുസ്‌ലിംസമുദായം മുസ്‌ലിംസമുദായമായി നിലനിൽക്കുന്നതിനു ലീഗ് സംഘടന ഒരു ഒഴിച്ചു കൂടാത്ത ആവശ്യമാണെന്നു കാണിക്കുവാനാണ് പ്രസ്തുത സംഗതി ഞാൻ മുസ്‌ലിംങ്ങളുടെ ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കുന്നത്. പാർലിമെണ്ടിലും നിയമസഭകളിലും ലീഗ് പ്രതിനിധികൾ ഉണ്ടാകുന്നതു കൊണ്ടുള്ള പ്രയോജനം നാം കണ്ടുകഴിഞ്ഞതാണ്. മദിരാശി അസംബ്ലിയിൽ മുസ്‌ലിംങ്ങളുടെ പലവിധ അവശതകൾക്കു പരിഹാരം വരുത്തുവാനും ഒരു ശരീഅത്ത് ആക്ട് തന്നെ പാസ്സാക്കിക്കുവാനും മുസ്‌ലിംലീഗ് പാർട്ടിക്ക് സാധിച്ചു. സ്കൂൾ സമയത്തിന്റെ മുമ്പോ പിമ്പോ മതപഠനം സ്കൂളുകളിൽ ആവാമെന്നു ഒരു ഗവർമ്മെണ്ട് ആഡർ പുറപ്പെടുവിപ്പിക്കുവാനും അറബി പണ്ഡിതന്മാരോട് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചെയ്യപ്പെട്ട കടുത്ത അനീതിക്ക് പരിഹാരം ഉണ്ടാക്കുവാനും, പബ്ലിക്ക് സർവ്വീസ് കമ്മീഷനിലും കലക്ടർ ഗ്രെയിഡിലുള്ള ഉദ്യോഗങ്ങളിലും മറ്റും മുസ്ലിം പ്രാതിനിദ്ധ്യം കൈവരുത്തുവാനും ലീഗ് അസംബ്ലി പാർട്ടിക്ക് കഴിഞ്ഞിട്ടുണ്ട്. പാർലിമെണ്ടിൽ ലീഗ് പ്രതിനിധികളായ ജ: ഇസ്മായിൽ സാഹിബും, ജ: പോക്കർ സഹിബും ചെയ്ത ശക്തിയേറിയ വാദങ്ങളുടെ ഫലമായിട്ടാണ്- സ്പെഷൽ വിവാഹനിയമം വഴി ശരീഅത്ത് നിയമത്തിൽ ചില കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടെങ്കിലും-മുസ്‌ലിംകൾക്ക് അവരുടെ വ്യക്തിനിയമം അഥവാ ശരീഅത്ത് നിയമം അനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടനയിലെ ഒരു ലക്ഷ്യമായ ഏകീകൃത സിവിൽ കോഡിന്റെ പേരിൽ ഇതുവരെ നിഷേധിക്കപ്പെടാതിരുന്നിട്ടുള്ളതെന്ന പരമാർത്ഥം ആർക്ക് നിഷേധിക്കുവാൻ കഴിയും? പാർലിമെണ്ടിലും നിയമസഭകളിലും നമ്മുടെ കുറെ പ്രതിനിധികൾ ഉണ്ടായതുകൊണ്ട് എന്താണ് പ്രയോജനം എന്നു ചോദിക്കുന്നവർ മേൽപ്പറഞ്ഞ സംഗതികൾ ഓർക്കുന്നത് നന്നായിരിക്കും. കൂടാതെ ലീഗിന്റെ ആഹ്വാനമനുസരിച്ച് സംഘടിതമായ വിധത്തിൽ മുസ്‌ലിംങ്ങൾ വോട്ടു ചെയ്യുന്നതുകൊണ്ട് അവർക്ക് ജനായത്ത വ്യവസ്ഥിതിയിൽ നമ്മുടെ സ്ഥാനാർത്ഥികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പോലും വിലയേറിയ പല നേട്ടങ്ങളും ഉണ്ടാകുന്നതാണെന്ന് പറയേണ്ടതില്ലല്ലോ. നമ്മുടെ അവശതാപരിഹാരത്തിനും ആവശ്യനിർവ്വഹണത്തിനും നാം പിന്താങ്ങി വിജയിപ്പിക്കുന്ന അമുസ്ലിം സ്ഥാനാർത്ഥികൾ പലപ്പോഴും പ്രയോജനപ്പെടുന്നതാണ്. ഈ മാതിരി പരിഗണനകൾ വെച്ചാണ് മുസ്‌ലിംലീഗ് അതിന്റെ പാർലിമെണ്ടറി പ്രോഗ്രാം അഥവാ തിരഞ്ഞെടുപ്പ് പരിപാടി നിലനിർത്തുന്നത്.

എന്നാൽ ലീഗിന് സംഘടനാപരവും സാമൂഹ്യവും സാമ്പത്തികവുമായ ഒരു കാര്യപരിപാടിയുണ്ടെന്നുള്ളത് പലപ്പോഴും നാം വിസ്മരിച്ചു കളയുന്നു. ആ കാര്യ പരിപാടിയിലേക്ക് തെരഞ്ഞെടുപ്പുകൾ കഴിഞ്ഞ ഈ സന്ദർഭത്തിൽ മുസ്‌ലിംലീഗ് ശാഖാകമ്മിറ്റികളുടെയും ലീഗ് പ്രവർത്തകന്മാരുടേയും ശ്രദ്ധയെ ഞാൻ ക്ഷണിച്ചു കൊള്ളുന്നു. തിരഞ്ഞെടുപ്പുകളിൽ ലീഗിന്റെ ആഹ്വാനമനുസരിച്ച് അവർ ചെയ്ത ഏറ്റവും മഹത്തരവും നിസ്വാർത്ഥവുമായ സേവനങ്ങൾ മൂലം നമുക്കുണ്ടായ വമ്പിച്ച വിജയം ഞാൻ ഉള്ളഴിഞ്ഞ കൃതജ്ഞതയോടെ സ്മരിക്കുകയും അവരെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ചെയ്യുന്നതോടെ, താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് നമ്മുടെ സൃഷ്ടിപരമായ കാര്യപരിപാടി വിജയപൂർവ്വം നടപ്പിൽ വരുത്തുവാൻ സാദരം അഭ്യർത്ഥിക്കുന്നു:

കേരളത്തിൽ തിരഞ്ഞെടുപ്പിന് ശേഷമുണ്ടായിട്ടുള്ള രാഷ്ട്രീയ സംഭവവി

mappilaheritagelibrary.com

കാസങ്ങളെ ചൂഷണം ചെയ്തു കൊണ്ടു കമ്യൂണിസ്റ്റുകൾ ആദിയായ കക്ഷികൾ ജനങ്ങളുടെ ഇടയിൽ ചിന്താകുഴപ്പങ്ങൾ ഉണ്ടാവാനും പാർട്ടി ആധിപത്യം സ്ഥാപിക്കുവാനും കിണഞ്ഞു പരിശ്രമിക്കുന്നു. നമ്മുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിപ്പിക്കുവാനുള്ള ഒരു ആഹ്വാനമായി വേണം നാം അതിനെ കണക്കാക്കുവാൻ.

എറണാകുളത്തു വെച്ചു മാർച്ച് 30-ാം തിയ്യതി ചേർന്ന കേരള മുസ്‌ലിംലീഗ് കൗൺസിൽ യോഗം ഈ കാര്യത്തിൽ നമുക്ക് ഒരു ഉൽബോധനം നൽകിയിട്ടുണ്ടല്ലോ.

അതുകൊണ്ട് കേരളത്തിൽ മുസ്‌ലിംലീഗ് ശാഖകളില്ലാത്ത എല്ലാ മഹല്ലുകളിലും ശാഖകൾ സ്ഥാപിക്കുവാൻ ഓരോ ലീഗ് കമ്മിറ്റിയും പ്രവർത്തകനും സംഘടിതമായോ, വ്യക്തിഗതമായോ പരിശ്രമിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ആവശ്യമുള്ള മെമ്പർഷിപ്പ് ബുക്കുകളും നിർദ്ദേശങ്ങളും അതാത് ഡിസ്ട്രിക്ട് കമ്മിറ്റി ആഫീസ്സുകളിൽ നിന്നോ, സ്റ്റെയിറ്റ് ലീഗാഫീസിൽ നിന്നോ ലഭിക്കുന്നതാണ്. ലീഗ് അനുഭാവികളുടെ യോഗങ്ങൾ വിളിച്ചു കൂട്ടി കമ്മിറ്റികൾ രൂപീകരിക്കുന്നതിനു താമസം വരുത്താതിരിക്കുകയാണ് വേണ്ടത്. മെമ്പർമാരെ ഔപചാരികമായി ചേർക്കുന്നത് പലപ്പോഴും കമ്മിറ്റി രൂപീകരണത്തിന് ശേഷമായിരിക്കും പ്രയോഗിമായിരിക്കുക. അംഗങ്ങളെ ചേർത്തിയതിനു ശേഷം അവരുടെ യോഗത്തിൽവെച്ച് പ്രസ്തുത കമ്മിറ്റികളെ പുനസംഘടിക്കാമല്ലൊ.

മേൽ സൂചിപ്പിച്ച പ്രകാരം ലീഗ് ശാഖാ കമ്മിറ്റികൾ നമ്മുടെ സൃഷ്ടിപരമായ കാര്യപരിപാടി പ്രവൃത്തിയിൽ കൊണ്ടുവരുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഈ കാര്യപരിപാടി കഴിഞ്ഞ രണ്ടു ദശാബ്ദമായി പലപ്രാവശ്യവും ലീഗ് ശാഖകളുടെ ദൃഷ്ടിയിൽ പെടുത്തിയിട്ടുള്ളതും ചില കമ്മിറ്റികൾ അതിലെ ചില ഇനങ്ങൾ നടപ്പിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്.

എന്നാൽ അഭൂതപൂർവ്വമായ ഉത്സാഹത്തോടുകൂടി നാട്ടിൽ സർവ്വത്ര അത് പ്രയോഗത്തിൽ കൊണ്ടുവരികയാണ് നമ്മുടെ ഇന്നത്തെ അടിയന്തരമായ ആവശ്യം. റംസാൻ ആരംഭിക്കുന്നതിനു മുമ്പായി തന്നെ ചില ലീഗ് കമ്മിറ്റികൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സബ്ബ് കമ്മിറ്റികൾ ഏർപ്പെടുത്തിയതു തികച്ചും അഭിനന്ദാർഹമാണ്.

സൃഷ്ടിപരമായ കാര്യപരിപാടിയിൽ മുൻഗണ നൽകേണ്ട വിഷയങ്ങൾ:

1. വിദ്യാഭ്യാസത്തിന് പ്രായമായ എല്ലാ മുസ്ലിം ബാലികാ ബാലന്മാരേയും വിദ്യാലയങ്ങളിൽ അയച്ച് പഠിപ്പിക്കുകയും, പ്രായപൂർത്തി വന്നവർക്ക് വിശേഷിച്ച് തൊഴിലാളികൾ, സാധുക്കളായ കർഷകന്മാർ എന്നിവർക്ക് സാമാന്യമായ മതപഠനവും ലൗകിക വിദ്യാഭ്യാസവും നൽകുന്ന നിശാപാഠശാലകൾ ഏർപ്പെടുത്തുകയും ചെയ്യുക തൊഴിലാളികളുടേയും കർഷകരുടേയും അവശതാപരിഹാരത്തിനു മുൻകൈ എടുക്കുകയും എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുകയും ചെയ്യുക.

പതങ്ങളും പുസ്തകങ്ങളും വായിക്കുവാൻ മുസ്ലിം പൊതുജനങ്ങളെ പ്രോത്സാഹിക്കുകയും അതിലേക്കുവേണ്ട വായനശാലകളോ വായന കേന്ദ്രങ്ങളോ ഏർപ്പെടുത്തുകയും ചെയ്യുക.

'സക്കാത്ത്' മതവിധിപ്രകാരം അതാത് കമ്മിറ്റികളുടെ അധികാരാതിർത്തിയിൽ പെട്ട എല്ലാവരിൽ നിന്നുമോ, ഇല്ലെങ്കിൽ അതിനു സമ്മതിക്കുന്നവരിൽ

mappilaheritagelibrary.com

നിന്നോ പിരിച്ചെടുത്തു അതു ലഭിക്കുവാൻ അർഹതയുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുക. കൂടാതെ സദഖയായി ഫണ്ട് ശേഖരിച്ച് ജാതിമതഭേദമെന്യേ സാധുക്കളും ദുരിതം അനുഭവിക്കുന്നവരുമായ ആളുകൾക്കു ആശ്വാസവും രക്ഷയും നൽകുക.

4. അനിസ്ലാമികമായ ആചാരങ്ങളേയും ദുർവ്യയങ്ങളേയും ഉപേക്ഷിക്കുവാൻ ജനങ്ങളെ ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക.

5. ശാഖാ സംഘങ്ങൾ അതാത് സ്ഥലങ്ങളിൽ ഉപകാരപ്രദവും വിജയപ്രദവും ആയിത്തീരുമെന്നു കാണുന്ന കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും വ്യവസ്ഥപ്പെടുത്തുകയും സ്വദേശിസാമാനങ്ങളെ കഴിയുന്നതും പ്രചരിപ്പിക്കുകയും ചെയ്യുക. പഞ്ചവത്സര പദ്ധതി സംബന്ധമായ പ്രവർത്തനങ്ങളിലും ദേശീയവികസനപദ്ധതികൾ വിജയിപ്പിക്കുന്നതിലും സജീവമായി പങ്കെടുക്കുക.

6. മുസ്‌ലിംകളുടെ ഇടയിലുണ്ടാകുന്ന കക്ഷിമത്സരങ്ങളേയും ദുർവ്യവഹാരങ്ങളേയും ഇല്ലാതാക്കി ഐക്യത്തേയും സഹോദരത്വത്തേയും പാലിക്കുവാൻ പരിശ്രമിക്കുക.

7. മുസ്‌ലിംകളുടെ മതബോധത്തെ വളർത്തുവാനും അവർ മതാനുഷ്ഠാനങ്ങളിൽ നിഷ്ഠയുള്ളവരായിരിക്കുവാനും വിശേഷിച്ച് പ്രതിദിനം ജമാഅത്തായുള്ള നമസ്കാരവും, ജുമുഅഃനമസ്കാരവും, മുസ്‌ലിംകൾ അനുഷ്ഠിക്കുവാനും പരിശ്രമിക്കുക.

8. മുസ്‌ലിംകളുടെ ഇടയിൽ കായികപരിശീലനകേന്ദ്രങ്ങൾ ഏർപ്പെടുത്തുക.

9. മുസ്‌ലിംലീഗിന്റെ സൃഷ്ടിപരമായ കാര്യപരിപാടി നടപ്പിൽ വരുത്തുവാനും മറ്റും സഹായമായിത്തീരുന്ന ഒരു സന്നദ്ധ സംഘം ഓരോ ലീഗ് ശാഖാ സംഘത്തോടും അനുബന്ധിച്ചു രൂപീകരിക്കുക.

10. നിർമ്മാണാത്മകമായ പരിപാടി നടത്തുവാൻ ഫലപ്രദവും പ്രായോഗികവുമായ മറ്റു പദ്ധതികൾ ആസൂത്രണം ചെയ്യുക. അഭിലഷണീയവും സാദ്ധ്യവുമാണെന്നു കമ്മിറ്റികൾക്കു തോന്നുന്നപക്ഷം അപ്രകാരം ചെയ്യുക.

(1957)

mappilaheritagelibrary.com

9
കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ്
ഘടനയും നിയമങ്ങളും– 1958

1. പേരും സ്ഥലവും:

ഈ സംഘത്തിന്റെ പേർ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് എന്നായിരിക്കുന്നതും, ഇത് കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് എന്ന നിലയിൽ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിനോടു അനുബന്ധിച്ചിരിക്കുന്നതുമാകുന്നു. കേരളസ്റ്റേറ്റു മുസ്‌ലിംലീഗിന്റെ ആഫീസ് കേരളസ്റ്റേറ്റ് മുസ്‌ലിംലീഗു കൗൺസിൽ തീരുമാനിക്കുന്ന സ്ഥലത്ത് ആയിരിക്കുന്നതാണ്.

2. ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും:

(a) ഇന്ത്യൻ യൂനിയന്റെ സ്വാതന്ത്ര്യവും അഭിമാനവും നിലനിർത്തുകയും സംരക്ഷിക്കുകയും സ്ഥാപിക്കുകയും സഹായിക്കുകയും നാട്ടിലെ ജനങ്ങളുടെ അന്തസ്സും സുഖവും വർദ്ധിപ്പിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യുക.

(b) ഇന്ത്യൻ യൂനിയനിലെ മുസ്‌ലിംങ്ങളുടെ സാംസ്കാരികവും സാമൂഹ്യവും വിദ്യാഭ്യാസപരവും സാമ്പത്തികവും രാഷ്ട്രീയവും ഭരണപരവും മറ്റുമായ എല്ലാ ന്യായമായ അവകാശങ്ങളും താല്പര്യങ്ങളും കരസ്ഥമാക്കുകയും രക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക.

(c) ഇന്ത്യയിലെ മുസ്‌ലിംങ്ങളും മറ്റു സമുദായക്കാരും തമ്മിൽ പരസ്പരവിശ്വാസവും സന്മനസ്സും സ്നേഹവും മതിപ്പും രഞ്ജിപ്പും ഐക്യവും വളർത്തുക.

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് ഘടന

3. കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ്:

(a) ഈ നിയമങ്ങൾക്കനുസരിച്ച് രൂപവൽക്കരിക്കപ്പെടുന്ന ജില്ലാ മുസ്‌ലിംലീഗുകളിൽ നിന്നും ചുവടെ വരുന്ന വ്യവസ്ഥകൾ അനുസരിച്ചു തിരഞ്ഞെടുക്കപ്പെടുന്ന മെമ്പർമാരും

(b) ജില്ലാ മുസ്‌ലിംലീഗുകളുടെ പ്രസിഡണ്ടുമാരും

(c) കേരളസ്റ്റേറ്റിലെ ഏതെങ്കിലുമൊരു പ്രാഥമിക മുസ്‌ലിംലീഗിലെ അംഗങ്ങളായിരിക്കുന്ന പക്ഷം കേരളസ്റ്റേറ്റിൽ നിന്നു പാർല്ലിമെണ്ടിലേക്കും കേരള നിയമസഭയിലേക്കും മുസ്‌ലിംലീഗു സ്ഥാനാർത്ഥികളായി തിരഞ്ഞെടുക്കപ്പെടുന്ന മെമ്പറന്മാരും

(d) കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ ഈ നിയമങ്ങളനുസരിച്ചു കേരളസ്റ്റേറ്റ്

mappilaheritagelibrary.com

മുസ്‌ലിംലീഗിന്റെ പ്രസിഡണ്ടന്മാരായിരുന്നിട്ടുള്ള ആളുകൾ സ്റ്റേറ്റിലെ ഏതെങ്കിലുമൊരു പ്രാഥമിക മുസ്‌ലിംലീഗിൽ അംഗങ്ങളാണെങ്കിൽ അവരും

(e) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് ഉദ്യോഗസ്ഥന്മാരും

(f) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രവർത്തക കമ്മറ്റിയിലുള്ള കേരള സ്റ്റേറ്റിലെ മെമ്പറന്മാരും ഉൾപ്പെട്ടതായിരിക്കും.

4. ജില്ലാ ലീഗ് സ്ഥാപനം:-

കേരളത്തിലെ ഓരോ റവന്യൂ ജില്ലക്കും ഓരോ ജില്ലാ മുസ്‌ലിംലീഗ് രൂപവൽക്കരിക്കപ്പെടുന്നതാണ്.

5. ഓരോ ജില്ലാലീഗും ഈ നിയമങ്ങൾ പ്രകാരം അതാതു ജില്ലയിൽ രൂപവല്ക്കരിക്കപ്പെടുന്ന പ്രാഥമിക ലീഗുകളാൽ വഴിയെ വരുന്ന വ്യവസ്ഥകളനുസരിച്ചു തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ഉൾക്കൊണ്ടതായിരിക്കും. അപ്രകാരമുള്ള പ്രതിനിധികളുടെ ഒന്നാമത്തെ സമ്മേളനം. കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിൽ നിശ്ചയിക്കുന്ന സമയത്ത് വിളിച്ചു കൂട്ടേണ്ടതും, ആ സമ്മേളനത്തിൽ വെച്ചു 12-ാം വകുപ്പിൽ പറയും പ്രകാരമുള്ള അതാത് ജില്ലാലീഗിന്റെ ഉദ്യോഗസ്ഥന്മാരേയും നിർവ്വാഹകകമ്മിറ്റിയിലെ മറ്റു അംഗങ്ങളേയും, 16-ാം വകുപ്പിൽ പറയുന്ന സ്റ്റേറ്റ് മുസ്‌ലിംലീഗിലേയും പ്രതിനിധികളേയും തിരഞ്ഞെടുക്കേണ്ടതുമാകുന്നു. മേല്പറഞ്ഞ യോഗത്തിൽ നിലവിലുള്ള പ്രസിഡണ്ടുമാർ അദ്ധ്യക്ഷം വഹിക്കുന്നതും അയാൾക്കു ഒരു വോട്ടും "കാസ്റ്റിംഗ്" വോട്ടും (തീർപ്പുവോട്ട്) ഉണ്ടായിരിക്കുന്നതുമാകുന്നു. മേല്പറഞ്ഞ യോഗത്തിന്റെ നടപടികളുടെ റിപ്പോർട്ടു കേരളസ്റ്റേറ്റു മുസ്‌ലിംലീഗിനു അയച്ചുകൊടുക്കേണ്ടതും, ആ നടപടികൾ ഈ നിയമങ്ങൾ അനുസരിച്ചു തന്നെയായിരുന്നുവെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിൽ ആ ജില്ലാ ലീഗിനെ അംഗീകരിച്ചതായി പ്രഖ്യാപിക്കേണ്ടതുമാകുന്നു. നിർവ്വാഹക സംഘത്തിലെ ഉദ്യോഗസ്ഥന്മാരും മറ്റു മെമ്പറന്മാരും സ്റ്റേറ്റ് മുസ്‌ലിംലീഗിലേക്കുള്ള പ്രതിനിധികളുമായി പ്രസ്തുത യോഗത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന ആളുകൾ 38-ാം വകുപ്പു പ്രകാരം കൂടുന്ന പിന്നത്തെ യോഗത്തിൽ വെച്ചു തങ്ങളുടെ പിൻഗാമികൾ തിരഞ്ഞെടുക്കപ്പെടുന്നതുവരെ ടി സ്ഥാനങ്ങൾ വഹിക്കുന്നതാണ്.

6. താലൂക്കു കമ്മിറ്റി സ്ഥാപനം:-

മുസ്‌ലിംലീഗിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കുവേണ്ടി റവന്യൂ താലൂക്കുകളുടെ അടിസ്ഥാനത്തിൽ താലൂക്ക് മുസ്‌ലിംലീഗ് കമ്മിറ്റികൾ രൂപീകരിക്കപ്പെടേണ്ടതാണ്. അതാത് താലൂക്കുകളുടെ പരിധിയിൽപെട്ട പ്രാഥമിക ലീഗുകൾ വാർഷികയോഗത്തിൽ വെച്ചു 100-ക്കു 3 വീതം പ്രതിനിധികളെ താലൂക്കു കമ്മിറ്റിയിലേക്കു തിരഞ്ഞെടുക്കേണ്ടതും പ്രസ്തുത പ്രതിനിധികൾ താലൂക്കു മുസ്‌ലിംലീഗ് രൂപീകരണത്തിനുവേണ്ടി വിളിക്കപ്പെടുന്ന യോഗത്തിൽ സംബന്ധിച്ചു കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്.

7. ടൗൺകമ്മിറ്റി സ്ഥാപനം:-

ഏതെങ്കിലും കോർപറേഷനിലോ, മുനിസിപ്പാലിറ്റികളിലോ ഒന്നിലധികം വാർഡ്കമ്മിറ്റികളോ ശാഖാകമ്മിറ്റികളോ ഉണ്ടായിരിക്കുന്ന പക്ഷം അവയെ കൂട്ടിച്ചേർത്ത് അങ്ങിനെയുള്ള കോർപറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഓരോ ടൗൺ മുസ്‌ലിംലീഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാകുന്നു. ടി.കമ്മിറ്റികൾക്കു താലൂക്കു കമ്മിറ്റികളുടെ ഘടനയും സ്ഥാനവും ഉണ്ടായിരിക്കുന്നതാണ്. അതാത് ടൗണുകളുടെ പരിധിയിൽപെട്ട പ്രാഥമികലീഗുകൾ അവയുടെ വാർഷികയോഗത്തിൽവെച്ചു 100-ക്ക് 3 വീതം പ്രതിനിധികളെ ടൗൺ കമ്മിറ്റി

mappilaheritagelibrary.com

യിലേക്കു തിരഞ്ഞെടുക്കേണ്ടതും പ്രസ്തുത പ്രതിനിധികൾ ടൗൺ മുസ്‌ലിംലീഗ് രൂപീകരണത്തിനുവേണ്ടി വിളിച്ചു കൂട്ടുന്ന മേൽപറഞ്ഞ യോഗത്തിൽ സംബന്ധിച്ചു കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്.

8. ഫർക്കാലീഗ് സ്ഥാപനം:-

നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ മുസ്‌ലിംലീഗ് പ്രവർത്തനങ്ങൾ ഫലപ്രദമായി പുരോഗമിപ്പിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റു അസംബ്ലിയുടെ ഓരോ നിയോജകമണ്ഡലത്തെയും ഒരു ഫർക്കയായി പരിഗണിച്ചു അവയിൽ ഓരോ മുസ്‌ലിംലീഗു ഫർക്കാകമ്മിറ്റി രൂപീകരിക്കപ്പെടുന്നതാണ്.

അതാത് ഫർക്കയിലെ പ്രാഥമികലീഗുകൾ വഴിയെ വരുന്ന വ്യവസ്ഥകൾ അനുസരിച്ചു തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഉൾക്കൊണ്ട അതാത് ഫർക്കകളിലെ പ്രാഥമിക ലീഗുകളിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി അതിൽവെച്ചു ഫർക്കാലീഗുകമ്മിറ്റി രൂപീകരിക്കേണ്ടതാകുന്നു. ഓരോ പ്രാഥമിക ലീഗിനും 100 അംഗങ്ങൾക്കു 3 പ്രതിനിധികളെ വീതം ഫർക്കാ കമ്മിറ്റികളിലേക്കു തിരഞ്ഞെടുക്കാവുന്നതാണ്. പ്രാഥമിക ലീഗുകൾ ഡിസ്ട്രിക്ട് കമ്മിറ്റിയുമായി നടത്തുന്ന പ്രധാന കത്തിടപാടുകളെപ്പറ്റി ഫർക്കാ മുസ്‌ലിംലീഗ് കമ്മിറ്റിയേയും അറിയിക്കേണ്ടതാകുന്നു.

9. പ്രാഥമിക ലീഗ് സ്ഥാപനം:-

(a) ഓരോ മുൻസിപ്പാലിറ്റിയുടേയോ കോർപറേഷന്റെയോ അധികാരസിരകളിലും, ഒന്നോ അധികമോ വാർഡുകളുടെ അടിസ്ഥാനത്തിലും, മുൻസിപ്പാലിറ്റികളും പഞ്ചായത്തുകളും രൂപീകരിക്കപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ ഒന്നോ അധികമോ ബ്ലോക്കുകളുടെ അടിസ്ഥാനത്തിലും കേരളാസ്റ്റേറ്റു മുസ്‌ലിംലീഗ് കൗൺസിൽ നിശ്ചയിക്കുന്ന മറ്റേതെങ്കിലും അടിസ്ഥാനത്തിലും ഓരോ പ്രാഥമിക ലീഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാകുന്നു. പ്രാഥമികലീഗ് കമ്മിറ്റികൾ അതാത് ഫർക്കാകമ്മിറ്റികളുടേയും, താലൂക്ക് കമ്മിറ്റികളുടേയും കീഴ്ഘടകങ്ങളായിരിക്കുന്നതുമാകുന്നു. ഏഴാം വകുപ്പിൽ പറഞ്ഞ നൂറോ അതിലധികമോ പേർ പ്രാഥമിക ടൗൺകമ്മറ്റികളുടേയും മെമ്പർമാരായി ചേർന്ന സ്ഥലത്തു മാത്രമേ ശാഖാകമ്മിറ്റികൾ രൂപീകരിക്കാൻ പാടുള്ളു.

വിശദീകരണം:- ചില പ്രത്യേക പരിതസ്ഥിതികളിൽ 100-ൽ കുറഞ്ഞ മെമ്പർമാരുള്ള ശാഖകൾക്കു അംഗീകരണം ശുപാർശ ചെയ്യാൻ അതാതു ജില്ലാ കമ്മിറ്റികൾക്കധികാരമുണ്ടാവുന്നതാണ്.

(b) മേൽവകുപ്പിൽ പ്രസ്താവിച്ച പ്രകാരം ഒരു പ്രദേശത്ത് സ്ഥാപിക്കപ്പെടുന്ന മുസ്‌ലിംലീഗ് ആ പ്രദേശത്തെ പ്രാഥമിക മുസ്‌ലിംലീഗ് ആയിരിക്കുന്നതാണ്. ഈ നിയമപ്രകാരം 9 (a) വകുപ്പിൽ പറയുന്ന ഏതെങ്കിലും ഒരു പ്രദേശത്തിൽ നിന്നും മുസ്‌ലിംലീഗിൽ അംഗങ്ങളായി ചേർന്നിട്ടുള്ളവരുടെ യോഗം ചേരേണ്ടതും അതിൽ വെച്ചു ആ പ്രദേശത്തെ പ്രാഥമിക മുസ്‌ലിംലീഗ് രൂപീകരിക്കേണ്ടതും അവരിൽ നിന്നു ഇരുപത്താറാം വകുപ്പിൽ പറയുന്ന ഉദ്യോഗസ്ഥന്മാരേയും നിർവ്വാഹകസംഘത്തിലെ മറ്റു അംഗങ്ങളേയും തിരഞ്ഞെടുക്കേണ്ടതും അങ്ങിനെ തിരഞ്ഞെടുക്കപ്പെടുന്നവർ അടുത്ത വാർഷിക യോഗം ചേർന്നു പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതുവരെ ആ ഉദ്യോഗങ്ങൾ വഹിക്കുന്നതുമാകുന്നു.

(c) പ്രാഥമികലീഗിന്റെ അധികാരപരിധിയായ ഏതെങ്കിലും ഒരു പ്രദേശത്ത് ഒന്നിലധികം പ്രഥമികലീഗുകൾ ഉണ്ടായിരിക്കുവാൻ പാടില്ലാത്തതാകുന്നു.

(d) ആവശ്യമാണെന്നു കാണുന്ന സ്ഥലങ്ങളിലെ പ്രാഥമിക ലീഗുകളെ

mappilaheritagelibrary.com

വിഭജിക്കുവാനും അവയുടെ പരിധി വ്യത്യാസപ്പെടുത്തുവാനും കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിലിനു അധികാരമുണ്ടായിരിക്കുന്നതാണ്.

10. സമാജികത്വവും വരിസംഖ്യയും:

(എ) ഇന്ത്യൻ യൂനിയനിലെ ഒരു നിവാസിയും 18 വയസ്സിൽ കുറയാതെ പ്രായമുള്ള ആളും ആയ ഏതൊരു മുസ്ലിം പുരുഷനും സ്ത്രീക്കും ഒരു പ്രാഥമി കലീഗിൽ മെമ്പറാകുവാൻ അർഹതയുണ്ട്. എന്നാൽ മേല്പറഞ്ഞ നിബന്ധന കളിൽ ഏതെങ്കിലും ഒന്നിൽ നിന്നോ എല്ലാറ്റിൽ നിന്നുമോ കേരളാസ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിന് ഏതൊരാളേയും ഒഴിവാക്കാവുന്നതാണ്.

(ബി) ഒരു പ്രാഥമിക ലീഗിലെ മെമ്പറായിരിക്കുന്ന ആരും തന്നെ മറ്റേ തെങ്കിലും രാഷ്ട്രീയ സംഘടനയിലൊ കക്ഷിയിലോ അംഗമായിരിക്കുവാൻ പാടു ള്ളതല്ല.

(സി) സ്റ്റേറ്റ് അസംബ്ലിയിലൊ പാർല്ലിമെണ്ടിലോ തദ്ദേശസഭകളിലോ അംഗമായിരിക്കുകയും അതോടുകൂടി ഏതെങ്കിലും പ്രാഥമിക ലീഗിൽ അംഗ മായിരിക്കുകയും ചെയ്യുന്ന ഒരാൾ താൻ മെമ്പറായിരിക്കുന്ന സഭയിലെ മുസ്‌ലിംലീഗ് കക്ഷിയിൽ അംഗമായിരിക്കേണ്ടതാണ്.

വിശദീകരണം;- ഈ നിബന്ധനയിൽ നിന്നു പ്രത്യേക കാരണങ്ങളാൽ ആരെങ്കിലും ഒഴിവാക്കുവാൻ സ്റ്റേറ്റ് മുസ്‌ലിംലീഗ് വർക്കിംഗ് കമ്മിറ്റിക്കു അധി കാരമുണ്ടായിരിക്കുന്നതാണ്.

(ഡി) ലീഗിന്റെ ആദർശത്തിനു വിരുദ്ധമല്ലാത്ത ആദർശത്തോടുകൂടിയ മറ്റേതെങ്കിലും രാഷ്ട്രീയ സംഘടനയോട് ലീഗിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങ ളും സാധിക്കുന്നതിനുവേണ്ടി ലീഗും ആ സംഘടനയുമായി യോജിച്ചു തീരുമാ നിക്കുന്ന നിബന്ധനകളിന്മേൽ കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗിന് ആ സംഘടന യുമായി സഖ്യത്തിൽ ഏർപ്പെടാവുന്നതാണ്.

(ഇ) മേല്പറഞ്ഞ നിബന്ധനകൾ പൂർത്തിയാക്കാത്തവരുടെ പേരുകൾ മുസ്‌ലിംലീഗിന്റെ അംഗത്വത്തിൽ നിന്നു നീക്കാവുന്നതാണ്.

(എഫ്) പ്രാഥമിക ലീഗിലെ ഓരോ അംഗവും പ്രതിവർഷം രണ്ടണവീതം വരിസംഖ്യ അടക്കേണ്ടതാണ്.

11 (എ) മെമ്പറന്മാരായി ചേരുന്നതിനുള്ള ഓരോ അപേക്ഷ ഒന്നിച്ചും രണ്ടണ അടക്കേണ്ടതും മെമ്പറായി ചേരുവാനുള്ള അപേക്ഷ എന്ന പട്ടികയായി ചേർത്തിട്ടുള്ള ഫോറത്തിൽ ആയിരിക്കേണ്ടതും അതിൽ അപേക്ഷകൻ ലീഗിന്റെ ഉദ്ദേശങ്ങളും ആദർശങ്ങളും നിയമങ്ങളും അനുസരിക്കുമെന്നുള്ള ഒരു പ്രഖ്യാ പനം അടങ്ങിയിരിക്കേണ്ടതുമാണ്.

(ബി) മെമ്പറന്മാർ അടക്കുന്ന വാർഷിക വരിസംഖ്യയുടെ കാലാവധി അവർ അടച്ചത് ഏതു തിയ്യതി ആയിരുന്നാലും ഡിസംബർ 31-ാംനു അവസാ നിക്കുന്നതും അതു കഴിഞ്ഞു മൂന്നു മാസത്തിനുള്ളിൽ അടുത്ത കൊല്ലത്തേ ക്കുള്ള വരിസംഖ്യ അടച്ചു മെമ്പർസ്ഥാനം പുതുക്കാത്ത പക്ഷം അവരുടെ അംഗത്വം അവസാനിപ്പിക്കുവാൻ സ്റ്റേറ്റ് മുസ്‌ലിംലീഗിനു അധികാരമുള്ളതാകു ന്നു.

(സി) ഒരേ കാലത്തു യാതൊരാൾക്കും ഒന്നിലധികം പ്രാഥമിക ലീഗുക ളിലെ അംഗമായിരിക്കുവാൻ പാടുള്ളതല്ല.

12. ജില്ലാലീഗ് ഉദ്യോഗസ്ഥന്മാർ:

ലീഗിന്റെ പ്രവർത്തനം അതാത് ജില്ലകളുടെ പരിധിയിൽ നടത്തുന്നതി നായി ഓരോ ജില്ലാ ലീഗുകളും അതിലെ മെമ്പർമാരിൽ നിന്നും 5 ഉം 44ഉം വകുപ്പുകളിൽ പറഞ്ഞിട്ടുള്ള പോലെ താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരെ തിര

mappilaheritagelibrary.com

ഞ്ഞെടുക്കേണ്ടതാണ്.

1. ഒരു പ്രസിഡണ്ട്
2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ട്മാർ
3. ഒരു സെക്രട്ടറി
4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ
5. ഒരു ഖജാൻജി

കൂടാതെ ഉദ്യോഗസ്ഥന്മാരടക്കം 17 മെമ്പർമാരിൽ കുറയാത്തതും 25 മെമ്പർമാരിൽ അധികരിക്കാത്തതുമായ ഒരു പ്രവർത്തകസംഘം ജില്ലാ ലീഗിനു ഉണ്ടായിരിക്കേണ്ടതാണ്. ജില്ലാ കമ്മിറ്റി ഉദ്യോഗസ്ഥന്മാർ അവരുടെ ഔദ്യോഗിക സ്ഥാനം കൊണ്ടു പ്രവർത്തക സംഘത്തിലെ മെമ്പർമാരായിരിക്കുന്നതാണ്.

13. ജില്ലാലീഗ് വരിസംഖ്യ:

ജില്ലാമുസ്ലിംലീഗിലെ ഓരോ മെമ്പറും ജില്ലാലീഗിലേക്കു മുങ്കൂറായി ഒരു റുപ്പിക വീതം വാർഷിക വരിസംഖ്യ അടക്കേണ്ടതാണ്.

14. ജില്ലാലീഗ് ആസ്ഥാനം:

ഓരോ ജില്ലാലീഗിനും അതിന്റെ ആസ്ഥാനം യുക്തം പോലെ നിശ്ചയിക്കാവുന്നതാണ്.

15. ജില്ലാലീഗിന്റെ മേൽനോട്ടം:–

ജില്ലാ മുസ്‌ലിംലീഗുകൾ യഥാക്രമം അതാത് ജില്ലകളിലെ പ്രാഥമിക ലീഗുകളുടേയും ഫർക്കാ ലീഗുകളുടേയും താലൂക്ക് ലീഗുകളുടേയും ടൗൺലീഗുകളുടേയും പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കേണ്ടതും അവയെ ശരിയാംവിധം നിയന്ത്രിക്കേണ്ടതും അതാതു ജില്ലകളിൽ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിലെല്ലാം ഈ നിയമങ്ങൾക്കനുസരിച്ചു പുതിയ പ്രാഥമികലീഗുകൾ സ്ഥാപിക്കേണ്ടതുമാകുന്നു.

16. സ്റ്റേറ്റുലീഗിലേക്കുള്ള പ്രതിനിധികൾ:–

ഓരോ ജില്ലാലീഗിനും അതിലെ അംഗങ്ങളിൽ 10 പേർക്കു ഒരു പ്രതിനിധി വീതം കേരളാസ്റ്റേറ്റ് മുസ്‌ലിംലീഗിലേക്കു തിരഞ്ഞെടുത്തു അയക്കുവാൻ അവകാശമുണ്ടായിരിക്കും. എന്നാൽ അങ്ങിനെ അയക്കപ്പെടുന്ന പ്രതിനിധികൾ സ്റ്റേറ്റിലെ ഏതെങ്കിലും ഒരു പ്രാഥമിക ലീഗിലെ അംഗങ്ങളായിരിക്കേണ്ടതാണ് കേരളാസ്റ്റേറ്റ് മുസ്‌ലിംലീഗിലേക്കു ഒരിക്കൽ പ്രതിനിധികളെ തിരഞ്ഞെടുത്ത ശേഷം അതേ കൊല്ലത്തിൽ തന്നെ മെമ്പർമാരുടെ സംഖ്യ വർദ്ധിച്ചു എന്ന കാരണത്താൽ കൂടുതൽ പ്രതിനിധികളെ വീണ്ടും ആ കൊല്ലം കേരളാസ്റ്റേറ്റു മുസ്‌ലിംലീഗിലേക്കു തിരഞ്ഞെടുത്തയക്കുവാൻ യാതൊരു ജില്ലാ ലീഗിനും അവകാശമുണ്ടായിരിക്കയില്ല.

17. താലൂക്ക് ലീഗു ഉദ്യോഗസ്ഥന്മാർ:–

അതാത് താലൂക്കിലെ മുസ്‌ലിംലീഗ് പ്രവർത്തനങ്ങൾ സജീവവും ഫലപ്രദവുമാക്കുന്നതിനു ഓരോ താലൂക്കു ലീഗും അതിലെ അംഗങ്ങളിൽ നിന്നു താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്.

1. ഒരു പ്രസിഡണ്ട്
2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ടുമാർ
3. ഒരു സെക്രട്ടറി
4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ
5. ഒരു ഖജാൻജി

കൂടാതെ ഉദ്യോഗസ്ഥന്മാരടക്കം 17 മെമ്പർമാരിൽ കുറയാത്തതും 25 മെമ്പർമാരിൽ അധികരിക്കാത്തതുമായ ഒരു പ്രവർത്തകസംഘം ഉണ്ടായിരി

mappilaheritagelibrary.com

ക്കേണ്ടതും താലൂക്ക് ലീഗ് ഉദ്യോഗസ്ഥന്മാർ പ്രവർത്തക സംഘത്തിലെ ഔദ്യോഗിക മെമ്പറന്മരായിരിക്കുന്നതുമാണ്.

18. താലൂക്കു കമ്മറ്റിയുടെ പ്രവർത്തനങ്ങൾ:-

മുസ്‌ലിംലീഗിന്റെ പ്രവർത്തനങ്ങളുടെ ഫലപ്രദമായ പുരോഗമനത്തിനു വേണ്ടി സ്റ്റേറ്റുലീഗിന്റെയും ജില്ലാകമ്മറ്റിയുടേയും നിർദ്ദേശങ്ങൾക്കു വിധേയ മായും താലൂക്കു കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്. ഓരോ താലൂക്കു ലീഗിനും അതാതിന്റെ ആസ്ഥാനം യുക്തം പോലെ നിശ്ചയിക്കാവുന്നതാണ്.

19. ടൗൺലീഗു ഉദ്യോഗസ്ഥന്മാർ:-

അതാത് ടൗണിലെ ലീഗുപ്രവർത്തനങ്ങൾ സജീവവും ഫലപ്രദവുമാ ക്കുന്നതിന് ഓരോ ടൗണിലും അതിലെ അംഗങ്ങളിൽ നിന്ന് താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്.

1. ഒരു പ്രസിഡണ്ട്
2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ട്മാർ
3. ഒരു സെക്രട്ടറി
4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ
5. ഒരു ഖജാൻജി

കൂടാതെ ഉദ്യോഗസ്ഥന്മാരടക്കം 17 മെമ്പർമാരിൽ കുറയാത്തതും 25 മെമ്പർമാരിൽ അധികരിക്കാത്തതുമായ ഒരു പ്രവർത്തകസംഘം ഉണ്ടായിരി ക്കേണ്ടതും ടൗൺലീഗു ഉദ്യോഗസ്ഥന്മാർ പ്രവർത്തകസംഘത്തിലെ ഔദ്യോ ഗിക മെമ്പറന്മാരായിരിക്കുന്നതുമാണ്.

20. ടൗൺകമ്മിറ്റിയുടെ പ്രവർത്തനങ്ങൾ:-

മുസ്‌ലിംലീഗിന്റെ പ്രവർത്തനങ്ങളുടെ ഫലപ്രദമായ പുരോഗമനത്തിനു വേണ്ടി സ്റ്റേറ്റ് ലീഗിന്റേയും ജില്ലാകമ്മിറ്റിയുടേയും നിർദ്ദേശങ്ങൾക്കു വിധേയ മായി ടൗൺലീഗുകമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്. ഓരോ ടൗണിനും അതിന്റെ ആസ്ഥാനം യുക്തം പോലെ നിശ്ചയിക്കാവുന്നതാണ്.

21. ഫർക്കാലീഗ് ഉദ്യോഗസ്ഥന്മാർ:-

ലീഗിന്റെ പ്രവർത്തനം അതാതു ഫർക്കകളുടെ പരിധിയിൽ നടത്തുന്ന തിന്നായി ഓരോ ഫർക്കാലീഗും അതിലെ മെമ്പർമാരുടെ ഇടയിൽ നിന്നും 8ഉം 44ഉം വകുപ്പുകളിൽ പറഞ്ഞിരിക്കുന്നതുപോലെ താഴെ പറഞ്ഞിരിക്കുന്ന ഉദ്യോ ഗസ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്.

1. ഒരു പ്രസിഡണ്ട്
2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ടുമാർ
3. ഒരു സെക്രട്ടറി
4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ
5. ഒരു ഖജാൻജി

കൂടാതെ ഉദ്യോഗസ്ഥന്മാരടക്കം 17 മെമ്പർമാരിൽ കുറയാത്തതും 25 മെമ്പർമാരിൽ അധികരിക്കാത്തതുമായ ഒരു പ്രവർത്തകസംഘം ഉണ്ടാ യിരിക്കേണ്ടതും ഫർക്കാലീഗ് ഉദ്യോഗസ്ഥന്മാർ പ്രവർത്തക സംഘത്തിലെ ഔദ്യോഗികമെമ്പറായിരിക്കുന്നതുമാണ്.

22. ഓരോ ഫർക്കാലീഗിനും അതിന്റെ ആസ്ഥാനം യുക്തം പോലെ നിശ്ച യിക്കാവുന്നതാണ്.

23. **ഫർക്കാലീഗിന്റെ മേൽനോട്ടം:-**

ഫർക്കാ മുസ്‌ലിംലീഗുകൾ യഥാക്രമം അതാത് ഫർക്കകളിലെ പ്രാഥ മിക ലീഗുകളുടെ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കേണ്ടതും അവയെ

mappilaheritagelibrary.com

ശരിയാംവിധം ജില്ലാലീഗിന്റെ നിർദ്ദേശപ്രകാരം നിയന്ത്രിക്കേണ്ടതും കമ്മറ്റിക ളില്ലാത്ത സ്ഥലങ്ങളിലെല്ലാം പുതിയ പ്രാഥമിക ലീഗുകമ്മറ്റികൾ സ്ഥാപിക്കു വാൻ യത്നിക്കേണ്ടതുമാകുന്നു.

24. രജിസ്റ്റർ:-

ഓരോ പ്രാഥമികലീഗും അതിലെ അംഗങ്ങളുടെ പേരും വയസ്സ് സ്ത്രീയോ പുരുഷനോ എന്നുള്ള വിവരവും, ഓരോ അംഗങ്ങളേയും ചേർത്ത തിയ്യതിയും, മെമ്പർഷിപ്പ് നമ്പറും കാണിക്കുന്ന ഒരു രജിസ്റ്റർ വെച്ചുവരേണ്ട താണ്.

25. വരിസംഖ്യ വിനിയോഗം:-

ഓരോ മെമ്പറും രണ്ടണവീതം അടക്കുന്ന വാർഷികവരിസംഖ്യയിൽ 1/ 2 അണ വീതം താലൂക്ക് ലീഗിനും പ്രാഥമിക ലീഗു കൊടുക്കേണ്ടതും ബാക്കി യുള്ള 1/2 അണ പ്രാഥമിക ലീഗു തന്നെ എടുക്കേണ്ടതുമാകുന്നു. വരിസംഖ്യ യുടെ വീതത്തിൽ വ്യത്യാസം വരുത്തുവാൻ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിനു അവകാശമുണ്ടായിരിക്കുന്നതാണ്.

26. പ്രാഥമികലീഗു ഉദ്യോഗസ്ഥന്മാർ:-

ഓരോ പ്രാഥമികലീഗും അതിന്റെ പ്രവർത്തനം നടത്തുന്നതിനായി ഈ നിയമത്തിലെ 9 a, b വകുപ്പുകളിൽ പറഞ്ഞിട്ടുള്ള പ്രകാരം അതിന്റെ രൂപീകര ണഘട്ടത്തിൽ അതിലെ മെമ്പർമാരുടെ ഇടയിൽ നിന്നും പിന്നീട് 42-ാം വകു പ്പിൽ പറയും പ്രകാരം വാർഷികയോഗങ്ങളിൽ വെച്ച് താഴെ പറയുന്ന ഉദ്യോഗ സ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്.

1. ഒരു പ്രസിഡണ്ട്
2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ട്മാർ
3. ഒരു സെക്രട്ടറി
4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ
5. ഒരു ഖജാൻജി

ഇതിനു പുറമെ ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെ 17-ൽ കുറയാതെയും 35-ൽ കവിയാതെയും മെമ്പർമാർ ഉള്ള ഒരു നിർവ്വാഹകസംഘത്തേയും തിരഞ്ഞെടു ക്കേണ്ടതാണ്. ഉദ്യോഗസ്ഥന്മാർ ഔദ്യോഗിക നിലയിൽ അതിൽ മെമ്പർമാരാ യിരിക്കുന്നതാണ്.

27. സമ്മേളനം:-

(1) ഈ നിയമങ്ങൾ അനുസരിച്ചു ജില്ലാലീഗു സ്ഥാപിച്ചിട്ടുള്ള ജില്ലക ളിൽ സ്ഥാപിതമാകുന്ന എല്ലാ പ്രാഥമികലീഗുകളും താലൂക്കു ലീഗുകളും ഫർക്കാലീഗുകളും അവ സ്ഥാപിച്ചാലുടനെ ജില്ലാലീഗു മുഖേന കേരളസ്റ്റേറ്റു മുസ്‌ലിംലീഗിനോടു അംഗീകരണത്തിനു അപേക്ഷിക്കേണ്ടതാണ്.

(a) പ്രാഥമിക ലീഗുകൾ അവയുടെ രൂപീകരണത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ 3 പ്രതികൾ സഹിതവും അതിന്റെ ഉദ്യോഗസ്ഥന്മാരുടേയും നിർവ്വാ ഹകസംഘത്തിലെ മറ്റു അംഗങ്ങളുടേയും പേരുകൾ അടങ്ങിയ 3 ലിസ്റ്റുകൾ സഹിതവും

(b) താലൂക്കു ലീഗുകൾ അവയുടെ രൂപീകരണത്തെ സംബന്ധിച്ചറി പ്പോർട്ടിന്റെ 3 പ്രതികൾ സഹിതവും, അതിന്റെ ഉദ്യോഗസ്ഥന്മാരുടേയും, നിർവ്വാ ഹസംഘത്തിലെ മറ്റു അംഗങ്ങളുടേയും പേരുകൾ അടങ്ങിയ 3 ലിസ്റ്റുകൾ സഹി തവും

(c) ടൗൺലീഗുകൾ അവയുടെ രൂപീകരണത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ 3 പ്രതികൾ സഹിതവും, അതിന്റെ ഉദ്യോഗസ്ഥന്മാരുടേയും,

mappilaheritagelibrary.com

നിർവ്വാഹസംഘത്തിലെ മറ്റു അംഗങ്ങളുടേയും പേരുകൾ അടങ്ങിയ 3 ലിസ്റ്റുകൾ സഹിതവും

(d) ഫർക്കാലീഗുകൾ അവയുടെ രൂപീകരണത്തെ സംബന്ധിച്ച റിപ്പോർട്ടുകളുടേയും ഉദ്യോഗസ്ഥന്മാരുടേയും നിർവ്വാഹക സംഘാംഗങ്ങളുടേയും പേരുകൾ അടങ്ങിയ ലിസ്റ്റുകളുടേയും രണ്ട് പ്രതികൾ സഹിതവും

(e) പ്രാഥമിക ലീഗുകൾ അവയിലെ ഓരോ മെമ്പർമാരുടേയും പേര്, വയസ്സ്, പുരുഷനോ, സ്ത്രീയോ എന്നുള്ള വിവരം, വാസസ്ഥലം മെമ്പറായി ചേർന്ന തിയ്യതി എന്നിവ കാണിക്കുന്ന ലിസ്റ്റോടു കൂടിയും

(f) കേരളാസ്റ്റേറ്റ് മുസ്‌ലിംലീഗിൽ 25-ാം വകുപ്പു പ്രകാരം അടക്കേണ്ട വരിസംഖ്യയോടു കൂടിയും.

(g) പ്രാഥമിക ലീഗ് മെമ്പറന്മാരായി ചേരാനുള്ള അപേക്ഷകളുടെ കൗണ്ടർഫോയലുകളോടു കൂടിയും വേണം അപേക്ഷ അയക്കുവാൻ

(2) മേൽപറഞ്ഞ പ്രകാരം അംഗീകരണത്തിനുള്ള അപേക്ഷ കിട്ടിയാൽ ജില്ലാലീഗു അതിന്റെ റിമാർക്കുകളോടുകൂടി മേൽ 1-ാം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള റിപ്പോർട്ട് ലിസ്റ്റ്, കൗണ്ടർ ഫയലുകൾ ഈ നിയമത്തിലെ 25-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം സ്റ്റേറ്റു മുസ്‌ലിംലീഗു കമ്മിറ്റിക്കു കൊടുക്കേണ്ട വീതസംഖ്യ ഇവകളോടു കൂടി സ്റ്റേറ്റ് മുസ്‌ലിംലീഗു കമ്മിറ്റിക്കു അയക്കേണ്ടതും, മേൽ 2-ാം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള റിപ്പോർട്ട് ലിസ്റ്റ് ഇവയുടെ ഓരോ പ്രതികളും 25-ാം വകുപ്പു പ്രകാരം ജില്ലാലീഗിനുള്ള വീതസംഖ്യയും മെമ്പർഷിപ്പ് കൗണ്ടർഫോയലുകളും ജില്ലാലീഗിനു അയക്കേണ്ടതാണ്.

(3) കേരളസ്റ്റേറ്റ് മുസ്ലിംലീഗുകൗൺസിൽ ജില്ലാ ലീഗുകളുടെ മാർക്കുകൾ അനുസരിച്ചു പ്രാഥമിക ലീഗുകളുടേയും താലൂക്ക് ലീഗുകളുടെയും ടൗൺ ലീഗുകളുടേയും ഫർക്കാലീഗുകളുടേയും അംഗീകരണത്തിനുള്ള അപേക്ഷകളെപ്പറ്റി ആലോചിക്കുന്നതും മേൽ 1-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള സംഗതികൾ ശരിയാംവിധം നിറവേറിയിട്ടുണ്ടെങ്കിൽ അവയ്ക്കു അംഗീകരണം നൽകുന്നതുമാണ്. ഏതെങ്കിലും മുൻസിപ്പാലിറ്റിയിലോ പഞ്ചായത്തിലോ വാർഡുകളിലോ ബ്ലോക്കുകളിലോ ഒന്നിലധികം പ്രാഥമികലീഗുകൾ അംഗീകരണത്തിനു ആവശ്യപ്പെടുകയാണെങ്കിൽ അവയിൽ ഏതിനു അംഗീകരണം നൽകണമെന്നു തീർച്ചപ്പെടുത്തുവാനുള്ള അധികാരം കേരളസ്റ്റേറ്റു മുസ്‌ലിംലീഗു കൗൺസിലിനു ഉണ്ടായിരിക്കുന്നതും അതിന്റെ തീർപ്പു അവസാനതീർപ്പായിരിക്കുന്നതുമാണ്.

(4) മേൽ 3-ാം ഉപവകുപ്പു പ്രകാരമുള്ള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ തീർപ്പു ജില്ലാ ലീഗുകൾ മുഖേന അതാതു പ്രാഥമിക, താലൂക്കു ടൗൺ ഫർക്കാലീഗുകളെ അറിയിക്കുന്നതുമാണ്.

(5) കേരളാസ്റ്റേറ്റു മുസ്‌ലിംലീഗിന്റെ ഈ നിയമങ്ങൾ അനുസരിച്ചു. ജില്ലാ ലീഗ് സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ പ്രാഥമിക ലീഗുകളോ, താലൂക്കുലീഗുകളോ, ഫർക്കാലീഗുകളോ സ്ഥാപിക്കുകയാണെങ്കിൽ അവ മേൽ 1-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള റിപ്പോർട്ട് ലിസ്റ്റുകൾ, കൗണ്ടർഫോയലുകൾ, വീതസംഖ്യ ഇവകളോടുകൂടി അംഗീകരണത്തിനുള്ള അപേക്ഷ കേരളസ്റ്റേറ്റു മുസ്‌ലിംലീഗുകമ്മറ്റിയിലേക്കു നേരിട്ടു അയക്കേണ്ടതും, റിപ്പോർട്ട്, ലിസ്റ്റ് കൗണ്ടർഫോയലുകൾ, വീതസംഖ്യ ഇവ ശരിയാംവിധം അയച്ചിട്ടുണ്ടെന്നു തോന്നുന്ന പക്ഷം സ്റ്റേറ്റു മുസ്‌ലിംലീഗു കൗൺസിൽ അവക്കു അംഗീകരണം നൽകേണ്ടതുമാണ്. എന്നാൽ ഏതെങ്കിലും മുൻസിപ്പാലിറ്റികളിലോ, പഞ്ചായത്തിലോ, വാർഡു

mappilaheritagelibrary.com

കളിലോ, ബ്ലോക്കുകളിലോ ഏതെങ്കിലും ഭാഗത്തോ ഒന്നിലധികം പ്രാഥമിക ലീഗുകൾ അംഗീകരണത്തിനു ആവശ്യപ്പെടുകയാണെങ്കിൽ അവയിൽ ഏതിനു അംഗീകരണം നൽകേണമെന്നു തീർച്ചപ്പെടുത്തുവാനുള്ള അധികാരം സ്റ്റേറ്റു മുസ്‌ലിംലീഗു കൗൺസിലിനുണ്ടായിരിക്കുന്നതും അതിന്റെ ആ തീർപ്പ് അവ സാനതീർപ്പായിരിക്കുന്നതുമാണ്.

28. പണവും കണക്കുകളും അയക്കുന്നത്:-

(1) ഓരോ പ്രാഥമികലീഗും അവ അനുബന്ധിക്കപ്പെട്ടിട്ടുള്ള ജില്ലാലീഗി ലേക്കു എല്ലാ വർഷത്തിലും ഡിസംബർ മാസത്തിൽ 15-ാം നു മുമ്പായി.

(എ) മെമ്പർമാരായി ചേർന്നവരുടെ പേർ, വയസ്സ്, പുരുഷനോ, സ്ത്രീയോ എന്നും, വാസസ്ഥലം, ചേർന്ന തീയ്യതി ഇവ കാണിക്കുന്ന ലിസ്റ്റിന്റെ രണ്ടു പ്രതികളും

(ബി) മുമ്പത്തെ ലിസ്റ്റുകൾ അയച്ചതിനുശേഷം മെമ്പർമാരായി ചേർന്നി ട്ടുള്ളവരുടെ അപേക്ഷകളുടെ കൗണ്ടർഫോയലും

(സി) മുമ്പു വീതസംഖ്യ അടിച്ചതിനു ശേഷം മെമ്പർമാരായി ചേർന്നവ രുടെ വരിസംഖ്യയിൽ നിന്നു ഈ നിയമത്തിലെ 25-ാം വകുപ്പുപ്രകാരം സ്റ്റേറ്റ് മുസ്‌ലിംലീഗ് കമ്മിറ്റിക്കും ജില്ലാലീഗ് കമ്മിറ്റിക്കും അയക്കേണ്ട വീതസംഖ്യയും അയക്കേണ്ടതാണ്.

(2) ഉപവകുപ്പു 1-ൽ പറഞ്ഞ പ്രകാരമുള്ള ലിസ്റ്റ്, അപേക്ഷകളുടെ കൗണ്ടർഫോയലുകൾ വീതസംഖ്യ ഇവ കിട്ടിയാലുടനെ ജില്ലാലീഗു ലിസ്റ്റിന്റെ ഒരു കോപ്പിയും അപേക്ഷകളുടെ കൗണ്ടർഫോയലും 25-ാം വകുപ്പു പ്രകാരം സ്റ്റേറ്റുലീഗു കമ്മിറ്റിക്കു കൊടുക്കേണ്ട വീതസംഖ്യയും അയച്ചുകൊടുക്കേ ണ്ടതും 1(എ) ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ലിസ്റ്റിന്റെ ഒരു കോപ്പിയും 25-ാം വകുപ്പു പ്രകാരം ജില്ലാലീഗിനുള്ള വീതസംഖ്യയും അയക്കേണ്ടതാണ്.

29. ജില്ലാലീഗിലേക്കുള്ള പ്രാതിനിദ്ധ്യം:-

(എ) ഓരോ പ്രാഥമിക ലീഗിനും അതിലെ 100 മെമ്പർമാർക്കു ഓരോ പ്രതിനിധിയെ വീതം അതാതു ജില്ലാലീഗിലേക്കു അയക്കാവുന്നതാണ്. അങ്ങി നെയുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു ആദ്യമായി പ്രാഥമികലീഗിനെ അനുബന്ധിച്ചതിനുശേഷം കേരള സ്റ്റേറ്റു മുസ്‌ലിംലീഗുകൗൺസിൽ ആവശ്യ പ്പെടുമ്പോൾ അതിനായി വിളിച്ചുകൂട്ടുന്ന ഒരു യോഗത്തിൽ വെച്ചു പിന്നീട് 12 -ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതനുസരിച്ചു അതിന്റെ വാർഷികയോഗത്തിൽ വെച്ചും ആയിരിക്കേണ്ടതാണ്.

(ബി) സ്റ്റേറ്റിലെ പ്രാഥമികലീഗുകളിൽ മെമ്പറന്മാരായിരിക്കുന്ന ആളു കൾക്കു മാത്രമെ ജില്ലാലീഗുകളിലേക്കുള്ള തിരഞ്ഞെടുപ്പിനു നിൽക്കുവാൻ യോഗ്യതയുള്ളു. എന്നാൽ ഒരു ജില്ലയിലെ ഏതെങ്കിലുമൊരു പ്രാഥമികലീഗിലെ മെമ്പർമാർക്കു മറ്റേതു ജില്ലാലീഗിലേക്കുമുള്ള തിരഞ്ഞെടുപ്പിനു ആ ജില്ലയിലെ ഏതെങ്കിലുമൊരു പ്രാഥമിക ലീഗിൽ നിന്നു നിൽക്കാവുന്നതാണ്.

(സി) ഒരേസമയത്ത് യാതൊരാൾക്കും ഒന്നിലധികം ജില്ലാ ലീഗുകളിൽ മെമ്പറായിരിക്കാൻ പാടില്ല.

30. താലൂക്കു ലീഗിലേക്കുള്ള പ്രാതിനിദ്ധ്യം:-

(എ) ഓരോ പ്രാഥമികലീഗിനും അതിലെ 100 മെമ്പർമാർക്കു 3 പ്രതിനി ധിയെ വീതം അതാതു താലൂക്കു ലീഗിലേക്കു തിരഞ്ഞെടുത്തു. അയക്കാവു ന്നതാണ്. അങ്ങിനെയുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു ആദ്യമായി പ്രാഥമികലീഗിനെ അനുബന്ധിച്ചതിനുശേഷം കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിൽ ആവശ്യപ്പെടുമ്പോൾ അതിനായി വിളിച്ചു കൂട്ടുന്ന ഒരു യോഗ

mappilaheritagelibrary.com

ത്തിൽ വെച്ചും പിന്നീട് ആറാം വകുപ്പിൽ പറഞ്ഞിട്ടുള്ളതനുസരിച്ചു അതിന്റെ വാർഷികയോഗങ്ങളിൽ വെച്ചുമായിരിക്കണം.

(ബി) സ്റ്റേറ്റിലെ പ്രാഥമിക ലീഗുകളിൽ മെമ്പറന്മാരായിരിക്കുന്നവർക്കു മാത്രമേ താലൂക്കു ലീഗിലേക്കു തിരഞ്ഞെടുപ്പിനു നിൽക്കുവാൻ യോഗ്യതയുള്ളു. എന്നാൽ ഒരു താലൂക്കിലെ ഒരു പ്രാഥമിക ലീഗിലെ മെമ്പറന്മാർക്കു മറ്റേതെങ്കിലും താലൂക്കുലീഗിലേക്കുള്ള തിരഞ്ഞെടുപ്പിനു ആ താലൂക്കിലെ ഏതെങ്കിലുമൊരു പ്രാഥമിക ലീഗിൽ നിന്നും നില്ക്കാവുന്നതാണ്.

(സി) ഒരേ സമയത്തു യാതൊരാൾക്കും ഒന്നിലധികം താലൂക്ക് ലീഗുകളിൽ മെമ്പറായിരിക്കുവാൻ പാടില്ല.

31. ടൗൺലീഗിലേക്കുള്ള പ്രാതിനിദ്ധ്യം:-

(എ) ഓരോ വാർഡ്, ശാഖാലീഗിനും അതിലെ 100 മെമ്പർമാർക്ക് 3 പ്രതിനിധികളെ വീതം അതാത് ടൗൺലീഗിലേക്കു തിരഞ്ഞെടുത്തു അയക്കാവുന്നതാണ്. അങ്ങിനെയുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത് ആദ്യമായി ശാഖാലീഗിനെ അനുബന്ധിച്ചതിന് ശേഷം കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിൽ ആവശ്യപ്പെടുമ്പോൾ അതിനായി വിളിച്ചു കൂട്ടുന്ന ഒരു യോഗത്തിൽ വെച്ചും പിന്നീട് 42-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് അതിന്റെ വാർഷികയോഗങ്ങളിൽ വെച്ചുമായിരിക്കണം.

(ബി) സ്റ്റേറ്റിലെ പ്രാഥമിക ലീഗുകളിൽ മെമ്പർമാരായിരിക്കുന്നവർക്കു മാത്രമേ ടൗൺലീഗിലേക്കു തിരഞ്ഞെടുപ്പിനു നില്ക്കുവാനുള്ള യോഗ്യതയുള്ളു. എന്നാൽ ഒരു ടൗണിലെ ഒരു പ്രാഥമിക ലീഗിനെ മെമ്പർമാർക്കു മറ്റേതെങ്കിലും ടൗൺലീഗിലേക്കുള്ള തിരഞ്ഞെടുപ്പിൽ ആ ടൗണിലെ ഏതെങ്കിലും ഒരു പ്രാഥമിക ലീഗിൽ നിന്നും നിർണ്ണയിക്കാവുന്നതാണ്.

(സി) ഒരേ സമയത്തു യാതൊരാൾക്കും ഒന്നിലധികം ടൗൺ ലീഗുകളിൽ മെമ്പറായിരിക്കുവാൻ പാടില്ല.

32. ഫർക്കാലീഗിലേക്കുള്ള പ്രാതിനിദ്ധ്യം:-

(എ) ഓരോ പ്രാഥമികലീഗിനും അതിലെ 100 മെമ്പർമാരും 3 പ്രതിനിധിയെ വീതം ഫർക്കാലീഗിലേക്കു തിരഞ്ഞെടുത്തു. അയക്കാവുന്നതാണ്. അങ്ങിനെയുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന ആദ്യമായി പ്രാഥമികലീഗിനെ അനുബന്ധിച്ചതിനു ശേഷം സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിൽ ആവശ്യപ്പെടുമ്പോൾ അതിന് വിളിച്ചു കൂട്ടുന്ന ഒരു യോഗത്തിൽ വെച്ചും പിന്നീട് 42-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് അതിന്റെ വാർഷികയോഗങ്ങളിൽ വെച്ചും ആയിരിക്കണം.

36. ഇന്ത്യൻ യു.മു.ലീഗിലേക്കുള്ള പ്രതിനിധികൾ:-

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് അതിന്റെ മെമ്പർമാരിൽ നിന്ന് ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ കൌൺസിലിലേക്കു ഇ.യു.മു. ലീഗിന്റെ ഭരണഘടനയുടെ 6-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ്.

37. യോഗങ്ങൾ:-

പ്രാഥമിക താലൂക്ക്, ടൗൺ, ഫർക്കാ, ജില്ലാലീഗുകളും അവയുടെ നിർവ്വാഹസംഘങ്ങളും കെ.മു.ലീഗും അതിന്റെ കൗൺസിലും ലീഗിന്റെ കാര്യങ്ങൾ അതാതിന്റെ പരിധികളിൽ നടത്തിക്കുന്നതിനു വേണ്ടി ആവശ്യമായി വരുന്ന ഘട്ടത്തിൽ അപ്പോഴപ്പോൾ അതാതിന്റെ യോഗങ്ങൾ ചേരേണ്ടതും അങ്ങിനെയുള്ള യോഗങ്ങൾ അതാതിന്റെ പ്രസിഡണ്ടുമാരോടു കൂടിയാലോചിച്ചും അവരുടെ നിർദ്ദേശം അനുസരിച്ചും അതാതിന്റെ സെക്രട്ടറിമാർ വിളിച്ചുകൂട്ടേണ്ടതും

mappilaheritagelibrary.com

ആകുന്നു.

38. ഒരു പ്രാഥമികലീഗിലെ ഇരുപത്തഞ്ചോ അതിൽ കൂടുതലോ മെമ്പർമാരോ ഒരു പ്രാഥമിക ലീഗിന്റെ നിർവ്വാഹകസംഘത്തിലെ ഏഴോ അതിൽ കൂടുതലോ മെമ്പർമാരോ ജില്ലാലീഗിലേയോ താലൂക്കുലീഗിലേയോ ടൗൺലീഗിലേയോ ഫക്കാലീഗിലെയോ 10ൽ ഒരംശത്തിൽ കുറയാത്ത മെമ്പർമാരോ ഒരു ജില്ലാലീഗിന്റെ നിർവ്വാഹസംഘത്തിലെ ഏഴോ അതിൽ കൂടുതലോ മെമ്പർമാരോ,

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിലെ 15ൽ ഒരംശത്തിൽ കുറയാത്ത് മെമ്പർമാരോ,

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിലെ ഒമ്പതോ അതിൽ കൂടുതലോ മെമ്പർമാരോ അതാത് സംഘത്തിന്റെ സെക്രട്ടറിമാർക്ക് അതാതിന്റെ ഒരു യോഗം വിളിച്ചു കൂട്ടുന്നതിനു എഴുത്തു മൂലമുള്ള ഒരു അപേക്ഷ അയക്കുന്നതായാൽ ആ കാര്യത്തെ സംബന്ധിച്ചു ആലോചിക്കുവാൻ അതാതിന്റെ സെക്രട്ടറിമാർ ഒരു യോഗം വിളിച്ചു കൂട്ടേണ്ടതും അത്തരം യോഗങ്ങൾക്കുള്ള നോട്ടീസ് അപേക്ഷ കിട്ടിയതിന്റെ 15 ദിവസത്തിനുള്ളിൽ മെമ്പർമാർക്ക് അയക്കേണ്ടതുമാണ്.

37. യോഗത്തിനുള്ള നോട്ടീസ്:-

കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ വാർഷികയോഗത്തിനുള്ള നോട്ടീസ് 15 ദിവസത്തിനു മുമ്പും

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ മറ്റു യോഗങ്ങൾക്കുള്ള നോട്ടീസ് 10 ദിവസങ്ങൾക്കു മുമ്പും.

കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിൽ വാർഷികയോഗത്തിനുള്ള നോട്ടീസ് 15 ദിവസങ്ങൾക്കു മുമ്പും കൗൺസിലിന്റെ മറ്റു യോഗങ്ങളുടെ നോട്ടീസ് 7 ദിവസങ്ങൾക്കു മുമ്പും,

ജില്ല, താലൂക്ക്, ടൗൺ, ഫർക്കാ മുസ്‌ലിംലീഗുകളുടെ വാർഷികയോഗത്തിനുള്ള നോട്ടീസ് 10 ദിവസങ്ങൾക്കു മുമ്പും,

മറ്റു എല്ലാ ജില്ലാ, താലൂക്ക്, ടൗൺ, ഫർക്കാ ലീഗുകളുടേയും അവയുടെ നിർവ്വാഹകസംഘങ്ങളുടേയും വാർഷികയോഗമല്ലാത്ത മറ്റെല്ലാ യോഗങ്ങൾക്കുമുള്ള നോട്ടീസ് 7 ദിവസങ്ങൾക്കു മുമ്പും,

പ്രാഥമിക ലീഗുകളുടെ വാർഷികയോഗത്തിനുള്ള നോട്ടീസ് 5 ദിവസത്തിനു മുമ്പും,

പ്രാഥമിക ലീഗുകളുടേയും അവയുടെ നിർവ്വാഹകസംഘങ്ങളുടേയും മറ്റു യോഗങ്ങൾക്കുള്ള നോട്ടീസ് മൂന്നു ദിവസങ്ങൾക്കു മുമ്പും നടത്തേണ്ടതാണ്. എന്നാൽ അടിയന്തിര സംഗതികളിൽ ഇതിൽ ചുരുങ്ങിയ ദിവസങ്ങളിലെ നോട്ടീസ്സുകൾ മൂലമോ, പത്രപ്രസ്താവനകൾ മൂലമോ യോഗങ്ങൾ വിളിക്കുന്നതിനുള്ള അധികാരം അതാത് കമ്മിറ്റികളുടെ പ്രസിഡണ്ടിനും സെക്രട്ടറിമാർക്കും ഉണ്ടായിരിക്കുന്നതാണ്.

40. കോറം:-

(എ) കേരളസ്റ്റേറ്റു മുസ്‌ലിംലീഗിന്റെ യോഗങ്ങൾക്കു അതിലെ ആകെയുള്ള മെമ്പർമാരിൽ പതിനഞ്ചിൽ ഒരു ഭാഗത്തിൽ കുറയാത്ത എണ്ണവും,

(ബി) കേരളസ്റ്റേറ്റു മുസ്‌ലിംലീഗു കൗൺസിലിന്റെ യോഗങ്ങൾക്കു ഏഴും,

(സി) ജില്ല, താലൂക്ക്, ടൗൺ ഫർക്കാ, ലീഗുകളുടേയും യോഗങ്ങൾക്കു അതിലെ ആകെ മെമ്പർമാരിൽ പത്തിൽ, ഒരു ഭാഗത്തിൽ കുറയാത്ത എണ്ണവും,

(ഡി) ജില്ലാ, താലൂക്ക്, ടൗൺ ഫർക്കാ, ലീഗുകളുടെ നിർവ്വഹകസമിതി

mappilaheritagelibrary.com

യോഗങ്ങൾക്കു അഞ്ചും,

(ഇ) പ്രാഥമികലീഗുകളുടെ യോഗങ്ങൾക്കു പതിനഞ്ചും,

(എഫ്) പ്രാഥമികലീഗുകളുടെ നിർവ്വാഹകസമിതിയോഗങ്ങൾക്കു അഞ്ചും കോറം ആയിരിക്കുന്നതാണ്. എന്നാൽ കോറം തികയാതെ നിറുത്തിവെക്കുന്ന യോഗങ്ങൾ കോറം നോക്കാതെ തന്നെ നിർത്തിവെക്കുന്ന തിയ്യതിക്കു കൂടാവുന്നതാണ്.

41. പ്രാഥമികലീഗുകളും നിർവ്വാഹകസമിതികളും അവയുടെ യോഗങ്ങളും നടപടി വിവരങ്ങൾ കാണിക്കുന്ന റിപ്പോർട്ടു അതാതു ജില്ല, താലൂക്ക്, ടൗൺ, ഫർക്കാ ലീഗുകൾക്കും കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിനും അയക്കേണ്ടതാണ്. അതുപോലെതന്നെ ജില്ലാ, താലൂക്ക്, ടൗൺ, ഫർക്കാ കമ്മറ്റികളും അവയുടെ യോഗങ്ങളുടെ നടപടി വിവരറിപ്പോർട്ടുകൾ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിനും അയക്കേണ്ടതാണ്.

വാർഷിക യോഗങ്ങളും പ്രതിനിധികളുടെ തിരഞ്ഞെടുപ്പും

42. കേരള സ്റ്റേറ്റിലെ എല്ലാ പ്രാഥമിക ലീഗുകളും അതാതു കൊല്ലത്തെ അവയുടെ പ്രവൃത്തികളെ സംബന്ധിച്ച റിപ്പോർട്ടുകളേയും ഓഡിറ്റു ചെയ്ത കണക്കുകളേയും പറ്റി ആലോചനകൾ നടത്തുവാനും അവയെ അംഗീകരിക്കാനും അടുത്തുവരുന്ന കൊല്ലത്തേക്കുള്ള ഉദ്യോഗസ്ഥന്മാരേയും ജില്ലാ, താലൂക്ക്, ടൗൺ, ഫർക്കാലീഗുപ്രതിനിധികളെ തിരഞ്ഞെടുക്കുവാനും നിർവ്വാഹകസമിതി ആവശ്യമെന്നു ഗണിക്കുന്ന മറ്റു കാര്യങ്ങളെക്കുറിച്ചും ആലോചിക്കുവാനും വേണ്ടി അവയുടെ വാർഷികയോഗം ചേരേണ്ടതാണ്. പ്രസ്തുതയോഗം കഴിഞ്ഞു 3 ദിവസത്തിനുള്ളിൽ, ആ യോഗനടപടി വിവരങ്ങളും, തിരഞ്ഞെടുപ്പുഫലം, റിപ്പോർട്ടുകൾ, വരവു ചിലവുകണക്കുകൾ ഉൾപ്പെടെയുള്ള വാർഷിക റിപ്പോർട്ടിന്റെ കോപ്പികളോടു കൂടി ജില്ലാലീഗിനും ജില്ലാലീഗ് മുഖേന കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിനും സെക്രട്ടറി അയക്കേണ്ടതുമാണ്.

43. അതാതു കൊല്ലത്തെ പ്രവർത്തന റിപ്പോർട്ടിനേയും ഓഡിറ്റു ചെയ്തു കണക്കിനേയും പറ്റി പരിചിന്തനം ചെയ്യാനും അവയെ അംഗീകരിക്കുവാനും നിർവ്വാഹകസമിതി ആവശ്യമാണെന്ന് കാണുന്ന മറ്റു കാര്യങ്ങളെ പറ്റി ആലോചിക്കുവാനുമായി എല്ലാ ജില്ലാ, താലൂക്ക്, ടൗൺ, ഫർക്കാലീഗുകളും അവയുടെ വാർഷികയോഗങ്ങൾ ചേരേണ്ടതും താമസിയാതെ ആ യോഗനടപടികളുടെ റിപ്പോർട്ടു വരവു ചിലവുകണക്കുകൾ ഉൾപ്പെടെയുള്ള വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒന്നിച്ചു കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിനു അയക്കേണ്ടതാണ്.

44. പ്രാഥമിക ലീഗുകൾ 42-ാം വകുപ്പിൽ പറഞ്ഞ പ്രകാരം പുതുതായി തിരഞ്ഞെടുത്ത ജില്ലാലീഗ്, താലൂക്ക് ലീഗ്, ടൗൺ ലീഗ് ഫർക്കാ ലീഗുകളുടെയും പ്രതിനിധികളുടെ ഒരു യോഗം അതാതു ലീഗുകളുടെ പ്രസിഡണ്ടുമാരോ സെക്രട്ടറിമാരോ വിളിച്ചു കൂട്ടേണ്ടതും ആ യോഗത്തിൽ വെച്ച് അതാത് ലീഗുകളുടെ ഉദ്യോഗസ്ഥന്മാരേയും നിർവ്വാഹക സമിതിയിലെ മറ്റംഗങ്ങളേയും കേരള സ്റ്റേറ്റു മുസ്‌ലിംലീഗിലേക്കുള്ള പ്രതിനിധികളേയും തിരഞ്ഞെടുക്കേണ്ടകുമാകുന്നു. പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷനും (പ്രസിഡണ്ടിനു) ഒരു വോട്ടും ഒരു തീർപ്പ് (കാസ്റ്റിങ്) വോട്ടും ഉണ്ടായിരിക്കുന്നതാണ്. പുതുതായി തിരഞ്ഞെടുക്കപ്പെട്ട സെക്രട്ടറി യോഗം കഴിഞ്ഞു 3 ദിവസത്തിനുള്ളിൽ തിരഞ്ഞെടുപ്പുഫലം കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിനെ അറിയിക്കേണ്ടതാണ്.

45. ഓഡിറ്റ് ചെയ്ത കണക്കുകൾ ഉൾപ്പെടെയുള്ള വാർഷിക റിപ്പോർട്ടിനെപ്പറ്റി ആലോചിക്കുവാനും അത് അംഗീകരിക്കുവാനും, കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിൽ ആവശ്യമെന്നു കരുതുന്ന മറ്റു കാര്യങ്ങളെപ്പറ്റി പരിചിന്തനം

mappilaheritagelibrary.com

ചെയ്യുവാനുമായി കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ വാർഷികയോഗം അടുത്തകാലത്തു തന്നെ കൂടേണ്ടതാണ്.

46 (1) ജില്ലാ ലീഗുകളിൽ നിന്നു കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടേയും, കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിലെ മറ്റു മെമ്പർമാരുടേയും ഒരു യോഗം കഴിയുന്ന വേഗത്തിൽ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ പ്രസിഡണ്ട് വിളിച്ചു കൂട്ടേണ്ടതും ആ യോഗത്തിൽ വെച്ചു കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിന്റെ ഉദ്യോഗസ്ഥന്മാരേയും മറ്റംഗങ്ങളേയും ഇ.യു. മു.ലീഗ് കൗൺസിലിലേക്കുള്ള പ്രതിനിധികളേയും അതിന്റെ വാർഷിക സമ്മേളനത്തിലേക്കുള്ള പ്രതിനിധികളേയും (ഡെലിഗേറ്റുമാർ) തിരഞ്ഞെടുക്കേണ്ടതുമാകുന്നു. കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് പ്രസിഡണ്ട് ആ യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതും അദ്ദേഹത്തിനു ഒരു വോട്ടും ഒരു തീർപ്പു (കാസ്റ്റിംഗ്) വോട്ടും ഉണ്ടായിരിക്കുന്നതുമാകുന്നു.

2. ഇ.യു.മു.ലീഗ് കൗൺസിലിലേക്കുള്ള പ്രതിനിധികളേയും അതിന്റെ വാർഷികയോഗത്തിലേക്കോ വിശേഷാൽ യോഗത്തിലേക്കോ, ഉള്ള പ്രതിനിധികളേയും തിരഞ്ഞെടുക്കേണ്ടതു മേൽ 46 (1) വകുപ്പിൽ പറഞ്ഞ യോഗത്തിൽ വെച്ചോ സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ മറ്റേതെങ്കിലും യോഗത്തിൽവെച്ചോ ആയിരിക്കേണ്ടതാണ്.

47. പ്രസിഡണ്ടും വൈസ് പ്രസിഡണ്ടുമാരും:–

അതാത് സംഘങ്ങളുടെ പൊതുയോഗങ്ങളിലും നിർവ്വാഹകസമിതിയോഗങ്ങളിലും അവരുടെ പ്രസിഡണ്ടുമാർ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്. പ്രസിഡണ്ടു ഇല്ലാത്തപ്പോൾ യോഗത്തിൽ ഹാജരുള്ള വൈസ് പ്രസിഡണ്ടുമാരിൽ ഒരാൾ അദ്ധ്യക്ഷം വഹിക്കേണ്ടതും പ്രസിഡണ്ടും വൈസ്പ്രസിഡണ്ടുമാരും ഹാജരില്ലാതിരിക്കുമ്പോൾ യോഗത്തിൽ ഹാജറുള്ള മെമ്പർമാർ അവരിലൊരാളെ അദ്ധ്യക്ഷസ്ഥാനത്തേക്കു തിരഞ്ഞെടുക്കേണ്ടതുമാകുന്നു.

48. സെക്രട്ടറിമാർ:–

സെക്രട്ടറിമാരുടെ ചുമതലകൾ

1. അതാത് സംഘങ്ങളുടെ യോഗങ്ങൾ അതാതിന്റെ പ്രസിഡണ്ടുമാരോടു ആലോചിച്ചും അവരുടെ നിർദ്ദേശങ്ങൾ പ്രകാരവും വിളിച്ചു കൂട്ടുക.

2. അതാത് സംഘങ്ങളുടെ പൊതുയോഗങ്ങളും നിർവ്വാഹകസമിതി പാസ്സാക്കുന്ന പ്രമേയങ്ങളും അവയുടെ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തുക.

3. ആഫീസ് പ്രവൃത്തിക്കാരുടെ (സ്റ്റാഫിന്റെ) പ്രവൃത്തികളെ മേൽനോട്ടം ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുക.

4. എല്ലാ വരവുകളുടേയും ചിലവുകളുടേയും ശരിയായ കണക്കും മിനുട്ട്സും സൂക്ഷിക്കുക.

5. അതാതു സംഘങ്ങളുടെ നിർവ്വാഹകസമിതി നൽകുന്ന മറ്റെല്ലാ അധികാരങ്ങളും പ്രയോഗിക്കുക എന്നിവയായിരിക്കും.

49. ഖജാഞ്ചിമാർ:–

അതാതു സംഘങ്ങളുടെ ഫണ്ടുകൾ ഖജാഞ്ചിമാരുടെ ചാർജ്ജിൽ ഇരിക്കുന്നതും അതാത് നിർവ്വാഹകസമിതികളുടെ നിർദ്ദേശപ്രകാരം ഖജാഞ്ചിമാർ പ്രവർത്തിക്കേണ്ടതുമാകുന്നു.

50. വരവും ചെലവും:–

പ്രാഥമികലീഗിനും ഫർക്കാ, ടൗൺ, താലൂക്ക്, ജില്ലാലീഗുകൾക്കും കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിനും മെമ്പർമാരുടെ വരിസംഖ്യകൾക്കു പുറമെ സംഭാവനകൾ ശേഖരിക്കാവുന്നതും, അങ്ങിനെ പിരിക്കുന്ന സംഭാവനകളും മെമ്പർമാ

mappilaheritagelibrary.com

രുടെ വരിസംഖ്യകളിൽ നിന്നു യഥാക്രമം കിട്ടുന്ന വീതസംഖ്യകളും ലീഗുപ്രവർത്തനങ്ങൾക്കായി ചിലവാക്കാവുന്നതും ആകുന്നു.

51. കണക്കുകളും പരിശോധനയും:-

പ്രാഥമിക, ഫർക്കാ, ടൗൺ, താലൂക്ക്, ജില്ലാലീഗുകളും കേരള സ്റ്റേറ്റ് മുസ്‌ലിംലീഗും യഥാക്രമം അവയുടെ വരവുചെലവും കാണിക്കുന്ന ശരിയായ കണക്കുകൾ വെച്ചുവരേണ്ടതാകുന്നു.

52. അതാത് ലീഗുകളുടെ നിർവ്വാഹകസമിതികൾ അവയുടെ വാർഷിക യോഗങ്ങളിലും പൊതുയോഗങ്ങളിലും സമർപ്പിക്കുന്നതിനു മുമ്പായി അതാതിന്റെ കണക്കുകൾ ഓഡിറ്റു ചെയ്യിക്കേണ്ടതാണ്. ഇതിനു പുറമെ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിൽ ആവശ്യപ്പെടുന്ന സമയത്തെല്ലാം കണക്കു ഓഡിറ്റു ചെയ്യിക്കേണ്ടതാണ്. കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ വാർഷികയോഗത്തിൽ സമർപ്പിക്കുന്നതിനു മുമ്പായി കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിൽ അതിന്റെ കണക്കുകൾ ഓഡിറ്റു ചെയ്യിക്കേണ്ടതാണ്.

53. ഒഴിവുകൾ:-

കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിലോ, അതിന്റെ കൗൺസിലിലോ പ്രവർത്തക ജില്ലാലീഗിലോ അതിന്റെ നിർവ്വാഹകസമിതിയിലോ താലൂക്കു ഫർക്കാലീഗിലോ നിർവ്വാഹകസമിതിയിലോ അപ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ അതാത് സംഘങ്ങളിലെ മെമ്പർമാരാകാനുള്ള യോഗ്യതയുള്ളവരെ കൂട്ടിച്ചേർത്തു പൂരിപ്പിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത സമിതികളിൽ ഏതെങ്കിലും ഒഴിവു നിലവിലുള്ളതോ അല്ലെങ്കിൽ പ്രസ്തുത സമിതികളിലേക്കു തിരഞ്ഞെടുത്തയക്കേണ്ട പ്രതിനിധികളെ തിരഞ്ഞെടുത്തയക്കാതിരിക്കുന്നതോ യാതൊരു വിധത്തിലും അവയുടെ പ്രവർത്തനങ്ങളെയോ അധികാരങ്ങളെയോ ബാധിക്കുന്നതല്ല.

54. പ്രാഥമിക മുസ്‌ലിംലീഗുകളുടെ നിർവ്വാഹകസമിതികളും താലൂക്ക്, ടൗൺ, ഫർക്കാ, ജില്ലാലീഗുകളും അവയുടെ നിർവ്വാഹകസമിതികളും കേരള സ്റ്റേറ്റ് മുസ്‌ലിംലീഗും അതിന്റെ കൗൺസിലും തിരഞ്ഞെടുപ്പു നടക്കുന്നതുവരെ അവയുടെ പ്രവർത്തനങ്ങൾ തുടർന്നു പോകേണ്ടതാണ്.

55. കോൺഫ്രൻസുകൾ:-

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കോൺഫ്രൻസുകൾ തീരുമാനിക്കുന്ന വിധത്തിലും സ്ഥലത്തും സമയത്തും കൂടേണ്ടതാണ്.

പ്രാഥമിക, താലൂക്ക്, ടൗൺ, ഫർക്കാ, ജില്ലാ ലീഗുകളുടെ നിയമങ്ങളും ഉപനിയമങ്ങളും

56. പ്രാഥമിക, ഫർക്കാ, ടൗൺ, താലൂക്ക്, ജില്ലാ ലീഗും യഥാക്രമം അവയുടെ കാര്യങ്ങളുടെ നടത്തിപ്പിനായി ഈ നയങ്ങളോടനുബന്ധിച്ച നിയമങ്ങളുണ്ടാക്കുവാനും മേപ്പടി സംഘങ്ങളെ നിർവ്വാഹകസമിതികൾക്കു ഉപനിയമങ്ങൾ (ബൈ-ലോസ്) ഉണ്ടാക്കുവാനും അധികാരമുണ്ടായിരിക്കുന്നതാണ്. അങ്ങിനെ ഉണ്ടാക്കുന്ന നിയമങ്ങളും ഉപനിയമങ്ങളും (റൂൾസും ബൈലോസും) ഇതിൽ അടങ്ങിയിട്ടുള്ള കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ ഘടനാനിയമങ്ങൾക്കോ മു.ലീഗിന്റെ ഘടനാനിയമങ്ങൾക്കോ യോജിക്കാത്തതോ അവയുമായി വ്യത്യാസപ്പെട്ടതോ ആയിരിക്കാൻ പാടില്ലാത്തതാകുന്നു.

57. സ്റ്റേറ്റ് ലീഗിന്റെ നിയന്ത്രണം

ജില്ലാ താലൂക്ക്, ടൗൺ, ഫർക്കാ പ്രാഥമികലീഗുകൾ ഇവയുടേയും ഇവയുടെ നിർവ്വാഹകസമിതികളുടേയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനും നിർദ്ദേശിക്കുവാനും ഒരു പ്രാഥമികലീഗിലെ ഏതെങ്കിലുമൊരു മെമ്പർ ആയാൽ

mappilaheritagelibrary.com

മെമ്പറായിരിക്കുന്ന പ്രാഥമികലീഗിന്റേയോ അല്ലെങ്കിൽ അതിന്റെ മേലെയുള്ള ജില്ലാ ലീഗിന്റേയോ, കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെയോ, അതിന്റെ കൗൺസിലിന്റെയോ, ഇ.യു.മു.ലീഗിന്റെയോ അതിന്റെ കൗൺസിലിന്റെയോ അതിന്റെ പ്രവർത്തകകമ്മറ്റിയുടേയോ ഏതെങ്കിലും തീരുമാനത്ത ലംഘിക്കുകയോ, ഇ.യു.മു.ലീഗിന്റെ ഉദ്ദേശങ്ങളിലും ലക്ഷ്യങ്ങളിലും ഏതെങ്കിലും ഒന്നിനു വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്താൽ ആ മെമ്പറുടെ പേരിൽ അച്ചടക്കനടപടികളെടുക്കാനും, ഏതെങ്കിലും പ്രാഥമിക ലീഗിന്റെയോ, ഫർക്കാ, ടൗൺ, താലൂക്കു ലീഗുകളെയോ, ജില്ലാ ലീഗിന്റെയോ അംഗീകരണത്തെ- ഇ. യു.മു. ലീഗിന്റെയോ, കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെയോ ഏതെങ്കിലും തീരുമാനത്തെയോ, നിയമത്തെയോ, നയത്തെയോ, പരിപാടിയെയോ തിരസ്കരിക്കുകയോ, നടപ്പിൽ വരുത്താൻ അമാന്തിക്കുകയോ, എതിരായി പ്രവർത്തിക്കുകയോ ചെയ്കയാണെങ്കിൽ- ദുർബ്ബലപ്പെടുത്തുവാനുമുള്ള അധികാരം കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിനുണ്ടായിരിക്കുന്നതാണ്. കൂടാതെ സ്റ്റേറ്റ് മുസ്ലിംലീംഗ് സാധാരണയായി ജില്ലാലീഗുകളുമായും ആലോചിച്ചു അവ മുഖേനയും പ്രാഥമിക താലൂക്ക് ഫർക്കാ ലീഗുകളുമായി കാര്യങ്ങൾ കയ്യാളുന്നതാണ്.

58. കേരളസ്റ്റേറ്റിൽ മുസ്‌ലിംലീഗിന്റെ ആദർശങ്ങളും ഉദ്ദേശങ്ങളും പ്രവർത്തനങ്ങളും നടപ്പിൽ വരുത്തുന്നതിനാവശ്യമായി വരുന്ന ഏതു നടപടികളെടുക്കുവാനുള്ള പൂർണ്ണ അധികാരം കേരളസ്റ്റേറ്റ് മുസ്ലിംലീഗിനുണ്ടായിരിക്കുന്നതാണ്.

59. ഈ നിയമങ്ങളുടെ വ്യാഖ്യാനത്തെ സംബന്ധിച്ച് വല്ല സംശയവും ഉളവാവുകയോ ഈ നിയമത്തിൽ വ്യക്തമായി വ്യവസ്ഥ വെച്ചിട്ടില്ലാത്ത വല്ല പ്രശ്നങ്ങളും ഉണ്ടാവുകയോ ലീഗിന്റെ പ്രവർത്തനങ്ങളെയോ പരിശ്രമങ്ങളെയോ സംബന്ധിച്ച് വല്ല തർക്കങ്ങളും ഉളവാകുകയോ ചെയ്താൽ അതു സംബന്ധിച്ചു കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിൽ ചെയ്യുന്ന തീരുമാനം അവസാനത്തേതായിരിക്കുന്നതും അതിലുൾപ്പെട്ട എല്ലാ കക്ഷികൾക്കും ബാധകമായിരിക്കുന്നതുമാകുന്നു.

60. നിയമങ്ങൾ ഭേദഗതി ചെയ്യൽ:-

ഈ നിയമങ്ങളെ തിരുത്തുക, പരിഷ്കരിക്കുക, കൂട്ടിച്ചേർക്കുക, ദുർബ്ബലപ്പെടുത്തുക, ഭേദഗതിചെയ്യുക എന്നിവക്കെല്ലാമുള്ള പൂർണ്ണമായ അധികാരം കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിനുണ്ടായിരിക്കുന്നതാണ്.

61. താൽക്കാലിക നിയമങ്ങൾ:-

മേല്പറഞ്ഞ നിയമങ്ങളിൽ പറഞ്ഞ കാര്യങ്ങൾക്കു പുറമെ താഴെ പറയുന്ന താല്ക്കാലികനിയമങ്ങളും ബലത്തിലിരിക്കുന്നതാണ്.

1. പ്രാഥമിക ലീഗുകൾ അതിന്റെ ഉദ്യോഗസ്ഥന്മാരേയും നിർവ്വാഹകസമിതികളിലെ മറ്റു അംഗങ്ങളേയും ജില്ലാലീഗിലേക്കും മറ്റുമുള്ള പ്രതിനിധികളേയും ഉടനെ തിരഞ്ഞെടുക്കേണ്ടതും അത്തരം തിരഞ്ഞെടുപ്പുകളുടെ റിപ്പോർട്ടുകൾ ഉടനടി കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് സെക്രട്ടറിക്ക് അയക്കേണ്ടതുമാകുന്നു.

2. പ്രാഥമികലീഗുകൾ, ജില്ല, താലൂക്ക്, ടൗൺ, ഫർക്കാ ലീഗിലേക്കും മറ്റും തിരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ യോഗം വിളിച്ചു കൂട്ടുവാനും യോഗതിയ്യതികൾ നിശ്ചയിക്കുവാനും ആയി ഓരോ ജില്ലയിലേക്കും കൺവീനർമാരെ നോമിനേറ്റ് ചെയ്യുവാനുള്ള അധികാരം കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ ഇപ്പോഴത്തെ പ്രസിഡണ്ടിനുണ്ടായിരിക്കുന്നതാണ്. അങ്ങിനെ നിശ്ചയിക്കപ്പെടുന്ന കൺവീനർമാർ 7 ദിവസത്തെ നോട്ടീസ്സു കൊടുത്തു അത്തരം യോഗങ്ങൾ വിളിച്ചു കൂട്ടേണ്ടതും ആ യോഗങ്ങളിൽ വെച്ചു ജില്ലാ ലീഗുകളുടെയോ താലൂക്ക്

mappilaheritagelibrary.com

ഫർക്കാലീഗുകളുടെയോ ടൗൺലീഗുകളുടെയോ ഉദ്യോഗസ്ഥന്മാരേയും നിർവ്വാഹസംഘത്തിലെ മറ്റു അംഗങ്ങളേയും കേരളസ്റ്റേറ്റു മുസ്‌ലിംലീഗിലേക്കു പ്രതിനിധികളെയും മുകളിൽ ചേർത്തപോലെ തിരഞ്ഞെടുക്കേണ്ടതും ആകുന്നു അങ്ങിനെയോഗങ്ങൾ വിളിച്ചു കൂട്ടുന്ന ആളുകൾ അതാത് യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുന്നതും അവർക്ക് ഓരോ വോട്ടും ഓരോ കാസ്റ്റിംഗ് വോട്ടും ഉണ്ടായിരിക്കുന്നതും ആകുന്നു.

3. കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് ഏഴു ദിവസത്തെ നോട്ടീസ്സു കൊടുത്തു കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിലേക്കു മേൽപറഞ്ഞ താല്ക്കാലിക നിയമ(2) പ്രകാരം പുതുതായി. ജില്ലാ ലീഗുകളാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രതിനിധികളുടെയും വകുപ്പ് (ബി), (സി), (ഡി) യിൽ പറഞ്ഞിട്ടുള്ളു. ആളുകളുടേയും താഴെവരുന്ന തല്ക്കാലനിയമം (5)ൽ പറയുന്ന ആളുടേയും ഒരു യോഗം വിളിച്ചു കൂട്ടേണ്ടതും പ്രസ്തുത പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ആ യോഗത്തിൽ വെച്ചു കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിന്റെ ഉദ്യോഗസ്ഥന്മാരേയും മറ്റു മെമ്പർമാരേയും ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് കൗൺസിലേക്കുള്ള കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ പ്രതിനിധികളെയും ഇന്ത്യൻയൂനിയൻ മുസ്‌ലിംലീഗ് പ്രത്യേക സമ്മേളനത്തിലേക്കുള്ള പ്രതിനിധികളെയും തിരഞ്ഞെടുക്കേണ്ടതും ആകുന്നു, പ്രസ്തുത പ്രസിഡണ്ടിനു ഒരു വോട്ടും കൂടുതൽ ഒരു കാസ്റ്റിംഗ് വോട്ടും ഉണ്ടായിരിക്കുന്നതാണ്.

4. മേല്പറഞ്ഞ നിയമങ്ങളിലെ വകുപ്പ് 3 (ഡി) അനുസരിച്ച് കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിലെ ഒരു സ്ഥിരം മെമ്പറായിരിക്കുന്ന ഇപ്പോഴത്തെ കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിൽ പ്രസിഡണ്ടിനു പുറമെ ഇപ്പോഴത്തെ സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിന്റെ ഉദ്യോഗസ്ഥന്മാരും മറ്റു മെമ്പർമാരും കൂടി ഈ താല്കാലിക നിയമങ്ങൾ പ്രകാരം നിലവിൽ വരാനിരിക്കുന്ന പുതിയ കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിലെ മെമ്പർമാർ ആയിരിക്കുന്നതാണ്. എന്നാൽ അവർ ഈ സ്റ്റേറ്റിലെ ഏതെങ്കിലുമൊരു പ്രാഥമികലീഗിൽ മെമ്പറായി ചേർന്നിരിക്കുകയും ആ വിവരം കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ ഇപ്പോഴത്തെ പ്രസിഡണ്ടിനെ അറിയിച്ചിരിക്കേണ്ടതും ആകുന്നു.

5. ഈ നിയമങ്ങൾ പ്രകാരമുള്ള കേരള സ്റ്റേറ്റ് മുസ്‌ലിംലീഗു നിലവിൽ വരുന്നതുവരെ ഇപ്പോഴത്തെ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിൽ നിലവിലിരിക്കുന്നതാണ്.

mappilaheritagelibrary.com

10
കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് പ്രഥമ വാർഷിക സമ്മേളനം

1958 ഏപ്രിൽ 26, 27 തീയതികളിൽ ആലപ്പുഴ ലജ്നത്ത് നഗറിൽ നടന്നു. ഈ സമ്മേളനത്തിൽ സ്വീകരണ സംഘാദ്ധ്യക്ഷൻ കെ.എ.അബ്ദുൽ കരിം സാഹിബ് ചെയ്ത സ്വാഗത പ്രസംഗം.

26.4.1958

ബഹുമാന്യരായ ഖായിദെമില്ലത്ത്, പ്രതിനിധികളെ, സഹോദരന്മാരെ സ്നേഹിതന്മാരെ;

കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ ഈ പ്രഥമ വാർഷിക സമ്മേളനത്തിലേയ്ക്ക് കേരളത്തിന്റെ അകത്തും പുറത്തും നിന്നും നിരവധി ക്ലേശങ്ങളും അസൗകര്യങ്ങളും സഹിച്ചുകൊണ്ട് ആവേശപൂർവ്വം ഇവിടെ വന്നു ചേർന്നിരിക്കുന്ന നിങ്ങളെയെല്ലാം സ്വീകരണസംഘത്തിനുവേണ്ടി ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്തുകൊള്ളുന്നു. പൗരാണികവും പ്രസിദ്ധവ്യാപാര കേന്ദ്രവുമായ ആലപ്പുഴ പട്ടണത്തിൽ ഈ മഹായോഗം ചേരുന്നതു എല്ലാം കൊണ്ടും ഉചിതമായിട്ടുണ്ട്. ഈ തുറമുഖ പട്ടണത്തിന്റെ ഉത്ഭവം മുതൽ അതിന്റെ ക്രമ പ്രവൃദ്ധമായ വളർച്ചയിൽ മുസ്‌ലിംങ്ങൾക്ക് നിർണ്ണായകമായ ഒരു പങ്കുണ്ടായിരുന്നുവെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. വ്യാപാരപരമായ ഈ പട്ടണത്തിന്റെ വളർച്ചയിൽ വളരെ കാലത്തോളം മുസ്‌ലിംങ്ങളാണ് മുന്നണിയിൽ നിന്നിരുന്നത്. അവർ ഇതര സമുദായങ്ങളുമായി പൂർണ്ണമായ ഐക്യത്തിലും സൗഹാർദ്ദത്തിലും പെരുമാറുകയും അവരുടെ സ്നേഹവിശ്വാസങ്ങൾ ആർജ്ജിക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ മുസ്‌ലിംങ്ങളുടെ സാമുദായിക പരിഷ്കരണ ശ്രമങ്ങളിൽ ആലപ്പുഴ മുസ്‌ലിംങ്ങൾ അവരുടെ അഭിമാനസ്തംഭവും കാരണഹേതുകവും, ഈ മഹാസമ്മേളന നഗരിയുടെ പേർ ആരെയും സ്മരിപ്പിക്കുന്നതുമായ ലജനത്തുൽ മുഹമ്മദിയ്യാ സഭ വഴിക്ക് മഹത്തായ സംഭാവന നൽകിയിട്ടുണ്ട്. സച്ചരിതരും പരേതരുമായ എൻ.എ.മുഹമ്മദ് കുഞ്ഞുസാഹിബ്, കാക്കാഴം ബാവ എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന ഹാജി ബാവാരാവുത്തർ, ഇബ്രാഹിംതമ്പി അടിമ ആന്റ് സൺസ് ഉടമസ്ഥൻ, കൊല്ലക്കാരൻ ബാവാ സാഹിബ്, പി.എസ്.മുഹമ്മദ് സാഹിബ്, മുഹമ്മദ് ജാഫർ ഹാജി ഹാറൂൺസേട്ട് ഇവരും സഹപ്രവർത്തകന്മാരും ഈ പട്ടണത്തിലെ മുസ്ലിം ബഹു

mappilaheritagelibrary.com

ജനങ്ങളുടെ സഹായസഹകരണങ്ങളോടുകൂടി ലജനത്തുൽ മുഹമ്മദിയ്യാ സഭ മുഖേന മുസ്‌ലിംങ്ങൾക്കു പ്രത്യേകമായും നാടിനു പൊതുവെയും മഹത്തായ സേവനങ്ങൾ ചെയ്തിട്ടുണ്ട്. അവരിൽ പലരും അവരുടെ പിൻഗാമികളും ഈ പട്ടണത്തിന്റെ വ്യാപാര അഭിവൃദ്ധിയിലും പൗരജീവിതത്തിലും സമുന്നതവും പ്രശസ്തവുമായ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ളവർ കൂടിയാണെന്നുള്ളതു ഈ സന്ദർഭത്തിൽ സ്മരണീയമാണ്. സമുദായാഭിമാനത്തിലും സേവനത്തിലും പ്രകാശമാനമായ പാരമ്പര്യമുള്ള ആലപ്പുഴ മുസ്‌ലിംങ്ങൾ ഈ സമ്മേളനം ഇവിടെവെച്ചു ചേരുവാൻ ഉത്സാഹപൂർവ്വം ക്ഷണിക്കുകയും മുസ്‌ലിംലീഗ് പതാകയിൻ കീഴിൽ ആവേശപൂർവ്വം അണിനിരക്കുകയും ചെയ്തതിൽ ആശ്ചര്യപ്പെടുവാനില്ലല്ലൊ.

ഇന്നത്തെ സമ്മേളനത്തിലെ അദ്ധ്യക്ഷനായ ഖായിദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് ആലപ്പുഴയിലെ മുസ്ലിം ബഹുജനങ്ങൾക്ക് അപരിചിതനല്ല. ഏതാണ്ട് 10 കൊല്ലങ്ങൾക്കു മുൻപു ഇവിടെ ചേർന്ന തിരുവിതാംകൂർ സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ വാർഷികസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു സാരഗർഭമായ ഒരു പ്രസംഗം വഴി ഇവിടത്തെ മുസ്‌ലിംങ്ങൾക്ക് ഉപദേശവും മാർഗ്ഗദർശനവും നൽകിയതു അദ്ദേഹമായിരുന്നുവെന്നുള്ളതു നമ്മിൽ പലർക്കും ഓർമ്മയുണ്ടായിരിക്കുമല്ലൊ. അന്നു സർവ്വേന്ത്യാ മുസ്‌ലിംലീഗിന്റെ നിയമാവലിയനുസരിച്ചു അതിന്റെ അധികാരപരിധി ബ്രിട്ടീഷ് ഇന്ത്യ മാത്രമായിരുന്നതുമാണ്. നാട്ടുരാജ്യങ്ങളിൽ മുസ്‌ലിംലീഗിനു വ്യാപ്തിയില്ലാതിരുന്നതുകൊണ്ട് തിരുവിതാംകൂറിലെയും കൊച്ചിയിലെയും മുസ്‌ലിംലീഗുകൾ സർവ്വേന്ത്യാ മുസ്ലിംലീഗിന്റെ കീഴിലല്ലായിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും ഓരോ സ്റ്റേറ്റ് മുസ്‌ലിംലീഗുകൾ സ്വതന്ത്രമായും കുറച്ചുകാലം നാട്ടുരാജ്യങ്ങളെ പ്രതിനിധീകരിച്ചിരുന്ന സർവ്വേന്ത്യാ സ്റ്റേറ്റ് മുസ്‌ലിംലീഗെന്ന സംഘടനയുമായി ഔപചാരികമായിട്ടോ അല്ലാതെയോ ബന്ധം പുലർത്തിയും നിലനിന്നിരുന്നു. സർവ്വേന്ത്യാ മുസ്‌ലിംലീഗിന്റെ ധാർമ്മികമായ പിൻതുണ ആ സംഘടനകൾക്കുണ്ടായിരുന്നു. തിരു-കൊച്ചി സംയോജനത്തിനു ശേഷം സ്റ്റേറ്റുകളിലെയും രണ്ടു ലീഗുകൾ തമ്മിൽ ഒരു സംയോജനമുണ്ടായതായി പ്രഖ്യാപിക്കപ്പെട്ടിരുന്നുവെങ്കിലും നിർഭാഗ്യവശാൽ അതിനേത്തുടർന്ന് ലീഗിന്റെ പ്രവർത്തനം സജീവമായി നടക്കുവാൻ ഇടവന്നില്ല. തിരുകൊച്ചിയിലെ മുസ്‌ലിംലീഗിന്റെ ചരിത്രത്തിൽ അതു രാഷ്ട്രീയ കാര്യങ്ങൾ ഉപേക്ഷിക്കണമെന്നും, കയ്യാളണമെന്നും, നിർത്തിവെക്കണമെന്നും മറ്റുമുള്ള തീരുമാനങ്ങൾ വിഭിന്ന സമ്മേളനങ്ങളിൽ വെച്ചുണ്ടായീട്ടുണ്ട്. എങ്കിലും അക്കാലത്തെല്ലാം തിരുകൊച്ചിയിലെ മുസ്ലിം സമുദായത്തിന്റെ ഒരു വലിയ വിഭാഗം രാഷ്ട്രീയ കാര്യങ്ങളിൽ സജീവമായി പങ്കെടുക്കുന്ന ഒരു മുസ്ലിം രാഷ്ട്രീയ സംഘടനയുടെ ആവശ്യകത നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. അയൽപ്രദേശമായ മലബാർ ജില്ലയിൽ നടന്നിരുന്ന മുസ്ലിംലീഗിന്റെ സജീവമായ രാഷ്ട്രീയ പ്രവർത്തനം തിരു കൊച്ചി മുസ്‌ലിംങ്ങൾക്ക് ആവേശവും പ്രചോദനവും നൽകിക്കൊണ്ടിരുന്നുവെന്നുള്ളതു സ്വാഭാവികവുമാണല്ലൊ.

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു ശേഷം ബ്രിട്ടീഷ് ഇന്ത്യയും നാട്ടുരാജ്യങ്ങളുമെന്നുള്ള വ്യത്യാസമില്ലാതാവുകയും നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിലെ സ്റ്റേറ്റുകളായി പരിണമിക്കുകയും ചെയ്തതോടു കൂടി ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ അധികാരപരിധി ആ സംഘടനയുടെ നിയമാവലി പ്രകാരം പ്രസ്തുത സ്റ്റേറ്റുകളിലേക്കും വ്യാപിപ്പിച്ചു. ആ സന്ദർഭത്തിൽ തിരുകൊച്ചിയിലും ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ ശാഖകൾ സ്ഥാപിക്കുവാൻ ഒരു യത്നം

mappilaheritagelibrary.com

ആരംഭിക്കണമെന്നു പരക്കെ അഭിപ്രായമുണ്ടായിരുന്നു. എന്നാൽ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ ശാഖകൾ തിരുകൊച്ചി പ്രദേശത്തു ഇല്ലാതിരുന്ന കാലത്തുപോലും ആ സംഘടനയുടെ നേതൃത്വം സ്വീകരിക്കുന്നതിൽ ഇവിടത്തെ മുസ്‌ലിം ബഹുജനങ്ങൾ ഉത്സുകരായിരുന്നുവെന്നുള്ളതു മലബാറും തിരുകൊച്ചിയുമുൾപ്പെടുന്ന കേരളാ സ്റ്റേറ്റ് ഉടലെടുക്കുന്നതിനു മുൻപു തന്നെ ഇവിടെ നടന്ന പൊതുതിരഞ്ഞെടുപ്പുകളിൽ മലബാർ മുസ്‌ലിംലീഗ് നൽകിയ ഉപദേശം പരക്കെ അവർ സ്വീകരിക്കുകയും തൽഫലമായി ചില രാഷ്ട്രീയ പാർട്ടികൾക്ക് മുസ്ലിം വോട്ടർമാരുടെ പിൻതുണകൊണ്ടു വിജയവും, അതു ലഭിക്കായ്ക മൂലം മറ്റു ചില പാർട്ടികൾക്ക് പരാജയവും സംഭവിക്കുകയും ചെയ്തതിൽ നിന്നു വ്യക്തമാവുന്നുണ്ട്. കേരളാ സ്റ്റേറ്റിന്റെ ആവിർഭാവമുണ്ടാകുമെന്നു തീർച്ചപ്പെടുത്തുന്നതിനു മുൻപു തന്നെ തിരുകൊച്ചി പ്രദേശത്തു ചുരുക്കം ചില സ്ഥലങ്ങളിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ ശാഖകൾ സ്ഥാപിക്കപ്പെട്ടിരുന്നു. എന്നാൽ കേരളാ സ്റ്റേറ്റ് ഉടലെടുക്കുമെന്നു പ്രഖ്യാപിക്കപ്പെട്ടതോടുകൂടി ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ ശാഖകൾ തിരുകൊച്ചിയുടെ പല ഭാഗങ്ങളിലും സ്ഥാപിതമായി. 1956 നവംബർ 11ന് എറണാകുളത്തുവെച്ചു ചേർന്ന മുസ്‌ലിംലീഗ് പ്രതിനിധി സമ്മേളനത്തിൽ വെച്ചു തിരുകൊച്ചി പ്രദേശവും മലബാറും ഉൾക്കൊള്ളുന്ന കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് സ്ഥാപിതമാവുകയും അന്നു തന്നെ എറണാകുളത്തു വെച്ചു ഗംഭീരമായ ഒരു മുസ്‌ലിംലീഗ് സമ്മേളനം നടക്കുകയും ചെയ്തത് നിങ്ങൾ ഓർക്കുന്നുണ്ടല്ലൊ. ആ സമ്മേളനത്തേത്തുടർന്നു മുസ്‌ലിലീഗ് പ്രവർത്തനങ്ങൾ മലബാറിലെന്നപോലെ തിരുകൊച്ചി പ്രദേശത്തും കൂടുതൽ സജീവമായിത്തീരുകയും എല്ലാ ജില്ലകളിലും പ്രാഥമിക കമ്മിറ്റികളും ഉപരിതല കമ്മിറ്റികളും സ്ഥാപിതമാകുകയും ചെയ്തു. സ്റ്റേറ്റ് ലീഗിന്റെ പുതിയനിയമാവലിയനുസരിച്ചുള്ള സംഘടനാ പരിശ്രമങ്ങൾ മുറക്കു നടക്കുകയും കേരളത്തിലെ ഏതാനും ജില്ലകളിലുമെന്നുപറയാം ജില്ലാ മുസ്‌ലിംലീഗ് കമ്മറ്റികൾ നിലവിൽ വരുകയും ചെയ്തു. രാഷ്ട്രീയ പരിപാടി ഇല്ലാതിരുന്ന അഖില കേരള സ്റ്റേറ്റ് മുസ്‌ലിംലീഗെന്ന സംഘടന അഖിലകേരള ജമാഅത്ത് ഫെഡറേഷൻ എന്ന പേർ സ്വീകരിച്ചതോടുകൂടി മുസ്‌ലിംങ്ങളുടെ സംഘടനാശ്രമങ്ങളെ പരാജയപ്പെടുത്തുവാൻ പരിശ്രമിച്ചിരുന്നവർക്ക് അതിനുവേണ്ടി മുസ്‌ലിംലീഗെന്നുള്ള പേരിൽ രണ്ടു സംഘടനകളുടെ നിലനില്പിനെ ചൂഷണം ചെയ്തു മുസ്ലിം ബഹുജനങ്ങളുടെയിടയിൽ ചിന്താക്കുഴപ്പങ്ങളുണ്ടാക്കുവാനുള്ള മാർഗ്ഗം ഏതാണ്ടുമിക്കവാറും അടഞ്ഞുപോയിയെന്നുള്ളതു ചാരിതാർത്ഥ്യജനകം തന്നെ. സാമൂഹ്യസേവനം ചെയ്യുന്ന മുസ്ലിം സംഘടനകളെ എതിർക്കുകയല്ല എല്ലാ വിധത്തിലും സഹായിക്കുകയെന്നുള്ളതാണ് ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ നയമെന്നുള്ളതു പ്രഖ്യാപനം കൊണ്ടുമാത്രമല്ല, പ്രവൃത്തികൊണ്ടു തന്നെ അതു തെളിയിച്ചിട്ടുള്ളതാണ്. മുസ്‌ലിംലീഗിന്റെ ശാഖകൾ ചെയ്തുവരുന്ന ദുരിതനിവാരണ വിദ്യാഭ്യാസ പ്രചരണം ആദിയായ സാമൂഹ്യ സേവന പരിശ്രമങ്ങളിൽ മറ്റു സാമൂഹ്യ സംഘടനകളുടെ സഹകരണത്തെ ഒരിക്കലും തിരസ്ക്കരിച്ചിട്ടില്ല, തിരസ്ക്കരിക്കുന്നതുമല്ല. സംഘടനകൾ തമ്മിൽ മത്സരിച്ചു സമുദായത്തിൽ ഭിന്നതയും കക്ഷിത്വവും ഉണ്ടാക്കുന്നതിനെ മുസ്‌ലിംലീഗ് ഒരിക്കലും പ്രോത്സാഹിപ്പിക്കുകയില്ല. മുസ്ലിം ജമാഅത്തുകളെ സംഘടിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന വിഷയത്തിൽ മുസ്‌ലിംലീഗ് കമ്മിറ്റികൾ മുൻകയ്യെടുത്തു പരിശ്രമിക്കണമെന്നുള്ളതു ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് വേറിട്ടു ഒരു സംഘടനയായിത്തീർന്ന 1948 മുതൽക്ക് ഖായിദെ മില്ലത്ത് ഇസ്മായിൽ സാഹിബും മുസ്‌ലിംലീഗ് സംഘടനയും

mappilaheritagelibrary.com

മുസ്‌ലിംങ്ങളോടു ഉപദേശിച്ചു വന്നിട്ടുള്ളതാണല്ലൊ. ആ ഉപദേശം പ്രയോഗത്തിൽ വരുത്തുവാൻ മുസ്‌ലിംലീഗ് സംഘടന ആരോടും സഹകരിച്ചു പ്രവർത്തിക്കുവാൻ ആത്മാർത്ഥമായ സന്നദ്ധത കാണിക്കുക തന്നെ ചെയ്യും. സമുദായത്തിന്റെ ഐക്യത്തിനും കെട്ടുറപ്പിനും ഭംഗം വരാതെ സൂക്ഷിക്കുവാൻ മുസ്‌ലിംലീഗിന്റെ പേരിൽ ഞാൻ എല്ലാ സഹോദരസംഘടനകളോടും ഈ സന്ദർഭത്തിൽ വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

കേരളത്തിലെ 26 ലക്ഷത്തോളം വരുന്ന മുസ്‌ലിംങ്ങൾ അവരുടെ മാത്രമല്ല ഇന്ത്യൻ യൂണിയനിലെ നാലരക്കോടി മുസ്‌ലിംങ്ങളുടെ ഏക രാഷ്ട്രീയ സംഘടനയായ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ കൊടിക്കീഴിൽ അണിനിരക്കുന്നതു അവർക്ക് അഭിമാനവും അവകാശവുമുള്ള പൗരന്മാരായി ഈ നാട്ടിൽ ജീവിക്കുവാനും നാടിന്റെ പൊതുവായ പുരോഗതിക്കുവേണ്ടിയുള്ള പരിശ്രമത്തിൽ പങ്കെടുക്കുവാനും അത്യന്താപേക്ഷിതമാണെന്നുള്ളതു കേരളാ സ്റ്റേറ്റിന്റെ ആവിർഭാവത്തിനു മുൻപും പിൻപുമുള്ള നമ്മുടെ അനുഭവങ്ങൾ സംശയലേശമെന്യെ തെളിയിച്ചിരിക്കുന്നു. തിരുകൊച്ചിയിൽ മുസ്‌ലിംങ്ങൾ ഉദ്യോഗമണ്ഡലങ്ങളിലും നിയമസഭ, തദ്ദേശ സ്വയംഭരണസഭകൾ ആദിയായവയിലും ഭയങ്കരമായ പ്രാതിനിദ്ധ്യമില്ലായ്മയും അവഗണനയും അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്നുള്ളതു എത്രയും വേദനാജനകമായ ഒരു പരമാർത്ഥമാണ്. ആ നില തുടർന്നു പോകുവാൻ സമുദായം മേലിൽ അനുവദിക്കുകയില്ലെന്നും സമുദായത്തിന്റെ സംഘടിത ശക്തിയുപയോഗിച്ചു വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അതിനൊരു പരിഹാരമുണ്ടാക്കുമെന്നുള്ള ആശയും വിശ്വാസവും മുസ്‌ലിംലീഗും കേരള അസംബ്ലിയിലെ മുസ്‌ലിംലീഗ് നിയമസഭാ പാർട്ടിയും ഇന്നു മുസ്ലിം ബഹുജനങ്ങളുടെ ഹൃദയങ്ങളിലുളവാക്കിയിട്ടുണ്ടെന്നുള്ളതു അനിഷേധ്യമാണ്. നാടിന്റെ പൊതുപ്രശ്നങ്ങളെ കയ്യാളുന്ന വിഷയത്തിൽ മുസ്‌ലിംലീഗ് പാർട്ടി മറ്റൊരു പാർട്ടിയുടെയും പുറകിലല്ലെന്നുള്ളതു കേരള അസംബ്ലിയിലെ നടപടികൾ വായിച്ചിട്ടുള്ളവർക്കറിയാവുന്നതാണല്ലൊ.

മുസ്‌ലിംലീഗിനെ ഒരു വർഗ്ഗീയ സംഘടനയായി മുദ്രയടിക്കുവാൻ വെമ്പൽകൊള്ളുന്ന പക്ഷപാത ബുദ്ധികൾക്കും സ്ഥാപിത താല്പര്യക്കാർക്കും നല്ലൊരു വായടപ്പൻ മറുപടിയാണ് പി.എസ്.പി-ലീഗ്സഖ്യം. കേരളത്തിൽ ജനായത്തചേരിയെ ശക്തിപ്പെടുത്തുവാനും സാമുദായിക സൗഹാർദത്തെ വളർത്തുവാനും അതു അത്ഭുതകരമാംവണ്ണം സഹായിച്ചിട്ടുണ്ടെന്നുള്ളതു ഇതിന്നിടയ്ക്കുണ്ടായ കേരളത്തിലെ അനുഭവങ്ങൾ നല്ലപോലെ തെളിയിച്ചിട്ടുണ്ട്. മുസ്‌ലിംലീഗിന്റെ നേർക്ക് മറ്റു ജനകീയപാർട്ടികൾക്കും നീതിപൂർവ്വകമായ ഒരു നിലപാടു കൈക്കൊള്ളുവാനുള്ള സന്നദ്ധത ഉണ്ടാകുന്ന പക്ഷം ഇന്നു കേരളത്തിൽ സംഭവിച്ചിട്ടുള്ളതുപോലെ സ്വേച്ഛാധിപത്യപരമായ വിദ്രോഹക ശക്തികൾക്കൊരിക്കലും വിജയവും ആധിപത്യവും കൈവരുകയില്ല. പല പ്രതിജ്ഞകളോടും പ്രഖ്യാപനങ്ങളോടും കൂടി അധികാരത്തിൽ വന്ന കമ്യൂണിസ്റ്റ് ഗവർമ്മേണ്ട് നാട്ടിൽ നിയമസമാധാനങ്ങൾ നിലനിർത്തുകയെന്നുള്ള ഒരു ഗവർമ്മേണ്ടിന്റെ പ്രാഥമികമായ കർത്തവ്യം നിർവ്വഹിക്കുന്നതിൽ പാടെ പരാജയപ്പെട്ടിരിക്കുന്നുവെന്നു പറയേണ്ടി വന്നതിൽ ഞാൻ വ്യസനിക്കുന്നു. പാർലിമെണ്ടറി ഭരണത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് ഭരണകാര്യങ്ങൾ നിർവ്വഹിക്കുമെന്നു പ്രതിജ്ഞ ചെയ്ത കമ്യൂണിസ്റ്റു ഗവർമ്മേണ്ട് നിയമങ്ങൾ ലംഘിക്കുവാൻ ബഹുജനങ്ങൾക്ക് വിശിഷ്യാ കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ജനവിഭാഗങ്ങൾക്ക് ധൈര്യവും പ്രോത്സാഹനവും നൽകുന്ന വിധം പോലീസിനേയും നിയമസമാ

mappilaheritagelibrary.com

ധാനങ്ങൾ പാലിക്കേണ്ട മറ്റധികാരികളേയും നിർവ്വീര്യരാക്കിത്തീർത്തതാണ് നാടിന്റെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ നിയമസമാധാനങ്ങളുടെ തകർച്ചയ്ക്കും അരക്ഷിതാബോധത്തിനും പ്രധാന കാരണമായിട്ടുള്ളത്. നിയമം കയ്യിലെടുക്കുവാനനുവദിക്കരുതെന്നുള്ള ആത്മാർത്ഥമായ വിചാരവും അതനുസരിച്ചു വേണ്ട നടപടികളെടുത്താൽ കമ്യൂണിസ്റ്റു സർക്കാർ തങ്ങളെ തുലച്ചു കളയുകയില്ലെന്നുള്ള ധൈര്യവും നിയമസമാധാനങ്ങൾ നിലനിർത്തുവാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥന്മാർക്കുണ്ടായാലല്ലാതെ, അഥവാ കമ്യൂണിസ്റ്റു ഗവർമ്മേണ്ടുണ്ടാക്കിയാലല്ലാതെ നാട്ടിൽ നടമാടിക്കൊണ്ടിരിക്കുന്ന അരക്ഷിതാവസ്ഥ ഒരിക്കലും നീങ്ങുകയില്ല. മുസ്‌ലിംങ്ങളെ സംബന്ധിച്ചിടത്തോളം ഒരദ്യോഗിക കാര്യങ്ങളിലും മറ്റും അവർ വളരെക്കാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന അവശതകൾക്കു പരിഹാരമുണ്ടാക്കുവാൻ ഇന്നത്തെ കമ്യൂണിസ്റ്റു ഗവർമ്മേണ്ട് കാര്യമായി ഒന്നും ചെയ്തിട്ടില്ലെന്നു പറയാതെ കഴിയുകയില്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ, ഹൈക്കോർട്ട് എന്നീ സ്ഥാപനങ്ങളിൽ അവർക്ക് പ്രാതിനിദ്ധ്യം നൽകപ്പെട്ടിട്ടില്ല. തങ്ങൾ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ ചെറുതും വലുതുമായ ഉദ്യോഗനിയമനങ്ങളിൽ ഈ ഗവർമ്മേണ്ട് മുസ്‌ലിംങ്ങളുടെ ജനസംഖ്യക്കനുസരിച്ച് പ്രാതിനിദ്ധ്യം നൽകിയിട്ടില്ലെന്നാണ് തൽസംബന്ധമായി നിയമസഭയിൽ ഉണ്ടായ ചില ചോദ്യങ്ങളുടെ മറുപടികൾ കൊണ്ടു സ്പഷ്ടമാവുന്നത്. മുസ്‌ലിംങ്ങളുടെ വിദ്യാഭ്യാസത്തിനു ഭയങ്കരമായ നാശം വരുത്തുവാൻ പര്യാപ്തമായ ഒരു വിദ്യാഭ്യാസ ബിൽ പാസാക്കുക വഴിക്കും സ്കൂളുകളുടെ എണ്ണം വിദ്യാർത്ഥികളുടെ എണ്ണം പരിഗണിച്ചു വെട്ടിക്കുറയ്ക്കുവാൻ ഉള്ള ആലോചന വഴിക്കും വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം കിടക്കുന്ന മുസ്‌ലിംങ്ങളെ സംബന്ധിച്ചു അപരിഹാര്യമായ ദോഷങ്ങൾക്കു ഈ ഗവർമ്മേണ്ട് ഇടവരുത്തിയിരിക്കുന്നു.

കമ്യൂണിസ്റ്റ് പാർട്ടിക്കു ഫണ്ടുണ്ടാക്കുവാനും ഗവർമ്മേണ്ട് രൂപീകരിക്കുന്ന കമ്മിറ്റികളിൽ കമ്മ്യൂണിസ്റ്റ്കാർക്കു അനർഹമായ പ്രാതിനിദ്ധ്യം നൽകുവാനും മുസ്‌ലിംലീഗ് പാർട്ടിക്കു പല കമ്മറ്റികളിലും പ്രാതിനിദ്ധ്യം നിഷേധിക്കുവാനും കമ്യൂണിസ്റ്റു ഗവർമ്മേണ്ടു ഉപേക്ഷ വരുത്തിയിട്ടില്ല. പാർലമെന്ററി ഭരണത്തിന്റെ പേരിൽ കമ്യൂണിസത്തിന്റെ സ്വേച്ഛാധിപത്യം ഒളിഞ്ഞും തെളിഞ്ഞും പുരോഗമിക്കുന്നു എന്നുള്ളതാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ഒരു കൊല്ലത്തെ ഭരണചരിത്രം നമ്മെ പഠിപ്പിച്ചിട്ടുള്ളത്. മുസ്‌ലിംലീഗ് നാട്ടിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും ഇല്ലാതാക്കുന്ന കാര്യത്തിലും കടബാധിത കർഷകർക്കു രക്ഷനൽകുന്ന നീതിപൂർവ്വമായ എല്ലാ നിയമനിർമ്മാണങ്ങൾക്കും എപ്പോഴും പിൻതുണ നൽകിയിട്ടുണ്ടെന്നുള്ളത് കമ്യൂണിസ്റ്റുകാർക്കു പോലും നിഷേധിക്കുവാൻ സാധിക്കുകയില്ല. കമ്യൂണിസ്റ്റുകാർ ബഹുജനങ്ങൾക്കും നാട്ടിനും ഉപകാരപ്രദമായ നിയമനിർമ്മാണങ്ങൾ ചെയ്യുന്നതുകൊണ്ടാണ് കമ്യൂണിസ്റ്റ് ഗവർമ്മേണ്ടിനെ മുസ്ലിംലീഗ് ആദിയായ പാർട്ടികൾ എതിർക്കുകയും വിമർശിക്കുകയും ചെയ്യുന്നതെന്നുള്ള കുപ്രചരണം കമ്യൂണിസ്റ്റുകാർ നടത്തിവരുന്നതു കൊണ്ടാണ് ഞാൻ ഈ കാര്യം എടുത്തുപറയുവാൻ ഇടവന്നത്. മുസ്‌ലിംങ്ങളുടെ ഇടയിൽ മതത്തിന്റെ പേരിൽ കക്ഷിത്വം വളർത്തുവാനും അവരുടെ ഇടയിൽ കമ്യൂണിസം പ്രചരിപ്പിക്കുവാനും സഹായിക്കുന്ന അടവുകൾ എടുത്തും കമ്യൂണിസ്റ്റു പാർട്ടി അംഗങ്ങളുടെ നിർബന്ധത്തിനു വഴങ്ങിയും മതത്തിന്റെ പേരിൽ നടത്തപ്പെടുന്ന ചില ആഘോഷങ്ങളും പള്ളി വഴക്കങ്ങളും മറ്റും സംബന്ധിച്ചും ഇസ്ലാം മതതത്വങ്ങളേയും മുസ്‌ലിംങ്ങളുടെ മതവികാരങ്ങളേയും അവഗണിച്ചുകൊണ്ട് കമ്യൂണിസ്റ്റ് ഗവർമ്മേണ്ട് കൈക

mappilaheritagelibrary.com

ടത്തിയത് മുസ്‌ലിംങ്ങളുടെ ഇടയിൽ പല ആശങ്കകൾക്കും ഇടയാക്കിയിട്ടുണ്ട്. തങ്ങളുടെ പാർട്ടിക്കു പ്രചാരം ലഭിക്കുന്നതിനുവേണ്ടി അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും കൂടി കമ്യൂണിസ്റ്റ് ഗവർമ്മേണ്ട് ചൂഷണം ചെയ്യുന്നുണ്ടെന്നു പല അനുഭവങ്ങളും തെളിയിച്ചിരിക്കുന്നു. ചില ഉൾപ്രദേശങ്ങളിൽ കമ്യൂണിസ്റ്റുകാർ മുസ്‌ലിംങ്ങളുടെ നേർക്ക് അക്രമങ്ങൾക്കു ഒരുങ്ങിയതായും അവരെ പല വിധത്തിലും ഭീഷണിപ്പെടുത്തിയതായും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. അത്തരം അക്രമങ്ങളെ തടയുവാൻ അധികൃതന്മാരുടെ സഹായം വേണ്ട സമയങ്ങളിൽ ലഭിക്കുന്നില്ലെന്നുള്ള കാര്യമായ ആവലാതികളും ധാരാളമുണ്ട്. ഏതായാലും നാട്ടിൽ പൗരന്മാരുടെ ജീവനും സ്വത്തിനും പൂർണ്ണമായ സുരക്ഷിതാവസ്ഥ ഉണ്ടാക്കുവാൻ ഫലപ്രദമായ നടപടികൾ കമ്യൂണിസ്റ്റ് ഗവർമ്മേണ്ട് എടുക്കാത്തപക്ഷം അതു ഭയങ്കരമായ ഭവിഷ്യത്തുകൾക്കു ഇടവരുത്തുമെന്നു മുന്നറിയിപ്പ് നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മുസ്‌ലിംങ്ങൾക്ക് രാഷ്ട്രീയമായി സംഘടിക്കുവാനുള്ള ജന്മസിദ്ധമായ അവകാശം ഇന്ത്യൻ ഭരണഘടന ഒരു മൗലികാവകാശമായി വകവെച്ചു തന്നിട്ടുള്ളതാണ്. ഒരു ന്യൂനപക്ഷമായ മുസ്ലിം സമുദായത്തിനുള്ള ഏകരക്ഷാകവചം അതാണ്. അതു വർഗ്ഗീയ സംരംഭമാണെന്നുള്ള അടിസ്ഥാനരഹിതമായ വാദം കൊണ്ടോ ആക്ഷേപം കൊണ്ടോ മുസൽമാന്മാർ ഒരിക്കലും വഞ്ചിതരാവുകയില്ല. അതുകൊണ്ടാണ് മുസ്‌ലിംലീഗ് പതാകയുടെ കീഴിൽ അണിനിരന്നിട്ടുള്ള ലക്ഷക്കണക്കായ ആളുകൾ ഇന്നിവിടെ തടിച്ചു കൂടിയിട്ടുള്ളത്. ഇന്ത്യയിലെ നാലര കോടി മുസൽമാന്മാരെ പൊതുവായും കേരളത്തിലെ 26 ലക്ഷം മുസ്‌ലിംങ്ങളെ പ്രത്യേകമായും ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളെക്കുറിച്ചെല്ലാം ഈ മഹായോഗം അവഗാഢമായി പര്യാലോചന ചെയ്കയും ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ആ കാര്യത്തിൽ മാർഗ്ഗദർശനവും പരിപൂർണ്ണമായ വിജയവും നൽകുവാൻ സർവ്വശക്തനായ അല്ലാഹുവിനോടു പ്രാർത്ഥിച്ചുകൊണ്ടും നിങ്ങൾക്കു ഒന്നുകൂടി സ്വാഗതം അരുളിക്കൊണ്ടും ഞാൻ എന്റെ ഈ പ്രസംഗം ഉപസംഹരിച്ചുകൊള്ളുന്നു.

mappilaheritagelibrary.com

11

(ആലപ്പുഴ ലജ്നത്ത് നഗറിൽ 1958 ഏപ്രിൽ 26, 27 തിയതികളിൽ നടന്ന കേരള സ്റ്റേറ്റ് മുസ്ലിംലീഗ് ഒന്നാം വാർഷിക സമ്മേളനത്തിൽ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് പ്രസിഡണ്ട് ഖാഇദേമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് ചെയ്ത അദ്ധ്യക്ഷ പ്രസംഗം- വിവർത്തനം)

കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ
നാമത്തിൽ. സർവ്വസ്തുതിയും അവനാകുന്നു.
അവന്റെ ഏറ്റവും വിശിഷ്ടമായ അനുഗ്രഹങ്ങൾ
അവന്റെ വിശുദ്ധ ദൂതന്റെ മേൽ ഉണ്ടാവട്ടെ!

മാന്യനായ സ്വീകരണസംഘാദ്ധ്യക്ഷരെ, അംഗങ്ങളെ, പ്രതിനിധികളെ, സ്നേഹിതരെ,

ആലപ്പുഴയിൽ കൂടുന്ന കേരളാ സ്റ്റേറ്റ് മുസ്ലിംലീഗിന്റെ ഈ സുപ്രധാന മായ മഹാസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുവാൻ ആവശ്യപ്പെടുക വഴിക്കു എനിക്കു നല്കിയ മഹത്തായ ബഹുമതിക്കു നിങ്ങളോടെല്ലാം എനിക്കു ആത്മാർത്ഥമായ നന്ദിയുണ്ട്.

1956 നവംബറിൽ ഉടലെടുത്ത കേരള സംസ്ഥാനത്തോടുകൂടി സംജാത മായ കേരള സ്റ്റേറ്റു മുസ്ലിംലീഗിന്റെ പ്രഥമ വാർഷിക സമ്മേളനമാകുന്നു ഇത്. ഈ ചരിത്ര പ്രധാനമായ മഹാസമ്മേളനത്തിലേക്കു വന്ദ്യനായ സ്വീകരണസം ഘാദ്ധ്യക്ഷനോടൊപ്പം ഞാനും നിങ്ങളെ ഹൃദയ പൂർവ്വം സ്വാഗതം ചെയ്തു കൊള്ളുന്നു.

ആലപ്പുഴ പൗരാണികമായ ഒരു തുറമുഖ പട്ടണവും സാംസ്കാരികവും വ്യാപാരപരവുമായ ഒരു പ്രധാന കേന്ദ്രവുമാകുന്നു. പുരാതന കാലം മുതല്ക്കു തന്നെ ഈ സ്ഥലത്തിന്റെ പ്രാധാന്യത്തിനും പ്രവർത്തനങ്ങൾക്കും മുസ്ലിംങ്ങൾ നല്കിയിട്ടുള്ള സംഭാവന കുറച്ചൊന്നുമല്ല. ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിനോടു അനുബന്ധിക്കപ്പെട്ടിരിക്കുന്ന പുതിയ കേരള സ്റ്റേറ്റ് മുസ്ലിംലീഗിന്റെ പ്രഥമ വാർഷിക സമ്മേളനം ചേരുന്നത് നിശ്ചയമായും ഈ പട്ടണത്തിനും ഈ യോഗത്തിനും ഒരു ബഹുമതിയാകുന്നു.

തങ്ങളുടെ വിപുലവും ഹൃദയപൂർവ്വവുമായ പരിശ്രമങ്ങളുടെ മഹത്തായ ഫലമായി ഈ കോൺഫ്രൻസിനു ലഭിച്ച വമ്പിച്ച വിജയത്തിൽ കേരള സ്റ്റേറ്റ് മുസ്ലിംലീഗിനേയും ഈ കാൺഫ്രൻസിന്റെ സ്വീകരണ സംഘത്തിന്റെ നേതാ

mappilaheritagelibrary.com

ക്കളേയും അംഗങ്ങളേയും പ്രവർത്തകന്മാരെയും ഞാൻ ഏറ്റവും ഹാർദ്ദമായി അഭിനന്ദിച്ചു കൊള്ളുന്നു. കേരളത്തിന്റെ ഏതാണ്ട് എല്ലാ ഭാഗങ്ങളിൽ നിന്നും വമ്പിച്ച ജനക്കൂട്ടങ്ങൾ എത്തിയിട്ടുണ്ട്. മദ്രാസ്, മൈസൂർ മുതലായ അയൽ സ്റ്റേറ്റുകൾ ഗണ്യമായ വിഹിതം ആളുകളെ അയച്ചിരിക്കുന്നു. രാജ്യത്തിന്റെ വിദൂരഭാഗങ്ങളിൽ നിന്നും പ്രതിനിധികൾ ഈ നിസ്തുല സമ്മേളനത്തിലേക്കു ആകർഷിക്കപ്പെട്ടിരിക്കുന്നു. സ്ഥായിയായ ഉത്സാഹത്തോടും അസൌകര്യങ്ങളും വിഷമതകളും വിഗണിച്ചും ഇവിടെ എത്തിച്ചേർന്നു ഈ കാൺഫ്രൻസിന്റെ അത്ഭുതകരമായ ഈ വിജയത്തിനു കാരണമാക്കിയ ഓരോരുത്തരും അകമ ഴിഞ്ഞ കൃതജ്ഞതയ്ക്കും അഭിനന്ദനത്തിനും അർഹരത്രെ!

ഈ വിസ്മയജനകമായ മനുഷ്യമഹാസമൂഹം മുസ്‌ലിംലീഗ് ഒരു പഴങ്ക ഥയാണെന്നു നാം ചിലപ്പോഴൊക്കെ കേൾക്കാറുള്ള അന്തസ്സാരഹീനവും പക്ഷ പാതജഡിലവുമായ വിമർശനത്തിനുള്ള ഒരു ഉത്തരം കൂടി- ഒരു പക്ഷേ തകർത്തു തരിപ്പണമാക്കുവാൻ ഏറ്റവും ശക്തിയുള്ള ഒരുത്തരം- നല്കുന്നു ണ്ട്. മുസ്‌ലിംലീഗ് എത്ര ശക്തിയായും സ്ഥായിയായുമാണ് മുസ്ലിം സമുദായ ത്തിന്റെ ഹൃദയത്തിലും ബോധത്തിലും വേരുന്നിനില്ക്കുന്നതെന്നു കാണ്മാൻ കണ്ണുള്ളവർക്കു അത് തെളിയിച്ചു കൊടുക്കും. ഉൾക്കട്ടിയുള്ള ഉത്സാഹം കൊണ്ടു അലയടിക്കുന്ന ഈ മനുഷ്യസമുദ്രം തങ്ങളുടെ മാതൃഭൂമിയിൽ മാന്യമായ ഒരു ജീവിതം നയിക്കുവാനുള്ള മുസ്‌ലിം സമുദായത്തിന്റെ അചഞ്ചലമായ നിശ്ച യത്തെ ലോകത്തിനു കാണിച്ചു കൊടുക്കുകയും, സമുദായം അതിന്റെ മൗലി കവും ജന്മസിദ്ധവും ആയ അവകാശങ്ങളെ കുറിച്ചു എത്ര ആന്തരമായ ബോധ ത്തോടു കൂടിയാണിരിക്കുന്നതെന്നു പ്രകടമാക്കുകയും ചെയ്യാതിരിക്കുകയില്ല. ഈ ആശ്ചര്യകരമായ മഹായോഗം മുസ്‌ലിം സമുദായം അതിന്റെ നിശ്ചയം പ്രയോഗത്തിൽ വരുത്തുവാനും അതിന്റെ ന്യായമായ അവകാശങ്ങൾ സമ്പാ ദിക്കുവാനും മുസ്‌ലിംലീഗ് ആവശ്യവും അനിവാര്യവുമാണെന്നു സൂക്ഷ്മമായി മനസ്സിലാക്കുന്നുണ്ടെന്നുള്ള വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുന്നുണ്ട്.

മുസ്‌ലിംലീഗ് ഈ കരയിൽ അതായതു പശ്ചിമതീരത്തു പുതുതായി വരുന്നതല്ല. അതു ഇപ്പോൾ സംയോജിച്ചു പുതിയ കേരള സംസ്ഥാനമായിരി ക്കുന്ന മലബാർ ജില്ലയിലും, കാസർകോഡ് താലൂക്കിലും പഴയ തിരു-കൊച്ചി സംസ്ഥാനത്തും ശക്തിയായും അഭിമാനപൂർവ്വവും പ്രവർത്തനം നടത്തി വന്നി രുന്നു. ആ കാര്യത്തിൽ പ്രഥമ പദവി വിശേഷിച്ചും മലബാറിനാണുള്ളത്. അവിടെ ജനങ്ങൾ വിശേഷിച്ചു കഴിഞ്ഞ 10 കൊല്ലക്കാലം പക്ഷപാതത്തിന്റേയും തെറ്റി ദ്ധാരണയുടേയും അപവാദത്തിന്റേയും ക്ലേശങ്ങളുടേയും വിഷമതകളുടേയും മദ്ധ്യേ മുസ്‌ലിംലീഗിനോടു പറ്റിപ്പിടിച്ചു ഉറച്ചു നില്ക്കുക തന്നെ ചെയ്തു. അവി ടെയായിരുന്നു പച്ചപ്പതാക ഇളക്കം കൂടാതെ ഉയർത്തിപിടിക്കപ്പെട്ടതും മുസ്‌ലിംലീഗിന്റെ അടിയുറച്ച കോട്ട സ്ഥാപിതമാകുവാൻ ഇടയായതും. ഇന്നാ വട്ടെ ആ കോട്ട കേരള സംസ്ഥാനം ഒട്ടാകെ ഉൾക്കൊള്ളുന്നു. അഭിമാനത്തോടു കൂടി ഈ കോട്ടയിൽ പാറിക്കളിക്കുന്ന പച്ചപ്പതാക രാജ്യത്തിന്റെ മറ്റു ഭാഗങ്ങ ളിലേക്കു ഉദ്ബോധനം നൽകുകയും അവയുടെ പ്രശംസ ആർജ്ജിച്ചു കൊണ്ടി രിക്കുകയും ചെയ്യുന്നു. ഇതെല്ലാം സാദ്ധ്യമായിത്തീർന്നതു മുസ്‌ലിംലീഗിന്റെയും മുസ്ലിംസമുദായത്തിന്റേയും വാദത്തിന്റെ ന്യായസമ്പൂർണ്ണതയിൽ ഉള്ള മുസ്‌ലിംങ്ങളുടെ ഖണ്ഡിതമായ വിശ്വാസവും അവരുടെ മുസ്‌ലിംലീഗുമായുള്ള ഐക്യവും ദൃഡമായ ബന്ധവും, ജനാബുമാർ അൽഹാജ് സയ്യിദ് അബ്ദുറ ഹിമാൻ ബാഫഖി തങ്ങൾ, കെ.എം.സീതിസാഹിബ്, ബി.പോക്കർ സാഹിബ്, കെ.ഉപ്പി സാഹിബ്, എം.കെ.ഹാജിസാഹിബ്, സി.എച്ച്.മുഹമ്മദ് കോയ സാഹി

mappilaheritagelibrary.com

ബ്, പരേതനായ ഹാജി മാഹിൻഷംനാഡ് സാഹിബ്, ഇവരേയും മറ്റു ഒട്ടധികം സഹോദരന്മാരേയും പോലെയുള്ള നിസ്വാർത്ഥരും പ്രാപ്തരും ആയ നേതാക്കളും പ്രവർത്തകന്മാരും അടങ്ങിയ ഒരു സംഘത്തിന്റെ ദീർഘദൃഷ്ടിയും, കൂറും, ആത്മപരിത്യാഗവും, ശക്തി യുക്തവും സ്നേഹപൂർവ്വവുമായ സേവനവും കൊണ്ടായിരുന്നു. ഈ നേതാക്കന്മാർ പശ്ചിമതീരത്തു മാത്രമല്ല നാട്ടിന്റെ ഇതരഭാഗങ്ങളിലും ധാർമ്മിക കേസരികളായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ധാർമ്മിക മാർഗ്ഗത്തിൽ ഈ പ്രിയപ്പെട്ട നേതാക്കളും പ്രവർത്തകന്മാരും സഹോദരന്മാരും ചെയ്ത ഉൽകൃഷ്ടമായ പ്രവർത്തനത്തിനും സേവനങ്ങൾക്കും എന്റെ ഹൃദയപൂർവ്വമായ അഭിനന്ദനം അർപ്പിക്കുവാൻ സദയം അനുവദിച്ചാലും. സർവ്വ ശക്തനായ അല്ലാഹു അവന്റെ പ്രതിഫലങ്ങളും അനുഗ്രഹങ്ങളും അവരുടെ എല്ലാം മേൽവർഷിക്കുമാറാകട്ടെ! ആമീൻ.

മുസ്‌ലിംലീഗിനു രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലുള്ള മുസ്‌ലിംങ്ങളുടേയും സുദൃഢവും സ്നേഹ സമ്പൂർണ്ണവുമായ ഒരു സ്ഥാനം ഉണ്ട്. മലബാർ ഉൾക്കൊണ്ടിരുന്ന പഴയ മദ്രാസ് സംസ്ഥാനത്തിൽ മുസ്‌ലിംലീഗിനോടുള്ള മുസ്‌ലിംങ്ങളുടെ ബന്ധം എപ്പോഴും സുശക്തവും മാതൃകാപരവുമായിരുന്നു. മുസ്‌ലിംലീഗിനോടുള്ള ഉൾക്കട്ടിയുള്ള ആ ബന്ധം അത്രയ്ക്കു തന്നെ ശക്തമായും അചഞ്ചലമായും അവശിഷ്ട മദ്രാസ് സ്റ്റേറ്റിൽ അഥവാ തമിഴ് നാട്ടിൽ തുടർന്നു തന്നെ പോകുന്നു. 1948 മാർച്ച് 10നു മദ്രാസിൽ കൂടിയ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് കൗൺസിൽ യോഗത്തിൽ വച്ചു ഇന്ത്യയിൽ മുസ്‌ലിംലീഗ് തുടർന്നു നിലനിറുത്തണമെന്നു തീരുമാനിക്കപ്പെട്ടശേഷം താമസിയാതെ ആ തീരുമാനം സ്മരണീയമായ വിധത്തിൽ നടപ്പിൽ വരുത്തുന്നതിനു തിരുച്ചിറപ്പള്ളി അഭിമാനപൂർവ്വം മുൻകൈ എടുക്കുകയുണ്ടായി. തെരഞ്ഞെടുപ്പുകൾ ഉൾപ്പെടെ അവശ്യവും ഉചിതവുമായ എല്ലാ അവസരങ്ങളിലും തമിഴ്നാട്ടിലെ മുസ്‌ലിംങ്ങൾ മുസ്‌ലിംലീഗിനോടുള്ള തങ്ങളുടെ കൂറിനെ ഇളക്കുവാൻ കഴിയുകയില്ലെന്നു ഈ ദിവസം വരെ പ്രകടമാക്കിയിട്ടുണ്ട്. ഇക്കൊല്ലം ജനുവരിയിൽ തൃച്ചിറപ്പള്ളിയിൽ ചേർന്ന തമിഴ്നാട് മുസ്‌ലിംലീഗ് പ്രവർത്തക കോൺഫ്രൻസ് മുസ്‌ലിംലീഗ് നിലകൊള്ളുന്ന കാര്യത്തിനു പിന്തുണയായി സമുദായത്തിലെ പ്രവർത്തനങ്ങളുടെ ഒരു മൂർദ്ധന്യ ഘട്ടമായിരുന്നുവെന്നു പറയാവുന്നതാണ്. ആ കോൺഫ്രൻസ് സംഘടിപ്പിച്ച സ്തുത്യർഹരായ മാന്യന്മാരുടെ ഏറ്റവും വലിയ വിജയ പ്രതീക്ഷകളെ കവച്ചു വെയ്ക്കുന്ന വിധമായിരുന്നു. ഈ കോൺഫ്രൻസിന്റെ ഗംഭീരവും വിപുലവുമായ വിജയ സ്വഭാവവും ഇതു ഒരു ധാർമ്മികകാര്യത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു ജനവിഭാഗത്തെ അമർത്തുകയോ അടിപ്പെടുത്തുകയോ ചെയ്വാൻ പ്രതികൂല പരിതഃസ്ഥിതികൾക്കും ഇടതടവില്ലാത്തതും ദുഷിച്ചതുമായ പ്രചാരവേലയ്ക്കും അന്യായമായ ഭീഷണികൾക്കും സാധിക്കുകയില്ലെന്നുള്ള വസ്തുത മാത്രമാണ് തെളിയിക്കുന്നത്. തിരുച്ചിറപ്പള്ളി കോൺഫ്രൻസ് ഒരു നവീന ആവേശപ്രവാഹം ഉളവാക്കുകയും ജനങ്ങൾ നവശക്തിയോടും നിശ്ചയ ദാർഢ്യത്തോടുകൂടി മുസ്‌ലിംലീഗിന്റെ സന്ദേശവും സേവനവും തുടർന്നു പോകുന്ന മാർഗ്ഗത്തിൽ വ്യാപൃതരാവുകയും ചെയ്തിട്ടുണ്ട്.

രാജ്യത്തിന്റെ മറ്റു വിവിധ ഭാഗങ്ങളിലും മുസ്‌ലിംങ്ങളുടെ സ്നേഹവിശ്വാസങ്ങളിൽ മുസ്‌ലിംലീഗിന് ഒരു സ്ഥാനം ഉണ്ട്. മുസ്‌ലിംലീഗിന്റെ ആഹ്വാനം ഉണ്ടാകുമ്പോഴെല്ലാം ആ പ്രദേശങ്ങളിലെല്ലാം അതിനുത്തരമുണ്ടാകുന്നുണ്ട്. കഷ്ടപ്പാട്, വിഷമതകൾ, ഭയങ്കരമായ എതിർപ്പ് ഇവയ്ക്കൊന്നും ജനഹൃദയങ്ങളിൽ മുസ്‌ലിംലീഗിനുള്ള അനുകൂലസ്ഥാനത്തിൽ നിന്നും അതിനെ

mappilaheritagelibrary.com

പുറംതള്ളുവാൻ സാധിച്ചിട്ടില്ല. ഉത്തരപ്രദേശ്, ബീഹാർ, ബംഗാൾ മുതലായ സ്റ്റേറ്റുകളിൽ സമുദായത്തിലെ സാമാന്യ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇതാണ് പരമാർത്ഥമെന്നുള്ളതു എന്റെ സ്വന്തം അനുഭവത്തിൽ നിന്നും എനിക്കു നിങ്ങളോടു പറയുവാൻ കഴിയും. ഇന്ത്യയിലെ മുസ്ലിം സമുദായത്തിന്റെ പ്രാതിനിധ്യമുള്ള ഏക രാഷ്ട്രീയ സംഘടനയായ മുസ്‌ലിംലീഗ് ഒരു വെറും പാർട്ടിയല്ല. അതു ഒരു സ്ഥാപനമായിത്തീരുകയും അന്യായവും ശകാരപൂർണ്ണവും ഭയജനകവുമായ എതിർപ്പുണ്ടായിട്ടും ജനങ്ങളുടെ ഹൃദയങ്ങളിൽ അതു വളർന്നു അവരുടെ പ്രകൃതിയുടേയും സ്വഭാവ ഘടനയുടേയും ഒരു മർമ്മഭാഗമായി പരിണമിക്കുകയും ചെയ്തിരിക്കുന്നു.

മുസ്‌ലിംലീഗ് നാട്ടിലെ ഒരു ന്യൂനപക്ഷത്തിന്റെ ദേശീയാദർശമുള്ള ഒരു ദേശീയ സംഘടനയാണ്. ആ നിലയ്ക്കു അതു മുസ്ലിം ന്യൂനപക്ഷത്തിന്റെ അവകാശങ്ങളേയും പ്രത്യേകാനുകൂല്യങ്ങളേയും ചുമതലകളേയും സംബന്ധിച്ച കാര്യങ്ങളിൽ മാത്രമല്ല, നാട്ടിന്റെ ഒട്ടാകെയുള്ള പൊതുവായും, വിദ്യാഭ്യാസപരവും, സാമൂഹ്യവും, സാമ്പത്തികവുമായ ജീവിതത്തേയും അഭിവൃദ്ധിയേയും സംബന്ധിക്കുന്ന കാര്യങ്ങളിലും സജീവമായ താല്പര്യം കാണിച്ചു കൊണ്ടിരുന്നിട്ടുണ്ട്. ഒരു സോഷ്യലിസ്റ്റ് രൂപത്തിലുള്ള സമുദായ വ്യവസ്ഥിതിസ്ഥാപിക്കുന്നതിനുള്ള ഉദ്യമത്തിനു അതു പിന്തുണ നൽകുകയും നാട്ടിൽ നിയമവും, ക്രമസമാധാനങ്ങളും നില നിറുത്തുന്ന സർവ്വപ്രധാനമായ പ്രവർത്തനത്തെ സഹായിക്കുകയും, ഗവർമ്മെന്റിന്റെ വിദേശ നയത്തിനു പുറകിൽ വിശിഷ്യ ലോകരാഷ്ട്രങ്ങൾക്കിടയിൽ സമാധാനവും സൗഹാർദ്ദതയും സ്ഥാപിക്കുന്നതിന് സഹായിക്കുന്ന കാര്യത്തിൽ ഉറച്ചു നില്ക്കുകയും ചെയ്യുന്നു.

കേരള സ്റ്റേറ്റിലെ മുസ്‌ലിംലീഗും അതിന്റെ നിയമസഭാ പാർട്ടിയും ഇതേ മാർഗ്ഗങ്ങളിൽ കൂടി അഭിനന്ദനാർഹമാം വണ്ണം പ്രവർത്തിച്ചു വരുന്നുവെന്നു ഞാൻ ചൂണ്ടിക്കാണിക്കേണ്ട ആവശ്യമില്ല. ഈ സന്ദർഭത്തിൽ കേരള നിയമനിർമ്മാണ സഭയിൽ ജനാബ് സി.എച്ച്.മുഹമ്മദ്കോയ സാഹിബ് എം.എൽ.എ. യുടെ ഊർജ്ജസ്വലവും പ്രാപ്തവും അഭിനന്ദനീയവുമായ നേതൃത്വത്തിൻ കീഴിൽ കേരള നിയമസഭാ മുസ്‌ലിംലീഗു പാർട്ടി സ്റ്റേറ്റിന്റെയും രാജ്യത്തിന്റെ ഒട്ടാകേയും നന്മയ്ക്കു വേണ്ടി അതിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും അന്തസ്സും പ്രാപ്തിയുമുള്ളവിധത്തിൽ നിർവ്വഹിച്ചു വരുന്നതിനെ കുറിച്ചു അഭിനന്ദനമായി ഒരു വാക്കു പറയുവാൻ എന്നെ ദയാപൂർവ്വം അനുവദിച്ചാലും. വിഷമമേറിയ ചുറ്റുപാടുകളിൽ അവർ അവരുടെ സുപ്രധാനമായ കർത്തവ്യം മാതൃകായോഗ്യവും നിരാക്ഷേപവുമായവിധം നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു.

ഒന്നാമത്തേയും രണ്ടാമത്തേയും ലോകസഭ (പാർലിമെന്റ്)യിൽ മുസ്ലിംലീഗിന്റെ ഏക പ്രതിനിധിയായി ഒറ്റക്കു തന്റെ അസാധാരണമായ കഴിവിന്റെ അങ്ങേയറ്റം ഉപയോഗിച്ചും ഏറ്റവും ഫലപ്രദവും ആവേശജനകവും ശക്തിയുക്തവും ആകർഷകവുമായ വിധത്തിൽ മുസ്ലിം താല്പര്യത്തെയെന്നപോലെ പൊതു താല്പര്യങ്ങളേയും പ്രതിനിധീകരിക്കുന്ന ഭാരമേറിയ ജോലി നിർവ്വഹിക്കുകയും, ഇപ്പോഴും നിർവ്വഹിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന ജനാബ് ബി.പോക്കർ സാഹിബിനെക്കുറിച്ചുള്ള ഏറ്റവും ഹൃദ്യമായ അഭിനന്ദനവും കൃതജ്ഞതയും നാം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

ജനാബ് കെ.എം.സീതിസാഹിബും സംഘടനയും സമുദായവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ഞാൻ പറയേണ്ടി വരുമ്പോൾ എനിക്കു അതു വേണ്ടുവോളം പറയുവാൻ കഴിയുന്നില്ല. നിയമസഭയിൽ ഉണ്ടായിരുന്ന കാലത്തു അദ്ദേഹം വഹിച്ച മഹത്തായ പങ്കിനെ കുറിച്ചും പ്രാപ്തിയോടും ശ്രോതാക്കളെ

mappilaheritagelibrary.com

ബോദ്ധ്യപ്പെടുത്തത്തക്കവിധം സമർത്ഥമായ രീതിയിലും ന്യായമായ കാര്യങ്ങൾക്കുവേണ്ടിയും എല്ലാവർക്കും നീതി ലഭിക്കുവാൻ വേണ്ടിയും അദ്ദേഹം വാദിച്ചിരുന്നതിനെ സംബന്ധിച്ചും നിയമസഭകളുമായി പരിചയമുള്ളവർക്കെല്ലാം അറിയാം. നിയമസഭയ്ക്കു പുറത്തു അദ്ദേഹം ഒരു ഒഴിച്ചുകൂടാത്ത ജനനേതാവായിരിക്കുന്നതിനു പുറമെ സമുദായത്തിനു അഭിനന്ദനീയമാം വണ്ണം വിശ്വസിക്കാവുന്ന സുഹൃത്തും, തത്വജ്ഞനും, മാർഗ്ഗദർശകനും ആണെന്നു നിങ്ങൾക്കു അറിവുണ്ടല്ലോ.

സ്വാതന്ത്ര്യത്തിനുശേഷം പഴയ തിരു-കൊച്ചി സ്റ്റേറ്റു ഒരു ഗണ്യമായ കാലത്തേക്കു നിലനില്പുള്ള ഒരു ഉറച്ച ഗവർമ്മേണ്ടില്ലായ്മ നിമിത്തം അസൂയാജനകമല്ലാത്ത ഒരു അവസ്ഥയിലായിരുന്നു. എന്നാൽ കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിന്റെ ഫലമായി പുതിയ കേരള സ്റ്റേറ്റിന്റെ ആവിർഭാവത്തിനുശേഷം, കമ്മ്യൂണിസ്റ്റ് കക്ഷി ഒരു നേരിയ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വന്നു. കമ്മ്യൂണിസ്റ്റ് കക്ഷി അധികാരത്തിൽ വന്നതു സമ്മതിദായകന്മാർ ആ പാർട്ടിയുടെ ഗുണങ്ങളെ പ്രത്യക്ഷമായി അംഗീകരിച്ചതിന്റെ ഫലമായിട്ടല്ല, കോൺഗ്രസ്സ് പാർട്ടി ഉണ്ടാക്കിത്തീർത്ത അങ്ങേഅറ്റത്തെ അതൃപ്തിയും പരാജയ ബോധവും നിമിത്തമാണ്. ജനങ്ങളുടെ മേൽപറഞ്ഞ പരോക്ഷാനുകൂല നിലകൊണ്ടു അധികാരത്തിൽ കയറിയ പ്രസ്തുത പാർട്ടി സ്റ്റേറ്റിന്റെ നില നന്നാക്കിയിട്ടില്ലെന്നു ഞാൻ ശങ്കിക്കുന്നു. ആ പാർട്ടിയുടെ മേധാവി, സ്റ്റേറ്റിൽ മുമ്പുണ്ടായിട്ടുള്ള ഗവർമ്മെറ്റുകളിൽ വെച്ചു ഏറ്റവും മെച്ചപ്പെട്ടതാണ് ഇപ്പോഴത്തെ ഗവർമ്മെന്റ് എന്നു അവകാശപ്പെടുന്നുണ്ടെങ്കിലും ചില പ്രധാന കാര്യങ്ങളിൽ സ്ഥിതിഗതികൾ കൂടുതൽ വഷളാവുകയാണ് ചെയ്തിട്ടുള്ളതെന്നു കാരണസഹിതം പറയുവാൻ കഴിയും "കാത്തിരുന്നു 1962ൽ നോക്കുക" എന്നുള്ള പാർട്ടിനേതാവിന്റെ ന്യായവാദം ഇന്നത്തെ സ്വാദ് വായിലുള്ള ജനങ്ങൾക്കു ബോദ്ധ്യമുണ്ടാക്കുകയില്ല. ഇത്തരം ന്യായവാദം ആർക്കും എന്തിനെ സംബന്ധിച്ചും പുറപ്പെടുവിക്കാവുന്നതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ അധികാരം ഏറ്റെടുത്ത സമയം സ്റ്റേറ്റിലെ പോലീസിന്റെ ചുമതലയെക്കുറിച്ചുള്ള തങ്ങളുടെ അഭിപ്രായം പ്രഖ്യാപിച്ചു കൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്. ഈ പ്രഖ്യാപനം നടപ്പിൽ വരുത്തിയ രീതിയും അവരുടെ രഹസ്യ സംഘങ്ങളും (സെല്ലുകൾ) പാർട്ടി അംഗങ്ങളും ജനങ്ങളുടെ സാധാരണ തർക്കങ്ങളിലും കാര്യങ്ങളിലും നിർബ്ബാധം ഇടപെടുന്ന സമ്പ്രദായവും അത്തരം മറ്റു പ്രവർത്തനങ്ങളും സ്റ്റേറ്റിലെ ജനങ്ങളുടെ ഇടയിൽ സംഘർഷവും കുഴപ്പവും ഒരു അരക്ഷിതാബോധവും സൃഷ്ടിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി പിന്നിട് തങ്ങളുടെ സമ്പ്രദായങ്ങളിൽ ചില മാറ്റങ്ങൾ വരുത്തുന്നതായി തോന്നിയെങ്കിലും അത് അവർ ആദ്യം സൃഷ്ടിച്ച സ്ഥിതിവിശേഷത്തിന്റെ അടിസ്ഥാനപരമായ സ്വഭാവം, വിശിഷ്യാ അതിന്റെ മാനസികമായ സ്വഭാവം, മാറ്റുകയുണ്ടായില്ല. നിയമസമാധാനങ്ങളുടെ നിലയെക്കുറിച്ചുള്ള അനിശ്ചിതബോധവും ഉൽക്കണ്ഠയും ഇപ്പോഴും സ്റ്റേറ്റിൽ തുടർന്നു പോകുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നത്.

നിയമസമാധാനങ്ങളുടെ പരിപാലനം നാടിന്റെ ഏതു തരത്തിലുള്ള പുരോഗതിക്കും ഒഴിച്ചു കൂടാത്ത ഒരു കാര്യമാണ്. ഈ കാരണം കൊണ്ടാണ് മുസ്‌ലിംലീഗ് എപ്പോഴും നാടിന്റെ എല്ലാ ഭാഗങ്ങളിലും നിയമവും ക്രമവും സമാധാനവും നിലനിർത്തുവാൻ അങ്ങേയറ്റം പരിശ്രമിക്കുകയും ആ ശ്രമം നിരുപാധികമായി നടത്തുകയും ചെയ്തു കൊണ്ടിരിക്കുന്നത്. മുസ്ലിംലീഗ് ഉപകാരപ്രദമായ അതേനയം തന്നെ വരവണ്ണം തെറ്റാതെ കേരള സ്റ്റേറ്റിലും തുടർന്നു വരുന്നുവെന്നുള്ളത് സ്വാഭാവികമാണല്ലോ. പക്ഷെ നിർഭാഗ്യവശാൽ നമ്മുടെ വിഷ

mappilaheritagelibrary.com

മങ്ങൾ അധികാരത്തിലിരിക്കുന്ന ആളുകളുടെ നയവും പ്രവൃത്തിയും ആ വിഷ മങ്ങൾക്കു വഴിവെക്കുമ്പോൾ വർദ്ധിക്കുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണത്തിന്റെ മറ്റൊരു വിഷമകരമായ വശ മാണ് അവർ തങ്ങളുടെ നേരിയ ഭൂരിപക്ഷം കൊണ്ടു ഇയ്യിടെ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ പാസ്സാക്കിയ വിദ്യാഭ്യാസബിൽ. ഈ ബില്ലിലെ വ്യവസ്ഥകൾ ബില്ലിന്റെ അവതാരകന്മാർക്കു വിദ്യാഭ്യാസരംഗത്ത് സ്വകാര്യകക്ഷികൾക്കുള്ള പ്രധാനവും അത്യന്താപേക്ഷിതവുമായ പങ്കിനെക്കുറിച്ചുള്ള അനാദരവിനെ വളരെ വ്യക്തമായി കാണിക്കുന്നുണ്ട്. കൂടാതെ ന്യൂനപക്ഷങ്ങൾക്കു തങ്ങളുടെ ഹിതമനുസരിച്ചു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുവാനും ഭരിക്കുവാനു മുള്ള സ്വാഭാവികവും ഭരണഘടനാസിദ്ധവുമായ അവകാശത്തിന്റെ നേർക്ക് കേരളത്തിലെ ഇന്നത്തെ ഭരണകർത്താക്കൾക്കുള്ള അനുകമ്പാരാഹിത്യവും അവ കാണിക്കുന്നു. നിരന്തരം അവകാശങ്ങൾ നിബന്ധനകൾക്കും സ്റ്റേറ്റ് നിയ ന്ത്രണത്തിലും അധീനമായിട്ടുമാത്രമേ അനുഭവിക്കുവാൻ കഴിയുകയുള്ളു വെന്നും വാദിച്ചേക്കാം. എന്നാൽ നിബന്ധനകൾ നിയമത്തെ, അടിസ്ഥാന നിയ മത്തെ തന്നെ, വിഴുങ്ങിക്കൂടാ. നിയന്ത്രണാധികാരങ്ങൾ നിയന്ത്രണവിധേയമായ വസ്തുവെ തന്നെ ശാപ്പിടുവാൻ പാടില്ല.

കുറച്ചു കൊല്ലങ്ങൾക്കു മുമ്പു കമ്മ്യൂണിസ്റ്റ് പാർട്ടി മലബാർ ഡിസ്ട്രിക് ബോർഡിൽ, അന്നും ഒരു നേരിയ ഭൂരിപക്ഷത്തോടുകൂടി തന്നെയായിരുന്നു, ഒരു ഭൂരിപക്ഷം സമ്പാദിക്കുകയും, തൽഫലമായി ഡിസ്ട്രിക്ട് ബോർഡ് സ്കൂളു കൾ അവരുടെ അധീനത്തിൽ വരികയും ചെയ്തപ്പോൾ, സ്കൂളുകളിലെ അദ്ധ്യാ പകന്മാർ വഴിക്കു ഇളംപ്രായക്കാരായ വിദ്യാർത്ഥികളിൽ കമ്യൂണിസ്റ്റ് വിശ്വാസ പ്രമാണവും തത്വസംഹിതയും കുത്തിവെക്കുവാനുള്ള ഉദ്യമങ്ങൾ നടത്തപ്പെ ട്ടത് ഓർമ്മയുണ്ട്. ചെറുപ്പക്കാരിൽ തങ്ങളുടെ തത്വവും പ്രമാണവും കടത്തി വിടുകയെന്നുള്ളത്, കമ്മ്യൂണിസ്റ്റുകാരുടെ കരുതലുള്ള ഒരു പ്ലാനും ഒരു കടുത്ത ആവേശവുമാണ്. വിവാദവിഷയമായ വിദ്യാഭ്യാസബില്ലിന്റെ പിന്നിലുള്ള പ്രധാന ഉദ്ദേശ്യങ്ങളിലൊന്നു കമ്മ്യൂണിസ്റ്റാദർശങ്ങളുടെ പ്രചരണമാണെന്നു ജനങ്ങൾ ശങ്കിക്കുന്നുണ്ടെങ്കിൽ അത് വളരെ അബദ്ധമായിരിക്കുകയില്ല. അത്തരം തത്വ പ്രചരണം മറ്റുള്ളവരെ ആയുധമാക്കിയും ഈ ബില്ലിലെ വ്യവസ്ഥകൾ വഴി പിടിച്ചടക്കുവാൻ ഉദ്ദേശിക്കപ്പെട്ടവയെന്നു ന്യായമായി ശങ്കിക്കപ്പെടുന്ന ഈ വിദ്യാ ഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപനത്തിലും നിർമ്മാണത്തിലും അനേക തലമു റകളായി പങ്ക് ചേർന്നിട്ടുള്ളതും വിശേഷിച്ചും കേരളത്തിലെ ന്യൂനപക്ഷങ്ങ ളുടെ വകയായിട്ടുള്ളതുമായ അത്യധികമായ ഉപകരണങ്ങളും വിപുലവും നിസ്വാർത്ഥവുമായ സേവനങ്ങളും ബലികഴിച്ചിട്ടും ആണെന്നു വന്നാൽ അത് ക്രൂരവും ഉരിയാടുവാൻ കഴിയാത്തതുമായ ഒരു അനീതിയായിരിക്കും.

തന്റെ അനുമതിക്കുവേണ്ടി സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ല്, ഇന്ത്യയുടെ പ്രസിഡണ്ട്, സുപ്രീംകോടതിയുടെ അഭിപ്രായത്തെ പരിഗണിച്ചശേഷം ജന ങ്ങളുടെ മൗലികവും അമൂല്യവുമായ അവകാശങ്ങൾക്കു പൂർണ്ണമായ നീതിയും മതിയായ പരിഗണനയും നല്കുവാൻ വേണ്ടി തിരസ്കരണാർഹമായ ഒന്നാ ണെന്നുള്ള തീരുമാനത്തിൽ എത്തുമെന്നു ഞാൻ ആത്മാർത്ഥമായി ആശി ക്കുന്നു.

ഭൂപരിഷ്ക്കാരം അധികകാലമായി രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളുടേയും ശ്രദ്ധയെ ആകർഷിച്ചിട്ടുള്ള കാര്യമാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ട് ആ പ്രശ്നം ആലോചനക്കു എടുക്കുകയും പ്രസ്തുത ആവ ശ്യാർത്ഥം അസംബ്ലിയിൽ ഒരു ബിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

mappilaheritagelibrary.com

മുസ്‌ലിംലീഗ് പ്രധാനമായും ബഹുജനങ്ങളുടെ ഒരു സംഘടനയാണെന്നും ഭൂരി ഭാഗവും കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള ബഹുജനങ്ങളുടെ നന്മക്കും അവകാശ ങ്ങൾക്കും വേണ്ടിയാണ് അത് നിലകൊള്ളുന്നതെന്നും ഞാൻ ഇതാ ഈ സന്ദർഭ ത്തിൽ പറയാം. മുസ്‌ലിംലീഗ് ഭൂമി കൃഷിചെയ്യുന്നുവരുടേയും കുടിയാന്മാരു ടേയും നന്മക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള നിയമങ്ങൾക്കു വേണ്ടി വാദിക്കുകയും അവയെ കഴിഞ്ഞ കാലമെല്ലാം പിന്താങ്ങുകയും ചെയ്തിട്ടുണ്ട്. സോഷ്യലിസ്റ്റിക് മാതൃകയിലുള്ള ഒരു സാമൂഹ്യ വ്യവസ്ഥിതി രാജ്യത്തിൽ കെട്ടിപ്പടുക്കുന്നതിനു അത് ആനുകൂല്യം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഭൂപരിഷ്കാരം ആലോ ചനയിലിരിക്കുന്ന സോഷ്യലിസ്റ്റിക് സമുദായം സ്ഥാപിക്കുന്നതിനുള്ള ഉദ്യമത്തെ പുരോഗമിപ്പിക്കുവാനാണെന്നും പറയപ്പെടുന്നു. ഇത് സംബന്ധമായി ഞാൻ പറ യുവാൻ ആഗ്രഹിക്കുന്നത് ഈ മാർഗ്ഗത്തിൽ എടുക്കുന്ന ഏത് നടപടിയും ബന്ധ പ്പെട്ട എല്ലാവരോടും നീതി ചെയ്യുന്നതിനു പുറമെ അയവുള്ളതും പ്രായോഗി കവും നിലനില്ക്കുന്നതും പ്രവർത്തനത്തിൽ കഴിയുന്നത്ര കുറച്ചു സ്ഥിതി മാറ്റവും കുഴപ്പവും ഉണ്ടാക്കുന്ന തരത്തിലുള്ളതും ആയിരിക്കണമെന്നാണ്. ഉദാ ഹരണമായി ഭൂപരിഷ്കരണമായി ആസൂത്രണം ചെയ്യപ്പെടുന്ന ഒരു വ്യവ സ്ഥയോ പദ്ധതിയോ കുടുംബങ്ങളുടെ വലിപ്പത്തിൽ വരുന്ന സ്വാഭാവികമായ മാറ്റങ്ങൾ കൊണ്ടോ കുടുംബങ്ങൾ ഒരു സ്ഥലത്ത് നിന്നു മറ്റൊരു സ്ഥലത്തേക്ക് മാറി താമസിക്കുന്നത് കൊണ്ടോ, അത്തരം മറ്റു സംഗതികൾ കൊണ്ടോ അടി മേൽ മറിയുന്നമാതിരി ആയിരിക്കരുത്. ഇടക്കിടെ മാറ്റത്തിനോ സ്റ്റേറ്റിന്റെ രാജിക്കോ ഇടപെടലിനോ ഇടയാക്കുന്ന തരത്തിലാണ് പദ്ധതിയെങ്കിൽ പരി ഷ്കരണത്തിന്റെ മൗലികമായ ഉദ്ദേശ്യത്തെ അതായത് കർഷകനു ഭൂമിയിൽ സ്ഥിരമായ ഒരു താല്പര്യം സൃഷ്ടിക്കുകയും അത് വഴി ഉൽപാദനം വർദ്ധിപ്പി ക്കുവാൻ ഫലപ്രദമായ ഒരു പ്രേരണ നല്കുകയും ചെയ്കയെന്നുള്ളതിനെ അത് പരാജയപ്പെടുത്തുന്നതാണ്. കൂടാതെ അംഗീകരിക്കപ്പെടുവാൻ പോകുന്ന ഭൂപരിഷ്കരണം തകർന്നു പോകുന്നതും ഇടക്കിടെയുള്ള ഗവർമ്മെണ്ടു കൈക ടത്തലിനു ഇടയാക്കുന്ന കുഴപ്പം സൃഷ്ടിക്കുന്നതുമായ ഒരു തരത്തിലുള്ളതാ ണെങ്കിൽ ഭൂമിയെ ദേശവൽകരിക്കുന്നതിനുള്ള ഒരു ഒഴികഴിവായി ഉപയോഗി ക്കപ്പെട്ടേക്കാം. ദേശവൽക്കരണമാകട്ടെ നിശ്ചയമായും കമ്മ്യൂണിസ്റ്റു തത്വസം ഹിതയുടെ ഒരു നേട്ടമായിരിക്കുമെങ്കിലും അതു ഉൽപാദകന്റെ ഉത്സാഹജനക മായ താല്പര്യവും മുൻകയ്യും ഉത്സാഹവും തീർച്ചയായും ഇല്ലാതാക്കാം. ഏതാ യാലും ഗവർമ്മെണ്ട് മറ്റു പാർട്ടികളുടെ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതായി തോന്നുന്നു. അത്തരം നിർദ്ദേശങ്ങൾ കാര്യമായി എടുക്കപ്പെടുമെന്നും അവർക്കു വേണ്ട പരിഗണന നല്കപ്പെടുമെന്നും ആശിക്കാമോ? കേരളത്തിലെ ന്യൂനപ ക്ഷങ്ങളുടെ നിലയെക്കുറിച്ചാണെങ്കിൽ സ്റ്റേറ്റ് നിയമസഭാ മുസ്‌ലിംലീഗ് പാർട്ടി നേതാവ് ഇയ്യിടെ ചെയ്ത ഒരു പ്രസ്താവനയിൽ മുസ്‌ലിംങ്ങളുടെ കാര്യം അധി കാരത്തിലിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കരങ്ങളിൽ ഭേദപ്പെട്ടിട്ടില്ലെന്നു കാര്യകാരണ സഹിതം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉദ്യോഗങ്ങളിൽ അടി മുതൽ മുടി വരെ മുസ്ലിം പ്രാതിനിദ്ധ്യം തുച്ഛവും മോശവും ആയിതന്നെ തുടർന്നു പോകുന്നു. ഇയ്യിടെ ചില പ്രധാന ഉദ്യോഗങ്ങളെ സംബന്ധിച്ചു സമുദായത്തിന്റെ വളരെ ന്യായമായ അവകാശങ്ങൾ വകവെച്ചു കൊടുക്കുവാൻ ഉള്ള അവസര ങ്ങൾ ഉണ്ടായിരുന്നുവെന്നും യോഗ്യതയുള്ള സ്ഥാനാർത്ഥികൾ ഉണ്ടായിട്ടു പോലും കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ട് സമുദായത്തോട് നീതി ചെയ്യുവാൻ കൂട്ടാക്കി യില്ലെന്നും കാണുന്നു. ഏത് പാർട്ടി അധികാരത്തിൽ വന്നാലും മുസ്‌ലിംങ്ങൾ ഒരെ മാതിരി വിഷമവും അവഗണനയും അനുഭവിക്കേണ്ടി വരുന്നു. എന്നാൽ

mappilaheritagelibrary.com

നാടിന്റെ ഒട്ടാകെയുള്ള സൗഹാർദ്ദപൂർവ്വമായ അഭിവൃദ്ധിക്കും പുരോഗമന ത്തിനും ഒരു ന്യൂനപക്ഷസമുദായത്തോട് ഈ മാതിരി അനാസ്ഥയോട് കൂടി പെരുമാറുന്നത് നല്ലതല്ല. ഒരു നല്ല ഗവർമ്മെണ്ടിന്റെ പരീക്ഷണം അത് ന്യൂനപ ക്ഷങ്ങൾക്കു നല്കുന്ന തൃപ്തിയിലാണെന്നുള്ളത് ഒരു സുസമ്മത പ്രമാണമാ ണല്ലൊ. പക്ഷെ അത്തരം പ്രമാണങ്ങൾ തോന്നിയപോലെ അധികാരഭാവ ത്തോടെ കാര്യങ്ങൾ കയ്യാളുന്ന സമ്പ്രദായം ഉള്ളവർക്കു പറ്റുമെന്നു തോന്നു ന്നില്ല.

മുസ്‌ലിംങ്ങളുടെ സ്ഥിതി രാജ്യത്തിന്റെ മറുഭാഗങ്ങളിലും ഏതാണ്ടു ഇതേ മാതിരിതന്നെയാണ്. ഈ പ്രാവശ്യം മുസ്ലിം വാദത്തിനു തീരെ അപ്രതീക്ഷിത മായ ഒരു ഭാഗത്ത് നിന്നു ഒരു വക്താവിനെയും ഒരു വേള ഒരു ചാമ്പ്യനെയും ലഭിച്ചിരിക്കുന്നു. മി: ഹുമയൂൺ കബീറാണ് എന്റെ വിവക്ഷ. അദ്ദേഹം കുറച്ചു ദിവസങ്ങൾക്കു മുമ്പ് മുസ്ലിം സമുദായത്തിനു ഉദ്യോഗമണ്ഡലങ്ങളിലും നിയമ സഭകളിലും പ്രാതിനിധ്യ കാര്യത്തിൽ നീതിലഭിക്കുന്നില്ലെന്നു ആവലാതിപ്പെ ട്ടുകൊണ്ടു കോൺഗ്രസ്സ് ഹൈക്കമാണ്ടിനു ഒരു നിവേദനം സമർപ്പിച്ചുവെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു. മി: ഹുമയൂൺ കബീറിന്റെ ഈ പ്രവൃത്തി കോൺഗ്ര സ്സുകാർക്കെന്നപോലെ മുസ്‌ലിംങ്ങൾക്കും ആശ്ചര്യം, രണ്ടു കൂട്ടരുടേയും ആശ്ച ര്യത്തിന്റെ സ്വഭാവം വ്യത്യസ്തമാണെങ്കിലും, ഉളവാക്കുകയുണ്ടായി. മി: കബീർ ഇന്ത്യയിലെ കോൺഗ്രസ്സ് ഗവർമ്മെണ്ടിലെ ഒരു മന്ത്രിയും ഒരു പ്രധാന കോൺഗ്രസ്സ് നേതാവുമാണ്. അദ്ദേഹം പരേതനായ മൗലാനാഅബുൽ കലാം ആസാദ് സാഹിബിന്റെ ഒരു വിശ്വസ്ത പ്രതിനിധിയും വലതുകയ്യും ആയിരു ന്നു. സംസ്കാരം, സാഹിത്യം, ചരിത്രം ആദിയായവയെ സംബന്ധിച്ചു ഒരു പ്രാമാണികനായ ആളാണു അദ്ദേഹം. അമുസ്ലിമീങ്ങളായ കോൺഗ്രസ്സ് നേതാ ക്കൾ സംസ്കാരം മതത്തിന്മേൽ അധിഷ്ഠിതമാണെന്നു വാദിക്കുകയും അതു വഴി നാട്ടിൽ എത്ര മതങ്ങളുണ്ടോ അത്രയും സംസ്കാരങ്ങളും ഉണ്ടെന്നും ബഹുമുഖമായ ഒരു സംസ്കാരം ഉണ്ടാവുന്നതുകൊണ്ട് യാതൊരുവിധ ദോഷ വും ഇല്ലെന്നും വ്യംഗ്യമായി സൂചിപ്പിക്കുകയും ചെയ്യുമ്പോൾ അദ്ദേഹം നാടി ന്നാകമാനം ഒരു സംയുക്ത സംസ്കാരത്തിനുവേണ്ടി വാദിച്ചുകൊണ്ടിരിക്കുക യാണ്. ഏതാണ്ടു ഒരു കൊല്ലത്തിനു മുമ്പ് അദ്ദേഹം മുസ്ലിംലീഗ് പിരിച്ചു വിടു കയോ അല്ലെങ്കിൽ അതിനെ രാഷ്ട്രീയമില്ലാത്ത ഒരു സാംസ്കാരിക സംഘടന യാക്കി തീർക്കുകയോ ചെയ്വാൻ നിങ്ങളെയെല്ലാം ഉപദേശിക്കണമെന്നു അദ്ദേഹം എന്നോടു കാര്യമായി ആവശ്യപ്പെടുകയുണ്ടായി. ഇത്രയൊക്കെയും കൂടുതലും അനുകൂല സാക്ഷ്യപത്രങ്ങൾ ഉള്ള ഒരു മാന്യൻ മുസ്ലിം സമുദായ ത്തിന്റെ ആവലാതികളെ കുറിച്ചു സംസാരിക്കുമ്പോൾ അത് അങ്ങേ അറ്റത്തെ ആശ്ചര്യത്തിനു കാരണമാവാതിരിക്കുവാൻ തരമില്ല. എന്നാൽ ഒരു പക്ഷേ വികാ രാധീനനാവുന്ന പ്രകൃതമുള്ള അദ്ദേഹത്തിനു പരമാർത്ഥങ്ങൾ തന്റെ മുഖത്ത് തുറിച്ചു നോക്കുമ്പോൾ നിശ്ശബ്ദനായിരിക്കുവാൻ കഴിഞ്ഞിരിക്കില്ല.

നാം ഈ സംഗതികളെയും മറ്റു സംഗതികളെയും കുറിച്ച് വായിൽ വെള്ളം വറ്റുന്നത് വരെ മുറവിളി കൂട്ടി കൊണ്ടിരുന്നിട്ടുണ്ടല്ലൊ. ഇതാ ഇപ്പോൾ ദേശീയ വാദികളിൽ വെച്ചു ദേശീയവാദിയായി സ്വാഗതം ചെയ്യപ്പെട്ടിരിക്കുന്ന ഒരു കോൺഗ്രസ്സുകാരൻ തന്നെ നാം ഇക്കാലമൊക്കെയും പറഞ്ഞിട്ടുള്ളതു തന്നെ പറയുന്നു. എന്താണ് സംഭവിക്കുക? മുമ്പ് മറ്റു ചുരുക്കം ചില കോൺഗ്രസ്സ് നേതാക്കളും ഇത് പോലെ ചില സംഗതികൾ പറയുകയുണ്ടായി. മഹാനായ പ്രധാനമന്ത്രി തന്നെ ഇതേമാതിരി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഒന്നോ രണ്ടോ പ്രാവശ്യം അദ്ദേഹം ഉറുദുവിനോടു നീതി കാണിക്കപ്പെട്ടിട്ടില്ലെന്നുള്ള

mappilaheritagelibrary.com

അഭിപ്രായം പറയുകയുണ്ടായി. എന്നാൽ ആ അനീതി പരിഹരിക്കപ്പെടുകയുണ്ടായോ? മറ്റൊരവസരത്തിൽ ഇന്ത്യയിൽ പ്രസിദ്ധം ചെയ്യപ്പെട്ട ഒരു പുസ്തകത്തിനെതിരിൽ മുസ്ലിംങ്ങൾക്കു ഗുരുതരമായ ആവലാതിക്കു കാരണമുണ്ടായിരുന്നുവെന്നും അത്തരം പ്രസിദ്ധീകരണങ്ങൾക്ക് എതിരിൽ നടപടി എടുക്കുവാൻ കഴിവുണ്ടാക്കുന്ന നിയമം ഉണ്ടാക്കേണ്ടതാണെന്നും സമ്മതിക്കുകയുണ്ടായി. എന്നാൽ ആ കാര്യത്തിലും വല്ലതും ചെയ്യുകയുണ്ടായോ? പ്രൊ: ഹുമയൂൺ കബീർ സമർപ്പിച്ച സങ്കട നിവേദനത്തിനു എന്തെങ്കിലും സംഭവിക്കുമോ? നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞെടത്തോളം കുറച്ചൊരു ഇളക്കം-അതിലേറെ മറ്റൊന്നുമില്ല- കോൺഗ്രസ്സ് ഹൈക്കമാണ്ടിൽ ഉണ്ടായതായിതോന്നുന്നു. അത് അവിടെ അവസാനിക്കുന്നു. ഒരു പക്ഷെ പ്രൊഫസ്സർ അദ്ദേഹത്തിന്റെ ബുദ്ധിമുട്ടിനു പ്രതിഫലമായി ഒരു വർഗ്ഗീയവാദിയെന്നു വിളിക്കപ്പെടുകയും അദ്ദേഹത്തിന്റെ നിവേദനം കോൺഗ്രസ്സിന്റെ പഴയ ആധാരമുറിയിലെ വിസ്മൃതിയിലേക്കു തള്ളപ്പെടുകയും ചെയ്തേക്കാം. നമ്മുടെ നാട്ടിൽ ഒരു സമുദായത്തിന്റെ മേൽ ഒരു ന്യൂനപക്ഷ സമുദായത്തിന്റെ മേൽ നടത്തപ്പെടുന്ന അന്യായത്തെ വർഗ്ഗീയത്വമെന്നു വിളിക്കാതിരിക്കുകയും നേരെ മറിച്ച് യഥാർത്ഥവും ലജ്ജാഹീനവുമായ വർഗ്ഗീയത്വമാവുന്ന അത്തരം അനീതിക്കു എതിരിൽ ഉണ്ടാവുന്ന ഏത് പ്രതിഷേധവും അത്തരം അനീതി പരിഹരിച്ചു കിട്ടുവാനുള്ള പരിശ്രമങ്ങളും വർഗ്ഗീയത്വമായി വിളിക്കപ്പെടുകയും ചെയ്യുന്നത് ഒരു ദുഃഖകരമായ കഥയാണ്.

നാട്ടിൽ നിയമസഭകളിൽ അംഗങ്ങളായ കുറെ കോൺഗ്രസ്സ് മുസ്‌ലിംങ്ങളുണ്ട്. അവരുടെ എണ്ണമാകട്ടെ മുസ്‌ലിംങ്ങളുടെ ജനസംഖ്യ പ്രകാരം കിട്ടേണ്ട എണ്ണത്തോട് അടുത്തു പോവുകപോലുമില്ലെന്നുള്ളത് തീർച്ചയാണെന്നുള്ളത് ഇരിക്കട്ടെ, ആ മാന്യന്മാർ പ്രൊഫസ്സർ ഹുമയൂൺ കബീറിന്റെ നിവേദനത്തിന്റെ വിധി കണ്ടിട്ടു മുസ്ലിം സമുദായത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അവർ അനുവർത്തിക്കുന്ന വിവേകപൂർവ്വമായ നിശ്ശബ്ദത കരുതലോടുകൂടി തുടർന്നു പോകും. അത്തരം മാന്യന്മാരെ മുസ്ലിം സമുദായത്തിന്റെ പ്രതിനിധികൾ കൂടിയായിട്ടു കൂടി സങ്കല്പിക്കുന്ന പക്ഷം അത് പ്രതിനിധി എന്നുള്ള പദത്തിന്റെ ക്രൂരമായ ഒരു പരിഹാസമായിരിക്കുകയില്ലെ?

കോൺഗ്രസ്സ് യഥാർത്ഥത്തിൽ ഭൂരിപക്ഷ സമുദായത്തെ പ്രതിനിധീകരിക്കുന്നുവെന്നും കോൺഗ്രസ്സ് രാഷ്ട്രീയക്കാർ ഭൂരിപക്ഷത്തെ അതൃപ്തിപ്പെടുത്തുന്നത് ഭയന്നു ന്യൂനപക്ഷങ്ങളോടു വെറും നീതിമാത്രം കാണിക്കുന്നതിനു പോലും ശങ്കിക്കുന്നുവെന്നുള്ളതാണു വസ്തുതയും വാസ്തവവും. ന്യൂനപക്ഷങ്ങളുടെ ഏതൊരു അവകാശ വാദവും തങ്ങളുടെ കുത്തകയിൽ പ്രത്യേകിച്ചും അധികാരത്തിനുള്ള കടിപിടി നടക്കുന്ന ഇക്കാലത്ത് ഒരു കയ്യേറ്റമുണ്ടെന്നുള്ള നിലയിൽ ഈ രാഷ്ട്രീയക്കാർ വെറുക്കുന്നുവെന്നുതോന്നുന്നു.

നേരെ മറിച്ചു ന്യൂനപക്ഷങ്ങൾ ആവശ്യപ്പെടുന്നത് മറുഭാഗത്തുനിന്നുള്ള ഭിക്ഷയോ എന്തെങ്കിലും സൗജന്യമോ ദാനമോ അല്ല. ഈ നാട്ടിലെ പൂർണ്ണമായും ശരിയായുമുള്ള പൗരന്മാരുടെ നിലയിൽ നാട്ടിലെ മറ്റു പൗരന്മാരോട് തുല്യമായ അവകാശങ്ങളാണ് അവർ ആവശ്യപ്പെടുന്നത്. എല്ലാ ജനവിഭാഗങ്ങൾക്കും ഒരു മാന്യമായ ജീവിതം കയ്വരുത്തുവാനുള്ള ഏകമാർഗ്ഗമായ ന്യായവും നീതിയും അനുസരിച്ചുള്ള അവകാശനുഭവം അഥവാ ഗുണപ്രധാനമായ, എണ്ണത്തെ ആസ്പദിച്ചുള്ളതല്ല, സമത്വമാണ് ഞാൻ ഉദ്ദേശിക്കുന്നത്. കൂടാതെ അവകാശങ്ങളുടേയും ചുമതലകളുടേയും സമത്വം ജനാധിപത്യത്തിന്റെ യഥാർത്ഥ സത്തും ജീവൽദായകമായ ശ്വാസവുമാകുന്നു.

mappilaheritagelibrary.com

എന്നാൽ ഒരു സമുദായം അധികാരം പറ്റിയെടുക്കേണ്ട ആവശ്യത്തിനു ഒരു രാഷ്ട്രീയ പാർട്ടിയെപ്പോലെ നിലവിൽ വന്നിട്ടുള്ള ഒരു ജനക്കൂട്ടം അല്ല. അത് അതിന്റെ വ്യത്യസ്തമായ മതമോ സംസ്കാരമോ ഭാഷയോ കൊണ്ട് ഒരു വ്യത്യസ്ത വസ്തുവായി മുമ്പു തന്നെയുള്ളതാണ്. ഇന്ത്യൻ ഭരണഘടനയും അത്തരം ഒരു സമുദായത്തിന്റെ ആസ്തിക്യവും അവകാശങ്ങളും വളരെ ന്യായപൂർവ്വം അംഗീകരിക്കുന്നുണ്ട്. എന്നാൽ ഒരു ന്യൂനപക്ഷ സമുദായം ആവശ്യപ്പെടുന്നത് അതിന്റെ വ്യത്യസ്തമായ മതമോ, സംസ്കാരമോ, ഭാഷയോ കാരണമായി പ്രവൃത്തിയിലും പ്രമാണത്തിലും ഭൂരിപക്ഷത്തിൽ നിന്നു ഭിന്നമായ നിലയിൽ അതിന്റെ നേർക്ക് പെരുമാറരുതെന്നാണ്.

ഒരു സമുദായവും മറ്റൊരു സമുദായവും തമ്മിൽ അത്തരം വിവേചനവും അസമത്വവും ഇല്ലാതെ നോക്കേണ്ടത് നാടിന്റെ താല്പര്യത്തിന് സർവ്വപ്രധാനമായിട്ടുള്ളതുമാണ്. അല്ലെങ്കിൽ നാടിന്റെ പുരോഗതി തടസ്സപ്പെട്ടു പോകും.

എന്നാൽ ന്യൂനപക്ഷങ്ങളുടേയും നാടിന്റേയും നന്മയ്ക്കു യാതൊരു ജനവിഭാഗത്തിനും അസംതൃപ്തിക്കു ഇടം നല്കാതിരിക്കേണ്ടതും ജന സഞ്ചയത്തിനു ഒട്ടാകെ തുല്യനിലയിലുള്ള അഭിവൃദ്ധി ഉണ്ടാകേണ്ടതും ആവശ്യമാണ്. അത്തരം തുല്യനിലയിലുള്ള പുരോഗതി അത് ഏത് ജനങ്ങളെ സംബന്ധിക്കുന്നുവോ അവരുടെ വിധിക്ക് വിധേയമായിരിക്കണം. ഒരു സ്വേച്ഛാധിപത്യ വ്യവസ്ഥിതിയിൽ അത്തരം കാര്യങ്ങളിൽ തല്പര ജനങ്ങൾക്കു യാതൊരു അഭിപ്രായ പ്രകടനത്തിനും അവസരം ലഭിച്ചുവെന്നു വരികയില്ല. എന്നാൽ ഒരു സ്വതന്ത്രമായ ജനാധിപത്യത്തിൽ സ്ഥിതി വ്യത്യസ്തമാണ്. ഒരു ജനാധിപത്യത്തിൽ ജനങ്ങൾ സൂക്ഷിച്ചിരിക്കുകയും ആവശ്യമായി വരുമ്പോൾ അവരുടെ ശബ്ദം ഉയർത്തുകയും ചെയ്യാത്തപക്ഷം അവരുടെ അവകാശങ്ങൾ ആദരിക്കപ്പെട്ടില്ലെന്നുവരും. ഈ സുപ്രധാനവും അത്യന്താപേക്ഷിതവുമായ കർത്തവ്യം നിർവ്വഹിക്കുവാൻ ജനങ്ങൾ സംഘടിക്കേണ്ടിയിരിക്കുന്നു. അഥവാ അവർക്ക് ഒരു സംഘടന ഉണ്ടാവേണ്ടിയിരിക്കുന്നു. ഒരു ന്യൂനപക്ഷ സമുദായത്തിനു അതിന്റേതായ ഒരു പ്രത്യേക മതമോ സംസ്കാരമോ ഭാഷയോ ഉണ്ടെന്നുള്ള കാരണത്താൽ അതിന്റെ സ്വന്തമായ ഒരു സംഘടന ഉണ്ടാവേണ്ടതും ഒരാവശ്യമാണ്. അവർക്കു അത്തരം ഒരു സംഘടന ഉണ്ടാവുകയും അവർ അതിൻ കീഴിൽ ഒന്നു ചേർന്നു നില്ക്കുകയും ചെയ്യാത്തപക്ഷം അവർക്ക് കിട്ടേണ്ട അവകാശങ്ങൾ കൈവരുത്തുവാൻ അവർക്ക് കഴിയുകയില്ല- ഇന്നു അവർക്കു ലഭിക്കേണ്ട അവകാശങ്ങൾ അവർ അനുഭവിക്കുന്നുണ്ടെന്നു വന്നാൽ പോലും ആ അനുഭവം നാളെയും തുടർന്നു പോകുവാൻ അവരുടെ സംഘടന അവർക്കുണ്ടായേതീരൂ. മുസ്ലിം സമുദായത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രാതിനിദ്ധ്യമുള്ള സംഘടനയായി മുസ്‌ലിംലീഗിനെ സ്വീകരിച്ച് തുടർന്നു പോകുവാൻ അത് തീർച്ചപ്പെടുത്തിയിരിക്കുന്നു. ആ സമുദായത്തിനു അപ്രകാരം ചെയ്യുവാൻ മതിയായ കാരണങ്ങളുമുണ്ട്. മുസ്‌ലിംലീഗ് അഭിമാനപുരസ്സരമായ ഒരു ചരിത്രവും പാരമ്പര്യവുമുള്ള ഒരു പഴയ സംഘടനയാണ്. അത് മുസ്ലിം സമുദായത്തിന്റെ പ്രാതിനിദ്ധ്യമുള്ള സംഘടനയെന്ന നിലയിൽ അതിന്റെ വിശ്വാസ്യത സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ ചുറ്റുപാടുകളിൽ മുസ്ലിംങ്ങൾക്കു പ്രാതിനിദ്ധ്യമുള്ള ഒരു പുതിയ സംഘടന രൂപീകരിക്കുക എന്നുള്ളത് പ്രായോഗികവുമല്ല. ഇന്നത്തെ പരിതസ്ഥിതികളിൽ മുസ്‌ലിംങ്ങളോട് മറ്റൊരു സംഘടന ഉണ്ടാക്കുവാൻ ആവശ്യപ്പെടുകയെന്നുള്ളത് ഫലത്തിൽ അവർക്ക് സംഘടനയൊന്നും വേണ്ടെന്നു പറയുന്നതിനു സമമാണ്.

ഈ സംഗതികളും കൂടുതൽ കാര്യങ്ങളും നാം മുമ്പ് ആവർത്തിച്ച്

mappilaheritagelibrary.com

യാതൊരു സംശയത്തിനും ഇടം വെക്കാത്ത വിധം സ്പഷ്ടമായി പറഞ്ഞിട്ടുള്ളതാണ്. പക്ഷെ നമ്മുടെ നിരൂപകന്മാർ അവയ്ക്കൊന്നും സമാധാനം പറയുന്നില്ല. നേരെ മറിച്ച് അവർ മുസ്ലിം സമുദായത്തിനു ഒരു പ്രത്യേക സംഘടനയുടെ ആവശ്യമില്ലെന്നും മുസ്‌ലിംലീഗ് ഒരു വർഗ്ഗീയ സംഘടനയാണെന്നും മറ്റുമുള്ള അവരുടെ പഴയ പല്ലവി പാടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് നമ്മുടെ ന്യായവാദങ്ങൾ ഈ പ്രധാന സമ്മേളനത്തിൽ ഒന്നുകൂടി ആവർത്തിക്കുവാൻ ആവശ്യം നേരിട്ടത്. സ്വയം പ്രധാനികളായ നിരൂപകന്മാർ നമുക്കു നല്കുന്ന അർത്ഥശൂന്യമായ മറ്റൊരു ഉപദേശം നമുക്കു സംസ്കാരപരമായ കാര്യങ്ങൾക്കു ഒരു രാഷ്ട്രീയമില്ലാത്ത സംഘടന ആവാമെന്നാണ്. എന്നാൽ തങ്ങൾ ക്ഷീണലേശമന്യെ ഉപയോഗിക്കുകയും അത്യുച്ചത്തിൽ വിളിച്ചു പറയുകയും ചെയ്യുന്ന വർഗ്ഗീയത്വമെന്ന പദം എന്താണെന്നു വിവരിക്കാതെ ഒഴിഞ്ഞു മാറുന്നതു പോലെ ഒരു ജനാധിപത്യരാജ്യത്തിൽ വിശേഷിച്ചും രാഷ്ട്രീയം എന്ന പദത്തിന്റെ അർത്ഥമെന്താണെന്നു വിവരിക്കാതെ ഒഴിഞ്ഞു മാറുകയാണ് ചെയ്യുന്നത്. ഗവർമ്മേണ്ടുകളും നിയമസഭകളും മതവിശ്വാസങ്ങളെയും, ആചാരങ്ങളെയും സ്പർശിക്കുന്ന വിഷയങ്ങളിൽ നിർബ്ബാധം കൈകടത്തുകയും, ന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങളെ നിഷേധിക്കുന്ന കേരള വിദ്യാഭ്യാസബിൽ പോലെയുള്ള നിയമങ്ങൾ നിർമ്മിക്കുവാൻ ഉദ്യമിക്കുകയും, ആമാതിരി സന്ദർഭങ്ങളിൽ ന്യൂനപക്ഷങ്ങൾക്കു ന്യൂനപക്ഷങ്ങൾ എന്നുള്ള നിലയ്ക്കു സംസാരിക്കുകയും തങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്യേണ്ടി വരികയും ചെയ്യുമ്പോൾ എങ്ങിനെയാണ് 'രാഷ്ട്രീയം' തെല്ലെങ്കിലും ഉപേക്ഷിക്കുവാൻ കഴിയുക? യഥാർത്ഥത്തിൽ ജനങ്ങളുടെ വിലയേറിയ അവകാശങ്ങളുമായി ബന്ധപ്പെട്ട ഒരു സംഘടനക്കു രാഷ്ട്രീയം കൂടാതെ പ്രയോജനകരമാകുവാനോ ഒരൊറ്റ ദിവസം പോലും നിലനില്ക്കുവാനോ കഴിയുന്നതല്ല.

ഒരു രാഷ്ട്രീയ പാർട്ടി മറ്റൊരു രാഷ്ട്രീയ പാർട്ടിയുടെ സ്വഭാവവും രൂപവും എന്തായിരിക്കണമെന്നു കല്പിക്കുവാൻ ഉദ്യമിക്കുന്നത്, ഒരു ന്യൂനപക്ഷത്തിന്റെ മേൽ അതിനു പ്രധാനവും മൗലികവുമായ പ്രാധാന്യമുള്ള ഒരു കാര്യത്തിനു അതിന്റെ മേൽ സ്വാഭിപ്രായം വെച്ചുകെട്ടുവാൻ ശ്രമിക്കുകയും ചെയ്യുന്നത് ജനാധിപത്യത്തിന്റെ എല്ലാ പ്രമാണങ്ങൾക്കും നീതി ബോധത്തിനും വിരുദ്ധമായിട്ടുള്ളതാണ്. സഹോദരന്മാരെ സഹോദരിമാരെ, നിങ്ങളുടെ സമുദായമെങ്കിലും നിങ്ങളുടെ അമൂല്യവും അടിസ്ഥാനപരവുമായ സംഘടനാ സ്വാതന്ത്ര്യത്തിലും അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തിന്റേയും മേലുള്ള അന്യായമായ അത്തരം കയ്കടത്തലിനെ സമ്മതിക്കുകയില്ലെന്നു നിങ്ങളുടെ പേരിൽ ആ ഭാവി ഏകാധിപതികളോട് പറയുവാൻ നിങ്ങൾ എന്നെ അനുവദിക്കുമെന്നു എനിക്കുറപ്പുണ്ട്.

നമ്മെ എതിർക്കുന്ന സ്നേഹിതന്മാർ പറയുന്നത് ഒരു സമുദായം അതിന്റെ സ്വന്തം പേരിൽ സംഘടിക്കുന്നതു കൊണ്ടു മറ്റുള്ളവരിൽ നിന്നു അകൽച്ച ഉണ്ടാക്കുവാനിടവരുമെന്നാണ്. ഒരു ന്യൂനപക്ഷ സമുദായം സംഘടിക്കേണ്ട നിർബ്ബന്ധപൂർവ്വമായ ആവശ്യകത നാം മുമ്പ് വിവരിക്കുകയും ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. അത്തരം സംഘടന മുസ്‌ലിംങ്ങളെ സംബന്ധിച്ചാണെങ്കിൽ മറ്റുള്ളവരിൽ നിന്നു അകൽച്ചക്കു വഴിവെക്കുന്നതല്ല. മുസ്‌ലിംങ്ങളാവട്ടെ അങ്ങേ അറ്റത്തെ സ്നേഹസമ്പർക്ക പ്രകൃതിക്കു സുപ്രസിദ്ധരാണ്. കൂടാതെ രാഷ്ട്രീയ പ്രവർത്തനം സംബന്ധിച്ചേടത്തോളം മുസ്‌ലിംലീഗ് അതിന്റെ സഹകരണം തേടപ്പെട്ടപ്പോൾ കോൺഗ്രസ്സുമായും മറ്റു രാഷ്ട്രീയ കക്ഷികളായും സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. മാനമായ നിശ്ചയങ്ങളോടുകൂടി അതിന്റെ സഹകരണം തേടിയ അവസരങ്ങളിലെല്ലാം അത് ഉടനടി നല്കപ്പെടുകയും ചെയ്തിട്ടുണ്ട്.

mappilaheritagelibrary.com

അത്തരം സഹകരണം കൊണ്ടു ഒന്നിലധികം പ്രാവശ്യം നാടിന്റെ താല്പര്യങ്ങൾക്കു അസാധാരണമായ വിധത്തിൽ സേവനം ലഭിച്ചിട്ടുണ്ട്. എന്നാൽ സഹകരിക്കുന്ന ഒരു കക്ഷിയുടെ സംഹാരം വിലയായി നല്കേണമെന്നു ആവശ്യപ്പെടുന്ന ഒരു സഹകരണത്തിൽ മുസ്ലിംലീഗ് നിശ്ചയമായും വിശ്വസിക്കുന്നില്ല.

നമ്മുടെ പുണ്യസമരം ചെയ്യുന്ന സ്നേഹിതന്മാർ ഒരു മതത്തിന്റെ അനുയായികളുടെ പേരോടുകൂടിയ ഒരു രാഷ്ട്രീയ പാർട്ടി മറ്റെങ്ങും ആരും കേട്ടിട്ടില്ലാത്ത ഒന്നാണന്നും മുസ്ലിംലീഗിനു മാത്രം പ്രത്യേകമായിട്ടുള്ളതാണന്നും ഉള്ളത് പോലെയാണ് സംസാരിക്കുന്നത്. തങ്ങളുടെ രാഷ്ട്രീയോപദേഷ്ടാവായി അവർ സ്വീകരിക്കുന്ന പാശ്ചാത്യ രാഷ്ട്രീയ ലോകത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നതിനെക്കുറിച്ച് ആ നിരൂപകന്മാരെല്ലാം യഥാർത്ഥത്തിൽ അജ്ഞന്മാരാണോയെന്നു എനിക്ക് അറിഞ്ഞുകൂടാ. ഫ്രാൻസിലും ഇറ്റലിയിലും ബെൽജിയത്തിലും, അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലും മറ്റു രാജ്യങ്ങളിലും ക്രിസ്തുമതത്തിന്റേയോ, റോമൻ കത്തോലിക്കാ മതത്തിന്റേയോ പേര് വഹിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴുമുണ്ട്. നമ്മുടെ സ്നേഹിതന്മാർ ഇവിടെ ഉണ്ടാക്കുന്നത് പോലെയുള്ള ബഹളമൊന്നും അത്തരം പേരുകളെ സംബന്ധിച്ചു അവിടെ ആ മാതിരി ബഹളമൊന്നും നടന്നിട്ടില്ല. നടത്തുന്നുമില്ല- അവിടെ അത്തരം കാര്യങ്ങൾ തികച്ചും നിരാക്ഷേപമായും തല്പര ജനങ്ങളുടെ സാധാരണ അവകാശങ്ങളിൽ പെട്ടതും ആയി ഗണിക്കപ്പെടുന്നു.

ഇനി ആക്ഷേപ പരമ്പരയിൽപെട്ട ഒരു കാര്യത്തെ കുറിച്ചു കൂടി പറയാം. ദേശീയ മുസ്‌ലിംകൾ ഉൾപ്പെടെ നമ്മുടെ സ്നേഹിതന്മാരിൽ ചിലർ പറയുന്നത് മുസ്‌ലിംലീഗ് എന്ന പേരോട് ബന്ധിച്ച് ഒരു പക്ഷവാദം ഉണ്ടെന്നും ആ പേര് മാറ്റേണമെന്നും ആകുന്നു. അങ്ങിനെ ഒരു പക്ഷവാദം ഉണ്ടായേക്കാമെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ആ പക്ഷവാദം ജനസാമാന്യത്തിന്റേതല്ല. അവരിൽപെട്ട എല്ലാ വിഭാഗങ്ങളും പരസ്പരം സൌഹാർദ്ദത്തോട് കൂടി ജീവിക്കുകയും ഞാൻ ഇതുവരെ പ്രതിപാദിച്ച വിവാദവുമായി മിനക്കെടാതെ കഴിയുകയുമാണു ചെയ്യുന്നത്. ഈ വിവാദമെല്ലാം രാഷ്ട്രീയക്കാരുടെ സൃഷ്ടിയും പ്രവൃത്തിയുമാണ്. ആ രാഷ്ട്രീയക്കാരിൽ ചിലർക്ക് തീർച്ചയായും ഞാൻ സൂചിപ്പിച്ച പക്ഷവാദം ഉണ്ടായേക്കാം. അത് തികച്ചും വ്യക്തിപരവും വികാരപരവുമായ ഒന്നായിരിക്കുകയും ചെയ്യാം. ഏതായാലും ഒരു പക്ഷവാദം മാത്രമാണ് അത്. ഒരു പ്രവൃത്തിയുടെ കാരണമോ നീതികരണമോ ആകുവാൻ തരമില്ല. അതും ആ പ്രവൃത്തി നമ്മുടെതാകുമ്പോൾ കൂടാതെ ഒരു പക്ഷവാദത്തിന്റെ പതിവ് തന്നെ അത് വകവച്ചു കൊടുത്താൽ അതിൽ നിന്നു മറ്റൊന്നു ജനിക്കുമെന്നുള്ളതാണ്. ഒരാൾ അത്രയും വഴങ്ങുവാൻ ആരംഭിച്ചാൽ അതിനു അവസാനം ഉണ്ടാകുകയില്ല. ഏതായാലും ഒരു സമുദായത്തിന്റെ സംഘടനയോടും ആ സമുദായത്തോടു തന്നെയും അത്തരം പക്ഷവാദത്തിനു തലകുനിക്കാൻ ആവശ്യപ്പെടുന്നത് ന്യായമല്ല. ആ വഴിക്ക് പക്ഷവാദം തീരെ അവസാനിക്കുന്നതുമല്ല. ശരിയായ മാർഗ്ഗം പക്ഷവാദത്തിനും കാരണമായി പറയപ്പെടുന്ന സംഘടന അതെ നിലയിൽ തന്നെ നില്ക്കുകയും യഥാർത്ഥത്തിൽ അതല്ല കാരണമെന്നു കാണിക്കത്തക്കവിധം കാര്യങ്ങൾ നടത്തുകയുമാണ്. മേൽ പറഞ്ഞ പക്ഷവാദം അവസാനിപ്പിക്കുവാനുള്ള മറ്റൊരു മാർഗ്ഗം ആ പക്ഷവാദത്തിന്റെ കർത്താവ് തന്നെ മഹാമനസ്കതയും രാജ്യതന്ത്രജ്ഞതയും കാണിച്ചു അത് മറന്നുകളയുക എന്നുള്ളതാണ്.

മുസ്‌ലിംലീഗിനെ ഒരു വർഗ്ഗീയ സംഘടനയെന്നു വിളിക്കുന്നത് വസ്തുതയെയും സത്യത്തേയും പരിഹസിക്കലാണ്. അത് ഒരു ന്യൂനപക്ഷത്തിന്റെ

mappilaheritagelibrary.com

ദേശീയ സംഘടനയാണ്. ന്യൂനപക്ഷത്തെ നാട്ടിലുള്ള തങ്ങളുടെ സഹോദര ന്മാരുടെ സമന്മാരാക്കുവാനും നാടിന്റെ ഐശ്വര്യത്തിനും ശ്രേയസ്സിനും വേണ്ടി ബാക്കി ജനങ്ങളുമായി തോളോട് തോൾ ചേർന്നു മുന്നോട്ട് പോകുവാനും വേണ്ടി അത് നിലകൊള്ളുന്നു. മുസ്‌ലിംലീഗ് കഴിഞ്ഞ പത്ത് കൊല്ലക്കാലം വിഷമങ്ങളുടെ മദ്ധ്യേ ചെയ്ത പ്രവർത്തനത്തിൽ നിന്നും ദേശീയ നയങ്ങൾക്കും കാര്യപരിപാടികൾക്കും അത് നല്കിയ പിന്തുണയിൽ നിന്നും ഇത് ഏതൊരാൾക്കും വ്യക്തമാകേണ്ടതാണ്.

ഏതായാലും പ്രൊ: ഹുമയൂൺ കബീർതന്നെ സാക്ഷ്യം വഹിച്ചിട്ടുള്ളത് പോലെ സമുദായത്തിന്റെ വിഷമങ്ങൾ ഇനിയും അവസാനിച്ചിട്ടില്ലെന്നുള്ളത് ഖേദകരമാണ്. മുസ്‌ലിംലീഗ് മാത്രമല്ല സമുദായം തന്നെ ഭരണകക്ഷിയുടെ ഒരു മാതിരി ന്യായരഹിതമായ ബന്ധനത്തിൽ വെക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ പത്ത് കൊല്ലത്തിലധികമായി ഒരു ആപൽഘട്ടത്തിലെന്നവണ്ണം സമുദായം വെക്കപ്പെട്ടിരിക്കുന്നു.

സ്വാതന്ത്ര്യത്തിനു ശേഷം ഒരു ന്യൂനപക്ഷസമുദായം–വിശിഷ്യാ മതാടിസ്ഥാനത്തിലുള്ള ഒരു ന്യൂനപക്ഷം– ഇല്ലെന്നും ഉണ്ടായിക്കൂടെന്നും പരസ്യമായി കോൺഗ്രസ്സുകാർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ഭരണഘടന അത്തരം സമുദായങ്ങളുടെ അസ്തിത്വവും അവരുടെ അവകാശങ്ങളും അംഗീകരിച്ചിട്ടുണ്ടെന്നുള്ള വസ്തുത അവർ അവഗണിക്കുന്നു. അത്തരം നേതാക്കളുടെ വിചാരം മുസ്‌ലിംലീഗിനു മാത്രമല്ല ന്യൂനപക്ഷ സമുദായത്തിനു തന്നെ ആ വിധത്തിൽ നിലനില്പ് പാടില്ലെന്നാണ്. നാട്ടിൽ നടക്കുന്ന അനേകം കാര്യങ്ങളുടെ പോക്കു കണ്ടാൽ ആ നേതാക്കളുടെ വിചാരം ഫലപ്രാപ്തിയിലേക്കു നീങ്ങുകയാണെന്നു തോന്നും. മുസ്‌ലിംങ്ങൾക്കു ഉദ്യോഗങ്ങളിൽ മതിയായ പ്രാതിനിദ്ധ്യം ലഭിക്കുന്നില്ല. യോഗ്യതയും പ്രാപ്തിയുമെല്ലാം സ്വാതന്ത്ര്യത്തിനു ശേഷം പെട്ടെന്നു അവരെ കൈവിട്ടതെങ്ങിനെയാണെന്നു ഒരാൾക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. വേണ്ടിടത്തോളം എണ്ണമില്ലാത്തത് മാത്രമല്ല സമുദായത്തിന്റെ വിശ്വാസം ആർജ്ജിച്ചിട്ടുള്ളവർക്കു നാട്ടിലെ നിയമസഭകളിൽ പ്രവേശിക്കുവാൻ സാധിക്കുന്നില്ല. കൂട്ടുനിയോജകമണ്ഡലങ്ങളും നിയോജകമണ്ഡലങ്ങളുടെ വിഭജനവും മുസ്‌ലിംങ്ങൾക്കു സമ്മതമുള്ള ആൾക്കാർക്കു വരാവുന്ന ചുരുക്കം ചില സ്ഥലങ്ങളിൽ നിന്നുപോലും അവർക്കു തിരഞ്ഞെടുപ്പിൽ വിജയം സമ്പാദിക്കുവാൻ സാധിക്കാത്ത വിധമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മുസ്ലിം യുവാക്കൾക്കു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിശിഷ്യാ സാങ്കേതിക സ്ഥാപനങ്ങളിൽ പ്രവേശനം കിട്ടുവാൻ പ്രയാസം നേരിടുന്നു. സ്കൂളുകളിൽ മതവിദ്യാഭ്യാസം നല്കുന്നതിനെ നിരുത്സാഹപ്പെടുത്തിയിട്ടുള്ളത്കൊണ്ടു മുസ്‌ലിംകുട്ടികൾ അവരുടെ മാതാപിതാക്കന്മാരുടെ മതത്തിന്റെ അറിവില്ലാതെ വളർന്നു കൊണ്ടുവരുന്നു, ഒരു പൊതുസിവിൽ നിയമത്തെ സംബന്ധിച്ചും ഇസ്‌ലാമിന്റെ ഒരു അവശ്യഭാഗമായ ശരിഅത്ത് നിയമം റദ്ദാക്കുന്നതിനെയും സംബന്ധിച്ചുള്ള തുടർച്ചയായ സംസാരമുണ്ട്. മിക്കസ്ഥലങ്ങളിലും ഭൂരിപക്ഷം മുസ്‌ലിംങ്ങളുടെ ഭാഷയായ ഉറുദുവിനു നിരുത്സാഹജനകവും അന്യായവുമായ ഒരു പെരുമാറ്റമാണ് ലഭിക്കുന്നത്. നാട്ടിലെ സാമ്പത്തിക ജീവിതത്തിലും അഭിവൃദ്ധിയിലും മുസ്‌ലിംങ്ങളുടെ സഹകരണത്തിനു ശരിയായ സ്ഥാനം നല്കപ്പെടുന്നില്ല. മുസ്ലിം സംഘടനകളുടെ നേർക്കു പ്രതികൂല ദൃഷ്ടിയോടു കൂടി നോക്കുകയും സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം അവയെ അമർത്തുവാനുള്ള ഉദ്യമം നടക്കുകയും ചെയ്യുന്നു. മറ്റു പല കാര്യങ്ങളും പറയാവുന്നതാണ്. അവിടെയും ഇവിടെയുമുള്ള ചുരുക്കം അനുകൂല സംഗതികൾ ആവലാതിയുടെ മടുപ്പ്

mappilaheritagelibrary.com

തീർക്കുവാൻ കരുതിയിട്ടെന്നവണ്ണം എടുത്ത് കാട്ടപ്പെടുന്നു.

ആന്ധ്രപ്രദേശത്ത് കുറച്ചു കാലത്തിനു മുമ്പ് മുഖ്യമന്ത്രി ഉർദുവിനു സ്റ്റെയിറ്റിൽ അതർഹിക്കുന്ന സ്ഥാനവും പ്രാധാന്യവും നല്കുന്നതു സംബന്ധിച്ചു ദയാപൂർവ്വം ചില സംഗതികൾ പറയുകയുണ്ടായി. ഇത്തരം കാര്യങ്ങളിൽ ഇക്കാലത്ത് നാട്ടിൽ വളരെ അപൂർവ്വമായി കാണുന്ന മഹാമനസ്കതയുള്ള ഒരു നിലപാടായി ഞാൻ അതിനെ സ്വാഗതം ചെയ്തു. എന്നാൽ ആ സ്റ്റേറ്റിൽ പോലും മുസ്ലിംങ്ങൾ അവരുടെ ന്യായമായ സംഘടനാവകാശം ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുവാൻ അധികൃതന്മാർ ഇഷ്ടപ്പെടുന്നില്ലെന്നു കാണുന്നു. ഏതാനും ആഴ്ചകൾക്കു മുമ്പ് അവർ ഹൈദ്രബാദിലെ അഞ്ചുമനെ ഇത്തിഹാദുൽ മുസ്‌ലിംമീനിൽപെട്ട മി: അബ്ദുൾവാഹിദുവെയിസിയെയും മറ്റു ചിലരെയും തടങ്ങലിൽ വെച്ചു. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഒരു ന്യൂനപക്ഷമായ മുസ്‌ലിംങ്ങൾ ചിന്നിച്ചിതറി ഒന്നിലധികം രാഷ്ട്രീയ സംഘടനയിൽ നില്ക്കുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല. പക്ഷെ ജനങ്ങൾ ഒന്നിലധികം സംഘടനകൾ വേണമെന്നു തീർച്ചപ്പെടുത്തുന്ന പക്ഷം അത് അവരുടെ കാര്യവും അവകാശവുമാണ്. ജനങ്ങളുടെ അത്തരം പ്രധാനമായ അവകാശങ്ങളിൽ കൈകടത്തുന്നത് നീതിയായിരിക്കയില്ല. അത്തരം കാര്യങ്ങൾ കയ്യാളുന്നതിൽ അധികൃതന്മാർ അവയെ സംബന്ധിച്ചു അവർക്കു ഉണ്ടായേക്കാവുന്ന എന്തെങ്കിലും പക്ഷവാദത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ എടുക്കുന്നത് നീതികരിക്കപ്പെടാവുന്നതല്ല. മേൽ പറഞ്ഞ പ്രത്യേക സംഘടനയെ സംബന്ധിച്ചു എന്തെങ്കിലും യഥാർത്ഥത്തിൽ ദോഷമായിട്ടുണ്ടെങ്കിൽ അത് കയ്യാളുവാൻ നാട്ടിലെ സാധാരണ നിയമം ഉണ്ട്. അവർക്ക് ആ കാര്യം ഒരു നിയമ കോടതിയുടെ മുമ്പാകെ കൊണ്ടുവരാമായിരുന്നു. ഒരു വിഷമസന്ധിയോ അടിയന്തരാവസ്ഥയോ മറ്റെന്തെങ്കിലും അസാധാരണ സ്ഥിതിയോ സ്റ്റേറ്റിൽ ഇല്ലാതിരിക്കെ കരുതൽ തടങ്ങൽ ആക്ടാകുന്ന പ്രത്യേക നിയമത്തിന്റെ സഹായം തേടുവാൻ അവർക്കു ശരിയായ നീതീകരണം ഉണ്ടായിരുന്നുവെന്നു ഞാൻ കരുതുന്നില്ല. ഇത് ചില ആൾക്കാർ തങ്ങളുടെ രാഷ്ട്രീയ പ്രതിയോഗികളുടെ പൗരസ്വാതന്ത്ര്യത്തിന്റേയും പ്രാധാന്യമേറിയ അവകാശങ്ങളുടെയും നേർക്കു കാണിക്കുന്ന കാരുണ്യക്കുറവിന്റെ മറ്റൊരു ഉദാഹരണം കൂടിയാണ്. ഇപ്പോഴെങ്കിലും അധികൃതന്മാർ മേൽ പറഞ്ഞ മാന്യന്മാരോട് നീതി ചെയ്യുമെന്നു പ്രതീക്ഷിക്കുന്നത് അസ്ഥാനത്താകുമോ?

സ്വാതന്ത്ര്യത്തിനു ശേഷം നാട്ടിൽ മതപരമായ ന്യൂനപക്ഷങ്ങൾ ഉണ്ടായിക്കൂടെന്നു അഭിപ്രായപ്പെട്ട ചില കോൺഗ്രസ്സ് സ്നേഹിതന്മാരെ കുറിച്ചു ഞാൻ പറയുകയുണ്ടായല്ലോ. ഞാൻ മേൽ സൂചിപ്പിച്ച മുസ്‌ലിംങ്ങളുടെ ഖേദകരമായ സ്ഥിതി തങ്ങളുടെ ആശയം നടപ്പിൽ വരികയെങ്കിലും ചെയ്യുന്നുണ്ടെന്നു ആ സ്നേഹിതന്മാർക്കു വിചാരിക്കുവാൻ സംഗതി വരുത്തിയേക്കാം. എന്നാൽ അത്തരം സ്നേഹിതന്മാർ ന്യൂനപക്ഷങ്ങളെ വിശിഷ്യാ മുസ്ലിം ന്യൂനപക്ഷത്തെ അത്തരത്തിൽ അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അവർക്കു വളരെ പിഴച്ചു പോയിരിക്കുന്നു– അവർക്കു ചരിത്രം അറിഞ്ഞു കൂടെന്നും അവർ ചരിത്രത്തിന്റെ പാഠങ്ങൾ പഠിച്ചിട്ടില്ലെന്നും മാത്രമാണ് അത് കാണിക്കുക. പഴയ സാറിസ്റ്റ് റഷ്യയിലും ഇമ്പീരിയൽ ജർമ്മനിയിലും ആസ്ട്രിയ, ഹങ്കറിയൻ സാമ്രാജ്യത്തിലും ഭരണകർത്താക്കൾ ന്യൂനപക്ഷങ്ങളെ അവസാനിപ്പിക്കുവാൻ പരിശ്രമിച്ചു. അവർക്കു അവരുടെ ഉദ്ദേശം സാധിക്കുവാൻ കഴിഞ്ഞുവോ? ഇല്ല. അവർ പറ്റെ പരാജയപ്പെട്ടു. സംഗതികളുടെ സ്വാഭാവിക സ്ഥിതി അനുസരിച്ചു തന്നെ ന്യൂനപക്ഷങ്ങളെ ആ വഴിക്കു അങ്ങു അവസാനിപ്പിക്കുവാൻ കഴിയുക

mappilaheritagelibrary.com

യില്ല. ന്യൂനപക്ഷങ്ങളുമായി ഇടപെടുവാൻ പ്രത്യേകിച്ചും പല ഭാഷകളും മത ങ്ങളും സമുദായങ്ങളും ഉള്ളതും തുടർന്നു പോകുന്നതുമായ നമ്മുടെ നാട്ടിൽ ന്യൂനപക്ഷങ്ങളുമായി ഇടപെടുവാനുള്ള മാർഗ്ഗം അതല്ല.

നാട്ടിൽ ഐക്യം ഉണ്ടാക്കുവാൻ കഴിയുകയില്ല എന്ന് അതിനർത്ഥമില്ല- സംശയം കൂടാതെ നാട്ടിൽ ഐക്യവും ഏകീഭാവ ചിന്തയും ഉണ്ടാക്കുവാൻ കഴിയും- എന്നാൽ ആ ഐക്യം ബാഹ്യമായ ഐക്യമോ മനുഷ്യജീവികളെ സൈനിക ചട്ടക്കൂട്ടിലെന്നവണ്ണം ഏകീകരിക്കലോ അല്ല. അത് ഹൃദയങ്ങളുടെ ഐക്യമാണ്. അത്തരം ഐക്യം വ്യത്യസ്തതയുടെ മദ്ധ്യത്തിൽ പോലും തീർച്ച യായും സാദ്ധ്യമാണ്. മുസ്‌ലിംലീഗ് ജനങ്ങളുടെയും നാടിന്റേയും, നമുക്കു മറ്റേ തിനെക്കാളും കൂടുതൽ പുരോഗതി ഉണ്ടാക്കുന്ന അത്തരം ഹൃദയഐക്യം കെട്ടി പ്പടുക്കുവാനും നിലനിർത്തുവാനും പൂർണ്ണമായി നിലകൊള്ളുന്നു. ഇത്തരം ഒരു ഐക്യം ഉറച്ചതും നിലനിൽപുള്ളതും ആയിരിക്കണമെങ്കിൽ അത് നീതി യിന്മേൽ ശക്തിയായി അധിഷ്ഠിതമായിരിക്കണം. എല്ലാ ജനവിഭാഗത്തിനും നീതി നല്കുകകയാണ് നാടിന്റെ യഥാർത്ഥവും ശാശ്വതവുമായ ഐക്യവും ശക്തി യും. ഇതാ നാം ഇവിടെ സമ്മേളിച്ചിരിക്കുമ്പോൾ നമ്മുടെ മഹാനായ പ്രധാന മന്ത്രി നമ്മുടെ നാടിന്റെ ഈ ഭാഗത്ത് ഒരു സന്ദർശനത്തിനു വന്നിരിക്കുന്നു. നാമെല്ലാം അദ്ദേഹത്തിനു സ്നേഹപൂർണ്ണവും ഹാർദ്ദവുമായ സ്വാഗതം അരു ളിക്കൊള്ളുന്നു. നമ്മെ സംബന്ധിച്ച് ഈ പ്രാവശ്യം അദ്ദേഹം കൂടുതൽ അനു കമ്പാപൂർണ്ണവും ദയാപൂർവ്വവുമായ ഒരു അഭിപ്രായത്തോടുകൂടി മടങ്ങിപ്പോ കുമെന്നു നാം ആത്മാർത്ഥമായി ആശിക്കുന്നു.

നാം എപ്പോഴും അദ്ദേഹത്തോടും അദ്ദേഹത്തിന്റെ ഗവർമ്മെണ്ടിനോടു അനേകം കാര്യങ്ങളിൽ യോജിച്ചിട്ടുണ്ടെന്നു അദ്ദേഹത്തെ ഓർമ്മപ്പെടുത്തു കയും മേലിലും അപ്രകാരം നാം തുടർന്നു പോവുമെന്നു അദ്ദേഹത്തിനുറപ്പു നൽകുകയും ചെയ്യുന്നു. നാം നാട്ടിൽ നിയമത്തിനും ക്രമസമാധാനങ്ങൾക്കും സുദൃഢവും സജീവവുമായ പിന്തുണ നൽകുന്നവരാണ്. നാട്ടിൽ ഒരു സോഷ്യ ലിസ്റ്റിക് മാതൃകയിലുള്ള സമുദായം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തെ നാം അകമഴിഞ്ഞു അനുകൂലിക്കുന്നു. ഗവർമ്മെണ്ടിന്റെ വിദേശനയത്തിന്റെ പുറകിൽ നാം ശക്തിയായി ഉറച്ചു നിൽക്കുന്നു. കാശ്മീർ, ഗോവാ കാര്യങ്ങളിലും സിലോ ണിലെയും തെക്കെ ആഫ്രിക്കയിലെയും മറ്റു രാജ്യങ്ങളിലെയും ഇന്ത്യൻ വംശ ജരുടെ കാര്യത്തിലും രാഷ്ട്രങ്ങൾ തമ്മിൽ സമാധാനവും സൗമനസ്യവും സംസ്ഥാപിതമാക്കാനുള്ള സംരംഭങ്ങളിലും ഗവർമ്മെണ്ടിന്റെ നയപരിപാടികളെ നാം സുദൃഢമായി അനുകൂലിക്കുന്നു.

പ്രിയപ്പെട്ട സഹോദരന്മാരെ, സഹോദരികളെ,

ഈ പ്രസംഗം ഉപസംഹരിക്കുന്നതിനു മുമ്പു നിങ്ങളോടൊക്കെ എനിക്ക് ആത്മാർത്ഥമായൊരു അഭ്യർത്ഥന ചെയ്യാനുണ്ട്. എന്തുതന്നെ സംഭവിച്ചാലും നിങ്ങൾ ഭയപ്പെടുകയോ, സർവ്വശക്തനായ ദൈവത്തിലുള്ള നിങ്ങളുടെ സുദൃ ഢവും സജീവവുമായ വിശ്വാസം ദുർബ്ബലമാക്കുകയോ ചെയ്യരുത്. ഞാനൊരു രാഷ്ട്രീയപ്രസംഗമണ്ഡപത്തിൽ നിന്നാണ് സംസാരിക്കുന്നത് എന്നെനിക്ക് പൂർണ്ണ ബോദ്ധ്യമുണ്ട്. പക്ഷെ നമ്മുടെ രാഷ്ട്രീയം വ്യത്യസ്തമാണ്. അതു വ്യത്യസ്തമല്ലെങ്കിൽ നമുക്ക് ഈ പ്രസംഗമണ്ഡപത്തിന്റെ ആവശ്യകതയുണ്ടാ വില്ല, നമ്മുടെ പ്രത്യേക വ്യക്തിത്വത്തെയും അസ്തിത്വത്തെയും കുറിച്ചു നാം ആശങ്കാകുലരാകുകയുമില്ല. ജീവിതത്തിന്റെ മറ്റെല്ലാ മണ്ഡലങ്ങളിലുമെന്ന പോലെ ധാർമ്മികതക്ക് രാഷ്ട്രീയത്തിലും അനിവാര്യമായ സ്ഥാനമുണ്ടെന്നും, ധാർമ്മികത മതത്തിന്റെ സന്താനം, ശാശ്വതസന്താനം, ആണെന്നും ആ സന്താ

mappilaheritagelibrary.com

നത്തെ മതം പാലൂട്ടി പോറ്റേണ്ടതുണ്ടെന്നും നാം വിശ്വസിക്കുന്നുവെന്നതാണ് ആ വ്യത്യാസത്തെ സംബന്ധിച്ചേടത്തോളമുള്ള അതിപ്രധാനമായ വസ്തുത. മതം തന്നെ അല്ലാഹുവിലുള്ള വിശ്വാസത്തിൽ അധിഷ്ഠിതവും ആ വിശ്വാസത്തിൽ വളർത്തപ്പെടുന്നതുമാണ്. എല്ലാ സ്ഥിതിഗതികളിലും എല്ലാ അവസ്ഥകളിലും നാം അല്ലാഹുവിലുള്ള വിശ്വാസത്തിലും ഭക്തിയിലും ഉറച്ചു നിൽക്കണം. നാം എന്തിനുവേണ്ടി നിലകൊള്ളുന്നുവോ അതു ശരിയാണെന്ന ദൃഢവിശ്വാസവും നമുക്കുണ്ടായിരിക്കട്ടെ. ഈ വിശ്വാസത്തോടുകൂടി വാക്കിലും പ്രവൃത്തിയിലും യഥാർത്ഥ മുസ്‌ലിംകളായിരിക്കാൻ നമുക്കു പരിശ്രമിക്കാം. യഥാർത്ഥ മുസ്ലിം നാടിന്റെ സത്യസന്ധനും യോഗ്യനും വിശ്വസ്തനും മാന്യനുമായ പൗരനായിരിക്കും. എത്ര സമ്മർദ്ദവും ക്ലേശവുമുണ്ടായാലും നമുക്കു നമ്മുടെ ഐക്യത്തെ നിലനിർത്തേണ്ടതുണ്ട്. കാരണം, ഐക്യമില്ലാത്തപക്ഷം ഒരവകാശവും ചോദിക്കുവാനോ ആസ്വദിക്കുവാനോ നമുക്കു അർഹതയോ അധികാരമോ ഉണ്ടാവുകയില്ല. നമ്മുടെ സംഘടന മുസ്‌ലിംലീഗ് യഥാകാലം നമ്മുടെ മുമ്പാകെവെക്കുന്ന കർമ്മപരിപാടി നമുക്കു ഐക്യത്തോടുകൂടി നടപ്പിൽ വരുത്തുക. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും നമ്മുടെ ഇടയിലുള്ള യോജിപ്പും സ്ഥിരപരിശ്രമവുമായി നാം മുന്നേറുകയാണെങ്കിൽ നമ്മുടെ കാര്യങ്ങൾ ശരിപ്പെടുകയും നാം നാടിന്റെയും ലോകത്തിന്റെയും ബഹുമാന്യരും പ്രിയപ്പെട്ടവരുമായ പൗരന്മാരായിത്തീരുകയും ചെയ്യും. നാം അല്ലാഹുവിന്റെ യഥാർത്ഥവിശ്വാസികളാവുകയാണെങ്കിൽ നാം നിരാശരാവുകയോ ഖേദിക്കുകയോ ചെയ്യേണ്ടതില്ലെന്നും അവൻ നമ്മെ ഉയർത്തുന്നതാണെന്നും അല്ലാഹു പറയുന്നതു നാം ഓർക്കണം. ഈ മഹത്തായ ഉറപ്പ് നമ്മിൽ സാക്ഷാൽക്കരിക്കുന്നതിനു നാം അർഹരായിത്തീരുക. അവൻ നമ്മെ നേർവഴിയിൽ നയിക്കട്ടെ. അവന്റെ മഹത്തായ അനുഗ്രഹങ്ങൾ നിങ്ങളുടെയെല്ലാം മേൽവർഷിക്കുമാറാവട്ടെ!

12

Tel: LEAGUE Phone: 212 A (Available)

Kerala State Muslim League Conference
RECEPTION COMMITTEE, **CALICUT**

3-2-1959

മുസ്‌ലിംലീഗു ശാഖകളുടെ അടിയന്തര ശ്രദ്ധക്ക്

മാന്യരെ,

1959 ഫെബ്രുവരി 14-ം 15-ം തിയ്യതികളിൽ കോഴിക്കോട്ട് അല്ലാമാ മുഹമ്മദ് ഇക്ബാൽ നഗരിൽ (മാനാഞ്ചിറ മൈതാനം) ചേരുന്ന കേരള സ്റ്റേറ്റു മുസ്‌ലീം ലീഗു സമ്മേളനം സംബന്ധിച്ചു താങ്കളുടെ കമ്മിറ്റിയുടെ പരിധിയിൽപെട്ട എല്ലാ സ്ഥലങ്ങളിലും പരിസരപ്രദേശങ്ങളിലും വേണ്ട പ്രചരണപ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നുണ്ടെന്ന് വിശ്വസിക്കുന്നു.

താഴെ പറയുന്ന കാര്യങ്ങളിൽ താങ്കളുടെ കമ്മിറ്റിയുടെ അടിയന്തരശ്രദ്ധ പതിയാനും അതു സംബന്ധിച്ച കാര്യങ്ങളെപ്പറ്റി അടിയന്തിരമായി മറുപടി അയക്കാനും നിർദ്ദേശങ്ങൾ പരിപൂർണ്ണമായും നടപ്പാക്കാനും അപേക്ഷ.

പ്രതിനിധികൾ

ഓരോ ശാഖാകമ്മിറ്റിയിൽനിന്നും ആകെയുള്ള പ്രാഥമിക അംഗങ്ങളിൽ നിന്നും 100 പേർക്ക് 10 എന്ന തോതിൽ പ്രതിനിധികളെ അയക്കേണ്ടതാണ്. പ്രതിനിധി ഫീസ് അമ്പതു നയാപൈസയാണ്. പ്രതിനിധികളുടെ ലിസ്റ്റ് ഫിബ്രവരി 7-ാംനുക്ക് മുമ്പു സ്വാഗതസംഘം ആപ്പീസിൽ കിട്ടേണ്ടതാണ്. പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് സ്വാഗതസംഘം താമസസൌകര്യങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. ബെഡ്ഡുകൾ അവരവർ കൊണ്ടുവരണം. പ്രതിനിധികൾ ഏറ്റവും താമസിച്ചാൽ ഫിബ്രവരി 14-ാംനു ശനിയാഴ്ച രാവിലെ 9 മണിക്കുമുമ്പു കോഴിക്കോട്ടെത്തിച്ചേരേണ്ടതും സ്വാഗതസംഘം ആഫീസുമായി ബന്ധപ്പെടേണ്ടതുമാണ്. പ്രതിനിധിസമ്മേളനം ഫിബ്രവരി 14-ാംനു ശനിയാഴ്ച രാവിലെ പത്തുമണിമുതൽ പന്ത്രണ്ടുമണിവരെ ടൗൺഹാളിൽ ചേരുന്നതാണ്.

പ്രമേയങ്ങൾ

സമ്മേളനത്തിനുള്ള പ്രമേയങ്ങൾ അതാത് ജില്ലാകമ്മിറ്റി പ്രസിഡണ്ടോ സിക്രട്ടരിയോ മുഖേന ഫിബ്രവരി 10-ാംനു ക്കുമുമ്പു സ്വാഗതസംഘം ആപ്പീസിൽ കോഴിക്കോട്) ലഭിച്ചിരിക്കണം. ജില്ലാകമ്മിറ്റി പ്രസിഡണ്ടോ സിക്രട്ടരിയോ

mappilaheritagelibrary.com

മുഖേനയല്ലാതെ ലഭിക്കുന്ന പ്രമേയങ്ങൾ പര്യാലോചിക്കപ്പെടുന്നതല്ല. പ്രമേയങ്ങൾ സ്റ്റേറ്റു വ്യാപകമായ പ്രശ്നങ്ങളെ ബാധിക്കുന്നവയായിരിക്കണം.

ജാഥകൾ

സമ്മേളനനഗരിയിലേക്ക് കഴിയുന്നേടത്തോളം എല്ലാ സ്ഥലങ്ങളിൽനിന്നും ജാഥകളായി വന്നുചേരുന്നത് നന്നായിരിക്കും. കാർ, വേൻ, ലോറി, തോണിജാഥകൾ ഏറ്റവും താമസിച്ചാൽ ഫിബ്രവരി 15-ാംനു ഞായറാഴ്ച രാവിലെ 10 മണിക്കുമുമ്പു കോഴിക്കോട്ടെത്തിച്ചേരത്തക്കവിധത്തിൽ അതാത് സ്ഥലങ്ങളിൽനിന്നു നിർബന്ധമായും പുറപ്പെടേണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. കോഴിക്കോട്ടെത്തുന്ന എല്ലാ വാഹനങ്ങളും ചേർന്നുകൊണ്ടു 15-ാംനു ഉച്ചക്കുശേഷം ഒരു മണിമുതൽ രണ്ടുമണിവരെ നഗരത്തിൽ പ്രകടനം നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. അതിന്ന് ഏർപ്പാടുചെയ്യാനപേക്ഷ.

ഫിബ്രവരി 15-ാംനു ഞായറാഴ്ച രാവിലെ കൃത്യം ഏഴരമണിക്ക് നഗരത്തിൽ ഒരു ഗംഭീരമായ സൈക്കിൾജാഥ നടത്തുന്നുണ്ട്. സൈക്കിൾജാഥയിൽ കഴിയുന്നത്ര സൈക്കിളുകൾ പങ്കെടുക്കുന്നതിന് എല്ലാ ശാഖാകമ്മിറ്റികളും ശ്രദ്ധിക്കാൻ താല്പര്യം. കോഴിക്കോട് ടൌണിന്നു പുറത്തുനിന്നു സൈക്കിൾജാഥയിൽ പങ്കെടുക്കുന്നവർ ശനിയാഴ്ച രാത്രിതന്നെ സൈക്കിളോടുകൂടി കോഴിക്കോട്ട് എത്തിച്ചേരേണ്ടതും ടൗൺഹാളിലുള്ള സ്വാഗതസംഘമാപ്പീസിൽ വിവരമറിയിക്കേണ്ടതുമാണ്. കാൽനട തുടങ്ങിയ മറ്റു ജാഥകളും ഫിബ്രവരി 15-ാംനു കാലത്തുതന്നെ കോഴിക്കോട്ടെത്തിച്ചേരേണ്ടതാണ്. വാഹനങ്ങളിൽ ജാഥയിൽ വരുന്നവർ വാഹനങ്ങളുടെ മുമ്പിൽ ഏതു ഫർക്കയിൽനിന്നു വരുന്നുവെന്നും ഏതു കമ്മിറ്റിവകയാണെന്നും തുണിയിൽ എഴുതി പ്രദർശിപ്പിക്കാനപേക്ഷ.

വളണ്ടിയർമാർ

എല്ലാ ശാഖാ കമ്മിറ്റികളിൽനിന്നും കഴിയുന്നത്ര വളണ്ടിയർമാരെ സമ്മേളനാവശ്യാർത്ഥം അയക്കേണ്ടതാണ്. ഓരോ ശാഖയിൽനിന്നും അയക്കുന്ന വളണ്ടിയർമാരുടെ പട്ടിക ഫിബ്രവരി 7-ാംനു മുമ്പു സ്റ്റേറ്റ്ലീഗു വളണ്ടിയർകോർ ക്യാപ്റ്റൻ, മുസ്‌ലിംലീഗു സമ്മേളന സ്വാഗതസംഘം, C/o P.B. 152, കോഴിക്കോട് എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. കഴിയുന്നേടത്തോളം വളണ്ടിയർമാരെ ഫിബ്രവരി 14-ാംന് ശനിയാഴ്ച രാവിലെ കോഴിക്കോട്ടെത്തിക്കാൻ ശ്രമിക്കേണ്ടതാണ്. വളണ്ടിയർമാർ എത്തിയ ഉടനെ വളണ്ടിയർക്യാമ്പിൽ പേർ റജിസ്ട്രേചെയ്യേണ്ടതാണ്. 15-ാംനു ഉച്ചക്കുശേഷം രണ്ടുമണിമുതൽ മൂന്നുമണിവരെ നഗരത്തിൽ വളണ്ടിയർമാരുടെ പരേഡ് നടക്കുന്നതാണ്.

ഹാരാർപ്പണം

ശാഖാ ലീഗുകമ്മിറ്റികൾക്ക് സമ്മേളനാദ്ധ്യക്ഷനെ ഹാരമണിയിക്കാവുന്നതാണ്. പൂക്കളും കസവുംകൊണ്ടുണ്ടാക്കിയ മാലകൾക്ക് പകരം നോട്ടുകൾ തുന്നിച്ചേർത്ത പച്ചനൂലുകൊണ്ടുള്ള മാല അണിയിക്കുന്നതാണ് ഉത്തമമെന്ന് സ്വാഗതസംഘത്തിന് അഭിപ്രായമുണ്ട്. മാലവകയിൽ പണം ദുർവ്യയം ചെയ്യാതെ ലീഗുനിധി തടിപ്പിക്കാൻ അതുപകരിക്കുമല്ലോ.

സമ്മേളനനോട്ടീസ് ഇതോടൊപ്പം അയക്കുന്നു. വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ താല്പര്യം.

അടിയന്തര മറുപടി പ്രതീക്ഷിച്ചുകൊണ്ട്

സസ്നേഹം

വിധേയൻ

സിക്രട്ടറി, സ്വാഗതസംഘം

mappilaheritagelibrary.com

13

1959 ഫിബ്രവരി 14, 15 തീയതികളിൽ കോഴിക്കോട് 'അല്ലാമാ മുഹമ്മദ് ഇഖ്ബാൽ നഗരിൽ' ചേർന്ന കേരള സ്റ്റേറ്റ് മുസ്‌ലിം ലീഗിന്റെ രണ്ടാം വാർഷിക സമ്മേളനത്തിൽ സ്വീകരണ സംഘം ചെയർമാൻ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖിതങ്ങൾ ചെയ്ത സ്വാഗതപ്രസംഗം.

സർവ്വലോക നിയന്താവായ അല്ലാഹുവിന്റെ തിരുനാമത്തിൽ

ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽസാഹിബ് അവർകളെ, സഹോദരന്മാരെ, സുഹൃത്തുക്കളെ,

ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ കേരള സ്റ്റെയിറ്റ് ഘടകമായ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ രണ്ടാം വാർഷികസമ്മേളനത്തിൽ സന്നിഹിതരായിരിക്കുന്ന ബഹുമാന്യരായ നിങ്ങളെ സ്വീകരണസംഘത്തിന്റെ പേരിലും കോഴിക്കോട് മുസ്‌ലിംകളുടെ പേരിലും ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്തുകൊള്ളുന്നു.

കേരളസംസ്ഥാനം ഉടലെടുക്കുകയും മലബാർ ജില്ലയും കാസർഗോഡ്, തിരു-കൊച്ചി പ്രദേശങ്ങളും ഉൾക്കൊള്ളുന്ന പ്രസ്തുത സ്റ്റെയിറ്റിന് ഒരു കേരളസ്റ്റെയിറ്റ് മുസ്‌ലിംലീഗ് കൗൺസിൽ 1956 നവംബർ 11-ാംന് എറണാകുളത്തുവെച്ച് ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രസിഡണ്ട് ജ; മുഹമ്മദ് ഇസ്മായിൽസാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മുസ്‌ലിംലീഗ് സമ്മേളനത്തിൽവെച്ച് രൂപീകരിക്കപ്പെടുകയും ചെയ്തതിന്ന് ശേഷം രണ്ടാമത്തെ സ്റ്റെയിറ്റ് സമ്മേളനമാണ് ഇവിടെ ചേർന്നിരിക്കുന്നത്. ഒന്നാം സമ്മേളനം ആലപ്പുഴ ലജ്നത്ത് നഗരിൽവെച്ച് 1958 ഏപ്രിൽ 26, 27 തീയതികളിൽ വളരെ ഗംഭീരവും വിജയകരവുമായ വിധത്തിൽ നടന്നത് നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും മദ്രാസ്, മൈസൂർ, ആന്ധ്രാപ്രദേശ് മുതലായ ഇതരസ്റ്റെയിറ്റുകളിൽനിന്നും ലീഗ് പ്രതിനിധികളും നേതാക്കളും ഇതരരാഷ്ട്രീയനേതാക്കളും ആ സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി.

കോഴിക്കോട് പട്ടണം കേരളത്തിലെ മുസ്‌ലിംലീഗിന്റെ ചരിത്രത്തിൽ സുപ്രധാനമായ ഒരു പങ്കുവഹിച്ചിട്ടുണ്ടെന്നു പറയുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. 1954 ഏപ്രിൽ 10-ാം നു ഇവിടെവെച്ചു മലബാർജില്ലാ മുസ്‌ലിംലീഗിന്റെ ഒരു വമ്പിച്ച വാർഷികസമ്മേളനം ഖാഇദെമില്ലത്തിന്റെ മഹനീയദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഉത്തരേന്ത്യയിലെ ഒരു പ്രമുഖ മുസ്‌ലിംലീഗ് നേതാവായിരുന്ന മർഹും സയ്യിദു സാക്കീർഅലിസാഹിബടക്കം മലബാറിനുപുറത്തുള്ള പല പ്രധാനികളും ആ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. നിർഭാ

mappilaheritagelibrary.com

ഗൃകരമായ നടുവട്ടംവെടിവെപ്പ് സംഭവത്തെത്തുടർന്നുണ്ടായ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ ചേർന്ന ആ മഹാസമ്മേളനം ഏറ്റവും സമാധാനപരമായി നടക്കുകയും മുസ്‌ലിമിങ്ങൾക്കു വിവേകപൂർവ്വമായ നേതൃത്വം നൽകുകയും ജില്ലയിലെ സാമുദായികസംഘർഷത്തെ ശാന്തമാക്കുവാൻ ഒട്ടുവളരെ സഹായിക്കുകയും ചെയ്തുവെന്നുള്ളത് സ്മരണീയമാണ്. 1940 ൽ ഈ നഗരത്തിൽവെച്ചുതന്നെയായിരുന്നു അവിഭക്തബങ്കാളിലെ പ്രധാനമന്ത്രിയായിരുന്ന ജ: എ. കെ. ഫസലുൽഹഖ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ഗംഭീരമായ ഒരു മുസ്‌ലിംലീഗ് സമ്മേളനം നടന്നത്. ആ സമ്മേളനവും കേരളത്തിന്റെ അകത്തും പുറത്തും ഒട്ടുവളരെ ആവശേമുളവാക്കിയ ഒന്നായിരുന്നു.

കേരളസ്റ്റെയിറ്റ് മുസ്‌ലിംലീഗ് കൌൺസിലിന്റെ സ്ഥാപനത്തിനുശേഷം മുസ്‌ലിംലീഗിന്റെ പ്രവർത്തനം സ്റ്റെയിറ്റിന്റെ എല്ലാഭാഗങ്ങളിലും സജീവമായിത്തീരുകയും, സ്റ്റെയിറ്റിന്റെ എല്ലാ ജില്ലകളിലും ജില്ലാക്കമ്മറ്റികളും പലതാലൂക്കുകളിലും ഫർക്കകളിലും താലൂക്ക് ഫർക്കാകമ്മറ്റികളും ഒട്ടധികം ശാഖാകമ്മറ്റികളും സ്ഥാപിതമാവുകയും ചെയ്തു. 1958 ഒക്ടോബർ 26-ാംന് എറണാകുളത്തുവെച്ച് ചേർന്ന കേരളസംസ്ഥാന മുസ്‌ലിംലീഗ് അംഗങ്ങളുടെ യോഗത്തിൽവെച്ച് രൂപീകൃതമായ പുതിയ കേരള സ്റ്റേയിറ്റ് മുസ്‌ലിംലീഗ് കൗൺസിലാണ് ഇപ്പോൾ സ്റ്റെയിറ്റിലെ മുസ്‌ലിംലീഗ് പ്രവർത്തനങ്ങളുടെ നേതൃത്വം വഹിച്ചുകൊണ്ടിരിക്കുന്നത്.

മുസ്‌ലിംലീഗിന് കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രഇലക്ഷൻ കമ്മീഷൻ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിനെ കേരളത്തിലെ ഒരു രാഷ്ട്രീയപാർട്ടിയായി അംഗീകരിക്കുകയും അതിന് ഒരു പ്രത്യേകചിഹ്നം അനുവദിക്കുകയും ചെയ്തുവെന്നുള്ള വസ്തുത ഈ സന്ദർഭത്തിൽ ഞാൻ അനുസ്മരിച്ചുകൊള്ളുന്നു. മുസ്‌ലിംബഹുജനങ്ങളുടെ പിന്തുണയെ പരിഗണിക്കുന്നപക്ഷം ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിനെ ഒരു സർവ്വേന്ത്യാപാർട്ടിയായി അംഗീകരിക്കുന്നതിൽ യാതൊരു അബദ്ധവുമില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം. പ്രതികൂലമായ പരിതസ്ഥിതികളാൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗ് ടിക്കറ്റിൽ സ്ഥാനാർത്ഥികളെ നിർത്തി മത്സരിപ്പിക്കുവാൻ മറ്റു സ്റ്റെയിറ്റുകൾക്ക് സാധിച്ചിട്ടില്ലെങ്കിലും മുസ്‌ലിമിങ്ങളുടെ ഒരു ഹിതപരിശോധന നടത്തുന്നപക്ഷം നാട്ടിലെ ബഹുഭൂരിപക്ഷം മുസ്‌ലിങ്ങളും മുസ്‌ലിംലീഗിനോട് കൂറും ഭക്തിയുമുള്ളവരാണെന്നു കാൺമാൻ കഴിയും.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സുകാരുടേയും കമ്മ്യൂണിസ്റ്റ്കാരുടേയും എതിർപ്പിനെ നേരിടേണ്ടിവന്നിട്ടും 8 സീറ്റുകൾ സംസ്ഥാന അസംബ്ലിയിലും ഒരു സീറ്റു പാർലിമെണ്ടിലും കരസ്ഥമാക്കുവാനും പി.എസ്.പി.മായുണ്ടായ സഖ്യത്തിന്റെ അടിസ്ഥാനത്തിൽ ആ പാർട്ടിയുടെ സ്ഥാനാർത്ഥികൾക്ക് നിർണ്ണായകമായ സഹായം നൽകുവാനും മുസ്‌ലിംലീഗ് പാർട്ടിക്ക് സാധിച്ചുവെന്നു ഞാൻ കൃതാർത്ഥതയോടെ പ്രസ്താവിച്ചുകൊള്ളട്ടെ.

തിരഞ്ഞെടുപ്പിനുശേഷം, രൂപീകൃതമായ മുസ്‌ലിംലീഗ് നിയമസഭാപാർട്ടി ജ:സി.എച്ച്.മുഹമ്മത്കോയ സാഹിബിന്റെ നേതൃത്വത്തിൽ ഒരു ക്രിയാത്മകമായ പ്രതിപക്ഷപാർട്ടിയായി മറ്റു പ്രതിപക്ഷപാർട്ടികളുമായി സഹകരിച്ചുനിലകൊള്ളുകയാണ്. നാട്ടിന്റെ പൊതുപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുവിലും മുസ്‌ലിംങ്ങളുടെ വിവിധ താല്പര്യങ്ങളെ സംബന്ധിച്ച് പ്രത്യേകമായും മുസ്‌ലിംലീഗ് നിയമസഭാപാർട്ടി ചെയ്തുകൊണ്ടിരിക്കുന്ന മഹത്തായ സേവനങ്ങൾ എല്ലാ നിഷ്പക്ഷബുദ്ധികളുടെയും മുക്തകണ്ഠമായ പ്രശംസക്ക് വിഷയമായി

mappilaheritagelibrary.com

ട്ടുണ്ടെന്നുമാത്രമല്ല മുസ്‌ലിംങ്ങൾക്ക് പൊതുവെ പൂർവ്വാധികമായ ആശയും അഭിമാനവും ആത്മവിശ്വാസവും ഉളവാക്കുകയും മുസ്‌ലിംലീഗിന്റെ സന്ദേശത്തിന് സ്റ്റെയിറ്റിന്റെ എല്ലാ മുക്കിലും മൂലയിലും ആവേശപൂർവ്വമായ സ്വാഗതം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിലെ മുസ്‌ലിംലീഗിന്റെ നേട്ടങ്ങൾ മറ്റു സ്റ്റെയിറ്റുകൾക്കും ഒരു ഉത്തമമാതൃകയായി നിലകൊള്ളുന്നു.

ഒരു ന്യൂനപക്ഷമായ ഇന്ത്യൻ മുസ്‌ലിമിങ്ങൾക്ക് അവരുടെ അവകാശ താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള ഫലപ്രദവും വ്യവസ്ഥാപിതവും ഇന്ത്യൻ ഭരണഘടനാദത്തവുമായ ഒരേയൊരു മാർഗ്ഗം അവരുടെ രാഷ്ട്രീയസംഘടനയായ മുസ്‌ലിംലീഗിൽ സംഘടിച്ചു നിൽക്കുകയെന്നുള്ളതാണ്. അതിന് മുസ്‌ലിമീങ്ങളെ കുറ്റപ്പെടുത്തുകയും അവരുടെ കൂറു ചോദ്യം ചെയ്യുകയും ചെയ്യുന്ന കുസൃതികൾ ഈ നാട്ടിന്റെ പരമശത്രുക്കളാണെന്നു പറയുന്നതിനു എനിക്ക് യാതൊരു സംശയവുമില്ല. മുസ്‌ലിം സർവ്വകലാശാല അടക്കം മുസ്‌ലിമിങ്ങളുടെ എല്ലാ സ്ഥാപനങ്ങളും ഈ നാട്ടിൽനിന്നു നശിച്ചുകാണണമെന്ന് ആഗ്രഹിച്ചു അതിനുവേണ്ടി അവയ്ക്കു പാക്കിസ്താനുമായി രഹസ്യബന്ധമുണ്ടെന്നുള്ള തനിച്ചവ്യാജങ്ങളും കുസൃതികളും നിറഞ്ഞ ആരോപണങ്ങൾ എഴുതിത്തള്ളുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഇന്ത്യയിലെ ചില മഞ്ഞപത്രങ്ങൾ ഇയ്യിടെ ഇന്ത്യൻ മുസ്‌ലിംലീഗ് പാക്കിസ്ഥാനിലെ ജനറൽ അയ്യൂബ്ഖാന്റെ ആജ്ഞയിൻകീഴിൽ പ്രവർത്തിക്കുകയാണെന്നും ലീഗിന് കറാച്ചിയിൽനിന്നു മാത്രമല്ല അമേരിക്കയിൽനിന്നുപോലും പ്രചോദനവും ധനസഹായവും ലഭിക്കുന്നുണ്ടെന്നും മറ്റും പല നുണകളും അസംബന്ധങ്ങളും എഴുതിവിട്ടത് വിനോദത്തോടും വിസ്മയത്തോടും പലരും വായിച്ചിരിക്കും. നാട്ടിൽ ദുഷ്പ്രചരണം നടത്തി ദുശ്ശങ്കകളും അവിശ്വാസങ്ങളും പരത്തുവാൻ മെനക്കെടുകയും കടുത്ത ഏഷണികൾ പരത്തി അവ ചെവിക്കൊള്ളുന്ന ഏഷണിപ്രിയന്മാരിൽ നിന്നു സമ്പാദ്യം ഉണ്ടാക്കുകയും ചെയ്യുന്ന ഇത്തരം കുപ്രചാര ഏജൻസികളെയാണ് അധികൃതർ സൂക്ഷിക്കുകയും നിയമാനുസൃതമായ നടപടികൾകൊണ്ട് നിയന്ത്രിക്കുകയും ചെയ്യേണ്ടത്. അത്തരം മഞ്ഞപത്രങ്ങളുടെയും ഇവയുടെ ആശയഗതിയുള്ള മറ്റു പ്രചാരകന്മാരുടേയും വ്യാജ പ്രലപനങ്ങളെ ഇന്ത്യൻ മുസ്‌ലിമിങ്ങൾ അവയർഹിക്കുന്ന അവജ്ഞയോടുകൂടി വിഗണിക്കുന്നതാണെന്നുമാത്രമേ എനിക്ക് പറയുവാനുള്ളൂ. ഇന്ത്യയുടെ ശത്രുക്കളിൽനിന്നു ഇവർക്ക് ദുർബ്ബോധനവും ധനസഹായവും ലഭിക്കുന്നുണ്ടോ എന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ഇന്ത്യൻ മുസ്‌ലിമീങ്ങളുടെയും മുസ്‌ലിംലീഗിന്റെയും കൂറു പലപരീക്ഷണങ്ങളേയും അതിജീവിച്ചിട്ടുള്ളതാണെന്നു അതിനെ ചോദ്യം ചെയ്യുന്ന രാജ്യദ്രോഹികളും ദുഷ്ടബുദ്ധികളും നല്ലപോലെ ഓർത്തിരിക്കട്ടെ. മുസ്‌ലിംലീഗ് അതിന്റെ പ്രഖ്യാപിതലക്ഷ്യം അനുസരിച്ചു ഇന്ത്യയുടെ സ്വാതന്ത്ര്യം നിലനിർത്തുവാനും സാമ്പത്തിക പദ്ധതികളെ വിജയിപ്പിക്കുവാനും നാട്ടിൽ നിയമസമാധാനങ്ങളും സാമുദായിക സൗഹാർദ്ദവും നിലനിർത്തുവാനും സാമ്പത്തിക പദ്ധതികളെ വിജയിപ്പിക്കുവാനും ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടെന്നുള്ളത് ഉന്നതാധികൃതവൃത്തങ്ങൾ പലവുരു സമ്മതിച്ചിട്ടുള്ളതാണ്. ലീഗിന് സംരക്ഷിക്കേണ്ടതായി മുസ്‌ലിംന്യൂനപക്ഷത്തിന്റെ പലവിധതാല്പര്യങ്ങൾ ഉണ്ടെന്നും അവയെ സംരക്ഷിച്ചു ന്യൂനപക്ഷത്തിന്റെ സംതൃപ്തി കൈവരുത്തുവാൻ പരിശ്രമിക്കുന്നത് മൂലം രാജ്യത്തിന്നൊട്ടാകെ നേട്ടമല്ലാതെ യാതൊരു കോട്ടവും വരുവാനില്ലെന്നും സൂക്ഷ്മബുദ്ധികൾക്ക് എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയും. 1948ൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ രഹസ്യമായ നിയമലംഘന പ്രസ്ഥാനത്തിന്റെ ഫലമായി കേരളത്തിൽ കൊലകളും കൊള്ളകളും കലാപങ്ങളും

mappilaheritagelibrary.com

ഉണ്ടായപ്പോൾ നിയമ സമാധാനങ്ങൾ നിലനിർത്തുവാൻ അധികൃതന്മാർക്കും പൊതുപ്രവർത്തകന്മാർക്കും പിന്തുണ നൽകുകയും മുസ്‌ലിം ബഹുജനങ്ങളെ സമാധാനത്തിന്റെ ചേരിയിൽ ഉറപ്പിച്ചു നിർത്തുകയും ചെയ്തത് മുസ്‌ലിംലീഗായിരുന്നുവെന്ന പരമാർത്ഥം ആർക്കാണ് അറിഞ്ഞു കൂടാത്തത്? 1947 നു ശേഷം ലീഗണികളിലുള്ള യാതൊരാളുടെ പേരിലും അട്ടിമറിക്കുവേണ്ടിയോ രാജ്യവിരുദ്ധ പ്രവർത്തനങ്ങൾക്കുവേണ്ടിയോ അധികൃതന്മാർക്കു നടപടി എടുക്കേണ്ടി വന്നിട്ടില്ലെന്നുള്ളത് ലീഗിന്റെ നേർക്കു വ്യാജാരോപണങ്ങൾ തൊടുത്തുവിടുന്ന കുസൃതികൾ ബോധപൂർവ്വം വിസ്മരിക്കുകയായിരിക്കണം. ഗൂഢാലോചനയും കപടനയവും മുസ്‌ലിംലീഗിന്റെ പാരമ്പര്യത്തിലുള്ളതല്ല. ഇന്ത്യൻമുസ്‌ലിംങ്ങളുടെ താല്പര്യങ്ങളെ രക്ഷിക്കുവാൻ അവർ പാക്കിസ്ഥാന്റെയോ മറ്റു വിദേശരാജ്യങ്ങളുടെയോ പ്രത്യക്ഷമോ പരോക്ഷമോ ആയ യാതൊരു ഇടപെടലിനേയും അനുവദിക്കുകയില്ലെന്നത് ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രസിഡണ്ട് പലവുരു അസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്.

കേരളത്തിലെ 26 ലക്ഷത്തോളം വരുന്ന മുസ്‌ലിംങ്ങൾ സ്റ്റേറ്റിന്റെ എല്ലാ തുറകളിലുമുള്ള പുരോഗമനത്തിലും അഭിവൃദ്ധിയിലും ഏറ്റവും ആത്മാർത്ഥമായ താല്പര്യമുള്ളവരാണ്. നാട്ടിന്റെ ഉത്തമതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിൽ, മുസ്‌ലിംങ്ങളുടെ പ്രത്യേകതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിലെന്നപോലെ അവർ ബദ്ധശ്രദ്ധരാണ്. ഒരു സജീവ രാഷ്ട്രീയപാർട്ടിയെന്ന നിലയിൽ മുസ്‌ലിംലീഗ് എല്ലാ പൊതുപ്രശ്നങ്ങളെയും നാട്ടിന്റെയും മുസ്‌ലിംസമുദായത്തിന്റെയും യഥാർത്ഥ നന്മയെ ഉന്നം വെച്ചു കൊണ്ട് കയ്യാളുന്നതാണ്. അർത്ഥമില്ലാത്ത അപവാദങ്ങളും മഞ്ഞപത്രങ്ങളുടെ ഏഷണികളും ഭീഷണികളും അവരെ ധർമ്മപാതയിൽ നിന്നു ഒരിക്കലും പിന്തിരിപ്പിക്കുകയില്ല.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗടക്കമുള്ള മറ്റു ജനാധിപത്യകക്ഷികളുടെ നേർക്കു കോൺഗ്രസ്സ് സ്വീകരിച്ച ഏകാധിപത്യപരവും അസഹിഷ്ണുതാജന്യവുമായ നയത്തിന്റെ ഫലമായി കമ്യൂണിസ്റ്റ് പാർട്ടിക്ക് അവർ പ്രതീക്ഷിക്കാതെ വിജയം കൈവരികയും കേരളത്തിൽ ഒരു ഗവർമ്മെണ്ടു രൂപീകരിക്കാൻ അവർക്കു സാധിക്കുകയും ചെയ്തു. മലബാർ ഡിസ്ട്രിക്ട് ബോർഡ് കമ്യൂണിസ്റ്റധികാരത്തിൽ വന്നതും കോൺഗ്രസ്സിന്റെ പിഴച്ച നയം കൊണ്ടു മാത്രമായിരുന്നു- ഇന്നത്തെ രാഷ്ട്രീയനിലപാടിൽ കോൺഗ്രസ്സ് മറ്റു ജനായത്ത പാർട്ടികളുമായി പരസ്യവും മാന്യവുമായ നിലയിൽ സഹകരിക്കുവാൻ സന്നദ്ധമല്ലെങ്കിൽ കേരളത്തിലെ അനുഭവം ആവർത്തിക്കപ്പെടുന്നതിനു പുറമെ അതു മറ്റു സ്റ്റേറ്റുകളിലേക്കും സംക്രമിക്കുവാൻ വളരെ സാദ്ധ്യതയുണ്ടെന്നുള്ള പരമാർത്ഥം എല്ലാവരും ഓർത്തിരിക്കേണ്ടതാണ്.

കേരളത്തിലെ കമ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ പാലും തേനും ഒഴുകുമെന്നുള്ള പ്രതീക്ഷകൾ ദിവാസ്വപ്നങ്ങളായിരുന്നുവെന്ന് ഇതുവരെയുള്ള അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ടല്ലോ. കർഷകരുടെയോ തൊഴിലാളികളുടെയോ ജനസമുദായത്തിലെ മറ്റു വിഭാഗങ്ങളുടെയോ ഗൗരവമേറിയ പ്രശ്നങ്ങൾക്ക് ഇതുവരെയും പരിഹാരമുണ്ടായിട്ടില്ല. സാമാന്യജനങ്ങളുടെ ജീവിതനിലവാരം ഉയരുവാൻ ഇടവന്നിട്ടില്ലെന്നു മാത്രമല്ല ഭക്ഷണസാധനങ്ങളുടെ കാര്യത്തിലും മറ്റും ജനങ്ങൾ വളരെ വിഷമങ്ങൾ അനുഭവിക്കുവാൻ ഇടവരികയും ചെയ്തിരിക്കുന്നു. ജലസേചനപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും സജീവമായി പുരോഗമിപ്പിക്കുന്നതിലും ഗവർമ്മെണ്ട് കാണിക്കുന്ന ഊർജ്ജസ്വലതയെ അഭിനന്ദിക്കുകയും വികസനപരമായ പ്രവർത്തനങ്ങളിൽ മുസ്‌ലിംങ്ങളുടെ ഹൃദയപൂർവ്വ

mappilaheritagelibrary.com

മായ സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നതിൽ എനിക്കു സന്തോഷ മുണ്ട്. മലബാറിലെ അവികസിതപ്രദേശങ്ങളിൽ വികസനപരമായ പദ്ധതികൾ ആരംഭിച്ചു കാണുന്നതിൽ ഞാൻ സന്തുഷ്ടനാണ്. പക്ഷെ ആ കാര്യത്തിൽ എത്രയോ കൂടുതൽ പ്രവർത്തനം ശീഘ്രമായി ചെയ്താൽ മാത്രമേ അനേകം ദശാബ്ദങ്ങളായി ആ പ്രദേശങ്ങളനുഭവിക്കുന്ന ദുരിതങ്ങൾക്ക് ഒരറുതി വരിക യുള്ളൂ. ദേശീയവികസനത്തിനു വേണ്ടി ഗവർമ്മെണ്ട് ചെയ്യുന്ന പ്രവർത്തനങ്ങ ളിൽ ആവേശത്തോടും ത്യാഗബുദ്ധിയോടും കൂടി സഹകരിക്കണമെന്ന് ഞാൻ പൊതുജനങ്ങളോട് വിശിഷ്യാ മുസ്‌ലിം പൊതുജനങ്ങളോടഭ്യർത്ഥിക്കുന്നു.

നിയമസമാധാനങ്ങളുടെ കാര്യത്തിൽ സാരമായ വിഷമങ്ങൾ നേരിടു കയും നിയമങ്ങൾ ലംഘിക്കുവാനുള്ള വാസന ശക്തിപ്പെട്ടുവരികയും ചെയ്യു ന്നുവെന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. പൗരന്മാരുടെ ജീവനും സ്വത്തിനും രക്ഷ നല്കുവാൻ ചുമതലയുള്ള അധികൃതന്മാർക്കു അവരുടെ കർത്തവ്യം നിർവ്വഹിക്കുവാൻ പുതിയ ചുറ്റുപാടിൽ ഉണ്ടായിട്ടുള്ള അധൈര്യവും ചിന്താക്കുഴപ്പവും, അക്രമത്തിലും ഏകാധിപത്യത്തിലും വിശ്വസിക്കുന്ന ഒരു പാർട്ടിയുടെ വാഴ്ചയിൻ കീഴിൽ സമാധാന മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന കാര്യ ത്തിൽ പൊതുവെ ജനങ്ങളിൽ വർദ്ധിച്ചുവരുന്ന അനാസ്ഥയും, ഭരണകാര്യങ്ങ ളിലുള്ള പാർട്ടി അംഗങ്ങളുടെ കൈകടത്തലും ആണ് നാട്ടിലെ സ്ഥിതി വഷളാ കുവാൻ ഇടയാക്കിയത്. നിയമലംഘന പ്രവണത തടയുവാൻ കുറച്ചു കാല മായി അധികൃതന്മാർ അല്പം ഉറച്ച ഒരു നില സ്വീകരിച്ചു കാണുന്നതിലും അതിന്റെ ഫലമായി കുറച്ചു ശാന്തതയുടെ ലക്ഷണങ്ങൾ താൽക്കാലികമായി ട്ടെങ്കിലും ദർശിക്കുവാൻ കഴിയുന്നതിലും എനിക്ക് സന്തോഷമുണ്ട്. ആ വഴിക്ക് അധികൃതന്മാർ കൂടുതൽ ഫലപ്രദമായ നടപടികൾ എടുത്തു കാണ്മാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നിയമസമാധാനങ്ങൾ പാലിക്കുവാൻ കക്ഷിവ്യത്യാസം കൂടാതെ എല്ലാവിധ സഹായസഹകരണങ്ങളും അധികൃതന്മാർക്കു നൽകുവാൻ പൊതുജനങ്ങളോട് ഞാൻ അഭ്യർത്ഥിച്ചു കൊള്ളട്ടെ. മുസ്‌ലിംങ്ങളെ സംബ ന്ധിച്ചിടത്തോളം വിദ്യാലയങ്ങളിലേക്കുള്ള പ്രവേശന കാര്യത്തിലും പബ്ലിക്ക് സർവ്വീസിലെ പ്രാതിനിദ്ധ്യ വിഷയത്തിലും മറ്റു ചില പിന്നോക്ക സമുദായക്കാ രോടൊപ്പം അവർക്കും അപര്യാപ്തമെങ്കിലും ഖണ്ഡിതമായ തോത് നിർണ്ണയി ച്ചതിന് അവർ കേരള ഗവർമ്മെണ്ടിനോട് നന്ദിയുള്ളവരാണ്. മദ്രസ്സകളും പള്ളി കളും നിർമ്മിക്കുന്നതിൽ അധികൃതന്മാരുടെ മുൻകൂട്ടിയുള്ള അനുമതി ആവ ശ്യമില്ലെന്ന തിരുകൊച്ചിഭാഗത്തുണ്ടായിരുന്ന നിയമം മലബാർഭാഗത്തേക്കു കൂടി ബാധകമാക്കാത്തതു നിർഭാഗ്യകരമായിപ്പോയി. പക്ഷെ മദ്രസകൾ നിർമ്മിക്കു ന്നതിനും പള്ളികളുടെ കേടുപാടുകൾ തീർക്കുന്നതിനും സമ്മതം ആവശ്യമി ല്ലെന്നെങ്കിലും മുസ്‌ലിംലീഗ് പാർട്ടി ലീഡറുടെ ഒരു പ്രമേയത്തെ തുടർന്നു തീരു മാനിച്ചതിൽ ഗവർമ്മേണ്ടിനെ ഞാൻ അഭിനന്ദിച്ചു കൊള്ളുന്നു. പബ്ലിക്ക് സർവ്വീ സിലെ നിയമനങ്ങളിലും മറ്റുമുള്ള നിശ്ചിതമായ പ്രാതിനിദ്ധ്യം മുസ്‌ലിംങ്ങൾക്ക് ലഭിക്കുന്നില്ലെന്നു കേരള നിയമസഭയിൽ മുസ്‌ലിംലീഗ് മെമ്പർമാരുടെ ചോദ്യ ങ്ങൾക്ക് ഗവർമ്മെണ്ട് നൽകിയ മറുപടിയിൽ നിന്ന് വ്യക്തമാണ്. പള്ളി നിർമ്മാണം സംബന്ധിച്ചും മറ്റും അനുവാദം കിട്ടാത്തത് കൊണ്ടും കിട്ടുന്നതിൽ അമിതമായ കാലതാമസം നേരിടുന്നത് കൊണ്ടും മുസ്‌ലിംങ്ങൾ വളരെ വിഷ മിക്കുന്നുണ്ട്. ദേവാലയങ്ങളുടെ നിർമ്മാണം സംബന്ധിച്ചു ഇത്തരം വിഷമങ്ങൾ ഇല്ലാതാക്കുവാനുതകുന്ന ഒരു നിയമനിർമ്മാണത്തിന് ഗവർമ്മെണ്ടിന് ആലോ ചനയുണ്ടെന്നറിയുന്നതിൽ സന്തോഷിക്കുകയും അത് ഉദ്ദിഷ്ടഫലം പ്രദാനം ചെയ്യുന്ന ഒരു നിയമമായിത്തീരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. നിയമ

mappilaheritagelibrary.com

നിർമ്മാണത്തെ സംബന്ധിച്ചു പറയുമ്പോൾ ഒരു സംഗതി ഗവർമ്മെണ്ടിനെ ഓർമ്മപ്പെടുത്തുവാൻ ഞാൻ ആശിക്കുന്നു. മുസ്‌ലിംങ്ങളുടെ വ്യക്തിനിയമത്തിനു അഥവാ ശരീഅത്ത് നിയമത്തിനു പ്രത്യക്ഷമായോ പരോക്ഷമായോ വിഘാതം വരുത്തുന്ന നിയമ നിർമ്മാണം അവർക്കു ഒരിക്കലും സ്വീകാര്യവും സമ്മതവുമാകയില്ലെന്നും അതിന് ഗവർമ്മെണ്ട് ഒരിക്കലും ഒരുങ്ങരുതെന്നും ശരീഅത്ത് നിയമമനുസരിച്ചു ജീവിക്കുവാനാണ് മുസ്‌ലിംങ്ങൾ ആഗ്രഹിക്കുന്നതെന്നും ഞാൻ വ്യക്തമായ ഭാഷയിൽ പറഞ്ഞു കൊള്ളട്ടെ.

മുസ്‌ലിംങ്ങളുടെ സ്വൈരജീവിതത്തിനു സ്റ്റേറ്റിലെ ചില ഭാഗങ്ങളിൽ വിശിഷ്യാ അവർ എണ്ണത്തിലും സ്വാധീന ശക്തിയിലും ദുർബ്ബലരായിട്ടുള്ള പ്രദേശങ്ങളിൽ, അഹിന്ദുസമുദായങ്ങളോടു വെറുപ്പും വിദ്വേഷവും പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്ന ആർ.എസ്.എസ്സ്. കാരുടെ അക്രമങ്ങൾ സാരമായ തടസ്സം വരുത്തുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. അത്തരം അക്രമങ്ങൾ തടയുവാനും നിരുത്സാഹപ്പെടുത്തുവാനും സാമുദായിക സൗഹാർദ്ദം നിലനിർത്തുവാനും ഹിന്ദുസമുദായത്തിലെ ന്യായബുദ്ധികളും സമാധാനപ്രിയരുമായ സ്നേഹിതന്മാരോടും ക്ഷമയും ധൈര്യവും കൈവിടാതെ വിഷമങ്ങളെ നേരിടുകയും, സാമുദായികസൗഹാർദ്ദം വഷളാവാതെ സൂക്ഷിക്കുകയും ചെയ്‌വാൻ മുസ്ലിംങ്ങളോടും ഇത്തരം സംഘർഷങ്ങൾ ഇല്ലാതാക്കുകയും അക്രമവിധേയരാകുന്നവർക്കു വേണ്ട രക്ഷ നല്കുകയും ചെയ്‌വാൻ അധികൃതന്മാരോടും ഞാൻ അഭ്യർത്ഥിക്കുന്നു.

കേരളത്തിലെ മുസ്‌ലിംങ്ങൾ എല്ലാവരും പരിപൂർണ്ണമായ ഐക്യത്തോടുകൂടി മുസ്‌ലിംലീഗിൽ സംഘടിച്ചു കാൺമാൻ ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. അവർ ഇസ്ലാമിന്റെ ശാസനകൾ തങ്ങളുടെ ജീവിതത്തിൽ ശരിയായും കൃത്യമായും അനുഷ്ഠിക്കുകയും കക്ഷിത്വങ്ങളും വഴക്കുകളും വ്യവഹാരങ്ങൾ കൂടാതെ അനുരഞ്ജന ശ്രമങ്ങൾ വഴിക്കു അവസാനിപ്പിച്ചു- ഇസ്ലാമിക സാഹോദര്യത്തേയും സൗഹാർദ്ദത്തേയും നിലനിർത്തുകയും ചെയ്യണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ഇസ്ലാം ഉപദേശിക്കുന്നവിധം നമ്മുടെ സമുദായത്തിലെ അവശവിഭാഗങ്ങളുടെ അവശതകളും ദുരിതങ്ങളും പരിഹരിക്കുവാൻ നാം മുൻകൈ എടുത്ത് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മുസ്‌ലിംലീഗിന്റെ സൃഷ്ടിപരമായ കാര്യപരിപാടിയിൽ അത്തരം പ്രവർത്തനങ്ങൾക്കു വളരെ പ്രാധാന്യം നല്കപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത ഓർത്ത് മുസ്‌ലിംലീഗ് പ്രവർത്തകന്മാർ തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കണം. സമുദായത്തിൽ മതവിദ്യാഭ്യാസവും ലൗകികവിദ്യാഭ്യാസവും സർവ്വത്ര പ്രചരിപ്പിച്ചു മുസ്ലിം സംസ്കാരം നടപ്പിൽ വരുത്തി, അജ്ഞതയും അന്ധതയും ദൂരീകരിക്കുകയും സമുദായത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ ഭദ്രത സുരക്ഷിതമാക്കുകയും ചെയ്‌വാൻ നാം സർവ്വ കഴിവുകളും ഉപയോഗിച്ചു പരിശ്രമിക്കണം. എല്ലാ ജനകീയ രാഷ്ട്രീയ പാർട്ടികളോടും നാം സൗഹാർദ്ദവും സഹകരണമനോഭാവവും പുലർത്തുവാൻ സന്നദ്ധരാണെങ്കിലും മുസ്‌ലിംലീഗിന്റെ സുശക്തമായ നിലനില്പിനും ഭദ്രതയ്ക്കും തുരങ്കം വെക്കുന്ന അടവുകൾക്കു നാം വശംവദരാവാതെ സൂക്ഷിക്കേണമെന്നു ഞാൻ പ്രത്യേകം മുസ്‌ലിംസഹോദരന്മാരെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. പി.എസ്.പി.യുമായുള്ള ലീഗിന്റെ മൈത്രി ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലെ ശോഭനമായ ഒരു അദ്ധ്യായത്തിന്റെ ആരംഭമായിട്ടാണ് ഞാൻ വിഭാവനം ചെയ്യുന്നത്. പി.എസ്.പിയുടെ ദീർഘദൃഷ്ടിയുള്ള നേതാക്കൾ കാണിച്ച വിശാലമനസ്കതയും യാഥാർത്ഥ്യബോധവും മറ്റ് രാഷ്ട്രീയകക്ഷികൾക്ക് ഒരു മാതൃകയായിത്തീരുമെന്നു ഞാൻ പ്രത്യാശിക്കുകയും ഈ സമ്മേളനത്തിൽ സന്നിഹിതരാ

mappilaheritagelibrary.com

യിരിക്കുന്ന പി.എസ്.പി. സൗഹാർദ്ദ പ്രതിനിധികളെ ഞാൻ ആത്മാർത്ഥമായി സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

പബ്ലിക്ക് സർവ്വീസ് കമീഷനിലും കേരള ഹൈക്കോർട്ടിലും ഇനിയും ഒരു മുസ്ലിമിന് പ്രവേശനം നൽകിയിട്ടില്ലെന്നുള്ളത് സമുദായത്തെ ഒട്ടാകെ വേദനിപ്പിക്കുന്ന ഒരു വസ്തുതയാണ്. ഗവർമ്മേണ്ട് സഹായത്തോടു കൂടി നടത്തപ്പെടുന്ന വ്യവസായശാലകളിൽ മുസ്‌ലിംങ്ങൾക്ക് തീരെ പ്രാതിനിദ്ധ്യം ലഭിക്കാതെ വരുന്നുണ്ടെന്നുള്ളത് ഒരു പരമാർത്ഥമാണ്. വിദ്യാഭ്യാസപരമായും അവർക്കു പലവിധ അവശതകളുണ്ട്. കൂടുതൽ സ്കൂളുകളും വിദ്യാഭ്യാസ സൗകര്യങ്ങളും സ്വകാര്യ സ്കൂളുകൾക്കും മദ്രസ്സകൾക്കും പ്രോത്സാഹനവും ലഭിക്കേണ്ടിയിരിക്കുന്നു. നൂറ് മുസ്‌ലിംകുട്ടികളുള്ള വിദ്യാലയങ്ങളിൽ അറബി മുൻഷിമാരെ നിയമിക്കുമെന്നുള്ള ഗവർമ്മെണ്ട് കല്പന മലബാർ പ്രദേശത്തെ അനേകം സ്കൂളുകളിൽ ഇനിയും നടപ്പിൽ വന്നിട്ടില്ല. ധാരാളം കുട്ടികളുള്ള പല ഹൈസ്കൂളുകളിലും അറബി മുൻഷിമാരെ നിയമിച്ചിട്ടില്ല. കൂടുതൽ അറബിക്ക് ഇൻസ്പെക്ടർമാരെ നിയമിച്ചാലല്ലാതെ അറബിപഠനം സ്കൂളുകളിൽ തൃപ്തികരമായ നിലക്കു പുരോഗമിക്കുകയില്ല. അറബിയെയും ഉർദുവെയും സംബന്ധിച്ച് മദ്രാസ് യൂനിവേഴ്സിറ്റി സ്വീകരച്ചിട്ടുള്ള നയവും നടപടികളും കേരള യൂനിവേഴ്സിറ്റിയും ഗവർമ്മെണ്ടും സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈമാതിരി കാര്യങ്ങളിൽ സമുദായത്തിന്റെ ശബ്ദം മുസ്‌ലിംലീഗും മുസ്‌ലിംലീഗ് നിയമസഭാ പാർട്ടിയും ഉയർത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഗവർമ്മെണ്ട് ആ വക കാര്യങ്ങളിൽ താമസമെന്യെ ന്യായവും നീതിയും ചെയ്യുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

ഇന്നത്തെ മഹായോഗത്തിൽ അദ്ധ്യക്ഷത വഹിക്കുവാൻ നമ്മുടെ വിനീതമായ ക്ഷണം സ്വീകരിച്ച് ഇവിടെ സന്നിഹിതനായിരിക്കുന്ന ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് അവർകളെ ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുകയും അദ്ധ്യക്ഷപദം സദയം സ്വീകരിക്കുവാൻ ക്ഷണിക്കുകയും ചെയ്തുകൊള്ളുന്നു.

mappilaheritagelibrary.com

14

(Following is the text of Presidential Address by Jb. Mohammed Ismail Sahib at the Kerala State Muslim league Confrence, at Allama Mohammed Iqbal Nagar, Calicut, on 15th February 1959)

In The name of allah, the merciful, the compassionate. all praise be to him and may his peace and blessings be upon his holy messenger!

President and Members of the Reception Committee, Delegates, Guests and Brothren,

Assalamu Alaikum.

I beg to offer my hearty greetings to one and all of you on this memorable oocasion and tender my warmest congratulations to everyone of you on the scintillating, telling and brilliant success, which you see unfolded before you in this grand manner, the Second Annual Conference of the Kerala State Muslim league held fittingly in the historic city of Calicut which has been from ancient days an important meeting place of world -trade and civilisations and a proud seat of Islamic culture,and civilisation. One noteworthy feature of the shining success and the importance of the Conference is that it is surging with the irresistible enthusiasm of not only the huge numbers of brethren who have come from almost all parts of the Kerala State but also the large numbers who have taken the trouble of attending it from other parts of the country, far and near. One sitting in this august assemblage and breathing its inspiring atmosphere cannot forget the proud fact that the Kerala State Muslim League occupies the top-most rank in the Muslim League Organisation owes of course to its splendid and noble leadership and the unshakeable and the solid support of the Muslim community. The vast proportions and the widely representative character of the gathering and the inspiring enthusiasm demonstrated by it provide one more proof, if proof is still wanting, which shows how firm and wide the Muslim League and its righteous cause have struck their roots in the being and life of the community. Heartiest congratulations are certainly your due, my brethren and also whole-heartedly second the cordial welcome given to you by the esteemed and revered President of the Reception Committee.

mappilaheritagelibrary.com

It is indeed a high honour to be called upon to preside over such an illustrious conference and I tender from the bottom of my heart my grateful thanks for this great honour done to me.

Hard and vital problems and questions, though some aspects of which keep changing from time to time, are still facing the community, the State, the country and the world. May the Almighty Allah bless you with His merciful guidance in your deliberations over them and may your decisions continue to be in the real and lasting interest of all concerned!

LAW AND ORDER

For tackling any problem or for making any progress in any direction, the first requisite is a stable society with a sense of security and for the existence of such a society, maintenance of law and order is the first necessary condition. It is highly regretable that in the Kerala State the law and order position has not yet become satisfactory and that the sense of security has not yet been adequately restored to the sadly disturbed minds of the people. All forces of law, order and peace must joint together, co-operate unreservedly and honestly for the purpose and see that conditions producing the sense of insecurity are eliminated and the rule of law and order is scrupulously and firmly maintained and established, so that the people of the State may be enabled to pay undivided and devoted attention to schemes of economic progress and prosperity.

The policy of the Muslim League has always been for serving the cause of law and order in the country in all possible ways. In this very part of the country when some years ago, after independence, the authorities were hard put to it in the face of violence and disorder created by certain disruptive elements, the Muslim League came to the rescue and effectively aided in th re-establishment of peace and orderliness. The Government of the day acknowledge ofcourse the action and assistance of the League. Tne Muslim League is continuing and will continue the same salutary policy of effectively identifying itself with all forces and sections that stand for law and order and for the peaceful functioning of society.

KERALA EDUCATION BILL

I am sorry to have to state that the modified Kerala Education Bill too contains seriously objectionable features deleterious of the interests of the educational institutions and of the pupils therof. It is particularly unfortunate that, this persistent and disturbing attempt at meddling with the education of our young one is made in a state which is most advanced and of the Bill relating to the appointment,and payment of the teachers continues to be subversive in chatacter. Any reasonable man would agree-and insist too- that for the purpose of providing the best education and training for children, 'the most efficient and best suited hands should be recruited from wherever available and one would also agree that those who have got an intimate knowledge of the field of education and of the needs of particular institutions are the proper persons to select fitting hands. But to say that the

recruitment for particuar institutions should be confined to particular districts and it should be entrusted mainly to a general agency of the Government does not show much of genuine interest in education as such. The people concerned are naturally led to fear that it all smacks of narrow party politics and betrays a desire to bring education under party control for its own purposes.

INDOCRINATION IN KERALA AND ELSEWHERE

The Text-Book Scrutiny Committee appointed by the Kerala Government to examine the allegations made by certain sections that some books issued by the official Text-Book Writing committees had been written with the object of indoctrinating pupils with the communist ideology has recently submitted its report. In the report, the committee is understood to have expressed the view that there has been no concerted attempt on the part of the authorities at indoctrination of the commuinist ideology though there are some passages in certain books which tend to offend social, religious and political sentiments of some sections and there are certain lessons and passages in some other books which may tend to create impressions favourable to communist ideology. But will the matter end here? When the communists,gained a'meagre measure of power as a result of their victory in Malabar District Board elections sometime ago attempts were made in the direction of using the District Board teachers as agents for inculcating communist ideas to children in their homes. Remembering this past experience in this part of the country, knowing the communist Party and its creed for what they are and bearing in mind the fact that they have got the machinery of a whole state government now in their hands including the helpful agency for producing school text-books, can the report of the Scrutiny Committee be taken as furnishing an assurance and guarantee for the future?

In some of the other parts of the country which are under the Congress regime, certain things are happening which would show scant courtesy to religions other than that of the ruling party such as, for example, the children belonging to different faiths being asked to show respect to pictures and statues in the manner of worship which, for one thing, is radically opposed to Islam and they are being required to join by way of prayer in songs containing ideas and expressions fundamentally at variance with the basic tenets and concepts of Islam. Is it not more than strange for such things to happen in a secular system of edueation supposed to eschew even the allowable instruction on religion?

This brings to mind a recent incident in Assam in which a Muslim Minister, Mr. Moinul Huq Chowdry declined during the last Gandhi Jayanti celebrations to garland a statue of Mahatma Gandhi. It seems he explained that while he held the memory of the Mahatma in all due and high respect he as a Muslim could not perform the function of garlanding the statue as it was against the fundamental principle of Islam. But, the. so-called national press would not spare him, and it attacked him furiously and bitterly. The poor minister's action was dubbed as anti-national, as if nationalism does not, recognise and respect the freedom of believing

mappilaheritagelibrary.com

in the supreme principle of one God. It is stated that the matter has been referred to the Congress High Command and it will be interesting to know the decision of the High Command on the question.

RELIGIOUS INSTRUCTION

Fear about political or party indoctrination will loose much of its point if there is religious, instruction in schools. The Muslim League, from the time of framing the constitution of India has been consistently and earnestly advocating and urging that provision should be made for imparting instruction to children in the schools in their respective religions. In 1953, the then Chief Minister of the Madras State agreed with a Muslim League delegation which waited on him regarding the necessity of giving religious instruction, to children in schools including state owned institutions and kindly promised to do his best in that connection. So far nothing has come out. Many of the Congress leaders who at the beginning were, for banning religious instruction in public institutions seem now to have veered round to the view that instruction in religion is an essential part of true education and is indispensable in the noble task of building up a genuinely great national character. We can only hope that they and their like will now co-operate in giving a concrete shape to their changed view.

NAGPUR CONGRESS DECISION -

CO-OPERATIVE FARMING

A storm of criticism has burst over the country attacking the recent Nagpur Congress decision on co-operative faming. The critics include eminent Congress leaders and thinkers like Rajaji, Munshiji and Prof. Ranga who cannot be said to be partial to capitaism or any vested economic interest. They argue that co-operative farming is not good to the country and it will lead to despotism and tyranny. On the other side, it is stated that if this is not a new or sudden decision and, that the Congress has adopted as its objective pretty long ago co-operative commonwealth which will result in the formation of a socialist society.

So far as the Muslim League is concerned, it has made it clear that it stands for the establishment of a socialist form of society. Socialist pattern or form is not a new idea to the Muslims. Islam which is a way of life has adumbrated a scheme of life which is the right and true socialism. The late Mr K.T. Shah who was a socialist thinker all his life and a prominent and important member of the Constituent Assembly invited me to a talk in Delhi sometime before his death and spoke to me of his appreciation of Islamic Economics. He said at the end of the talk that Islamic scheme of life was beautiful and that it was socialism and added “I accept the entire Islamic economic scheme; the only difference between you and me is that I accept it because it appeals to reason and you (a muslim) accept it because it is Kalamullah (word of God)”. I said the belief that it is the word of God would impart unshakeable strength and stability to the scheme which appealed to his reason. This will, I think, give some indication of Islamic Socialism and muslims’ support

of socialism.

Planning is the necessary road to, and also, sustainer of, socialist society and the Muslim League firmly supports it. As a matter of fact soon after Independence as also before it, the Muslim League has been advocating and urging that economic development of the country ought to be carried on by planning; but the Congress party would not look at the idea, at the time -though in the pre-Independence days the Congress had formulated a national plan. After a few years, the ruling party took to planning and inaugurated the Five Year Plans which have got the unreserved support of the Muslim League.

What India has adopted is democratic planning which means intelligent and voluntary co-operation of the people and maintenance of individual liberty. While people support planning as a speedy and sure means of economic progress, there can also be fanaticism about it. If some people, for, example, speak of breathing space for assessing, and consolidatintg the gains of planning at a certain stage, the plan fanatics raise the cry "plan in danger" and call the critics by all sorts of names. They don't remember that what we are following is democratic planning and that it is good to allow fresh air and light to fall on it. Again planning includes principles of co-operatIve system and the adoption of those principles are necessary for the success of our plans. But is it necessary, or good to adopt them at every point of human activity or planning? Salt is good and necessary in food and therefore, do you put it in every item of food you take? The protagonists of co-operative, farming in the Congress say that the co-operative farming is to come on a voluntary basis and only after three years. But have they not at the same time made the public to understand that the excess land that may be released on the implementation of land-ceiling before the end of the year will be handed over to co-operatives? What the critics say is that it is indeed beneficial and necessary to have service co-operatives in the agricultural sector, for such purposes as the, distribution of seeds, manure, implements, loans, knowledge of improved methods and marketing of the produce; but not for actual cultivation or farmng of land. They argue that co-operative farming will take away much of the incentive which ownership is intended to provide for increased production. They fear that bossism in co-operation with law and authority immediately behind it, will be much more rigorous than old bossism and that under such bossism and control the farmer will loose the taste of ownership of land and his independence and individuality. Even if the simple and unsophisticated peasants join the farming co-operative as a result of propaganda and persuation, they will try to get out of it after a time on experiencing the actual nature of joint farming. For the peasants also put a great value on their liberty and freedom. Then what will happen? The ruling party having adopted co-operative farming as their policy with such eclat will not turn back but will resort to compulsion for making the peasants to remain in or join the co-operative and the compulsion may take different forms, direct and indirect. In the result, co-operative farming will transform itself into collective farming with

mappilaheritagelibrary.com

dictatorship and despotism as its driving force. This is what the critics of the Nagpur decision fear; and who can say the fear is devoid of substance?

One need not be accused of cynicism or scepticism if one says in this connection that the Communist comrades and their fellow travellers may enthusiastically support the Nagpur move being convinced that it will lead ultimately to collectivisation in agriculture or they may support the move more for its unsetting effects than for any of its supposed intrinsic merits.

The Congress leaders say there is yet plenty of time before putting the Nagpur decision into operation. Will they not then give a cool and calm consideration to the aspects and questions raised by the critics who are their friends after all and earn the gratitude of not only the present generation but of posterity as well.

MUSLIM REPRESENTATION IN LEGISLATURES

At the last Trivandrum District Muslim Leageu Convention, I referred to the report of the Election Commission of India on the last general elections and to several aspects of the conduct of the elections which add credit to the work of the Commission. At the same time I pointed out that the Commission did not refer in its review of the elections to the failure of the minorities in the country to secure adequate and, proper representation. One of the crucial tests of a good and proper electoral system is its capability to enable the minorities to obtain adequate and real representation. The last two general elections have grievously failed in this test, thereby proving that the present electoral system cannot do justice to all the sections of the population of the country.

After the introduction of the present single-member territorial joint electoral system, the adverse position of the minorities has been further aggravated in another way that is in the manner of forming and delimiting constituencies. When I was discussing the question of delimitation of constituencies with a Minister of Madras about nine years ago, he observed in a matter of course manner that the policy of the Government was to divide the Muslim pockets among as many constituencies as possible. My protest was of no avail. That policy is in effect to split, scatter and dissipate even what little voting strength that was left with the Muslim community after the inauguration of joint electorates; and the operation of this policy is going on everywhere until today and of course includes Panchayat and Municipal spheres also.

Under the present electoral system, the miserably low representation of Muslims is bound to continue. For this reason, the Muslim League has been urging from time to time the necessity for a suitable change in the electoral law and lastly, the Working Committee of the Indian Union Muslim League at its meeting held in November last at Trivandrum has reiterated the request that if seperate electorates are not possible steps might be taken to provide at least Multi-Member constituencies with cumulative voting or proportionate representation with single transferable votes or any other system which would ensure adequate and this

mappilaheritagelibrary.com

repeated request will receive a sympathetic consideration at the hands of the Government.

When speaking of elections, I would like to refer to another point of a general nature and interest. Time and again, it would have been noted that while one party gets a particular number of seats for a particular number of votes polled by it, another Party gets a considerable larger or smaller number of seats for the same number of votes polled by it. This is indeed an anamoly not peculiar to the elections of our country, but is men with elsewhere also. The fact is, comparatively, the number of seats gained by a party does not, at times, reflect the actual amount of support it has got in the country. May I with due consideration, suggest to the Election Commission of our country that this is a point which is worthy of their study and investigation if it is not already under their consideration and that they may find out means of reducing this anamoly to a minimum if not to eradicate it altogether!

REPRESENTATION IN SERVICES

It is highly regrettable that the deplorable under-representation of Muslims in the services still continues. The Prime Minister of India admitted the position of Muslims in this respect some months back and said that he had figures to show that the condition of the Muslims was deteriorating year after year. The Muslims would be grateful to know what steps his government has taken to stop this deterioration and for giving the community its due.

URDU

Again the Prime Minister himself made it clear more than once that Urdu, one of the national languages of the country had not been receiving a square deal. The position of the language in the country has not much improved even after this admission. Can we not expect the Prime Minister to pay some particular attention to this question and see that the injustice and hardship to which the Urdu language is submitted are removed at least without any more delay?

MEO MUSLIMS OF RAJASTHAN

Trouble for lakhs of Meo Muslims of Rajasthan who are mostly poor peasants began more than ten years ago. These people were all along in their motherland and did not leave the country even for a day. But their homes and lands were forcibly occupied by refugees who came from Pakistan. They have been asking for the restitution of their hearths and homes and property for these ten years; but inspite of repeated promises from the authorities, they have not yet been properly rehabilitated. I fervently hope that the pitiable condition and more than deserving case of these poor tillers of the soil will draw more attention and more effective and suitable action from the authorities and that their long-standing distress will be over now.

MOSQUES ETC. IN NON MUSLIM OCCUPATION

Another deplorable state of affairs is that thousands of mosques, madrasas,

durgahs and ashurkhanas in Delhi, Punjab, Rajasthan and West Bengal are still in possession of the refugees and in non-Muslim hands. I do not want to say anything about it, as anybody can easlily gauge the poignant feelings of the Muslim community over the matter. Only, I would earnestly beseech the Government to take immediate steps and restore these religious places to the Muslim community at least now.

RELATIONSHIP WITH CEYLON

A few days ago came the news of the arrival of yet another batch of more than 8000 persons from Ceylon to India and it was stated that the Government would take steps to rehabilitate these people in India. Many more people have come previously and it is hoped their case, too, is receiving sympathetic and proper consideration from the Governments in the States and the Centre.

In this connection, one wonders why in spite of age-old mutual good-will and friendly relationship existing between the people of both Ceylon and India, the Government of India has not been able to make a sufficiently reasonable impression on the Government of Ceylon in the unconscionable long-drawn out negotiations over the citizenship rights and other questions relating to the people of Indian origin in Ceylon.

In the present situation it is indeed a matter for gratification that the question of the recent sudden and total ban imposed on the imports of lungis into Ceylon was speedily taken up and settled, affording relief to the important section of handloom industry in Southern India engaged in the manufacture of lungis. There has now appeared another difficulty affecting this lungi - weaving section of handloom industry in the South. The condition that the importer of lungis in Ccylon must buy a certain proportion of Ceylon- made sarongs has, it is reported, been now extended also to cheap and coarse varieties of lungis, while previously it was confined only to finer varieties. This it is said, has practically stopped the import of the cheap varieties into Ceylon, thereby rendering hundreds of looms idle in Southern India, with the result thousands of people are thrown out of employment. I hope the Government of India will look into the matter promptly before the situation becomes too serious to be borne by the people.

Another serious situation has arisen in the beedi industry of the extreme South which has mostly been exporting to Ceylon. As a result of a trade-agreement concluded between Ceylon and India, restricting, among other things, the export of beedis from India to ceylon, which agreement, by the way, was signed without consulting the interests concerned in South India and because of an extra - ordinary manner in which the Ceylon Government has chosen at present to operate the terms of the agreement, the allowable amount of import into Ceylon for this year has been radically cut down. This action has forced the beedi factories to stop production and close down, thereby gravely and seriously affecting the employment position of not less than 20,000 workers. A very large number of these workers have

already lost their jobs and are facing starvation. I earnestly appeal to the Governments concerned in our country to take immediate and effective steps to save these men and women from starvation and hardships.

Everybody will agree that it will not at all be in the interest of the country for the Government to allow such long-established and important export markets of ours to be so liquidated on one side, while they are taking steps - often costly steps - on the other side for promoting our export trade and for finding new markets.

MUSLIM LEAGUE

We have sufficiently explained the position and stand of the Muslim League on innumerable occasions and platforms particularly during the last ten years and more. Our points and arguments have not been met except by raising the hackeneyed slogan of communalism. As we have done enough already by way of explanation, I do not propose to take much of your time now on this subject. On the other-hand, I cordially invite anybody for a reasonable discussion and to convince us if a community having a distinct religion, culture and way of life can exercise its right of self-expression and association and raise its voice on relevant questions in any way other than organising itself and speaking through its own accredited and representative organisation.

We have pointed out that our authoritative and representative organisation, the Muslim League is far from being communal. It is really anti-communal and wants equally honourable existence for all communities and sections in the country and does not want any new depressed classes created in the land. It is national fully in its outlook and attitude and stands for the integrity, freedom, honour, strength, prosperity and happiness of the country and for the hearts' harmony and unity of all the sections of the people. More, it wants lasting and enduring peace in the world of which our motherland is a proud part. In consonance with its stand and aims and objects, the Muslim League is supporting the establishment of a socialist form of society in the country and the Five Year plans as the means to attain that society; and it is behind the foreign policy adopted by our country.

If some of our opponents are not yet convinced, what are we to say and do? We have only to say that their mind is still working under some personal, unjustifiable, hard-dying prejudice and we have to pray that their mind be opened and be cleared of such unreasonable and unfriendly bias and prejudice.

Brethren, we are on the right path and our cause is righteous. Almighty Allah is our guide and succour! All praise be to Him! Ameen.

mappilaheritagelibrary.com

1957 ൽ ആദ്യ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ അത്യാചാരങ്ങൾക്കെതിരെ 1959 ൽ ഐതിഹാസികമായ വിമോചന സമരം ആരംഭിച്ചു. അല്പം വൈകി സമര രംഗത്ത് വന്ന മുസ്‌ലിംലീഗ് പ്രതിഷേധ സമരങ്ങളിൽ ശക്തമായി പങ്കെടുത്തു. വിമോചന സമരത്തെ തുടർന്നു 1959 ജൂലായ് 31 ന് ഇ.എം.എസ്. മന്ത്രിസഭയെ ഭരണഘടനയുടെ 356-ാം വകുപ്പ് അനുസരിച്ച് കേന്ദ്രസർക്കാർ പിരിച്ചു വിട്ടു.

തുടർന്ന് 1960 ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്- മുസ്‌ലിംലീഗ്- പി.എസ്.പി സഖ്യമാണ് മത്സരിച്ചത്. 1957 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടുകളുടെ അടിസ്ഥാനത്തിൽ മുസ്‌ലിം ലീഗിനു സംസ്ഥാന പാർട്ടി എന്ന അംഗീകാരം ലഭിച്ചിരുന്നു. കോണി ചിഹ്നത്തിൽ ഈ തെരഞ്ഞെടുപ്പ് മുതലാണ് മത്സരിക്കുന്നത്. കോൺഗ്രസ്- പി.എസ്.പി- മുസ്‌ലിംലീഗ് സഖ്യം 126 ൽ 74 സീറ്റ് നേടി. കോൺഗ്രസ്-63, പി.എസ്.പി-20, മുസ്‌ലിംലീഗ്-11. 12 ൽ സീറ്റിൽ മത്സരിച്ച് ലീഗ് 11 നേടി. ഈ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് മുസ്‌ലിംലീഗ് പുറത്തിറക്കിയ പ്രകടന പത്രിക അടുത്ത പേജിൽ.

15

(1960 ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച്
മുസ്‌ലിംലീഗ് പുറത്തിറക്കിയ പ്രകടന പത്രിക)

ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ്

കേരള തിരഞ്ഞെടുപ്പ് സംബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം

കേരളത്തിലും മറ്റു സ്റ്റേറ്റുകളിലും ശാഖകളുള്ള ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് ഇന്ത്യയിലെ മുസൽമാന്മാരുടെ ഒരു ദേശീയ സംഘടനയാണ്. രാജ്യത്തിന്റെ അധീശാധികാരവും ഐക്യവും ശക്തിയും അന്തസ്സും കാത്തുരക്ഷിക്കുക; ത്വരിതഗതിയിൽ ജനങ്ങൾക്ക് വർദ്ധിച്ച അഭിവൃദ്ധിയും സംതൃപ്തിയും ഉളവാക്കുക; ഇന്ത്യയിലെ മുസ്‌ലിംകളാദി ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുക; മുസ്‌ലിംകളും ഇന്ത്യയിലെ ഇതരസമുദായങ്ങളും തമ്മിൽ സൗഹാർദ്ദവും ഐക്യവും ഹൃദയംഗമമായ

mappilaheritagelibrary.com

രഞ്ജിപ്പും നിലനിർത്തി വികസിപ്പിക്കുക എന്നിവയാണ് മുസ്‌ലിംലീഗിന്റെ ആദർശവും ലക്ഷ്യവും പ്രവർത്തനപദ്ധതിയും.

വിദേശനയം

"ലോകസമാധാനത്തിനുവേണ്ടിയും ലോകത്തിലെ എല്ലാ ജനങ്ങൾക്കിടയിലും രാഷ്ട്രങ്ങൾ തമ്മിലും, ഇന്ത്യയുമായും സൗഹാർദ്ദമുണ്ടാവാനാണ് മുസ്‌ലിംലീഗ് നിലകൊണ്ടിട്ടുള്ളത്; ഇപ്പോഴും നിലകൊള്ളുന്നതും. പൊതുവിൽ അത് ഇന്ത്യാ ഗവർമ്മെണ്ട് ആവിഷ്കരിച്ച വിദേശനയത്തെ പിന്താങ്ങുന്നു. ഇന്ത്യൻ മണ്ണിൽ അവശേഷിച്ചിട്ടുള്ള ഫ്രഞ്ച്-പോർച്ചുഗീസ് കോളനി അവശിഷ്ടങ്ങളുടെ പ്രശ്നങ്ങളിലും കാശ്മീർ പ്രശ്നത്തിലും മുസ്‌ലിംലീഗ് ഗവർമ്മെണ്ടിന്റെ പിന്നിൽ അണിനിരന്നിട്ടുണ്ട്. ഇന്ത്യൻ പ്രദേശത്തിന്റെ നേർക്കുള്ള ചൈനയുടെ കയ്യേറ്റത്തിൽ അത് ഗവർമ്മെണ്ടിന്റെ നിലപാടിനെ പിന്താങ്ങുന്നു. ആദ്യം മുതൽക്കു തന്നെ ഗവർമ്മെണ്ട് ഈ വിഷയത്തിൽ ഒരുറച്ച നിലപാടെടുക്കുകയും ശരിയായതും, ന്യായവുമായ നമ്മുടെ നിഗമനം കൂടതൽ ദൃഢമായി വ്യക്തമാക്കുകയും ചെയ്യേണ്ടിയിരുന്നു എന്നാണ് മുസ്‌ലിംലീഗ് ആഗ്രഹിക്കുന്നത്. ഏതായാലും അതിർത്തിത്തർക്കം സംബന്ധിച്ച് വല്ല സംഭാഷണവും ആരംഭിക്കുന്നതിനു മുമ്പായി ചൈനക്കാർ നമ്മുടെ പ്രദേശത്തു നിന്നൊഴിഞ്ഞ് പോകണമെന്നു നമ്മുടെ പ്രധാനമന്ത്രി ഇയ്യിടെ ചെയ്ത പ്രസ്താവന സ്വാഗതാർഹമാണ്.

ദേശീയ-ആഭ്യന്തര കാര്യങ്ങൾ

ദേശീയരംഗത്ത് ദാരിദ്ര്യവും അതിന്റെ ദൂഷ്യങ്ങളും നിർമ്മാർജ്ജനം ചെയ്യാനും, അഴിമതി, അജ്ഞത, നിരക്ഷരത്വം തുടങ്ങി ദേശീയജീവിതത്തിലെ എല്ലാ ദുരിതങ്ങളും ദൂരീകരിക്കാനും വേണ്ടി മുസ്‌ലിംലീഗ് വീറോടെ വാദിച്ചിട്ടുണ്ട്; ഇപ്പോഴും വാദിച്ചുകൊണ്ടിരിക്കുന്നു. മദ്യവർജ്ജനത്തേയും ഹരിജനോദ്ധാരണത്തേയും അതു വിട്ടുവീഴ്ചയില്ലാതെ പിന്താങ്ങുന്നു. സമ്പത്ത് കൂടുതൽ വേഗത്തിലും സ്ഥിരമായും വർദ്ധിക്കുവാനും അതു നീതിപൂർവ്വമായും കാരുണ്യപൂർവ്വമായും വിതരണം ചെയ്യാനുമാണ് മുസ്‌ലിംലീഗ് ആഗ്രഹിക്കുന്നത്. ഈ ലക്ഷ്യങ്ങളും അതുപോലെയുള്ള മറ്റു ലക്ഷ്യങ്ങളും നേടാനായി മുസ്‌ലിംലീഗ് നിർദ്ദേശിക്കുന്ന ചില നടപടികൾ ഈ പ്രസ്താവനയിൽ വിശദമാക്കിയിട്ടുണ്ട്.

നിയമസമാധാനം

നിയമവും ക്രമവും സമാധാനവും പാലിക്കേണ്ടതിന്റെ ആവശ്യകത മുസ്‌ലിംലീഗ് എപ്പോഴും വിട്ടുവീഴ്ച കൂടാതെ ഉയർത്തിപ്പിടിച്ചിട്ടുണ്ട്; ഏതുവിധ പുരോഗതിക്കും നിദാനമായ നിയമ സമാധാനപാലനത്തിൽ അധികൃതന്മാരെ മുസ്‌ലിംലീഗ് സദാ സജീവമായി സഹായിച്ചുകൊണ്ടിരിക്കുകയും ഈ വിഷയത്തിൽ ഗവർണ്ണർമാരുടേയും കോൺഗ്രസ്സ് തുടങ്ങിയ ജനകീയ ഗവർമ്മെണ്ടുകളുടെ മന്ത്രിമാരുടേയും പ്രശംസക്ക് അത് പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചവത്സരപദ്ധതിയും സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയും

രാജ്യം സ്വതന്ത്രമായതു മുതൽക്കു തന്നെ ത്വരിതവും സുസ്ഥിരവും നല്ലതുമായ ഫലമുളവാക്കാനായി പൊതുമുതൽ ആസൂത്രിതമായ നിലയിൽ ചെലവാക്കണമെന്നു മുസ്‌ലിംലീഗ് നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചവത്സരപദ്ധതി ആരംഭിച്ചപ്പോൾ തന്നെ മുസ്‌ലിംലീഗ് അതിനെ ശരിവെക്കുകയും ഹൃദയംഗമമായി പിന്താങ്ങുകയും ചെയ്തു.

ഇന്ത്യയിൽ ഒരു സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കണമെന്ന ലക്ഷ്യവും മുസ്‌ലിംലീഗ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അതേസമയം തന്നെ

mappilaheritagelibrary.com

ക്രമീകൃതമായ സ്വകാര്യവിഭാഗത്തിനും സ്ഥിരമായ ഒരു രംഗമുണ്ടായിരിക്കണമെന്നും സ്വകാര്യ സ്വത്തുടമസമ്പ്രദായത്തെ നാമമാത്രമാക്കിത്തീർക്കരുതെന്നും ധനോല്പാദനത്തിനു അത്യന്താപേക്ഷിതവും അനിവാര്യവുമായ പ്രചോദനം നൽകുന്ന സ്വകാര്യ സംരംഭങ്ങളെ കണിശമായും ക്രിയാത്മകമായും പ്രോത്സാഹിപ്പിക്കണമെന്നും മുസ്‌ലിംലീഗ് ആവശ്യപ്പെട്ടിരുന്നു. ദേശവൽക്കരണം കണക്കിലേറെ സ്വീകരിക്കേണ്ടതില്ല. റെയിൽവേ, കപ്പൽ, വിമാനഗതാഗതം, കപ്പൽനിർമ്മാണം, വിമാനനിർമ്മാണം, ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും മറ്റു പട്ടാള സാമഗ്രികളുടെയും നിർമ്മാണം, ഘനവ്യവസായം, നവീന വ്യവസായങ്ങൾ ഇവയും, ഇതുപോലെയുള്ള മറ്റു ചില വ്യവസായങ്ങളും ദേശവൽക്കരിക്കണം. മറ്റു വ്യവസായങ്ങളും വ്യാപാരങ്ങളും ന്യായമായ നിയന്ത്രണത്തോടെ സ്വകാര്യ വിഭാഗത്തിനു വിട്ടുകൊടുക്കേണ്ടതാണ്.

പത്രങ്ങൾ ദേശവൽക്കരിച്ചാൽ അവ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളുടെയും വിജ്ഞാപനങ്ങളുടെയും നിലയിലെത്തുമെന്ന് പ്രധാനമന്ത്രി ഇയ്യിടെ പ്രസ്താവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഈ പ്രസ്താവനയുടെ അന്തസ്സാരവും അകവും ഏറെക്കുറെ രാജ്യത്തിലെ മറ്റു സ്ഥാപനങ്ങളുടെ ദേശവല്ക്കരണത്തിനും ബാധകമാണ്. അമിതമായ ദേശവൽക്കരണം മനുഷ്യന്റെ ജീവനും മനസ്സും പട്ടാളച്ചിട്ടയിലേക്ക് നയിക്കും. രാഷ്ട്രത്തിന്റെ ശാശ്വതവും ദൂരവ്യാപകവുമായ താല്പര്യങ്ങളും പരിഗണിച്ച് അത് എങ്ങിനെയായാലും തടയേണ്ടതാണ്.

വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവും നിർബ്ബന്ധവുമായിരിക്കണമെന്നതാണ് മുസ്‌ലിംലീഗിന്റെ ആവശ്യം. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഈ വിഷയങ്ങളിലായി അളവിലും വലിപ്പത്തിലും ഗുണത്തിലും ഉണ്ടായിട്ടുള്ള പുരോഗതിയെക്കുറിച്ചു അത് അസംതൃപ്തവുമാണ്. വിദ്യാഭ്യാസത്തിന്റെ മർമ്മപരമായ വകുപ്പിന്റെ ഗുണത്തിൽ അഭിവൃദ്ധിയും പരിഷ്കരണവും വരുത്തുന്നതിന്നാവശ്യമായ വേഗത ഉണ്ടാക്കുവാൻ കൂടുതൽ ഊർജ്ജിതമായ പ്രവർത്തനവും അദ്ധ്യാപകരുടെ ശമ്പളവർദ്ധനവടക്കം കൂടുതൽ സൗകര്യങ്ങളും ആവശ്യമാണ്.

പ്രാഥമിക സ്കൂളുകളിലേക്കു മാത്രമല്ല, ഹൈസ്കൂളുകളിലേക്കും കോളേജുകളിലേക്കുമുള്ള പാഠപുസ്തകങ്ങളുടെ രചനയും പ്രസിദ്ധീകരണവും ഒരിക്കലും സ്റ്റേറ്റിന്റെ കുത്തകയാക്കരുത്. ചിരകാലമായി തുടർന്നുവരുന്നതുപോലെ അതു സ്വകാര്യഹസ്തങ്ങളിലേക്ക് വിട്ടുകൊടുക്കണം. പുസ്തകങ്ങളുടെ അംഗീകരണവും തിരഞ്ഞെടുപ്പും പാഠപുസ്തകക്കമ്മിറ്റിയുടെയും സർവ്വകലാശാല അധികൃതരുടെയും ചുമതലയായിരിക്കണം. അല്ലാത്തപക്ഷം കുട്ടികളുടെ മനസ്സുകളും അവരുടെ വളർച്ചയും സങ്കുചിതവും ദോഷകരവുമായ ഒരു കുഴിയിൽ വീണു പോകും.

സെക്കണ്ടറിവിദ്യാഭ്യാസമോ, കോളേജുവിദ്യാഭ്യാസമോ പ്രത്യക്ഷമായോ പരോക്ഷമായോ, ദേശവൽക്കരിക്കാൻ മുതിരരുത്. ഈ രംഗം സഹായകമായ നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി സ്റ്റേറ്റിന്റെയും സ്വകാര്യ ഏജൻസികളുടെയും കീഴിൽ തന്നെയായിരിക്കണം.

സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസത്തിന് വിപുലവും വ്യാപകവും വർദ്ധിതവുമായ സൗകര്യങ്ങളേർപ്പെടുത്തണമെന്ന അഭിപ്രായത്തെ മുസ്‌ലിംലീഗ് പിന്താങ്ങുന്നു. അതേസമയം ചരിത്രം, ഭാഷ ആദിയായ വിഷയങ്ങളുടെയും കലകളുടേയും പ്രശ്നം അവഗണിക്കുകയോ അവയുടെ പ്രാധാന്യം

mappilaheritagelibrary.com

വിദ്യാർത്ഥികളുടെയോ, രക്ഷിതാക്കളുടെയോ ദൃഷ്ടിയിൽ നിസ്സാരമാക്കിക്കള യുകയോ ചെയ്യരുത്.

ഇപ്പോൾ കൂടുതലായും ഉപരിവിദ്യാഭ്യാസത്തിനു പോകുന്നത് സാധു ക്കളാകയാൽ അത് ഇന്നത്തേക്കാളും ചിലവ് കുറഞ്ഞ നിലയിലാക്കണം.

സെലക്ഷന്റെ പേരിൽ സർവ്വകലാശാലാ വിദ്യാഭ്യാസത്തിനു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കർശനമായി വെട്ടിക്കുറക്കരുത്. അധികംപേരെയും അതിന്നയക്കുന്നത് പണവും കഴിവും ദുരുപയോഗപ്പെടുത്തലാണെന്ന അഭി പ്രായം ശരിയല്ല. രക്ഷിതാക്കളും വിദ്യാർത്ഥികളും അതാഗ്രഹിക്കുന്നുണ്ടെങ്കിൽ അവരുടെ അഭിലാഷത്തെ തടസ്സപ്പെടുത്തരുത്. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ച യുവതിയുവാക്കളുടെ എണ്ണം വർദ്ധിക്കുന്നത് ഒരു നിലക്ക് രാഷ്ട്രത്തെ ബുദ്ധി പ്രഭാവവും ഉൽബുദ്ധതയുമുള്ള ഒന്നാക്കിത്തീർക്കാൻ പര്യാപ്തമാവും. തൽക്കാലം അത് ഗവർമ്മണ്ടിനു വിഷമവും തലവേദനയുമുണ്ടാക്കുമെങ്കിലും പിന്നീടത് രാഷ്ട്രത്തിനു വളരെയധികം ഗുണകരമായിരിക്കും. വിദ്യാസമ്പന്ന രായ യുവജനങ്ങൾ എപ്പോഴും ഇങ്ങനെയായിരിക്കും. വ്യവസ്ഥാപിത സമ്പ്രദാ യത്തിന്നെതിരെയും പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുകയില്ല. ഉദ്യോഗത്തിനു ഗവർമ്മെണ്ടിനെ മാത്രം ആശ്രയിച്ചാൽ മതിയാവുകയില്ലെന്നു മനസ്സിലാവു മ്പോൾ അവർ കാലക്ഷേപത്തിനുവേണ്ടി വ്യവസായം, വ്യാപാരം, ചെറുകിട വ്യവസായം, കൈത്തൊഴിൽ മുതലായ രംഗങ്ങളിലേക്കും ശ്രദ്ധ തിരിച്ചുകൊ ള്ളും. വിദ്യാഹീനരേക്കാളും വിദ്യാസമ്പന്നർ ഇത്തരം ഉല്പാദനോപാധികളിൽ പ്രവേശിക്കുന്നത് വളരെ ഗുണകരമാണ്.

പ്രായോഗികമായ വ്യവസായ ശാസ്ത്രത്തിൽ മാത്രമല്ല, മറ്റു ചെറുകിട വ്യവസായങ്ങളിലൂടെയും കൈത്തൊഴിലുകളിലൂടെയും പരിഷ്കൃതവും നവീ നവുമായ സാധനങ്ങൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ചുള്ള തങ്ങളുടെ ലഘു വായ ആശയങ്ങളെ സംബന്ധിച്ച് അദ്ധ്വാനശീലരായ ആളുകൾ സ്വന്തം ശ്രമത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നത് പ്രോത്സാഹിപ്പിക്കാനായി സർവ്വകലാശാലകളിലും വലിയ വിദ്യാഭ്യാസസ്ഥാപനങ്ങളിലും മറ്റും സുസ ജ്ജമായ ഗവേഷണാലയങ്ങൾ സ്ഥാപിക്കണം. ഇത് അഭ്യസ്തവിദ്യരായ യുവാ ക്കളുടെ ബുദ്ധിപരമായ കഴിവുകളെ വികസിപ്പിക്കുകയും കാലാന്തരത്തിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കാൻ ഗണ്യമായി സഹായിക്കുകയും ചെയ്യും.

മതപഠനം

വിദ്യാഭ്യാസം എന്ന വിഷയത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ മതപഠനം തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായിട്ടാണ് മുസ്‌ലിംകൾ കണക്കാക്കുന്നതെന്ന് മുസ്‌ലിംലീഗ് ചൂണ്ടിക്കാണിക്കാനാഗ്രഹി ക്കുന്നു. മതമില്ലാത്ത വിദ്യാഭ്യാസം അഭികാമ്യമോ, പൂർണ്ണമോ അല്ലെന്നാണ് മുസ്‌ലിംകളുടെ ഉറച്ച വിശ്വാസം. മനുഷ്യജീവിതത്തിലെ ധാർമ്മിക ബോധ ത്തിന്റെ അടിസ്ഥാനമായതുകൊണ്ടും ചില വിഭാഗം തത്വചിന്തകന്മാർ എന്തു തന്നെ പറഞ്ഞാലും, യുവജനങ്ങളുടെ വിദ്യാഭ്യാസത്തിൽ ധാർമ്മികമായ അസ്ഥിവാരം അതിപ്രധാനമായതുകൊണ്ടും രാജ്യത്തിലെ എല്ലാ കുട്ടികൾക്കും അവർ ഏതു സമുദായത്തിൽപ്പെട്ടവരായാലും-അവരുടെ മാതാപിതാക്കളുടെ മതം പഠിപ്പിക്കാനുള്ള സൗകര്യം ഉണ്ടാവേണ്ടത് അനുപേക്ഷണീയമായ ഒരാ വശ്യമാണെന്നാണ് മുസ്‌ലിംലീഗ് കരുതുന്നത്. നമ്മുടെ നാട്ടിൽ സ്റ്റേറ്റു വകയാ യുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതപഠനം നിരോധിക്കപ്പെട്ടിട്ടുള്ളത് അങ്ങേ യറ്റം ദൗർഭാഗ്യകരമാണ്. പല പാശ്ചാത്യരാജ്യങ്ങളിലും ഇത്തരം ഒരു നിരോ ധനം നിലവിലില്ല. ആരംഭത്തിൽ ഈ നിരോധത്തെ അനുകൂലിച്ചിരുന്ന പല

mappilaheritagelibrary.com

നേതാക്കളും ഇപ്പോൾ മതപഠനം ആവശ്യമാണെന്ന് വാദിക്കാൻ തുടങ്ങിക്കാണുന്നത് ഒരു ശുഭസൂചനയാണ്. മുസ്‌ലിംലീഗ് ആരംഭം മുതൽക്കെ ഇതിനു വേണ്ടി വാദിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആവശ്യമാണെങ്കിൽ ഭരണഘടനയിൽ ഇതിനുവേണ്ട ഭേദഗതി വരുത്തണമെന്നും കുട്ടികൾക്ക് അവരുടെ രക്ഷിതാക്കന്മാരുടെ മതത്തെസംബന്ധിച്ച് പഠനം നടത്താൻ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും സൗകര്യപ്പെടുത്തണമെന്നുമാണ് മുസ്‌ലിംലീഗിന്റെ ആവശ്യം.

അറബി ഭാഷയും ഏറെക്കുറെ പേർഷ്യൻഭാഷയും ഇന്ത്യൻ മുസൽമാന്മാരുടെ ഇസ്ലാമിക സംസ്കാരത്തിന്റെ അടിസ്ഥാനമാണ്. ലോകത്തിൽ പല രാജ്യങ്ങളിലേയും സ്റ്റേറ്റു ഭാഷകളായ ഈ പൌരാണിക ഭാഷകളും അതോടൊപ്പം, നമ്മുടെ ഭരണഘടന അംഗീകരിച്ചിട്ടുള്ള 14 ഭാഷകളിലൊന്നായ ഉർദുവും സമ്പന്നവും അത്യുന്നതവുമായ സാഹിത്യത്തിന്റെ വിലപിടിച്ച കലവറകളാണ്. അതുകൊണ്ട് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ ആവശ്യപ്പെടുന്ന പക്ഷം ഈ ഭാഷകൾ പഠിപ്പിക്കാനും വിദ്യാലയങ്ങളിൽ സൗകര്യമുണ്ടായിരിക്കണം.

ഭക്ഷണവും കൃഷിയും

ഇന്നാട്ടിലെ ഓരോ പൗരനും ഭക്ഷണവും വസ്ത്രവും പാർപ്പിട സൗകര്യങ്ങളും നൽകുവാൻ ഫലപ്രദവും അനുയുക്തവുമായ നടപടികൾ കൈക്കൊള്ളേണ്ടത് ഗവർമ്മേണ്ടിന്റെ പ്രാഥമിക കർത്തവ്യമാണെന്നാണ് മുസ്‌ലിംലീഗിന്റെ അഭിപ്രായം. ഭക്ഷ്യവിഭവങ്ങൾ നിരന്തരമായും തൃപ്തികരമായും ലഭിക്കുന്നതിന് ഭക്ഷ്യധാന്യങ്ങളുടെയും മറ്റു ആഹാരപദാർത്ഥങ്ങളുടേയും വർദ്ധമാനമായ ഉൽപാദനം നടത്തേണ്ടതും ഭക്ഷ്യവിഷയങ്ങളിൽ നാട് വളരെയേറെ സ്വയം പര്യാപ്തമാവേണ്ടതുമാണ്.

കൃഷിസംബന്ധമായ പ്രവർത്തനവും രീതിയും ആവശ്യമുള്ളപ്പോൾ ലഘൂകരിക്കുകയും മുറുക്കുകയും കൃഷിക്കുപയുക്തമായ വിതരണം വേണ്ട സമയങ്ങളിൽ നടത്തുന്ന കാര്യത്തിലും വളവും കൃഷിക്കുവേണ്ട ഉപകരണങ്ങളും മറ്റും വിതരണം ലഘുവായ ശാസ്ത്രീയജ്ഞാനം കൃഷിക്കാരുടെയിടയിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ ജലസേചന കൃഷി വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ കണ്ടുവരുന്ന അലസത ദൂരീകരിക്കുകയും ചെയ്യുന്നത് കൊണ്ടു തന്നെ ഇപ്പോഴത്തെക്കാൾ ഗണ്യമാംവിധം കൂടുതൽ ഉല്പാദനം ഉണ്ടാവുന്നതാണ്.

ഉദാഹരണമായി ജലസേചന തോടുകളിൽ വെള്ളം കയറ്റുന്നതിൽ പലപ്പോഴും താമസം വരുത്തുകയും വേണ്ട സമയങ്ങളിൽ തോടുകൾക്കു വേണ്ട റിപ്പേറുകൾ ചെയ്യാതിരിക്കുകയും വളവും വിത്തും ഡിപ്പാർട്ടുമെണ്ടുകളുടെ അധീനത്തിൽ ധാരാളം ഉണ്ടായാലും ചെറുതരം കൃഷിക്കാർക്ക് വിശേഷിച്ചും കൊടുക്കാതിരിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ നമുക്കുണ്ട്. അത്തരം ന്യൂനതകൾ കൃഷി പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും പ്രതികൂലഫലങ്ങൾ ഉളവാക്കുകയും ചെയ്യുന്നു.

കൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കുവാൻ ഇപ്പോൾ കൃഷി ചെയ്യുന്ന തടങ്ങളിൽ തന്നെ കൃഷി കൂടുതൽ ഊർജ്ജിതമായും വിജയകരമായും പ്രവർത്തനം നടത്തേണ്ടതാണ്. വൻകിട ജലസേചന പദ്ധതികൾ വേഗത്തിൽ നടപ്പിൽ വരുത്തുന്നതിന് പുറമെ കുറഞ്ഞ തോതിലാണെങ്കിലും ക്ഷണത്തിൽ ഫലം നൽകുന്ന ചെറുതരം ജലസേചന ഏർപ്പാടുകളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ അടിയന്തരമായി പതിയേണ്ടിയിരിക്കുന്നു. ചെറിയ നദികളിലെയും ചില കാലങ്ങളിൽ മാത്രം വെള്ളമുണ്ടാകുന്ന നീർച്ചാലുകളിലെയും വെള്ളം പോലും സംഭരിച്ചു കൃഷി ആവശ്യങ്ങൾക്കു ഉപയോഗിക്കണം. വെള്ളം എടു

mappilaheritagelibrary.com

ക്കാവുന്ന പഴയ കുളങ്ങൾ കൂടുതൽ ജാഗ്രതയോടെ നന്നാക്കി ഉപയോഗയോഗ്യങ്ങളാക്കുകയും പുതിയ കുളങ്ങൾ കുഴിക്കുകയും വേണം. ഭൂമിയുടെ അന്തർഭാഗത്തുള്ള ജലാശയങ്ങളെ സംബന്ധിച്ചു കൂടുതൽ ശാസ്ത്രീയമായും വ്യവസ്ഥാപൂർവ്വമായും സർവ്വെ നടത്തുകയും ഉപയോഗപ്രദവും ഉപയുക്തവുമായ സ്ഥലങ്ങളിൽ കിണറുകൾ കുഴിക്കുവാൻ ജനങ്ങൾക്ക് മാർഗ്ഗദർശനവും കഴിവും ഉണ്ടാക്കിക്കൊടുക്കുകയും വേണം. കൃഷി പ്രവൃത്തികൾക്കു കൂടുതൽ പമ്പു സെറ്റുകളും ഇപ്പോഴത്തേതിലും കൂടുതലായി ആദായകരമായ വിധത്തിൽ വിദ്യുച്ഛക്തിയും നൽകണം.

കൃഷിയുടേയും കൃഷിക്കാരുടേയും നന്മക്കുവേണ്ടി ഇപ്പോഴത്തെക്കാൾ കൂടുതലും നല്ലതുമായ ഗതാഗതമാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളത് പ്രധാനമായ ഒരു കാര്യമാണ്. നല്ലതരം വിത്തുകളും നല്ല ഉപകരണങ്ങളും ഗ്രഹിക്കുവാൻ എളുപ്പമുള്ള ശാസ്ത്രീയജ്ഞാനവും സാങ്കേതികോപദേശവും സഹായവും ഇപ്പോഴത്തേതിലും കൂടുതൽ വേഗത്തിലും എളുപ്പത്തിലും ചെറുകിട കൃഷിക്കാർക്കു വിശേഷിച്ചും നൽകപ്പെടണം. ഈ മാതിരി നടപടികളും ആവശ്യമായ മറ്റു നടപടി എടുത്താലും കേരളത്തെപ്പോലെയുള്ള ചില സംസ്ഥാനങ്ങളിൽ, ആ സംസ്ഥാനങ്ങൾക്കു പ്രത്യേകമായ ചില കാരണങ്ങളാൽ അവയുടെ ആവശ്യത്തിനു ഭക്ഷണധാന്യങ്ങൾ തികയാതെ വന്നേക്കാം. അത്തരം കാര്യങ്ങളിൽ, ഭക്ഷണധാന്യങ്ങളിൽ കുറവു എപ്പോഴുണ്ടായാലും അത് എത്ര തന്നെയായാലും ന്യായവും സഹായകവുമായ ഉപാധികളിന്മേൽ അത് നികത്തികൊടുക്കുകയെന്നുള്ളത് ഇന്ത്യാ ഗവർമ്മെണ്ടിന്റെ സംശയരഹിതവും ഖണ്ഡിതവും സ്പഷ്ടവുമായ ഉത്തരവാദിത്വമായിരിക്കണം.

ഭൂപരിധി നിർണ്ണയം

കാർഷികോല്പാദനത്തിൽ വളരെയേറെ അഭിലഷണീയ വർദ്ധനവുകൾ കൈവരുത്തുന്നതിന് കൂടുതൽ പ്രചോദനം നൽകുന്ന ഒരു മാർഗ്ഗമെന്ന നിലയിലും ധനസമ്പാദനമാർഗ്ഗത്തിൽ കൂടുതൽ ന്യായയുക്തവും നീതിപൂർവ്വവുമായ വിതരണം സാദ്ധ്യമാക്കാനുള്ള ഒരു നടപടി എന്ന നിലയിലും നാട്ടിൽ നിലനിൽക്കുന്ന തൊഴിലില്ലായ്മ പ്രശ്നത്തിന്റെ കാഠിന്യം കുറയ്ക്കാനുള്ള ഒരു പാധി എന്ന നിലയിലും ഭൂവുടമസമ്പ്രദായത്തിന് നയപൂർവ്വകമായ ഒരു പരിധി നിശ്ചയിക്കേണ്ടതാണെന്ന കാര്യത്തിൽ മുസ്‌ലിംലീഗിന് യോജിപ്പുണ്ട്. എന്നാൽ ആ പരിധി നിർണ്ണയം നീതിപൂർവ്വകവും, അയവുള്ളതും, ന്യായയുക്തവും ആയിരിക്കണമെന്നും ഭൂമിയിൽ നിന്നുള്ള വരുമാനത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കണമെന്നും കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം മുതലായ പ്രസക്തകാര്യങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടായിരിക്കണമെന്നും ലീഗു കരുതുന്നു. പരിധിനിർണ്ണയം കഴിഞ്ഞശേഷം ഭൂമി ജനങ്ങളിൽ നിന്നും ഏറ്റെടുക്കുമ്പോൾ നിലവിലുള്ള കമ്പോള നിരക്കിന്റെ അടിസ്ഥാനത്തിൽ നയപൂർവ്വകവും, നീതിയുക്തവുമായ നഷ്ടപരിഹാരം നൽകുന്നതാണ്. മാത്രമല്ല, ഭൂമിയുടെ ഉടമസ്ഥാവകാശത്തിന് ഉലച്ചിൽ തട്ടിക്കുന്ന യാതൊന്നും ഒരു കാരണവശാലും ചെയ്യരുതെന്നും ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ബോധത്തേയും ധാരണയേയും ഭൂപരിധി നിർണ്ണയം പ്രതികൂലമായി ബാധിക്കാത്ത രൂപത്തിൽ നടപടികൾ കൈക്കൊള്ളണമെന്നും അല്ലാത്തപക്ഷം സ്വന്തം നിലങ്ങളിൽ പണിയെടുക്കാനുള്ള ജനങ്ങളുടെ ഔത്സുക്യവും താല്പര്യവും ഉത്തേജനവും അപ്രത്യക്ഷമാവുമെന്നും അങ്ങനെ നാട്ടിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രാഥമികലക്ഷ്യം തന്നെ പരാജയപ്പെട്ടു പോകുമെന്നും മുസ്‌ലിംലീഗ് വിശ്വസിക്കുന്നു. പുതുതായി ഭൂമി നൽകപ്പെടുന്ന കൃഷിക്കാരുടെ കാര്യത്തിലും ഭൂപ

mappilaheritagelibrary.com

രിധി നിർണ്ണയിച്ച ശേഷം മുൻ ഉടമകളുടെ കൈവശം അവശേഷിക്കുന്ന ഭൂമിയുടെ കാര്യത്തിലും ഇത് ഒരുപോലെ ബാധകമാണ്. ഭൂപരിധി നിർണയിക്കുന്ന കാര്യത്തിൽ മതസ്ഥാപനങ്ങളുടേയും ധർമ്മസ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള ഭൂമി ഒഴിവാക്കേണ്ടതാണ്. കാരണം, പൊതുതാല്പര്യത്തിന്റെ പേരിൽ ഏതു ലക്ഷ്യത്തിന് വേണ്ടിയാണോ അത്തരം ഭൂമികൾ സമർപ്പിക്കപ്പെട്ടത് അവ നിറവേറ്റുവാൻ മാത്രമായിരിക്കണം അത്തരം ഭൂമികൾ വിനിയോഗിക്കേണ്ടത്.

വ്യവസായ വികസനം

നൂറ്റാണ്ടുകളായി നിലനിന്നു പോരുന്നതും അതികഠിനവുമായ ദാരിദ്ര്യം മൂലം ഇന്നാട്ടിൽ സംജാതമായിരിക്കുന്ന സാഹചര്യങ്ങളുടെ വെളിച്ചത്തിൽ വ്യാവസായികവും, സാമ്പത്തികവുമായ വികസനത്തിനു നിശ്ചയമായും സത്വരമുൻഗണന നൽകേണ്ടതാണ്. വ്യവസായ വികസനം അതിന്റെ എല്ലാ മണ്ഡലങ്ങളിലും അങ്ങേയറ്റം ഊർജ്ജിതമാക്കേണ്ടതാണ്. നാട്ടിൽ ആകമാനം നീതിപൂർവ്വകമായ തരത്തിൽ വികസനപ്രവർത്തനങ്ങൾ നടത്തുവാൻ സൂക്ഷിക്കേണ്ടതും മറ്റു പ്രദേശങ്ങളുടെ താത്പര്യങ്ങൾക്കു വിരുദ്ധമായി ഏതെങ്കിലും പ്രത്യേക മേഖലകളിൽ വികസന കേന്ദ്രീകരണം നടത്തുന്നത് ഒഴിവാക്കേണ്ടതുമാണ്. പ്ലാനിങ്ങ് ഗവർമ്മെണ്ടിന്റെ ഒരു സുനിശ്ചിത പരിപാടിയായിത്തീർന്നിരിക്കയാലും പഞ്ചവത്സരപദ്ധതികൾ നടപ്പിലുള്ളതുകൊണ്ടും നാട്ടിൽ ആകമാനം സമീകൃതമായമട്ടിൽ വികസനപ്രവർത്തനങ്ങൾ നന്നായി നടത്താവുന്നതാണ്. എന്നാൽ വ്യാവസായവികസനത്തെ സംബന്ധിച്ചേടത്തോളം ഇന്നും പിന്നണിയിൽ കിടക്കുന്ന പ്രദേശങ്ങൾ ഇന്നാട്ടിലുണ്ട്. ആ നിലക്ക് നോക്കുമ്പോൾ വിദ്യാഭ്യാസരംഗത്തും സാക്ഷരതയിലും ഇതരസ്റ്റേറ്റുകളെ അപേക്ഷിച്ചു മുൻപന്തിയിൽ നിൽക്കുന്ന കേരളം വ്യവസായികമായി ഏറ്റവും പിന്നണിയിലുള്ള ഒരു പ്രദേശമാണ്. ഈ നില എത്രയും വേഗത്തിൽ മാറ്റേണ്ടതുണ്ട്. നാട്ടിന്റെ എല്ലാ ഭാഗങ്ങളും വ്യവസായികവും സാമ്പത്തികവുമായ ഉന്നമനത്തെ സംബന്ധിച്ചേടത്തോളം ഒരേ നിലവാരത്തിലേക്കുയർത്തേണ്ടതുണ്ട്.

നിലവിലുള്ള ചെറുകിട കുടിൽവ്യവസായങ്ങളുടെ അഭിവൃദ്ധിക്ക് കൂടുതൽ പ്രാധാന്യം കല്പിക്കുവാനും പുതിയ വ്യവസായങ്ങൾ വികസിപ്പിക്കാനും മുതിരേണ്ടത് അനുപേക്ഷണീയമാണ്. കാരണം, നാട്ടിലുള്ള കനത്തതൊഴിലില്ലായ്മ പ്രശ്നവും അധഃസ്ഥിതമായ തൊഴിലുകളുടെ കാര്യവും പരിഹരിക്കുവാനും നേരെയാക്കുവാനും വൻകിട വ്യവസായങ്ങളേക്കാളേറെ ചെറുകിട വ്യവസായങ്ങൾക്കായിരിക്കും സാദ്ധ്യമാവുക. കൃഷികഴിഞ്ഞാൽ രണ്ടാം സ്ഥാനമർഹിക്കുന്ന കൈത്തറി, മത്സ്യബന്ധനം, കയറുല്പന്നങ്ങളുടെ നിർമ്മാണവും മറ്റും ഗവർമ്മെണ്ടിന്റെ പ്രത്യേകശ്രദ്ധക്കും പരിഗണനക്കും വിധേയമാവേണ്ടതാണ്.

വ്യവസായമണ്ഡലത്തിൽ ഒരു സുപ്രധാനഘടകമായ ഭൂഖനനത്തിനു അർഹിക്കുന്ന പരിഗണന ഗവർമ്മെണ്ടു നൽകിക്കാണുന്നില്ല. വിദേശ ഭരണകാലത്തു ഇന്നാട്ടിലെ ലോഹ- ധാതു സമ്പത്തിനെക്കുറിച്ചു കാര്യമായയാതൊരു ഭൂഗർഭസർവ്വേയോ, തോതുനിർണ്ണയമോ നടത്തിയിട്ടില്ല. അന്നത്തെ നിലയിൽ നിന്നു വലിയ മാറ്റമൊന്നും ഇന്നും ഉണ്ടായിക്കാണുന്നില്ല. വാസ്തവത്തിൽ ഈ നാട്ടിൽ വിവിധ തരത്തിലുള്ള ലോഹ-ധാതുസമ്പത്തിനു ധാരാളം സാദ്ധ്യതകളുണ്ട്. അക്കാര്യം പ്രസക്തമായ കേന്ദ്രങ്ങൾ ശരിയായി ഗ്രഹിച്ചു കാണുന്നില്ല. എണ്ണമറ്റ ധാതു വിഭവങ്ങളുണ്ടെന്ന് ഒട്ടൊക്കെ തെളിഞ്ഞു കഴിഞ്ഞിട്ടുള്ള കേരളത്തെപ്പോലെയുള്ള സ്റ്റേറ്റുകളെ നാളിതുവരെ ആ വിഷയങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിൽ തൊടുകപോലും ചെയ്തിട്ടില്ല.

mappilaheritagelibrary.com

നേരത്തേ സൂചിപ്പിച്ചപോലെ റെയിൽവെ, കപ്പൽ വിമാനം, ഉരുക്കു നിർമ്മാണം തുടങ്ങിയവയുമായി ബന്ധപ്പെട്ട വൻകിട ഘനവ്യവസായങ്ങളും വെടിക്കോപ്പുകൾ, ആയുധങ്ങൾ തുടങ്ങിയ തന്ത്രപ്രധാനമായ സാമഗ്രികളുടെ നിർമ്മാണവും ദേശവൽക്കരിക്കുവാൻ അനുയോജ്യമായവയാണെങ്കിലും നമ്മുടെ രാഷ്ട്രത്തിന്റെ ഉത്തമതാൽപര്യത്തെ മുൻനിർത്തി വ്യവസായങ്ങളുടെ ഒരു സ്വകാര്യമേഖല എപ്പോഴും നിലനിർത്തേണ്ടതാണ്.

വ്യക്തിസ്വാതന്ത്ര്യത്തെ സംബന്ധിച്ച ബോധം നിലനിർത്തിപ്പോരാനും, വ്യക്തിപരമായ പ്രവർത്തന താൽപര്യം വളർത്തുവാനും സ്വകാര്യമേഖല ആവശ്യവും അനുപേക്ഷണീയവുമാണ്. ആ വക ഘടകങ്ങൾ പ്രകാരാന്തരേണന്യായമായ അളവിൽ പരിമിതപ്പെടുത്തേണ്ടതും ക്രമീകരിക്കേണ്ടതുമാണെങ്കിലും അവ മനുഷ്യരാശിയുടെ ക്ഷേമത്തിനും യഥാർത്ഥപുരോഗതിക്കും ഒഴിച്ചു കൂടാത്തവയാണ്. വ്യക്തിഗതമായ ആ ഘടകങ്ങൾ തുരങ്കം വെക്കപ്പെടുകയും അങ്ങനെ കാലാന്തരത്തിൽ നാമാവശേഷമായിത്തീരുകയും ചെയ്യുന്ന പക്ഷം മനുഷ്യരെ പൊതുവിൽ കേവലം യന്ത്രങ്ങളും ജീവസ്സറ്റ ഉപകരണങ്ങളുമാക്കി മാറ്റുകയും ഏതാനും പേർ മുകളിലിരുന്ന് തേർവാഴ്ച നടത്തുകയും ചെയ്യുന്ന സങ്കുചിതമായ ഒരു പട്ടാളച്ചിട്ടയായിരിക്കും സംജാതമാവുക.

ജോലിയും തൊഴിലും

നാട്ടിലുള്ള തൊഴിലില്ലായ്മയുടേയും തൊഴിൽക്കുറവിന്റെയും അതിഭീമവും ഭീതിജനകവുമായ പ്രശ്നങ്ങൾ തൃപ്തകരമായും തികഞ്ഞ അടിയന്തരാവസ്ഥാബോധത്തോടും കയ്യാളേണ്ടതാണ് ഈ പ്രകടനപത്രികയിൽ പ്രതിപാദിച്ചിട്ടുള്ള ഇനങ്ങളും അതുപോലുള്ള മറ്റു കാര്യങ്ങളും ശരിയായി നടപ്പിലാക്കുന്ന പക്ഷം തൊഴിലില്ലായ്മ തൊട്ടുള്ള കാര്യങ്ങൾക്ക് സാരമായ സമാശ്വാസം ലഭിക്കുന്നതാണ്. നാട്ടിന്റെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പുരോഗതി നേടുന്നതിനും ഉള്ള നമ്മുടെ ശ്രമങ്ങളിൽ നമുക്ക് കൈവരുന്ന വിജയം, ഈ വമ്പിച്ച പ്രശ്നം പരിഹരിക്കുവാനുള്ള സംരംഭങ്ങളുടെ വിജയത്തെയാണാശ്രയിച്ചിരിക്കുന്നത്.

അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ സംബന്ധിച്ചേടത്തോളം അവർക്കു നിശ്ചയമായും മെച്ചപ്പെട്ട കൂലിയും ഉയർന്ന ജീവിത നിലവാരത്തിലുള്ള സന്ദർഭങ്ങളും നൽകേണ്ടതാണെന്നാണ് മുസ്‌ലിംലീഗിന്റെ അഭിപ്രായം. അവരുടെ ഇന്നത്തെ നിലയിൽ വളരെയേറെ പരിഷ്കരണങ്ങൾ വരുത്തേണ്ടതുണ്ട്. ഇത് ഗ്രാമീണവും കാർഷികവുമായ രംഗങ്ങളിലെന്നപോലെ നാഗരികവും വ്യാവസായികവുമായ മണ്ഡലങ്ങൾക്കും ബാധകമാണ്.

കൂട്ടായി വിലപേശുവാനുള്ള അവകാശം നിശ്ചയമായും തൊഴിലാളികൾക്കുണ്ട്. എന്നാൽ ഇന്ന് നാട്ടിന്റെ വികസന പ്രവർത്തനങ്ങളുടെ താഴ്ന്ന നിലവാരവും അവ ത്വരിതപ്പെടുത്തുവാനുള്ള പരമപ്രധാനമായ ആവശ്യവും ദേശീയമായ ദുർനയങ്ങളും അപകർഷങ്ങളും ഒഴിവാക്കേണ്ടതാണെന്ന വസ്തുതയും പരിഗണിച്ച് പണിമുടക്കങ്ങളും തൊഴിൽശാല അടപ്പുകളും വളരെയേറെ അസാധാരണമായ പരിതസ്ഥിതികളിലല്ലാതെ നടത്തരുതെന്നാണ് മുസ്‌ലിംലീഗിന്റെ അഭിപ്രായം. എല്ലാ കാലങ്ങളിലും തൊഴിലുടമകളും തൊഴിലാളികളും തമ്മിലുള്ള തർക്കങ്ങൾ തീർക്കാൻ കൂടിയാലോചനയുടെയും അനുരഞ്ജനത്തിന്റെയും മാർഗ്ഗമാണ് സ്വീകരിക്കേണ്ടത്.

മുതലാളികൾ, തൊഴിലുടമകൾ എന്നീ നിലയിൽ അറിയപ്പെടുന്നവർ തൊഴിലാളികൾ തങ്ങളുടെ സഹോദരന്മാരാണെന്നും, സാമൂഹ്യസ്ഥിതിയെ സംബന്ധിച്ചേടത്തോളം ഭാഗ്യം കുറഞ്ഞവരെങ്കിലും തങ്ങൾക്കുള്ള അതേ മാനു

mappilaheritagelibrary.com

ഷികാവശ്യവും വികാരങ്ങളും അവർക്കും ഉണ്ടെന്നും എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. സമ്പത്തുൽപാദനത്തിലും നാട്ടിന്നു ആകമാനം ഉന്നതി സംജാതമാക്കുന്നതിലും സുപ്രധാനവും മൗലീകവുമായ ഒരു പങ്കാണ് തൊഴിലാളികൾ നിർവ്വഹിക്കുന്നതെന്നത് ഏവരും ധരിച്ചിരിക്കേണ്ടതാണ്. ആ യാഥാർത്ഥ്യം സദാ മനസ്സിൽ വെക്കുന്ന പക്ഷം തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള തർക്കം നിശ്ചയമായും പരമാവധി ലഘൂകരിക്കുവാൻ കഴിയുന്നതാണ്.

പബ്ലിക് സർവ്വീസ്സിലെ താണഗ്രയിഡുകളിലുള്ള ജീവനക്കാരുടെ നില, വിശിഷ്യ, പോലീസ് വകുപ്പിലും വിദ്യാഭ്യാസ വകുപ്പിലും ഉള്ള ജീവനക്കാരുടെ നില, സാരമായ പരിഗണന അർഹിക്കുന്നതും ആ വിഭാഗങ്ങളുടെ സംതൃപ്തിക്കും സ്റ്റേറ്റിന്റെ ഉത്തമതാൽപര്യത്തിനും വഴി തുറക്കുന്ന മട്ടിൽ എത്രയും വേഗത്തിൽ അവരുടെ കാര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുമാണ്.

സ്റ്റേറ്റുകളുടെ അധികാരങ്ങൾ

ജനങ്ങളുടെ കാര്യങ്ങൾ നേരിട്ടു നിയന്ത്രിച്ചു കൊണ്ട് പോകാനും കയ്യാളാനും ഉള്ള അടിയന്തരമായ കർത്തവ്യവും രാഷ്ട്രനിർമ്മാണപരമായ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള കടപ്പാടും സ്റ്റേറ്റുകളിൽ നിക്ഷിപ്തമാണ്. അങ്ങിനെയിരിക്കെ വിസ്തൃതവും വിശാലവുമായ നമ്മുടെ നാട്ടിൽ സ്റ്റേറ്റുകൾക്കു സമ്പൂർണ്ണമായ സാമ്പത്തിക വിഭവങ്ങളും അധികാരങ്ങളും ഉണ്ടാവേണ്ടത് ന്യായം മാത്രമാണ്. എന്നാൽ ഇന്നത്തെ നില അവർക്കനുവദിച്ചിട്ടുള്ള വിഭവങ്ങളും അധികാരങ്ങളും തികച്ചും അപര്യാപ്തമാണ്. മാത്രമല്ല, ഈ അപര്യാപ്തമായ അധികാരം ഉൾപ്പെടെയുള്ള സ്റ്റേറ്റിന്റെ പല മണ്ഡലങ്ങളിലും കേന്ദ്രം കൈകടത്തിക്കൊണ്ടിരിക്കുകയാണ്. ആവശ്യമായി വരികയാണെങ്കിൽ ഭരണഘടന ഭേദഗതി ചെയ്തിട്ടുപോലും ഈ ദുരവസ്ഥ തിരുത്തേണ്ടതാണ്.

കേരളം

രാജ്യത്തിൽ ഏറ്റവുമധികം ജനസാന്ദ്രതയുള്ള ഈ സ്റ്റേറ്റിനു വേണ്ടത്ര ഭക്ഷണം വേണ്ടുംവിധം വിതരണം ചെയ്യുന്നതാണ് ഏറ്റവും അധികം മുൻഗണന നൽകേണ്ടത്.

ഭക്ഷ്യധാന്യങ്ങളിൽ സ്റ്റേറ്റിലുള്ള കമ്മി കൃത്യമായും കണിശമായും നേരിടാൻ വ്യക്തമായ നയം ആവിഷ്കരിക്കുന്നതിനും ഇന്ത്യാഗവർമ്മെണ്ടിൽ നിർബ്ബന്ധം ചെലുത്തണം.

ജലസേചനത്തിന്റെ കാര്യത്തിൽ സ്റ്റേറ്റ് ഇപ്പോൾ വളരെ പിന്നോക്കമാണ്. കേന്ദ്രത്തിൽ നിന്ന് കിട്ടാവുന്ന സഹായം നേടിക്കൊണ്ട് കൂടുതൽ ജലസേചന പദ്ധതികളേർപ്പെടുത്താൻ സത്വരനടപടികളെടുക്കുകയും, ചെറിയ പുഴകളിൽ അണക്കെട്ടുകൾ നിർമ്മിക്കുക, പഴയ കുളങ്ങളുടെ കേടുപാടുകൾ തീർക്കുക, ചെറുതും വലുതുമായ പുതിയ കുളങ്ങൾ നിർമ്മിക്കുക, ഭൂമിക്കടിയിലുള്ള വെള്ളം സംഭരിച്ച് വിതരണം ചെയ്യാനേർപ്പാട് ചെയ്യുക തുടങ്ങി ഉടനടി ഫലമുളവാക്കുന്ന ചെറുകിട ജലസേചന പദ്ധതികളിൽ അടിയന്തരമായി വേണ്ട ശ്രദ്ധ ചെലുത്തുകയും വേണം.

വ്യാവസായിക വികസനത്തിൽ കേരളം വാസ്തവത്തിൽ വളരെ മോശമായ ഒരു സ്ഥിതിയിലാണ്, കേരളത്തിൽത്തന്നെ ഉണ്ടാവുന്ന മരം, നാളികേരം, മരച്ചീനി, അണ്ടി, കുരുമുളക് തുടങ്ങിയ ഉൽപന്നങ്ങളെ അടിസ്ഥാനമാക്കി പുതിയ വ്യവസായങ്ങളാരംഭിക്കാൻ ഊർജ്ജിതമായ നടപടികളെടുക്കണം.

മത്സ്യബന്ധനം, മത്സ്യം ഉണക്കൽ തുടങ്ങിയ ചെറുകിട വ്യവസായങ്ങളും, കൈത്തറി, കയർ നിർമ്മാണം, കൊട്ട നിർമ്മാണം തുടങ്ങിയ കുടിൽവ്യവസായങ്ങളും, അഭിവൃദ്ധിപ്പെടുത്താൻ സത്വരനടപടികളെടുക്കണം.

mappilaheritagelibrary.com

വ്യവസായവികസനത്തിൽ വളരെ പ്രധാനപ്പെട്ട ഒരിനമായ ഭൂഖനനത്തെ കേരളത്തിൽ പ്രത്യേകിച്ചും വളരെ അവഗണിച്ചു കാണുന്നു. സ്റ്റേറ്റിൽ പലേടങ്ങളിലും ലിഗ്നൈറ്റ്, അഭ്രം തുടങ്ങിയ ധാതുക്കളുണ്ടെന്നുള്ളതിന് ധാരാളം സൂചനകളുണ്ട്. പക്ഷേ ഈ ധാതുദ്രവ്യങ്ങളെ ചൂഷണം ചെയ്യാൻ ശ്രമിച്ചിട്ടില്ലെന്നു മാത്രമല്ല, സ്റ്റേറ്റിൽ ഇതുവരെയായി ഇതു സംബന്ധിച്ച് ശരിയായ ഒരു സർവ്വേ പോലും നടത്തിയിട്ടില്ല. ഖനി, ധാതുദ്രവ്യങ്ങളും സ്റ്റേറ്റിന്റെ സമ്പത്ത് വർദ്ധിക്കാൻ ഒരു പ്രധാന മാർഗ്ഗമായിരിക്കേ അതിലേക്ക് തക്കതായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

സ്റ്റേറ്റിൽ വിദ്യുച്ഛക്തി ഗണ്യമായ നിലയിൽ വർദ്ധിപ്പിക്കാനും നടപടികളെടുക്കേണ്ടതുണ്ട്.

ഗുരുതരമായ തൊഴിലില്ലായ്മ പ്രശ്നം കൊണ്ടു പൊറുതിമുട്ടുന്ന കേരളത്തിന്റെ വിഷമതകൾ കുറെയെങ്കിലും ലഘൂകരിക്കുവാൻ മേലുദ്ധരിച്ച നടപടികൾ സഹായകമായിരിക്കും.

തൊഴിലാളികളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതും, അവരുടെ കൂലി-കാർഷികരംഗത്ത് പ്രത്യേകിച്ചും- വർദ്ധിപ്പിക്കേണ്ടതും അടിയന്തരമായ ശ്രദ്ധയർഹിക്കുന്ന അതിപ്രധാന വിഷയങ്ങളാണ്.

കുടിയാന്മാരുടെയും കർഷകരുടെയും താല്പര്യങ്ങൾ സുരക്ഷിതമാക്കുകയും, നിയമനിർമ്മാണം വഴിക്കും, കടം നൽകാനുള്ള വ്യവസ്ഥകളേർപ്പെടുത്തിയും കൃഷിക്കാരുടെ കടബാദ്ധ്യതകൾക്കാശ്വാസം നൽകാൻ നടപടികളെടുക്കുകയും വേണം.

കേരളത്തിൽ വേണ്ടത്ര റെയിൽവെ സൗകര്യമില്ല. ഇപ്പോഴുള്ള റെയിൽവെസ്റ്റേഷനുകളും വണ്ടികളും എല്ലാം തന്നെ വളരെ പഴക്കമുള്ളതും കേടുപാട് വന്നവയുമാണ്. മലബാറിൽ മേലാറ്റൂരിൽ നിന്ന് ഫറോക്കിലേക്ക് ഒരു ചെറിയ റെയിൽവേ സ്ഥാപിക്കാനുള്ള നിർദ്ദേശം വർഷങ്ങൾക്കു മുമ്പ് കേന്ദ്രം സ്വീകരിച്ചതാണെങ്കിലും ആ വാഗ്ദാനം ഇന്നും അങ്ങനെ അവശേഷിക്കുകയാണ്. ആലപ്പുഴ, മഞ്ചേരി തുടങ്ങിയ പ്രധാന നഗരങ്ങളും വ്യാപാരകേന്ദ്രങ്ങളും റെയിൽവെ ഗതാഗതബന്ധമില്ലാതെ കിടക്കുകയാണ്. വളരെയധികം ഒച്ചപ്പാടുണ്ടാക്കിയ തിരുവനന്തപുരം-കന്യാകുമാരി ലൈനും, തലശ്ശേരി-മൈസൂർ ലൈനും അടുത്ത ഭാവിയിലെങ്ങും രൂപമെടുത്തു കാണുമെന്ന് തോന്നുന്നില്ല. ഈ കാര്യങ്ങളും അതുപോലുള്ള മറ്റടിയന്തരവിഷയങ്ങളും ഫലപ്രദമായും വിജയപ്രദമായും കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു.

റോഡ് ഗതാഗതസൌകര്യത്തെ സംബന്ധിച്ചേടത്തോളവും കേരളത്തിന്റെ സ്ഥിതി ഒട്ടും ആശാസ്യമല്ല. പല ഗ്രാമങ്ങളും-പ്രത്യേകിച്ച് മലബാറിലെ അവികസിത പിന്നോക്ക പ്രദേശങ്ങളിലെ പല ഭാഗങ്ങളും- റോഡ്കൊണ്ട് മാത്രമല്ല, കാളവണ്ടിപ്പാത കൊണ്ടു പോലും അന്യോന്യം ബന്ധിക്കപ്പെടാതെ കിടക്കുകയാണ്. പലേടങ്ങളിലും ധാരാളം പാലങ്ങൾ പണിയുകയും അങ്ങിനെ, ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കുള്ള സഞ്ചാരം ആധുനികരീതിയിൽ വിഷമം കുറഞ്ഞ തരത്തിലാക്കിത്തീർക്കുകയും ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസവിഷയത്തെ സംബന്ധിച്ചേടത്തോളം മുമ്പത്തെ കമ്യൂണിസ്റ്റ് ഗവർമ്മെണ്ട് പാർട്ടി താല്പര്യങ്ങൾക്കുവേണ്ടി സ്വകാര്യ വിദ്യാലയങ്ങളെ ഗവർമ്മെണ്ടു നിയന്ത്രണത്തിൽ കൊണ്ടു വരാൻ പാടുപെട്ടിരുന്നുവെങ്കിലും കേരളത്തിലെ പല വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും മദിരാശി ഗവർമ്മെണ്ടും മദിരാശി സർവ്വകലാശാലയും മുമ്പ് ചെയ്തിരുന്ന ആനുകൂല്യങ്ങൾ പോലും ചെയ്യാൻ തയ്യാറായിരുന്നില്ല. കോളേജുകളെപോലെ ഉള്ള ചില വിദ്യാഭ്യാസസ്ഥാപന

mappilaheritagelibrary.com

ങ്ങൾക്ക് ഗവർമ്മെണ്ട് നൽകിയിരുന്ന ഗ്രാന്റുകളും സഹായങ്ങളും താമസിപ്പിക്കുകയും നിർത്തുകപോലും ചെയ്കയും ചെയ്തു കൊണ്ടു അത്തരം സ്ഥാപനങ്ങളെ അത്യധികം വിഷമിപ്പിക്കുകയാണ് ചെയ്തത്. വിദ്യാഭ്യാസ പ്രചരണത്തിലുള്ള ഇത്തരം വിഷമതകൾ ദൂരീകരിക്കാൻ വേണ്ട നടപടികളെടുക്കണം.

പ്രത്യേകിച്ച്, സ്റ്റേറ്റിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിക്കും അഭിവൃദ്ധിക്കും അനിവാര്യമായ ഒരാവശ്യമായ സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ സജീവമായ നടപടികളെടുക്കേണ്ടിയിരിക്കുന്നു.

മദ്യനിരോധം കേരളത്തിലാകമാനം വ്യാപിപ്പിക്കണമെന്നാണ് മുസ്‌ലിംലീഗിന്റെ അഭിപ്രായം. അത് ജനങ്ങളുടെ മാനസികവും, ധാർമ്മികവും സാമ്പത്തികവുമായ ഭദ്രതക്ക് അനുപേക്ഷണീയമാണ്. മദ്യനിരോധം ഇപ്രകാരം വ്യാപിപ്പിക്കുമ്പോൾ അതുകൊണ്ട് തൊഴിൽ നഷ്ടപ്പെടുന്നവർക്ക് മറ്റു തൊഴിലുകളിലേർപ്പെടുത്താനുള്ള സഹായം നൽകേണ്ടതാണ്.

സ്റ്റേറ്റിന്റെ പുരോഗതിക്കും അഭിവൃദ്ധിക്കും ശ്രേയസ്സിനും വേണ്ടിയുള്ള ഈ പദ്ധതികളും അതുപോലെയുള്ള മറ്റു പരിപാടികളും നടപ്പിലാക്കാൻ സ്റ്റേറ്റിൽ ഒരുറച്ച ഗവർമ്മെണ്ടും ഭദ്രമായ നിയമസമാധാനനിലയും, ജനങ്ങൾക്കിടയിൽ അചഞ്ചലമായ രക്ഷാബോധവും അവശ്യം ആവശ്യമാണ്. ഇത്തരം ഒരു ഗവർമ്മെണ്ട് സ്ഥാപിക്കാനും നടത്താനും മുസ്‌ലിംലീഗ് പരമാവധി പ്രവർത്തിക്കുകയും ഇന്ത്യൻ ഭരണഘടനയനുസരിച്ച് സ്റ്റേറ്റിൽ ശക്തിയായ ഒരു ജനാധിപത്യശക്തി കെട്ടിപ്പടുക്കുവാൻ ഇടവിടാതെ പരിശ്രമിക്കുകയും ചെയ്യും.

മുസ്‌ലിംലീഗ്

ഇന്ത്യയെപ്പോലെയുള്ള ഒരു മതേതരഭൗതികരാഷ്ട്രത്തിൽ (സെക്യൂലർസ്റ്റേറ്റ്) മതന്യൂനപക്ഷങ്ങൾക്ക് അവശതകളെന്നും ഉണ്ടാവുകയില്ലെന്ന് മറ്റുള്ളവരുടെ വാദങ്ങളൊന്നും ശ്രദ്ധിക്കാതെ നിരന്തരമായി ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്ന 'ഏകമാർഗ്ഗമനസ്ഥിതിക്കാരായ' ചില രാഷ്ട്രീയനേതാക്കളുണ്ട്. പക്ഷേ, ഈ ന്യൂനപക്ഷങ്ങൾക്ക് വാസ്തവത്തിൽ അവശതകളൊന്നുമില്ലേ? അവയ്ക്കു അവശതകളുണ്ടെന്ന് ഇന്ത്യാ പ്രധാനമന്ത്രി പലതവണ തുറന്നു സമ്മതിച്ചിട്ടുണ്ട്. പിന്നെ, ഈ ന്യൂനപക്ഷങ്ങളുടെ താൽപര്യങ്ങൾ തങ്ങൾ സംരക്ഷിച്ചു കൊള്ളാമെന്ന് പറയുന്ന പഴയതും പുതിയതുമായ ചില രാഷ്ട്രീയകക്ഷികളുണ്ട്. പക്ഷെ അവർക്ക് അതെങ്ങനെ സംരക്ഷിക്കാൻ സാധിക്കും? തങ്ങളുടെ താല്പര്യങ്ങളും അവശതകളും എന്തെല്ലാമാണെന്ന്, ന്യൂനപക്ഷങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കേണ്ടതില്ലേ. സ്വന്തം സംഘടനയിൽ കൂടിയല്ലാതെ ഒരു ന്യൂനപക്ഷത്തിനു എങ്ങിനെ സംസാരിക്കാൻ സാധിക്കും? അത്തരം ഒരു സംഘടന രാഷ്ട്രീയസംഘടനയായിരിക്കണമെന്നതും ഒരു പരമാർത്ഥമല്ലേ? രാഷ്ട്രീയം ഉപേക്ഷിക്കുക എന്നുവെച്ചാൽ ജീവിതം തന്നെ ഉപേക്ഷിക്കുക എന്നല്ലേ അർത്ഥം?

പിന്നെ, മുസ്‌ലിംകളും മറ്റു ചില ന്യൂനപക്ഷസമുദായങ്ങളും ന്യൂനപക്ഷങ്ങൾ തന്നെയല്ല, എന്നുവാദിക്കുന്ന ചില രാഷ്ട്രീയപാർട്ടികളുമുണ്ട്. കമ്യൂണിസ്റ്റ് പാർട്ടിയുടെ വാദം അതാണ്. കേരള വിദ്യാഭ്യാസബില്ലിന്റെ നിയമസാധുതയെ സംബന്ധിച്ച് സുപ്രിംകോടതിയിൽ വാദം നടന്നപ്പോൾ കേരളത്തിലെ കമ്യൂണിസ്റ്റ് ഗവർമ്മെണ്ട് ഈ വാദമാണ് ഉന്നയിച്ചത്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തതനുസരിച്ച് തങ്ങൾ ഒരു ന്യൂനപക്ഷമാണെന്ന പരമാർത്ഥം സമുദായത്തിന്റെ പേരിൽ ഫലപ്രദമാംവണ്ണം തുറന്നു പ്രഖ്യാപിക്കാൻ രാഷ്ട്രീയമായി സംഘടിച്ചാൽ മാത്രമേ മുസ്‌ലിംകൾക്ക് സാധിക്കുകയുള്ളൂ.

mappilaheritagelibrary.com

യഥാർത്ഥത്തിൽ, മുസ്‌ലിംലീഗിനെതിരായി വ്യക്തിപരമായ പഴയ ചില വെറുപ്പും വിദ്വേഷവും ഇപ്പോഴും ബാക്കിയുള്ള ചില രാഷ്ട്രീയ നേതാക്കളും, എല്ലാം തങ്ങൾക്കുമാത്രം കിട്ടണമെന്നും എല്ലാ കാര്യങ്ങളും തങ്ങളുടെ സ്വന്തം അഭീഷ്ടമനുസരിച്ചു മാത്രം നടക്കണമെന്നും ആഗ്രഹിക്കുന്ന ചിലരും, പാർട്ടി താല്പര്യങ്ങൾക്കുവേണ്ടി മുസ്‌ലിം സമുദായത്തിന്റെ ഭദ്രതയെ നശിപ്പിക്കണ മെന്നാഗ്രഹിക്കുന്ന കമ്യൂണിസ്റ്റ്കാരെപ്പോലെയുള്ളവരുമൊഴിച്ചാൽ പലരും ഇപ്പോൾ സ്ഥിതിഗതികളുടെ യാഥാർത്ഥ്യം ശരിക്കും ഗ്രഹിക്കുകയും മുസ്‌ലിംലീ ഗിന്റെ ജനാധിപത്യ ദേശീയസ്വഭാവത്തെ അംഗീകരിക്കുകയും ചെയ്തു കഴി ഞ്ഞിട്ടുണ്ട്.

മുസ്‌ലിംലീഗ് എന്ന നാമധേയവും ഇന്ത്യാരാഷ്ട്രത്തിന്റെ അവിഭാജ്യഘട കങ്ങളായ മുസ്‌ലിംകളാദി ന്യൂനപക്ഷസമുദായങ്ങളുടെ താല്പര്യങ്ങൾ സംര ക്ഷിക്കലടക്കമുള്ള അതിന്റെ ഉദ്ദേശ്യാശയങ്ങളും മുസ്‌ലിംലീഗിന്റെ അനുയാ യികൾക്കും മറ്റു രാഷ്ട്രീയ പാർട്ടികൾക്കുമിടയിലോ, മുസ്‌ലിംകൾക്കും രാജ്യ ത്തിലെ ഇതര ജനവിഭാഗങ്ങൾക്കുമിടയിലോ ഒരിക്കലും തന്നെ യാതൊരു പ്രശ്നവും സൃഷ്ടിച്ചിട്ടില്ല. ഉദാഹരണമായി പല സന്ദർഭങ്ങളിലും മുസ്‌ലിംലീ ഗിന്റെ സഹായസഹകരണങ്ങൾ തേടുന്നതിൽ നിന്നും നേടുന്നതിൽ നിന്നും അത് സാധാരണ കോൺഗ്രസ്സുകാരെ ഒരിക്കലും അകറ്റി നിർത്തിയിട്ടില്ല. മുസ്‌ലിംലീഗ് എന്ന നാമധേയമോ, അതിന്റെ ആദർശലക്ഷ്യങ്ങളോ, അതുമാ യി സമ്പർക്കം സ്ഥാപിക്കുന്നതിൽ നിന്ന് കോൺഗ്രസ്സ് നേതാക്കളെ അകറ്റി നിർത്തിയിട്ടില്ല. 1952-ൽ മദിരാശിയിലെ മുഖ്യമന്ത്രിയാവാൻ മി: സി.രാജഗോ പാലചാരി മുസ്‌ലിംലീഗിന്റെ പിന്തുണ ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്തതിന് അക്കാര്യം തടസ്സമായി നിന്നിട്ടില്ല. പിന്നീട് മദിരാശി അസംബ്ലി യിൽ അദ്ദേഹത്തിന്നെതിരായി വന്ന അവിശ്വാസപ്രമേയത്തെ ഒരു വോട്ടിന്റെ ഭൂരിപക്ഷം കൊണ്ട് പരാജയപ്പെടുത്തുന്നതിലും മുസ്‌ലിംലീഗിന്റെ സഹായം ആവശ്യപ്പെടുന്നതിനു അതിന്റെ പേർ തടസ്സമായി നിന്നിട്ടില്ല. കോൺഗ്രസ്സ് നിയ മസഭാ പാർട്ടിയോഗങ്ങളിൽ ഹാജരാവാൻ അദ്ദേഹം ഔദ്യോഗികമായി മുസ്‌ലിംലീഗ് പാർട്ടിയെ ക്ഷണിച്ചു കൊണ്ടിരുന്നപ്പോഴും ലീഗിന്റെ പേരും പ്രവർത്തനവും അദ്ദേഹത്തിനു ഒരു തടസ്സമായി തോന്നിയിരുന്നില്ല. 1952-ലെ മദിരാശി സംസ്ഥാനത്തെ മുൻസിപ്പൽ തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സും മുസ്‌ലിംലീഗും തമ്മിൽ വിജയപ്രദമായ ഒരു തിരഞ്ഞെടുപ്പ് ധാരണയുണ്ടാക്കു ന്നതിനും മുസ്‌ലിംലീഗിന്റെ നാമം തടസ്സമായിരുന്നില്ല. 1954-ൽ അസംബ്ലിയി ലേക്ക് നടന്ന ഒരു ഇടക്കാല തിരഞ്ഞെടുപ്പിൽ മദിരാശിയിലെ ഇപ്പോഴത്തെ മുഖ്യമന്ത്രി മി.കാമരാജ് മുസ്‌ലിംലീഗിന്റെ പിന്തുണ ആവശ്യപ്പെടുകയും സ്വീക രിക്കുകയും ചെയ്യുന്നതിന് മുസ്‌ലിംലീഗിന്റെ പേരും ഉദ്ദേശ്യങ്ങളും തടസ്സമായി നിന്നിട്ടില്ല. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പ് മുതൽ പുതിയ കേരള സ്റ്റേറ്റിൽ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുമായുണ്ടായ അങ്ങേയറ്റം സൗഹാർദ്ദപരമായ ബന്ധ ത്തിന് മുസ്‌ലിംലീഗ് നാമധേയം യാതൊരു വിധത്തിലും തടസ്സമായിരുന്നിട്ടില്ല. കേരളത്തിലെ കമ്യൂണിസ്റ്റ് ഭരണത്തിന്നെതിരായി നടന്ന ചരിത്രപ്രസിദ്ധമായ വിമോചന സമരത്തിൽ ഇതര പാർട്ടികളുമായി ആത്മാർത്ഥമായി സഹകരിച്ച് ആവേശകരമായ ഐക്യത്തോടെ പ്രവർത്തിക്കുന്നതിൽ നിന്നു മുസ്‌ലിംലീഗും അതിന്റെ ആദർശലക്ഷ്യങ്ങളും അണുവോളം വ്യതിചലിച്ചിട്ടില്ല. കേരളത്തിൽ അടുത്ത് നടക്കാൻ പോകുന്ന ഇടക്കാല തിരഞ്ഞെടുപ്പിലും കമ്യൂണിസ്റ്റ്ക് കാർക്കെതിരായി മറ്റു പാർട്ടികളുമായി അകമഴിഞ്ഞ് സഹകരിക്കുന്നതിൽ മുസ്‌ലിംലീഗ് എന്ന നാമവും ലീഗിന്റെ ലക്ഷ്യങ്ങളും ലവലേശവും വ്യതിയാനം

mappilaheritagelibrary.com

ഉണ്ടാക്കിയില്ല.

ഇന്ത്യയിലെ പൗരന്മാരെന്ന നിലക്ക് മുസ്‌ലിംകൾക്കും അവരുടെ പ്രാതിനിദ്ധ്യമുള്ള സംഘടനയായ മുസ്‌ലിംലീഗിനും രാജ്യകാര്യങ്ങളിലും രാജ്യശ്രേയസ്സിലും അനല്പമായ താല്പര്യമുണ്ട്. തങ്ങളുടെ താല്പര്യവും ശ്രേയസ്സും നാട്ടിന്റെ താല്പര്യശ്രേയസ്സുമായി അഭേദ്യമാംവണ്ണം ബന്ധപ്പെട്ടതാണെന്നു അവർക്ക് തികഞ്ഞ ബോധമുണ്ട്. അതേ സമയം അവരെ സംബന്ധിച്ചേടത്തോളെ മർമ്മപ്രധാനമായി ഗണിക്കപ്പെടുന്ന ഒരു വ്യത്യസ്ത മതവും സംസ്കാരവും ജീവിതസമ്പ്രദായവുമുള്ളവരെന്ന നിലയ്ക്ക് അവർക്ക് ചില കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളുമുണ്ട്. ഈ രണ്ടു താല്പര്യങ്ങളും പരസ്പരം രഞ്ജിക്കാത്തവയല്ല; നേരെ മറിച്ചു, അവ അന്യോന്യം സമഞ്ജസമായി ബന്ധപ്പെട്ടവയും പരസ്പരം സഹായിക്കാൻ പര്യാപ്തമായവയുമാണ്.

മതം രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ പാടില്ലെന്നു പറയുന്നവരുണ്ട്. പക്ഷെ മുസൽമാന്മാരെ സംബന്ധിച്ചേടത്തോളം യഥാർത്ഥ ജീവിതത്തിൽ മതത്തെ രാഷ്ട്രീയത്തിൽ നിന്നോ, ജീവിതത്തിലെ മറ്റു രംഗങ്ങളിൽ നിന്നോ വേർതിരിക്കാൻ പാടില്ലെന്നാണ് അവർ വിശ്വസിക്കുന്നത്. എങ്കിലും, യഥാർത്ഥ അനുഭവത്തിൽ രാഷ്ട്രീയനേതാക്കളും രാഷ്ട്രീയപാർട്ടികളുമാണ് മതപരമായ കാര്യങ്ങളെ കയ്യേറ്റം നടത്തിക്കൊണ്ടിരിക്കുന്നത്. മുസ്‌ലിംകളുടെ വ്യക്തിനിയമമായ ശരീഅത്തിലുള്ള ഇടപെടലും പൊതുവിദ്യാലയങ്ങളിലെ പഠനങ്ങളിൽ നിന്നു മതപഠനം നിരോധിക്കലും മറ്റും ഇതിനുദാഹരണങ്ങളാണ്.

മുസ്‌ലിംകളുടെ അഭിപ്രായത്തെ സംബന്ധിച്ച് ആശയക്കുഴപ്പങ്ങളില്ലാതെ ഏകസ്വരത്തിൽ സംസാരിക്കാനും ഒരു ന്യൂനപക്ഷമെന്ന നിലക്കുള്ള അവരുടെ മേൽ പ്രസ്താവിച്ച അവകാശത്തെ സംരക്ഷിക്കുവാനും രാജ്യത്തിന്റെ പൊതുപുരോഗതിയേയും ശ്രേയസ്സിനേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ മറ്റു സമുദായങ്ങളോടൊപ്പം ഒറ്റക്കെട്ടായി നിന്നു മുന്നോട്ട് പോകാൻ സഹായിക്കാനും മുസ്‌ലിംലീഗിനെപ്പോലെയുള്ള ഒരു സംഘടന, മുസ്‌ലിംസമുദായത്തിന്റെ മാത്രമല്ല, രാജ്യത്തിന്റെ മുഴുവനും താല്പര്യത്തിനു തന്നെയും അനുപേക്ഷണീയമാണ്.

ന്യൂനപക്ഷങ്ങൾ

മുസ്‌ലിംകളും അതുപോലെയുള്ള മറ്റു ന്യൂനപക്ഷങ്ങളും ഭൂരിപക്ഷസമുദായത്തിന്നില്ലാത്ത യാതൊരവകാശങ്ങളും ആവശ്യപ്പെടുന്നില്ല. ഭൂരിപക്ഷസമുദായത്തിലെ അവരുടെ സഹോദരന്മാരോടൊപ്പം തുല്യവും ന്യായവും മാന്യവുമായ പെരുമാറ്റമാണ് അവർ ആവശ്യപ്പെടുന്നത്.

മറ്റു പല ആവശ്യങ്ങളുടെയും കൂട്ടത്തിൽ താഴെ പറയുന്ന കാര്യങ്ങളാണ് മുസ്‌ലിംലീഗ് ആവശ്യപ്പെടുന്നത്.

(a) പൊതുവിദ്യാലയങ്ങളിൽ മതപഠനത്തിന്മേൽ ചുമത്തിയിട്ടുള്ള നിരോധം ആവശ്യമാണെങ്കിൽ ഭരണഘടന ഭേദഗതിചെയ്ത്, എടുത്തു കളയുക.

(b) അവരുടെ വ്യക്തിപരമായ ശരീഅത്ത് നിയമത്തിൽ ഇടപെടരുത്. അത്തരം ഇടപെടൽ, സ്വന്തം മതം പിന്തുടരാനുള്ള അവരുടെ ഭരണഘടനാപരമായ അവകാശങ്ങളിൽ ഇടപെടലാണ്.

(c) യു.പി, ബീഹാർ, ഡെൽഹി, പഞ്ചാബ് മുതലായ സ്റ്റേറ്റുകളിൽ ഉർദുവിനു അർഹമായ സ്ഥാനം നൽകണം.

(d) ആവശ്യമുള്ളേടത്ത് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അറബി, പേർഷ്യൻ, ഉർദു എന്നീ ഭാഷകൾ പഠിപ്പിക്കണം. അവയുടെ അദ്ധ്യയനം സംബ

mappilaheritagelibrary.com

ന്ധിച്ചു സിലബസ്സിന്റെയും അറബി ഉറുദു പണ്ഡിറ്റുമാരുടെയും സേവനവ്യവ സ്ഥകളുടെയും കാര്യത്തിൽ സ്കൂളുകളിലും കോളേജുകളിലും അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന വിഷമങ്ങളെ നീക്കണം.

(e) വിദ്യാർത്ഥികളെ അച്ചടക്കരഹിതമായ പ്രവർത്തനങ്ങളിൽ നിന്നും സജീവ രാഷ്ട്രീയത്തിൽ നിന്നും അകറ്റി നിർത്തുന്നതിനോടൊപ്പം അവരുടെ അവശതകൾ പൊതുവിലും, മുസ്‌ലിം വിദ്യാർത്ഥികളുടേത് പ്രത്യേകമായും പരിഹരിക്കണം.

(f) ഇസ്ലാംമതത്തെ സംബന്ധിച്ചും മുസ്‌ലിം ചരിത്രത്തെ സംബന്ധിച്ചും പ്രമാദങ്ങൾ ആവർത്തിക്കാതിരിക്കാൻ പാഠപുസ്തകകമ്മിറ്റികളിൽ മുസ്‌ലിംകൾക്ക് തക്കതായ പ്രാതിനിധ്യം നൽകണം.

(g) മുസ്‌ലിം അഭയാർത്ഥികളുള്ള സ്റ്റേറ്റുകളിൽ അവരെ താമസിയാതെ പുനരധിവാസം ചെയ്യിക്കാനേർപ്പാട് ചെയ്യണം.

(h) അവരിൽ നിന്നു ബലമായി കണ്ട്കെട്ടിയ പള്ളി, മദ്രസ എന്നിവയും മറ്റു മതധർമ്മസ്ഥാപനങ്ങളും മടക്കി കൊടുക്കണം.

(i) വഖഫ് സ്വത്തുക്കളുടെ ഭരണത്തിന്നായി സ്റ്റേറ്റുകളിൽ സമുദായ ത്തിന്റെ യഥാർത്ഥ പ്രതിനിധികളുൾക്കൊള്ളുന്ന വഖഫ് ബോർഡുകൾ രൂപീ കരിക്കണം.

(j) തങ്ങൾക്ക് വിശ്വാസമുള്ള പ്രതിനിധികൾ മുഖാന്തരം അവർക്ക് നിയ മസഭകളിൽ അർഹമായ പ്രാതിനിദ്ധ്യം നൽകണം. അതിന് ഇപ്പോഴത്തെ തിര ഞ്ഞെടുപ്പ് സമ്പ്രദായവും നിയമവും മാറ്റണം. ഒരു വോട്ടറുടെ എല്ലാ വോട്ടു കളും ഒരു സ്ഥാനാർത്ഥിയ്ക്കു ഒന്നായി നൽകാവുന്ന ബഹ്വാംഗനിയോഗമണ്ഡല (Multimember constituencies with cumulative voting) ങ്ങളേർപ്പെടുത്തുക യോ, മിച്ച വോട്ട് മാറ്റാവുന്ന ആനുപാതികമായ പ്രാതിനിദ്ധ്യവ്യവസ്ഥ ഏർപ്പെടുത്തുകയോ (Proportionate representation with transferable vote) ചെയ്യ ത്തക്കവിധം തെരഞ്ഞെടുപ്പ് നിയമത്തിൽ മാറ്റം വരുത്തണം. നിയോജകമണ്ഡ ലങ്ങളുടെ പരിധി നിർണ്ണയിക്കുമ്പോൾ, ഇപ്പോൾ ചെയ്യുന്നതുപോലെ മുസ്‌ലിംഭൂ രിപക്ഷപ്രദേശങ്ങളെ വിഭജിച്ച് താറുമാറാക്കാതെ ഭദ്രമായി നിലനിർത്തണം.

(k) ഗവർമ്മെണ്ടുദ്യോഗങ്ങളിലും അർദ്ധഗവർമ്മെണ്ട് സ്ഥാപനങ്ങളിലും അവർക്ക് ന്യായമായി ലഭിക്കേണ്ടതാണെങ്കിലും ഇപ്പോൾ ലഭിക്കാതിരിക്കുന്ന അർഹവും ന്യായവുമായ പ്രാതിനിധ്യം നൽകണം.

(i) ആരാധനാ സ്ഥലങ്ങൾക്കു മുമ്പിലൂടെ വാദ്യഘോഷങ്ങൾ നടത്തു ന്നത് സംബന്ധിച്ച് സമുദായങ്ങൾ തമ്മിൽ സംഘർഷവും സംഘട്ടനവും ഇല്ലാ താക്കാൻ തക്കനിയമനങ്ങളേർപ്പെടുത്തണം.

ഇപ്പോൾ നാട്ടിൽ സർവ്വത്ര നടമാടിക്കൊണ്ടിരിക്കുന്ന അഴിമതി നിയന്ത്രി ക്കാൻ ഫലപ്രദമായ നടപടികളെടുക്കണം. രാഷ്ട്രശരീരത്തെ കാർന്നു തിന്നുന്ന ഈ ദൂഷ്യം ഗണ്യമായ നിലയിലെങ്കിലും ഉന്മൂലനം ചെയ്യാൻ ശ്രമിക്കാഞ്ഞാൽ രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളും സാമ്പത്തികവികസന പരിപാടികളും മറ്റു വിധത്തിലുള്ള ദുരിതാശ്വാസപദ്ധതികളും വിജയിക്കുക ഏറ്റവും പ്രയാസമാ യിരിക്കും.

നാട്ടിലാകമാനം ത്വരിതഗതിയിൽ മദ്യനിരോധം ഏർപ്പെടുത്താനുള്ള ഫല പ്രദമായ നടപടികളും എടുക്കണം. രാഷ്ട്രശക്തിയെ നശിപ്പിക്കുന്ന മറ്റൊരു ദൂഷ്യമാണ് മദ്യപാനം.

സഹകരണ പ്രസ്ഥാനങ്ങൾ ഇപ്പോഴത്തേതിലും കൂടുതൽ വേഗത്തിലും വ്യാപകമായും ഊർജ്ജസ്വലമായും നാട്ടിലാകമാനം വ്യാപിപ്പിക്കാൻ നടപടിക

mappilaheritagelibrary.com

ളെടുക്കണം. പക്ഷെ അതു സങ്കുചിതമായ പട്ടാളച്ചിട്ടയിലോ, ജനങ്ങളുടെ വ്യക്തിപരമായ ഔത്സുക്യധ്വംസനത്തിലെ കലാശിക്കാതിരിക്കാൻ പ്രത്യേക മായും ശ്രദ്ധിക്കുകയും വേണം.

ഈ വക വിഷയങ്ങൾക്കും അതുപോലെയുള്ള കാര്യങ്ങൾക്കും വേണ്ടി യുള്ള പ്രവർത്തനം മുസ്‌ലിംലീഗ് തുടർന്നുകൊണ്ടിരിക്കും. ഈ നിർദ്ദേശങ്ങളെ അനുഭാവപൂർവ്വം പരിഗണിക്കാനും ആസന്നമായ തിരഞ്ഞെടുപ്പിൽ മുസ്‌ലിംലീ ഗിന്റെയും, അതിന്റെ സഖ്യകക്ഷികളായ കോൺഗ്രസ്സിന്റെയും പി.എസ്സ്.പി.യു ടെയും സ്ഥാനാർത്ഥികളെ പിന്താങ്ങുവാനും വോട്ടർമാരോട് മുസ്‌ലിംലീഗ് അഭ്യർത്ഥിച്ചു കൊള്ളുന്നു.

കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് കമ്മിറ്റി
എറണാകുളം

mappilaheritagelibrary.com

1960ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്-പി.എസ്.പി. മുസ്ലിംലീഗ് സഖ്യത്തിനു ഭൂരിപക്ഷം ലഭിച്ചു. മന്ത്രിസഭാ രൂപവൽക്കരണത്തിൽ പക്ഷേ മുസ്ലിം ലീഗിനു പ്രാതിനിധ്യമുണ്ടായില്ല. കെ.എം.സീതിസാഹിബ് സ്പീക്കർ പദം സ്വീകരിച്ചുകൊണ്ട് മുന്നണി ബന്ധം കാത്തു സൂക്ഷിക്കാൻ ലീഗ് വിട്ടുവീഴ്ച ചെയ്തു. 1961 ഏപ്രിൽ 17 ന് സീതിസാഹിബ് അന്തരിച്ചു. ഒഴിവു വന്ന സ്പീക്കർ പദവിയിലേക്കു സി.എച്ച്.മുഹമ്മദ് കോയയെ മുസ്ലിംലീഗ് നിർദേശിച്ചു. അപ്പോൾ, സ്പീക്കറാവുന്നതിനു നോമിനേഷൻ നൽകുന്നതിനു മുൻപ് പാർട്ടി അംഗത്വം സി.എച്ച്.മുഹമ്മദ് കോയ രാജിവെക്കണമെന്ന് കോൺഗ്രസ് വാശിപിടിച്ചു. ഈ ആവശ്യം ലീഗ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സി.എച്ച് 1961 ജൂൺ ഒമ്പതിന് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. പക്ഷേ കോൺഗ്രസ്സ് – ലീഗ് ബന്ധം വഷളാവുന്നതാണ് കേരളം കണ്ടത്. 1961 നവംബർ 10 ന് സി.എച്ച്.മുഹമ്മദ് കോയ സ്പീക്കർ സ്ഥാനം രാജിവെച്ചു.

16
മുസ്ലിംലീഗും സ്പീക്കർ പ്രശ്നവും

വിഭജനത്തിനുശേഷം ഇന്ത്യയിൽ മുസ്ലിംലീഗ് നിലനിർത്തുന്നതിനെ കോൺഗ്രസ്സ് ഒരിക്കലും അനുകൂലിച്ചിട്ടില്ല. കഠിനമായി പ്രതികൂലിക്കുകയും പ്രതികൂല സാഹചര്യം സൃഷ്ടിക്കുന്നതിനു സാഹസപ്പെടുകയും ചെയ്തിരുന്നു. ആ പ്രാതികൂല്യത്തേയും കഠിനമായ മർദ്ദനത്തേയും ഭീഷണിയേയും അവഗണിച്ചുകൊണ്ടാണ് മുസ്ലിംലീഗ് നിലനിർത്തിയത്. അപ്പക്കഷ്ണത്തിനു വേണ്ടി ലീഗിനെ ബലികഴിച്ചുവെന്നു നേതൃത്വത്തെ പഴിക്കുന്ന പലരും ശ്വാസം പോലും വിടാൻ ഭയന്നിരുന്ന ഒരു കാലഘട്ടത്തിൽ മുസ്ലിംലീഗു നിലനിർത്തിയ നേതാക്കന്മാർക്കു പല അപ്പക്കഷ്ണങ്ങളും വെച്ചു കെട്ടപ്പെട്ടിരുന്നു. അവരത് സ്വീകരിച്ചിട്ടില്ല. അപ്പക്കഷ്ണങ്ങൾ നൽകുന്നതിനു ലീഗ് പിരിച്ചുവിടലായിരുന്നു, അവർ നിശ്ചയിച്ചിരുന്ന വില. ഇന്നും ആ നിലപാടിൽ വലിയ വ്യത്യാസമൊന്നുമില്ല. നിരോധത്തിന്റെ ഡെമോക്ലസ്സ് വാൾ ലീഗിന്റെ മേൽ കെട്ടിത്തൂക്കപ്പെട്ടിരിക്കയാണ്. ഈ നിലയിൽ രാജ്യതാല്പര്യത്തെ മുൻനിർത്തി ഇപ്പോൾ കേരളത്തിലെടുത്ത ഒരു തീരുമാനം നേതൃമോഹവും സ്ഥാനലബ്ധിയും കൊണ്ടെടുത്തതാണെന്നു ആക്ഷേപിക്കുന്നവർ ചരിത്രം മറക്കുന്നവരാണ്. ഇന്നു തന്നെ ലീഗു പിരിച്ചു വിട്ടാൽ രണ്ടോ മൂന്നോ മന്ത്രിസ്ഥാനം ലഭിക്കില്ലെ? എന്തുകൊണ്ട് അതു സ്വീകരിച്ചില്ല? സ്പീക്കർസ്ഥാനം എന്തിനു സ്വീകരിച്ചു? ചിന്തിക്കേണ്ടുന്നൊരു

mappilaheritagelibrary.com

വിഷയമാണിത്.

സ്വന്തം നിലനില്പിനു വേണ്ടി പൊരുതുന്നു

മുസ്‌ലിംലീഗ് മറ്റു രാഷ്ട്രീയ സംഘടനകളുടെ അസൂയാവഹമായ പദവിയിൽ എത്തിയിട്ടില്ല. അതു സ്വന്തം നിലനില്പിനു വേണ്ടി പൊരുതുന്നു. ലീഗിന്റെ നിലനില്പിനെ പരസ്യമായി ന്യായീകരിക്കുവാൻ മറ്റു രാഷ്ട്രീയ സംഘടനകൾക്കു സങ്കോചമുണ്ട്. ലീഗിനാണെങ്കിൽ ആ നിലനിൽപ് സർവ്വവുമാണ്. മുസ്‌ലിംകൾക്കു ഒരു ജീവനുള്ള സമുദായമായി അവശേഷിക്കാൻ ഒരു രാഷ്ട്രീയ സംഘടന കൂടിയേ കഴിയൂ എന്നു ലീഗുകാർ വിശ്വസിക്കുന്നു. അതു മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കാൻ മുസ്‌ലിംലീഗ് ശ്രമിക്കുകയാണ്. ആമയെപ്പോലെ മന്ദഗതിയിലാണ് മുസ്‌ലിംലീഗിന്റെ പോക്ക് ഇയ്യാംപാറ്റയെപ്പോലെ ബദ്ധപ്പെട്ടു തീയിൽ ചാടാൻ ലീഗ് മുതിരാറില്ല. അതിന്നൊട്ടു നിർവാഹവുമില്ല.

ശിപ്പായിലഹളക്കുശേഷം ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയം എന്തായിരുന്നു? മുസ്‌ലിംകളെ ബ്രിട്ടീഷു ഗവർമ്മെണ്ട് സംശയിച്ചു. ആ അവസരത്തിൽ പൊരുതി മരിച്ചു അന്തസ്സ് രക്ഷിക്കാനല്ല; അന്തസ്സ് നശിക്കാതെ വിദ്യാഭ്യാസം ചെയ്തു സംഘടന ശക്തിപ്പെടുത്തുവാനാണ് നേതൃത്വം പഠിപ്പിച്ചത്. നിലവിലുള്ള ഒരു സന്ദിഗ്ദ്ധഘട്ടത്തിൽ സർ സയ്യിദ് ശാന്തനായും നിയമവിധേയനായും പ്രവർത്തിച്ചു. അതുപോലെയുള്ള നേതൃത്വം ഇന്ത്യൻ മുസ്‌ലിംകൾക്ക് ഇന്നു ചരിത്രപരമായ ഒരാവശ്യമാണ്. ആ ആവശ്യമാണ് ഖാഇദേമില്ലത്ത് നിറവേറ്റുന്നത്.

സഖ്യത്തിന്റെ പശ്ചാത്തലം

അഷോഭ്യമായി, വസ്തുനിഷ്ഠമായി ഇന്നത്തെ രാഷ്ട്രീയ തീരുമാനം കയ്യാളാൻ നമ്മുടെ യുവാക്കൾക്കു സാധിക്കണമെങ്കിൽ അവർ ചരിത്രപരമായ പശ്ചാത്തലത്തിൽ പ്രശ്നങ്ങൾ പഠിക്കണം. അതിനുവേണ്ടിയാണ് ഞാൻ ഇത്രയും പിന്നോട്ടു പോയി കാര്യം കാണാൻ ശ്രമിച്ചത്. കേരളത്തിൽ ഒരു കമ്മ്യൂണിസ്റ്റ് ഭരണം വന്നു. ആ ഭരണകൂടത്തിന്റെ ദുരന്തദുശ്ചെയ്തികൾ മൂലം അതു മാറ്റിമറിക്കാൻ മുസ്‌ലിംകൾക്കും ദേശാഭിമാനപരമായ ചുമതലയുണ്ടായിരുന്നു. അതിനു പുറമെ സമുദായത്തിന്റെ നിലയിൽ തന്നെ ഇസ്ലാമിനെ ക്രമേണ നശിപ്പിച്ചു കളയുന്ന സാഹചര്യങ്ങൾ ഇന്ത്യയിൽ സൃഷ്ടിക്കാനുള്ള സമരത്തിന്റെ നാന്ദിയായിരുന്നു അത്. അതിനെ അനുകൂലിക്കാത്തതിനും ചിലർ ലീഗ് വിട്ടുപിരിഞ്ഞുപോയിട്ടുണ്ട്. കമ്യൂണിസ്റ്റ് ഭരണത്തെ അനുകൂലിക്കുന്നത് പഞ്ചസാരയിൽ പൊതിഞ്ഞ വിഷം കഴിക്കുന്നതിന് തുല്യമാകുമായിരുന്നുവെന്നു മനസ്സിലാക്കാൻ കുറെ ബുദ്ധിയും കുറെയേറെ ക്ഷമയും വേണം.

എന്നിട്ടും നമ്മുടെ ചില സ്നേഹിതന്മാർ കമ്യൂണിസ്റ്റ് പാർട്ടിയെ മറ്റു പാർട്ടികളെപ്പോലെ ഒരു പാർട്ടിയായി മാത്രം കാണുന്നു. ദൈവമില്ലാത്തവരും ഏറെ ദൈവമുള്ളവരും തമ്മിലുള്ള വ്യത്യാസമേ അവരതിൽ കാണുന്നുള്ളു. ആ പാർട്ടി ഒരു തത്വസംഹിതയുടെ പ്രതീകമാണെന്നു അവർ മനസ്സിലാക്കുന്നില്ല. ഭാഗ്യമെന്നു പറയട്ടെ ഭൂരിപക്ഷം ഈ അഭിപ്രായക്കാരല്ല. അങ്ങിനെ ലീഗ്, കോൺഗ്രസ്സിനോടും പി.എസ്.പിയോടും ചേർന്നു വിമോചനസമരം നടത്തി. കോൺഗ്രസ്സും പി.എസ്.പി.യും ഭാവിയെ സംബന്ധിച്ചു എഴുതി ഒപ്പിട്ടു തന്നാലെ സമരത്തിൽ ചേരാവൂ എന്ന പക്ഷക്കാർ അന്നും ധാരാളം ഉണ്ടായിരുന്നു. പക്ഷെ വിമോചന സമരത്തിന്റെ ഒഴുക്കിൽ അവരുടെ വാദങ്ങൾക്ക് പ്രാബല്യം കിട്ടിയില്ല.

അതിനെ തുടർന്നു നടന്ന പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സും മുസ്‌ലിംലീഗും തമ്മിൽ യോജിപ്പുണ്ടായി. ഹൈക്കമാണ്ടുകൾ തമ്മിൽ ഒപ്പിട്ട ഒരു കരാറിന്നുശേഷം തിരഞ്ഞെടുപ്പിൽ മത്സരിച്ചാൽ മതിയെന്നായിരുന്നു പലരും

mappilaheritagelibrary.com

വാദിച്ചത്. മൂക്കിന്നപ്പുറം കാണാത്ത കോൺഗ്രസ്സ് ഹൈക്കമാണ്ട് അതിന്നൊരുങ്ങുകയില്ലെന്നു ഏതു കുട്ടിക്കും അറിയാം. അക്കാരണം കൊണ്ട് വാശിമൂലം മുസ്‌ലിംലീഗും അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ എന്താകുമായിരുന്നു ഫലം. ആ ഫലം മറ്റു സമുദായക്കാർക്കുമുണ്ടാവില്ലേ എന്ന വാദത്തിനു ഒരു പ്രസക്തിയുമില്ല. മറ്റു സമുദായക്കാർ ചിലപ്പോൾ സി.കെ.ഗോവിന്ദൻനായരുടെ ഭരണം എം.എൻ.ഗോവിന്ദൻനായർ ഏറ്റെടുത്തുവെന്നു മാത്രം ഇതിനെ കണക്കാക്കിയേക്കാം പക്ഷെ നാസ്തികത്വം അടിച്ചേല്പിക്കാൻ നടത്തുന്ന ഒരു ഭരണകൂടത്തെ മുസ്‌ലിംലീഗിന് സ്വാഗതം ചെയ്യാൻ കഴിയുമോ? അതിൽ ഒരു ഇമ്പിച്ചിബാവയോ ഒരായിശാബായിയൊ ഉണ്ടെന്നുള്ളത് മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം അത് തള്ളാനേ കാരണമാകുന്നുള്ളു. പൊതുതിരഞ്ഞെടുപ്പിന്റെ ആദ്യത്തിൽ ഒരു ധാരണ മാത്രമാണുണ്ടായിരുന്നത്. വിമോചനസമരത്തിന്റെ കാലാവസ്ഥയായതുകൊണ്ട് സംയുക്തയോഗങ്ങളും സംയുക്തതിരഞ്ഞെടുപ്പ് കമ്മറ്റികളും ഉടലെടുത്തു കൊടികൾ കൂട്ടിക്കെട്ടി മുദ്രാവാക്യങ്ങൾ ഒന്നായി. തിരഞ്ഞെടുപ്പിനുശേഷം മുസ്‌ലിംലീഗും കൂടി ചേർന്നുള്ള ഒരു മന്ത്രിസഭയാണുണ്ടാവുകയെന്നുള്ള കരാർ ഉണ്ടായിരുന്നില്ലെങ്കിലും ജനങ്ങൾ അങ്ങിനെ ധരിച്ചു. "മാതൃഭൂമി" പോലെയുള്ള പത്രങ്ങൾ അങ്ങിനെയുള്ള ഒരു ധാരണ ജനങ്ങളിൽ വളർത്തുകയും ചെയ്തു. അതിന്റെ ആത്മാർത്ഥതയെക്കുറിച്ചു ആരും ചോദ്യം ചെയ്തുമില്ല. മി.എസ്സ്.കെ.പട്ടീലിന്റേയും മറ്റും പ്രസംഗങ്ങൾ ആ ധാരണയെ ബലപ്പെടുത്തുകയും ചെയ്തു.

എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ മുസ്‌ലിംലീഗിനെ മന്ത്രിസഭയിലെടുക്കരുതെന്ന ഒരു തിട്ടൂരം നൽകുവാനുള്ള ബുദ്ധിയേ വടക്കെ ഇന്ത്യൻ കോൺഗ്രസ്സിന്നുണ്ടായിരുന്നുള്ളു.

അന്നത്തെ തീരുമാനം

മുസ്‌ലിംലീഗുകാരനെ സ്പീക്കർ സ്ഥാനത്തിരുത്തുന്നതാണെന്നു അവർ കൽപ്പിച്ചരുളി. ഇതിനെത്തുടർന്നു ഇന്നത്തേതിനേക്കാൾ വലിയ ഒരു സന്ദിഗ്ദ്ധാവസ്ഥ ഉണ്ടായി. അതിനെ ലീഗ് അതിജീവിക്കുകയില്ലെന്നു പ്രവചിച്ചവർ പോലും ഉണ്ടായിരുന്നു. സ്പീക്കർസ്ഥാനം കൊണ്ടു തൃപ്തിപ്പെടുവാൻ ലീഗണികൾ അന്നു ഒരുക്കമുണ്ടായിരുന്നില്ല. ജ:സി.എച്ച്.മുഹമ്മദ് കോയ സാഹിബിന്റെ സാന്നിദ്ധ്യത്തിൽ ദൽഹിയിൽ നടന്ന ചരിത്രപ്രസിദ്ധമായ കൂടിയാലോചനകൾ പൊളിഞ്ഞു. ലീഗിനെ കൂടാതെ മന്ത്രിസഭയിൽ വരുന്നില്ലെന്ന പ്രമേയം പി.എസ്.പി.യെക്കൊണ്ടു അംഗീകരിപ്പിക്കുന്നതിൽ മാത്രമായിരുന്നു മി:സി.എച്ച്.മുഹമ്മദ് കോയ വിജയിച്ചത്.

അവസാനം ലീഗുനേതാക്കൾ ആലോചന നടത്തി "നിരുപാധിക" മായി ഗവർമ്മെണ്ട് രൂപവൽക്കരണത്തെ സഹായിക്കാനും പി.എസ്.പി.യുടെ കെട്ട് അഴിച്ചുവിടാനുമാണ് ലീഗ് തീരുമാനിച്ചത്. ലീഗ് വൃത്തങ്ങളിൽ അന്നു എന്തൊരു ക്ഷോഭമായിരുന്നു? പക്ഷെ വടക്കെ ഇന്ത്യയിലും മറ്റും കാറ്റനുകൂലമായി വിശാൻ തുടങ്ങി. കോൺഗ്രസ്സ് തന്നെ പരിഭ്രമിച്ചു. ആ തീരുമാനം കോൺഗ്രസ്സിനെ ഇടിച്ചുതാഴ്ത്തി ലീഗിന്റെ പ്രസിദ്ധിയും പ്രശസ്തിയും എല്ലാ സ്ഥാനങ്ങളിലും പരന്നു നിന്നിട്ടും ലീഗിന്റെ അണികളിലെ ചില സ്വാഭിമാനികളുടെ പിറുപിറുപ്പ് അടങ്ങിയിരുന്നില്ല.

മുസ്‌ലിംലീഗ് നിരുപാധികമായിട്ടാണ് ഗവർമ്മെണ്ടിനെ സഹായിച്ചതെങ്കിലും സ്പീക്കർസ്ഥാനം ലീഗു സ്വീകരിക്കണമെന്നു സഹോദരകക്ഷികൾ നിർബ്ബന്ധിച്ചു. അങ്ങിനെ ചെയ്യുന്നത് "പരമമായും അഭിലഷണീയ" മാണെന്ന് പണ്ഡിറ്റ് നെഹ്റു തന്നെ പ്രസ്താവിച്ചു. പിന്നെ ആ അഭിലഷണീയത പോകാൻ

mappilaheritagelibrary.com

ജബൽപൂരിൽ ഭൂരിപക്ഷസമുദായത്തിൽപെട്ട കുറെ ഭ്രാന്തന്മാർ ന്യൂനപക്ഷങ്ങളെ അരിഞ്ഞു തള്ളിയെന്നതല്ലാതെ മറ്റൊരു കാരണവുമുണ്ടായിട്ടില്ലല്ലോ? പഴം ചൊല്ലിലെ ചെന്നായ ആട്ടിൻകുട്ടിയെ തിന്നത് അത്തരമൊരു കാരണമുണ്ടായിട്ടല്ലല്ലോ?

അന്നു മറിച്ചു ചെയ്തിരുന്നുവെങ്കിൽ

പിന്നീടു കക്ഷിരഹിതനായിരിക്കേണ്ടുന്ന സ്പീക്കർ വിജയം സുനിശ്ചിതമായ ഉടനെ കക്ഷിബന്ധം ഉപേക്ഷിക്കണമെന്നേ ഇപ്പോൾ പറഞ്ഞിട്ടുള്ളു. അതും പറഞ്ഞതു തെറ്റാണ്. അതിനു പറഞ്ഞ ന്യായങ്ങളും തെറ്റാണ്. ഒരു പാർട്ടിക്കു നൽകിയ സ്ഥാനം ആ പാർട്ടിയിലെ ഒരാൾ മരിച്ച കാരണത്താൽ ഇനി നൽകുകയില്ലെന്നു പറയുന്നത് മാന്യതക്ക് ചേരാത്ത ഒരു ചിന്താഗതിയെയാണ് ദ്യോതിപ്പിക്കുന്നത്. അതൊക്കെ വേറെ കാര്യമാണ്. അത് പിന്നീട് പറയാം. പക്ഷെ അന്നത്തെ നില ഇതല്ല. അന്നു മന്ത്രിസ്ഥാനം നൽകാൻ നിവൃത്തിയില്ലെന്നും പിന്നീട് കക്ഷിബന്ധം ഉപേക്ഷിക്കേണ്ടുന്ന സ്പീക്കർസ്ഥാനം സ്വീകരിക്കണമെന്നുമാണ് ലീഗിനോട് പറഞ്ഞത്. മന്ത്രിസഭയിലെടുക്കാത്തതുകൊണ്ട് സ്പീക്കർ സ്ഥാനം വേണ്ടെന്നു ലീഗ് കൗൺസിലിൽ വാദിക്കപ്പെട്ടു. അഖിലേന്ത്യാ ലീഗിന്റെ സിക്രട്ടറിയായിരുന്ന സീതിസാഹിബിനെ കക്ഷിരഹിതനാക്കുന്നത് മുസ്‌ലിംലീഗിനു താങ്ങാൻ കഴിയുകയില്ലെന്നും വാദിക്കപ്പെട്ടു. അന്നു വിവരക്കേടുകൊണ്ടു ഒരു പുതിയ വാദം കൂടി ഉന്നയിക്കപ്പെട്ടിരുന്നു. സ്പീക്കർ ഒരു മണിയടിക്കാരൻ മാത്രമാണെന്നായിരുന്നു സീതിസാഹിബ് നിര്യാതനാവുന്നതുവരെയും പലരുടേയും വാദം. ഇപ്പോൾ ഒരു രാജ്യത്തിലെ ഭരണകൂടത്തിന്റെ മൂന്നിലൊന്നാണ് നിയമസഭയെന്നും അതിനാൽ ആ പദവി വിട്ടുകളയാൻ പാടില്ലെന്നുമാണ് പലരും വാദിക്കുന്നത്. അവസാനം മുസ്‌ലിംലീഗ് എന്തിനായിരുന്നു ഇന്നു സ്പീക്കർ പദം സ്വീകരിച്ചത്? ജനാധിപത്യൈക്യം നിലനിർത്താൻ ഐക്യത്തിന്റെ കണ്ണിയായി ഈ സ്പീക്കർ സ്ഥാനസ്വീകരണം നാം അംഗീകരിച്ചു. സ്പീക്കറായശേഷം സീതിസാഹിബ് കക്ഷിബന്ധം കൺവെൻഷൻ അനുസരിച്ചു ഉപേക്ഷിച്ചു. മുസ്‌ലിംലീഗ് ആ നഷ്ടം സഹിച്ചു സേവനം കൊണ്ടു തലനരച്ച ആ വന്ദ്യനേതാവ് സ്ഥാനമോഹം കൊണ്ടാണങ്ങിനെ ചെയ്തതെന്ന ആക്ഷേപവും കൂടി ലീഗ് സഹിക്കേണ്ടിവന്നു. രാജ്യത്തിനുവേണ്ടി അതു സഹിച്ചു. അന്നു അങ്ങിനെ ചെയ്തത് ആർക്കും രുചിച്ചില്ല. മെല്ലെ മെല്ലെയാണ് കൗൺസിൽ തന്നെ ആ തീരുമാനത്തിലേക്ക് വന്നത്. പക്ഷെ അതു തെറ്റായിരുന്നുവോ? അന്നു മറിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിൽ മുസ്‌ലിംലീഗിനു ഇന്നു നേടിയ പദവി നേടാൻ കഴിയുമായിരുന്നില്ല. ഐക്യം തല്ലിത്തകർത്ത് ലീഗ് ഇറങ്ങിപ്പോകുമായിരുന്നു. ഒരു കോൺഗ്രസ്സു ഭരണം ഇവിടെ വരും. എത്രകാലത്തേക്ക് എന്നത് വേറെ ഒരു ചോദ്യം. നമ്മുടെ പല പ്രധാനികളും കോൺഗ്രസ്സിലേക്കും അത്യപ്തരായ യുവാക്കൾ പ്രതികാര മൂർച്ചയോടെ കമ്യൂണിസത്തിലേക്കും നീങ്ങുമായിരുന്നു. ആ കോൺഗ്രസ്സ് ഭരണം വരാനിരിക്കുന്ന കമ്യൂണിസ്റ്റ് ഭരണത്തിനു സിമന്റും ഇഷ്ടികയും ശേഖരിക്കുമായിരുന്നു. നാം ഒഴുക്കിയ വിയർപ്പു നമ്മുടെ അണികൾക്കെതിരായി വരുമായിരുന്നു. വീടിനുവേണ്ടി കൊത്തിയ കല്ല് ഖബറിനുവേണ്ടി എടുക്കേണ്ടിവരുന്ന നിലയിലെത്തുമായിരുന്നു. അന്നത്തെ പ്രസവത്തിൽ മുസ്‌ലിംലീഗ് ജീവരക്തം നൽകിയിരുന്നില്ലെങ്കിൽ ചിലപ്പോൾ ഐക്യകേരളം തന്നെ ചത്തുപോയെന്നു കൂടി വരുമായിരുന്നു.

ദൂരക്കാഴ്ചയുള്ളവർക്കേ ഇതൊക്കെ കാണാൻ കഴിഞ്ഞിരുന്നുള്ളു. അങ്ങിനെയുള്ളൊരു തീരുമാനവുമെടുത്തു. അല്ലാഹു അവർക്കു അത് തോന്നിച്ചുകൊ

mappilaheritagelibrary.com

ടുത്തു.

എപ്പോഴും ത്യാഗംചെയ്യേണ്ടത് മുസ്‌ലിംലീഗാണെന്നതൊഴിച്ചാൽ അന്നത്തെ നിലയും ഇന്നത്തെ നിലയും തമ്മിലെന്താണ് വ്യത്യാസം? അന്നു മന്ത്രിസഭക്കു പറ്റാത്തവരാണെന്നും പറഞ്ഞു സ്പീക്കറാക്കി. സ്പീക്കറായാൽ രാഷ്ട്രീയബന്ധം രാജിവെക്കണമെന്നവർക്കു അറിയാമായിരുന്നു. പിന്നീട് രാജിവെക്കുകയും ചെയ്തു. എല്ലാം ലീഗിന്റെ അനുവാദത്തോടു കൂടിയാണ് ചെയ്തത്. ഇന്ന് സ്പീക്കറായ ഉടനെ അയക്കേണ്ടുന്ന രാജി സ്പീക്കറാകുമെന്നുറപ്പ് വന്നപ്പോൾത്തന്നെ പ്രഖ്യാപിക്കപ്പെട്ടു. അത്രത്തോളം പിന്നോക്കം പോയി എന്നതൊഴിച്ചാൽ സ്ഥിതി അന്നുമിന്നും ഒന്നുതന്നെ, വാദങ്ങളും ഒന്നുതന്നെ. അതുകൊണ്ടു തന്നെയായിരിക്കണം അന്നുണ്ടായ കോളിളക്കം അത്രത്തോളം ഇന്നു സമുദായത്തിൽ കാണാത്തത്.

ഇത്രയും വാശിയിൽ നേരത്തെ പ്രതിപാദിക്കപ്പെട്ടിരുന്നില്ലെങ്കിൽ ഈ രാജി ആരും കാര്യമായി ഗണിക്കുമായിരുന്നില്ല. പരിഷ്കൃതരാജ്യങ്ങളിൽ സ്പീക്കർമാർ നിയമസഭയിലേക്കു മത്സരിക്കുമ്പോൾ തന്നെ കക്ഷിരഹിതരായി മത്സരിക്കാറുണ്ട്. പക്ഷെ കോൺഗ്രസ്സ് ഹൈക്കമാണ്ടിന്റെ ശാഠ്യവും കമ്യൂണിസ്റ്റുകാരുടെ "എരുകൂട്ടലു"മാണ് മുസ്ലിംകൾക്ക് ഇക്കാര്യത്തിൽ വാശിയുണ്ടാക്കിയത്. ആദ്യം പറഞ്ഞവർ ദീർഘദൃഷ്ടി കുറവായതുകൊണ്ടാണ് വാശികാണിച്ചത്. അതുകൊണ്ടുമാത്രം അവരുടെ അന്തസ്സ് രക്ഷപ്പെട്ടുവോ? ഇല്ലെന്നാണ് രണ്ടാമത് പറഞ്ഞ കൂട്ടർ പറയുന്നത്. അവർക്ക് ദീർഘദൃഷ്ടി കൂടുതലായതുകൊണ്ട് കോൺഗ്രസ്സിന്റെ പെട്ടിയെടുത്തു നടന്നുകൊള്ളാമെന്നു അവരോടു പറഞ്ഞു കൊണ്ടുതന്നെ ലീഗുകാരുടെ അരികെ ചെന്നു 'മൂച്ചുകൂട്ടു'ന്നു. രണ്ടുകൂട്ടരും ഇവരെ മനസ്സിലാക്കാഞ്ഞാൽ കഷ്ടമല്ലേ?

അന്ന് എന്തു ത്യാഗം ചെയ്തു സ്പീക്കർ സ്ഥാനം സ്വീകരിച്ചുവോ അതിലല്പം കൂടി ത്യാഗം ചെയ്തു ഇന്നത് നിലനിർത്തേണ്ടി വന്നു. കാരണം പരിതസ്ഥിതിയിൽ മാറ്റമില്ല. അന്നു ഏതു സാഹചര്യത്തിൽ ഒരു നേതാവിനു ലീഗുമായുള്ള ബന്ധം ഉപേക്ഷിക്കേണ്ടി വന്നുവോ അതേ സാഹചര്യത്തിൽ ഇന്നു മറ്റൊരു വ്യക്തിക്ക് ആ ബന്ധം വിടേണ്ടിവന്നു. കാരണം പരിതസ്ഥിതി പഴയതു തന്നെ.

എന്തുകൊണ്ട് മറ്റാരും മത്സരിച്ചില്ല?

ഏതോ ഒരു മുസ്‌ലിംലീഗ് നേതാവ് വെറുതെ കക്ഷിബന്ധം വേർപ്പെടുത്തിയപ്പോൾ അയാളെ സ്പീക്കറാക്കിയെന്നാണ് പൊതുജനങ്ങൾക്കിടയിൽ പ്രചാരവേല നടത്തുന്നത്. സ്ഥാനം കിട്ടാൻ മി: സി.എച്ച്. മുഹമ്മദുകോയ സ്വേച്ഛാനുസൃതം കക്ഷിബന്ധം വേർപ്പെടുത്തിയെന്നും തല്പര കക്ഷികൾ പ്രചാരവേല നടത്തുന്നു. ഈ നിലപാട് സത്യസന്ധമല്ല. ലീഗ് എക്സിക്യൂട്ടീവ് പൂർണ്ണാധികാരം നൽകിയ രണ്ട് നേതാക്കൾ മി: സി.എച്ച്. മുഹമ്മദുകോയയുടെ പേർ നിർദ്ദേശിക്കുകയാണ് ചെയ്തത്. (നിയമസഭാ ലീഗു പാർട്ടി അന്നു തന്നെ ആ തീരുമാനം ശരിവെച്ചു). കോൺഗ്രസ്സുകാർക്ക് വേണമെങ്കിൽ മി. റഹീമിനേയോ, മി. ഷംസുദ്ദീനെയോ, മി: നഫീസത്ത് ബീവിയെ തന്നെയോ സ്പീക്കർസ്ഥാനത്തേക്ക് അഭിപ്രായപ്പെടാമായിരുന്നില്ലേ! അല്ലെങ്കിൽ അവരിലാർക്കെങ്കിലും സ്ഥാനാർത്ഥികളായി നിന്നുകൂടാമായിരുന്നില്ലേ? അവർ അതിനു അഭിലഷിച്ചില്ല. അല്ലെങ്കിൽ പി.എസ്.പി.യിൽ മി.അലിക്കുഞ്ഞു ശാസ്ത്രി ഉണ്ടായിരുന്നില്ലേ? പി.എസ്.പി.യിൽ നിന്നു രാജിവെച്ചു സ്വതന്ത്രനായ മി: കുഞ്ഞു ഉണ്ടായിരുന്നില്ലേ? എന്തുകൊണ്ടാണ് ഇവരെ ആരെയും നിർത്താതിരുന്നതും, നിൽക്കാതിരുന്നതും? ലീഗിൽ നിന്നു തന്നെ വേറെ ആരെങ്കിലും ഒരാൾ എന്തുകൊണ്ട്

mappilaheritagelibrary.com

രാജിവെച്ചില്ല? അപ്പോൾ ഇതൊക്കെ പാർട്ടി അടിസ്ഥാനത്തിൽ നടന്ന കാര്യങ്ങളാണ്. മുസ്‌ലിംലീഗിന്റെ സകല അന്തസ്സും ഇതുകൊണ്ട് പോയെന്നു പറയുന്നവർ ലീഗുകൂടി ഉൾക്കൊള്ളുന്ന സംയുക്തനിയമസഭാ കക്ഷിയാണ് ആദ്യം മി.സി.എച്ചിനെ തിരഞ്ഞെടുത്തത് എന്ന വസ്തുത എന്തുകൊണ്ട് മറക്കുന്നു? താൻ തിരഞ്ഞെടുക്കപ്പെടുമെന്നു ബോദ്ധ്യമായിക്കഴിഞ്ഞപ്പോഴാണ് കോയസാഹിബ് കക്ഷിരഹിതനായത്. ഇതിന്നെല്ലാം ലീഗു ഹൈക്കമാണ്ടിന്റെ ആജ്ഞയും നിയമസഭാ ലീഗ് പാർട്ടിയുടെ അനുഗ്രഹവുമുണ്ടായിരുന്നു. സ്ഥാനലബ്ധിക്കുവേണ്ടി മി: മുഹമ്മദു കോയ സ്വമേധയാ ലീഗു വിട്ടുപോയതാണെന്നും അപ്പോൾ കോൺഗ്രസ്സുകാർ അദ്ദേഹത്തെ പിടികൂടി സ്പീക്കറാക്കിയതാണെന്നും തെറ്റിദ്ധരിപ്പിക്കുന്നവിധം ദുഷ്പ്രചരണം നടത്തുന്നവർ സത്യത്തെ ക്രൂശിക്കുന്ന അസൂയാലുക്കൾ മാത്രമാണ്. സ്വാർത്ഥമായിരുന്നുവെങ്കിൽ മി.മുഹമ്മദുകോയ സ്വമേധയാ രാജിവെച്ചുപോകേണ്ടത് നേരെ കാബിനെറ്റിലേക്കാകേണ്ടിയിരുന്നു. "ചന്ദ്രിക"യിലെ ഉദ്യോഗവും, തജ്ജന്യമായ ആനുകൂല്യങ്ങളും നിരവധി കമ്മിറ്റികളിലെ അംഗത്വവും, കുടുംബസംബന്ധമായ അനേകം സൗകര്യങ്ങളും സ്വാതന്ത്ര്യങ്ങളും ഉപേക്ഷിക്കേണ്ടി വരുന്നതും, "അന്തസ്സ് പാലിക്കാൻ" തുടങ്ങിയാൽ വളരെ സാമ്പത്തിക മെച്ചമില്ലാത്തതും ഏതാണ്ട് 'വീട്ടുതടങ്ങൽ' പ്രതീതി ഉളവാക്കുന്നതും ക്ഷണഭംഗുരവുമായ ഒരുദ്യോഗം തന്റെ നേതാവായ ഖാഇദെമില്ലത്തിന്റെ കല്പന ശിരസാ വഹിച്ചു സ്വീകരിച്ചത് മി: സി.എച്ചിന്റെ സ്വാർത്ഥം കൊണ്ടാണെന്നു അദ്ദേഹത്തിന്റെ കളങ്കരഹിതമായ പൂർവ്വ കാല ചരിത്രമറിയുന്ന ഒരു കുഞ്ഞുപോലും സമ്മതിക്കയില്ല.

മുസ്‌ലിംലീഗിനു നൂറു ശതമാനവും ലഭിച്ചില്ല എന്നത് വാസ്തവമാണ്. വിമോചന സമരത്തിന്റെ പശ്ചാത്തലത്തിൽ ലഭിക്കേണ്ടിയിരുന്നത് നൂറുശതമാനം ക്യാബിനറ്റ് അംഗത്വമായിരുന്നു. അതിൽ കുറഞ്ഞ ഒന്നുകൊണ്ടും തൃപ്തിപ്പെടരുതെന്നു അന്നേ അഭിപ്രായമുണ്ടായിരുന്നിട്ടും രാജ്യതാല്പര്യത്തിന്റെ പേരിൽ ലീഗിനു കുറഞ്ഞ ഒരു ശതമാനം സ്വീകരിക്കേണ്ടി വന്നു. ഇപ്പോൾ അല്പം മണിക്കൂറുകൾക്കു ശേഷം വിടർത്തിയാൽ മതിയായിരുന്ന കക്ഷിബന്ധം അല്പം നേരത്തെ വിടർത്തേണ്ടി വന്നു. ഇതു അല്പം പിന്നോക്കം പോകലാണെങ്കിൽ സാഹചര്യം അതിനെ ന്യായീകരിക്കുന്നില്ലേ?

സ്ഥാനം കളഞ്ഞു ഐക്യം തകർത്താൽ

അന്നത്തെ സാഹചര്യത്തിൽ മൂന്നു തീരുമാനങ്ങളാണ് നേതാക്കൾക്ക് എടുക്കാനുണ്ടായിരുന്നത്. ഒന്നു ഇലക്ഷനു ഒരു മിനുട്ടു മുമ്പു പോലും രാജിവെക്കുകയില്ലെന്നു പറഞ്ഞു സ്പീക്കർസ്ഥാനം ഉപേക്ഷിക്കുകയും ഐക്യകക്ഷിയുമായി സകല ബന്ധങ്ങളും അവസാനിപ്പിക്കുകയും ചെയ്യുക. കോൺഗ്രസ്സിന്റെ മർക്കടമുഷ്ടി കാരണം സ്പീക്കറാക്കാത്തതിനാൽ പുറത്തുപോയി എന്നു അർത്ഥം വരുന്ന ആ തീരുമാനത്തിൽ ഇന്നു അന്തസ്സു കാണുന്ന പലരും, അത്തരം തീരുമാനമെടുത്താലും നിരാശരാകും. ആ തീരുമാനത്തിൽ ധീരത കാണുന്ന പലരും അത് നമ്മുടെ ധീരത കൊണ്ടല്ല. ഗത്യന്തരമില്ലായ്മ കൊണ്ട് എടുത്ത തീരുമാനമാണെന്നു പറയും. വളരെ കാലത്തെ അദ്ധ്വാനവും ത്യാഗവും വിട്ടുവീഴ്ചയും കൊണ്ടു കെട്ടിപ്പടുക്കപ്പെട്ട ജനാധിപത്യ ഐക്യം പൊളിയും. കമ്യൂണിസ്റ്റുകാർക്കു വലിയ സന്തോഷമായിരിക്കും. തന്നിമിത്തമുണ്ടാകാവുന്ന നേട്ടവും കമ്യൂണിസ്റ്റുകാർക്ക് തന്നെ. ജനസംഘക്കാർക്കും ജനസംഘമനസ്ഥിതിക്കാരായ കോൺഗ്രസ്സുകാർക്കും അവരെ പിന്താങ്ങുന്ന ചില പത്രാധിപന്മാർക്കും അതാഹ്ളാദകരമായിരിക്കും. ഉത്തരേന്ത്യയിലെ തനി വർഗീയവാദികളായ കോൺഗ്രസ്സുകാരുടെ വിജയമായിരിക്കുമത്. ഇവിടത്തെ ഗവർമ്മെണ്ടാ

mappilaheritagelibrary.com

ണെങ്കിൽ അതുകൊണ്ടു പരാജയപ്പെടുകയുമില്ല. കമ്യൂണിസ്റ്റുകാരുണ്ടല്ലൊ കോൺഗ്രസ്സിനെ സഹായിക്കാൻ. ആ സഹായം ഉപയോഗപ്പെടുത്തി മുസ്‌ലിംലീഗിനെ നശിപ്പിക്കാൻ അവർ പ്രയത്നിക്കും. അതിനാൽ അല്പം ക്ഷീണം ലീഗിനു പറ്റിയെന്നും വരും. തൽഫലമായി ഗവർമ്മെണ്ടിനു വമ്പിച്ച ഒരു ജനവിഭാഗത്തിന്റെ പിൻതുണ നഷ്ടപ്പെടുകയും ഗവർമ്മെണ്ട് ദുർബ്ബലമാവുകയും ചെയ്യും. ലീഗിനെ അകറ്റിനിർത്തിക്കൊണ്ടു ഗവർമ്മെണ്ടിനെ ദുർബ്ബലമാക്കുകയാണല്ലൊ കമ്യൂണിസ്റ്റുകൾ തങ്ങളുടെ സഹായവാഗ്ദാനം കൊണ്ടുദ്ദേശിച്ചിട്ടുള്ളത്. ഇത്തിക്കണ്ണിപോലെ അതിന്മേൽ പറ്റിക്കൂടുന്ന കമ്യൂണിസ്റ്റ് പാർട്ടി അങ്ങിനെ ഗവർമ്മെണ്ടിന്റെ ജീവരക്തം വലിച്ചെടുക്കും. അണികളിലെ നൈരാശ്യവും അമർഷവും സർക്കാറിന്റെ പ്രതികൂലമനോഭാവവും ഉപയോഗപ്പെടുത്തി ലീഗിനെ ക്ഷീണിപ്പിച്ചാൽ ഗ്രൂപ്പ് വടംവലികൊണ്ട് സ്വയം ഉലഞ്ഞു വരുന്ന കോൺഗ്രസ്സിനെ തുലക്കാൻ കമ്യൂണിസ്റ്റ്പാർട്ടിക്ക് അവസരം ലഭിക്കും. ഇനി കമ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നാൽ കടൽ കിഴവനെപ്പോലെ അവിടത്തന്നെ പറ്റികൂടാൻ അവർ ശ്രമിക്കുന്നതാണ്.

രണ്ടാമത്തെ മാർഗ്ഗം

രണ്ടാമത്തെ മാർഗ്ഗം സ്പീക്കർസ്ഥാനം കോൺഗ്രസ്സിനു തിരിച്ചേല്പിച്ചു ഐക്യം തുടരാമെന്നതാണ്. അതിന്നാവശ്യവുമില്ല, സാദ്ധ്യവുമല്ല. അങ്ങിനെ ചെയ്യുന്ന പക്ഷം ഇന്നല്ലെങ്കിൽ നാളെ ഐക്യം പൊട്ടും. ഐക്യത്തിന്റെ വിള്ളലായി മാത്രമെ അതിനെ കണക്കാക്കേണ്ടതുള്ളു. കമ്യൂണിസ്റ്റ്കാരും കേരള കോൺഗ്രസ്സിലെ വർഗ്ഗീയവാദികളും ചേർന്നു ആ വിള്ളൽ വലുതാക്കുകയും മുസ്ലിംകളുടെ അഭിമാനത്തെ ഇക്കിളിപ്പെടുത്തി അത് പൊളിവാക്കുകയും ചെയ്യും. സ്പീക്കർ കക്ഷിരഹിതനാണെങ്കിലും സ്പീക്കർസ്ഥാനം ലീഗ് സ്വീകരിക്കുന്നത് ഐക്യത്തെ ഉറപ്പിക്കുന്ന ഒരു കണ്ണിയെന്ന നിലയിലാണ്. അതു തള്ളിക്കളഞ്ഞാൽ വടക്കെ ഇന്ത്യയിലും മറ്റുമുണ്ടാകുന്ന പ്രത്യാഘാതം വളരെ നിരാശാജനകവുമായിരിക്കും. ഇന്നു ലീഗിനു ലഭിച്ച വളർച്ച നഷ്ടപ്പെട്ടേക്കാനും അതുകൊണ്ടിടയാവും. കോൺഗ്രസ്സ് വേണ്ടെന്നു പറഞ്ഞിട്ടും അവരെ സഹായിക്കുന്നുവെന്ന ഒരു നിലപാടാണ് ജനങ്ങൾക്കുണ്ടാവുക. തട്ടിക്കളഞ്ഞിട്ടും അട്ടകളെപ്പോലെ കോൺഗ്രസ്സ് പക്ഷത്ത് പറ്റി കൂടുന്നുവെന്നായിരിക്കും കമ്യൂണിസ്റ്റ് പ്രചാരവേല. ഐക്യം പൊളിക്കാനുള്ള മുറവിളി ജനമദ്ധ്യത്തിൽ നിന്നുയരും. കോൺഗ്രസ്സിലുമുണ്ടാകും അങ്ങിനെ വാദിക്കുന്ന ഒരു കക്ഷി. അവർക്ക് കമ്യൂണിസ്റ്റ്പാർട്ടിയുടെ 'റെഡിമെയ്ഡ്' പിൻതുണയുമുണ്ടല്ലൊ? ഈ നിലയിൽ സ്പീക്കർസ്ഥാനമില്ലാതെ ഐക്യം തുടരാൻ ഏറെ നാൾ കഴിയുകയില്ല.

മൂന്നാമത്തെ മാർഗ്ഗം ഖായിദേമില്ലത്തും ബാഫഖിതങ്ങളും സ്വീകരിച്ച മാർഗ്ഗമാണ്. അതിന്റെ ഗുണദോഷ നിരൂപണമാണല്ലൊ ഈ ലേഖനത്തിന്റെ തുടക്കത്തിൽ നടത്തിയത്. ഇന്നത്തെ പരിതസ്ഥിതിയിൽ ദോഷം കുറഞ്ഞ മാർഗ്ഗം നേതാക്കന്മാർ കൈക്കൊണ്ട മാർഗം തന്നെയാണെന്നു നമുക്കു മനസ്സിലാക്കാൻ പ്രയാസമില്ല. രാഷ്ട്രീയകാര്യങ്ങളിൽ ആശിച്ചതിന്റെയോ അവകാശപ്പെട്ടതിന്റെയോ നൂറു ശതമാനം ആർക്കും ലഭിക്കാറില്ല. അതുകൊണ്ടാരും ആത്മഹത്യ ചെയ്യാറുമില്ല. കിട്ടിയേടത്ത് ഉറച്ചുനിന്നു മുന്നോട്ടുപോകാൻ ശക്തി നേടുകയും സന്ദർഭം നോക്കുകയുമാണ് പതിവ്. അങ്ങാടികളിൽ നടക്കുന്ന വാദപ്രതിവാദങ്ങളിൽ അല്പം ക്ഷീണം വരുമെന്നു ഭയന്നു രാഷ്ട്രീയ തീരുമാനങ്ങൾ ചെയ്യുക സാദ്ധ്യമല്ലല്ലൊ.

ഗാന്ധിജി ചെയ്തതെന്താണ്?

ഇത്തരം സന്ദർഭങ്ങളിൽ ഗാന്ധിജി കൈക്കൊണ്ട നിലപാട് ഞാൻ ഈ

mappilaheritagelibrary.com

അവസരത്തിൽ അനുസ്മരിപ്പിക്കുകയാണ്. 1928-ൽ ബ്രിട്ടീഷ് ഗവർമ്മെണ്ട് നിയോഗിച്ച സൈമൺ കമ്മീഷന്റെ ശുപാർശയനുസരിച്ചു ഇന്ത്യക്കു ഒരു ഫെഡറൽ ഭരണം ബ്രിട്ടീഷു ഗവർമ്മെണ്ട് വെച്ചു കൊടുക്കുകയുണ്ടായി. സൈമൺ കമ്മീഷനെ മുസ്‌ലിംലീഗും കോൺഗ്രസ്സും ബഹിഷ്കരിച്ചിരുന്നുവെന്നതും വിജയപ്രദമായ ഒരു ബഹിഷ്കരണമാണ് നടന്നിരുന്നതെന്നതും ചരിത്രവിദ്യാർത്ഥികൾക്കു അറിയാവുന്ന വസ്തുതയാണ്. എന്നിരുന്നിട്ടും ആ കമ്മീഷന്റെ ശുപാർശ ബ്രിട്ടീഷ് ഗവർമ്മെണ്ട് അംഗീകരിക്കുകയും അതു ഇവിടെ നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. ആ ഭരണപരിഷ്കാരത്തെ തകർക്കാൻ നിയമസഭകളിൽ പ്രവേശിക്കുക എന്നൊരു തീരുമാനം കോൺഗ്രസ്സ് എടുത്തു. നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പു നടന്നു. 1937 ലാണ് ആ തിരഞ്ഞെടുപ്പ് നടന്നത്. ഇന്ത്യയിലെ മിക്ക സ്റ്റേറ്റുകളിലും കോൺഗ്രസ്സിനു ഭൂരിപക്ഷം ലഭിച്ചു. പ്രസ്തുത ഭരണപരിഷ്കാരപ്രകാരം നിയമസഭകളുടെ തീരുമാനങ്ങളിൽ ഗവർണ്ണർക്കു കൈകടത്താനുള്ള അധികാരമുണ്ടായിരുന്നു. ആ അധികാരം ഗവർണ്ണർ ഉപയോഗിക്കുകയില്ലെന്നു വൈസ്രോയി ഉറപ്പു നൽകണമെന്നു ഗാന്ധിജി ആവശ്യപ്പെട്ടു. വൈസ്രോയി അങ്ങിനെ ഒരു ഉറപ്പു നൽകുന്നതിനു വൈമനസ്യം പ്രകടിപ്പിക്കുന്ന ഒരു നിലയാണ് അനുവർത്തിച്ചിരുന്നത്. കോൺഗ്രസ്സിനു ഭൂരിപക്ഷം കിട്ടിയതനുസരിച്ചു മന്ത്രിസഭ രൂപീകരിക്കേണ്ടതു കോൺഗ്രസ്സാണ്. വൈസ്രോയിയുടെ നിലപാട് കോൺഗ്രസ്സിനു സ്വീകരിക്കാൻ വിഷമം നേരിട്ടു. മിക്ക സംസ്ഥാനങ്ങളിലും ഒരു സ്തംഭനാവസ്ഥ ഉളവായി. മദിരാശിയിൽ ഒരു ഇടക്കാലമന്ത്രിസഭ ഗവർണ്ണർ നോമിനേറ്റു ചെയ്തു. മി: ആർ.എം. പാലാട്ടും മി: കെ.വി.റെഡ്ഡിയുമെല്ലാം മന്ത്രിമാരായിരുന്നത് ആ മന്ത്രിസഭയിലായിരുന്നു. ആറു മാസത്തിലധികം ആ മന്ത്രിസഭ കൊണ്ടു പോകാൻ ഭരണപരിഷ്കാരത്തിൽ വ്യവസ്ഥയുണ്ടായിരുന്നില്ല. ലിൻലിത്ഗൊ പ്രഭുവായിരുന്നു വൈസ്രോയി. തിരഞ്ഞെടുക്കപ്പെട്ട ഭൂരിപക്ഷ കക്ഷിഭരണം നടത്തണമെന്ന ജനാധിപത്യ മര്യാദയെ മാനിച്ചുകൊണ്ടും ജനപ്രതിനിധികളുടെ തീരുമാനത്തിൽ ഗവർണ്ണർമാർ കൈകടത്തുകയില്ലെന്ന വിശ്വാസം കൊണ്ടും കോൺഗ്രസ്സ് ഭരണം ഏറ്റെടുക്കണമെന്നു ഗാന്ധിജി നിർദ്ദേശിച്ചു. ആ നിർദ്ദേശമനുസരിച്ചായിരുന്നു 1937-ൽ ആദ്യമായി കോൺഗ്രസ്സ് അധികാരത്തിൽ വന്നത്. മദിരാശിയിൽ രാജാജിയായിരുന്നു അന്നു മന്ത്രിസഭ രൂപീകരിച്ചിരുന്നത്. രാഷ്ട്രീയത്തിൽ വിട്ടുവീഴ്ച മനോഭാവം കാണിക്കണമെന്ന ഒരു തത്വമാണ് ഗാന്ധിജി കാണിച്ചു തന്നത്.

ജിന്നാസാഹിബിന്റെ മാതൃക

ജിന്നാസാഹിബ് കാണിച്ച ഒരു മാതൃകയും ഇവിടെ സ്മരണീയമാണ്. പഞ്ചാബിന്റേയും ബങ്കാളിന്റേയും ഒരിഞ്ചു സ്ഥലം പോലും വിട്ടുകൊടുത്തുകൊണ്ടുള്ള പാക്കിസ്ഥാൻ സ്വീകാര്യമല്ലെന്നു എത്രയോ തവണ അദ്ദേഹം വാശിപിടിച്ചിട്ടുണ്ട്. പക്ഷെ അവസാനം സർദാർ പട്ടേലിന്റെ ദൃഢനിശ്ചയം നിമിത്തം കൽക്കത്തയടക്കമുള്ള പശ്ചിമബങ്കാളും സിംലയുൾപ്പെട്ട പഞ്ചാബും അദ്ദേഹം വിട്ടുകൊടുക്കുകയാണുണ്ടായത്. ഇന്നത്തെ ലീഗു അന്നത്തേതിനേക്കാളും എത്രയോ ക്ഷീണിച്ചതാണ്. അന്നു ബ്രിട്ടീഷ് ഗവർമ്മെണ്ടു മൂന്നാമതൊരു കക്ഷിയായി ഇവിടെയുണ്ടായിരുന്നു. എന്നിട്ടും ഖാഇദെ അഅ്സം വളരെക്കാലം എടുത്ത ലൈനിൽ നിന്നു പിന്നോക്കം പോയത് എന്തിന്? ഇന്ത്യ വിഭജിക്കാൻ അനുവദിക്കയില്ലെന്ന് പറഞ്ഞ ഗാന്ധിജിയും പട്ടേലും നെഹ്റുവും സ്വാതന്ത്ര്യം ത്വരപ്പെടുത്താൻവേണ്ടി വിഭജനത്തെ അനുകൂലിച്ചു. ഇവയെല്ലാം ആദർശത്തെ ബലി കഴിക്കലായിരുന്നുവോ? ഈ സംഭവങ്ങളെ അപ്പക്കഷ്ണക്കൊതിയായി സത്യസന്ധരായ ചരിത്രകാരന്മാർ ചിത്രീകരിക്കുമോ? ഇടക്കാല ഗവർമ്മെണ്ടിൽ

mappilaheritagelibrary.com

മുസ്‌ലിംലീഗ് ചേരില്ലെന്നു തീരുമാനിച്ചതായിരുന്നു അതിനു പറഞ്ഞ കാരണങ്ങൾ നിലവിലിരിക്കെതന്നെ ലീഗ് പിന്നീട് 'സ്വന്തം അവകാശ' ത്തിന്മേൽ ഇടക്കാല ഗവർമ്മെണ്ടിൽ ചേർന്നു. ലിയാഖത്തലിഖാന്നു ഒരു "ചലിക്കുന്ന കൊട്ടാരം" കിട്ടാനായിരുന്നുവോ ഇങ്ങിനെ ചെയ്തത്?

വേറെ ചില സംഭവങ്ങൾ

ദക്ഷിണകേരളത്തിൽ തന്നെ പി.എസ്.പി- കമ്യൂണിസ്റ്റ് ഐക്യമുന്നണി ഒന്നിച്ചു പൊരുതി ജയിച്ചു പി.എസ്.പി.മാത്രം മന്ത്രിസഭ രൂപീകരിച്ചു. പിൻതാങ്ങി പ്രതിപക്ഷമായി കോൺഗ്രസ്സിന്റെ പിൻബലവും അവർക്കു കിട്ടി. കമ്യൂണിസ്റ്റുകാർ പ്രതിപക്ഷത്തേക്കും പോയി. ഇത് പി.എസ്.പി.യുടെ 'കൊട്ടാരഭ്രമം' കൊണ്ടായിരുന്നുവോ?

കോൺഗ്രസ്സുകാർ ലീഗിനെ 1952-ലെ തിരഞ്ഞെടുപ്പിൽ കഠിനമായി എതിർത്തു. അവർ ബാഫഖി തങ്ങളുടെ പാസ്പോർട്ട് പോലും റദ്ദാക്കി. അപ്പോൾ ബാഫക്കിതങ്ങളുടെ പാർട്ടി മദിരാശിയിൽ ഒരുറച്ച ഗവർമ്മെണ്ടുണ്ടാക്കാൻ രാജാജിയെ സഹായിക്കുകയായിരുന്നു. മറിച്ചു ചെയ്താൽ വേണമെങ്കിൽ ലീഗുകാർക്കു മന്ത്രിമാരാകാമായിരുന്നു. കോൺഗ്രസ്സ് മന്ത്രിസഭയെ എതിർത്താൽ ലീഗിനെ ഉൾപ്പെടുത്തിക്കൊണ്ടു ഒരു ഐക്യമുന്നണി ഗവർമ്മെണ്ടുണ്ടാക്കാമെന്നു കൂടി കമ്യൂണിസ്റ്റ് നേതാക്കന്മാർ അന്നു കൊതിച്ചിരുന്നു. അങ്ങിനെ ഒരു തീരുമാനം- അന്നു ലീഗ് എടുത്തില്ല. 1957-ലെ തിരഞ്ഞെടുപ്പിലെ നിലയും ഇതിൽ നിന്നു വ്യത്യസ്തമായിരുന്നില്ല. നിയമസഭയിൽ അന്നു കോൺഗ്രസ്സും ലീഗും സഹകരിച്ചു പ്രവർത്തിച്ചു.

ഇവിടത്തെ കമ്യൂണിസ്റ്റുകാരുടെ സ്ഥിതിതന്നെ എന്താണ്? അവർ കോൺഗ്രസ്സ് വിരോധം പറഞ്ഞു ജയിച്ചു വന്നവരാണ്. കോൺഗ്രസ്സ് ഭരണം നിലനിർത്താൻ അവർക്ക് ജനങ്ങളുടെ മാൻഡേറ്റില്ല. എന്നിട്ടും അവർ പിൻതുണ കൊട്ടയിലാക്കി വിളിച്ചു കൂവിക്കൊണ്ട് കോൺഗ്രസ്സിന്റെ പിന്നാലെ നടക്കുകയാണ്. "പിന്തുണ വേണോ പിൻതുണ, സ്പീക്കർ പിൻതുണ, കുറ്റിപ്പുറം പിൻതുണ, ഭരണത്തിനു പിൻതുണ" ഇത് എങ്ങിനെ ന്യായമാകും. മുസ്‌ലിംലീഗ് 1952 ലേയും 1957 ലേയും തിരഞ്ഞെടുപ്പിനുശേഷം കോൺഗ്രസ്സിനെ സഹായിച്ചിരുന്നപ്പോൾ ജനഹിതത്തിന്നെതിരാണ് ആ സഹായമെന്നു ആക്രോശിച്ചവരാണ് ഇപ്പോൾ പിൻതുണ കൊട്ടയുമായി നടക്കുന്നത്. അത് ഇറക്കിവെക്കാനാവുന്നില്ല. തലയിലേറ്റിപ്പോയല്ലൊ. ലീഗിനു നൽകിയ വോട്ട് കോൺഗ്രസ്സ് വിരോധത്തിനു നൽകിയ വോട്ടാണെന്നും തിരഞ്ഞെടുപ്പ് കഴിഞ്ഞു കോൺഗ്രസ്സിനെ സഹായിക്കുന്നത് സമ്മതിദായകന്മാരുടെ അഭീഷ്ടത്തിനു നിരക്കുന്ന നടപടിയല്ലെന്നും അന്നു കമ്യൂണിസ്റ്റ്കാർ വാദിച്ചിരുന്നു. ഈ വാദഗതി കമ്യൂണിസ്റ്റുകാർ ഇപ്പോൾ മാറ്റിക്കൊണ്ടാണല്ലൊ പിൻന്തുണക്കൊട്ട തലയിലേറ്റിയത്.

രാഷ്ട്രീയത്തിൽ ഇത്തരം ചില വിട്ടുവീഴ്ചകളും നീക്കുപോക്കുകളും ആവശ്യവും സ്വാഭാവികവും സംഭവ്യവുമാണ്. ഇത്രയൊന്നും വലിയ ഒരു പിന്നോക്കം പോക്ക് സ്പീക്കർ തിരഞ്ഞെടുപ്പ് കാര്യത്തിലുണ്ടായിട്ടില്ലെന്ന് മുകളിൽ സമർത്ഥിച്ചിട്ടുണ്ട്.

മുസ്‌ലിംലീഗ് നേതാക്കളെടുത്ത തീരുമാനം നന്നായോ എന്നറിയാൻ ലീഗിന്റെ ശത്രുക്കളുടെ മുഖത്തേക്ക് ഒന്നു നോക്കൂ. സി.എച്ച്.മുഹമ്മദ് കോയ രാജിവെച്ചതുകൊണ്ട് ലീഗിന്റെ 'റൂഹ്' പോയെങ്കിൽ പിന്നെ ജനസംഘക്കാർ എന്തിനു പ്രകടനം നടത്തി? രാജിവെച്ച സി.എച്ചിനെ ഐഷാബായി എന്തിനു എതിർത്തു. (സി.എച്ചിന്റെ വിശാലമനസ്കതകൊണ്ട് ആയിഷാബായിക്ക് സി.എച്ചിന്റെ വോട്ട് അധികം കിട്ടിയതിനെക്കുറിച്ച് 'എക്സ്പ്രസ്സ്' പത്രം (തൃശൂർ)

mappilaheritagelibrary.com

റിപ്പോർട്ട് ചെയ്തിരിക്കുന്നു) ഈ രാജി വഞ്ചനയാണെന്നു കമ്യൂണിസ്റ്റ് പാർട്ടി എന്തിനു പ്രമേയം പാസ്സാക്കി? ലീഗ് അതിനു വളരെയൊന്നും നഷ്ടപ്പെടുകയോ കോൺഗ്രസ്സ് വളരെയൊന്നും നേടുകയോ ചെയ്തിട്ടില്ലെന്നു ലീഗ് വിരോധികൾ പറയാൻ കാരണമെന്താണ്?

(സംസ്ഥാന മുസ്‌ലിംലീഗ് പ്രസിദ്ധീകരണം 1961)

mappilaheritagelibrary.com

കോൺഗ്രസ്സ്- പി.എസ്.പി- മുസ്ലിംലീഗ് സഖ്യം പൂർണമായും തകർന്ന തെരഞ്ഞെടുപ്പായിരുന്നു 1962 ലെ ലോക്സഭാ തെരഞ്ഞെടുപ്പ്. മുസ്ലിംലീഗ് ഒറ്റയ്ക്കു മത്സരിച്ചു. ചില സീറ്റുകളിൽ സ്വതന്ത്രന്മാരെ സഹായിച്ചു. മഞ്ചേരിയിൽ നിന്നു ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബും കോഴിക്കോട് നിന്നു സി.എച്ച്.മുഹമ്മദ് കോയാ സാഹിബും വിജയിച്ചു.

തലശ്ശേരിയിൽ പ്രശസ്ത സഞ്ചാരസാഹിത്യകാരൻ എസ്. കെ.പൊറ്റെക്കാടിനേയാണ് മുസ്ലിംലീഗ് സഹായിച്ചത്. പൊറ്റെക്കാട്ടിനെ വിജയിപ്പിക്കാൻ മുസ്ലിംലീഗ് സജീവമായി രംഗത്തിറങ്ങി. കോൺഗ്രസ് സ്ഥാനാർത്ഥി സുകുമാർ അഴീക്കോട് 66000 ൽ പരം വോട്ടിനു പരാജയപ്പെടുകയായിരുന്നു.

17

ശ്രീ: എസ്.കെ. പൊറ്റെക്കാട്ടിനെ വിജയിപ്പിക്കുക

ബാഫക്കിത്തങ്ങളുടെ അഭ്യർത്ഥന

മാന്യരെ,

തലശ്ശേരി പാർല്ലിമെന്റ് നിയോജകമണ്ഡലത്തിൽ സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിക്കുന്ന ശ്രീ: എസ്.കെ.പൊറ്റെക്കാടിന് മുസ്ലിംലീഗ് സഹായം വാഗ്ദത്തം ചെയ്തിരിക്കുന്നു. അദ്ദേഹത്തെപ്പറ്റിയും നമ്മുടെ സഹായവാഗ്ദാനത്തെക്കുറിച്ചും പല തെറ്റിദ്ധാരണകളും പരത്താൻ തല്പരകക്ഷികൾ പരിശ്രമമാരംഭിച്ചതായറിയുന്നുണ്ട്. അത്തരം പ്രചാരവേലകളിൽപ്പെട്ടുപോകരുതെന്നും ഓരോ വോട്ടും പുഷ്പം അടയാളത്തിൽ രേഖപ്പെടുത്തി എസ്. കെ.പൊറ്റെക്കാടിനെ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിപ്പിക്കണമെന്നും ഓരോ മുസ്ലിംലീഗുകാരനോടും ഞാൻ അഭ്യർത്ഥിക്കുന്നു.

കോഴിക്കോട് 20-2-62

എന്ന്, നിങ്ങളുടെ
സയ്യിദബ്ദുറഹിമാൻ ബാഫക്കിത്തങ്ങൾ (ഒപ്പ്)

mappilaheritagelibrary.com

18
മുസ്‌ലിംലീഗും ദേശീയോദ്‌ഗ്രഥനവും

"വർഗ്ഗീയത്വത്തെക്കുറിച്ച് പഠിക്കാൻ ദേശീയോദ്‌ഗ്രഥന കൗൺസിലിന്റെ കീഴിൽ ശ്രീ. അശോകമേത്ത ചെയർമാനായി രൂപീകരിക്കപ്പെട്ടിട്ടുള്ള "വർഗ്ഗീയതാ സമതി"യുടെ ക്ഷണമനുസരിച്ച്, ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് മുൻ പ്രസിഡണ്ട് മർഹും ഖായിദേമില്ലത്ത് ജ: എം.മുഹമ്മദ് ഇസ്മായിൽ സാഹിബ് 1962 ആഗസ്റ്റ് 22-ന് പ്രധാനമന്ത്രി ശ്രീ: നെഹ്റുവിന്റെ വസതിയിൽവെച്ച് പ്രസ്തുത സമിതിയുമായി ഒരഭിമുഖ സംഭാഷണം നടത്തുകയുണ്ടായി, തദവസരത്തിൽ കേരളാ സ്റ്റേറ്റ് മുസ്‌ലിംലാഗ് സെക്രട്ടറി ജ: ഇബ്രാഹിം സുലൈമാൻ സേട്ടുസാഹിബും ഖായിദേമില്ലത്തോടൊപ്പമുണ്ടായിരുന്നു.

"ദേശീയോദ്‌ഗ്രഥനമെന്നത് എല്ലാവരെ സംബന്ധിച്ച് പൊതുവിലും-ഞങ്ങളെ സംബന്ധിച്ചും ഉദ്‌ഗ്രഥന കൗൺസിൽ അംഗങ്ങളായ നിങ്ങളെ സംബന്ധിച്ചും വളരെ പ്രിയപ്പെട്ടതും, പാവനവും, സാമാന്യവുമായ ഒന്നാണ്. അതുകൊണ്ട് കക്ഷിപരവും വിവാദപരവുമായ മട്ടിൽ സംസാരിക്കാതെ നമ്മുടെ മുമ്പിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടെ സൗഹാർദ്ദമായും ഉള്ളു തുറന്നും നമുക്ക് ചർച്ച ചെയ്യാം" എന്ന ആമുഖത്തോടെയാണ് ജ: ഇസ്മായിൽ സാഹിബ് കമ്മിറ്റിയുമായി സംഭാഷണമാരംഭിച്ചത്.

തുടർന്ന് ചോദ്യോത്തരങ്ങളാണ് നടന്നത്.

ചോദ്യം:- "ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിനും വിഭജനത്തിനു മുമ്പുണ്ടായിരുന്ന മുസ്‌ലിംലീഗിനും തമ്മിലുള്ള ബന്ധമെന്ത്?

ഉത്തരം :- വിഭജനത്തിനു ശേഷം ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥകൾക്കനുസൃതമായി-സ്വതന്ത്രവും ജനാധിപത്യപരവുമായ ഇന്ത്യയുടെ ദേശീയാവശ്യങ്ങൾക്കനുസരിച്ച വിധത്തിൽ മുസ്‌ലിംലീഗിന്റെ ആശയ സംഹിതകളിലും മാറ്റം വരുത്തിയിട്ടുണ്ട്. രാജ്യത്തിന്റെ സ്വാതന്ത്ര്യവും അന്തസ്സും, അഭിവൃദ്ധിയും, സുഭിക്ഷതയും, സന്തോഷവും സുദൃഢമായി സ്ഥാപിക്കുകയും ശക്തിപ്പെടുത്തുകയും മുസ്‌ലിംകളുടെയും മറ്റു ന്യൂനപക്ഷങ്ങളുടേയും താല്പര്യങ്ങൾ സംരക്ഷിക്കുകയും, മുസ്‌ലിംകളും ഇന്ത്യൻ യൂനിയനിലെ ഇതര സമുദായങ്ങളും തമ്മിൽ സൗമനസ്യവും, സഹോദരത്വവും, സൗഹാർദ്ദവും, മൈത്രിയും വളർത്തുകയെന്നതുമാണ് മുസ്‌ലിംലീഗിന്റെ ഉദ്ദേശവും ലക്ഷ്യവും.

mappilaheritagelibrary.com

ചോദ്യം: മുസ്‌ലിംലീഗാണ് വിഭജനത്തിന് ഉത്തരവാദി അതുകൊണ്ട് അതിവിടെ തുടരാൻ അനുവദിച്ചു കൂടാ എന്നൊരു മനോഭാവം ഇവിടെയുണ്ട് അതേ കുറിച്ച് താങ്കൾ എന്തു പറയുന്നു?

ഉത്തരം : മുസ്‌ലിംലീഗല്ല വിഭജനത്തിനുത്തരവാദി എന്ന് ഞാൻ പറയുന്നു. ഏകീകൃത ഇന്ത്യയ്ക്കും അതിന്റെ സ്വാതന്ത്ര്യത്തിനും വേണ്ടിയാണ് ദശകങ്ങളോളം മുസ്‌ലിംലീഗ് പോരാടിയിട്ടുള്ളത്. 1938-ൽ മുസ്‌ലിം ഭൂരിപക്ഷപ്രദേശങ്ങൾ കൂട്ടിച്ചേർത്ത് ഒരു മുസ്‌ലിം രാഷ്ട്രം രൂപീകരിക്കണമെന്നുള്ള അഭിപ്രായം പൊന്തിവന്നപ്പോൾ അത്തരം സാങ്കല്പിക നിർദ്ദേശങ്ങൾ പ്രായോഗിക രാഷ്ട്രീയത്തിനു നിരക്കുന്നതല്ലെന്നു പറഞ്ഞുകൊണ്ട് മുസ്‌ലിംലീഗും അതിന്റെ നേതാക്കളും ആ നിർദ്ദേശം തിരസ്കരിക്കുകയാണ് ചെയ്തത്. മാത്രമല്ലാ, അതിനു ശേഷവും നാട്ടിന്റെ ഐക്യത്തിനു വേണ്ടിയാണ് മുസ്‌ലിംലീഗ് തുടർന്നു പ്രവർത്തിച്ചു വന്നത്. എന്നാൽ രാജ്യത്തിലെ ഇതരശക്തികൾ ഐക്യം സൃഷ്ടിക്കുന്നതിൽ ഉത്സുകരായിരുന്നില്ല. ആ ശക്തികളുടെ നടപടികളാണ് വിഭജനചിന്താഗതിക്കു വിത്തിട്ടത്, ഇതൊക്കെ ഇന്നാട്ടിന്റെ സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പും ഇന്നാട്ടിന് സ്വന്തമായൊരു ഭരണഘടനയുണ്ടാവുന്നതിന് മുമ്പുമാണ് സംഭവിച്ചത്. എന്നാൽ ഇന്ത്യയിന്ന് രാജ്യത്തിന്റെ അവിഛിന്നതയും ഏകീകാരവും ഊന്നിപറയുന്ന സ്വന്തമായ ഒരു ഭരണഘടനയുള്ള ഒരു സ്വതന്ത്രരാഷ്ട്രമാണ്. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് ഈ ഭരണഘടനക്ക് വിധേയമാണ്. അത് അവിഛിന്നതയെ സ്ഥിരീകരിക്കുന്നു. രാഷ്ട്രത്തിന്റെ അവിഛിന്നതയുടെ നേർക്കുള്ള യാതൊരുവിധ ലംഘനവും മുസ്‌ലിംലീഗ് പൊറുപ്പിക്കുകയില്ല ഇതിനു വിപരീതമായി ഏതുനിലക്കും മുസ്‌ലിംലീഗ് ചലിക്കുകയില്ലെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

ചോദ്യം:- സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പ് ദ്വിരാഷ്ട്രതത്വത്തിൽ വിശ്വസിച്ചിരുന്ന മുസ്‌ലിംലീഗ് ഇന്നും അതേ തത്വത്തിൽ വിസ്വസിക്കുന്നുണ്ടോ?

ഉത്തരം :-സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഇന്ത്യ അതിന്റെതായ ഒരു ഭരണഘടനയോടുകൂടി അവിഛിന്നരായ ഒരു രാഷ്ട്രമായി മാറി. ഇപ്പോൾ ഇന്ത്യയിൽ ഒരു രാഷ്ട്രമേ ഉള്ളുവെന്നാണ് മുസ്‌ലിംലീഗിന്റെ വിശ്വാസം. ഭരണഘടനയനുസരിച്ച് രാജ്യത്തിലെ എല്ലാ ജനവിഭാഗങ്ങളും സമുദായങ്ങളും ഒരു രാഷ്ട്രമായി ഒട്ടിച്ചേർന്നിരിക്കുകയാണ്. ഈ ദേശീയോദ്ഗ്രഥനം നിലനിറുത്തുകയും വളർത്തുകയുമാണ് ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ ഭരണഘടനയുടെ ഒരു ലക്ഷ്യം. മുസ്‌ലിംലീഗ് അതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്.

ചോദ്യം:-ഒരു രാഷ്ട്രമേ ഉള്ളുവെങ്കിൽ പിന്നെ മുസ്‌ലിംകൾക്കു മാത്രം ഒരു പ്രത്യേക രാഷ്ട്രീയ കക്ഷി എന്തിന്?

ഉത്തരം :- അനേക മതങ്ങളും അനേകം ഭാഷകളും അനേകം സമുദായങ്ങളുമുള്ള ഒരു രാജ്യമാണ് ഇന്ത്യ. വിശിഷ്യാ മതവും ഭാഷയും അടിസ്ഥാനമായുള്ള ന്യൂനപക്ഷങ്ങളുടെ നിലനില്പിനെ ഭരണഘടനതന്നെ അംഗീകരിക്കുന്നുണ്ട്. തങ്ങളുടെ സംസ്കാരവും, ജീവിതരീതികളും നിലനിറുത്താനുള്ള ഈ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്ക് ഭരണഘടന ഉറപ്പു നൽകുന്നുണ്ട്. അതിനാൽ സ്വന്തമായ സംഘടനകളോ കക്ഷികളോ രൂപീകരിക്കുന്നതിനു ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാപരമായ അവകാശമുണ്ട്. രാഷ്ട്രീയത്തിൽ പ്രവേശിക്കാതെയോ രാഷ്ട്രീയ പാർട്ടിയാകാതെയോ ഇത്തരം സംഘടനകൾക്ക് ന്യൂനപക്ഷങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ സാദ്ധ്യമല്ല. കോൺ പി.എസ്സ്. പി.കമ്മ്യൂണിസ്റ്റ് തുടങ്ങിയ വിവിധ സംഹിതകളുള്ള വിവിധ കക്ഷികൾ നിലനില്ക്കു. വ്യത്യസ്തമായ ജീവിതരീതിയും, സംസ്കാരവും സംഹിതയുമുള്ള

mappilaheritagelibrary.com

ഒരു ന്യൂനപക്ഷത്തിന് പ്രത്യേകം സംഘടിച്ചു കൂടാ എന്നു പറയുന്നത്. യുക്തിക്കാകുമോ?

ചോദ്യം:- നിങ്ങളെന്തിനീ മതത്തെ രാഷ്ട്രീയത്തിലേക്കിച്ചിഴക്കുന്നു?

ഉത്തരം :- ഞങ്ങളങ്ങനെ ചെയ്യുന്നില്ല. എന്നാൽ മതത്തിൽ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ... നിങ്ങൾ ഒരു മതവിശ്വാസിയാണെങ്കിൽ ഞങ്ങളുടെ ജീവിതത്തിലെ ഒരു ഭാഗത്തുനിന്നും വേർതിരിക്കാൻ നിങ്ങൾക്ക് കഴിയില്ല. ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം മതം പൂർണ്ണമായൊരു ജാതിയാണ്, ജീവിതത്തിന്റെ ഒരു ഭാഗത്തു നിന്ന് വേർതിരിച്ചു നിറുത്താൻ കഴികയില്ല. രാഷ്ട്രീയത്തിൽ നിന്ന് ഒരിക്കലും സാദ്ധ്യമല്ല. രാഷ്ട്രീയം ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പ്രവേശിപ്പിക്കുന്ന ഒരു തന്ത്ര ജനാധിപത്യരാഷ്ട്രത്തിൽ പ്രത്യേകിച്ചും മതങ്ങളോടു ബന്ധപ്പെട്ട മതേതര പ്രവർത്തനങ്ങളെക്കുറിച്ചു പറയുമ്പോൾ രാഷ്ട്രത്തിന്റെ ഭരണഘടന ഈ വസ്തു.. മഹാത്മാഗാന്ധി തന്റെ ആത്മകഥ പറയുന്നതു നോക്കുക. "അതുകൊണ്ടാണ് നാടിനോടുള്ള എന്റെ ഭക്തി രാഷ്ട്രീയരംഗത്തേക്ക് തിര... മതത്തിനും രാഷ്ട്രീയത്തിൽ യാതൊരു കാര്യവുമില്ല എന്ന് പറയുന്നവർക്ക് മതമെന്താണെന്നറിഞ്ഞു കൂടെന്ന് സങ്കോചവുമില്ലാതെ വിനയപൂർവ്വം ഞാൻ പറയും എന്നാണദ്ദേഹം പറഞ്ഞിരിക്കുന്നത്.

ചോദ്യം:- മുസ്‌ലിം ന്യൂനപക്ഷത്തിന്റെ അവകാശം സംരക്ഷിക്കുകയാണ് നിങ്ങളുടെ ഉദ്ദേശമെന്ന് പറയുന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾ ഏർപ്പെടുമ്പോൾ നിങ്ങൾ എന്തു ചെയ്യും, എങ്ങിനെയാണ് നിങ്ങൾക്കൊരു ഗവർമ്മേണ്ട് രൂപീകരിക്കാൻ കഴിയുക?

ഉത്തരം:- രാജ്യത്തിലെ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയാണ് ഞങ്ങളുടെ മൗലികമായ ലക്ഷ്യം. ഒരു ബദൽ ഗവർമ്മേണ്ട് രൂപീകരിക്കാൻ ഞങ്ങൾക്കാഗ്രഹമില്ല. ഞങ്ങളുടെ യഥാർത്ഥ പ്രതിനിധികൾ മുഖേന നിവേദനങ്ങൾ നടത്തുകയും, ശബ്ദമുയർത്തുകയും ചെയ്യുകയാണ് ഞങ്ങളുടെ ആവശ്യം. ഈ ആവശ്യത്തിനു വേണ്ടിയാണ് ന്യൂനപക്ഷങ്ങളുടെ വിശ്വസ്തരായ പ്രതിനിധികളെ തിരഞ്ഞെടുക്കാനാഗ്രഹിക്കുന്നത്. ഭൂരിപക്ഷ സമുദായത്തിലോ അല്ലെങ്കിൽ ഗവർമ്മെണ്ടിലോ അതുമല്ലെങ്കിൽ പാർലിമെന്റിലോ ഞങ്ങളെ സംബന്ധിച്ച ഒരു പ്രശ്നം പൊന്തിവന്നാൽ അവരുടെ ഹൃദയങ്ങളിൽ അക്കാര്യത്തിന്റെ ശരിയായ രൂപം പ്രതിഫലിപ്പിക്കാൻ ഞങ്ങളുടെ പ്രതിനിധികൾക്ക് മുറപ്രകാരം ഉത്തരവാദിത്വമുണ്ടായിരിക്കുമെന്ന് ഈ അവസരത്തിൽ ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ! മനുഷ്യസ്വഭാവത്തെ സംബന്ധിച്ച അടിസ്ഥാനപരമായ ഈ വിശ്വാസത്തിലാണ് ന്യൂനപക്ഷ പ്രാതിനിദ്ധ്യത്തെ സംബന്ധിച്ച ഞങ്ങളുടെ വാദം അധിഷ്ഠിതമായിട്ടുള്ളത്. അതുകൊണ്ട് നിയമസഭകളിൽ ഞങ്ങൾ എണ്ണത്തിൽ കുറവോ അധികമോ എന്ന പ്രശ്നം ഉദിക്കുന്നില്ല. ഇന്നത്തെ തിരഞ്ഞെടുപ്പു സമ്പ്രദായം ഞങ്ങളുടെ യഥാർത്ഥ പ്രതിനിധികളെ തിരഞ്ഞെടുക്കാൻ സാദ്ധ്യമല്ലാത്തതരത്തിലുള്ളതാണ്. ഇതൊരു യാഥാർത്ഥ്യമാണ്, തികച്ചും അനീതിപരവുമാണ്. സ്വന്തം പ്രതിനിധികൾ മുഖേന ഞങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോഴത്തെ തിരഞ്ഞെടുപ്പ് സമ്പ്രദായം ജനങ്ങളെ അനുവദിക്കുന്നില്ല. ജോയിന്റ് എലക്ടറേറ്റ് മുഖേന ന്യൂനപക്ഷങ്ങളോട് ഗണ്യമായ വിധത്തിൽ നീതി കാണിക്കാൻ കഴിയും. ഇത് തികച്ചും പ്രായോഗികവും ആവശ്യവുമാണ്. ജോയിന്റ് എലക്ടറേറ്റ് മുറയനുസരിച്ച് മത-ഭാഷാന്യൂനപക്ഷങ്ങൾക്ക് മാത്രമല്ല മറ്റു ന്യൂനപക്ഷങ്ങൾക്കും ശരിയായ പ്രാതിനിദ്ധ്യം ലഭിക്കാൻ വഴിയുണ്ട്. പൊതുവിൽ രാജ്യത്തിന്റെ പൊതുതാല്പര്യത്തിന് പുറമെ തങ്ങളുടെ പ്രത്യേക താല്പര്യങ്ങൾക്ക് കൂടി ശബ്ദമുയർത്താൻ ന്യൂന

mappilaheritagelibrary.com

പക്ഷങ്ങൾക്ക് അവകാശമുണ്ടായിരിക്കേണമെന്നതാണ് ഞങ്ങളുടെ ആവശ്യം. ഗവർമ്മേണ്ടുണ്ടാക്കാൻ കഴിയുന്നവർക്ക് മാത്രമേ രാഷ്ട്രീയമായി സംഘടിച്ചു കൂടു എന്ന് ഒരു രാഷ്ട്രീയധർമ്മവും അനുശാസിക്കുന്നില്ല. സ്വന്തമായി ഗവർമ്മേണ്ടുണ്ടാക്കാൻ ന്യൂനപക്ഷങ്ങൾക്ക് കഴിയുകയോ, ന്യൂനപക്ഷങ്ങൾ അതിനാഗ്രഹിക്കുകയോ ചെയ്യുന്നില്ലെങ്കിലും, മദിരാശിയിലും അടുത്ത കാലത്ത് കേരളത്തിലും കോൺഗ്രസ്സിന്റെ കാര്യത്തിൽ ചെയ്തതുപോലെ ഗവർമ്മേണ്ടുണ്ടാക്കുന്നതിനു ഫലപ്രദമായും വിജയകരമായും സഹായിക്കാൻ അവർക്കു കഴിയുമെന്ന് ഈ അവസരത്തിൽ ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ!

ചോദ്യം:- കഴിഞ്ഞകാലത്തെപ്പോലെ മുസ്‌ലിംകൾക്ക് സ്വന്തമായൊരു രാഷ്ട്രമുണ്ടാക്കാൻ മുസ്‌ലിംലീഗ് ആഗ്രഹിക്കുന്നുണ്ടോ?

ഉത്തരം:-ഈ ചോദ്യം തികച്ചും തെറ്റാണ്. ദൂഷണപരവും തെറ്റിദ്ധാരണ സൃഷ്ടിക്കുന്നതും സാങ്കല്പികവും അടിസ്ഥാനരഹിതമായ പ്രേരണകൾ നല്കുന്നതുമായ അന്യായമായ ഒരു ചോദ്യമാണിത്. മുസ്‌ലിംലീഗിന്റെ ഭരണഘടന ലോകത്തിന്റെ മുമ്പിൽ തുറന്നുകിടക്കുകയാണ്. അതിന്റെ ലക്ഷ്യം വ്യക്തമാണ്. മുസ്‌ലിംലീഗിനെ സംബന്ധിച്ചേടത്തോളം അതിന്റെ എല്ലാ പ്രവർത്തനങ്ങളും പരസ്യമായതാണ്. രഹസ്യമായ അണ്ടർഗ്രൗണ്ട് പ്രവർത്തനങ്ങളൊന്നും അതിന്നില്ല. അതിന്റെ നയപരിപാടികളിൽ എന്തു പറയുന്നുവോ അതുതന്നെയാണ് മുസ്‌ലിംലീഗ് പ്രവർത്തിക്കുന്നതും. മാതൃഭൂമിയായ ഇന്ത്യയുടെ അവിഛിന്നതക്കുവേണ്ടിയാണ് മുസ്‌ലിംലീഗ് ദൃഢമായും അസന്ദിഗ്ദ്ധമായും നിലനില്ക്കുന്നത്.

ചോദ്യം:- ചില സ്ഥലങ്ങളിൽ ചിലർ "പാക്കിസ്ഥാൻ സിന്ദാബാദ്" വിളിക്കുകയുണ്ടായി അതേപ്പറ്റി താങ്കൾ എന്തു പറയുന്നു?

ഉത്തരം:- ഇത് മനഃപൂർവ്വം സൃഷ്ടിച്ചുവിടുന്ന ഒരപരാധമാണ്. അങ്ങിനെയൊന്നും ഇതുവരെ സംഭവിച്ചിട്ടില്ലെന്നതാണ് വാസ്തവം. അത്തരം മുദ്രാവാക്യങ്ങൾ മുഴക്കുകയുണ്ടായെന്ന് നിങ്ങൾ തെളിയിച്ചാൽ അത്തരം നടപടികളെ ഞങ്ങൾ കഠിനമായധിക്ഷേപിക്കും.

ചോദ്യം:- എന്തൊക്കെയാണ് മുസ്‌ലിംകളുടെ പ്രത്യേകമായ അവശതകൾ?

ഉത്തരം:- ഈ അവശതകൾ എല്ലാവർക്കും അറിയാമെന്നാണ് ഞാൻ കരുതുന്നത്. എങ്കിലും ചോദിച്ച നിലക്ക് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ.നെഹ്റുവിന്റെ ഒരു പ്രസ്താവന തന്നെ ഞാൻ ഉദ്ധരിക്കാനാഗ്രഹിക്കുന്നു. "സ്വാതന്ത്യത്തിനു ശേഷം പൊതുസർവ്വീസുകളിലുള്ള പ്രാതിനിദ്ധ്യത്തിന്റെ കാര്യത്തിൽ മുസ്‌ലിംകളുടെ നില കൊല്ലംതോറും മോശമായക്കൊണ്ടിരിക്കയാണെന്നും ഇതു തെളിയിക്കാൻ തന്റെ പക്കൽ കണക്കുകളുണ്ടെന്നും അദ്ദേഹം ഒന്നിലധികം തവണ പറയുകയുണ്ടായി. ഉറുദുവിന് വേണ്ടത്ര നീതി ലഭിക്കുന്നില്ലെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. മുസ്‌ലിംകൾക്ക് നിയമസഭകളിൽ വേണ്ടത്ര പ്രാതിനിദ്ധ്യം ലഭിക്കേണമെന്നും അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി. മാത്രമല്ല മുസ്‌ലിംകൾ വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു. ഇസ്‌ലാമിനേയും ഇസ്‌ലാമിക നേതാക്കളെയും സംബന്ധിച്ച് പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളിലെ ആക്ഷേപകരമായ വിവരണങ്ങളും ചിത്രീകരണങ്ങളും സൃഷ്ടിച്ച വേദനയും അപമാനവും വേറെയുമുണ്ട്.

തുടർന്ന് ജ: ഇസ്മായിൽ സാഹിബ് മറ്റു ചില അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കമ്മിറ്റി മുമ്പാകെ പ്രക്രടിപ്പിക്കുകയുണ്ടായി. "നാട്ടിന്റെ ചില ഭാഗങ്ങ

mappilaheritagelibrary.com

ളിൽ നടന്ന വർഗ്ഗീയ കുഴപ്പങ്ങളാണ് ദേശീയോദ്ഗ്രഥന കമ്മറ്റിയുണ്ടാക്കാൻ തന്നെ കാരണമായത്. ദേശീയോദ്ഗ്രഥനത്തിനു അഞ്ചോ ആറോ കൊല്ലത്തെ ഒരു പദ്ധതി ആവശ്യമാണ്. കേന്ദ്ര ആഭ്യന്തരമന്ത്രി ചെയർമാനും, പാർലിമെണ്ടിലെ ഓരോ രാഷ്ട്രീയപാർട്ടിയിൽ നിന്നും രാജ്യത്തിലെ ഓരോ സമുദായത്തിൽ നിന്നും ഓരോ വീതം മെമ്പറായും ഒരു കേന്ദ്രകമ്മറ്റി രൂപീകരിക്കുക. സംസ്ഥാനാടിസ്ഥാനത്തിലും അവിടത്തെ രാഷ്ട്രീയ കക്ഷികളുടെയും സമുദായങ്ങളുടെയും പ്രതിനിധികളടങ്ങിയ ഇതേമാതിരി കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്. മുൻസിപ്പാലിറ്റികളിൽ പഞ്ചായത്തുകളിൽ നിന്നും അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു കമ്മറ്റി വീതം ഓരോ ജില്ലകളിലും രൂപീകരിക്കേണ്ടതാണ്. ഇത്തരം കമ്മിറ്റികൾ പൊതുയോഗങ്ങൾ വഴിയായും മറ്റും ജനങ്ങളുമായി സമ്പർക്കം പുലർത്തുകയും എല്ലാ ജനവിഭാഗങ്ങൾക്കിടയിലും, സൗമനസ്സിന്റെയും സൗഹാർദ്ദത്തിന്റെയും ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഈ കമ്മറ്റികൾ ജനങ്ങളുടെ അവശതകൾ ശ്രവിക്കുകയും ഉചിതമായ കേസ്സുകൾ അധികൃത പരിഗണനക്ക് കൊണ്ടുവരികയും വേണം. സമുദായിക ലഹളകളുണ്ടായാൽ ലഹളകളിൽ ഉൾപ്പെട്ട ആളുകളുടെ സമുദായങ്ങളിൽ നിന്നുള്ളതല്ലാതെ മറ്റു സമുദായങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള അംഗങ്ങളെ എടുത്തുകൊണ്ട് കഴിയും വേഗത്തിൽ ഒരു അന്വേഷണ കമ്മീഷൻ ഏർപ്പെടുത്തേണ്ടതും ദുരിതമനുഭവിക്കേണ്ടി വന്ന സമുദായത്തിന് ആശ്വാസമാകേണ്ടത് ആവശ്യമാണെന്ന് അന്വേഷണത്തിൽ തെളിയുമ്പോൾ ഗവർമ്മേണ്ട് ഉടനടി ആശ്വാസനടപടികൾ സ്വീകരിക്കേണ്ടതുമാണ്. അങ്ങിനെ ആശ്വാസനടപടി സ്വീകരിക്കുന്നതിനു വേണ്ടത്ര പ്രസിദ്ധീകരണം നല്കേണ്ടതുമാണ്. ജനങ്ങൾക്കിടയിൽ രക്ഷാബോധം വളർത്താൻ കഴിയേണ്ട ഇത്തരം ഘട്ടങ്ങളിൽ ഒരു പ്രത്യേക സമുദായത്തിൽ നിന്നു പിഴയോ മറ്റോ വസൂലാക്കിക്കൂടാത്തതാണ്. അങ്ങിനെ ഈടാക്കുന്ന പക്ഷം ജനങ്ങൾക്കിടയിൽ അത് ചീത്ത പ്രതികരണമുണ്ടാക്കിയേക്കും.

ചോദ്യം:-രാഷ്ട്രീയകക്ഷികളിൽ നിന്ന് മുസ്‌ലിംകൾ തിരഞ്ഞെടുക്കപ്പെടുന്നുണ്ടല്ലൊ? അവർ മുസ്‌ലിംകൾക്കുവേണ്ടി സംസാരിക്കില്ലേ?

ഉത്തരം :- ആ പ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുന്നത് അമുസ്‌ലിംകളുടെ ഭൂരിപക്ഷം കൊണ്ടാണ്. അതിനാൽ അവർ യഥാർത്തിൽ ഭൂരിപക്ഷ സമുദായത്തിന്റെ പ്രതിനിധികളാണ്. ഭൂരിപക്ഷത്തിനും ന്യൂനപക്ഷത്തിനും തമ്മിൽ അഭിപ്രായവ്യത്യാസമുള്ള ഒരു പ്രശ്നത്തിൽ ന്യൂനപക്ഷത്തെ പ്രതിനിധീകരിക്കാനോ അവർക്കുവേണ്ടി സംസാരിക്കാനോ അത്തരക്കാർക്ക് കഴിയില്ല.

ചോദ്യം:- നിങ്ങൾ ഒരു പ്രത്യേക പാർട്ടിയുണ്ടാക്കുമ്പോൾ ഹിന്ദുക്കളും സ്വന്തമായൊരു കക്ഷിയുണ്ടാക്കും. തന്മൂലം കോൺഗ്രസ്സിന്റെ ശക്തി ക്ഷയിക്കുകയും ഹിന്ദുവർഗ്ഗീയത്വം അധികാരത്തിൽ വരികയും ചെയ്യും. ഇത് നിങ്ങൾ ഇഷ്ടപ്പെടുമോ?

ഉത്തരം:- ഇപ്പോൾ തന്നെ ഒന്നിലധികം ഹിന്ദുപാർട്ടികൾ ഈ രാജ്യത്തുണ്ട്. അവയിൽ ഏതെങ്കിലുമൊന്ന് അധികാരത്തിൽ വന്നു എന്നു തന്നെ കരുതുക. അങ്ങിനെ അവർ രൂപീകരിക്കുന്ന ഗവർമ്മേണ്ടിന്റെ മുമ്പിലും, ഞങ്ങൾ ഞങ്ങളുടെ ആവശ്യങ്ങൾ തുറന്നു പറയുക തന്നെ ചെയ്യും. ഭൂരിപക്ഷസമുദായത്തിന്റെയും ഗവർമ്മെണ്ടിന്റെയും മുമ്പിൽ ഞങ്ങളുടെ കാര്യങ്ങൾ വാദിക്കുകയാണ് ഞങ്ങളുടെ മൗലികമായ ഉദ്ദേശം. തങ്ങളുടെ മതം മനുഷ്യ വംശത്തിന്നാകമാനം തുല്യനീതി നല്കുന്നതാണെന്നാണ് ഓരോ മതക്കാരുടെയും വാദം. അങ്ങിനെയുള്ള ഒരു മതത്തിൽ വിശ്വസിക്കുന്നവർ അധികാര

mappilaheritagelibrary.com

ത്തിൽ വന്നാൽ അവർ വാക്കു പാലിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. അവർ ഒരു മതാധിഷ്ടിതരാഷ്ട്രം സ്ഥാപിച്ചാൽ തന്നെയും എല്ലാ മനുഷ്യരും ഒന്നാണെന്നുള്ള തങ്ങളുടെ നിലപാട് അവർക്ക് ന്യായീകരിക്കേണ്ടിവരും, എന്നിരിക്കെ ന്യായമായ ഒരവസരം ഞങ്ങളവർക്ക് നിഷേധിക്കണമെന്ന് നിങ്ങൾ എന്തിനാഗ്രഹിക്കുന്നു!

"വർഗ്ഗീയതക്ക് ഉദ്ഗ്രഥന കമ്മറ്റി നല്കിയിട്ടുള്ള താല്കാലിക നിർവ്വചനത്തെ സ്പർശിച്ചുകൊണ്ട് ആ നിർവ്വചനം തെറ്റും അനീതിപരവുമാണെന്നും" ജ: ഇസ്മായിൽ സാഹിബ് പറഞ്ഞു. "ഇന്ത്യയിലെ ചിലയാളുകൾ മറ്റു ജനവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായ വികാരമോ താല്പര്യങ്ങളോ ഉള്ള ഒരു സമുദായത്തിൽ കൂട്ടിച്ചേർക്കപ്പെട്ടവരായിട്ടാണ് തങ്ങളെ സ്വയം കാണുന്നതെന്ന്" ഈ നിർവ്വചനത്തിൽ പറയുന്നു. തീർച്ചയായും രാജ്യത്തിലെ മതപരവും ഭാഷാപരവുമായ ന്യൂനപക്ഷങ്ങളെയാണ് ഇവിടെ വിവക്ഷിക്കുന്നത്. ചില തല്പരകക്ഷികൾ തങ്ങളെ ഒരു ഗ്രൂപ്പായി കാണുകയും ഒരു ഗ്രൂപ്പായി മാറ്റുകയും തങ്ങൾക്ക് മറ്റുള്ളവരിൽ നിന്ന് വല്ലതും നേടിയെടുക്കാനുണ്ടെന്ന് കരുതുകയും ചെയ്യുന്നവരാണെന്നാണ് ഈ നിർവ്വചനം സൂചിപ്പിക്കുന്നത്. എന്നാൽ നേരെമറിച്ച് ന്യൂനപക്ഷങ്ങൾ വല്ല പരമമായ ലക്ഷ്യത്തിനും വേണ്ടി യാദൃച്ഛികമായോ അടക്കമില്ലാതെയോ സംഘടിച്ചവരല്ല. ഈ ന്യൂനപക്ഷങ്ങളുടേയും അവർ ന്യൂനപക്ഷങ്ങളായിരിക്കാനുള്ള കാരണങ്ങളേയും ഇന്ത്യയുടെ ഭരണഘടന സുദൃഡമായും വ്യക്തമായും അംഗീകരിച്ചിട്ടുണ്ട്. ലോകം മുഴുവനും അത്തരം ന്യൂനപക്ഷങ്ങൾ നിലനില്ക്കുന്നുണ്ട്. അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്.

ന്യൂനപക്ഷങ്ങളുടെ നിസ്സഹായാവസ്ഥ മേല്പറഞ്ഞ നിർവ്വചനത്തിൽ പരിഗണിക്കപ്പെട്ടിട്ടില്ലെന്നത് ഖേദകരമാണ്.

ന്യൂനപക്ഷങ്ങളെക്കുറിച്ചു മറ്റുള്ളവർ പ്രസംഗിക്കുമ്പോൾ, വളർന്നുവരുന്ന ദേശഭക്തിക്ക് വിഘാതം സൃഷ്ടിക്കുന്നവരും മതത്തെയും ഭാഷയേയും അനാവശ്യമായി അന്നന്നത്തെ രാഷ്ട്രീയ പ്രശ്നങ്ങളിൽ സംബന്ധപ്പെടുത്തി കുഴപ്പം സൃഷ്ടിക്കുന്നവരായി ചിത്രീകരിച്ചും ഇന്നാട്ടിലുള്ള മറ്റു ജനവിഭാഗങ്ങളുമായി അടുപ്പമില്ലാത്തവരും വിരോധികളുമാണെന്ന് സങ്കല്പിച്ച് അധിക്ഷേപിക്കുന്നു. എന്നാൽ ഈ അധിക്ഷേപങ്ങൾക്കൊന്നും പാത്രമാകാത്ത പ്രശംസനീയമായ പല സദ്ഗുണങ്ങളുമുള്ളവരാണ് ന്യൂനപക്ഷങ്ങളെന്ന യാഥാർത്ഥ്യം ദേശീയോദ്ഗ്രഥന കൗൺസിൽ നിർവ്വചനം കൊടുക്കുമ്പോൾ ഓർക്കാതിരിക്കുന്നത് വ്യസനകരമാണ്. ന്യൂനപക്ഷങ്ങളെക്കുറിച്ച് അവർ ചെയ്യുന്നതായി ആരോപിക്കപ്പെടുന്ന കുറ്റങ്ങളെക്കുറിച്ച് അതാതവസരങ്ങളിൽ ഇന്നു നിലവിലുള്ള സിവിൽ ക്രിമിനൽ നിയമങ്ങളുപയോഗിച്ച് വിചാരണ ചെയ്തു നടപടികൾ എടുക്കാവുന്നതാണ്. അതിനായി പ്രത്യേകമായ ഒരു പുതിയ നിയമം ആവശ്യമില്ല. പക്ഷെ നിലവിലുള്ള നിയമങ്ങൾ യാഥാർത്ഥ്യത്തോടും നിഷ്പക്ഷമായും നടപ്പാക്കുന്നതിൽ ജാഗ്രത പാലിക്കേണ്ടതാണ്.

അവസാനമായി വർഗ്ഗീയത്വത്തെക്കുറിച്ച് ജ: ഇസ്മായിൽ സാഹിബ് മുപ്പത് വർഷങ്ങൾക്ക് മുമ്പ്, പരേതനായ ശ്രീ.മോത്തിലാൽ നെഹ്റു ചെയ്തിട്ടുള്ള പ്രസ്താവനയിലെ ചില വരികൾ ഉദ്ധരിക്കുകയുണ്ടായി. "വർഗ്ഗീയത്വം എന്താണെന്ന് തുറന്ന മനസ്സോടു കൂടി നോക്കിയാൽ സംസ്കാരിക വളർച്ച അഥവാ ഉയർന്ന സംസ്കാരം" എന്നായിരുന്നു അത്.

(മറുമലർച്ചി തമിഴ് പത്രത്തിൽ നിന്ന് വിവർത്തനം)

mappilaheritagelibrary.com

19
കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ്
ഘടനയും നിയമങ്ങളും – 1964

1. പേരും സ്ഥലവും:

ഈ സംഘത്തിന്റെ പേർ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് എന്നായിരിക്കുന്നതും, ഇത് കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് എന്ന നിലയിൽ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിനോടു അനുബന്ധിച്ചിരിക്കുന്നതുമാകുന്നു. കേരളസ്റ്റേറ്റു മുസ്‌ലിംലീഗിന്റെ ആഫീസ് കേരളസ്റ്റേറ്റ് മുസ്‌ലിംലീഗു കൗൺസിൽ തീരുമാനിക്കുന്ന സ്ഥലത്ത് ആയിരിക്കുന്നതാണ്.

2. ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും:

(a) ഇന്ത്യൻ യൂനിയന്റെ സ്വാതന്ത്ര്യവും അഭിമാനവും നിലനിർത്തുകയും, സംരക്ഷിക്കുകയും സ്ഥാപിക്കുകയും സഹായിക്കുകയും നാട്ടിലെ ജനങ്ങളുടെ അന്തസ്സും സുഖവും വർദ്ധിപ്പിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യുക.

(b) ഇന്ത്യൻ യൂനിയനിലെ മുസ്‌ലിംങ്ങളുടെ സാംസ്കാരികവും സാമൂഹ്യവും വിദ്യാഭ്യാസപരവും സാമ്പത്തികവും രാഷ്ട്രീയവും ഭരണപരവും മറ്റുമായ എല്ലാ ന്യായമായ അവകാശങ്ങളും താല്പര്യങ്ങളും കരസ്ഥമാക്കുകയും രക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക.

(c) ഇന്ത്യയിലെ മുസ്‌ലിംങ്ങളും മറ്റു സമുദായക്കാരും തമ്മിൽ പരസ്പരവിശ്വാസവും സന്മനസ്സും സ്നേഹവും മതിപ്പും രഞ്ജിപ്പും ഐക്യവും വളർത്തുക.

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് ഘടന

3. കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ്:

(a) ഈ നിയമങ്ങൾക്കനുസരിച്ച് രൂപവൽക്കരിക്കപ്പെടുന്ന ജില്ലാ മുസ്‌ലിംലീഗുകളിൽ നിന്നും ചുവടെ വരുന്ന വ്യവസ്ഥകൾ അനുസരിച്ചു തിരഞ്ഞെടുക്കപ്പെടുന്ന മെമ്പർമാരും

(b) ജില്ലാ മുസ്‌ലിംലീഗുകളുടെ പ്രസിഡണ്ടുമാരും

(c) കേരളസ്റ്റേറ്റിലെ ഏതെങ്കിലുമൊരു പ്രാഥമിക മുസ്‌ലിംലീഗിലെ അംഗങ്ങളായിരിക്കുന്ന പക്ഷം കേരളസ്റ്റേറ്റിൽ നിന്നു പാർല്ലിമെണ്ടിലേക്കും കേരള നിയമസഭയിലേക്കും മുസ്‌ലിംലീഗു സ്ഥാനാർത്ഥികളായി തിരഞ്ഞെടുക്കപ്പെടുന്ന മെമ്പറന്മാരും

(d) കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ ഈ നിയമങ്ങളനുസരിച്ചു കേരളസ്റ്റേറ്റ്

mappilaheritagelibrary.com

മുസ്‌ലിംലീഗിന്റെ പ്രസിഡണ്ടന്മാരായിരുന്നിട്ടുള്ള ആളുകൾ സ്റ്റേറ്റിലെ ഏതെങ്കിലുമൊരു പ്രാഥമിക മുസ്‌ലിംലീഗിൽ അംഗങ്ങളാണെങ്കിൽ അവരും

(e) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് ഉദ്യോഗസ്ഥന്മാരും

(f) ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രവർത്തക കമ്മറ്റിയിലുള്ള കേരള സ്റ്റേറ്റിലെ മെമ്പറന്മാരും ഉൾപ്പെട്ടതായിരിക്കും.

4. ജില്ലാ ലീഗ് സ്ഥാപനം:-

കേരളത്തിലെ ഓരോ റവന്യൂ ജില്ലക്കും ഓരോ ജില്ലാ മുസ്‌ലിംലീഗ് രൂപവൽക്കരിക്കപ്പെടുന്നതാണ്.

5. ഓരോ ജില്ലാ ലീഗും ഈ നിയമങ്ങൾ പ്രകാരം അതാതു ജില്ലയിൽ രൂപവല്ക്കരിക്കപ്പെടുന്ന പ്രാഥമിക ലീഗുകളാൽ വഴിയെ വരുന്ന വ്യവസ്ഥകളനുസരിച്ചു തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ഉൾക്കൊണ്ടതായിരിക്കും. അപ്രകാരമുള്ള പ്രതിനിധികളുടെ ഒന്നാമത്തെ സമ്മേളനം. കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിൽ നിശ്ചയിക്കുന്ന സമയത്ത് വിളിച്ചു കൂട്ടേണ്ടതും, ആ സമ്മേളനത്തിൽ വെച്ചു 13-ാം വകുപ്പിൽ പറയും പ്രകാരമുള്ള അതാത് ജില്ലാലീഗിന്റെ ഉദ്യോഗസ്ഥന്മാരേയും നിർവ്വാഹകകമ്മിറ്റിയിലെ മറ്റു അംഗങ്ങളേയും, 17-ാം വകുപ്പിൽ പറയുന്ന സ്റ്റേറ്റ് മുസ്‌ലിംലീഗിലേയും പ്രതിനിധികളേയും തിരഞ്ഞെടുക്കേണ്ടതുമാകുന്നു. മേല്പറഞ്ഞ യോഗത്തിൽ നിലവിലുള്ള പ്രസിഡണ്ടുമാർ അദ്ധ്യക്ഷം വഹിക്കുന്നതും അയാൾക്കു ഒരു വോട്ടും "കാസ്റ്റിംഗ്" വോട്ടും (തീർപ്പുവോട്ട്) ഉണ്ടായിരിക്കുന്നതുമാകുന്നു. മേല്പറഞ്ഞ യോഗത്തിന്റെ നടപടികളുടെ റിപ്പോർട്ടു കേരളസ്റ്റേറ്റു മുസ്‌ലിംലീഗിനു അയച്ചുകൊടുക്കേണ്ടതും, ആ നടപടികൾ ഈ നിയമങ്ങൾ അനുസരിച്ചു തന്നെയായിരുന്നുവെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിൽ ആ ജില്ലാ ലീഗിനെ അംഗീകരിച്ചതായി പ്രഖ്യാപിക്കേണ്ടതുമാകുന്നു. നിർവ്വാഹക സംഘത്തിലെ ഉദ്യോഗസ്ഥന്മാരും മറ്റു മെമ്പറന്മാരും സ്റ്റേറ്റ് മുസ്‌ലിംലീഗിലേക്കുള്ള പ്രതിനിധികളുമായി പ്രസ്തുത യോഗത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന ആളുകൾ തങ്ങളുടെ പിൻഗാമികൾ തിരഞ്ഞെടുക്കപ്പെടുന്നതുവരെ ടി സ്ഥാനങ്ങൾ വഹിക്കുന്നതാണ്.

6. താലൂക്ക് കമ്മിറ്റി സ്ഥാപനം:-

മുസ്‌ലിംലീഗിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കുവേണ്ടി റവന്യൂ താലൂക്കുകളുടെ അടിസ്ഥാനത്തിൽ താലൂക്ക് മുസ്‌ലിംലീഗ് കമ്മിറ്റികൾ രൂപീകരിക്കപ്പെടേണ്ടതാണ്. അതാത് താലൂക്കുകളുടെ പരിധിയിൽപെട്ട പഞ്ചായത്ത് ലീഗ് കമ്മിറ്റികൾ 100 ക്ക് 3 വീതം പ്രതിനിധികളെ താലൂക്ക് കൗൺസിലിലേക്ക് തിരഞ്ഞെടുക്കേണ്ടതും പ്രസ്തുത പ്രതിനിധികൾ താലൂക്കു മുസ്‌ലിംലീഗ് രൂപീകരണത്തിനുവേണ്ടി വിളിക്കപ്പെടുന്ന യോഗത്തിൽ സംബന്ധിച്ചു കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്.

7. ടൗൺ കമ്മിറ്റി സ്ഥാപനം:-

a) സിറ്റി കമ്മിറ്റി: 100 അംഗങ്ങളിൽ കുറയാത്ത മെമ്പർമാരെ ചേർത്ത് കഴിയുന്നതും ഒരു ഡിവിഷന് ഒരു കമ്മിറ്റി എന്ന തോതിൽ കോർപ്പറേഷൻ പ്രദേശത്ത് ഡിവിഷൻ കമ്മിറ്റികൾ സ്ഥാപിക്കേണ്ടതും പ്രസ്തുത ഡിവിഷൻ കമ്മിറ്റികളിൽ നിന്ന് 100 അംഗങ്ങൾക്ക് 3 വീതം പ്രതിനിധികളെ തിരഞ്ഞെടുത്ത് സിറ്റികൗൺസിൽ രൂപീകരിക്കേണ്ടതും ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന സിറ്റികൗൺസിൽ യോഗത്തിൽ വെച്ച് സിറ്റി മുസ്‌ലിംലീഗ് പ്രവർത്തകസമിതി രൂപീകരിക്കേണ്ടതുമാണ്. ഡിവിഷൻ കമ്മിറ്റിയിൽ നിന്ന് 100 അംഗങ്ങൾക്ക് ഒരാളെ വീതം ജില്ലാ പ്രതിനിധിയായി തിരഞ്ഞെടുക്കേണ്ടതാണ്. ചില പ്രത്യേക

mappilaheritagelibrary.com

പരിതസ്ഥിതികളിൽ ഒരു ഡിവിഷന് ഒന്നിലധികം കമ്മിറ്റികൾ രൂപീകരിക്കാൻ സിറ്റി കമ്മിറ്റിക്ക് ശുപാർശ ചെയ്യാവുന്നതാണ്.

b) ടൗൺ കമ്മിറ്റി: മുനിസിപ്പൽ പ്രദേശത്ത് 100ൽ കുറയാത്ത അംഗങ്ങളെ ചേർത്ത് വാർഡ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും വാർഡ് കമ്മിറ്റിയോഗത്തിൽ വെച്ച് 100 അംഗങ്ങൾക്ക് 3 വീതം പ്രതിനിധികളെ ടൗൺ മുസ്‌ലിംലീഗ് കൗൺസിലിലേക്കും 100 ക്ക് ഒന്നു വീതം ജില്ലാ ലീഗിലേക്കും തിരഞ്ഞെടുക്കേണ്ടതുമാണ്. ടൗൺ മുസ്‌ലിംലീഗ് കൗൺസിലിൽ വെച്ച് ടൗൺ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

c) സിറ്റി/ടൗൺ കമ്മിറ്റികൾക്ക് താലൂക്ക് കമ്മിറ്റികളുടെ ഘടനയും സ്ഥാനവും ഉണ്ടായിരിക്കുന്നതാണ്.

d) വിഹിതസംഖ്യ വിനിയോഗം: വാർഷിക വരിസംഖ്യയിൽ 3 ന.പ. വീതം ഡിവിഷൻ/വാർഡ് കമ്മിറ്റിക്കും 3 ന.പ. വീതം സിറ്റി/ ടൗൺകമ്മിറ്റിക്കും 3 ന.പ. വീതം ജില്ലാ കമ്മിറ്റിക്കും 3 ന.പ. വീതം സ്റ്റേറ്റ് കമ്മിറ്റിക്കും മെമ്പർഷിപ്പ് വിഹിതം ഉണ്ടായിരിക്കുന്നതാണ്.

e) ബ്ലോക്ക് കമ്മിറ്റി സ്ഥാപനം:

ബ്ലോക്കുകളുടെ അടിസ്ഥാനത്തിൽ മുസ്‌ലിംലീഗ് പ്രവർത്തനങ്ങളെ ഫലപ്രദമായി പുരോഗമിപ്പിക്കുന്നതിനുവേണ്ടി ഓരോ ബ്ലോക്കിലും ഓരോ മുസ്‌ലിംലീഗ് ബ്ലോക്ക് കമ്മിറ്റി രൂപീകരിക്കപ്പെടുന്നതാണ്.

അതാത് ബ്ലോക്കിലെ പഞ്ചായത്തു ലീഗ് കമ്മറ്റികൾ വഴിയെ വരുന്ന വ്യവസ്ഥകൾ അനുസരിച്ച് തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഉൾക്കൊണ്ട അതാത് ബ്ലോക്കുകളിലെ പഞ്ചായത്ത് ലീഗ് കമ്മിറ്റികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ യോഗം വിളിച്ചു കൂട്ടി അതിൽ വെച്ച് ബ്ലോക്ക് കമ്മറ്റി രൂപീകരിക്കേണ്ടതാകുന്നു. ഓരോ പഞ്ചായത്ത് ലീഗിനും 100 അംഗങ്ങൾക്ക് മൂന്നു പ്രതിനിധികൾ വീതം ബ്ലോക്ക് കമ്മറ്റികളിലേക്ക് തിരഞ്ഞെടുക്കാവുന്നതാണ്.

8. പഞ്ചായത്ത് ലീഗ്കമ്മിറ്റി സ്ഥാപനം:

പഞ്ചായത്തടിസ്ഥാനത്തിൽ മുസ്‌ലിംലീഗ് പ്രവർത്തനം ഫലപ്രദമായി പുരോഗമിപ്പിക്കുന്നതിനുവേണ്ടി ഓരോ പഞ്ചായത്തിലും ഓരോ പഞ്ചായത്ത് മുസ്‌ലിംലീഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(a) പഞ്ചായത്തുകളിലെ വാർഡ് (ശാഖാ) കമ്മിറ്റികളിൽ നിന്ന് 100ക്ക് 3 വീതം പ്രതിനിധികളെ തിരഞ്ഞെടുത്ത് പ്രസ്തുത പ്രതിനിധികളുടെ യോഗത്തിൽ വെച്ച് പഞ്ചാത്ത് മുസ്‌ലിംലീഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(b) ബ്ലോക്കുകളിലേക്കും താലൂക്കുകളിലേക്കും ജില്ലയിലേക്കും പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത് പഞ്ചായത്ത് വാർഡ് കമ്മിറ്റികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ഉൾക്കൊള്ളുന്ന പഞ്ചായത്ത് കൗൺസിലിൽ നിന്നാണ്.

(c) ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ എണ്ണം ഓരോ പഞ്ചായത്തിന്റെയും കീഴിലുള്ള എല്ലാ വാർഡ് കമ്മിറ്റികളിലും കൂടി ആകെയുള്ള പ്രാഥമിക മെമ്പർമാരുടെ അടിസ്ഥാനത്തിൽ ആയിരിക്കണം. 100 മെമ്പർമാർക്ക് 3 പ്രതിനിധികൾ വീതം ബ്ലോക്കിലേക്കും താലൂക്കിലേക്കും ഒരു പ്രതിനിധി വീതം ജില്ലയിലേക്കും തിരഞ്ഞെടുക്കേണ്ടതാണ്.

9. പ്രാഥമിക ലീഗ് സ്ഥാപനം:

(a) നൂറിൽ കുറയാത്ത പ്രാഥമിക മെമ്പർമാർ ഉള്ള പ്രദേശത്ത് പ്രസ്തുത

mappilaheritagelibrary.com

മെമ്പർമാർ യോഗം ചേരേണ്ടതും അതിൽവെച്ച് വാർഡടിസ്ഥാനത്തിൽ ആ പ്രദേശത്തെ ശാഖാക്കമ്മിറ്റി രൂപീകരിക്കേണ്ടതും അവരിൽ നിന്ന് 27-ാം വകുപ്പിൽ പറയുന്ന ഉദ്യോഗസ്ഥന്മാരെയും നിർവ്വാഹക സംഘത്തിലെ മറ്റംഗങ്ങളേയും തിരഞ്ഞെടുക്കേണ്ടതും അങ്ങിനെ തിരഞ്ഞെടുക്കുന്നതുവരെ ആ ഉദ്യോഗങ്ങൾ വഹിക്കുന്നതുമാകുന്നു.

വിശദീകരണം:

മുസ്‌ലിംകൾ 100 അംഗങ്ങളിൽ കുറഞ്ഞ പ്രദേശങ്ങളിൽ ഒരു പ്രത്യേക പരിഗണന എന്ന നിലയിൽ 100 ൽ കുറഞ്ഞ മെമ്പർമാരുള്ള ശാഖാകമ്മറ്റികൾക്ക് അംഗീകരണം ശുപാർശ ചെയ്യാൻ അതാതു ജില്ലാ കമ്മറ്റികൾക്കധികാരമുണ്ടാവുന്നതാണ്.

(b) പ്രാഥമികലീഗിന്റെ അധികാരപരിധിയായ ഏതെങ്കിലും ഒരു പ്രദേശത്ത് ഒന്നിലധികം പ്രഥമികലീഗുകൾ ഉണ്ടായിരിക്കുവാൻ പാടില്ലാത്തതാകുന്നു.

(c) ആവശ്യമാണെന്നു കാണുന്ന സ്ഥലങ്ങളിലെ പ്രാഥമിക ലീഗുകളെ വിഭജിക്കുവാനും അവയുടെ പരിധി വ്യത്യാസപ്പെടുത്തുവാനും കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിലിനു അധികാരമുണ്ടായിരിക്കുന്നതാണ്.

10. സമാജികത്വവും വരിസംഖ്യയും:

(എ) ഇന്ത്യൻ യൂനിയനിലെ ഒരു നിവാസിയും 18 വയസ്സിൽ കുറയാതെ പ്രായമുള്ള ആളുമായ ഏതൊരു മുസ്‌ലിം പുരുഷനും സ്ത്രീക്കും ഒരു പ്രാഥമികലീഗിൽ മെമ്പറാകുവാൻ അർഹതയുണ്ട്.

(ബി) ഒരു പ്രാഥമിക ലീഗിലെ മെമ്പറായിരിക്കുന്ന ആരും തന്നെ മറ്റേതെങ്കിലും രാഷ്ട്രീയ സംഘടനയിലോ കക്ഷിയിലോ അംഗമായിരിക്കുവാൻ പാടുള്ളതല്ല.

(സി) സ്റ്റേറ്റ് അസംബ്ലിയിലോ പാർല്ലിമെണ്ടിലോ തദ്ദേശസഭകളിലോ അംഗമായിരിക്കുകയും അതോടുകൂടി ഏതെങ്കിലും പ്രാഥമിക ലീഗിൽ അംഗമായിരിക്കുകയും ചെയ്യുന്ന ഒരാൾ താൻ മെമ്പറായിരിക്കുന്ന സഭയിലെ മുസ്‌ലിംലീഗ് കക്ഷിയിൽ അംഗമായിരിക്കേണ്ടതാണ്.

വിശദീകരണം:- ഈ നിബന്ധനയിൽ നിന്നു പ്രത്യേക കാരണങ്ങളാൽ ആരെങ്കിലും ഒഴിവാക്കുവാൻ സ്റ്റേറ്റ് മുസ്‌ലിംലീഗ് വർക്കിംഗ് കമ്മിറ്റിക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

(ഡി) മേല്പറഞ്ഞ നിബന്ധനകൾ പൂർത്തിയാക്കാത്തവരുടെ പേരുകൾ മുസ്‌ലിംലീഗിന്റെ അംഗത്വത്തിൽ നിന്നു നീക്കാവുന്നതാണ്.

(ഇ) പ്രാഥമിക ലീഗിലെ ഓരോ അംഗവും പ്രതിവർഷം 12ന.പ വീതം വരിസംഖ്യ അടക്കേണ്ടതാണ്.

(എഫ്) ലീഗിന്റെ ലക്ഷ്യത്തിന് വിരുദ്ധമല്ലാത്ത ലക്ഷ്യത്തോടുകൂടിയ മറ്റേതെങ്കിലും രാഷ്ട്രീയ സംഘടനയോട് ലീഗിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും സാധിക്കുന്നതിനുവേണ്ടി ലീഗും ആ സംഘടനയുമായി യോജിച്ചു തീരുമാനിക്കുന്ന നിബന്ധനകളിന്മേൽ കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗിന് ആ സംഘടനയുമായി സഖ്യത്തിൽ ഏർപ്പെടാവുന്നതാണ്.

11 (എ) മെമ്പർമാരായി ചേരുന്നതിനുള്ള ഓരോ അപേക്ഷ ഒന്നിച്ചും 12 നയാപൈസ അടക്കേണ്ടതും മെമ്പറായി ചേരുവാനുള്ള അപേക്ഷ എ എന്ന പട്ടികയായി ചേർത്തിട്ടുള്ള ഫോറത്തിലായിരിക്കേണ്ടതും അതിൽ അപേക്ഷകൻ ലീഗിന്റെ ഉദ്ദേശങ്ങളും ആദർശങ്ങളും നിയമങ്ങളും അനുസരിക്കുമെന്നുള്ള ഒരു പ്രഖ്യാപനം അടങ്ങിയിരിക്കേണ്ടതുമാണ്.

mappilaheritagelibrary.com

(ബി) മെമ്പറന്മാർ അടക്കുന്ന വാർഷിക വരിസംഖ്യയുടെ കാലാവധി അവർ അടച്ചത് ഏതു തിയ്യതി ആയിരുന്നാലും ഡിസംബർ 31-ാംനു അവസാനിക്കുന്നതും അതു കഴിഞ്ഞു മൂന്നു മാസത്തിനുള്ളിൽ അടുത്ത കൊല്ലത്തേക്കുള്ള വരിസംഖ്യ അടച്ചു മെമ്പർസ്ഥാനം പുതുക്കാത്ത പക്ഷം അവരുടെ അംഗത്വം അവസാനിപ്പിക്കുവാൻ സ്റ്റേറ്റ് മുസ്‌ലിംലീഗിനു അധികാരമുള്ളതാകുന്നു.

(സി) ഒരേ കാലത്തു യാതൊരാൾക്കും ഒന്നിലധികം പ്രാഥമിക ലീഗുകളിലെ അംഗമായിരിക്കുവാൻ പാടുള്ളതല്ല.

12. ജില്ലാലീഗ് ഉദ്യോഗസ്ഥന്മാർ:

ലീഗിന്റെ പ്രവർത്തനം അതാത് ജില്ലകളുടെ പരിധിയിൽ നടത്തുന്നതിനായി ഓരോ ജില്ലാ ലീഗുകളും അതിലെ മെമ്പർമാരിൽ നിന്നും 5 ഉം 48ഉം വകുപ്പുകളിൽ പറഞ്ഞിട്ടുള്ള പോലെ താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്.

1. ഒരു പ്രസിഡണ്ട്
2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ട്മാർ
3. ഒരു സെക്രട്ടറി
4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ
5. ഒരു ഖജാൻജി

കൂടാതെ ഉദ്യോഗസ്ഥന്മാരടക്കം 17 മെമ്പർമാരിൽ കുറയാത്തതും 25 മെമ്പർമാരിൽ അധികരിക്കാത്തതുമായ ഒരു പ്രവർത്തകസംഘം ജില്ലാ ലീഗിനു ഉണ്ടായിരിക്കേണ്ടതാണ്. ജില്ലാ കമ്മിറ്റി ഉദ്യോഗസ്ഥന്മാർ അവരുടെ ഔദ്യോഗികസ്ഥാനംകൊണ്ടു പ്രവർത്തകസംഘത്തിലെ മെമ്പർമാരായിരിക്കുന്നതാണ്.

13. ജില്ലാലീഗ് വരിസംഖ്യ:

ജില്ലാ മുസ്‌ലിംലീഗിലെ ഓരോ മെമ്പറും ജില്ലാലീഗിലേക്കു മുൻകൂറായി ഒരുറുപ്പിക വീതം വാർഷിക വരിസംഖ്യ അടക്കേണ്ടതാണ്.

14. ജില്ലാലീഗ് ആസ്ഥാനം:

ഓരോ ജില്ലാലീഗിനും അതിന്റെ ആസ്ഥാനം യുക്തം പോലെ നിശ്ചയിക്കാവുന്നതാണ്.

15. ജില്ലാലീഗിന്റെ മേൽനോട്ടം:-

ജില്ലാ മുസ്‌ലിംലീഗുകൾ യഥാക്രമം അതാത് ജില്ലകളിലെ പ്രാഥമിക ലീഗുകളുടേയും പഞ്ചായത്ത് ലീഗുകളുടേയും ബ്ലോക്ക് ലീഗുകളുടേയും ടൗൺലീഗുകളുടേയും പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കേണ്ടതും അവയെ ശരിയാംവിധം നിയന്ത്രിക്കേണ്ടതും അതാതു ജില്ലകളിൽ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിലെല്ലാം ഈ നിയമങ്ങൾക്കനുസരിച്ചു പുതിയ പ്രാഥമികലീഗുകൾ സ്ഥാപിക്കേണ്ടതുമാകുന്നു.

16. സ്റ്റേറ്റുലീഗിലേക്കുള്ള പ്രതിനിധികൾ:-

ഓരോ ജില്ലാലീഗിനും അതിലെ അംഗങ്ങളിൽ 10 പേർക്കു ഒരു പ്രതിനിധി വീതം കേരളാസ്റ്റേറ്റ് മുസ്‌ലിംലീഗിലേക്കു തിരഞ്ഞെടുത്തു അയക്കുവാൻ അവകാശമുണ്ടായിരിക്കും. എന്നാൽ അങ്ങിനെ അയക്കപ്പെടുന്ന പ്രതിനിധികൾ സ്റ്റേറ്റിലെ ഏതെങ്കിലും ഒരു പ്രാഥമിക ലീഗിലെ അംഗങ്ങളായിരിക്കേണ്ടതാണ് കേരളാസ്റ്റേറ്റ് മുസ്‌ലിംലീഗിലേക്കു ഒരിക്കൽ പ്രതിനിധികളെ തിരഞ്ഞെടുത്തശേഷം അതേ കൊല്ലത്തിൽ തന്നെ മെമ്പർമാരുടെ സംഖ്യ വർദ്ധിച്ചു എന്ന കാരണത്താൽ കൂടുതൽ പ്രതിനിധികളെ വീണ്ടും ആ കൊല്ലം കേരളാസ്റ്റേറ്റു മുസ്‌ലിംലീഗിലേക്കു തിരഞ്ഞെടുത്തയക്കുവാൻ യാതൊരു ജില്ലാ ലീഗിനും അവ

mappilaheritagelibrary.com

കാശമുണ്ടായിരിക്കയില്ല.

17. താലൂക്ക് ലീഗു ഉദ്യോഗസ്ഥന്മാർ:-

അതാത് താലൂക്കിലെ മുസ്‌ലിംലീഗ് പ്രവർത്തനങ്ങൾ സജീവവും ഫല പ്രദവുമാക്കുന്നതിനു ഓരോ താലൂക്കു ലീഗും അതിലെ അംഗങ്ങളിൽ നിന്നു താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്.

1. ഒരു പ്രസിഡണ്ട്
2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ടുമാർ
3. ഒരു സെക്രട്ടറി
4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ
5. ഒരു ഖജാൻജി

കൂടാതെ ഉദ്യോഗസ്ഥന്മാരടക്കം 17 മെമ്പർമാരിൽ കുറയാത്തതും 25 മെമ്പർമാരിൽ അധികരിക്കാത്തതുമായ ഒരു പ്രവർത്തകസംഘം ഉണ്ടായിരി ക്കേണ്ടതും താലൂക്ക് ലീഗ് ഉദ്യോഗസ്ഥന്മാർ പ്രവർത്തക സംഘത്തിലെ ഔദ്യോഗിക മെമ്പറന്മരായിരിക്കുന്നതുമാണ്.

18. താലൂക്ക് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ:-

മുസ്‌ലിംലീഗിന്റെ പ്രവർത്തനങ്ങളുടെ ഫലപ്രദമായ പുരോഗമനത്തിനു വേണ്ടി സ്റ്റേറ്റുലീഗിന്റെയും ജില്ലാകമ്മറ്റിയുടേയും നിർദ്ദേശങ്ങൾക്കു വിധേയ മായും താലൂക്കു കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്. ഓരോ താലൂക്ക് ലീഗിനും അതാതിന്റെ ആസ്ഥാനം യുക്തം പോലെ നിശ്ചയിക്കാവുന്നതാണ്.

19. ടൗൺ ലീഗു ഉദ്യോഗസ്ഥന്മാർ:-

അതാത് ടൗണിലെ ലീഗുപ്രവർത്തനങ്ങൾ സജീവവും ഫലപ്രദവുമാ ക്കുന്നതിന് ഓരോ ടൗണിലും അതിലെ അംഗങ്ങളിൽ നിന്ന് താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്.

1. ഒരു പ്രസിഡണ്ട്
2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ട്മാർ
3. ഒരു സെക്രട്ടറി
4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ
5. ഒരു ഖജാൻജി

കൂടാതെ ഉദ്യോഗസ്ഥന്മാരടക്കം 17 മെമ്പർമാരിൽ കുറയാത്തതും 25 മെമ്പർമാരിൽ അധികരിക്കാത്തതുമായ ഒരു പ്രവർത്തകസംഘം ഉണ്ടായിരി ക്കേണ്ടതും ടൗൺ ലീഗു ഉദ്യോഗസ്ഥന്മാർ പ്രവർത്തകസംഘത്തിലെ ഔദ്യോ ഗിക മെമ്പറന്മാരായിരിക്കുന്നതുമാണ്.

20. ടൗൺ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ:-

മുസ്‌ലിംലീഗിന്റെ പ്രവർത്തനങ്ങളുടെ ഫലപ്രദമായ പുരോഗമനത്തിനു വേണ്ടി സ്റ്റേറ്റ് ലീഗിന്റേയും ജില്ലാകമ്മിറ്റിയുടേയും നിർദ്ദേശങ്ങൾക്കു വിധേയ മായി ടൗൺലീഗുകമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

21. ബ്ലോക്ക് ലീഗ് ഉദ്യോഗസ്ഥന്മാർ:

ലീഗിന്റെ പ്രവർത്തനം അതാത് ബ്ലോക്കുകളുടെ പരിധിയിൽ നടത്തുന്ന തിനായി ഓരോ ബ്ലോക്ക് ലീഗും അതിലെ മെമ്പർമാരുടെ ഇടയിൽ നിന്ന് 8 ഉം 46 ഉം വകുപ്പുകളിൽ പറഞ്ഞിരിക്കുന്നതുപോലെ താഴെ പറയുന്ന ഉദ്യോഗസ്ഥ ന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്.

1. ഒരു പ്രസിഡണ്ട്
2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ടുമാർ
3. ഒരു സെക്രട്ടറി

mappilaheritagelibrary.com

4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ

5. ഒരു ഖജാൻജി

കൂടാതെ ഉദ്യോഗസ്ഥന്മാരടക്കം 17 മെമ്പർമാരിൽ കുറയാത്തതും 25 മെമ്പർമാരിൽ അധികരിക്കാത്തതുമായ ഒരു പ്രവർത്തകസംഘം ഉണ്ടായിരിക്കേണ്ടതും ബ്ലോക്ക് ലീഗ് ഉദ്യോഗസ്ഥന്മാർ പ്രവർത്തക സംഘത്തിലെ ഔദ്യോഗികമെമ്പറായിരിക്കുന്നതുമാണ്.

22. ഓരോ ബ്ലോക്ക് ലീഗിനും അതിന്റെ ആസ്ഥാനം യുക്തം പോലെ നിശ്ചയിക്കാവുന്നതാണ്.

23. **ഫർക്കാലീഗിന്റെ മേൽനോട്ടം:-**

ബ്ലോക്ക് മുസ്‌ലിംലീഗുകൾ യഥാക്രമം അതാത് ബ്ലോക്കുകളിലെ പ്രാഥമിക ലീഗുകളുടെ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കേണ്ടതും അവയെ ശരിയാംവിധം ജില്ലാലീഗിന്റെ നിർദ്ദേശപ്രകാരം നിയന്ത്രിക്കേണ്ടതും കമ്മറ്റികളില്ലാത്ത സ്ഥലങ്ങളിലെല്ലാം പുതിയ പ്രാഥമിക ലീഗുകമ്മറ്റികൾ സ്ഥാപിക്കുവാൻ യത്നിക്കേണ്ടതുമാകുന്നു.

24. പഞ്ചായത്തു ലീഗ് ഉദ്യോഗസ്ഥന്മാർ:

ലീഗിന്റെ പ്രവർത്തനം അതാതു പഞ്ചായത്തുകളുടെ പരിധികളിൽ നടത്തുന്നതിന്നായി ഓരോ പഞ്ചായത്തു ലീഗും അതിലെ മെമ്പർമാരുടെ ഇടയിൽ നിന്നു താഴെ പറഞ്ഞിരിക്കുന്ന ഉദ്യഗസ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്.

1. ഒരു പ്രസിഡണ്ട്

2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ടുമാർ

3. ഒരു സെക്രട്ടറി

4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ

5. ഒരു ഖജാൻജി

കൂടാതെ ഉദ്യോഗസ്ഥന്മാരടക്കം 17 മെമ്പർമാരിൽ കുറയാത്തതും 25 മെമ്പർമാരിൽ അധികരിക്കാത്തതുമായ ഒരു പ്രവർത്തകസംഘം ഉണ്ടായിരിക്കേണ്ടതും പഞ്ചായത്ത് ലീഗ് ഉദ്യോഗസ്ഥന്മാർ പ്രവർത്തക സംഘത്തിലെ ഔദ്യോഗിക മെമ്പർമാരായിരിക്കുന്നതുമാണ്.

25. പഞ്ചായത്ത് ലീഗിന്റെ മേൽനോട്ടം

പഞ്ചായത്ത് മുസ്‌ലിംലീഗുകൾ യഥാക്രമം അതാതു പഞ്ചായത്തുകളിലെ പ്രാഥമിക ലീഗുകളുടെ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കേണ്ടതും അവയെ ശരിയാംവിധം ജില്ലാലീഗിന്റെ നിർദ്ദേശപ്രകാരം നിയന്ത്രിക്കേണ്ടതും, കമ്മിറ്റികളില്ലാത്ത സ്ഥലങ്ങളിലെല്ലാം പുതിയ പ്രാഥമിക ലീഗ് കമ്മിറ്റികൾ സ്ഥാപിക്കുവാൻ യത്നിക്കേണ്ടതുമാണ്.

26. പ്രാഥമിക ലീഗ് ഉദ്യോഗസ്ഥന്മാർ

ഓരോ പ്രാഥമിക ലീഗും അതിന്റെ പ്രവർത്തനം നടത്തുന്നതിനായി ഈ നിയമത്തിലെ 10 എ, ബി. വകുപ്പുകളിൽ പറഞ്ഞിട്ടുള്ള പ്രകാരം അതിന്റെ രൂപീകരണ ഘട്ടത്തിൽ അതിലെ മെമ്പർമാരുടെ ഇടയിൽ നിന്നും പിന്നീട് 46-ാം വകുപ്പിൽ പറയും പ്രകാരം വാർഷിക യോഗങ്ങളിൽ വെച്ചും താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്:

1. ഒരു പ്രസിഡണ്ട്

2. നാലിൽ കവിയാത്ത വൈസ് പ്രസിഡണ്ടുമാർ

3. ഒരു സെക്രട്ടറി

4. രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാർ

5. ഒരു ഖജാൻജി

mappilaheritagelibrary.com

ഇതിന് പുറമെ ഉദ്യോഗസ്ഥന്മാരുൾപ്പെടെ 17 ൽ കുറയാതെയും 35 ൽ കവിയാതെയും മെമ്പർമാരുള്ള ഒരു നിർവ്വാഹക സംഘത്തെയും തിരഞ്ഞെടുക്കേണ്ടതാണ്. ഉദ്യോഗസ്ഥന്മാർ ഔദ്യോഗിക നിലയിൽ അതിൽ മെമ്പർമാരായിരിക്കുന്നതാണ്.

27. റജിസ്റ്റർ:-

ഓരോ പ്രാഥമികലീഗും അതിലെ അംഗങ്ങളുടെ പേരും വയസ്സും സ്ത്രീയോ പുരുഷനോ എന്നുള്ള വിവരവും, ഓരോ അംഗങ്ങളേയും ചേർത്ത തിയ്യതിയും, മെമ്പർഷിപ്പ് നമ്പറും കാണിക്കുന്ന ഒരു രജിസ്റ്റർ വെച്ചുവരേണ്ടതാണ്.

28. വരിസംഖ്യ വിനിയോഗം:-

ഓരോ മെമ്പറും 12 ന.പ. വീതം അടക്കുന്ന വാർഷികവരിസംഖ്യയിൽ 3 ന.പ. വീതം കേരളാ സ്റ്റേറ്റ് ലീഗിനും, 2 ന.പ. വീതം ജില്ലാ മുസ്‌ലിം ലീഗിനും, 2 ന.പ.വീതം താലൂക്ക് ലീഗിനും. 2ന.പ.വീതം ബ്ലോക്കിനും, ഒരു ന.പ. വീതം പഞ്ചായത്തിനും പ്രാഥമിക ലീഗ് കൊടുക്കേണ്ടതും ബാക്കി 2 ന.പ. വീതം പ്രാഥമിക ലീഗ് തന്നെ എടുക്കേണ്ടതുമാണ്. വരിസംഖ്യയുടെ വീതത്തിൽ വ്യത്യാസം വരുത്തുവാൻ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിനു അവകാശമുണ്ടായിരിക്കുന്നതാണ്.

29. സമ്മേളനം:-

(1) ഈ നിയമങ്ങൾ അനുസരിച്ചു ജില്ലാലീഗു സ്ഥാപിച്ചിട്ടുള്ള ജില്ലകളിൽ സ്ഥാപിതമാകുന്ന എല്ലാ പ്രാഥമിക ലീഗുകളും പഞ്ചായത്ത് ലീഗുകളും താലൂക്ക് ലീഗുകളും ബ്ലോക്ക് ലീഗുകളും അവ സ്ഥാപിച്ചാലുടനെ ജില്ലാലീഗ് മുഖേന കേരളസ്റ്റേറ്റു മുസ്‌ലിംലീഗിനോടു അംഗീകരണത്തിനു അപേക്ഷിക്കേണ്ടതാണ്.

(a) പ്രാഥമിക ലീഗുകൾ അവയുടെ രൂപീകരണത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ 3 പ്രതികൾ സഹിതവും അതിന്റെ ഉദ്യോഗസ്ഥന്മാരുടേയും നിർവ്വാഹകസംഘത്തിലെ മറ്റു അംഗങ്ങളുടേയും പേരുകൾ അടങ്ങിയ 3 ലിസ്റ്റുകൾ സഹിതവും

(b) താലൂക്കു ലീഗുകൾ അവയുടെ രൂപീകരണത്തെ സംബന്ധിച്ചറിപ്പോർട്ടിന്റെ 3 പ്രതികൾ സഹിതവും, അതിന്റെ ഉദ്യോഗസ്ഥന്മാരുടേയും, നിർവ്വാഹസംഘത്തിലെ മറ്റു അംഗങ്ങളുടേയും പേരുകൾ അടങ്ങിയ 3 ലിസ്റ്റുകൾ സഹിതവും

(c) സിറ്റി/ടൗൺ ലീഗുകൾ അവയുടെ രൂപീകരണത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ 3 പ്രതികൾ സഹിതവും, അതിന്റെ ഉദ്യോഗസ്ഥന്മാരുടേയും, നിർവ്വാഹസംഘത്തിലെ മറ്റു അംഗങ്ങളുടേയും പേരുകൾ അടങ്ങിയ 3 ലിസ്റ്റുകൾ സഹിതവും

(d) ബ്ലോക്ക് ലീഗുകൾ അവയുടെ രൂപീകരണത്തെ സംബന്ധിച്ച റിപ്പോർട്ടുകളുടേയും ഉദ്യോഗസ്ഥന്മാരുടേയും നിർവ്വാഹക സംഘാംഗങ്ങളുടേയും പേരുകൾ അടങ്ങിയ ലിസ്റ്റുകളുടേയും രണ്ട് പ്രതികൾ സഹിതവും

(e) പഞ്ചായത്ത് ലീഗുകൾ അവയുടെ രൂപീകരണത്തെ സംബന്ധിച്ച റിപ്പോർട്ടുകളുടേയും ഉദ്യോഗസ്ഥന്മാരുടേയും നിർവ്വാഹക സംഘാംഗങ്ങളുടേയും പേരുകൾ അടങ്ങിയ ലിസ്റ്റുകളുടേയും രണ്ടു പ്രതികൾ സഹിതവും

(f) പ്രാഥമിക ലീഗുകൾ അവയിലെ ഓരോ മെമ്പർമ്മാരുടേയും പേര്, വയസ്സ്, പുരുഷനോ, സ്ത്രീയോ എന്നുള്ള വിവരം, വാസസ്ഥലം മെമ്പറായി ചേർന്ന തിയ്യതി എന്നിവ കാണിക്കുന്ന ലിസ്റ്റോടു കൂടിയും

mappilaheritagelibrary.com

(g) കേരളാസ്റ്റേറ്റ് മുസ്‌ലിംലീഗിൽ 29-ാം വകുപ്പു പ്രകാരം അടക്കേണ്ട വരിസംഖ്യയോടു കൂടിയും.

(h) പ്രാഥമിക ലീഗ് മെമ്പർമാരായി ചേരാനുള്ള അപേക്ഷകളുടെ ഫോറങ്ങളോടു കൂടിയും വേണം അപേക്ഷ അയക്കുവാൻ

(2) മേൽപറഞ്ഞ പ്രകാരം അംഗീകരണത്തിനുള്ള അപേക്ഷ കിട്ടിയാൽ ജില്ലാലീഗ് അതിന്റെ റിമാർക്കുകളോടുകൂടി മേൽ 1-ാം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള റിപ്പോർട്ട് ലിസ്റ്റ്, ഫോറങ്ങൾ, ഈ നിയമത്തിലെ 29-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം സ്റ്റേറ്റു മുസ്‌ലിംലീഗു കമ്മിറ്റിക്ക് കൊടുക്കേണ്ട വീത സംഖ്യ ഇവകളോടു കൂടി സ്റ്റേറ്റ് മുസ്‌ലിംലീഗ് കമ്മിറ്റിക്ക് അയക്കേണ്ടതും, മേൽ 1-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള റിപ്പോർട്ട് ലിസ്റ്റ് ഇവയുടെ ഓരോ പ്രതികളും 29-ാംവകുപ്പു പ്രകാരം ജില്ലാ ലീഗിനുള്ള വരിസംഖ്യയും മെമ്പർഷിപ്പ് ഫോറങ്ങളും ജില്ലാലീഗിനു അയക്കേണ്ടതാണ്.

(3) കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിൽ ജില്ലാ ലീഗുകളുടെ റിമാർക്കുകൾ അനുസരിച്ചു പ്രാഥമിക ലീഗുകളുടേയും താലൂക്കുലീഗുകളുടെയും സിറ്റി/ടൗൺ ലീഗുകളുടേയും ബ്ലോക്ക് ലീഗുകളുടേയും പഞ്ചായത്ത് ലീഗുകളുടെയും അംഗീകരണത്തിനുള്ള അപേക്ഷകളെപ്പറ്റി ആലോചിക്കുന്നതും മേൽ 1-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള സംഗതികൾ ശരിയാംവിധം നിറവേറിയിട്ടുണ്ടെങ്കിൽ അവയ്ക്കു അംഗീകരണം നൽകുന്നതുമാണ്. ഏതെങ്കിലും കോർപ്പറേഷനിലോ, മുൻസിപ്പാലിറ്റിയിലോ, പഞ്ചായത്തിലോ, വാർഡുകളിലോ ബ്ലോക്കുകളിലോ ഒന്നിലധികം പ്രാഥമികലീഗുകൾ അംഗീകരണത്തിനു ആവശ്യപ്പെടുകയാണെങ്കിൽ അവയിൽ ഏതിനു അംഗീകരണം നൽകണമെന്നു തീർച്ചപ്പെടുത്തുവാനുള്ള അധികാരം കേരളസ്റ്റേറ്റു മുസ്‌ലിംലീഗു കൗൺസിലിനു ഉണ്ടായിരിക്കുന്നതും അതിന്റെ തീർപ്പു അവസാനതീർപ്പായിരിക്കുന്നതുമാണ്.

(4) മേൽ 3-ാം ഉപവകുപ്പു പ്രകാരമുള്ള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ തീർപ്പു ജില്ലാ ലീഗുകൾ മുഖേന അതാതു പ്രാഥമിക, താലൂക്ക്, സിറ്റി, ടൗൺ, ബ്ലോക്ക് പഞ്ചായത്ത് ലീഗുകളെ അറിയിക്കുന്നതുമാണ്.

(5) കേരളാസ്റ്റേറ്റു മുസ്‌ലിംലീഗിന്റെ ഈ നിയമങ്ങൾ അനുസരിച്ചു. ജില്ലാ ലീഗ് സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ പ്രാഥമിക ലീഗുകളോ, താലൂക്ക് ലീഗുകളോ, ബ്ലോക്ക് ലീഗുകളോ പഞ്ചായത്ത് ലീഗുകളോ സ്ഥാപിക്കുകയാണെങ്കിൽ അവ മേൽ 1-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള റിപ്പോർട്ട് ലിസ്റ്റുകൾ, ഫോറങ്ങൾ, വീതസംഖ്യ ഇവകളോടുകൂടി അംഗീകരണത്തിനുള്ള അപേക്ഷ കേരളസ്റ്റേറ്റു മുസ്‌ലിംലീഗുകമ്മറ്റിയിലേക്കു നേരിട്ടു അയക്കേണ്ടതും, റിപ്പോർട്ട്, ലിസ്റ്റ് കൗണ്ടർഫയലുകൾ, വീതസംഖ്യ ഇവ ശരിയാംവിധം അയച്ചിട്ടുണ്ടെന്നു തോന്നുന്ന പക്ഷം സ്റ്റേറ്റു മുസ്‌ലിംലീഗു കൗൺസിൽ അവക്കു അംഗീകരണം നൽകേണ്ടതുമാണ്. എന്നാൽ ഏതെങ്കിലും കോർപ്പറേഷനിലോ, മുൻസിപ്പാലിറ്റികളിലോ, പഞ്ചായത്തിലോ, വാർഡുകളിലോ, ബ്ലോക്കുകളിലോ ഏതെങ്കിലും ഭാഗത്തോ ഒന്നിലധികം പ്രാഥമിക ലീഗുകൾ അംഗീകരണത്തിനു ആവശ്യപ്പെടുകയാണെങ്കിൽ അവയിൽ ഏതിനു അംഗീകരണം നൽകേണമെന്നു തീർച്ചപ്പെടുത്തുവാനുള്ള അധികാരം സ്റ്റേറ്റു മുസ്‌ലിംലീഗു കൗൺസിലിനുണ്ടായിരിക്കുന്നതും അതിന്റെ ആ തീർപ്പ് അവസാനതീർപ്പായിരിക്കുന്നതുമാണ്.

30. പണവും കണക്കുകളും അയക്കുന്നത്:-

(1) ഓരോ പ്രാഥമിക ലീഗും അവ അനുബന്ധിക്കപ്പെട്ടിട്ടുള്ള ജില്ലാലീഗിലേക്കു എല്ലാ വർഷത്തിലും ഡിസംബർ മാസത്തിൽ 15-ാം നു മുമ്പായി.

(എ) മെമ്പർമാരായി ചേർന്നവരുടെ പേർ, വയസ്സ്, പുരുഷനോ, സ്ത്രീയോ

mappilaheritagelibrary.com

എന്നും, വാസസ്ഥലം, ചേർന്ന തീയ്യതി ഇവ കാണിക്കുന്ന ലിസ്റ്റിന്റെ രണ്ടു പ്രതികളും.

(ബി) മുമ്പത്തെ ലിസ്റ്റുകൾ അയച്ചതിനുശേഷം മെമ്പർമാരായി ചേർന്നിട്ടുള്ളവരുടെ അപേക്ഷകളുടെ ഫോറങ്ങളും

(സി) മുമ്പു വീതസംഖ്യ അയച്ചതിനു ശേഷം മെമ്പർമാരായി ചേർന്നവരുടെ വരിസംഖ്യയിൽ നിന്നു ഈ നിയമത്തിലെ 29-ാം വകുപ്പുപ്രകാരം സ്റ്റേറ്റ് മുസ്‌ലിംലീഗ് കമ്മിറ്റിക്കും ജില്ലാലീഗ് കമ്മിറ്റിക്കും അയക്കേണ്ട വീതസംഖ്യയും അയക്കേണ്ടതാണ്.

(2) ഉപവകുപ്പു 1-ൽ പറഞ്ഞ പ്രകാരമുള്ള ലിസ്റ്റ്, അപേക്ഷകളുടെ ഫോറങ്ങൾ വീതസംഖ്യ ഇവ കിട്ടിയാലുടനെ ജില്ലാലീഗ് ലിസ്റ്റിന്റെ ഒരു കോപ്പിയും അപേക്ഷകളുടെ ഫോറങ്ങളും 29-ാം വകുപ്പു പ്രകാരം സ്റ്റേറ്റുലീഗു കമ്മിറ്റിക്കു കൊടുക്കേണ്ട വീതസംഖ്യയും അയച്ചുകൊടുക്കേണ്ടതും 1(എ) ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ലിസ്റ്റിന്റെ ഒരു കോപ്പിയും 29-ാം വകുപ്പു പ്രകാരം ജില്ലാലീഗിനുള്ള വീതസംഖ്യയും അയക്കേണ്ടതാണ്.

31. ജില്ലാലീഗിലേക്കുള്ള പ്രാതിനിദ്ധ്യം:-

(എ) ഓരോ പഞ്ചായത്ത് ലീഗിനും സിറ്റി-ടൗൺ കമ്മിറ്റികളിലെ പ്രാഥമിക ലീഗിനും അതിലെ 100 മെമ്പർമാർക്കു ഓരോ പ്രതിനിധിയെ വീതം അതാതു ജില്ലാലീഗിലേക്കു അയക്കാവുന്നതാണ്.

(ബി) സ്റ്റേറ്റിലെ പ്രാഥമികലീഗുകളിൽ മെമ്പർമാരായിരിക്കുന്ന ആളുകൾക്കു മാത്രമെ ജില്ലാലീഗുകളിലേക്കുള്ള തിരഞ്ഞെടുപ്പിനു നിൽക്കുവാൻ യോഗ്യതയുള്ളു. എന്നാൽ ഒരു ജില്ലയിലെ ഏതെങ്കിലുമൊരു പ്രാഥമികലീഗിലെ മെമ്പർമാർക്ക് മറ്റേതു ജില്ലാലീഗിലേക്കുമുള്ള തിരഞ്ഞെടുപ്പിനും ആ ജില്ലയിലെ ഏതെങ്കിലുമൊരു പ്രാഥമിക ലീഗിൽ നിന്നു നിൽക്കാവുന്നതാണ്.

(സി) ഒരേസമയത്ത് യാതൊരാൾക്കും ഒന്നിലധികം ജില്ലാ ലീഗുകളിൽ മെമ്പറായിരിക്കാൻ പാടില്ല.

32. താലൂക്ക് ലീഗിലേക്കുള്ള പ്രാതിനിദ്ധ്യം:-

(എ) ഓരോ പഞ്ചായത്ത് ലീഗിനും അതിലെ 100 മെമ്പർമാർക്കു 3 പ്രതിനിധിയെ വീതം അതാതു താലൂക്കു ലീഗിലേക്കു തിരഞ്ഞെടുത്തു. അയക്കാവുന്നതാണ്.

(ബി) സ്റ്റേറ്റിലെ പ്രാഥമിക ലീഗുകളിൽ മെമ്പറന്മാരായിരിക്കുന്നവർക്കു മാത്രമേ താലൂക്കു ലീഗിലേക്കു തിരഞ്ഞെടുപ്പിനു നിൽക്കുവാൻ യോഗ്യതയുള്ളു. എന്നാൽ ഒരു താലൂക്കിലെ ഒരു പ്രാഥമിക ലീഗിലെ മെമ്പറന്മാർക്കു മറ്റേതെങ്കിലും താലൂക്കുലീഗിലേക്കുള്ള തിരഞ്ഞെടുപ്പിനു ആ താലൂക്കിലെ ഏതെങ്കിലുമൊരു പ്രാഥമിക ലീഗിൽ നിന്നും നില്ക്കാവുന്നതാണ്.

(സി) ഒരേ സമയത്തു യാതൊരാൾക്കും ഒന്നിലധികം താലൂക്ക് ലീഗുകളിൽ മെമ്പറായിരിക്കുവാൻ പാടില്ല.

33. സിറ്റി-ടൗൺ ലീഗിലേക്കുള്ള പ്രാതിനിദ്ധ്യം:-

(എ) ഓരോ ഡിവിഷൻ, വാർഡ്, ശാഖാലീഗിനും അതിലെ 100 മെമ്പർമാർക്ക് 3 പ്രതിനിധികളെ വീതം അതാത് സിറ്റി-ടൗൺ ലീഗിലേക്കു തിരഞ്ഞെടുത്തയക്കാവുന്നതാണ്.

(ബി) സ്റ്റേറ്റിലെ പ്രാഥമിക ലീഗുകളിൽ മെമ്പർമാരായിരിക്കുന്നവർക്കു മാത്രമേ ടൗൺലീഗിലേക്കു തിരഞ്ഞെടുപ്പിനു നില്ക്കുവാനുള്ള യോഗ്യതയുള്ളു. എന്നാൽ ഒരു ടൗണിലെ ഒരു പ്രാഥമിക ലീഗിനെ മെമ്പർമാർക്കു മറ്റേതെങ്കിലും ടൗൺലീഗിലേക്കുള്ള തിരഞ്ഞെടുപ്പിൽ ആ ടൗണിലെ ഏതെങ്കിലും

mappilaheritagelibrary.com

ഒരു പ്രാഥമിക ലീഗിൽ നിന്നും നിൽക്കാവുന്നതാണ്.

(സി) ഒരേ സമയത്തു യാതൊരാൾക്കും ഒന്നിലധികം ടൗൺ ലീഗുകളിൽ മെമ്പറായിരിക്കുവാൻ പാടില്ല.

34. ബ്ലോക്ക് ലീഗിലേക്കുള്ള പ്രാതിനിദ്ധ്യം:-

(എ) ഓരോ പഞ്ചായത്ത് ലീഗിനും അതിലെ 100 മെമ്പർമാരും 3 പ്രതിനിധിയെ വീതം ബ്ലോക്ക് ലീഗിലേക്കു തിരഞ്ഞെടുത്തയക്കാവുന്നതാണ്.

(ബി) സ്റ്റേറ്റിലെ പഞ്ചായത്ത് ലീഗുകളിൽ മെമ്പറായിരിക്കുന്ന ആളുകൾക്ക് മാത്രമേ ബ്ലോക്ക് ലീഗിലേക്കുള്ള തിരഞ്ഞെടുപ്പിന് നിൽക്കാൻ യോഗ്യതയുള്ളൂ. എന്നാൽ ഒരു ബ്ലോക്കിലെ ഏതെങ്കിലും ഒരു പഞ്ചായത്ത് ലീഗിലെ മെമ്പർമാർക്ക് മറ്റേതെങ്കിലും ബ്ലോക്ക് ലീഗുകളിലേക്കുള്ള തിരഞ്ഞെടുപ്പിന് ആ ബ്ലോക്കിലെ ഏതെങ്കിലും ഒരു പഞ്ചായത്ത് ലീഗിൽ നിന്ന് നിൽക്കാവുന്നതാണ്.

(സി) ഒരേ സമയത്തു യാതൊരാൾക്കും ഒന്നിലധികം ബ്ലോക്ക് ലീഗുകളിൽ മെമ്പറായിരിക്കുവാൻ പാടില്ല.

35. പഞ്ചായത്ത് ലീഗിലേക്കുള്ള പ്രാതിനിധ്യം

(എ) ഓരോ വാർഡ് ലീഗിനും അതിലെ 100 മെമ്പർമാർക്ക് 3 പ്രതിനിധികളെ വീതം പഞ്ചായത്ത് ലീഗിലേക്കു തിരഞ്ഞെടുത്തയക്കാവുന്നതാണ്.

(ബി) സ്റ്റേറ്റിലെ ശാഖാലീഗുകളിൽ മെമ്പർമാരായിരിക്കുന്ന ആളുകൾക്ക് മാത്രമേ പഞ്ചായത്ത ലീഗിലേക്കുള്ള തിരഞ്ഞെടുപ്പിന് നിൽക്കുവാൻ യോഗ്യതയുള്ളൂ. എന്നാൽ ഒരു പഞ്ചായത്തിലെ ഏതെങ്കിലും ഒരു ശാഖാലീഗിലെ മെമ്പർമാർക്ക് മറ്റേതെങ്കിലും പഞ്ചായത്ത് ലീഗിലേക്കുള്ള തിരഞ്ഞെടുപ്പിന് ആ പഞ്ചായത്തിലെ ഏതെങ്കിലും ഒരു ശാഖാലീഗിൽ നിന്നും നിൽക്കാവുന്നതാണ്.

(സി) ഒരേ സമയത്തു യാതൊരാൾക്കും ഒന്നിലധികം പഞ്ചായത്ത് ലീഗുകളിൽ മെമ്പറായിരിക്കുവാൻ പാടില്ല.

36. സ്റ്റേറ്റ് മുസ്‌ലിംലീഗ് ഉദ്യോഗസ്ഥന്മാർ

1. മുസ്‌ലിംലീഗിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനായി കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് അതിലെ മെമ്പർമാരുടെ ഇടയിൽ നിന്ന് ചുവടെ വിവരിക്കുന്ന വ്യവസ്ഥകളനുസരിച്ച് താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്. അതായത്

1. ഒരു പ്രസിഡണ്ട്
2. ആറിൽ കവിയാത്ത വൈസ് പ്രസിഡണ്ടുമാർ
3. ഒരു സെക്രട്ടറി
4. രണ്ടു ജോയന്റ് സെക്രട്ടറിമാർ
5. ഒരു ഖജാൻജി

2. ഉദ്യോഗസ്ഥന്മാരുൾപ്പെടെ 45 മെമ്പർമാരടങ്ങിയ ഒരു പ്രവർത്തകസമിതി കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗിന് ഉണ്ടായിരിക്കുന്നതും ഉദ്യോഗസ്ഥന്മാർ അതിലെ ഔദ്യോഗിക മെമ്പർമാരായിരിക്കുന്നതുമാണ്.

3. മേൽ ഒന്നാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള മെമ്പർമാർക്ക് പുറമെ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് പ്രവർത്തക കമ്മിറ്റിയിലുള്ള ഈ സ്റ്റേറ്റിലെ മെമ്പർമാരും ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ ഉദ്യോഗസ്ഥന്മാരും നിയമസഭയിലേയും പാർലിമെന്റിലെയും മുസ്‌ലിംലീഗ് പാർട്ടി മെമ്പർമാരും കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിന്റെ ഔദ്യോഗിക മെമ്പർമാരായിരിക്കുന്നതാണ്.

mappilaheritagelibrary.com

കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിൽ പ്രവർത്തനങ്ങൾ

39. കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിന് താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്.

(a) പ്രാഥമിക ലീഗുകളും പഞ്ചായത്തു ലീഗുകളും താലൂക്ക് ലീഗുകളും ടൗൺ ലീഗുകളും ബ്ലോക്ക് ലീഗുകളും ജില്ലാ ലീഗുകളും രൂപീകരിക്കുകയും നിയന്ത്രിക്കുകയും അവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുക ടി കമ്മിറ്റികളെ അംഗീകരിക്കുകയോ അവയുടെ അംഗീകരണം ദുർബലപ്പെടുത്തുകയോ ചെയ്യുക.

(b) ലീഗിന്റെ ഉദ്ദേശങ്ങളേയും ആദർശങ്ങളേയും സംബന്ധിച്ച് അപ്പപ്പോൾ ഉളവാകുന്ന എല്ലാ കാര്യങ്ങളെപ്പറ്റിയും പരിചിന്തനം ചെയ്യുകയും അവയെ സംബന്ധിച്ച് വേണ്ട നടപടികൾ നടത്തുകയും ചെയ്യുക.

(c) ഇ.യു.മു. ലീഗും അതിന്റെ കൗൺസിലിലും പ്രവർത്തക കമ്മിറ്റിയും കോൺഫ്രൻസുകളും കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലും കോൺഫ്രൻസുകളും പാസ്സാക്കുന്ന പ്രമേയങ്ങളെ നടപ്പിൽ വരുത്തുവാൻ ആവശ്യമായ എല്ലാ നടപടികളും ചെയ്യുക.

(d) കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് വാർഷിക യോഗങ്ങളും മുസ്‌ലിംലീഗ് കോൺഫ്രൻസുകളും വിളിച്ചു കൂട്ടുക.

(e) വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും പരിശോധിക്കപ്പെട്ട കണക്കുകളുടെ വിവരം പട്ടികയോടു കൂടി വാർഷികയോഗം മുമ്പാകെ അത് സമർപ്പിക്കുകയും ചെയ്യുക.

(f) ലീഗിന്റെ പ്രവർത്തനം നടത്തുന്നതിനുവേണ്ടി മെമ്പർമാരുടെ വരി സംഖ്യകൾക്കു പുറമെ സംഭാവനകൾ ശേഖരിക്കുക.

(g) ആവശ്യമായ എല്ലാ ചിലവുകൾക്കും അനുവാദം നൽകുകയും അവയെ നിയന്ത്രിക്കുകയും ചെയ്യുക.

(h) വേണ്ടപ്പെട്ട ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ആവശ്യമെന്നു കാണുന്നവരെ പിരിച്ചുവിടുകയും ചെയ്യുക.

(i) ലീഗിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ സബ്ബ് കമ്മിറ്റികളെ നിശ്ചയിക്കുക.

(j) ആവശ്യമായിരുന്ന ഉപനിയമങ്ങൾ ഉണ്ടാക്കുക

(k) പൊതുവിൽ കേരളാസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ പ്രവൃത്തികൾ നടത്തുകയും അതിനു ആവശ്യമായവരുന്ന എല്ലാ നടപടികൾ എടുക്കുകയും ചെയ്യുക.

40. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിലേക്കുള്ള പ്രതിനിധികൾ

കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് അതിന്റെ മെമ്പർമാരിൽ നിന്ന് ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗിന്റെ കൗൺസിലിലേക്ക് ഇ.യു.മു.ലീഗിന്റെ ഭരണഘടനയുടെ 6-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ്.

41. യോഗങ്ങൾ:

പ്രാഥമികതാലൂക്ക്, ടൗൺ, ബ്ലോക്ക്, പഞ്ചായത്ത്, ജില്ലാലീഗുകളും അവയുടെ നിർവ്വാഹസംഘങ്ങളും കെ.മു.ലീഗും അതിന്റെ കൗൺസിലും ലീഗിന്റെ കാര്യങ്ങൾ അതാതിന്റെ പരിധികളിൽ നടത്തിക്കുന്നതിനു വേണ്ടി ആവശ്യമായി വരുന്ന ഘട്ടത്തിൽ അപ്പോഴപ്പോൾ അതാതിന്റെ യോഗങ്ങൾ ചേരേണ്ടതും അങ്ങിനെയുള്ള യോഗങ്ങൾ അതാതിന്റെ പ്രസിഡണ്ടുമാരോടു കൂടി

mappilaheritagelibrary.com

യാലോചിച്ചും അവരുടെ നിർദ്ദേശം അനുസരിച്ചും അതാതിന്റെ സെക്രട്ടറിമാർ വിളിച്ചുകൂട്ടേണ്ടതും ആകുന്നു.

42. ഒരു പ്രാഥമികലീഗിലെ ഇരുപത്തഞ്ചോ അതിൽ കൂടുതലോ മെമ്പർമാരോ ഒരു പ്രാഥമിക ലീഗിന്റെ നിർവ്വാഹകസംഘത്തിലെ ഏഴോ അതിൽ കൂടുതലോ മെമ്പർമാരോ പഞ്ചായത്ത് കൗൺസിലിലെ അഞ്ചിൽ ഒരംഗം മെമ്പർമാരോ പഞ്ചായത്ത് ലീഗ് പ്രവർത്തക സമിതിയിലെ ഏഴിൽ കുറയാത്ത മെമ്പർമാരോ ഒരു ജില്ലാലീഗിലെയോ താലൂക്ക് ലീഗിലേയോ സിറ്റി ടൗൺ ലീഗിലേയോ ബ്ലോക്ക് ലീഗിലേയോ പത്തിൽ ഒരംഗത്തിൽ കുറയാത്ത മെമ്പർമാരോ ഒരു ജില്ലാലീഗിന്റെ നിർവ്വാഹസംഘത്തിലെ ഏഴോ അതിൽ കൂടുതലോ മെമ്പർമാരോ,

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിലെ 15-ൽ ഒരംശത്തിൽ കുറയാത്ത് മെമ്പർമാരോ,

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് പ്രവർത്തക സമിതിയിലെ ഒമ്പതോ അതിൽ കൂടുതലോ മെമ്പർമാരോ അതാത് സംഘത്തിന്റെ സെക്രട്ടറിമാർക്ക് അതാതിന്റെ ഒരു യോഗം വിളിച്ചു കൂട്ടുന്നതിന് എഴുത്തു മൂലമുള്ള ഒരു അപേക്ഷ അയക്കുന്നതായാൽ ആ കാര്യത്തെ സംബന്ധിച്ചു ആലോചിക്കുവാൻ അതാതിന്റെ സെക്രട്ടറിമാർ ഒരു യോഗം വിളിച്ചു കൂട്ടേണ്ടതും അത്തരം യോഗങ്ങൾക്കുള്ള നോട്ടീസ് അപേക്ഷ കിട്ടിയതിന്റെ 15 ദിവസത്തിനുള്ളിൽ മെമ്പർമാർക്ക് അയക്കേണ്ടതുമാണ്.

43. യോഗത്തിനുള്ള നോട്ടീസ്:-

കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിന്റെ വാർഷികയോഗത്തിനുള്ള നോട്ടീസ് 15 ദിവസത്തിനു മുമ്പും

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ മറ്റു യോഗങ്ങൾക്കുള്ള നോട്ടീസ് 10 ദിവസങ്ങൾക്കു മുമ്പും.

കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിൽ വാർഷികയോഗത്തിനുള്ള നോട്ടീസ് 15 ദിവസങ്ങൾക്കു മുമ്പും കൗൺസിലിന്റെ മറ്റു യോഗങ്ങളുടെ നോട്ടീസ് 7 ദിവസങ്ങൾക്കു മുമ്പും,

പ്രാഥമിക ലീഗുകളുടെ വാർഷികയോഗത്തിനുള്ള നോട്ടീസ് 5 ദിവസത്തിനു മുമ്പും,

പ്രാഥമിക ലീഗുകളുടേയും അവയുടെ നിർവ്വാഹകസംഘങ്ങളുടേയും മറ്റു യോഗങ്ങൾക്കുള്ള നോട്ടീസ് മൂന്നു ദിവസങ്ങൾക്കു മുമ്പും നടത്തേണ്ടതാണ്. എന്നാൽ അടിയന്തിര സംഗതികളിൽ ഇതിൽ ചുരുങ്ങിയ ദിവസങ്ങളിലെ നോട്ടീസ്സുകൾ മൂലമോ, പത്രപ്രസ്താവനകൾ മൂലമോ യോഗങ്ങൾ വിളിക്കുന്നതിനുള്ള അധികാരം അതാത് കമ്മിറ്റികളുടെ പ്രസിഡണ്ടിനും സെക്രട്ടറിമാർക്കും ഉണ്ടായിരിക്കുന്നതാണ്.

44. കോറം:-

(എ) കേരളസ്റ്റേറ്റു മുസ്‌ലിംലീഗ് കൗൺസിലിന്റെ യോഗങ്ങൾക്ക് അതിലെ ആകെയുള്ള മെമ്പർമാരിൽ പതിനഞ്ചിൽ ഒരു ഭാഗത്തിൽ കുറയാത്ത എണ്ണവും,

(ബി) കേരളസ്റ്റേറ്റു മുസ്‌ലിംലീഗ് പ്രവർത്തകസമിതിയുടെ യോഗങ്ങൾക്കു ഏഴും,

(സി) ജില്ല, താലൂക്ക്, ടൗൺ ബ്ലോക്ക് ലീഗ് കൗൺസിലുകളുടേയും യോഗങ്ങൾക്ക് അതിലെ ആകെ മെമ്പർമാരിൽ പത്തിൽ ഒരു ഭാഗത്തിൽ കുറയാത്ത എണ്ണവും,

mappilaheritagelibrary.com

(ഡി) ജില്ലാ, താലൂക്ക്, ടൗൺ, ബ്ലോക്ക് പഞ്ചായത്ത് ലീഗുകളുടെ നിർവ്വാഹകസമിതിയോഗങ്ങൾക്കു അഞ്ചും,

(ഇ) പഞ്ചായത്ത് കൗൺസിലുകൾക്ക് പത്തും,

(എഫ്) പ്രാഥമിക ലീഗുകളുടെ യോഗങ്ങൾക്ക് പതിനഞ്ചും

(ജി) പ്രാഥമിക ലീഗുകളുടെ നിർവ്വാഹകസമിതിയോഗങ്ങൾക്ക് അഞ്ചും കോറം ആയിരിക്കുന്നതാണ്. എന്നാൽ കോറം തികയാതെ നിറുത്തിവെക്കുന്ന യോഗങ്ങൾ കോറം നോക്കാതെ തന്നെ നിർത്തിവെക്കുന്ന തിയ്യതിക്കു കൂടാവുന്നതാണ്.

45. പ്രാഥമികലീഗുകളും നിർവ്വാഹകസമിതികളും അവയുടെ യോഗങ്ങളും നടപടി വിവരങ്ങൾ കാണിക്കുന്ന റിപ്പോർട്ട് അതാതു ജില്ല, താലൂക്ക്, ടൗൺ, ബ്ലോക്ക് പഞ്ചായത്ത് ലീഗുകൾക്കും കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിനും അയക്കേണ്ടതാണ്. അതുപോലെതന്നെ ജില്ലാ, താലൂക്ക്, ടൗൺ, ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റികളും അവയുടെ യോഗങ്ങളുടെ നടപടി വിവരറിപ്പോർട്ടുകൾ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിനും അയക്കേണ്ടതാണ്.

വാർഷിക യോഗങ്ങളും പ്രതിനിധികളുടെ തിരഞ്ഞെടുപ്പും

46. കേരള സ്റ്റേറ്റിലെ എല്ലാ പ്രാഥമിക ലീഗുകളും അതാതു കൊല്ലത്തെ അവയുടെ പ്രവൃത്തികളെ സംബന്ധിച്ച റിപ്പോർട്ടുകളേയും ഓഡിറ്റു ചെയ്ത കണക്കുകളേയും പറ്റി ആലോചനകൾ നടത്തുവാനും അവയെ അംഗീകരിക്കാനും അടുത്തുവരുന്ന കൊല്ലത്തേക്കുള്ള ഉദ്യോഗസ്ഥന്മാരേയും ജില്ലാ, താലൂക്ക്, ടൗൺ, ഫർക്കാലീഗുപ്രതിനിധികളെ തിരഞ്ഞെടുക്കുവാനും നിർവ്വാഹകസമിതി ആവശ്യമെന്നു ഗണിക്കുന്ന മറ്റു കാര്യങ്ങളെക്കുറിച്ചു ആലോചിക്കുവാനും വേണ്ടി അവയുടെ വാർഷികയോഗം ചേരേണ്ടതാണ്. പ്രസ്തുതയോഗം കഴിഞ്ഞു 3 ദിവസത്തിനുള്ളിൽ, ആ യോഗനടപടി വിവരങ്ങളും, തിരഞ്ഞെടുപ്പുഫലം, റിപ്പോർട്ടുകൾ, വരവു ചിലവുകണക്കുകൾ ഉൾപ്പെടെയുള്ള വാർഷിക റിപ്പോർട്ടിന്റെ കോപ്പികളോടു കൂടി ജില്ലാലീഗിനും ജില്ലാലീഗ് മുഖേന കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിനും സെക്രട്ടറി അയക്കേണ്ടതുമാണ്.

47. അതാതു കൊല്ലത്തെ പ്രവർത്തന റിപ്പോർട്ടിനേയും ഓഡിറ്റു ചെയ്തു കണക്കിനേയും പറ്റി പരിചിന്തനം ചെയ്യാനും അവയെ അംഗീകരിക്കുവാനും നിർവ്വാഹകസമിതി ആവശ്യമാണെന്ന് കാണുന്ന മറ്റു കാര്യങ്ങളെ പറ്റി ആലോചിക്കുവാനുമായി എല്ലാ ജില്ലാ, താലൂക്ക്, ടൗൺ, ബ്ലോക്ക്, പഞ്ചായത്ത് ലീഗുകളും അവയുടെ വാർഷികയോഗങ്ങൾ ചേരേണ്ടതും താമസിയാതെ ആ യോഗനടപടികളുടെ റിപ്പോർട്ടു വരവു ചിലവുകണക്കുകൾ ഉൾപ്പെടെയുള്ള വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒന്നിച്ചു കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിനു അയക്കേണ്ടതാണ്.

48. പ്രാഥമിക ലീഗുകൾ 46-ാം വകുപ്പിൽ പറഞ്ഞ പ്രകാരം പുതുതായി തിരഞ്ഞെടുത്ത ജില്ലാലീഗു, താലൂക്ക് ലീഗു, ടൗൺ ലീഗു ബ്ലോക്ക് പഞ്ചായത്ത് ലീഗുകളുടെയും പ്രതിനിധികളുടെ ഒരു യോഗം അതാതു ലീഗുകളുടെ പ്രസിഡണ്ടുമാരോ സെക്രട്ടറിമാരോ വിളിച്ചു കൂട്ടേണ്ടതും ആ യോഗത്തിൽ വെച്ച് അതാത് ലീഗുകളുടെ ഉദ്യോഗസ്ഥന്മാരേയും നിർവ്വാഹക സമിതിയിലെ മറ്റംഗങ്ങളേയും കേരള സ്റ്റേറ്റു മുസ്‌ലിംലീഗിലേക്കുള്ള പ്രതിനിധികളേയും തിരഞ്ഞെടുക്കേണ്ടകുമാകുന്നു. പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷനും (പ്രസിഡണ്ടിനു) ഒരു വോട്ടും ഒരു തീർപ്പ് (കാസ്റ്റിങ്) വോട്ടും ഉണ്ടായിരിക്കുന്നതാണ്.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട സെക്രട്ടറി യോഗം കഴിഞ്ഞു 3 ദിവസത്തിനുള്ളിൽ തിരഞ്ഞെടുപ്പുഫലം കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിനെ അറിയിക്കേ

mappilaheritagelibrary.com

ണ്ടതാണ്.

49. ഓഡിറ്റ് ചെയ്ത കണക്കുകൾ ഉൾപ്പെടെയുള്ള വാർഷിക റിപ്പോർട്ടി നെപ്പറ്റി ആലോചിക്കുവാനും അത് അംഗീകരിക്കുവാനും, കേരളസ്റ്റേറ്റ് മുസ്‌ലിംലീ ഗിന്റെ കൗൺസിൽ ആവശ്യമെന്നു കരുതുന്ന മറ്റു കാര്യങ്ങളെപ്പറ്റി പരിചിന്തനം ചെയ്യുവാനുമായി കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ വാർഷിക യോഗം അടുത്തകാലത്തു തന്നെ കൂടേണ്ടതാണ്.

50 (1) ജില്ലാ ലീഗുകളിൽ നിന്ന് കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിലേക്ക് തിര ഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടേയും, കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിലെ മറ്റു മെമ്പർമാരുടേയും ഒരു യോഗം കഴിയുന്ന വേഗത്തിൽ കേരളസ്റ്റേറ്റ് മുസ്‌ലിംലീ ഗിന്റെ പ്രസിഡണ്ട് വിളിച്ചു കൂട്ടേണ്ടതും ആ യോഗത്തിൽ വെച്ചു കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലിന്റെ ഉദ്യോഗസ്ഥന്മാരേയും മറ്റംഗങ്ങളേയും ഇ.യു. മു.ലീഗ് കൗൺസിലിലേക്കുള്ള പ്രതിനിധികളേയും അതിന്റെ വാർഷിക സമ്മേ ളനത്തിലേക്കുള്ള പ്രതിനിധികളേയും (ഡെലിഗേറ്റുമാർ) തിരഞ്ഞെടുക്കേണ്ട തുമാകുന്നു. കേരളസ്റ്റേറ്റ് മുസ്‌ലിംലീഗ് പ്രസിഡണ്ട് ആ യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതും അദ്ദേഹത്തിനു ഒരു വോട്ടും ഒരു തീർപ്പു (കാസ്റ്റിംഗ്) വോട്ടും ഉണ്ടായിരിക്കുന്നതുമാകുന്നു.

2. ഇ.യു.മു.ലീഗ് കൗൺസിലിലേക്കുള്ള പ്രതിനിധികളേയും അതിന്റെ വാർഷികയോഗത്തിലേക്കോ വിശേഷാൽ യോഗത്തിലേക്കോ, ഉള്ള പ്രതിനിധി കളേയും തിരഞ്ഞെടുക്കേണ്ടതു മേൽ 46 (1) വകുപ്പിൽ പറഞ്ഞ യോഗത്തിൽ വെച്ചോ സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ മറ്റേതെങ്കിലും യോഗത്തിൽവെച്ചോ ആയിരി ക്കേണ്ടതാണ്.

3. ജില്ലാ താലൂക്ക് ടൗൺ ബ്ലോക്ക് പഞ്ചായത്ത് പ്രാഥമിക ലീഗുകളുടെ വാർഷിക യോഗങ്ങൾ സ്റ്റേറ്റ് ലീഗ് നിർദ്ദേശിക്കുന്ന കാലപരിധിക്കുള്ളിൽ ചേരേ ണ്ടതാണ്.

51. പ്രസിഡണ്ടും വൈസ് പ്രസിഡണ്ടുമാരും:-

അതാത് സംഘങ്ങളുടെ പൊതുയോഗങ്ങളിലും നിർവ്വാഹകസമിതിയോ ഗങ്ങളിലും അവരുടെ പ്രസിഡണ്ടുമാർ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്. പ്രസി ഡണ്ടു ഇല്ലാത്തപ്പോൾ യോഗത്തിൽ ഹാജരുള്ള വൈസ് പ്രസിഡണ്ടുമാരിൽ ഒരാൾ അദ്ധ്യക്ഷം വഹിക്കേണ്ടതും പ്രസിഡണ്ടും വൈസ്പ്രസിഡണ്ടുമാരും ഹാജരില്ലാതിരിക്കുമ്പോൾ യോഗത്തിൽ ഹാജറുള്ള മെമ്പർമാർ അവരിലൊരാളെ അദ്ധ്യക്ഷസ്ഥാനത്തേക്കു തിരഞ്ഞെടുക്കേണ്ടതുമാകുന്നു.

52. സെക്രട്ടറിമാർ:-

സെക്രട്ടറിമാരുടെ ചുമതലകൾ

1. അതാത് സംഘങ്ങളുടെ യോഗങ്ങൾ അതാതിന്റെ പ്രസിഡണ്ടുമാരോടു ആലോചിച്ചും അവരുടെ നിർദ്ദേശങ്ങൾ പ്രകാരവും വിളിച്ചു കൂട്ടുക.

2. അതാത് സംഘങ്ങളുടെ പൊതുയോഗങ്ങളും നിർവ്വാഹകസമിതി പാസ്സാക്കുന്ന പ്രമേയങ്ങളും അവയുടെ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തുക.

3. ആഫീസ് പ്രവൃത്തിക്കാരുടെ (സ്റ്റാഫിന്റെ) പ്രവൃത്തികളെ മേൽനോട്ടം ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുക.

4. എല്ലാ വരവുകളുടേയും ചിലവുകളുടേയും ശരിയായ കണക്കും മിനുട്ട്സും സൂക്ഷിക്കുക.

5. അതാതു സംഘങ്ങളുടെ നിർവ്വാഹകസമിതി നൽകുന്ന മറ്റെല്ലാ അധി കാരങ്ങളും പ്രയോഗിക്കുക എന്നിവയായിരിക്കും.

mappilaheritagelibrary.com

54. ഖജാഞ്ചിമാർ:-

അതാതു സംഘങ്ങളുടെ ഫണ്ടുകൾ ഖജാഞ്ചിമാരുടെ ചാർജ്ജിൽ ഇരിക്കുന്നതും അതാത് നിർവ്വാഹകസമിതികളുടെ നിർദ്ദേശപ്രകാരം ഖജാഞ്ചിമാർ പ്രവർത്തിക്കേണ്ടതുമാകുന്നു.

55. വരവും ചെലവും:-

പ്രാഥമികപഞ്ചായത്ത് ബ്ലോക്ക്, ടൗൺ, താലൂക്ക്, ജില്ലാലീഗുകൾക്കും കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിനും മെമ്പർമാരുടെ വരിസംഖ്യകൾക്കു പുറമെ സംഭാവനകൾ ശേഖരിക്കാവുന്നതും, അങ്ങിനെ പിരിക്കുന്ന സംഭാവനകളും മെമ്പർമാരുടെ വരിസംഖ്യകളിൽ നിന്നു യഥാക്രമം കിട്ടുന്ന വീതസംഖ്യകളും ലീഗുപ്രവർത്തനങ്ങൾക്കായി ചിലവാക്കാവുന്നതും ആകുന്നു.

56. കണക്കുകളും പരിശോധനയും:-

പ്രാഥമിക പഞ്ചായത്ത് ബ്ലോക്ക്, ടൗൺ, താലൂക്ക്, ജില്ലാലീഗുകളും കേരള സ്റ്റേറ്റ് മുസ്‌ലിംലീഗും യഥാക്രമം അവയുടെ വരവുചെലവു കാണിക്കുന്ന ശരിയായ കണക്കുകൾ വെച്ചുവരേണ്ടതാകുന്നു.

57. അതാത് ലീഗുകളുടെ നിർവ്വാഹകസമിതികൾ അവയുടെ വാർഷിക യോഗങ്ങളിലും പൊതുയോഗങ്ങളിലും സമർപ്പിക്കുന്നതിനു മുമ്പായി അതാതിന്റെ കണക്കുകൾ ഓഡിറ്റു ചെയ്യിക്കേണ്ടതാണ്. ഇതിനു പുറമെ കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിൽ ആവശ്യപ്പെടുന്ന സമയത്തെല്ലാം കണക്കു ഓഡിറ്റു ചെയ്യിക്കേണ്ടതാണ്. കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ വാർഷികയോഗത്തിൽ സമർപ്പിക്കുന്നതിനു മുമ്പായി കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിൽ അതിന്റെ കണക്കുകൾ ഓഡിറ്റു ചെയ്യിക്കേണ്ടതാണ്.

59. കോൺഫ്രൻസുകൾ:-

കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കോൺഫ്രൻസുകൾ അത് തീരുമാനിക്കുന്ന വിധത്തിലും സ്ഥലത്തും സമയത്തും കൂടേണ്ടതാണ്.

പ്രാഥമിക, താലൂക്ക്, ടൗൺ, ഫർക്കാ, ജില്ലാ ലീഗുകളുടെ നിയമങ്ങളും ഉപനിയമങ്ങളും

60. പ്രാഥമിക, പഞ്ചായത്ത് ബ്ലോക്ക്, ടൗൺ, താലൂക്ക്, ജില്ലാ ലീഗും യഥാക്രമം അവയുടെ കാര്യങ്ങളുടെ നടത്തിപ്പിനായി ഈ നയങ്ങളോടനുബന്ധിച്ച നിയമങ്ങളുണ്ടാക്കുവാനും മേപ്പടി സംഘങ്ങളെ നിർവ്വാഹകസമിതികൾക്കു ഉപനിയമങ്ങൾ (ബൈ-ലോസ്) ഉണ്ടാക്കുവാനും അധികാരമുണ്ടായിരിക്കുന്നതാണ്. അങ്ങിനെ ഉണ്ടാക്കുന്ന നിയമങ്ങളും ഉപനിയമങ്ങളും (റൂൾസും ബൈലോസും) ഇതിൽ അടങ്ങിയിട്ടുള്ള കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ ഘടനാനിയമങ്ങൾക്കോ ഇ.യു.മു.ലീഗിന്റെ ഘടനാനിയമങ്ങൾക്കോ യോജിക്കാത്തതോ അവയുമായി വ്യത്യാസപ്പെട്ടതോ ആയിരിക്കാൻ പാടില്ലാത്തതാകുന്നു.

61. സ്റ്റേറ്റ് ലീഗിന്റെ നിയന്ത്രണം

ജില്ലാ താലൂക്ക്, ടൗൺ, ബ്ലോക്ക് പഞ്ചായത്ത് പ്രാഥമികലീഗുകൾ ഇവയുടേയും ഇവയുടെ നിർവ്വാഹകസമിതികളുടേയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനും നിർദ്ദേശിക്കുവാനും ഒരു പ്രാഥമികലീഗിലെ ഏതെങ്കിലുമൊരു മെമ്പർ ആയാൽ മെമ്പറായിരിക്കുന്ന പ്രാഥമികലീഗിന്റേയോ അല്ലെങ്കിൽ അതിന്റെ മേലെയുള്ള ജില്ലാലീഗിന്റേയോ, കേരളസ്റ്റേറ്റ് മുസ്‌ലിംലീഗിന്റെയോ, അതിന്റെ കൗൺസിലിന്റെയോ, ഇ.യു.മു.ലീഗിന്റെയോ അതിന്റെ കൗൺസിലിന്റെയോ

mappilaheritagelibrary.com

അതിന്റെ പ്രവർത്തകകമ്മറ്റിയുടേയോ ഏതെങ്കിലും തീരുമാനത്തെ ലംഘിക്കുകയോ, ഇ.യു.മു.ലീഗിന്റെ ഉദ്ദേശങ്ങളിലും ലക്ഷ്യങ്ങളിലും ഏതെങ്കിലും ഒന്നിനു വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്താൽ ആ മെമ്പറുടെ പേരിൽ അച്ചടക്കനടപടികളെടുക്കാനും, ഏതെങ്കിലും പ്രാഥമിക ലീഗിന്റെയോ, പഞ്ചായത്ത് ബ്ലോക്ക്, ടൗൺ, താലൂക്കു ലീഗുകളെയോ, ജില്ലാ ലീഗിന്റെയോ അംഗീകരണത്തെ- ഇ. യു.മു.ലീഗിന്റെയോ, കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെയോ ഏതെങ്കിലും തീരുമാനത്തെയോ, നിയമത്തെയോ, നയത്തെയോ, പരിപാടിയെയോ തിരസ്കരിക്കുകയോ, നടപ്പിൽ വരുത്താൻ അമാന്തിക്കുകയോ, എതിരായി പ്രവർത്തിക്കുകയോ ചെയ്കയാണെങ്കിൽ- ദുർബ്ബലപ്പെടുത്തുവാനുമുള്ള അധികാരം കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിനുണ്ടായിരിക്കുന്നതാണ്. കൂടാതെ സ്റ്റേറ്റ് മുസ്ലിംലീംഗ് സാധാരണയായി ജില്ലാലീഗുകളുമായും ആലോചിച്ചു അവ മുഖേനയും പ്രാഥമിക പഞ്ചായത്ത് താലൂക്ക് ബ്ലോക്ക് ലീഗുകളുമായി കാര്യങ്ങൾ കയ്യാളുന്നതാണ്.

62. കേരളസ്റ്റേറ്റിൽ മുസ്‌ലിംലീഗിന്റെ ആദർശങ്ങളും ഉദ്ദേശങ്ങളും പ്രവർത്തനങ്ങളും നടപ്പിൽ വരുത്തുന്നതിനാവശ്യമായി വരുന്ന ഏതു നടപടികളെടുക്കുവാനുള്ള പൂർണ്ണ അധികാരം കേരളസ്റ്റേറ്റ് മുസ്ലിംലീഗിനുണ്ടായിരിക്കുന്നതാണ്.

63. ഈ നിയമങ്ങളുടെ വ്യാഖ്യാനത്തെ സംബന്ധിച്ച് വല്ല സംശയവും ഉളവാകുകയോ ഈ നിയമത്തിൽ വ്യക്തമായി വ്യവസ്ഥ വെച്ചിട്ടില്ലാത്ത വല്ല പ്രശ്നങ്ങളും ഉണ്ടാവുകയോ ലീഗിന്റെ പ്രവർത്തനങ്ങളെയോ പരിശ്രമങ്ങളെയോ സംബന്ധിച്ച് വല്ല തർക്കങ്ങളും ഉളവാകുകയോ ചെയ്താൽ അതു സംബന്ധിച്ചു കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിന്റെ കൗൺസിൽ ചെയ്യുന്ന തീരുമാനം അവസാനത്തേതായിരിക്കുന്നതും അതിലുൾപ്പെട്ട എല്ലാ കക്ഷികൾക്കും ബാധകമായിരിക്കുന്നതുമാകുന്നു.

64. നിയമങ്ങൾ ഭേദഗതി ചെയ്യൽ:-

ഈ നിയമങ്ങളെ തിരുത്തുക, പരിഷ്കരിക്കുക, കൂട്ടിച്ചേർക്കുക, ദുർബ്ബലപ്പെടുത്തുക, ഭേദഗതിചെയ്യുക എന്നിവക്കെല്ലാമുള്ള പൂർണ്ണമായ അധികാരം കേരള സ്റ്റേറ്റ് മുസ്‌ലിംലീഗിനുണ്ടായിരിക്കുന്നതാണ്.

mappilaheritagelibrary.com

ശ്രീ. ആർ.ശങ്കറിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് മന്ത്രിസഭ – പിന്നീട് കേരളാ കോൺഗ്രസ്സിന്റെ പിറവിയിലേക്കു നയിച്ച – ഗ്രൂപ്പ് വഴക്കുകളെ തുടർന്ന് 1964 സെപ്തംബർ 28 ന് അവിശ്വാസ പ്രമേയം വഴി പുറത്തു പോയി. കേരളം രാഷ്ട്രപതി ഭരണത്തിൻ കീഴിലായി. 1964 –65 കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്ന് സി.പി.എം– സി.പി.ഐ ചേരികളായി. 1965 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ മിക്ക കക്ഷികളും ഒറ്റയ്ക്കാണ് മത്സരിച്ചത്. ആർക്കും കേവല ഭൂരിപക്ഷം ലഭിക്കാത്തതിനാൽ നിയമസഭ ചേർന്നില്ല. രാഷ്ട്രപതി ഭരണം തുടർന്നു. ഈ തെരഞ്ഞെടുപ്പിൽ മുസ്ലിംലീഗ് കേരളാകോൺഗ്രസ്സുമായി സഖ്യം ചെയ്താണ് മത്സരിച്ചത്. ആറു സീറ്റിൽ മുസ്ലിം ലീഗിന്റെ ഔദ്യോഗിക സ്ഥാനാർത്ഥികളും അഞ്ചിടത്ത് ലീഗ് സ്വതന്ത്രന്മാരും ജയിച്ചു. ഈ തെരഞ്ഞെടുപ്പിൽ മുസ്ലിം ലീഗ് പ്രസിദ്ധീകരിച്ച തെരഞ്ഞെടുപ്പ് വിജ്ഞാപനം താഴെ.

20
കേരളാ സ്റ്റേറ്റ് മുസ്ലിംലീഗിന്റെ തിരഞ്ഞെടുപ്പ് വിജ്ഞാപനം– 1965

ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗു കേരളഘടകം ഇവിടത്തെ മുസൽമാന്മാരുടെ ഒരു ദേശീയ രാഷ്ട്രീയ സംഘടനയാണ്. രാജ്യത്തിന്റെ അധീശാധികാരവും ഭദ്രതയും ഐക്യവും ശക്തിയും അന്തസ്സും കാത്തു സൂക്ഷിക്കുക; ത്വരിതഗതിയിൽ ജനങ്ങൾക്ക് വർദ്ധിച്ച അഭിവൃദ്ധിയും സംതൃപ്തിയും ഉളവാക്കുക, ഇന്ത്യയിലെ മുസ്ലിംങ്ങളുടെയും, ക്രിസ്ത്യാനികൾ, സിക്കുകാർ, ജൈനന്മാർ, പാർസികൾ മുതലായ മറ്റെല്ലാ ന്യൂനപക്ഷങ്ങളുടെയും തുല്യാവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുക; മുസ്ലിംങ്ങളും ഇന്ത്യയിലെ ഇതരസമുദായങ്ങളും തമ്മിൽ സൗഹാർദ്ദവും മൈത്രിയും ഐക്യവും ഹൃദയംഗമമായ രഞ്ജിപ്പും നിലനിർത്തി വികസിപ്പിക്കുക എന്നിവയാണ് മുസ്ലിംലീഗിന്റെ ആദർശവും ഉദ്ദേശവും ലക്ഷ്യവും പ്രവർത്തനപദ്ധതിയും.

ഈ പൊതുലക്ഷ്യങ്ങൾക്ക് വിധേയമായി മറ്റൊരു പൊതുതിരഞ്ഞെടുപ്പിനെകൂടി കേരളാസ്റ്റേറ്റ് മുസ്ലിംലീഗ് നേരിടുകയാണ്. ഈ അവസരത്തിൽ കേരളത്തെ ഈ പൊതുതിരഞ്ഞെടുപ്പിലേക്ക് നയിച്ച പരിതഃസ്ഥിതികൾ എന്താണെന്നും ആ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ മുസ്ലിംലീഗു വഹിച്ചപങ്ക് എന്താണെന്നും പൊതുജനങ്ങൾ ധരിക്കേണ്ടതുണ്ട്.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്, പ്രജാസോഷ്യലിസ്റ്റ് പാർട്ടി എന്നീ കക്ഷികളുമായി സഖ്യത്തിലേർപ്പെട്ടുകൊണ്ടാണ് ലീഗ് തിരഞ്ഞെടുപ്പ് പ്രവർത്തനം നടത്തിയത്. കേരളത്തിലെ ജനങ്ങളുടെ ആത്മാർത്ഥമായ അഭി

mappilaheritagelibrary.com

ലാഷവും അതുതന്നെയായിരുന്നു. ഒന്നിച്ചുനിന്നു മത്സരിച്ച സഖ്യകക്ഷികൾക്കു ഭൂരിപക്ഷം കിട്ടിയാൽ ഒന്നിച്ച് ഭരണം നടത്തുമെന്നു ജനങ്ങളോടു അനേകം തവണ വാഗ്ദാനം ചെയ്ത് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതാക്കൾ കേരളത്തിൽ വന്നു നിന്നുകൊണ്ടു സഖ്യകക്ഷികൾ ഒന്നിച്ച് ഭരണം നടത്തുമെന്ന് പലവുരു പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. സഖ്യകക്ഷികളെ വിജയിപ്പിക്കാൻ മുസ്‌ലിംലീഗു കലവറ കൂടാതെ ആത്മാർത്ഥമായി പ്രവർത്തിച്ചു; ഈടും ഉറപ്പും ഉള്ള ഒരു ഗവർമ്മേണ്ട് കേരളത്തിനു പ്രദാനം ചെയ്യുക അതായിരുന്നു ലീഗിന്റെ ലക്ഷ്യം. തിരഞ്ഞെടുപ്പിൽ സഖ്യകക്ഷികൾക്ക് പൊതുജനങ്ങളുടെ പരിപൂർണ്ണ പിന്തുണയും അംഗീകാരവും ലഭിച്ചു. പക്ഷെ കോൺഗ്രസ്സിനു ഒറ്റക്കു ഭരിക്കാവുന്ന സീറ്റുകൾ ലഭിച്ചുവെന്നു കണ്ടപ്പോൾ കോൺഗ്രസ്സ് നേതാക്കൾ വാഗ്ദാനലംഘനം നടത്തി. ബഹുജനങ്ങളുടെ അഭിലാഷത്തിനും അംഗീകാരത്തിനും എതിരായി സഖ്യം പൊളിക്കുവാനുള്ള പരിശ്രമം തന്നെ നടത്തി. അന്നുവരെ ദേശീയസംഘടനയാണെന്നും ജനാധിപത്യവാദികളാണെന്നും കോൺഗ്രസ്സുകാർ പ്രസംഗിച്ചു വന്ന ലീഗിലും ലീഗുകാരിലും നവീനവും വിചിത്രവുമായ വർഗ്ഗീയത കണ്ടെത്തി. ലീഗിനെ മന്ത്രിസഭയിൽ ഉൾപ്പെടുത്തില്ലെന്നു ശഠിച്ചു. പക്ഷെ ലീഗു ജനങ്ങളോടുചെയ്ത വാഗ്ദാനത്തെ ഇളക്കാൻ ഈ കൃതഘ്നതക്ക് കഴിഞ്ഞില്ല. ഭദ്രമായ ഒരു ഗവർമ്മെണ്ട് കേരളത്തിനു നല്കണം എന്നതു തന്നെയായിരുന്നു അപ്പോഴും ലീഗിന്റെ മുന്നിലുണ്ടായിരുന്ന ലക്ഷ്യം. ലീഗു നിരുപാധികമായി തന്നെ സഖ്യകക്ഷികളിൽപ്പെട്ട കോൺഗ്രസ്സിന്റെയും പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെയും സംയുക്ത ഗവർമ്മെണ്ടിനു പിന്തുണ പ്രഖ്യാപിച്ചു. എന്നാൽ സംയുക്തകക്ഷികൾ സംയുക്ത അസംബ്ളി പാർട്ടിയായി തുടരുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു വന്നു. ഇടക്കിടക്ക് ചിറ്റമ്മപ്പോരു നടത്തിവന്ന കോൺഗ്രസ്, പി.എസ്.പി.കക്ഷികളെ ഇണക്കിനിർത്തുന്ന ഒരു കണ്ണിയായികൂടി ലീഗു പാർട്ടി പ്രവർത്തിക്കേണ്ടി വന്നിട്ടുണ്ട്. കേരളാ അസംബ്ളി സ്പീക്കറായിരുന്ന ജനാബ് കെ.എം.സീതിസാഹിബിന്റെ മരണാനന്തരം ലീഗിനു തുടർന്നു ആ സ്ഥാനം നല്കാതിരിക്കാൻ കോൺഗ്രസ് മറ്റൊരു ശ്രമം അണിയറയിൽ നടത്തി. നീതിക്കും പാരമ്പര്യത്തിനും നിരക്കാത്ത നിബന്ധനകൾ കോൺഗ്രസ് ലീഗിന്റെ മുമ്പിൽവെച്ചു. ലീഗു യഥാർത്ഥത്തിൽ ഒരു ത്യാഗത്തിനു തന്നെ തയ്യാറായി. ജനാഭിലാഷത്തെ അനുസരിച്ച് ജനങ്ങളുടെ ആശീർവാദത്തോടെ രൂപം പ്രാപിച്ച സഖ്യകക്ഷി തുടർന്നു പോകണമെന്ന ആഗ്രഹം തന്നെയായിരുന്നു. ആ ത്യാഗത്തിനു ലീഗിനെ പ്രേരിപ്പിച്ചത്. തുടർന്നു അന്നത്തെ കോൺഗ്രസ് പ്രസിഡണ്ട് ലീഗിനെ അകാരണമായും സംസ്കാരശൂന്യമായും പരിഹസിക്കാനും പുച്ഛിക്കാനും തുടങ്ങി. ലീഗു പുറത്തുപോകാൻ നിർബന്ധിതമായി. പിന്നീട് പി.എസ്.പിയും അധികകാലം നിന്നില്ല. കോൺഗ്രസ് ആദ്യകാലം മുതൽ പദ്ധതിയിട്ടു പ്രവർത്തിച്ചു വന്ന ഒറ്റക്കു ഭരിക്കാനുള്ള അതിന്റെ ആഗ്രഹം തല്കാലം സഫലീകരിച്ചു.

അവിശ്വാസപ്രമേയങ്ങൾ ഇതിനിടയിൽ പലതും വന്നു. ഗവർമ്മെണ്ടിന്റെ നയങ്ങളിലും പ്രവർത്തനങ്ങളിലും ലീഗിനുണ്ടായ അതൃപ്തി രേഖപ്പെടുത്തിവന്നെങ്കിലും വോട്ടിങ്ങിൽ നിഷ്പക്ഷത പാലിച്ചു പോന്നു. അതിനുള്ള പ്രധാന കാരണം ഗവർമ്മെണ്ട് കാലാവധി മുഴുവനും കടന്നു പോകണം എന്ന ആഗ്രഹമായിരുന്നു.

കോൺഗ്രസ്സ് കക്ഷിക്കു അനിയന്ത്രിതമായ ഭരണസൗകര്യങ്ങൾ ലഭിച്ചു കഴിഞ്ഞപ്പോൾ അഴിമതി, ദുർഭരണം, കഴിവില്ലായ്മ, സ്വജനപക്ഷപാതം എന്നീ ജനദ്രോഹപരങ്ങളായ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും കേരള

mappilaheritagelibrary.com

ത്തിലെ ഭരണം താറുമാറാക്കുകയും ചെയ്തു. തുടർന്നുള്ള ഭക്ഷണദൗർലഭ്യവും വിലക്കയറ്റവും കൊണ്ടു വീർപ്പുമുട്ടി വേദനിക്കുന്ന കേരളത്തിനു ആശ്വാസം നല്കാൻ നടപടികൾ എടുക്കുന്നതിനു പകരം കരിഞ്ചന്തക്കും കൊള്ളലാഭത്തിനും കൂട്ടുനിൽക്കാനായിരുന്നു കോൺഗ്രസിന്റെ ശ്രമം. ഇനി ഈ ഭാരം താങ്ങാനാവില്ലെന്നുള്ള പൊതുജനാഭിപ്രായം പൊന്തിവന്നു. ഇതു എനിയും പൊറുപ്പിക്കാനാവില്ലെന്നു ലീഗും തീരുമാനമെടുത്തു. അവിശ്വാസപ്രമേയത്തെ ലീഗു പിന്താങ്ങി. അനിവാര്യമായതു സംഭവിച്ചു. മന്ത്രിസഭ പരാജയപ്പെട്ടു പുറത്തുപോയി. ഈ പരിതസ്ഥിതിയിലാണ് പുതിയ തിരഞ്ഞെടുപ്പ് വേണ്ടി വന്നിട്ടുള്ളത്.

വിദേശനയം

ലോകസമാധാനത്തിനു വേണ്ടി ലോകത്തിലെ എല്ലാ രാഷ്ട്രങ്ങൾക്കിടയിലും രാഷ്ട്രങ്ങൾ തമ്മിലും ഇന്ത്യയുമായും സൗഹാർദ്ദമുണ്ടാവാനാണ് മുസ്‌ലിംലീഗു നിലകൊണ്ടിട്ടുള്ളതും ഇപ്പോഴും നിലകൊള്ളുന്നതും. പൊതുവിൽ അതു ഇന്ത്യാ ഗവർമ്മെണ്ട് ആവിഷ്കരിച്ച വിദേശനയത്തെ പിന്താങ്ങുന്നു. ഇന്ത്യൻ പ്രദേശത്തിന്റെ നേർക്കുള്ള ചൈനയുടെ കയ്യേറ്റത്തിൽ അത് ഗവർമ്മെണ്ടിന്റെ നിലപാടിനെ പിന്താങ്ങുന്നു. ആദ്യം മുതൽക്കു തന്നെ ഗവർമ്മെണ്ട് ഈ വിഷയത്തിൽ ഒരു ഉറച്ച നിലപാടെടുക്കേണ്ടതും ശരിയായതും നല്ലതും ന്യായവുമായ നമ്മുടെ നില കൂടുതൽ ദൃഢമായി വ്യക്തമാക്കേണ്ടതുമായിരുന്നു എന്നാണ് മുസ്‌ലിംലീഗിന്റെ അഭിപ്രായം. ഏതായാലും അതിർത്തിത്തർക്കം സംബന്ധിച്ചു വല്ല സംഭാഷണവും ആരംഭിക്കുന്നതിനു മുമ്പു തന്നെ ചൈനക്കാർ നമ്മുടെ പ്രദേശത്തു നിന്നു ഒഴിഞ്ഞുപോകേണ്ടതാണ്. കാശ്മീർ പ്രശ്നത്തിലും മുസ്‌ലിംലീഗു ഗവർമ്മെണ്ടിന്റെ നിലപാടിന്റെ പിന്നിൽ അണിനിരന്നിട്ടുണ്ട്.

ദേശീയ- ആഭ്യന്തര കാര്യങ്ങൾ

ദേശീയരംഗത്ത് ദാരിദ്ര്യവും അതിന്റെ ദൂഷ്യങ്ങളും നിർമ്മാർജ്ജനം ചെയ്യാനും, അഴിമതി, അജ്ഞത, നിരക്ഷരത്വം തുടങ്ങി ദേശീയജീവിതത്തിലെ എല്ലാ ദുരിതങ്ങളും ദൂരീകരിക്കാനും വേണ്ടി മുസ്‌ലിംലീഗു വീറോടെ വാദിച്ചിട്ടുണ്ട്. ഇപ്പോഴും വാദിച്ചു കൊണ്ടിരിക്കുന്നു. മദ്യവർജ്ജനത്തെയും ഹരിജനോദ്ധാരണത്തെയും പിന്നോക്ക സമുദായങ്ങളുടെ അഭിവൃദ്ധിക്കായുള്ള പരിശ്രമങ്ങളെയും അതു വിട്ടുവീഴ്ചയില്ലാതെ പിന്താങ്ങുന്നു. സമ്പത്തു കൂടുതൽ വേഗത്തിലും സ്ഥിരമായും വർദ്ധിക്കുവാനും അതു നീതിപൂർവ്വമായി വിതരണം ചെയ്യാനുമാണ് മുസ്‌ലിംലീഗ് ആഗ്രഹിക്കുന്നത് ഈ ലക്ഷ്യങ്ങളും അതുപോലെയുള്ള മറ്റു ലക്ഷ്യങ്ങളും നേടാനായി മുസ്‌ലിംലീഗു നിർദ്ദേശിക്കുന്ന ചില നടപടികൾ ഈ വിജ്ഞാപനത്തിൽ വിശദമാക്കിയിട്ടുണ്ട്.

നിയമസമാധാനം

നിയമവും ക്രമസമാധാനങ്ങളും പാലിക്കേണ്ടതിന്റെ ആവശ്യകത മുസ്‌ലിംലീഗു എപ്പോഴും ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ഏതുവിധ പുരോഗതിക്കും നിദാനമായ നിയമസമാധാനപാലനത്തിൽ അധികൃതന്മാരെ മുസ്‌ലിംലീഗു സദാ സഹായിച്ചു കൊണ്ടിരിക്കുകയും ഈ വിഷയത്തിൽ ഗവർണ്ണർമാരുടെയും ജനകീയ മന്ത്രിമാരുടെയും പ്രശംസക്കു അതു പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചവത്സരപദ്ധതിയും സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയും

രാജ്യം സ്വതന്ത്രമായതു മുതൽക്കു തന്നെ ത്വരിതവും സുസ്ഥിരവും നല്ലതുമായ ഫലമുളവാക്കാനായി പൊതുമുതൽ ആസൂത്രിതമായ നിലയിൽ ചിലവാക്കണമെന്നു മുസ്‌ലിംലീഗ് നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചവത്സര

mappilaheritagelibrary.com

പദ്ധതി ആരംഭിച്ചപ്പോൾ തന്നെ മുസ്‌ലിംലീഗ് അതിനെ ശരിവെക്കുകയും പിന്താങ്ങുകയും ചെയ്തു. കേരളം മുതലായ അവികസിത സ്റ്റേറ്റുകളിൽ കൂടുതൽ സംഖ്യ വകയിരുത്തി ഇതര സ്റ്റേറ്റുകളുടെ നിലവാരത്തിൽ എത്തിക്കേണ്ടിയിരിക്കുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ പേരിൽ കണ്ടമാനം പണം ധൂർത്തടിക്കുന്ന സമ്പ്രദായം ഒഴിവാക്കി, കാര്യക്ഷമമായും കൂടുതൽ പ്രായോഗികമായും വ്യയം ചെയ്യേണ്ടിയിരിക്കുന്നു. കാർഷിക വ്യവസായ രംഗങ്ങളിൽ കൂടുതൽ പുരോഗതി പദ്ധതി പ്രവർത്തനങ്ങൾ കൊണ്ടുണ്ടായില്ലെന്നു നിസ്സങ്കോചം പറയാവുന്നതാണ്.

ഇന്ത്യയിൽ ഒരു സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥ കെട്ടിപ്പടുക്കണമെന്ന ലക്ഷ്യവും മുസ്‌ലിംലീഗു അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അതേ സമയം തന്നെ ക്രമീകൃതമായ സ്വകാര്യവിഭാഗത്തിനും സ്ഥിരമായ ഒരു രംഗമുണ്ടായിരിക്കണമെന്നും സ്വകാര്യ സ്വത്തുടമ സമ്പ്രദായത്തെ നാമമാത്രമാക്കി തീർക്കരുതെന്നും ധനോല്പാദനത്തിനു അത്യന്താപേക്ഷിതവും അനിവാര്യവുമായ പ്രചോദനം നൽകുന്ന സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും മുസ്‌ലിംലീഗ് ആവശ്യപ്പെട്ടിരുന്നു. ദേശവൽക്കരണം കണക്കിലേറെ സ്വീകരിക്കേണ്ടതില്ല. റെയിൽവെ, കപ്പൽ, വിമാന ഗതാഗതം, കപ്പൽ നിർമ്മാണം, വിമാന നിർമ്മാണം ആയുധങ്ങളുടേയും വെടിക്കോപ്പുകളുടേയും മറ്റു പട്ടാള സാമഗ്രികളുടെയും നിർമ്മാണം, ഘനവ്യവസായം, റോഡ്, ട്രാൻസ്പോർട്ട് ഇവയും അതുപോലെയുള്ള മറ്റു ചില വ്യവസായങ്ങളും ദേശവൽക്കരിക്കാം. മറ്റു വ്യവസായങ്ങളും വ്യാപാരങ്ങളും ന്യായമായ നിയന്ത്രണത്തിൽ വ്യവസായികൾക്ക് വിട്ടു കൊടുക്കേണ്ടതാണ്.

വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസം സാർവത്രികവും സൗജന്യവും നിർബ്ബന്ധവുമായിരിക്കേണമെന്നതാണ് മുസ്‌ലിംലീഗിന്റെ ആവശ്യം. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഈ വിഷയകമായി അളവിലും വലിപ്പത്തിലും ഗുണത്തിലും ഉണ്ടായിട്ടുള്ള പുരോഗതിയെക്കുറിച്ചു അത് അസംതൃപ്തവുമാണ്. വിദ്യാഭ്യാസത്തിന്റെ മർമ്മപരമായ വകുപ്പിന്റെ ഗുണത്തിൽ അഭിവൃദ്ധിയും പരിഷ്കരണവും വരുത്തുന്നതിന്നാവശ്യമായ വേഗത ഉണ്ടാക്കുവാൻ കൂടുതൽ ഊർജ്ജിതമായ പ്രവർത്തനവും അധ്യാപകരുടെ ശമ്പള വർദ്ധനവടക്കം കൂടുതൽ സൗകര്യങ്ങളും ആവശ്യമാണ്.

പ്രാഥമിക സ്കൂളിലേക്കു മാത്രമല്ല ഹൈസ്ക്കൂളിലേക്കും കോളേജുകളിലേക്കുമുള്ള പാഠപുസ്തകങ്ങളുടെ രചനയും പ്രസിദ്ധീകരണവും ഒരിക്കലും സ്റ്റേറ്റിന്റെ കുത്തകയാകരുത്. ചിരകാലമായി തുടർന്നുവരുന്നതു പോലെ അത് സ്വകാര്യഹസ്തങ്ങളിലേക്ക് വിട്ടുകൊടുക്കണം. പുസ്തകങ്ങളുടെ അംഗീകാരവും തിരഞ്ഞെടുപ്പും പാഠപുസ്തക കമ്മറ്റിയുടേയും സർവ്വകലാശാലാ അധികൃതരുടേയും ചുമതലായിരിക്കണം. അല്ലാത്തപക്ഷം കുട്ടികളുടെ മനസ്സും അവരുടെ വളർച്ചയും സങ്കുചിതവും ദോഷകരവുമായ ഒരു കുഴിയിൽ വീണു പോകും.

സെക്കണ്ടറി വിദ്യാഭ്യാസമോ, കോളേജ് വിദ്യാഭ്യാസമോ, പ്രത്യക്ഷമായോ, പരോക്ഷമായോ, ദേശവൽക്കരിക്കാൻ മുതിരരുത്. ഈ രംഗം സഹായകമായ നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി സ്റ്റേറ്റിന്റെയും സ്വകാര്യ ഏജൻസികളുടേയും കീഴിൽ തന്നെയായിരിക്കണം.

സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസത്തിനു വിപുലവും വ്യാപകവും വർദ്ധിതവുമായ സൗകര്യങ്ങളേർപ്പെടുത്തണമെന്ന അഭിപ്രായത്തെ മുസ്‌ലിംലീഗ് പിന്താങ്ങുന്നു. അതേ സമയം, ചരിത്രം, ഭാഷാശാസ്ത്രം ആദി

mappilaheritagelibrary.com

യായ വിഷയങ്ങളുടേയും കലകളുടേയും പ്രശ്നം അവഗണിക്കുകയോ, അവ യുടെ പ്രാധാന്യം വിദ്യാർത്ഥികളുടേയോ, രക്ഷിതാക്കളുടേയൊ ദൃഷ്ടിയിൽ നിസ്സാരമാക്കിക്കളയുകയൊ ചെയ്യരുത്.

ഇപ്പോൾ കൂടുതലായും ഉപരിവിദ്യാഭ്യാസത്തിനു പോകുന്നത് സാധു ക്കളാകയാൽ അത് ഇന്നത്തെക്കാളും ചിലവു കുറഞ്ഞ നിലയിലായിരിക്കണം. സാങ്കേതിക വിദ്യാലയങ്ങൾ കൂടുതൽ അനുവദിക്കുമ്പോൾ പിന്നോക്കസമുദാ യക്കാരുടേയും പ്രദേശങ്ങളുടേയും അവകാശങ്ങളെ കണക്കിലെടുക്കേണ്ടതാ ണ്. പ്രസ്തുത സ്ഥാപനങ്ങൾ മേലിൽ സ്വകാര്യമേഖലയിൽ അനുവദിക്കുക യില്ല എന്ന കാര്യം ഇന്നു അത്തരം സ്ഥാപനങ്ങളില്ലാത്ത സമുദായങ്ങൾക്കു ദോഷം ചെയ്യുന്നതാണ്. ഈ വസ്തുത ഗവർമ്മെണ്ട് പ്രത്യേകം പരിഗണിക്കേ ണ്ടതാണ്.

പ്രായോഗികമായ വ്യവസായശാസ്ത്രത്തിൽ മാത്രമല്ല മറ്റു ചെറുകിട വ്യവസായങ്ങളിലൂടെയും കൈതൊഴിലുകളിലൂടെയും പരിഷ്കൃതവും നവീ നവുമായ സാധനങ്ങൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ചുള്ള തങ്ങളുടെ ലഘു വായ ആശയങ്ങളെ സംബന്ധിച്ചു അദ്ധ്വാനശീലരായ ആളുകൾ സ്വന്തം ശ്രമ ത്തിൽ ഗവേഷണപ്രവർത്തനങ്ങൾ നടത്തുന്നത് പ്രോത്സാഹിപ്പിക്കാനായി സർവ്വ കലാശാലകളിലും വലിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും സുസജ്ജമായ ഗവേഷണാലയങ്ങൾ സ്ഥാപിക്കണം. ഇത് അഭ്യസ്തവിദ്യരായ യുവാക്കളുടെ ബുദ്ധിപരമായ കഴിവുകളെ വികസിപ്പിക്കുകയും കാലാന്തരത്തിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുവാൻ ഗണ്യമായി സഹായിക്കുകയും ചെയ്യും.

മതപഠനം

മതപഠനം തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘട കമായിട്ടാണ് മുസ്‌ലിംങ്ങൾ കണക്കാക്കുന്നതെന്നു മുസ്‌ലിംലീഗു ചൂണ്ടി കാണി ക്കാനാഗ്രഹിക്കുന്നു. മതമില്ലാത്ത വിദ്യാഭ്യാസം അഭികാമ്യമോ, പൂർണ്ണമോ അല്ലെന്നാണ് മുസ്‌ലിംങ്ങളുടെ ഉറച്ച വിശ്വാസം. രാജ്യത്തിലെ എല്ലാ കുട്ടി കൾക്കും അവർ ഏതു സമുദായത്തിൽപെട്ടവരായാലും അവരുടെ മാതാപിതാ ക്കളുടെ മതം പഠിപ്പിക്കാനുള്ള സൗകര്യം ഉണ്ടാവേണ്ടത് അനുപേക്ഷണീയ മായ ഒരാവശ്യമാണെന്നാണ് മുസ്‌ലിംലീഗു തരുന്നത്. നമ്മുടെ നാട്ടിൽ സ്റ്റേറ്റ് വകയായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപഠനം നിരോധിക്കപ്പെട്ടിട്ടുള്ളത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. പാശ്ചാത്യരാജ്യങ്ങളിൽ ഇത്തരം നിരോധനം നിലവിലില്ല. ആരംഭത്തിൽ ഈ നിരോധത്തെ അനുകൂലിച്ചിരുന്ന പല നേതാ ക്കളും ഇപ്പോൾ മതപഠനം ആവശ്യമാണെന്നു വാദിക്കുവാൻ തുടങ്ങി കാണുന്നത് ശുഭസൂചനയാണ്. മുസ്‌ലിംലീഗു ആരംഭം മുതൽക്കെ ഇതിനു വേണ്ടി വാദിച്ചിരിക്കുകയായിരുന്നു. ആവശ്യമാണെങ്കിൽ ഭരണഘടനയിൽ ഇതിനു വേണ്ട ഭേദഗതി വരുത്തണമെന്നും കുട്ടികൾക്ക് അവരുടെ രക്ഷിതാ ക്കന്മാരുടെ മതത്തെ സംബന്ധിച്ച പഠനം നടത്താൻ എല്ലാ വിദ്യാഭ്യാസ സ്ഥാപ നങ്ങളിലും സൗകര്യമേർപ്പെടുത്തണമെന്നുമാണ് മുസ്‌ലിംലീഗിന്റെ ആവശ്യം.

അറബി ഭാഷയും പേർഷ്യൻ ഭാഷയും ഇന്ത്യൻ മുസൽമാന്മാരുടെ ഇസ്ലാ മിക സംസ്കാരത്തിന്റെ അടിസ്ഥാന ഭാഷകളാണ് ലോകത്തിൽ പല രാജ്യങ്ങ ളിലേയും സ്റ്റേറ്റുഭാഷകളായ ഈ പൗരാണിക ഭാഷകളും അതോടൊപ്പം നമ്മുടെ ഭരണഘടന അംഗീകരിച്ചിട്ടുള്ള 14 ഭാഷകളിലൊന്നായ ഉർദുവും സമ്പ ന്നവും അത്യുന്നതവുമായ സാഹിത്യത്തിന്റെ വിലപിടിച്ച കലവറകളാണ്. അതു കൊണ്ടു ഈ ഭാഷകൾ പഠിപ്പിക്കാനും വിദ്യാലയങ്ങളിൽ സൗകര്യമുണ്ടായിരി ക്കണം.

mappilaheritagelibrary.com

ഭക്ഷണവും കൃഷിയും

ഇന്നാട്ടിലെ ഓരോ പൌരനും ഭക്ഷണവും വസ്ത്രവും പാർപ്പിടസൗകര്യങ്ങളും നൽകുവാൻ ഫലപ്രദവും അനുയുക്തവുമായ നടപടികൾ കൈകൊള്ളേണ്ടത് ഗവർമ്മെണ്ടിന്റെ പ്രാഥമികകർത്തവ്യമാണെന്നാണ് മുസ്‌ലിംലീഗിന്റെ അഭിപ്രായം.

ഭക്ഷ്യവിഭവങ്ങൾ നിരന്തരമായും തൃപ്തികരമായും ലഭിക്കുന്നതിനു ഭക്ഷ്യധാന്യങ്ങളുടെയും മറ്റു ആഹാരപദാർത്ഥങ്ങളുടെയും വർദ്ധമാനമായ ഉൽപാദനം നടത്തേണ്ടതും ഭക്ഷ്യവിഭവങ്ങളിൽ നാടു വളരെയേറെ സ്വയം പര്യാപ്തമാവേണ്ടതുമാണ്.

കൃഷിസംബന്ധമായ പ്രവർത്തനവും രീതിയും ആവശ്യമുള്ളപ്പോൾ ലഘൂകരിക്കുകയും കൃഷിക്കുപയുക്തമായ ജലവിതരണം വേണ്ട സമയങ്ങളിൽ നടത്തുന്ന കാര്യത്തിലും വിത്തും വിളവും കൃഷിക്കുവേണ്ട ഉപകരണങ്ങളും മറ്റും വിതരണം ചെയ്യുന്നതിലും ലഘുവായ ശാസ്ത്രീയജ്ഞാനം കൃഷിക്കാരുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ കൃഷിവകുപ്പ്, ജലസേചന വകുപ്പു തുടങ്ങിയ വകുപ്പുകളിൽ കണ്ടുവരുന്ന അലസത ദുരീകരിക്കുകയും ചെയ്യുന്നതു കൊണ്ടു തന്നെ ഇപ്പോഴത്തെക്കാൾ ഗണ്യമാംവിധം കൂടുതൽ ഉല്പാദനം ഉണ്ടാവുന്നതാണ്.

ഉദാഹരണമായി ജലസേചനതോടുകളിൽ വെള്ളം കയറ്റുന്നതിൽ പലപ്പോഴും താമസം വരുത്തുകയും വേണ്ട സമയങ്ങളിൽ തോടുകൾക്കു വേണ്ട റിപ്പേറുകൾ ചെയ്യാതിരിക്കുകയും വളവും വിത്തും ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ധാരാളം ഉണ്ടായാലും ചെറുതരം കൃഷിക്കാർക്കു വിശേഷിച്ചു കൊടുക്കാതിരിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ നമുക്കുണ്ട്. അത്തരം ന്യൂനതകൾ കൃഷിപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും പ്രതികൂല ഫലങ്ങൾ ഉളവാക്കുകയും ചെയ്യുന്നു.

കൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കുവാൻ ഇപ്പോൾ കൃഷിചെയ്യുന്ന തടങ്ങളിൽ തന്നെ കൃഷി കൂടുതൽ ഊർജ്ജിതമായും വിജയകരമായും പ്രവർത്തനം നടത്തേണ്ടതാണ്. വൻകിട ജലസേചനപദ്ധതികൾ വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനു പുറമെ കുറഞ്ഞ തോതിലാണെങ്കിലും ക്ഷണത്തിൽ ഫലം നൽകുന്ന ചെറുതരം ജലസേചന ഏർപ്പാടുകളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ അടിയന്തരമായി പതിക്കേണ്ടിയിരിക്കുന്നു. ചെറിയ നദികളിലെയും ചില കാലങ്ങളിൽ മാത്രം വെള്ളമുണ്ടാകുന്ന നീർചാലുകളിലെയും വെള്ളം പോലും സംഭരിച്ച് കൃഷി ആവശ്യങ്ങൾക്കു ഉപയുക്തമാക്കണം. വെള്ളം എടുക്കാവുന്ന കൂടുതൽ കുളങ്ങൾ ജാഗ്രതയോടെ നന്നാക്കി ഉപയോഗയോഗ്യങ്ങളാക്കുകയും പുതിയ കുളങ്ങൾ കുഴിക്കുകയും വേണം. ഭൂമിയുടെ അന്തർഭാഗത്തിലുള്ള ജലാശയങ്ങളെ സംബന്ധിച്ചു കൂടുതൽ ശാസ്ത്രീയമായും വ്യവസ്ഥാപൂർവ്വമായും സർവ്വെ നടത്തുകയും ഉപയോഗപ്രദവും ഉപയുക്തവുമായ സ്ഥലങ്ങളിൽ കിണറുകൾ കുഴിക്കുവാൻ ജനങ്ങൾക്കു മാർഗ്ഗദർശനവും കഴിവും ഉണ്ടാക്കിക്കൊടുക്കുകയും വേണം. കൃഷിപ്രവർത്തനങ്ങൾക്ക് കൂടുതൽ പമ്പുസെറ്റുകളും ഇപ്പോഴെത്തെതിലും കൂടുതലായും ആദായകരമായ വിധത്തിലും വിദ്യുച്ഛക്തി ഗ്രാമപ്രദേശങ്ങളിൽ വേണ്ടത്ര വികസിപ്പിക്കേണ്ടതാണ്. നിലമ്പൂർ വാലി സ്കീം അടിയന്തരമായി തയ്യാറാക്കി നടപ്പിൽ വരുത്തണം.

കൃഷിയുടെയും കൃഷിക്കാരുടെയും നന്മക്കുവേണ്ടി ഇപ്പോഴത്തേക്കാൾ കൂടുതലും നല്ലതുമായ ഗതാഗതമാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടത് പ്രധാനമായ ഒരു കാര്യമാണ്.

mappilaheritagelibrary.com

നല്ലതരം വിത്തുകളും നല്ല ഉപകരണങ്ങളും ഗ്രഹിക്കുവാൻ എളുപ്പമുള്ള ശാസ്ത്രീയജ്ഞാനവും സാങ്കേതിക ഉപദേശവും സഹായവും ഇപ്പോഴെത്തെതിലും കൂടുതലും വേഗത്തിലും എളുപ്പത്തിലും ചെറുകിട കൃഷിക്കാർക്കു വിശേഷിച്ചും നൽകണം.

ഈമാതിരി നടപടികളും ആവശ്യമായ മറ്റു നടപടികളും എടുത്താലും കേരളത്തെപ്പോലെയുള്ള ചില സംസ്ഥാനങ്ങളിൽ ആ സംസ്ഥാനങ്ങൾക്ക് പ്രത്യേകമായ ചില കാരണങ്ങളാൽ അവയുടെ ആവശ്യത്തിനു ഭക്ഷണസാധനങ്ങൾ തികയാതെ വന്നേക്കാം. അത്തരം കാര്യങ്ങളിൽ ഭക്ഷണധാന്യങ്ങളുടെ കുറവ് എപ്പോഴുണ്ടായാലും അതു എത്ര തന്നെയായാലും ന്യായവും സഹായകവുമായ ഉപാധികളിന്മേൽ അത് നികത്തി കൊടുക്കുകയെന്നതു ഇന്ത്യാഗവർമ്മെണ്ടിന്റെ സംശയരഹിതവും ഖണ്ഡിതവും സ്പഷടവുമായ ഉത്തരവാദിത്വമായിരിക്കണം.

ജനങ്ങൾക്ക് ഭക്ഷണം വിതരണം ചെയ്യാനുള്ള ഉത്തരവാദിത്വം ഗവർമ്മെണ്ടു ഏറ്റെടുക്കേണ്ടിയിരിക്കുന്നു. സമാധാന സംരക്ഷണം തുടങ്ങിയ പ്രാഥമിക ആവശ്യങ്ങളെപ്പോലെ പ്രാധാന്യം ഭക്ഷണസാധനങ്ങളുടെ വിതരണത്തിനു ഗവർമ്മെണ്ട് ഉപാധികളും പരിഹാരമാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതായുണ്ട്. മിച്ചസ്റ്റേറ്റുകളിൽ നിന്നു കമ്മിസ്റ്റേറ്റിലേക്ക് അരി വേണ്ടത്ര നീക്കുവാനും സംഭരിക്കുവാനും കേന്ദ്രത്തിന്റെ ജാഗരൂകതയുടെ അഭാവത്തിൽ ഇന്നു കേരളം തുടങ്ങിയ കമ്മിസ്റ്റേറ്റുകൾ അനുഭവിക്കുന്ന യാതനയും വേദനയും അലക്ഷ്യഭാവത്തിൽ തള്ളിക്കളയുന്ന സമ്പ്രദായം ഒഴിവാക്കേണ്ടതാണ്. 6 മാസത്തെയെങ്കിലും മതിയായ സ്റ്റോക്കു ഗവർമ്മെണ്ടിന്റെ കയ്യിലുണ്ടായിരിക്കേണ്ടതാണ്. ഇന്നത്തെ അപര്യാപ്തവും നിരുത്തരവാദപരവുമായ അനൗപചാരിക റേഷൻ സമ്പ്രദായം മാറ്റി കൂടുതൽ പ്രായോഗികവും ഫലപ്രദവുമായ ഒരു സമ്പ്രദായം സ്വീകരിക്കേണ്ടതും കുറഞ്ഞത് 12 ഔൺസ് അരിയും, 4 ഔൺസു ഗോതമ്പവും ഗ്രാമ-നഗരവ്യത്യാസമന്യെ എല്ലാവർക്കും നൽകേണ്ടതുമാണ്.

ഭൂപരിധി

കാർഷിക ഉൽപാദനത്തിൽ വളരെയേറെ അഭിലഷണീയമായ വർദ്ധനവുകൾ കൈവരുത്തുന്നതിനു കൂടുതൽ പ്രചോദനം നൽകുന്ന ഒരു മാർഗ്ഗമെന്ന നിലയിലും ധനസമ്പാദന മാർഗ്ഗത്തിന്റെ കൂടുതൽ ന്യായയുക്തവും നീതിപൂർവ്വവുമായ വിതരണം സാദ്ധ്യമാക്കാനുള്ള ഒരു നടപടി എന്ന നിലയിലും നാട്ടിൽ നിലനിൽക്കുന്ന തൊഴിലില്ലായ്മ പ്രശ്നത്തിന്റെ കാഠിന്യം കുറക്കാനുള്ള ഒരു പാധി എന്ന നിലയിലും ഭൂവുടമ സമ്പ്രദായത്തിനു ന്യായപൂർവ്വമായ ഒരു പരിധി നിശ്ചയിക്കേണ്ടതാണെന്ന കാര്യത്തിൽ മുസ്‌ലിംലീഗിനു യോജിപ്പുണ്ട്. എന്നാൽ ആ പരിധി നിർണ്ണയം നീതിപൂർവ്വകവും ന്യായയുക്തവും ആയിരിക്കണമെന്നും ഭൂമിയിൽ നിന്നുള്ള വരുമാനത്തെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണമെന്നും കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം മുതലായ പ്രസക്ത കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടായിരിക്കണമെന്നും ലീഗു കരുതുന്നു.

വ്യവസായവികസനം

അതികഠിനവും നൂറ്റാണ്ടുകളായി നിലനിന്നു പോരുന്നതുമായ ദാരിദ്ര്യം മൂലം ഇന്നാട്ടിൽ സംജാതമായിരിക്കുന്ന പ്രത്യേക സാഹചര്യങ്ങളുടെ വെളിച്ചത്തിൽ വ്യവസായികവും സാമ്പത്തികവുമായ വികസനത്തിനു നിശ്ചയമായും സത്വര മുൻഗണന നൽകേണ്ടതാണ്. വ്യവസായ വികസനം അതിന്റെ എല്ലാ മണ്ഡലങ്ങളിലും അങ്ങേയറ്റം ഊർജ്ജിതമാക്കേണ്ടതാണ്. നാട്ടിൽ ആകമാനം നീതിപൂർവ്വമായ തരത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സൂക്ഷി

mappilaheritagelibrary.com

ക്കേണ്ടതും മറ്റു പ്രദേശങ്ങളുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി ഏതെങ്കിലും ഒരു പ്രത്യേക മേഖലയിൽ വികസന കേന്ദ്രീകരണം നടത്തുന്നതു ഒഴിവാക്കേണ്ടതുമാണ്. പ്ലാനിങ്ങ്, ഗവർമ്മെണ്ടിന്റെ ഒരു സുനിശ്ചിത പരിപാടിയായി തീർന്നിരിക്കയാലും പഞ്ചവത്സര പദ്ധതികൾ നടപ്പിലുള്ളതുകൊണ്ടും നാട്ടിൽ ആകമാനം സമീകൃതമായ മട്ടിൽ വികസനപ്രവർത്തനങ്ങൾ നന്നായി നടത്താവുന്നതുമാണ്. എന്നാൽ വ്യവസായ വികസനത്തെ സംബന്ധിച്ചേടത്തോളം ഇന്നും പിന്നണിയിൽ കിടക്കുന്ന പ്രദേശങ്ങൾ ഇവിടെയുണ്ട്. വിദ്യാഭ്യാസ രംഗത്തും സാക്ഷരതയിലും ഇതരസ്റ്റേറ്റുകളെ അപേക്ഷിച്ച് മുൻപന്തിയിൽ നിൽക്കുന്ന കേരളം വ്യാവസായികമായി ഏറ്റവും പിന്നണിയിൽ നിൽക്കുന്ന ഒരു പ്രദേശം ആണ്. നാടിന്റെ എല്ലാ ഭാഗങ്ങളും വ്യാവസായികവും സാമ്പത്തികവുമായ ഉന്നമനത്തെ സംബന്ധിച്ചേടത്തോളം ഒരേ നിലവാരത്തിലുയർത്തേണ്ടതുണ്ട്.

നിലവിലുള്ള ചെറുകിട വ്യവസായങ്ങളുടെ അഭിവൃദ്ധിക്കു കൂടുതൽ പ്രാധാന്യം കല്പിക്കുവാനും പുതിയ വ്യവസായങ്ങൾ വികസിപ്പിക്കുവാനും മുതിരേണ്ടതു അനുപേക്ഷണീയമാണ്. കാരണം നാട്ടിലുള്ള കനത്ത തൊഴിലില്ലായ്മ പ്രശ്നവും അധസ്ഥിതമായ തൊഴിലുകളുടെ കാര്യവും പരിഹരിക്കുവാനും നേരെയാക്കുവാനും വൻകിട വ്യവസായങ്ങളെക്കാളേറെ ചെറുകിട വ്യവസായങ്ങൾക്കായിരിക്കും സാദ്ധ്യമാവുക. കൃഷി കഴിഞ്ഞാൽ രണ്ടാംസ്ഥാനമർഹിക്കുന്ന കൈത്തറി, മത്സ്യബന്ധനം മത്സ്യം ഉണക്കൽ മുതലായ വ്യവസായങ്ങളും കേരളത്തിലെ കയറുല്പന്നങ്ങളുടെ നിർമ്മാണവും മറ്റും ഗവർമ്മെണ്ടിന്റെ പ്രത്യേക ശ്രദ്ധക്കും പരിഗണനക്കും വിധേയമാവേണ്ടതാണ്. മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ നില ഉയർത്താൻ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതാണ്.

വ്യവസായ മണ്ഡലത്തിൽ ഒരു സുപ്രധാനഘടകമായ ഭൂഖനനത്തിനു അർഹിക്കുന്ന പരിഗണ ഗവർമ്മെണ്ട് നൽകി കാണുന്നില്ല. വിദേശഭരണകാലത്ത് ഈ നാട്ടിലെ ലോഹ ധാതുസമ്പത്തിനെക്കുറിച്ച് കാര്യമായ യാതൊരു ഭൂഗർഭസർവ്വയൊ, തോതു നിർണ്ണയമോ നടത്തിയിട്ടില്ല. അന്നത്തെ നിലയിൽ നിന്നും വലിയ മാറ്റമൊന്നും ഇന്നും ഉണ്ടായിക്കാണുന്നില്ല. വാസ്തവത്തിൽ ഈ നാട്ടിൽ വിവിധ തരത്തിലുള്ള ധാതുലോഹസമ്പത്തിനു ധാരാളം സാദ്ധ്യതകളുണ്ട്. അക്കാര്യം പ്രസക്തമായ കേന്ദ്രങ്ങൾ ശരിയായി ഗ്രഹിച്ചു കാണുന്നില്ല. എണ്ണമറ്റ ധാതുവിഭവങ്ങൾ ഉണ്ടെന്നു ഒട്ടൊക്കെ തെളിഞ്ഞു കഴിഞ്ഞിട്ടുള്ള കേരളത്തെപോലെയുള്ള സ്റ്റേറ്റുകളെ നാളിത്രവരെയും ആ വിഷയകമായി ഉപയോഗപ്പെടുത്തുന്നതിൽ ശ്രദ്ധ പതിച്ചിട്ടില്ലെന്നു മുസ്‌ലിംലീഗിന്നഭിപ്രായമുണ്ട്.

നേരത്തെ സൂചിപ്പിച്ചതുപോലെ റെയിൽവെ, കപ്പൽ, ഉരുക്കുനിർമ്മാണം തുടങ്ങിയവയുമായി ബന്ധപ്പെട്ട വൻകിട ഘനവ്യവസായങ്ങളും വെടിക്കോപ്പുകൾ ആയുധങ്ങൾ തുടങ്ങിയ തന്ത്രപ്രധാനമായ സാമഗ്രികളുടെ നിർമ്മാണവും ദേശവൽക്കരിക്കുവാൻ അനുയോജ്യമായവയാണെങ്കിലും നമ്മുടെ രാഷ്ട്രത്തിന്റെ ഉത്തമ താല്പര്യത്തെ മുൻനിർത്തി വ്യവസായങ്ങളുടെ ഒരു സ്വകാര്യ മേഖല എപ്പോഴും നിലനിർത്തേണ്ടതാണ്.

വ്യവസായ കാര്യത്തിൽ കേന്ദ്രം കേരളത്തോടു വേണ്ടത്ര നീതി കാണിച്ചിട്ടില്ല. ഇന്ത്യയുടെ വിദേശ നാണയത്തിൽ ഒരു വലിയ വിഭാഗം കേരളമാണ് സമ്പാദിക്കുന്നത്. ജനസംഖ്യ വർദ്ധനവുമൂലം വളരെ വിഷമതകൾ അനുഭവിക്കുന്ന കേരളത്തെ വ്യവസായവൽക്കരിക്കുന്നതിൽ കേന്ദ്രം വളരെയേറെ അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. ഫൈറ്റൊ കെമിറ്റ്സ് കേരളത്തിനു അനുവദിച്ചിട്ടു

mappilaheritagelibrary.com

നടപ്പിൽ വന്നില്ല. കപ്പൽ നിർമ്മാണ കേന്ദ്രത്തിന്റെ കാര്യത്തിൽ പുരോഗതി വളരെ മന്ദമാണ്. അതിനാൽ കേരളത്തിന്റെ വ്യവസായവൽക്കരണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ കേന്ദ്രത്തെ പ്രേരിപ്പിക്കേണ്ടതുണ്ട്. വിദ്യുച്ഛക്തി നിർമ്മാണം ഏറ്റവും ചുരുങ്ങിയ ചിലവിൽ ഇവിടെ സാധിക്കുന്നതാണ്. വ്യവസായ അടിസ്ഥാനത്തിൽ തന്നെ ഇവിടെ ഹൈഡ്രോ ഇലക്ട്രിക്കൽ പദ്ധതി ഉണ്ടാവേണ്ടതാണ്. തിരുവിതാംകൂർ, കൊച്ചി, മലബാർ ഭാഗങ്ങളിൽ ചുരുങ്ങിയതു മൂന്നു തെർമൽ സ്റ്റേഷനുകളെങ്കിലും ഉണ്ടായിരിക്കണം.

വലിയ വ്യവസായങ്ങൾ ഉണ്ടാകാൻ ശ്രമിക്കുന്നതോടൊപ്പം ചെറു വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്. തദാവശ്യാർത്ഥം ബേങ്കുകൾ മുഖേനയും മറ്റും മൂലധന സഹായവും നടത്തിപ്പ് മൂലധനവും നൽകുക, സാങ്കേതിക ഉപദേശം നൽകുക, അസംസ്കൃത സാധനങ്ങൾ മിതമായ നിലക്ക് ലഭ്യമാവുക വ്യവസായ അഭിവൃദ്ധിക്ക് സഹായകമായ തൊഴിൽനയം ആവിഷ്ക്കരിക്കുക എന്നിവ ചെയ്യേണ്ടതാണ്.

ജോലിയും തൊഴിലും

അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ സംബന്ധിച്ചേടത്തോളം അവർക്കു നിശ്ചയമായും മെച്ചപ്പെട്ട കൂലിയും ഉയർന്ന ജീവിത നിലവാരത്തിനുള്ള സന്ദർഭങ്ങളും നൽകേണ്ടതാണെന്നാണ് മുസ്‌ലിംലീഗിന്റെ അഭിപ്രായം. അവരുടെ ഇന്നത്തെ നിലയിൽ വളരെയേറെ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. അത് ഗ്രാമീണവും കാർഷികവുമായ രംഗങ്ങളിലെന്ന പോലെ നാഗരികവും വ്യവസായികവുമായ മണ്ഡലങ്ങൾക്കും ബാധകമാണ്.

കൂട്ടായി വിലപേശാനുള്ള അവകാശം നിശ്ചയമായും തൊഴിലാളികൾക്കുണ്ട്. എന്നാൽ ഈ നാടിന്റെ വികസനപ്രവർത്തനങ്ങളുടെ താഴ്ന്ന നിലവാരവും അവ ത്വരിതപ്പെടുത്തുവാനുള്ള പരമപ്രധാനമായ ആവശ്യവും ദേശീയ ദുർവ്യയങ്ങളും അപകർഷങ്ങളും ഒഴിവാക്കേണ്ടതാണെന്ന വസ്തുതയും പരിഗണിച്ച് പണിമുടക്കങ്ങളും തൊഴിൽശാല അടപ്പുകളും വളരെയേറെ അസാധാരണമായ പരിതസ്ഥിതികളിലല്ലാതെ നടത്തരുതെന്നാണ് മുസ്‌ലിംലീഗിന്റെ അഭിപ്രായം. എല്ലാ കാര്യങ്ങളിലും തൊഴിലാളികളും തൊഴിലുടമകളും തമ്മിലുള്ള തർക്കങ്ങൾ തീർക്കാൻ കൂടിയാലോചനകളുടെയും അനുരഞ്ജനത്തിന്റെയും മാർഗ്ഗമാണ് സ്വീകരിക്കേണ്ടത്. താഴ്ന്ന വരുമാനക്കാരായ ഭാഷാദ്ധ്യാപകന്മാർ, എൻ. ജി.ഒ.മാർ, പോലീസുകാർ, ശിപായിമാർ, അധ്യാപകന്മാർ മുതലായവർക്കു ഇന്നു ലഭിക്കുന്ന ശമ്പളം തീരെ അപര്യാപ്തമാണെന്നാണ് മുസ്‌ലിംലീഗിന്റെ അഭിപ്രായം. അവർക്കു കാലസ്ഥിതിക്കനുസരിച്ച് ജീവിക്കാനുതകുന്ന ശമ്പളവർദ്ധനവും ക്ഷാമബത്തയും അനുവദിക്കേണ്ടതാണ്.

റിസർവേഷൻ

പിന്നോക്കം നിൽക്കുന്ന സമുദായങ്ങളെ ഉയർത്തിക്കൊണ്ടുവരിക എന്നത് രാജ്യത്തിന്റെ പൊതുതാല്പര്യത്തിനു അത്യാവശ്യമാണെന്നു മുസ്‌ലിംലീഗ് വിശ്വസിക്കുന്നു. ഈ ലക്ഷ്യം വെച്ചുകൊണ്ടു സർവീസുകളിലും സാങ്കേതിക വിദ്യാലയങ്ങളിലും മറ്റും അവർക്കു റിസർവേഷൻ നൽകേണ്ടതാണെന്നു ഭരണഘടന അനുശാസിക്കുന്നുണ്ടല്ലൊ. ഇതു ഫലപ്രദമായി നടപ്പിൽ വരുത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടത് സ്റ്റേറ്റ് ഗവർമ്മെണ്ടിന്റെ ചുമതലയാണ്.

സ്റ്റേറ്റുകളുടെ അധികാരങ്ങൾ

ജനങ്ങളുടെ കാര്യങ്ങൾ നേരിട്ടു നിയന്ത്രിച്ച് കൊണ്ടുപോകുവാനും കയ്യാളാനും ഉള്ള അടിയന്തരമായ കർത്തവ്യം രാഷ്ട്രനിർമ്മാണപരമായ പ്രവർത്ത

mappilaheritagelibrary.com

നങ്ങൾ മുമ്പോട്ട് കൊണ്ടുപോകാനുള്ള കടപ്പാടും സ്റ്റേറ്റുകളിൽ നിക്ഷിപ്തമാണ്. അങ്ങിനെയിരിക്കെ വിസ്തൃതവും വിശാലവുമായ നമ്മുടെ നാട്ടിൽ സ്റ്റേറ്റുകൾക്ക് സമ്പൂർണ്ണമായ സാമ്പത്തികവിഭവങ്ങളും അധികാരങ്ങളും ഉണ്ടാവേണ്ടത് ന്യായം മാത്രമാണ്. എന്നാൽ ഇന്നത്തെ നിലക്ക് അവർക്കു അനുവദിച്ചിട്ടുള്ള വിഭവങ്ങളും അധികാരങ്ങളും തികച്ചും അപര്യാപ്തവുമാണ്. മാത്രമല്ല ഈ അപര്യാപ്തമായ അധികാരം ഉൾപ്പെടെയുള്ള സ്റ്റേറ്റിൽ പല മണ്ഡലങ്ങളിലും കേന്ദ്രം കൈകടത്തികൊണ്ടിരിക്കുകയാണ്. ആവശ്യമായി വരികയാണെങ്കിൽ ഭരണഘടന ഭേദഗതി ചെയ്തിട്ടുപോലും ഈ ദുരവസ്ഥ തിരുത്തേണ്ടതാണ്.

ഗതാഗതം

കേരളത്തിൽ വേണ്ടത്ര റെയിൽവെസൗകര്യങ്ങളില്ല. ഇപ്പോഴുള്ള റെയിൽവെസ്റ്റേഷനുകളും വണ്ടികളും എല്ലാം തന്നെ വളരെ പഴക്കമുള്ളതും കേടുപാടുവന്നവയുമാണ്. മലബാറിൽ മേലാറ്റൂരിൽ നിന്നു ഫറോക്കിലേക്ക് ഒരു ചെറിയ റെയിൽവെ സ്ഥാപിക്കാനുള്ള നിർദ്ദേശം വർഷങ്ങൾക്കു മുമ്പ് തന്നെ കേന്ദ്രം സ്വീകരിച്ചതാണെങ്കിലും ആ വാഗ്ദാനം ഇന്നും അവശേഷിച്ചിരിക്കുകയാണ്. ആലപ്പുഴ, മഞ്ചേരി, പൊന്നാനി തുടങ്ങിയ പ്രധാന നഗരങ്ങളും വ്യാപാര കേന്ദ്രങ്ങളും റെയിൽവെ ഗതാഗതമില്ലാതെ കിടക്കുകയാണ്. വളരെയധികം ഒച്ചപ്പാടുണ്ടാക്കിയ തിരുവനന്തപുരം-കന്യാകുമാരി ലൈനും തലശ്ശേരി-മൈസൂർ ലൈനും അടുത്ത ഭാവിയിലെങ്കും രൂപമെടുത്തു കാണുമെന്നു തോന്നുന്നില്ല. ഈ കാര്യങ്ങളും അതുപോലെയുള്ള മറ്റു അടിയന്തര കാര്യങ്ങളും ഫലപ്രദമായും വിജയപ്രദമായും കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടിയിരിക്കുന്നു.

റോഡു ഗതാഗത സൗകര്യത്തെ സംബന്ധിച്ചേടത്തോളവും കേരളത്തിന്റെ സ്ഥിതി ഒട്ടും ആശാസ്യമല്ല. പല ഗ്രാമങ്ങളും പ്രത്യേകിച്ച് മലബാറിലെ അവികസിത പിന്നോക്കപ്രദേശത്തിലെ പല ഭാഗങ്ങളും റോഡു കൊണ്ടു മാത്രമല്ല കാളവണ്ടിപ്പാതകൊണ്ടു പോലും അന്യോന്യം ബന്ധിക്കപ്പെടാതെ കിടക്കുകയാണ്. പലേടങ്ങളിലും ധാരാളം പാലങ്ങൾ പണിയുകയും അങ്ങിനെ ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കുള്ള സഞ്ചാരം ആധുനികരീതിയിൽ വിഷമം കുറഞ്ഞ തരത്തിലാക്കി തീർക്കുകയും ചെയ്യേണ്ടതാണ്.

പശ്ചിമതീരത്തെ ഒരു വലിയ വ്യവസായ കേന്ദ്രമായ കോഴിക്കോട്ട് ഒരു വിമാനത്താവളം ഉണ്ടാക്കാനായി വളരെ കാലമായി നടന്നു വന്ന പ്രക്ഷോഭം ഫലപ്രാപ്തിയിലെത്തിക്കാൻ മുസ്‌ലിംലീഗ് പരിശ്രമിക്കുന്നതാണ്. വിഴിഞ്ഞം, ബേപ്പൂർ എന്നീ സുപ്രധാന തുറമുഖങ്ങൾ താമസം വിനാ വർഷം മുഴുവൻ പ്രവർത്തിക്കുന്ന തുറമുഖങ്ങളാക്കി മാറ്റേണ്ടതാണ്. ആലുവായിൽ നിന്ന് കോഴിക്കോട്ടേക്ക് കടൽതീരം വഴി ഒരു നേഷനൽ ഹൈവെ ഉണ്ടായിരിക്കേണ്ടതാണ്. അനുദിനം നശിച്ചുകൊണ്ടിരിക്കുന്ന, ആലപ്പുഴ, തലശ്ശേരി, വടകര, പൊന്നാനി, തുറമുഖങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഒരു പ്രത്യേക പഞ്ചവത്സര പദ്ധതി നടപ്പിൽ വരുത്തേണ്ടതാണ്.

മദ്യനിരോധനം

കേരളത്തിലാകമാനം മദ്യനിരോധനം വ്യാപിക്കണമെന്നാണ് മുസ്‌ലിംലീഗിന്റെ അഭിപ്രായം. അത് ജനങ്ങളുടെ മാനസികവും ധാർമ്മികവും സാമ്പത്തികവുമായ ഭദ്രതക്ക് അനുപേക്ഷണീയമാണ്. മദ്യനിരോധനം ഇപ്രകാരം വ്യാപിക്കുമ്പോൾ അതുകൊണ്ടു തൊഴിൽ നഷ്ടപ്പെട്ടവർക്ക് മറ്റു തൊഴിലുകളേർപ്പെടുത്താനുള്ള സഹായം നൽകേണ്ടതാണ്. ഇന്നത്തെ ഫലപ്രദമല്ലാത്ത നിയമങ്ങൾ മാറ്റി സ്റ്റേറ്റിലൊട്ടാകെ കൂടുതൽ ഫലപ്രദമായ മദ്യനിരോധന സമ്പ്രദായം

mappilaheritagelibrary.com

ഏർപ്പെടുത്തേണ്ടതാണ്.

നികുതികൾ

നികുതി നിർദ്ദേശങ്ങൾ എല്ലായ്പ്പോഴും സ്റ്റേറ്റിൽ തികഞ്ഞ സോഷ്യലിസം നടപ്പാക്കുന്നതിനു പ്രേരകമായിരിക്കണം. അടുത്ത കാലമായി നികുതിഭാരം സാധാരണക്കാരനു പോലും താങ്ങാനാവാത്ത വിധം വർദ്ധിച്ചുവരികയാണ്. പരോക്ഷനികുതികൾ കൂടുതൽ രൂക്ഷതരമാകുന്നത് കൊണ്ടു സാധനങ്ങളുടെ വില വർദ്ധിക്കുകയും സാധാരണക്കാരനു വാങ്ങാൻ നിവൃത്തിയില്ലാതെ വരികയും ചെയ്യുന്നു. എല്ലാ ഇനം നികുതികളും സൂക്ഷ്മമായ പരിശോധനക്കു വിധേയമാക്കേണ്ടതാണ്. വില്പന നികുതി നിയമങ്ങളുടെ പ്രവർത്തനം ചെറിയതരം കച്ചവടക്കാരെ സാരമായി ബാധിക്കുകയും കച്ചവടം ഉപേക്ഷിച്ചു പോകാൻ നിർബന്ധിതമാകുകയും ചെയ്യുന്നു. അതുപോലെ തന്നെ കാർഷികാദായ നികുതിയും. നെൽകൃഷിയുടെ സ്തംഭനത്തിനു കാരണം ഈ നികുതികളാണെന്നു പറയുന്നതിൽ തെറ്റില്ല. അതുകൊണ്ടു ഈ രണ്ടുതരം നികുതി ഇനങ്ങളും ചെറിയ കച്ചവടക്കാരെ വിഷമിപ്പിക്കാതിരിക്കുന്നതിനും നെൽകൃഷി നിരുത്സാഹപ്പെടുത്താതിരിക്കുന്നതിനും സഹായകമായ വിധത്തിൽ ഭേദപ്പെടുത്തേണ്ടതാണ്. ഏകമുഖ വില്പനനികുതിതത്വം വ്യാപകമായി അംഗീകരിച്ചും നെൽകൃഷി നേരിട്ടു നടത്തുന്ന കൃഷിക്കാരെ കാർഷികാദായനികുതിയിൽ നിന്നു കുറെ കാലത്തേക്കെങ്കിലും ഒഴിവാക്കിയും മേൽപറഞ്ഞ പ്രശ്നങ്ങളുടെ പരിഹാരം സാധിക്കേണ്ടതാണ്. ശാസ്ത്രീയമായ നികുതിസമ്പ്രദായം മൂലം സ്റ്റേറ്റിന്റെ വരുമാനം കുറക്കാതെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

അഭയാർത്ഥികൾ

ബർമ്മയിൽ നിന്നും സിലോണിൽ നിന്നും അഭയാർത്ഥികളായി വന്നിട്ടുള്ള ആളുകളുടേയും സ്വർണ്ണതൊഴിലാളികളുടെയും പുനരധിവാസ കാര്യത്തിൽ ഗവർമ്മെണ്ട് പ്രത്യേകം ശ്രദ്ധപ്പതിപ്പിക്കേണ്ടതാണ്.

അഴിമതി നിരോധം

ഇന്നു നാട്ടിൽ സർവ്വത്ര നടമാടുന്ന അഴിമതി ഇല്ലാതാക്കുവാൻ മുസ്‌ലിംലീഗു പരമാവധി ശ്രമിക്കുന്നതാണ്. ദൈനംദിന ഭരണത്തിൽ രാഷ്ട്രീയകക്ഷികളും നിയമസഭാ സമാജികന്മാരും അനാവശ്യമായി ഇടപെടാതെ സർവ്വീസിനു നിർബ്ബാധവും നിർഭയവുമായി ഭരണം നടത്തുവാൻ പറ്റിയ സാഹചര്യം സൃഷ്ടിക്കുന്നതോടൊപ്പം ബ്യൂറോക്രസിയുടെ ദോഷഫലങ്ങളും എല്ലാതരത്തിലുള്ള അഴിമതികളും കർശനമായി തടയുന്നതാണ്.

പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ

കോർപറേഷനുകൾ, മുനിസിപാലിറ്റികൾ, പഞ്ചായത്തുബോർഡുകൾ മുതലായ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൂടതൽ അധികാരവും ധനാഗമനമാർഗ്ഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. അവയ്ക്കു സ്റ്റേറ്റിൽ കൂടുതൽ സാമ്പത്തിക സാഹയങ്ങൾ നൽകുന്നതായിരിക്കും. അവയുടെ പ്രവർത്തനങ്ങളിൽ തടസ്സമുണ്ടാക്കുന്ന നയം സംസ്ഥാന ഗവർമ്മെണ്ട് കൈകൊള്ളാതിരിക്കുന്നതിനു ശ്രമിക്കുന്നതാണ്.

ഉപസംഹാരം

അഴിമതിയില്ലാത്ത പ്രാപ്തമായ ഒരു ഉറച്ച ഭരണകൂടത്തിനു വേണ്ടിയും കേരളത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടിയും എല്ലാ ജനവിഭാഗങ്ങൾക്കും തുല്യനീതി ലഭിക്കുന്ന ഒരു ഭരണകൂടത്തിനു വേണ്ടിയും നിലകൊള്ളുന്ന മുസ്‌ലിംലീഗു മേൽ ലക്ഷ്യങ്ങളോടു യോജിക്കുന്ന മറ്റൊരു ജനാ

mappilaheritagelibrary.com

ധിപത്യ സംഘടനയായ കേരളാ കോൺഗ്രസ്സിനോട് ഒരു സഖ്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അതിനാൽ മുസ്‌ലിംലീഗിന്റെയും കേരളാ കോൺഗ്രസ്സിന്റെയും മേൽലക്ഷ്യങ്ങൾ സാധിക്കുന്നതിനു സഹായകമാവുമെന്നു മുസ്‌ലിംലീഗ് പിന്നീടു പ്രഖ്യാപിച്ചേക്കാവുന്ന മറ്റു ജനാധിപത്യ കക്ഷികളുടെയും വ്യക്തികളുടേയും വിജയത്തിനുവേണ്ടി വോട്ടും മറ്റു സഹായങ്ങളും നൽകാൻ കേരളത്തിലെ ഉൽബുദ്ധരായ സമ്മതിദായകരോടു ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

mappilaheritagelibrary.com

ദേശവ്യാപകമായി കോൺഗ്രസ്സ് സർക്കാറുകൾക്കെതിരായ ജനവികാരം അലയടിച്ചുയർന്ന 1965-66 കാലത്തെ രാഷ്ട്രീയഗതിയിൽ സ്വാധീനം ചെലുത്തിയ തീരുമാനമാണ് 1966-ൽ മദിരാശിയിൽ ചേർന്ന മുസ്ലിംലീഗ് ദേശീയ പ്രവർത്തക സമിതി കൈകൊണ്ടത്. മദിരാശി പ്രമേയം വലിയ രാഷ്ട്രീയ ചലനങ്ങൾക്കു കാരണമായി. കേരളത്തിലെ സപ്തകക്ഷി മുന്നണി, തമിഴ്നാട്ടിലെ ഡി.എം.കെ-മുസ്ലിംലീഗ്- സ്വതന്ത്രപാർട്ടി സഖ്യം എന്നിവ ഇതിന്റെ ഫലമായിരുന്നു. പ്രമേയത്തിന്റെ പൂർണ രൂപവും രണ്ട് വിശദീകരണങ്ങളും തുടർന്നുള്ള പേജുകളിൽ.

21
മുസ്ലിംലീഗിന്റെ ചരിത്രപ്രസിദ്ധമായ മദിരാശി പ്രമേയം

ഇപ്പോഴത്തെ കോൺഗ്രസ്സ് ഗവർമ്മെണ്ട് കഴിഞ്ഞ ഇരുപതു കൊല്ലമായി അധികാരത്തിലിരിക്കുന്നു. ഒരു ജനാധിപത്യ വ്യവസ്ഥയിൽ തികച്ചും അനർഹമാംവിധം ദീർഘമായ ഒരു കാലമാണിത്. സ്വയം മെച്ചപ്പെടുമെന്നു ആവർത്തിച്ചാവർത്തിച്ചു വാഗ്ദത്വം ചെയ്തിട്ടും അത് പറ്റെ പരാജയപ്പെടുകയാണ് ചെയ്തത്. അവർ ജനങ്ങളുടെ മേൽ ഭാരിച്ച നികുതി ചുമത്തുകയും വിദേശങ്ങളിൽ നിന്നു വമ്പിച്ച തുകകൾ കടം വാങ്ങുകയും ആ പണമൊക്കെ തങ്ങളുടെ ഭാവനാശൂന്യവും ദുർവ്യയകരവുമായ പദ്ധതികളിലും പരിപാടികളിലും മുക്കിത്താഴ്ത്തുകയും ചെയ്തു. പക്ഷെ അതിന്റെ ഫലമായി ഭക്ഷ്യധാന്യങ്ങളുടെയും കുടിക്കാനുള്ള വെള്ളത്തിന്റെ പോലും ക്ഷാമവും രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ തകിടം മറിക്കുന്ന വർദ്ധിച്ചു കൊണ്ടിരിക്കുന്ന വിലക്കയറ്റവുമാണ് ഇന്നു ജനങ്ങളെ തുറിച്ചു നോക്കുന്നത്. മൂന്നു പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞിട്ടും ഇതാണ് സ്ഥിതി. രാജ്യത്തെ സംബന്ധിച്ചേടത്തോളം മൗലികവും സുപ്രധാനവുമായ കൃഷിക്കു ഹാനികരമായ വിധത്തിൽ വ്യവസായത്തിനു അനാവശ്യ പ്രാമുഖ്യം നൽകിക്കൊണ്ട് അവർ രാജ്യത്തിൽ സാമ്പത്തികമായ വിഷമസന്ധിയും ദുരിതവും സൃഷ്ടിച്ചിരിക്കയാണ്. തങ്ങളുടെ ഭാവനാശൂന്യവും ദുഷ്പ്രയോക്തവുമായ പദ്ധതികൾ കൊണ്ടുചെന്നിട്ട് കുഴപ്പത്തിൽ നിന്നും രാജ്യത്തെ കരകയറ്റാൻ ഗവർമ്മേണ്ടിനു കഴിയുന്നില്ല. എന്നിട്ടും ജനങ്ങൾ ക്ഷമിക്കണമെന്നും തങ്ങൾക്കു വോട്ടുചെയ്യണമെന്നുള്ള അവരുടെ വാദം വിസ്മയജനകവും ധിക്കാരപൂർവ്വവുമത്രെ.

മുസ്ലിംകളോട് ഘോരവും നഗ്നവുമായ അനീതി

മുസ്ലിം ന്യൂനപക്ഷത്തിന്റെയും അവരുടെ താല്പര്യങ്ങളുടെയും കാര്യ

mappilaheritagelibrary.com

ത്തിലും കോൺഗ്രസ്സ് ഗവർമ്മെണ്ട് ദയനീയമായി പരാജയപ്പെടുകയാണ് ചെയ്ത ത്. പല കാര്യങ്ങളിലും ഈ താല്പര്യങ്ങളോടുള്ള അവരുടെ പൂർണ്ണമായ അവ ഗണനയും വിദ്വേഷവും വിസ്മയജനകമാണ്. മുസ്ലിം ന്യൂനപക്ഷത്തിനു ഉദ്യോ ഗത്തിലും നിയമസഭകളിലും രാജ്യത്തിലെ സാമ്പത്തിക ജീവിതത്തിലും അവർക്കർഹമായ പങ്ക് നിഷേധിച്ചു കൊണ്ടും, ഉർദുവിനെ അവഗണിച്ചു കൊണ്ടും, മുസ്‌ലിംകൾ പരിപാലിച്ചു വളർത്തിയ അലീഗർ മുസ്‌ലിംസർവ്വക ലാശാലയെ ഞെക്കിക്കൊല്ലാൻ ശ്രമിച്ചുകൊണ്ടും നടത്തിയ ഘോരവും നഗ വുമായ അനീതിയുടെ വെളിച്ചത്തിൽ തന്നെ കോൺഗ്രസ്സ് ഗവർമ്മെണ്ടും കോൺഗ്രസ്സ് നേതാക്കളും മുസ്‌ലിംകൾക്ക് യാതൊരാവലാതിയുമില്ലെന്നു നാട്ടി ന്നകത്തും പുറത്തും തത്തമ്മയെപ്പോലെ പാടി നടക്കുന്നതു തികച്ചും ധാർഷ്ട്യ പൂർണ്ണമാണ്. അവരുടെ പ്രഖ്യാപനങ്ങളിലും ഉദ്ഘോഷങ്ങളിലും ആത്മാർത്ഥ തയുണ്ടെങ്കിൽ രാജ്യത്തിലെ വിവിധ തൊഴിലുകളിലും ഉദ്യോഗങ്ങളിലും മുസ്‌ലിംസമുദായത്തിനു ലഭിക്കാൻ കഴിഞ്ഞ യഥാർത്ഥവും ആനുപാതികവു മായ പങ്കിനെ സംബന്ധിച്ച വസ്തുതകളും കണക്കുകളും അവർ ഹാജരാക്ക ട്ടെ. പക്ഷെ ദുഃഖകരമെന്നു പറയട്ടെ, യഥാർത്ഥമായ വസ്തുതകളും കണക്കു കളും അവരുടെ മനഃപൂർവ്വമുള്ള തെറ്റായ പ്രചാരവേലയിൽ അവരെ സഹായി ക്കുകയില്ല.

മിനിമം പരിപാടി

ഇക്കാരണങ്ങളാലും ഇതുപോലുള്ള മറ്റു കാരണങ്ങളാലും രാജ്യത്തി ന്റെയും നമ്മുടെ ഭാവിതലമുറയുടെയും യഥാർത്ഥ താല്പര്യം നിലനിർത്തി അടുത്ത തിരഞ്ഞെടുപ്പിൽ തങ്ങളുടെ വിലയേറിയ വോട്ടുകൾ കോൺഗ്രസ്സ് പാർട്ടിക്ക് നൽകാതിരിപ്പാൻ മുസ്‌ലിംകളടക്കമുള്ള നാട്ടുകാരോടഭ്യർത്ഥിക്കാൻ വർക്കിങ്ങ് കമ്മറ്റി ഒരിക്കൽകൂടി നിർബന്ധരായിരിക്കയാണ്. വളരെക്കാലം പരീ ക്ഷിക്കപ്പെടുകയും ദയനീയമാംവണ്ണം അപ്രാപ്തമെന്നു തെളിയുകയും ചെയ്തു കോൺഗ്രസ്സ് ഗവർമ്മെണ്ടിനെ പുറംതള്ളാനായി ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ മറ്റു പ്രതിപക്ഷപാർട്ടികളുമായി സഹകരിക്കാൻ ഇന്ത്യയിലെ മുസ്‌ലിംകളുടെ ഒരേയൊരു രാഷ്ട്രീയ-പ്രാതിനിധ്യസംഘടനയെന്ന നിലയിൽ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് തീരുമാനിക്കുന്നു. ഈ ആവശ്യത്തിനുവേണ്ടി 1967 ലെ പൊതുതിരഞ്ഞെടുപ്പുകൾ സംബന്ധിച്ചു സഖ്യങ്ങളോ, ധാരണകളോ, നീക്കുപോക്കുകളോ ഉണ്ടാക്കാനുള്ള സാദ്ധ്യതകളാരായാൻ വിവിധ സംസ്ഥാ നങ്ങൾക്കായി കൂടിയാലോചന കമ്മിറ്റികളെ നിയമിക്കാൻ കമ്മിറ്റി പ്രസിഡണ്ടിനെ അധികാരപ്പെടുത്തുകയും അതിന്നായി അദ്ദേഹത്തോടഭ്യർത്ഥി ക്കുകയും ചെയ്യുന്നു.

ലീഗ്-ഡി.എം.കെ-സ്വതന്ത്രപാർട്ടി സഖ്യം

ഇതുസംബന്ധിച്ചു തമിഴ്നാട് സ്റ്റേറ്റ് മുസ്‌ലിംലീഗ് ഡി.എം.കെ.യുമായും സ്വതന്ത്രപാർട്ടിയുമായും ഉണ്ടാക്കിയ തിരഞ്ഞെടുപ്പ് സഖ്യത്തെ ഇന്ത്യൻ യൂനി യൻ മുസ്‌ലിംലീഗ് വർക്കിംഗ്കമ്മറ്റി ശരിവെക്കുകയും ആവശ്യമാണെന്നു തോന്നുന്ന ഏർപ്പാടുകൾ ഇനി ചെയ്യുന്നതിനു അനുവാദം നൽകുകയും ചെയ്യു ന്നു.

ഇപ്പോൾ ഒരു നിയമസഭയും ജനകീയ ഗവർമ്മെണ്ടും ഇല്ലാതായുള്ള കേരള സ്റ്റേറ്റിന്റെ ദയനീയസ്ഥിതി രാജ്യത്തിലെ കോൺഗ്രസ്സ് ഗവർമ്മെണ്ടിന്റെ വകതിരിവില്ലാത്ത ചെയ്തികളും വീഴ്ചമൂലമുള്ളവായിട്ടുള്ളതാണെന്ന അനി ഷേധ്യമായ വസ്തുത ഈ യോഗം രേഖപ്പെടുത്തുന്നു. കേരളത്തിലെ പ്രസി ഡണ്ട് ഭരണം ഒരു ജനകീയ ഗവർമ്മെണ്ടിനു ബദലാവുകയില്ലെന്നു സംശയര

mappilaheritagelibrary.com

ഹിതമായി തെളിഞ്ഞു കഴിഞ്ഞിട്ടുണ്ട്. മറ്റൊരു കോൺഗ്രസ്സ് ഗവർമ്മെണ്ടും അത്തരമൊരു ബദലാവുകയില്ലെന്നതു വ്യക്തമാണ്. അതിനാൽ സ്റ്റേറ്റിൽ ഒരു കോൺഗ്രസ്സിതര ഗവർമ്മെണ്ട് നിലവിൽ വരുത്തേണ്ടത് കേരളീയരുടെ പാവന മായ കർത്തവ്യമായിത്തീർന്നിരിക്കുകയാണ്. ആ നിലക്കു കേരള സ്റ്റേറ്റിനു വേണ്ടി നിയമിക്കപ്പെടുന്ന കൂടിയാലോചന കമ്മിറ്റി പൊതുതിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ മാത്രമല്ല, അതിനെതുടർന്നുണ്ടാവുന്ന ഗവർമ്മേണ്ടിന്റെ കാര്യ ത്തിലും ശ്രദ്ധിക്കേണ്ടതുണ്ട്. (തമിഴ്നാട്ടിന്റെ കാര്യത്തിൽ ഇതു ബാധകമായി രിക്കും) പ്രമേയത്തിലെ മേല്പറഞ്ഞ കാര്യങ്ങൾക്കനുസൃതമായി പ്രസിഡണ്ട് താഴെപറയുന്ന കൂടിയാലോചന കമ്മിറ്റികളെ നിയമിച്ചിരിക്കുന്നു.

കേരളം- സയ്യിദ് അബ്ദുറഹിമാൻ ബാഫഖിതങ്ങൾ, ഇബ്രാഹിം സുലൈ മാൻസേട്ട്, സി.എച്ച്.മുഹമ്മദ്കോയ

മൈസൂർ സ്റ്റേറ്റ്- എച്ച്.മൊഹീദീൻഖാൻ, ജി.അബ്ദുൽ വജീദ്ഖാൻ, അഡ്വ ക്കറ്റ് എസ്.അബ്ദുൽറശീദ്ഖാൻ

ആന്ധ്ര-റായലസീമ-പേശിമാൻ അബ്ദുൾ റസാഖ്, കെ.മൊഹിദീൻ, ഡോ:ഹബീബുല്ലാബേഗ്

മഹാരാഷ്ട്ര-ഹാജി നൂർ മുഹമ്മദ് അഹമ്മദ്, ജി.എം.ബനാത്ത്വാല, ഫാറൂഖ് അഹമ്മദ്

മറ്റു സ്റ്റേറ്റുകളിലേക്ക് പ്രസിഡണ്ട് ആവശ്യമായ സമയത്ത് പ്രത്യേകം കമ്മിറ്റികളെ നിയമിക്കുന്നതായിരിക്കും.

mappilaheritagelibrary.com

THE INDIAN UNION MUSLIM LEAGUE

The meeting of the Working Committee of the Indian Union Muslim League held at Madras on 30th May, 1966 passed the following resolutions:-

The present Congress Government has been in power for about the last 20 years which is an unduly long time in a democratic set up. But it has proved a thorough failure inspite of its repeated promises of improvement. They have taxed the people heavily and borrowed huge sums of money from foreign countries and sunk them in their illconceived and uneconomic projects and schemes. But the results glaring at the face of the people are the scracity of food grains and of even drinking water and the ever soaring high prices upsetting the economy of every household in the country; and all these have happened inspite of their three five years plans. Their wrong and undue emphasis on heavy industries to the detriment of agriculture which is of basic fundamental and vital importance to the country has brought near economic debacle and misery upon the country. The Congress Government is not able to pull out the Country from the quandry into which their illconceived and ill executed schemes have pushed the country; and yet it is astounding and brazen on their part to solicit the patience and the franchise of the people any more.

With regard to the Muslim minority and their interests, the conduct of the Congress Government has proved an equally dismal failure. In many cases, their utter disregard of these interests and their hostility to them is amazing. In the face of the crying and glaring injustice done to the Muslim minority in the matter of their due share and representation in services, legislatures and economic life of the country and with regard to Urdu and cultural matter particularly in respect of the one outstanding cultural institution, the Aligarh Muslim university which the Muslims have reared and developed and which the Congress Government is trying to strangulate and demolish as Muslim Institution, it is audacious on the part of the Congress Government and leaders to go on repeating parrot-like, inside and outside the country, that there is no greivance for Muslims. If they are honest in their declarations and declamations they should produce facts an figures to show the actual and proportionate share the Muslim Community has been enabled to enjoy in the various fields of employment and avocation in the country. But unhappily the actual facts and figures would not support their deliberately wrong propa-

mappilaheritagelibrary.com

ganda.

For these and other similar reasons the Working Committee has once again been obliged to request our country men including Muslims, in the real interest of the country and of our posterity, not to bestow their valuable franchis, on the Congress party in the coming General Elections.

The Indian Union Muslim League as the only political and representative organisation of the Muslims in India resolves to co-operate with the opposition parties in the Country on the basis of a minimum programme to replace the Congress Government which has been tried for so long and found miserably wanting and incompetent.

For this purpose it authorises and requests its President to appoint Negotiating Committees for the various State in the Country for contacting and exploring the possibility of forming electoral alliances, understandings or adjustment with regard to the General Elections of 1967.

In this connection this meeting of the working Committee of the Indian Union Muslim League ratifies the electoral alliance which the Tamilnad State Muslim League has entered into with the D.M.K. and Swathantra Parties and sanctions any more arrangements which the President may consider necessary for the purpose.

This meeting places on record the undeniable fact that the Kerala State's sad predicament of not having a legislature and a popular Government at present is due to the wanton omissions and commissions of the Congress Government of the Country. The President's Rule in Kerala has proved beyond doubt that it cannot be a substitute for a popular Government. And it has also become crystal clear that another Congress Government cannot be such a substitute. And so, it has become the sacred duty of the people of Kerala to bring about a non-congress Government in the State. The Negotiating Committee to be appointed for Kerala State has therefore to concern itself not only with the General Elections but also the nature of the Government that will follow. (This will apply in the case of Tamilnad also)

PRESIDENT'S DECISION

In terms of the foregoing clauses of the resolution the President has appointed the following Negotiating Committees:-

I. For Kerala State:

a. Janab Alhaj Syed Abdur Rahman Bafakyh Thangal, President, Kerala State Muslim League.

b. Janab Alhaj Ebrahim Sulaiman Sait Saheb, Ex M.P. General Secretary Indian Union Muslim League, Vice President Kerala State Muslim League.

C.Janab Alhaj C.H. Mohammed Koya M.P, General Secretary, Kerala State Muslim League Organising Committee.

II. MYSORE STATE:

a. Janab H. Mohideen Khan Saheb, President, Mysore State Muslim League Organising Committee.

mappilaheritagelibrary.com

b. Janab G. Abdul Wajeed Khan M.C, Advocate, Member Mysore State Muslim League Organising Committee.

C. Janab S. Abdul Rasheed Khan Saheb 'Rasheed' Secretary, Mysore State Muslim Legue Organising Committee.

III. ANDHRA- CIRCAR & ROYALASEEMA

a. Janab Peshiman Abdul Razack Saheb, Cuddappal

b. Janab M.K.Mohideen, Nellore

c. Janab Dr.Habibulla Big Saheb, M.B.B.S

IV. MAHARASHTRA

a. Janab Haji Noor Mohamed Ahmed Sait Saheb, President, Maharashtra State Muslim League, Bombay.

b. Janab G.M.Banat`walla Saheb, General Secretary, Maharashtra State Muslim League.

c. Janab Farooq Ahmed Saheb, Joint Secretary Maharashtra State Muslim League.

For other States the President will appoint the necessary Committees as and when needed.

mappilaheritagelibrary.com

22
ലീഗ് പ്രമേയം; വിമർശനങ്ങൾക്ക് മറുപടി

മുസ്‌ലിംലീഗിന്റെ മദിരാശിത്തീർപ്പിനെ സ്വാഗതം ചെയ്തു കൊണ്ട് വല തുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടിയും അവരുടെ പത്രങ്ങളും ധാരാളം പറയുകയും എഴുതുകയും ചെയ്തിട്ടുണ്ട്; സ്വാഭാവികമായും ഞങ്ങൾക്കതിൽ സന്തോഷമു ണ്ട്. പക്ഷെ ആ അഭിനന്ദനത്തിന്റെ നറുതേനിലും അല്പം നഞ്ഞുചേർക്കാന വരൊരു ശ്രമം നടത്തിക്കണ്ടതിൽ അത്ഭുതപ്പെടുന്നു. തങ്ങളുടെ നയവ്യതിയാനം കൊണ്ടമ്പരന്നു പോയേക്കാവുന്ന അനുയായിവൃന്ദത്തെ ആശ്വസിപ്പിക്കാനായി രിക്കണം അവർക്കു രുചികരമാകുമാറ് ലീഗിനെ ഒന്നു ചൊട്ടി വിട്ടത്.

മുസ്‌ലിംലീഗ് കോൺഗ്രസ്സിനെ എതിർക്കുന്നത് ഒരു നയവ്യതിയാനമായി വലതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടി കാണുന്നു. 1952-ൽ കമ്മ്യൂണിസ്റ്റ് കക്ഷിക്ക് കിട്ടിയ പല സീറ്റുകൾക്കും മുസ്‌ലിംലീഗ് കോൺഗ്രസ്സിനെ എതിർത്തതിനോ ടാണവർ കടപ്പെട്ടത്. മലബാർ ഡിസ്ട്രിക്ട് ബോർഡും കേരളവുമവർക്ക് ഭരി ക്കാൻ സാധിച്ചതും അതുകൊണ്ടുതന്നെ. കഴിഞ്ഞ പാർലിമെണ്ട് തിരഞ്ഞെടു പ്പിൽ കോൺഗ്രസ്സിനെ ആറു സീറ്റുകളിലാക്കി അടച്ചുമൂടിയതും ലീഗായിരു ന്നു. അന്നു ലീഗും കമ്മ്യൂണിസ്റ്റും ഒരേ സ്വതന്ത്ര സ്ഥാനാർത്ഥികളെ സഹായി ച്ചിരുന്നു. 1957-ൽ ശ്രീ.വി.ആർ.കൃഷ്ണയ്യർക്കും, ശ്രീ.എ.ആർ. മേനോനും മുസ്‌ലിംലീഗിന്റെ സഹായമുണ്ടായിരുന്നു. ഇതൊക്കെ മറന്നു ലീഗൊരിക്കലും കോൺഗ്രസ്സ് വിരുദ്ധ നിലപാട് സ്വീകരിച്ചിട്ടില്ലെന്നു വാദിക്കുന്നത് വിചിത്രമാ യിത്തോന്നുന്നു. ലീഗ് കോൺഗ്രസ്സിനെ എതിർക്കുന്ന കാലത്തും കൊടുവള്ളി യിൽ കോൺഗ്രസ്സിനെ സഹായിച്ചു ജയിപ്പിച്ചു നിയമസഭയ്ക്കയച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടിൽ ഒരു നയവ്യതിയാനമായിരുന്നില്ലെ? അതുകൊണ്ടു പഴയ ചരിത്രത്തെച്ചൊല്ലി അങ്ങോട്ടുമിങ്ങോട്ടും ശകാരിക്കുന്നതു ഈ സന്ദർഭത്തിൽ വിശേഷിച്ചും നിർത്തുകയാണ് നല്ലത്.

മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഈ കക്ഷികൾ തമ്മിൽ, സ്വത ന്ത്രന്മാരായിട്ടാണെങ്കിലും, മുമ്പും യോജിപ്പുണ്ടായിട്ടുണ്ട്. കോഴിക്കോട് കോർപ റേഷൻ അവരൊന്നിച്ചാണ് ഭരിക്കുന്നതെന്നു വലത്തുകാർക്കറിയാമല്ലൊ. ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ പ്രതിപക്ഷങ്ങളുമായി സഹകരിക്കു ന്നതിനു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സാന്നിദ്ധ്യം ഒരു തടസ്സമല്ല എന്ന മുസ്‌ലിംലീ ഗിന്റെ മദിരാശി പ്രഖ്യാപനം ഒരു നയവ്യതിയാനമാണെന്നു തന്നെ വെക്കുക.

mappilaheritagelibrary.com

മുസ്‌ലിംലീഗിനോടൊപ്പം പ്രതിപക്ഷ മന്ത്രിസഭയിൽ പ്രവർത്തിച്ചുകൊള്ളാമെന്ന കമ്യൂ. പാർട്ടിയുടെ നയവ്യതിയാനം കൊണ്ടു മാത്രമല്ലേ ലീഗിനു പുതിയ നയം നടപ്പാക്കാൻ കഴിയൂ. കൃഷ്ണമേനോനെയും മാളവ്യയെയും മാത്രമല്ല സ്വതന്ത്രപാർട്ടിയെപ്പോലും സഹായിക്കാമെന്നു വലതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് രാജേശ്വരറാവു പ്രസ്താവിച്ചതിൽ ഒരു നയവ്യതിയാനവുമില്ലേ? റിവിഷനിസ്റ്റുകളും മാർകിസിസ്റ്റ് ലെനിനിസ്റ്റുകളും ഒന്നിച്ചു നിൽക്കുന്നതിൽ നയവ്യതിയാനമില്ലെ? അവനവന്റെ ഒരു മുറംവെച്ചു ആരാന്റെ അരമുറം അളക്കാൻ നടക്കണ്ട എന്നാണ് 'ജനയുഗം' 'നവജീവൻ' മുതലായ സഹജീവികളോട് ഞങ്ങൾക്ക് പറയാനുള്ളത്. ലീഗിന്റെ നിഘണ്ടുവിൽ കമ്യൂണിസ്റ്റ് പാർട്ടി ഒരു ജനാധിപത്യ കക്ഷിയായിരുന്നില്ലെന്നു 'ജനയുഗം' പറയുന്നു. കമ്യൂണിസ്റ്റ് പാർട്ടിയുടെ നിഘണ്ടുവിലോ? കമ്യൂണിസ്റ്റ്കാർ എത്ര തവണ നിഘണ്ടു മാറ്റി എഴുതിയിട്ടുണ്ട്. ഇപ്പോൾ തന്നെ ഇടതിനും വലതിനും വെവ്വേറെ നിഘണ്ടുവില്ലേ? അതൊന്നും അത്ര പറയേണ്ടതില്ല.

പ്രതിപക്ഷങ്ങളെല്ലാം ഒരു യോജിപ്പിനുവേണ്ടി പരിശ്രമിക്കുകയും യോജിപ്പ് അന്തരീക്ഷത്തിൽ ദൃശ്യമായിരിക്കുകയും ചെയ്യുമ്പോൾ ഈ പുലഭ്യം പറച്ചലിന് ഒരർത്ഥവുമില്ല, അതിനാൽ അതിനെപ്പറ്റി അത്രതന്നെ രൂക്ഷമായ ഭാഷയിൽ മറുപടി ഉദ്ദേശിക്കുന്നില്ല.

"അഭിപ്രായം ഇരുമ്പുലക്കയല്ല" എന്ന മാനിഫെസ്റ്റോ സ്വീകരിച്ച തിരുവനന്തപുരം സഹജീവി "കേരള കൗമുദിയും" ചില പരിഹാസ ശരങ്ങൾ എയ്തുവിട്ടിട്ടുണ്ട്. "ഗതികെട്ടാൽ പുലി പുല്ലും തിന്നും" എന്ന പഴഞ്ചൊല്ലവർ ഉദ്ധരിക്കുന്നു. ഗതികെട്ടിട്ടു പുല്ലിനേക്കാൾ മോശമായ പലതും തിന്നേണ്ടിവന്നവരാണിതു പറയുന്നത് എന്നതാണ് രസാവഹമായിട്ടുള്ളത്. എം.എൻ.ഗോവിന്ദൻ നായരെ ഉദ്ധരിച്ചു കൊണ്ടാണെങ്കിലും വ്യത്യസ്തങ്ങളും കടകവിരുദ്ധങ്ങളുമായ ആശയങ്ങളുള്ള കക്ഷികളെങ്ങിനെ യോജിക്കുമെന്നവർക്കു മനസ്സിലാകുന്നില്ലെന്നവർ പറയുന്നു. ഐക്യമുന്നണിയെന്നു പറയുന്നതു തന്നെ വിരുദ്ധാശയങ്ങളുള്ള കക്ഷികളുടെ കൂട്ടുകെട്ടാണ്. എല്ലാവരും വിട്ടുവീഴ്ച ചെയ്തുകൊണ്ട് ചില പരിപാടികൾ പൊതുവായി സ്വീകരിക്കുക എന്നതാണ് മിനിമം പരിപാടിയുടെ അർത്ഥം. ലയനത്തിനു മാത്രമെ പരിപൂർണ്ണമായ ആദർശപ്പൊരുത്തം ആവശ്യമുള്ളു. അരിയും, തുണിയും പണിയും തരാൻ ഐക്യമുന്നണിക്ക് പരിപാടിയുണ്ടോ എന്ന ചോദ്യത്തിന് പരിപാടികൾ വരട്ടെ, എന്നിട്ടു വിമർശിക്കൂ എന്നേ ഇപ്പോൾ ഞങ്ങൾ മറുപടി പറയുന്നുള്ളു. കേരളത്തിൽ കോൺഗ്രസ്സ് ഭരിക്കുന്നില്ലെങ്കിൽ സംസ്ഥാനത്തിനു നന്മ ചെയ്യാൻ കഴിയില്ല, കേന്ദ്രം സഹായിക്കില്ല എന്നെല്ലാം 'കേരള കൌമുദി' ധ്വനിപ്പിക്കുന്നുണ്ട്. കോൺഗ്രസ്സല്ലാത്തവർ ഭരിച്ചാൽ കേന്ദ്രം സംസ്ഥാന സർക്കാറിനെ സഹായിക്കില്ലെന്നാണോ ഇതിന്റെയർത്ഥം? എങ്കിൽ അതു സംസ്ഥാന സ്വയംഭരണത്തിന്റെ നിഷേധവും ഭരണഘടനയുടെ ഉല്ലംഘനവുമാണ്. അങ്ങിനെ സഹായിക്കില്ലെന്നു ഇന്ദിരാഗാന്ധി തുറന്നു പറയട്ടെ. അനന്തകരണീയത്തെക്കുറിച്ചപ്പോൾ പറഞ്ഞു കൊള്ളാം കോൺഗ്രസ്സിന്നല്ലാതെ ഉറച്ച മന്ത്രിസഭയുണ്ടാക്കാൻ കഴിവില്ലെന്ന സൂചനക്കു മറുപടിയായി ചോദിക്കാനുള്ളത് ശങ്കർ മന്ത്രിസഭയെ പൊളിച്ചത് ചില കോൺഗ്രസ്സുകാർ തന്നെയായിരുന്നില്ലെ എന്നാണ്. മുസ്‌ലിംലീഗിനെ സ്വാഗതം ചെയ്യുന്നതു കൊണ്ട് ചോദിച്ചു പോകുകയാണെന്ന ഒരു ക്ഷമാപണത്തോടെ കടലാവണക്കിൻ പത്തൽ മർമ്മാണി പ്രയോഗവുമായി ഐക്യമുന്നണിക്കാർ നടക്കുമോ എന്നു സഹജീവി ചോദിക്കുന്നു. ആവണക്കിൻ പത്തൻ പരിപാടി മുസ്‌ലിംലീഗിന്നൊരിക്കലുമുണ്ടായിട്ടില്ലെന്നതിനു 1961 ലെ വഞ്ചനക്കുശേഷവും

mappilaheritagelibrary.com

കോൺഗ്രസ്സുകാരുടെ തടി കേട് വരാത്തതു തന്നെ തെളിവാണ്. ഐക്യമുന്നണിയും ധാരണയും രൂപമെടുത്തിട്ടില്ല. മിനിമം പരിപാടി അംഗീകരിച്ചിട്ടില്ല. അതെല്ലാം കഴിഞ്ഞാൽ 'കേരള കൗമുദി' യുടെ ചോദ്യത്തിന് ഐക്യമുന്നണിക്കാർക്ക് പച്ച മലയാളത്തിൽത്തന്നെ മറുപടി പറയാൻ കഴിയും "ഞങ്ങൾ ജയിക്കും; ഞങ്ങൾ ഭരിക്കും."

മാസ്റ്ററുടെ മാറത്തടി

മുസ്‌ലിംലീഗ് കെണിയിൽ കുടുങ്ങിയതിൽ കെ.പി.സി.സി. പ്രസിഡണ്ട് കെ.സി. അബ്രഹാം പൊഴിച്ച കണ്ണീർ ചില്ലറയല്ല. ആ കണ്ണീരിൽ നീന്തിത്തുഴഞ്ഞ് കേരളത്തിലെ വോട്ടർമാർ കോൺഗ്രസ്സിന്റെ ഓട്ടത്തോണിയിൽ കയറാൻ വരുമെന്നു പാവം അബ്രഹാം മാസ്റ്റർ മനപ്പായസമുണ്ണുകയാവാം. സംസ്ഥാന പുനസ്സംഘടന നടക്കുന്നതിനു മുമ്പത്തെ തിരു-കൊച്ചിയുടെ ചരിത്രമറിയവുന്നവർ ഫ്രാൻസ് കഴിഞ്ഞാൽ ഏറ്റവുമധികം അസ്ഥിര ഗവർമ്മെണ്ടുകളുണ്ടായ റിക്കാർഡ് തീർച്ചയായും കേരളത്തിന് നൽകും. സംസ്ഥാന പുനസ്സംഘടനക്കു ശേഷവും ഇവിടെ മന്ത്രിസഭകൾ പൊളിഞ്ഞിട്ടുണ്ട്. ഈ മന്ത്രിസഭാ തകർച്ചകളുടേയും അസ്ഥിരതകളുടെയും സ്ഥിരാവകാശം അബ്രഹാംമാസ്റ്ററുടെ സംഘടനക്ക് യാതൊരു സംശയവും കൂടാതെ നൽകുന്നതാണ്. ബഹുഭൂരിപക്ഷമുണ്ടായപ്പോഴും വെറും ഭൂരിപക്ഷമുണ്ടായപ്പോഴും കേരളത്തിന്റെ മണ്ണിൽ മന്ത്രിസഭകളെ കഴുത്തറുത്തു വീഴ്ത്തിയത് മാസ്റ്ററുടെ പാർട്ടിയായിരുന്നു. കേരളത്തിൽ മന്ത്രിസഭകൾ നിലവിൽ വരാനുള്ള സാഹചര്യം തകർത്തതിനുള്ള ബഹുമതിയും ഞങ്ങൾ മറ്റാർക്കും നൽകുന്നില്ല. ഇത്രയും മുന്തിയ ഒരു റിക്കാർഡും മുമ്പിൽവെച്ച് അബ്രഹാം ആർക്കുന്നു, കോൺഗ്രസ്സ് വന്നാലേ, ഭരണസ്ഥിരതയുണ്ടാവൂ എന്ന്. കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ മുഴുവൻ ടിംബക്ടുവിൽ നിന്നോ റിപ്പ്‌വാൻ വിങ്കിളിന്റെ മടിയിൽ നിന്നോ എണീറ്റുവന്നവരാണെന്നായിരിക്കും അബ്രഹാംമാസ്റ്ററുടെ നാട്യം. ഗാന്ധിജിയും ലോകമാന്യതിലകും സി.ആർ.ദാസ്സും മൗലാനാ മുഹമ്മദലിയും പണ്ടിരുന്ന സീറ്റിൽ "തലൈവർ" വാണരുളുന്ന ഈ അസുലഭകാല ഘട്ടത്തിൽ ആ തലൈമയുടെ തണലിൽ കഴിയുന്ന കൊച്ചു തലൈവർമാർ ഇതിലും ഇതിലപ്പുറവും പറയും.

ഏച്ചുകൂട്ടുകാര്യത്തിലാണ് അബ്രഹാംമാസ്റ്റർക്കു വലിയ പരാതി. ഇന്ത്യാ രാജ്യത്തിൽ സ്വാതന്ത്ര്യസമ്പാദനാനന്തരം ഏച്ചുകൂട്ടൽ ബിസിനസ്സിന്റെ മൊത്തക്കരാറെടുത്തത് ആരായിരുന്നുവെന്നത് വിസ്മരിക്കാൻ മാത്രം ഓർമ്മശക്തി നഷ്ടപ്പെട്ടവരല്ല കേരളീയർ. മദിരാശിയിൽ ഇടതുപക്ഷത്തെ തോല്പിക്കാൻ കോൺഗ്രസ്സ്-കോമൺവീൽ-ടോയ്‌ലേർസ് പാർട്ടി അവിയൽ കൂട്ടുകെട്ടുണ്ടാക്കി രാജാജിയെ പിൻവാതിലൂടെ അസംബ്ളിക്കകത്തു കയറ്റി, നാടുവാണു തുടങ്ങിയതു മുതൽ കേരളത്തിലെ വിമോചന സമരം കഴിഞ്ഞു അധികാരക്കസേരയിൽ കയറിക്കൂടുന്നതുവരെ കൂട്ടുകെട്ട് എന്ന ആശയത്തെ കെട്ടിപ്പുണർന്നവർ ഇന്നു മറ്റുള്ളവർ കൂട്ടുകൂടുമ്പോൾ അതിൽ അസ്ഥിരതയും അപകടവും കാണുന്നു. ഒറീസ്സയിൽ ഗണതന്ത്രപരിഷത്തിലെ രാജാക്കന്മാരുമായി കൂട്ടുകൂടി ഭരണമുണ്ടാക്കാൻ മടിക്കാത്ത ഈ ജനാധിപത്യവാദികൾ ഇപ്പോൾ യഥാർത്ഥ ജനകീയ സംഘടനകളുടെ ഐക്യമുന്നണി കണ്ടു നടുങ്ങുന്നു.

പതിനെട്ടു കൊല്ലം നാടുഭരിച്ചു മുടിച്ചവരുടെ നേരെ ആഞ്ഞടിക്കാൻ വരുന്ന ജനകീയ കക്ഷികളുടെ ഐക്യം കണ്ടു തലൈവരും കൊച്ചു തലൈവർമാരും അമ്പരക്കും; പിച്ചും പേയും പറയും. അവരോട് സഹതപിക്കുന്നു എന്നു ഞങ്ങൾ പറയുന്നില്ല. കാരണം സഹതാപം എന്ന പദം അവർ അർഹിക്കുന്നില്ല. ജനരോഷത്തിന്റെ തീയിൽ കേരളത്തിൽ കോൺഗ്രസ്സിന്റെ ഓട്ട

mappilaheritagelibrary.com

ത്തോണി കത്തിച്ചാമ്പലായി കടലിൽ താഴുന്ന കാഴ്ച കാണാൻ മുന്നോട്ടാഞ്ഞ് വരികയാണ് കേരളത്തിലെ പ്രബുദ്ധരായ ജനത. ഇന്ത്യയെ അധഃപതനത്തിന്റെ പാതാളത്തിലേക്കു അടിച്ചുതാഴ്ത്തിയവരെ പരാജയത്തിന്റെ സമുദ്രത്തിൽ മുക്കിക്കൊല്ലാൻ ഇന്ത്യയുടെ ഇതര ഭാഗങ്ങൾക്കു, കേരളത്തിൽ രൂപപ്പെടുന്ന കോൺഗ്രസ്സേതര മുന്നണി നിസ്സംശയം പ്രചോദനം നൽകുമെന്ന് ഞങ്ങൾ ആശിക്കുന്നു.

തലൈവരുടെ പൂതി

എല്ലാ പ്രതിപക്ഷങ്ങളും ഒത്തുചേർന്നാൽ തന്നെയും കോൺഗ്രസ്സിനോട് കിടപിടിക്കുവാൻ സാധിക്കുകയില്ലെന്നും രണ്ടു ദശാബ്ദത്തോളം അതിനെ പുറന്തള്ളാൻ കഴിയുകയില്ലെന്നും കോൺഗ്രസ്സ് പ്രസിഡണ്ട് മി: കാമരാജ് പ്രസ്താവിച്ചിരിക്കുന്നു. ഇതു കേട്ടാൽ തോന്നുക, ഇന്ത്യാരാജ്യം ഇനിയും ഒരു ഇരുപതുകൊല്ലമടക്കം സ്വാതന്ത്ര്യസമ്പാദനത്തിനുശേഷമുള്ള ഏതാണ്ട് നാല്പതു കൊല്ലത്തോളം കോൺഗ്രസ്സിനു തീറെഴുതിക്കിട്ടിയിരിക്കുന്നുവെന്നാണ്. കാമരാജിന്റെ പൂതി കൊള്ളാം. ജീവിതത്തിന്റെ സുവർണ്ണദശ പിന്നിട്ട്, തറവാട്ടു മുതലെല്ലാം നശിപ്പിച്ച് ചക്രശ്വാസം വലിച്ചു കിടക്കുന്ന കാരണവർ തനിക്കു സുഖമാകുമെന്നും തറവാട് മുഴുവൻ നശിച്ചേ താൻ ചാകുകയുള്ളുവെന്നും ആശിക്കുന്നതുപോലെയാണ് പതിനെട്ടുകൊല്ലത്തെ ദുർഭരണത്തിനുശേഷവും കോൺഗ്രസ്സ് സംഘടനയുടെ ഇപ്പോഴത്തെ ആഗ്രഹം. പക്ഷെ, ചില പ്രകൃതിനിയമങ്ങളിൽ നിന്നു മനുഷ്യർക്കെന്ന പോലെ സംഘടനകൾക്കും രക്ഷയില്ലെന്ന പരമാർത്ഥം മി: കാമരാജ് വിസ്മരിക്കുന്നതുപോലെ തോന്നുന്നു.

സ്വാതന്ത്ര്യസമ്പാദനസമയത്തെ വാഗ്ദത്തം പോലെ ഈ നാട്ടിലും "പാലും തേനും" ഒഴുക്കാൻ കോൺഗ്രസ്സ് ഭരണത്തിനു സാധിച്ചിരുന്നെങ്കിൽ രണ്ടു ദശാബ്ദമല്ല; രണ്ടു ശതാബ്ദം തന്നെ കോൺഗ്രസ്സിനു ഭരിക്കാൻ സാധിക്കുമെന്നു ഉറപ്പിച്ചു പറയാമായിരുന്നു. സോഷ്യലിസത്തിന്റെ ലേബിളുമൊട്ടിച്ച് മുന്നോട്ടു പോകുന്ന ഈ ഭരണം നാട്ടിൽ കുത്തകമുതലാളിത്തത്തെ വളർത്താനും (കുത്തക അന്വേഷണ കമ്മിറ്റി റിപ്പോർട്ട് നോക്കുക) നാട്ടുകാർക്കു പട്ടിണിയും പരിവട്ടവും സൃഷ്ടിക്കുവാനും മാത്രമേ ഉതകിയിട്ടുള്ളു. പണക്കാർ കൂടുതൽ പണക്കാരായിരിക്കുന്നു. പാവപ്പെട്ടവൻ കൂടുതൽ ദരിദ്രനായിരിക്കുന്നു. അടുത്തൊരു ദിവസം പ്രധാനമന്ത്രി ഇന്ദിരാഗാന്ധിതന്നെ സമ്മതിച്ചപോലെ 4 കോടി 6 ലക്ഷം പേർ ഇന്ത്യയിൽ തിന്നാൻ മതിയായത്ര ഭക്ഷണം ലഭിക്കാത്തവരാണ്. എന്നുവെച്ചാൽ പ്രധാനമന്ത്രിയുടെ കണക്കനുസരിച്ചു തന്നെ 10 ഇന്ത്യക്കാരിൽ ഒരാൾ ഇന്ന് പട്ടിണിക്കാരനോ അർദ്ധപട്ടിണിക്കാരനോ ആണ്. പ്രസിഡണ്ടിന്റെ അവാർഡ് ലഭിച്ച കെ.എ.അബ്ബാസിന്റെ "ശഹർ ഔർ സ്വപ്നം" എന്ന പടത്തിൽ ചിത്രീകരിക്കപ്പെട്ടപോലെ കൂറ്റൻ പട്ടണങ്ങളിൽ എണ്ണമറ്റ പാവങ്ങൾ ഫുട്പാത്തുകളിൽ കിടന്നു ജീവിതം ഉന്തിത്തള്ളുകയാണ്. മുനിസിപ്പൽ കുപ്പത്തൊട്ടികളിലും മറ്റും വീഴുന്ന എച്ചിലിലകൾക്കുവേണ്ടി മനുഷ്യരും നായ, പശു, കാക്ക തുടങ്ങിയ ജീവികളും ഗുസ്തി നടത്തുന്ന രംഗങ്ങളും പതിനെട്ടു കൊല്ലത്തെ കോൺഗ്രസ്സ് ഭരണത്തിനു ശേഷവും നിത്യസംഭവങ്ങളാണ്. ഇത് നാട്ടിലെ പൗരന്മാരുടെ സ്ഥിതിയാണ്. അതേസമയം നാട്ടിന്റെ സാമ്പത്തിക സ്ഥിതിയെന്താണ്? ഉഗ്രമായ ഒരു വിദേശനാണയക്കമ്മിയനുഭവിക്കുകയാണ് രാജ്യം. സ്വാതന്ത്ര്യ സമ്പാദന സമയത്ത് 1600 കോടി ക.ക്കു സമമായ സ്റ്റെർലിങ്ങ് മിച്ചമുണ്ടായിരുന്ന ഈ രാജ്യത്തിന് ഇന്ന് 4000 ത്തോളം കോടി ഉറുപ്പികയാണ് ദേശീയ കടം.

പതിനെട്ടു കൊല്ലത്തെ ദുർഭരണം കൊണ്ട് ഈ നാട്ടിനെ ഇത്രയധികം

mappilaheritagelibrary.com

അധഃപതിപ്പിച്ച ഒരു കക്ഷിയെ ഇനിയും ഒരു ഇരുപതു കൊല്ലം കൂടി ഭരണാധികാരത്തിൽ തുടരാൻ വിട്ടാൽ ഇന്ത്യൻ ജനം ക്ലേശിച്ചു നേടിയ സ്വാതന്ത്ര്യം എവിടെയെത്തുമെന്നു പറയേണ്ടതില്ല.

നാട്ടിലെ ജനത ഈ ചുറ്റുപാടിനെക്കുറിച്ചു ബോധവാന്മാരാണെന്നതിന് ധാരാളം തെളിവുകളുണ്ട്. അംരോഹ, ഫറൂഖബാദ്, രാജകോട്ട് എന്നിവിടങ്ങളിൽ നടന്ന മർമ്മ പ്രധാനമായ ഉപതിരഞ്ഞെടുപ്പുകളുടെ ഫലം കോൺഗ്രസ്സിന് ഇന്ത്യൻ ജനതയിൽ നിന്നു ലഭിക്കാൻ പോകുന്ന കനത്ത പ്രഹരത്തിന്റെ മുന്നോടികളാണ്. രണ്ടു ദശാബ്ദം പോയിട്ട് ഇനി രണ്ടുവർഷക്കാലം പോലും കോൺഗ്രസ്സിന്റെ പൂർണ്ണമായ ഇന്നത്തെ അധികാരക്കുത്തക പൊറുപ്പിക്കാൻ ഇന്ത്യൻ ജനത സമ്മതിക്കുമെന്ന് തോന്നുന്നില്ല. തലൈവരുടെ പൂതി വെറും പൂതിയിൽക്കവിഞ്ഞ മറ്റൊന്നുമല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം.

(ജൂലായ് 1, 1966)

mappilaheritagelibrary.com

23
ജനാധിപത്യത്തിന്റെ മാഗ്നകാർട്ട

ഇരുപത് കൊല്ലത്തെ ദുർഭരണം കൊണ്ട് ഇന്ത്യയെ ഒരുണ്ടറുതിപ്പറമ്പ് പോലെയാക്കി ഇന്ത്യൻ നാഷനൽ കോൺഗ്രസ്. അവർ ന്യൂനപക്ഷങ്ങളോടു രണ്ടാതരം പൗരന്മാരെപ്പോലെ പെരുമാറുകയും തങ്ങളുടെ അസഹിഷ്ണുത യിലധിഷ്ഠിതമായ ദുർന്നയം കൊണ്ടു അവരുടെ ജീവിതം ദുസ്സഹമാക്കി ത്തീർക്കുകയും ചെയ്തു. എന്നിട്ടും ഈ നാട് ഭരിക്കാൻ തങ്ങളല്ലാതെ ഭൂമുഖ ത്താരുമില്ലെന്ന ഭാവത്തിൽ അവർ ഒരിക്കൽ കൂടി പൊതുജനസമക്ഷം വന്നിരി ക്കുകയാണ്. അവരുടെ ഈ അഹന്തക്കും അഹംഭാവത്തിനും ഒരറുതിവരുത്തി ശുദ്ധവും ശക്തവുമായ ഒരു ജനാധിപത്യ ഗവർമ്മെണ്ട് കേരളത്തിൽ സ്ഥാപിച്ചു കേരള ജനങ്ങളുടെ കണ്ണീരും കഷ്ടപ്പാടുമവസാനിപ്പിക്കേണ്ടതു എല്ലാ ജനാധിപ ത്യവാദികളുടെയും കടമയത്രെ. ദ്രോഹിയായ സുൽത്താന്റെ മുമ്പിൽ കാര്യം തുറന്നുപറയുന്നതു ഒരു ജിഹാദാണെന്നു കരുതി അധികാര ദുഷ്പ്രമത്തതാല ഹരികൊണ്ട് അന്ധരായ കോൺഗ്രസ്സേകാധിപത്യത്തിന്റെ തലമണ്ടക്കടിക്കാൻ സുധീരം മുന്നോട്ടുവന്ന ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗിന്റെ- ചരിത്രപ്രസിദ്ധ മായ മദിരാശി പ്രമേയം ജനാധിപത്യത്തിന്റെ ചരിത്രത്തിൽ തങ്കലിപികൾ കൊണ്ടെഴുതേണ്ടുന്ന ഒരു മാഗ്നകാർട്ടയാണ്.

കോൺഗ്രസ്സിനെ അധികാരത്തിൽ നിന്നിറക്കാനും കേരളത്തിലും തമിഴ്നാട്ടിലുമെങ്കിലും അഴിമതിയില്ലാത്ത ഒരു ബദൽ ഭരണമേർപ്പെടുത്താനു മുള്ള തീരുമാനം എന്തുകൊണ്ടെങ്ങിനെയെടുത്തുവെന്നു ആ പ്രമേയത്തിൽ അച്ചസ്ഫടികസമാനം വ്യക്തമാക്കിയിരിക്കുന്നതിനാൽ പ്രമേയം വിശദീകരിക്കേ ണ്ടുന്ന ഭാരം ഞങ്ങൾക്കില്ല. ദുർവ്വഹമായ നികുതിഭാരം കൊണ്ടും വാണം പോലെയുള്ള വിലക്കയറ്റം കൊണ്ടും ദുർഗന്ധമലീമസമായ അഴിമതി ഭരണം കൊണ്ടും വീർപ്പുമുട്ടി നരകിക്കുന്ന ജനലക്ഷങ്ങൾ തന്നെയാണ് കോൺഗ്രസ്സ് ദുർഭരണത്തിന്റെ ജീവനുള്ള സാക്ഷികൾ. ലൂപ്പിനെയും ജനനനിയന്ത്രണ ത്തിന്റെ വേലിക്കെട്ടുകളെയും ദാരിദ്ര്യത്തെയും എങ്ങിനെയോ കടന്നുചാടി ഇന്ത്യ എന്ന ഭാരതത്തിൽ ജനിക്കുന്ന ഓരോ പൌരനും അറുപതുറപ്പികയുടെ കട ക്കാരനായാണ് പെറ്റുവീഴുന്നത് എന്നു ഒരു രാഷ്ട്രീയനേതാവ് ഇയ്യിടെ പറയു കയുണ്ടായി. "ദാരിദ്ര്യപ്പുലിതിന്ന വക്ത്രവുമജ്ജന്തുവിന് ക്രൂരമാം ദംഷ്ട്രമേറെ നെറ്റിയും ഭയാനകം" എന്ന കവിവാക്യം സ്വതന്ത്ര ഭാരതത്തിലെ സാധാരണ പൗരന്മാരെസ്സംബന്ധിച്ചേടത്തോളം വാസ്തവമാണ്. "മരിക്ക സാധാരണമീവി ശപ്പിൽ ദഹിക്കലോ നമ്മുടെ നാട്ടിൽ മാത്രം" എന്ന് വൈദേശികഭരണകാലത്ത്

mappilaheritagelibrary.com

പാടിയ മഹാകവി ഇന്നത്തെ നമ്മുടെ നഗരങ്ങളിലെയും നാട്ടിൻപുറങ്ങളിലെയും എല്ലുന്തിയ വയറൊട്ടിയ പേക്കോലങ്ങളെക്കണ്ടാൽ എന്തു പാടുമെന്നു ഞങ്ങൾക്കറിയില്ല. ഈ ദരിദ്രനാരായണന്മാർ പാടുപെട്ടു വിയർപ്പുറ്റിച്ചുണക്കിയ നാണയത്തുട്ടുകൾ സ്വരൂപിച്ച രാഷ്ട്രത്തിന്റെ ഖജനാവും കോൺഗ്രസ്സിന്റെ കയ്യിലായിരുന്നു. അതിൽ നിന്നവർ വാരിക്കോരി കീശനിറച്ചതും വയറു വീർപ്പിച്ചതും കഴിച്ചു ബാക്കി മൂന്നു പഞ്ചവത്സരപദ്ധതികളിലൂടെ നാട്ടിൽ ചിലവഴിക്കപ്പെട്ടു. അതിന്റെ ഫലമോ? പണക്കാരൻ കൂടുതൽ പണക്കാരനായി; പാവപ്പെട്ടവൻ കൂടുതൽ കടക്കാരനായി. രാജ്യം പരദേശികൾക്കു പണയം വെക്കപ്പെട്ടു. സാമ്പത്തികമായി ഇന്ത്യ ഏഷ്യൻ രാഷ്ട്രങ്ങളിൽ ഏറ്റവും കീഴെപ്പടിയിലെ രണ്ടാമത്തെ രാഷ്ട്രമാണ്. ഇന്ത്യോനീഷ്യക്കു നന്ദി. നമ്മളെല്ലാറ്റിലും കീഴെയായില്ല. പാലും തേനുമൊഴുക്കുവാൻ അധികാരത്തിന്റെ സോപാനത്തിലൂടെ ഇരുപതു കൊല്ലം മുമ്പ് സോഷ്യലിസത്തിന്റെ മണിമേടയിലേക്കു കയറിപ്പോയ ജനാധിപത്യത്തിന്റെ കുത്തകക്കാരിപ്പോൾ പറയുന്നു, ഇന്ത്യയിൽ നാല് കോടി അറുപതു ലക്ഷം ജനങ്ങൾ പട്ടിണിയിലാണെന്ന്. അതായത് ഇരുപതുകൊല്ലത്തെ കോൺഗ്രസ്സ് ഭരണം കൊണ്ട് പത്തിലൊരിന്ത്യക്കാരൻ പട്ടിണിക്കാരനാണെന്ന്. എന്നിട്ടും സോഷ്യലിസത്തിന്റെ പർവ്വതപ്രസംഗം നിലക്കുന്നില്ല. വയറ്റിനുള്ളിൽ പട്ടിണി 'സരിഗമ' പാടുമ്പോൾ സോഷ്യലിസത്തിന്റെ പേരിലുള്ള ഈ ഗർദ്ദഭരാഗം ദുസ്സഹമായിത്തോന്നുന്നു.

കോൺഗ്രസ്സ് മൂന്നു അടിസ്ഥാന തത്വങ്ങളിലധിഷ്ഠിതമായിട്ടാണ് മുന്നേറുന്നത്. ഒന്ന് ഏകാധിപത്യം. രണ്ട് കേപറ്റിലിസം. മൂന്ന് വർഗ്ഗീയത്വം. ജനാധിപത്യത്തെക്കുറിച്ചവർ പ്രസംഗിക്കാറുണ്ട്. പക്ഷെ ഡി.ഐ.ആറെന്ന സുദർശനചക്രത്തിന്റെ നിഗ്രഹാനുഗ്രഹശക്തിയുമായി നക്രസംഹാരത്തിനു പുറപ്പെട്ട ചക്രപാണിയെപ്പോലെ പ്രതിപക്ഷങ്ങൾക്കെതിരെ അവർ ചാടി വീണത് നമ്മളിയ്യിടെ കണ്ടതാണ്. അരുതരുതെന്നു സുപ്രീംകോടതിയും അനേകം അഭിഭാഷകപ്രമുഖരും വിലക്കിയിട്ടും ആ ആയുധം താഴെ വെക്കാൻ ജനാധിപത്യത്തിന്റെ മൊത്തക്കുത്തകയേറ്റെടുത്ത കോൺഗ്രസ്സുകാർക്ക് മനസ്സില്ല. കാരാഗാരത്തിന്റെ കാരിരുമ്പഴികളും കൈവിലങ്ങുകളും കാട്ടി പ്രതിപക്ഷത്തെ ഭീഷണിപ്പെടുത്തുന്ന ഇവരുടെ പാപപങ്കിലമായ നാവുകൾക്കു ജനാധിപത്യമെന്ന പുണ്യപഞ്ചാക്ഷരിമൊഴിയാൻ തന്നെ അധികാരമില്ല.

കോൺഗ്രസ്സിന്റെ മറ്റൊരവകാശവാദം സോഷ്യലിസമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇത്രയധികം വ്യഭിചരിക്കപ്പെട്ട ഒരു പദമുണ്ടോ എന്നറിയില്ല. ട്രസ്റ്റീഷിപ്പ് വാദിയായ ഗാന്ധിജിയും മനുസ്മൃതിക്കാരനായ ഡോ: ഭഗവൻദാസും ഏകാധിപത്യത്തിന്റെ കോമരങ്ങളായിരുന്ന ഹിറ്റ്‌ലറും മുസോളിനിയും ഈ പദമുപയോഗിച്ചിട്ടുണ്ട്. നാഴികക്കു നാനൂറുവട്ടം സോഷ്യലിസമെന്നു നാഡാരും കൂട്ടുകാരുമുരുവിട്ടതു കൊണ്ടുതിർന്നു വീഴുന്ന 'മന്നാ'യല്ല സോഷ്യലിസം. ഇരുപതുകൊല്ലത്തെ സാഹസയാത്രക്കു ശേഷം ഇന്ത്യയിലെ പണമൊക്കെ ഇരുപതു മുതലാളിഭവനങ്ങളുടെ ഇരുമ്പു ഹസ്തത്തിൽ കൊണ്ടുപോയൊതുക്കി അവരുണ്ടാക്കിത്തീർത്ത ഇരുണ്ട ഭാവിയിൽ നിന്ന് സോഷ്യലിസത്തെ രക്ഷിക്കേണ്ടതുണ്ട്. അതിനാണ് മുസ്‌ലിംലീഗിന്റെ ഇന്നത്തെ പുറപ്പാട്. ഇന്നത്തെ പ്രധാനമന്ത്രിയുടെ ഭർത്താവ് ഒരിക്കൽ ഹൃദയം നൊന്തുരുവിട്ട രണ്ടുവരികളിൽ കോൺഗ്രസ്സിന്റെ സോഷ്യലിസത്തിനുള്ള മംഗളപത്രമടങ്ങിയിട്ടുണ്ട്. "ടാറ്റാ ബിർളാ തേരെ നാം, സബ്കോ പെർമിറ്റ് ദേ ഭഗവാൻ." രാംഗഡ് രാജാവിനെയും മറ്റു പിന്തിരിപ്പന്മാരെയും ചാക്കിൽ കയറ്റിയശേഷം സോഷ്യലിസം ഇവിടെ വിൽക്കുന്നു എന്നു ബോർഡെഴുതിവെച്ചാൽ ലോകം ചിരിക്കുകയേ

mappilaheritagelibrary.com

യുള്ളു എന്നു കാമരാജനാഡാർ മനസ്സിലാക്കണം.

കോൺഗ്രസ്സിന്റെ അടിസ്ഥാനനയങ്ങളായ ഏകാധിപത്യത്തെയും മുത ലാളിപക്ഷപാതത്തെയും കുറിച്ച് ഞങ്ങൾ പറഞ്ഞുവല്ലൊ. അവരുടെ മൂന്നാ മത്തെ അടിസ്ഥാനനയം വർഗ്ഗീയത്വമാണ്. കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ ന്യൂനപക്ഷാവകാശധ്വംസനമാണ്. ന്യൂനപക്ഷങ്ങളുടെ പ്രത്യേകതകൾ പരിര ക്ഷിക്കുമെന്നും സംഘം ചേരാനും അഭിപ്രായം പറയുവാനും വോട്ടു ചെയ്യാനും ആർക്കും സ്വതന്ത്ര്യമുണ്ടെന്നും പ്രഖ്യാപിക്കുന്നഒരു ഭരണഘടനയെച്ചൊല്ലി ആണയിടുന്നവർ സംഘടിക്കാനുള്ള മുസൽമാന്മാരുടെ സ്വാതന്ത്ര്യത്തെത്തന്നെ ചോദ്യം ചെയ്യുന്നു. ജനസംഘം എന്ന് പേരിട്ടതുകൊണ്ടാസംഘത്തിലവർ വർഗ്ഗീ യത കാണുന്നില്ല. അവരുടെ ചെയ്തികളിലുള്ള വർഗ്ഗീയ അസഹിഷ്ണുതയെ തടയാനവർക്കു ചങ്കൂറ്റവുമില്ല. റിപ്പബ്ളിക്കൻ പാർട്ടിയുടെ മുറ്റത്തും ഫതുഹ്സി ങ്ങിന്റെ പടിക്കലും സഹായാഭ്യർത്ഥനയുടെ പിച്ചപ്പാളയുമായി നിൽക്കാനവർക്കു ലജ്ജയില്ല. എന്നാൽ മുസ്ലിംസമുദായത്തിന്റെ ദേശീയരാഷ്ട്രീയ സംഘടനയുടെ ഒരു റാത്തലിറച്ചിക്കുവേണ്ടി അവർ ഷൈലോക്കിനെപ്പോലെ വാശിപിടിക്കുന്നു. കേരളത്തിലെ കോൺഗ്രസ്സിനെ ശവക്കുഴിയിൽ നിന്ന് തോണ്ടിയെടുത്ത് ഊതി ജീവിപ്പിച്ച മുസ്‌ലിംലീഗിനെ ചവിട്ടാൻ മാത്രം അവരുടെ കാലിനു ബലമുണ്ടാ യപ്പോൾ അല്പം പോലുമവർ മടിച്ചുനിന്നില്ല. ആരുടെ തോളിൽക്കയറി അവർ അധികാരത്തിന്റെ കുല തൊട്ടുവോ ആ സുഹൃത്തുക്കളെ തട്ടിമാറ്റാൻ മാത്രം അവർ നന്ദികേടു കാണിച്ചു. ത്യാഗങ്ങൾക്കു പിറകെ ത്യാഗങ്ങളും വിട്ടുവീഴ്ച കൾക്ക് പിറകെ വിട്ടുവീഴ്ചകളും ചെയ്ത മുസ്‌ലിംലീഗിനെ ശകാരങ്ങൾ കൊണ്ടും കൂറുകേടിന്റെ ദുരാരോപണങ്ങൾ കൊണ്ടും അഭിഷേകം ചെയ്യാൻ അവരറച്ചില്ല. ഇസ്ലാമിന്റെ അവിഭാജ്യഘടകവും ഖുർആൻ നിർവ്വചിച്ചതുമായ ശരീഅത്ത് നിയമങ്ങളുടെ മേൽ ഡെമോക്ലസ്സിന്റെ വാൾ തൂക്കിയിട്ടിരിക്കയാണ വർ. ശരീഅത്ത് നിയമങ്ങളെ ഹനിക്കാൻ ന്യായവും യുക്തിയും തേടി തുർക്കി യിലോ ഇറാനിലോ തീർത്ഥയാത്ര പോകുന്നവർ ഉർദുവിനോട് നീതികാണി ക്കാൻ സിലോണിലേയോ മലേഷ്യയിലേയോ മാതൃക സ്വീകരിക്കുന്നില്ല. സംസ്കൃതം പോലും ഇന്ത്യയിൽ വിരുന്നുവന്നതാണ്. ഉർദു ഇന്ത്യൻമണ്ണിൽ പെറ്റ ഭാരതപുത്രിയാണ്. പഞ്ചാബിഭാഷയ്ക്കു പോലും ഒരു സുബയുണ്ടായി. സുബപോട്ടെ. ഉർദു ഒരംഗീകൃത ഭാഷയായെങ്കിലും സ്വീകരിക്കാനിവർക്കു മന സ്സുണ്ടായോ? ദേവനാഗരി ലിപിയിലും പേർഷ്യൻലിപിയിലുമെഴുതുന്ന ഹിന്ദി യായിരിക്കും ഇന്ത്യയുടെ മാതൃഭാഷ എന്നു പലവുരു പറഞ്ഞ മഹാത്മാഗാ ന്ധിയുടെ ആദർശം അദ്ദേഹത്തിന്റെ ചിതാഭസ്മത്തോടൊപ്പം ആറ്റിൽക്കലക്കി യവരാണിവർ. നെഹ്റു തന്റെ മാതാവിന്റെ മുലപ്പാലോടൊപ്പം വലിച്ചു കുടിച്ച ആ മഹത്തായ ഭാഷ നെഹ്റുവിന്റെ മകൾ ഭരിക്കുന്ന ഇന്ത്യയിലിന്നൊരന്യഭാ ഷയാണ്. മില്ല്യൻകണക്കിൽ അമുസ്ലിംകളും മുസ്‌ലിംകളുമൊപ്പുവെച്ച അപേ ക്ഷാഹരജി രാഷ്ട്രപതിയുടെ റിക്കാർഡുപുരയിലുണ്ടായിരുന്നതു ചിതൽ തിന്നോ ആവോ? ഇങ്ങിനെ അവഗണിക്കപ്പെടാൻ ഉർദു ചെയ്ത കുറ്റമെന്താണ്?

സർ സയ്യിദ് അഹമ്മദ്ഖാൻ തൊട്ടു ഡോ:സാക്കീർ ഹുസൈൻ വരെ യുള്ള പരസഹസ്രം മുസ്ലിം പ്രധാനികൾ അവരുടെ ജീവരക്തം കൊണ്ടു കെട്ടി പ്പടുത്ത അലീഗർ മുസ്ലിം സർവ്വകലാശാലയിൽ നിന്നു മുസ്ലിം എന്ന പദമെടു ത്തുകളയാൻ സ്വാമിഭക്തനായ ഛഗ്ല എന്നൊരതിതീവ്രദേശീയവാദിയുടെ നേതൃ ത്വത്തിലവർ അരയും തലയും മുറുക്കി പണിയെടുത്തു. അവസാനം ബനാറ സിനെ തീണ്ടാൻ പോയി, അണ്ടിയോയടുത്തപ്പോൾ മാങ്ങയുടെ പുളിയറിഞ്ഞു വാലും മടക്കിപ്പോരുകയാണ് ഛഗ്ല ചെയ്തത്. എന്നിട്ടും അലീഗറിന്റെ മുസ്ലിം

mappilaheritagelibrary.com

നാമത്തോടുള്ള ശാത്രമവർ ഉപേക്ഷിച്ചിട്ടില്ല. അവർക്കു നമ്മുടെ വോട്ടുവേണം പോലും!

വിദ്യാലയങ്ങളിലും ഉദ്യോഗങ്ങളിലും മുസൽമാന്മാർക്ക് മതിയായ പ്രാതിനിധ്യമില്ല. നിയമസഭകളിലും പാർലിമെണ്ടിന്റെ ഇരുസഭകളിലും മുസൽമാന്മാർക്ക് യഥാർത്ഥ പ്രാതിനിധ്യമില്ല. അതിനെക്കുറിച്ചൊക്കെ ആവലാതി പറഞ്ഞാൽ മുകളിലൊരു സാക്കിർഹുസൈനേയോ ഛഗ്ലയേയോ ചൂണ്ടിക്കാട്ടി ജനശ്രദ്ധയെ അകറ്റും. പിന്നെ മെരിട്ട് എന്ന ഒരു മന്ത്രമുണ്ടവർക്കുച്ചരിക്കാൻ. ശിപായിപണിയിൽ പോലും ചേരാനുള്ള കാര്യക്ഷത ഈ രാജ്യം ഭരിച്ച ഒരു സമുദായത്തിന്നില്ലാതായിപ്പോയെങ്കിൽ ആരാണതിനുത്തരവാദി? കേരളത്തിൽത്തന്നെ റിസർവേഷന്നെതിരായി പടവെട്ടുന്നവരുടെ മുന്നണിയിൽ കോൺഗ്രസ്സുകാരെക്കാണാം. വ്യാപാരികളായിരുന്ന ഒരു സമുദായം ആ രംഗത്തുനിന്നും പെർമിറ്റിന്റെയും ലൈസൻസിന്റേയും പേരിൽ കുടിയിറക്കപ്പെടുന്നു. കോഴിക്കോട്ടെ അരിക്കച്ചവടരംഗം അനവധി ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണ്. ഇതൊക്കെ ചെയ്തിട്ടു ഇലക്ഷനടുത്താൽ ന്യൂനപക്ഷങ്ങൾക്കായി കമ്മിറ്റി രൂപീകരിക്കാം, ഉർദുവിനു സ്ഥാനം നൽകാം എന്നൊക്കെ പ്രസംഗിച്ചു നടക്കുകയാണ് നാഡാർ. നാഡാരുടെ പാലം കടക്കുമ്പോഴുള്ള ഈ നാരായണനമയിൽ ആത്മാർത്ഥത അശേഷവുമില്ല. മുസ്‌ലിംകൾ വിഡ്ഡികളല്ലെന്നു മനസ്സിലാക്കാനുള്ള ബുദ്ധി നാഡാർക്കില്ലെങ്കിൽ മദിരാശി പ്രമേയം അതുണ്ടാക്കുമെന്നാണ് ഞങ്ങൾ കരുതുന്നത്. സെക്കുലറിസം സെക്കുലറിസം എന്ന അവരുടെ മന്ത്രം അവരുടെ വർഗ്ഗീയത്വം മൂടിവെക്കാനുള്ള തന്ത്രമാണെന്നു ലോകം കണ്ടുകഴിഞ്ഞുവെന്നു ആ ഒട്ടകപ്പക്ഷികൾ മനസ്സിലാക്കട്ടെ.

കോൺഗ്രസ്സുമായുള്ള യോജിപ്പിന്റെ വാതിൽ മുസ്‌ലിംലീഗു അടച്ചു കളയാനുള്ള കാരണങ്ങൾ മേൽഭാഗങ്ങളിൽ വിവരിച്ചു. പ്രമേയത്തിന്റെ ഇത്രയും ഭാഗങ്ങൾക്ക് നിഷേധാത്മകമായ വശമാണെങ്കിൽ അതിന്റെ ക്രിയാത്മകമായ വശത്തിലേക്കു ഞങ്ങളിന്നു പ്രവേശിച്ചു കൊള്ളാം, വ്യത്യസ്തങ്ങളായ ആശയാദർശങ്ങളും സ്വഭാവവിശേഷങ്ങളുമുള്ള ഇവിടത്തെ പ്രതിപക്ഷങ്ങൾ ഒന്നിക്കയില്ലെന്നും എന്നും ഭിന്നിച്ചു നിൽക്കുമെന്നുമുള്ള വിശ്വാസമാണ് കോൺഗ്രസ്സിന്റെ അഹന്തയുടെ അടിത്തറ. ഭരിക്കാൻ പിറന്ന ഈ രാഷ്ട്രീയത്തമ്പുരാക്കന്മാരെ താഴെയിടാൻ ഭൂമിയിലാർക്കും വയ്യെന്നൊരഹംഭാവമാണ് പട്ടിണിയും പരിവട്ടവും സൃഷ്ടിച്ച ശേഷവും ഭരിക്കും ഭരിക്കുമെന്നഹങ്കരിക്കാൻ കോൺഗ്രസ്സിനെ പ്രേരിപ്പിച്ചത്. പ്രതിപക്ഷ വോട്ടുകൾ ചിന്നിച്ചിതറിയാൽ ന്യൂനപക്ഷത്തിന്റെ സ്വേച്ഛാഭരണം നാട്ടിലടിച്ചേല്പിച്ച് തങ്ങളുടെ കോട്ടാ-പെർമിറ്റ് ദുർഭരണം തുടരാൻ കഴിയുമെന്നവർ കരുതുന്നു. കോൺഗ്രസ്സിന്റെ ഈ ആകാശക്കോട്ടക്കാഞ്ഞടിച്ചു ചുമരിന്മേലെ എഴുത്തു വായിക്കാൻ മറ്റു പ്രതിപക്ഷങ്ങളെ ഉണർത്തുകയാണ് മുസ്‌ലിംലീഗ്. ആദർശപരമായി ധ്രുവങ്ങൾ കണക്കെ അന്തരമുള്ള പാർട്ടികൾക്കും ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ യോജിക്കാൻ കഴിയും. അങ്ങിനെ ചെയ്യാനാണ് മുസ്‌ലിംലീഗ് പറയുന്നത്. അങ്ങിനെ ചെയ്യാതിരുന്നാലും കോൺഗ്രസ്സിനെ ഒരുവേള താഴെയിറക്കാൻ കഴിയും. അവർ അത്രക്കു ഒറ്റപ്പെട്ടിരിക്കയാണ്. അരിതരാത്ത, തുണിതരാത്ത, പണിതരാത്ത, പൊതുധനം കട്ടെടുത്ത, കറന്റു കട്ടാക്കിയ ജനങ്ങളെ പട്ടിണിക്കിടുന്ന ഒരു പാർട്ടിക്കെതിരിൽ വലിയ പ്രചാരവേലയൊന്നും വേണ്ടിവരില്ല. ഗ്രൂപ്പ് വടംവലിയുടെ പുഴുക്കുത്തേറ്റ് പഴകി ദ്രവിച്ച, സ്വാർത്ഥംഭരികൾ തുരന്നു തുളയാക്കിയ കോൺഗ്രസ്സിനെ കടപുഴക്കാൻ പ്രതിപക്ഷങ്ങളുടെ ഒരു മന്ദമാരുതൻ മതി. പക്ഷെ സംഗതി അവിടം കൊണ്ടവസാനിക്കുന്നില്ലല്ലോ. കഴിഞ്ഞതവണത്തെ

mappilaheritagelibrary.com

പ്പോലെ പുല്ലൂട്ടയിലെ നായയുടെ നയം സ്വീകരിച്ചു ഒരു ജനാധിപത്യ ഗവർമ്മെണ്ട് അസാദ്ധ്യമാക്കി പ്രസിഡണ്ട് ഭരണത്തിന്റെ അടുക്കളയിൽക്കൂടി അഭിശപ്തമായ കോൺഗ്രസ്സ് ഭരണത്തെ അകത്ത് കയറ്റാനുള്ള ആക്കം കേരളത്തിലെ കോൺഗ്രസ്സിനുണ്ടാവരുത്. റസീവർ ഭരണം ഏതാനും ശുപാർശിജീവികളല്ലാത്ത ജനങ്ങൾക്കൊക്കെ മടുത്തിരിക്കുന്നു. അത് കോൺഗ്രസ്സ് ഭരണത്തിന്റെ മറ്റൊരു ദുഷിച്ച പതിപ്പ് മാത്രമാണ്. അതിനാൽ ഇവിടെ ഒരുറച്ച സൽഭരണമുണ്ടാകാൻ വേണ്ടി കേരളത്തിലെ ജനങ്ങൾ ഉറ്റുനോക്കുന്നതു ഇവിടത്തെ കെട്ടുറപ്പുള്ള ഏകരാഷ്ട്രീയ സംഘടനയായ മുസ്‌ലിംലീഗിനെയാണ്. അവരുടെ വികാരങ്ങൾ ലീഗെങ്ങിനെ അവഗണിക്കും? അതുകൊണ്ടാണ് വിരുദ്ധാശയങ്ങളുള്ള രാഷ്ട്രീയ കക്ഷികൾ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഒന്നായി നിൽക്കണമെന്നു ലീഗു നിർദ്ദേശിച്ചത്. ആദർശവും അഭിപ്രായവുമെന്തായാലും വരുന്ന അഞ്ചുകൊല്ലക്കാലം എങ്ങിനെ ഭരിക്കണമെന്നതിനെക്കുറിച്ചു ഈ കക്ഷികൾക്ക് യോജിക്കാൻ കഴിയും. അങ്ങിനെ പണ്ടിവിടെ പലരും പല കാലത്തും യോജിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കക്ഷി ഈ കൂട്ടുകെട്ടിൽ വരുന്നതുകൊണ്ടു ആ കൂട്ടുകെട്ടിൽ ചേരില്ലെന്നു പറയുന്നത് കേരളത്തിൽ ജനാധിപത്യം വേണ്ടെന്നു പറയുന്നതിനു തുല്യമാണ്. മുസ്‌ലിംലീഗ് അങ്ങിനെ പറയുമെന്നും അതുവഴിയുണ്ടാകുന്ന ഓരായത്തിൽ കൂടി ലീഗുകാരടക്കമുള്ള കേരളീയരുടെ പിരടിയിൽ കടൽക്കിഴവനെപ്പോലെ പറ്റിക്കൂടാമെന്നും കരുതിയിരുന്ന കോൺഗ്രസ്സുകാർക്ക് മദിരാശിപ്രമേയം തീർച്ചയായും ഞെട്ടലുണ്ടാക്കും. ഈ ഞെട്ടലിൽ നിന്നവർ മോചിതരാകാൻ കുറെ ദിവസങ്ങൾ പിടിക്കും, അതിന്നിടയിൽ അവരൊരുപക്ഷെ കാണിക്കാവുന്ന അപസ്മാരഗോഷ്ഠികളും പുറപ്പെടുവിക്കാവുന്ന അപശബ്ദങ്ങളും പ്രസ്തുത ഞെട്ടലിന്റെ അനന്തരഫലമായി വായനക്കാർ വ്യാഖ്യാനിച്ചാൽ മതി.

കോൺഗ്രസ്സിനു തന്നെയും ഒരു ഷോക്ക് ചികിത്സയാണ് മുസ്‌ലിംലീഗ് നൽകിയത്. വളരെ മൂർച്ഛിച്ചു കഴിഞ്ഞ കോൺഗ്രസ്സിന്റെ ഇന്നത്തെ രോഗത്തിനു മറ്റു ചികിത്സകളില്ല. അനുനയങ്ങൾ അവരുടെ അഹംഭാവത്തെ വർദ്ധിപ്പിച്ചിട്ടേയുള്ളു. വിട്ടുവീഴ്ചകളെ അവർ ദൗർബ്ബല്യമായേ എണ്ണിയിട്ടുള്ളു അനുരഞ്ജനത്തിന്റെയും വിട്ടുവീഴ്ചയുടെയും ഉപദേശങ്ങളുടെയും താക്കീതുകളുടെയും വാതിലുകളടഞ്ഞപ്പോഴാണ് ഈ തീരുമാനമെടുത്തത്. ലീഗിനെ കുഷ്ഠരോഗിയെപ്പോലെ ഒറ്റപ്പെടുത്താനാഗ്രഹിച്ചു. അവരിതാ ഒറ്റപ്പെടുത്തപ്പെട്ടിരിക്കുന്നു. ലീഗിനു കൈ തരാനാളുണ്ട്. കോൺഗ്രസ്സിന്റെ പ്രചാരവേലകൊണ്ട് ലീഗിന്നൊരൈത്തവും വന്നിട്ടില്ല എന്ന് ഇവിടെ സ്വയം രാഷ്ട്രീയത്തമ്പുരാക്കന്മാരായിച്ചമഞ്ഞിരുന്നവർ കാണാൻ പോവുകയാണ്. ഈ വർഗ്ഗീയവാദികളുടെ വോട്ടവർക്കു വേണ്ടല്ലൊ. കോൺഗ്രസ്സ് പൂജാരികളുടെ സേവകൂടാതെ ഭരണത്തിന്റെ ശ്രീകോവിലിലെത്താമോ എന്നു മുസ്‌ലിംലീഗൊന്നു നോക്കട്ടെ. കമ്യൂണിസ്റ്റിമ്പാച്ചികാട്ടി ലീഗിനെ പേടിപ്പിച്ചു മുസ്‌ലിംകളെ പാട്ടിലാക്കാമെന്നു കോൺഗ്രസ്സുകാർ കരുതിയിരുന്നു. പക്ഷെ അവരുടെ നിർഭാഗ്യം. അതിന്നിടയിൽ നേരം വെളുത്തു പോയി.

ജനാധിപത്യവാദികളായ കേരളത്തിലെ ജനങ്ങളെക്കരുതിയാണ് ലീഗിത്തീരുമാനമെടുത്തത്. ജനാധിപത്യത്തിന്റെ പന്തലിൽ ലീഗിനു അർഹമായ മാന്യപദവി ലഭിക്കുവാൻ ജനങ്ങൾ തീർച്ചയായും അദ്ധ്വാനിക്കും. മുസ്ലിം ബഹുജനങ്ങൾ ലീഗിന്റെ ആജ്ഞ ശിരസാവഹിക്കുമെന്നതിനു സംശയമില്ല. വിട്ടുവീഴ്ചകളെ ദൗർബ്ബല്യമായിക്കാണുന്ന കോൺഗ്രസ്സിന്റെ കണ്ണട അന്യകക്ഷികൾ വായ്പവാങ്ങില്ലെന്നു ഞങ്ങൾക്കറിയാം.

mappilaheritagelibrary.com

ആരാന്റെ ഔദാര്യത്തെയല്ല അവനവന്റെ തിണ്ണബലത്തെയാണ് മുസ്‌ലിംലീഗുകാർ ആശ്രയിക്കേണ്ടത്. കേരളമാകെ നഗരാന്തരങ്ങളിൽ ഗ്രാമ ഗ്രാമാന്തരങ്ങളിൽ പരന്നു കിടക്കുന്ന പരസഹസ്രം പ്രവർത്തകന്മാർ കർമ്മരംഗത്തേക്കിറങ്ങി സംഘടന അരക്കിട്ടുറപ്പിക്കട്ടെ. അപ്പോൾ മറ്റു കാര്യങ്ങൾ ശരിപ്പെട്ടുകൊള്ളും.

mappilaheritagelibrary.com

24

കോൺഗ്രസ്സ് ദുർഭരണം അവസാനിപ്പിക്കാൻ
കേരളത്തിൽ ഒരുറച്ച ജനാധിപത്യ ഗവൺമെന്റ് രൂപീകരിക്കാൻ

ഏഴു പ്രതിപക്ഷപാർട്ടികളുടെ യോജിച്ച നയപ്രഖ്യാപനം

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്), ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി, സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി, മുസ്ലിംലീഗു പാർട്ടി, കേരള സോഷ്യലിസ്റ്റ് പാർട്ടി, കർഷകത്തൊഴിലാളി പാർട്ടി. റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി എന്നീ രാഷ്ട്രീയകക്ഷികളുടെ ഒരു യോഗം 1966 സപ്തംബർ 16, 17 തിയ്യതികളിൽ എറണാകുളത്തുവെച്ചു കൂടി.

ഇന്ത്യയിലാകെയും, പ്രത്യേകിച്ചു കേരളത്തിലുമുള്ള രാഷ്ട്രീയസ്ഥിതിഗതികളും അവയുടെ പശ്ചാത്തലത്തിൽ നടക്കാനിരിക്കുന്ന നാലാം പൊതു തിരഞ്ഞെടുപ്പു സംബന്ധിച്ച അതത് പാർട്ടികൾക്കുള്ള അഭിപ്രായങ്ങളും യോഗത്തിൽ പങ്കെടുത്ത പ്രതിനിധികൾ വിശദീകരിച്ചു.

ഈ അഭിപ്രായവിനിമയത്തിന്റെ ഫലമായി കോൺഗ്രസ്സിനെ പരാജയപ്പെടുത്തി, കേരളത്തിലെ രാഷ്ട്രീയമായ അനിശ്ചിതത്വം അവസാനിപ്പിച്ച്. ഒരുറച്ച കോൺഗ്രസ്സിതര ജനകീയ ഗവൺമെന്റ് രൂപീകരിക്കാൻ നടപടികളെടുക്കണമെന്ന് ഈ പാർട്ടി ഏകകണ്ഠമായി തീരുമാനിച്ചു.

ഇങ്ങനെ രൂപീകരിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനത്തിന് അടിസ്ഥാനമായ പൊതുനയങ്ങൾ താഴെപ്പറയുന്നവയായിരിക്കും:

1. ഇന്ത്യയുടെ ഭരണം കോൺഗ്രസ്സിന്റെ കൈയിലായിട്ട് നീണ്ട 20 വർഷം കഴിഞ്ഞിരിക്കുന്നു. അധികാരമെറ്റെടുത്തപ്പോൾ പല വാഗ്ദാനങ്ങളും നൽകിയിരുന്നു. എന്നാൽ പ്രധാന വാഗ്ദാനങ്ങളൊന്നും നിറവേറ്റപ്പെട്ടിട്ടില്ല. സ്വാതന്ത്ര്യലബ്ധിയുടെ സമയത്ത് നിലവിലുണ്ടായിരുന്ന മിക്ക പ്രശ്നങ്ങളും ഇന്നും പരിഹാരം കാണാതെ കിടക്കുകയാണ്. അന്നില്ലാതിരുന്ന പല പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുമുണ്ട്. ഇവയെല്ലാം പരിഹരിക്കുന്നതിൽ കോൺഗ്രസ്സുഭരണം തികച്ചും പരാജയപ്പെട്ടിരിക്കുകയാണ്. നിത്യോപയോഗസാധനങ്ങളുടെ അമിതമായ വിലവർദ്ധനവ്, കരിഞ്ചന്ത, ഭക്ഷ്യദൗർല്ലഭ്യം, തൊഴിലില്ലായ്മ, നികുതിവർദ്ധനവ്. മറ്റു പല തരത്തിൽ സാമ്പത്തികവിഷമതകൾ, ത്വരിതമായി വളർന്നുവരുന്ന അഴിമതി, ഭരണത്തിലെ ചുവപ്പുനാട, ഭരണകൂടത്തിന്റെ ഏകാധിപത്യപ്രവണത

mappilaheritagelibrary.com

മുതലായവ ഇവയ്ക്ക ഉദാഹരണങ്ങളാണ്. ഇവയെല്ലാം തന്നെ ഗവൺമെന്റ് തുടർന്നു പോരുന്ന തെറ്റായ സാമ്പത്തിക രാഷ്ട്രീയനയങ്ങളുടെ പരിണതഫലങ്ങളാണ്. ഇതിന്നെതിരായി ശബ്ദമുയർത്തുന്ന ജനങ്ങളുടെനേരെ മർദ്ദനമഴിച്ചുവിട്ടും കരിനിയമങ്ങൾ പ്രയോഗിച്ചും പൗരസ്വാതന്ത്ര്യധ്വംസനം നടത്താനാണ് ഗവൺമെന്റ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

2. കോൺഗ്രസ്സ് ഗവൺമെന്റിന് നേരിട്ട ഭയങ്കര പരാജയമാണ് മതന്യൂനപക്ഷങ്ങളുടെയും ഗിരിവർഗ്ഗക്കാരുടേയും പിന്നോക്ക ജാതിക്കാരുടേയും അവശതകൾ, ഭാഷ മുതലായ പ്രശ്നങ്ങളോരോന്നും കുഴഞ്ഞുമറിഞ്ഞ് ഓരോ ദേശീയപ്രശ്നമായി ഉയർന്നു വന്നിട്ടുള്ളത്. ഈ പ്രശ്നങ്ങൾക്കോരോന്നിനും ന്യായമായ പരിഹാരം നൽകി ഇന്ത്യൻ ജനതയെ യഥാർത്ഥമായി യോജിപ്പിക്കുന്നതിനു പകരം "ദേശീയോദ്ഗ്രഥന"ത്തെപ്പറ്റി നിരർത്ഥമായ പ്രസംഗങ്ങൾ നടത്തുകയാണ് മന്ത്രിമാരും മറ്റു കോൺഗ്രസ്സു നേതാക്കന്മാരും ചെയ്യുന്നത്. അങ്ങനെ കോൺഗ്രസ്സ് ഭരണം അവശസമുദായക്കാരുടേയും മത-ഭാഷാ ന്യൂനപക്ഷങ്ങളുടേയും ന്യായമായ അവകാശങ്ങൾക്കെന്ന പോലെ തന്നെ ഇന്ത്യയുടെ ഐക്യത്തിനും വിഘാതമായിത്തീർന്നിരിക്കുകയാണെന്നർത്ഥം.

3. ഈ സാഹചര്യത്തിൽ കേന്ദ്ര പാർലിമെന്റിൽ കോൺഗ്രസിനുള്ള പ്രാതിനിധ്യം പരമാവധി കുറയ്ക്കുകയും കേരളത്തിൽ ഒരു കോൺഗ്രസ്സിതര ജനാധിപത്യ ഗവൺമെന്റ് രൂപീകരിച്ചു സുഗമമായി പ്രവർത്തിക്കുന്നതിനു മതിയായ ഭൂരിപക്ഷം സംസ്ഥാന നിയമസഭയിൽ നേടുകയും ചെയ്തതിനു കേരളത്തിൽ നിന്നുള്ള 19 പാർലിമെന്റു സീറ്റുകളിലേക്കും 133 അസംബ്ലി സീറ്റുകളിലേക്കും ഈ ഏഴു പാർട്ടികളുടേയും സ്ഥാനാർത്ഥികളെയോ ഈ ഏഴു പാർട്ടികൾക്കും സ്വീകാര്യമായ മറ്റു സ്ഥാനാർത്ഥികളെയോ നിറുത്തി മത്സരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. തങ്ങൾ ജയിച്ചാൽ ഈ പാർട്ടികളുടേതായ ഒരു ഗവൺമെന്റ് നിലവിൽ വരുത്താനും ആ ഗവൺമെന്റ് ഭരണം അഞ്ചു കൊല്ലം തുടർന്നു നടത്തുവാനും ആവശ്യമായ രീതിയിൽ തങ്ങളുടെ നിയമസഭാപ്രവർത്തനം ക്രമപ്പെടുത്തുമെന്നും ഈ പാർട്ടികൾ പ്രഖ്യാപിക്കുന്നു.

ഇങ്ങനെ പ്രതിപക്ഷപാർട്ടികളുടെതായ ഒരു ഗവൺമെന്റ് നിലവിൽവരുത്താൻ ശ്രമിക്കുന്ന ഏഴു പാർട്ടികളിൽ ഓരോന്നിനും അതിന്റേതായ സമീപനവും പരിപാടിയുമുണ്ട്. അവ വ്യക്തമാക്കുന്ന തെരഞ്ഞെടുപ്പു വിജ്ഞാപനം പുറപ്പെടുവിക്കാനും അതിനെ ആസ്പദിച്ച് സ്വയം തിരഞ്ഞെടുപ്പ് പ്രചാരവേല സംഘടിപ്പിക്കാനും ഓരോ പാർട്ടിക്കും അവകാശമുണ്ട്. അതേ അവസരത്തിൽ കേരളത്തിൽ രൂപീകരിക്കപ്പെടാൻ പോകുന്ന ഗവൺമെന്റ് നടപ്പിലാക്കേണ്ട ഭരണനയങ്ങളെ സംബന്ധിച്ച് പാർട്ടികൾക്കു ഒരു പൊതു സമീപനമുണ്ട്. ഈ പൊതു സമീപനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ പാർട്ടികളും പ്രതിനിധികളും അവരോടു ചേർന്നു നിൽക്കാൻ പ്രതിജ്ഞ ചെയ്യുന്ന മറ്റു പ്രതിനിധികളും നിയമസഭയ്ക്കകത്തു പ്രവർത്തിക്കുക. ഇങ്ങനെ ഒറ്റക്കെട്ടായിനിന്ന് ഉറച്ച ഗവൺമെന്റ് രൂപീകരിക്കുന്നതിന്നടിസ്ഥാനമായി ഈ പാർട്ടികൾ അംഗീകരിക്കുന്ന സമീപനത്തിന്റെ ഒരു പൊതു ചിത്രമാണ് താഴെ കൊടുക്കുന്നത്.

എ) പൊതുസമീപനം

ഭക്ഷ്യദൗർല്ലഭ്യം, വ്യാവസായികമായ പിന്നോക്കനില, ഇവയുടെ ഫലമായുണ്ടാകുന്ന തൊഴിലില്ലായ്മ മുതലായ "കേരളത്തിന്റെ പ്രത്യേക പ്രശ്നങ്ങളായി കണക്കാക്കുന്ന പ്രശ്നങ്ങളോരോന്നും കോൺഗ്രസ്സ് ഗവൺമെന്റിന്റെ അഖിലേന്ത്യാനയങ്ങൾക്ക് പറ്റുന്ന പരാജയത്തിന്റെ പ്രകടനമാണ്. കൂടാതെ, കേന്ദ്രഭര

mappilaheritagelibrary.com

ണത്തിന്റെ മേധാവിത്വം വഹിക്കുന്നവരുടെ അവഗണനാ മനോഭാവം. അതിനു വളം വെച്ചു കൊടുക്കുന്ന കേരളത്തിലെ കോൺഗ്രസ്സുകാരുടെ ആശ്രിതമനോഭാവം, സ്വയം ഭരിക്കാൻ കഴിവില്ലെങ്കിലും മറ്റുള്ളവരെ ഭരിക്കാൻ അനുവദിക്കുകയില്ലെന്ന കോൺഗ്രസസ്സുകാരുടെ വാശി, അതിന്റെയെല്ലാം ഫലമായി കേരളത്തിൽ തുടർച്ചയായി നിന്നുപോന്ന രാഷ്ട്രീയാനിശ്ചിതത്വവും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും- ഇവയും കേരളത്തിന്റെ വിഷമപ്രശ്നങ്ങളെ കുറേക്കൂടി മൂർച്ഛിപ്പിച്ചിട്ടുണ്ട്.

ഇക്കാരണങ്ങളാലാണ് ഒന്നും രണ്ടും മൂന്നും പഞ്ചവത്സരപദ്ധതികളിൽ കേരളം അവഗണിക്കപ്പെട്ടത്. ഈ നില അവസാനിപ്പിക്കുന്നതിനു കേരളത്തിൽ ഒരുറച്ച ഗവൺമെന്റുണ്ടാക്കുകയും, ആ ഗവൺമെന്റ് സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾക്കു വേണ്ടി ശക്തിയായി വാദിക്കുകയും, ആ വാദം സംബന്ധിച്ച വിശദവിവരങ്ങൾ മുഴുവൻ ജനങ്ങളെ ബോധിപ്പിച്ച് അവരുടേതായ സമ്മർദ്ദം കേന്ദ്രത്തിന്റെ മേൽ ചെലുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതെല്ലാം ചെയ്യുന്നതിനു വേണ്ട നടപടികൾ ഈ കക്ഷികളുടെ ഗവൺമെന്റ് എടുക്കുന്നതായിരിക്കും.

ബി) കേന്ദ്ര-സംസ്ഥാന ബന്ധം

ഭരണഘടനയനുസരിച്ചുള്ള പരിമിതമായ അധികാരങ്ങൾ പോലും കവർന്നെടുത്ത് സംസ്ഥാന സ്വയംഭരണാധികാരവും പദവിയും വെട്ടിക്കുറക്കാനാണ് കേന്ദ്രം ശ്രമിച്ചുവരുന്നത്. ഈ ശ്രമം പരാജയപ്പെടുത്തുവാനും സംസ്ഥാന ഗവൺമെന്റിന് കൂടുതൽ അധികാരങ്ങൾ നേടിയെടുക്കാനും അക്കാര്യത്തിൽ പൊതുജനപിന്തുണ സമ്പാദിക്കാനും ഗവൺമെന്റ് ശ്രമിക്കുന്നതാണ്. ഈ കാര്യത്തിൽ മറ്റു സ്റ്റേറ്റ് ഗവൺമെന്റുകളുടെ സഹായം തേടുന്നതാണ്.

സ്റ്റേറ്റുകളുടെ ഇന്നത്തെ സാമ്പത്തിക പരാധീനതകൾ ഇല്ലാതാക്കുന്നതിനു ധനാഗമമാർഗ്ഗങ്ങളുടെ മേൽ കേന്ദ്രത്തിനുള്ള നിയന്ത്രണത്തിൽ അയവു വരുത്തേണ്ടതും സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ കൂടുതൽ അധികാരമുണ്ടായിരിക്കേണ്ടതുമാണ്.

സി) ഭക്ഷ്യപ്രശ്നം

കേരളത്തിലെ ഏതു ഗവൺമെന്റിനും അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു വിഷമപ്രശ്നമാണ് ഭക്ഷ്യപ്രശ്നം. അതിത്രയും രൂക്ഷമായിത്തീർന്നത്. കേന്ദ്രത്തിന്റെ നയവൈകല്യങ്ങൾ മൂലമാണ്. ഭക്ഷ്യോൽപ്പാദനത്തിൽ കമ്മിസംസ്ഥാനമാണെങ്കിലും നാട്ടിന്നാകമാനം ആവശ്യമുള്ള വിദേശനാണ്യം ധാരാളം നേടിക്കൊടുക്കുന്ന ഈ സംസ്ഥാനത്തിലെ ജനങ്ങളെ പട്ടിണിക്കിടാതെ അവർക്കാവശ്യമായ ഭക്ഷണം ന്യായമായ വിലയ്ക്ക് എത്തിച്ചു തരേണ്ട ചുമതല കേന്ദ്രത്തിന്റേതാണ്.

അതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്കാവശ്യമുള്ള അരി മുഴുവനും യഥാവസരം എത്തിച്ചു തരുവാനും, അതിന്റെ വില കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് താങ്ങാൻ കഴിയുന്ന നിലവാരത്തിലാക്കി ഒതുക്കിനിത്താനും വേണ്ട നടപടികളെടുക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിനോടാവശ്യപ്പെടുകയും അതിനുവേണ്ട സമ്മർദ്ദം ചെലുത്തുന്നതിൽ ജനങ്ങളുടെ സഹകരണം തേടുകയും ചെയ്യും. ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് ഇന്നംഗീകരിച്ചുവരുന്ന നയത്തിൽ കാര്യമായ പല മാറ്റങ്ങളും വരുത്തണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഉദാഹരണത്തിന്, ഭക്ഷ്യധാന്യങ്ങളുടെ മൊത്തവ്യാപാരം പൊതുമേഖലയിൽ കൊണ്ടുവരികയും അങ്ങനെ ചെയ്യുമ്പോൾ ചെറുകിട കച്ച

mappilaheritagelibrary.com

വടക്കാരേയും സഹകരണസംഘങ്ങളെയും ബാധിക്കുകയില്ലെന്നുറപ്പു വരുത്തുക, ഭക്ഷ്യോല്പാദനം നടത്തുന്ന കൃഷിക്കാർക്ക് ന്യായമായ വില കിട്ടാറാക്കുന്നതോടൊപ്പം ഉപഭോക്താക്കൾക്കു ചുരുങ്ങിയ വിലയ്ക്ക് സാധനം കിട്ടുക കൂടി ചെയ്യാനാവശ്യമായ രീതിയിൽ വിതരണം ക്രമീകരിക്കുക- ഇതെല്ലാം ചെയ്യേണ്ടതുണ്ട്. എന്നാൽ ഇതൊന്നും ഒരു സ്റ്റേറ്റ് ഗവൺമെന്റിന്-കേരളത്തെപ്പോലെയുള്ള ഒരു കമ്മി സംസ്ഥാനത്തെ ഗവൺമെന്റിന് വിശേഷിച്ചും- തനിച്ചു ചെയ്യാൻ കഴിയുന്നതല്ല. കേരളത്തിന്നാവശ്യമുള്ളത്ര അരി ചുരുങ്ങിയ വിലയ്ക്കു കിട്ടണമെന്ന പൊതു ആവശ്യം അനുവദിക്കാൻ വേണ്ട സമ്മർദ്ദം കേന്ദ്രത്തിന്റെ മേൽ ചെലുത്തുകയാണ് കേരളത്തിലെ ഗവൺമെന്റ് ചെയ്യുക.

ഡി) ലെവി-വില-വിതരണം

മേൽ കൊടുത്ത പൊതു ആവശ്യങ്ങൾക്ക് വേണ്ട സമ്മർദ്ദം കേന്ദ്രത്തിന്റെ മേൽ ചെലുത്തുന്നതോടൊപ്പം ഭക്ഷ്യധാന്യവിതരണം കൂടുതൽ നീതിപൂർവ്വവും പ്രയോജനകരവുമാക്കുന്നതിന് ഒരു സ്റ്റേറ്റ് ഗവൺമെന്റിന്റെ അധികാരപരിധിക്കുള്ളിൽ സാദ്ധ്യമായ പ്രായോഗികനടപടികളെല്ലാം ഗവൺമെന്റ് എടുക്കുന്നതായിരിക്കും. ഈ നടപടികളുടെ വിശദാംശങ്ങൾ കൃഷിക്കാരുടെയും ഉപഭോക്താക്കളുടേയും പ്രതിനിധികളുമായി കൂടിയാലോചിച്ചിട്ടാണ് തീരുമാനിക്കുക. അങ്ങനെ കൂടിയാലോചിക്കുമ്പോൾ ഗവൺമെന്റ് പരിഗണനയ്ക്കെടുക്കുന്ന കാര്യങ്ങൾ താഴെ പറയുന്നവയായിരിക്കും.

1. ലെവിയിൽ നിന്നും ഒഴിവാക്കപ്പെടാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള വിസ്തീർണ്ണം ഇന്നത്തേതിനേക്കാൾ ഉയർത്തുക.

2. വൻകിട കൃഷിക്കാരുടെ കയ്യിൽ നിന്ന് ഇന്നത്തേക്കാൾ കൂടുതൽ ലെവി പിരിക്കുക.

3. ലെവി അളക്കുന്ന നെല്ലിനു കൊടുക്കുന്ന വില ന്യായമായ തോതിലേയ്ക്കുയർത്തുക. (ഇതിന് സംസ്ഥാന ഗവൺമെന്റിനുള്ള അധികാരം വളരെ പരിമിതമാണ്. എങ്കിലും ആ പരിധിക്കകത്ത് ചില്ലറ നേട്ടങ്ങൾ കൃഷിക്കാർക്ക് നൽകാൻ കഴിയും)

4. വെള്ളപ്പൊക്കം, വരൾച്ച മുതലായവ ഉണ്ടാകുമ്പോൾ ലെവി അളക്കുന്ന കാര്യത്തിലും കാർഡു വെട്ടിക്കളയുന്ന കാര്യത്തിലും മറ്റും ന്യായമായ ഇളവുകൾ ചെയ്യുക.

ഇ) ഭക്ഷ്യോല്പാദനവും ഭൂനയവും

മറ്റു സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും ഭക്ഷ്യപ്രശ്നം പരിഹരിക്കണമെങ്കിൽ ഭക്ഷ്യോല്പാദനം അതിവേഗത്തിൽ വർദ്ധിക്കണം. ഇന്നുള്ള കമ്മി മുഴുവൻ നികത്താൻ കഴിയുന്നില്ലെങ്കിൽ അതിനു സാരമായ കുറവു വരുത്താനെങ്കിലും ശ്രമിക്കുന്നത് കേരളത്തിന്റെ ഒഴിവാക്കാൻ വയ്യാത്ത ആവശ്യമാണ്. ഇതിനുവേണ്ടിയെന്ന പേരിൽ പല നടപടികളും ഇന്നു ഗവൺമെന്റ് എടുത്തു വരുന്നുണ്ട്. കൃഷിക്കാർക്കു കടം, നല്ല വിത്തും വളവും, കീടനാശനത്തിനും മറ്റും വേണ്ട മരുന്നുകൾ മുതലായവ നൽകിക്കൊണ്ടിരിക്കുന്നുമുണ്ട്. അതിനു വേണ്ടി പരസ്പരസഹായസംഘങ്ങളുമുണ്ട്. ബ്ലോക്ക് മുതലായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

അത്തരത്തിലുള്ള സഹായങ്ങൾ കഴിയുന്നത്ര വ്യാപിപ്പിക്കുന്നതും ക്രമക്കേടുകൾ പരിഹരിക്കുന്നതുമാണ്. ജലനികുതി ചുമത്തുന്നതിലും പിരിക്കുന്നതിലുമുള്ള ക്രമക്കേടുകളും അനീതിയും പരിഹരിക്കുന്നതാണ്.

എന്നാൽ ഇതിൽ നിന്നെല്ലാം മിച്ചമെടുക്കാൻ കഴിയുന്നത് ഏറിയ പങ്കും

mappilaheritagelibrary.com

ഒരുപിടി ധനികകൃഷിക്കാർക്കു മാത്രമാണ്. ബഹുഭൂരിപക്ഷം വരുന്ന ദരിദ്രകൃഷിക്കാർക്കും ഇടത്തരം കൃഷിക്കാർക്കും ഈ സൗകര്യം വേണ്ടത്ര ലഭിക്കുന്നില്ല. ഇതു മാറ്റി സഹായം ആവശ്യമുള്ള ബഹുഭൂരിപക്ഷം വരുന്ന സാധാരണ കൃഷിക്കാർക്ക് അതു കിട്ടാൻ കഴിയണമെങ്കിൽ ഗവൺമെന്റും സാധാരണ കൃഷിക്കാരും തമ്മിൽ തികച്ചും സഹകരണാത്മകമായ ബന്ധമുണ്ടായിരിക്കണം. അതിനു കൃഷിക്കാരുടേയും കാർഷികത്തൊഴിലാളികളുടേയും സംഘടനയുള്ളടത്ത് അവയ്ക്കംഗീകരണം നൽകിയും ഇല്ലാത്തിടത്ത് അവ രൂപീകരിക്കാൻ വേണ്ട സഹായപ്രോത്സാഹനങ്ങൾ കൊടുത്തും പരസ്പരസഹായ സംഘങ്ങളിലും ബ്ലോക്കുകളിലും ദരിദ്രകൃഷിക്കാർ, കർഷകത്തൊഴിലാളികൾ മുതലായ വിഭാഗങ്ങൾക്ക് ന്യായമായ പരിഗണന കിട്ടത്തക്കവണ്ണം അവയുടെ റൂളുകൾ പരിഷ്ക്കരിച്ചും കൃഷിസഹായപദ്ധതികൾ പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതായിരിക്കും.

ഇങ്ങനെയെല്ലാം കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികളെടുക്കുന്നതോടൊപ്പം തന്നെ അദ്ധ്വാനിക്കുന്ന കൃഷിക്കാർക്ക് തങ്ങളുടെ അദ്ധ്വാനഫലം ഉപയോഗിക്കാൻ കഴിയത്തക്ക നിലയ്ക്ക് പാട്ടത്തോതു കുറയുകയും കൃഷിയിടങ്ങളിൽ അവകാശങ്ങൾ ഉണ്ടാക്കുകയും വേണം. ഇതിന് തടസ്സമായ പല വ്യവസ്ഥകളും 1964-ൽ കോൺഗ്രസ്സിന്റെ സർക്കാർ ഉണ്ടാക്കിയ ഭൂനിയമത്തിലുണ്ട്. ഇതിൽ വാക്കാൽ കുടിയായ്മ. മര്യാദപ്പാട്ടം. കുടിശ്ശിക, ഒഴിപ്പിക്കൽ തടയൽ മുതലായ കാര്യങ്ങളിൽ പല ഭേദഗതികളും വരുത്തേണ്ടതുണ്ട്. കുടികിടപ്പുകാരുൾപ്പെടെ എല്ലാത്തരം കുടിയാൻമാരും അവരവരുടെ സ്ഥലങ്ങൾ വാങ്ങി പരിപൂർണ്ണവകാശത്തോടുകൂടി കൈവശംവയ്ക്കാനുള്ള സൗകര്യവും നിയമം മൂലം ഉണ്ടായിരിക്കണം. ഇതിനു പറ്റുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു ഭൂനിയമ ഭേദഗതി ബിൽ ഗവൺമെന്റ് തയ്യാറാക്കുന്നതായിരിക്കും.

ഇങ്ങനെ ഭൂനിയമം ഭേദഗതി ചെയ്യുമ്പോൾ ഭൂമി കൈവശമോ മറ്റു ആദായമാർഗ്ഗങ്ങളോ ഇല്ലാത്ത ദരിദ്രജന്മികളുടെ കാര്യത്തിൽ- അവരുടെ കുടിയാന്മാർ അവരേക്കാൾ പണക്കാരാണെങ്കിൽ വിശേഷിച്ചും- ചില പ്രത്യേക പരിഗണനകൾ നൽകുന്നതായിരിക്കും. അതുപോലെ തന്നെ ക്ഷേത്രങ്ങൾ, പള്ളികൾ, ചർച്ചുകൾ മുതലായ ആരാധനാസ്ഥാപനങ്ങളുടെ ദൈനംദിന നടത്തിപ്പിന് ഒഴിവാക്കാൻ വയ്യാത്ത ആവശ്യമുള്ള സ്ഥലങ്ങളെ സംബന്ധിച്ച് പ്രത്യേക പരിഗണനകൾ ഉണ്ടായിരിക്കും. എന്നാൽ ഈ അവസ്ഥകളൊന്നും കുടിയിരിപ്പുകാരേയും കുടികിടപ്പുകാരേയും ഒഴിപ്പിക്കാൻ ഇടയാക്കരുത്.

എഫ്) പുറമ്പോക്കിന്റേയും വനങ്ങളുടേയും വിതരണം

കൃഷിക്കുപയോഗിക്കാവുന്നതും വെറുതേ കിടക്കുന്നതുമായ ഗവൺമെന്റ് പുറമ്പോക്കുകൾ കാർഷികത്തൊഴിലാളികൾക്കും ദരിദ്രകൃഷിക്കാർക്കു കൊടുക്കുക. സ്വകാര്യയുടമകളുടെ വകയായ തരിശുനിലങ്ങൾ കൃഷി ചെയ്യാൻ നിയമം മൂലം നിർബന്ധിക്കുക- ഇവ രണ്ടും ചെയ്ത് കാർഷികോല്പനം വർദ്ധിപ്പിക്കുകയും തൊഴിലില്ലായ്മക്കു മിതമായ പരിഹാരമെങ്കിലും ഉണ്ടാക്കുകയും ചെയ്യണം. ഈ ജോലി ന്യായമായി നടക്കുമെന്നുറപ്പാക്കുന്നതാണ്. കൃഷിക്കാരുടേയും കാർഷികത്തൊഴിലാളികളുടേയും പ്രതിനിധികളുമായി ഗവൺമെന്റ് കൂടിയാലോചനകൾ നടത്തുന്നതായിരിക്കും. കൂടാതെ വനസംരക്ഷണത്തിനാവശ്യമില്ലാത്ത വനഭൂമിയും വിതരണം നടത്തണം. വനസംരക്ഷണം, പദ്ധതിനടത്തിപ്പ് എന്നെല്ലാമുള്ള പേരിൽ കൃഷിക്കാരെ ഒഴിപ്പിക്കാനുള്ള നടപടികൾ അങ്ങേയറ്റം പരിമിതപ്പെടുത്തുകയും അനിവാര്യ കാരണങ്ങളാൽ ഒഴിപ്പിക്കപ്പെടുന്നവർക്ക്

mappilaheritagelibrary.com

ന്യായമായ നഷ്ടപരിഹാരം കൊടുക്കുകയും പുനരധിവാസ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നതാണ്. ഗവൺമെന്റു വനങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം തന്നെ സ്വകാര്യ വനങ്ങളേറ്റെടുത്തു വനസംരക്ഷണപദ്ധതികളിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം.

ജി) നാണ്യവിള

നാണ്യവിളകൾ കൃഷി ചെയ്യുന്നവർക്കാവശ്യമായ പ്രോത്സാഹനം ലഭിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

എച്ച്) സർവ്വേ ചെയ്യാത്ത ഭൂമി

സർവ്വേ ചെയ്യാത്ത ഭൂമി സർവ്വേ ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. കൃഷിക്കാരുടെ കൈവശമുള്ള ഗവൺമെന്റു ഭൂമി അതിവേഗം സർവ്വേ ചെയ്യുകയും അവർക്കു ന്യായമായ വ്യവസ്ഥകളിൽ പട്ടയം നൽകുകയും ചെയ്യണം.

ഭൂമിയുടെ കൈവശവും മറ്റവകാശങ്ങളും സംബന്ധിച്ച രേഖ തയ്യാറാക്കുന്നതിന്നാവശ്യമായ നടപടികളെടുക്കുന്നതാണ്.

ഐ) കർഷകത്തൊഴിലാളികൾ

കർഷകത്തൊഴിലാളികളുടെ ജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിനും ഉല്പാദന വർദ്ധനവിൽ അവർക്കു താല്പര്യം വളർത്തുന്നതിനും ആവശ്യമുള്ള എല്ലാ പരിഷ്കാരങ്ങളും ഗ്രാമപ്രദേശങ്ങളിലെ സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥയിൽ വരുത്തുകയും ഇതിന്റെ ഭാഗമെന്ന നിലയ്ക്ക് ന്യായമായ കൂലിയും ജോലി സമയവും ക്ലിപ്തപ്പെടുത്തുകയും വൈദ്യസഹായം, വിദ്യാഭ്യാസം, പാർപ്പിട സൗകര്യം എന്നീ കാര്യങ്ങളിൽ വേണ്ടത്ര സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ അവ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ജെ) നികുതികൾ

പദ്ധതിനടത്തിപ്പിനെന്ന പേരിൽ ധാരാളം പുതിയ നികുതികൾ ചുമത്തിക്കൊണ്ടാണ് കോൺഗ്രസ്സ് അതിന്റെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. വില്പന നികുതികൾ, എക്സൈസ്, ജലനികുതി മുതലായ പലതരം നികുതികളും കഴിഞ്ഞ 19 കൊല്ലക്കാലത്ത് പുതുതായി ചുമത്തുകയും അവയുടെ തോത് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാരം ഇനിയും വർദ്ധിപ്പിക്കണമെന്ന വ്യവസ്ഥയോടെയാണ് കേന്ദ്രഗവൺമെന്റ് സംസ്ഥാനഗവൺമെന്റുകളുടെ പദ്ധതിക്കംഗീകാരം നൽകുന്നത്. അതുകൊണ്ട് ബഹുജനങ്ങൾ ആഗ്രഹിക്കുന്ന നികുതിയിളവുകൾ അനുവദിക്കുവാൻ ഗവൺമെന്റിനു പരിമിതികളുണ്ടെങ്കിലും ഉള്ള കഴിവ് പരമാവധി ഉപയോഗിച്ച് ഈ നികുതികളിലുള്ള ക്രമക്കേടുകൾ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. നികുതിദായകന്മാരിൽ പാവപ്പെട്ടവർക്ക് ആശ്വാസവും പണക്കാരുടെമേൽ അവർക്കു താങ്ങാൻ കഴിയുന്ന ഭാരവും- ഇതായിരിക്കും മാറ്റത്തിന്റെ അടിസ്ഥാനം.

കെ) വ്യവസായരംഗം

പദ്ധതികളുടെ നടത്തിപ്പിൽ കേരളം അവഗണിക്കപ്പെടുന്നതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തം വ്യവസായവൽക്കരണത്തിന്റെ പിന്നോക്ക നിലയാണ്. പദ്ധതികളിൽ നിന്ന് ഇന്ത്യയ്ക്കാകമാനം കിട്ടിയ നേട്ടമായി കണക്കാക്കപ്പെടേണ്ട കേന്ദ്രമേഖലാവ്യവസായങ്ങളിൽ കേരളം അർഹിക്കുന്നതിന്റെ ഒരു ചെറിയ പങ്കു മാത്രമാണ് നമുക്കു കിട്ടിയിട്ടുള്ളത്. ഇതു മാറ്റി കേരളത്തിനു ന്യായമായി കിട്ടേണ്ട പങ്ക് കിട്ടാൻവേണ്ട സമ്മർദ്ദം കേന്ദ്രത്തിന്റെ മേൽ ചെലുത്തുന്നത് ഗവൺമെന്റിന്റെ കടമയായിരിക്കും. കൂടാതെ കേന്ദ്രത്തിൽ നിന്നനുവദിച്ചു കിട്ടിയ

mappilaheritagelibrary.com

വ്യവസായങ്ങളെങ്കിലും ശരിയായി നടത്തുന്നതിന് സംസ്ഥാനഗവൺമെന്റിന്റെ ഭാഗത്ത് ഇതേവരെ ഉണ്ടായിട്ടുള്ള വീഴ്ചകൾ തീർക്കാൻ ശ്രമിക്കും. ഇങ്ങനെ സ്ഥാപിക്കുന്ന വ്യവസായങ്ങളിൽ ന്യായമായ പങ്ക് ഓരോ ജില്ലയ്ക്കും കിട്ടാൻവേണ്ട ഏർപ്പാടുകളും ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ സംസ്ഥാനത്തിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഒരു പ്രധാന തടസ്സം ഇവിടെത്തന്നെ വേണ്ടത്ര മൂലധനം രൂപം കൊള്ളുന്നില്ലെന്നതാണ്. ഇതു പരിഹരിക്കുന്നതിന് പുതിയ വ്യവസായങ്ങളിൽ മൂലധനം മുടക്കാൻ തയ്യാറുള്ളവർക്ക് പ്രോത്സാഹനവും സഹായവും ഗവൺമെന്റ് നൽകുന്നതാണ്.

നമ്മുടെ സ്റ്റേറ്റിൽ ഏറ്റവും കൂടുതൽ ആളുകൾക്കു തൊഴിൽ നല്കുന്നതോ വിദേശനാണയം സമ്പാദിച്ചു തരുന്നതോ ആയ കയർ, കശുഅണ്ടി, കൈത്തറി, ബീഡി, മീൻപിടുത്തം, ജലഗതാഗതം, ഓട് എന്നീ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ആദായകരമാക്കുന്നതിനും പരിഷ്കരിച്ചു പുനഃസംഘടിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കക്ഷികളുമായി കൂടിയാലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

മിനറൽസ് വ്യവസായം പുനഃസംഘടിപ്പിക്കുന്നതിനും കൂടുതൽ വ്യാപകമാക്കുന്നതിനും ആവശ്യമായ ഗവേഷണങ്ങൾ നടത്തുന്നതും മറ്റു നടപടികൾ കൈക്കൊള്ളുന്നതുമാണ്. കേരളത്തിലെ പ്രകൃതിവിഭവങ്ങളും ചുരുങ്ങിയ വിലയ്ക്കുല്പാദിപ്പിക്കാൻ കഴിയുന്ന വിദ്യുച്ഛക്തിയും പരമാവധി ഉപയോഗപ്പെടുത്തി സ്ഥാപിക്കാവുന്ന വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനു ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

കശുവണ്ടി വ്യവസായം വർഷം മുഴുവനും നടക്കത്തക്കവിധത്തിലും വ്യവസായരംഗത്തെ അനാശാസ്യമായ മാത്സര്യം ഒഴിവാക്കിച്ച് തോട്ടണ്ടി സംഭരിച്ചു വിതരണം ചെയ്യുക. പരിപ്പ് വിറ്റഴിക്കുക. എന്നിവയ്ക്കു വേണ്ടിയും വ്യവസായികൾക്കും തൊഴിലാളികൾക്കും പങ്കുള്ള കാഷ്യൂ ട്രേഡിംഗ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും.

കയർ വ്യവസായത്തിന്റെ അഭിവൃദ്ധിക്കും പുനഃസംഘടനയ്ക്കും വ്യാപാരാഭിവൃദ്ധിക്കും പ്രയോജനപ്രദമാവും വിധം തൊഴിലാളികൾക്കും വ്യവസായികൾക്കും പങ്കുള്ള കയർ ട്രേഡിംഗ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളും.

കൈത്തറി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനും പുതിയ മാർക്കറ്റുകൾ കണ്ടുപിടിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

ഗവൺമെന്റുടമയിലുള്ള വ്യവസായങ്ങൾ ലാഭകരമായും കാര്യക്ഷമമായും നടത്തുന്നതിനും വ്യവസായനടത്തിപ്പിൽ തൊഴിലാളി പ്രതിനിധികളെക്കൂടി പങ്കെടുപ്പിക്കുന്നതിനും മറ്റും വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

കുടിൽ വ്യവസായങ്ങളും മറ്റു ഗ്രാമീണവ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുകയും ഈ രംഗത്ത് സഹകരണമേഖലയ്ക്ക് പ്രാമുഖ്യം നൽകുകയും ചെയ്യും. ഖാദിബോർഡിന്റെ പ്രവർത്തനത്തിൽ ഇന്നുള്ള ക്രമക്കേടുകളും അഴിമതികളും അവസാനിപ്പിക്കുന്നതും അതിനെ കാര്യക്ഷമമാക്കുന്നതുമാണ്.

എൽ) മത്സ്യവ്യവസായ വികസനം

കേരളത്തിന്റെ ഏറ്റവും പ്രധാനമായ ഒരു വിഭവവും ലക്ഷക്കണക്കിനാളുകളുടെ ജീവിതാധാരവുമാണ് മത്സ്യവ്യവസായം. അതു വികസിപ്പിക്കാൻ ആവശ്യമായ പദ്ധതി വിദഗ്ദ്ധസഹായത്തോടെ തയ്യാറാക്കേണ്ടതാണ്. അതിന്റെ ഭാഗമെന്ന നിലയ്ക്ക് മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരമുയർത്തുക, അവ

mappilaheritagelibrary.com

രുടെ താമസസ്ഥലങ്ങളിൽ ശുചീകരണങ്ങളും ആരോഗ്യസൗകര്യങ്ങളും ഏർപ്പെടുത്തുക, മത്സ്യബന്ധന കേന്ദ്രങ്ങളെ മറ്റു സ്ഥലങ്ങളുമായി റോഡുമൂലം ബന്ധിപ്പിക്കുക. മത്സ്യത്തൊഴിലാളികൾക്കു പാർപ്പിട സൗകര്യങ്ങളുണ്ടാക്കുക, ശുദ്ധ ജലവിതരണം ഏർപ്പെടുത്തുക, ഇതെല്ലാം ചെയ്യേണ്ടിയിരിക്കുന്നു. കൂടാതെ മത്സ്യവ്യവസായരംഗത്ത് ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്ന യന്ത്രവൽക്കരണത്തെ തുടർന്ന് പരമ്പരാഗതമായി ആ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ പല വിഷമതകളും നേരിടേണ്ടിവരുന്നുണ്ട്. ഇവ പരിഹരിച്ചു മത്സ്യവ്യവസായനവീകരണം കൊണ്ട് മത്സ്യത്തൊഴിലാളികൾക്കു കിട്ടേണ്ട മെച്ചം തികച്ചും കിട്ടാൻ വേണ്ട നടപടികളെടുക്കേണ്ടിയിരിക്കുന്നു.

എം) തൊഴിൽനയം

ഗവൺമെന്റിന്റെ തൊഴിൽനയം താഴെച്ചേർക്കുന്ന അടിസ്ഥാനത്തിലായിരിക്കും. ട്രേഡു യൂണിയൻ അംഗീകാരം, കൂട്ടായ വിലപേശലിനുള്ള കാര്യം തുടങ്ങിയ ട്രേഡ് യൂണിയൻ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഗ്രാറ്റുവിറ്റി ലഭിക്കുന്നതിനുമുള്ള നിയമനിർമ്മാണം നടത്തുന്നതാണ്. കൂടാതെ മിനിമം കൂലി നിശ്ചയിക്കാത്ത വ്യവസായങ്ങളിൽ മിനിമം കൂലിനിരക്ക് നിശ്ചയിക്കുന്നതും നിലവിലുള്ള മിനിമം കൂലിനിരക്ക് വർദ്ധിപ്പിക്കുന്നതുമാണ്.

പ്ലാന്റേഷൻ നിയമം, ഷോപ്പാക്ട്, ബീഡി ആന്റ് സിഗാർ നിയമം, മോട്ടോർനിയമം തുടങ്ങിയ തൊഴിൽ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതാണ്. ജീവിതസൂചികയുമായി ബന്ധപ്പെടുത്തിയ ക്ഷാമബത്ത എല്ലാ വിഭാഗം തൊഴിലാളികൾക്കും ലഭിക്കേണ്ടതിനുള്ള നടപടികൾ കൈക്കൊള്ളും. ഭവനനിർമ്മാണം, സോഷ്യൽ ഇൻഷൂറൻസ് എന്നീ വിഷയങ്ങളിൽ ഇന്നുള്ള പ്രതിബന്ധങ്ങളും നീക്കുന്നതാണ്. ഇതിനു പുറമെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിലാളി-മുതലാളി പ്രതിനിധികളുൾക്കൊള്ളുന്ന സ്റ്റാറ്റ്യൂട്ടറി ആർബിട്രേഷൻ ബോർഡുകൾ സംഘടിപ്പിക്കുന്നതാണ്. ഇന്നു പല വ്യവസായങ്ങളിലും ഡിപ്പാർട്ടുമെന്റുകളിലുമുള്ള കോൺട്രാക്റ്റ് സമ്പ്രദായം അവസാനിപ്പിക്കുകയും തൊഴിലാളികൾക്ക് ജോലിസ്ഥിരത നൽകുകയും ചെയ്യേണ്ടതാണ്. ജോലിയ്ക്കു തുല്യവേതനം നല്കുക, വിവാഹം ചെയ്യാനനുവദിക്കാത്ത സർവ്വീസ് നിബന്ധനകൾ റദ്ദ് ചെയ്യുക. പട്ടണങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് കൂടുതൽ ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ അംഗീകരിക്കേണ്ടതാണ്.

ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്ക്കീമിന്റെ പ്രവർത്തനം വിപുലീകരിച്ചു നടപ്പിലാക്കും. തൊഴിൽനിയമങ്ങളും അവാർഡുകളും ഒത്തുതീർപ്പു വ്യവസ്ഥകളും പൂർണ്ണമായി നടപ്പിലാക്കത്തക്കവിധത്തിലും കൺസിലിയേഷൻ നടപടികൾ ഫലപ്രദമാക്കത്തക്കവിധത്തിലും ലേബർ ഡിപ്പാർട്ടുമെന്റിന്റെയും ഫാക്ടറി ഇൻസ്പെക്ടറേറ്റിന്റേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.

ഗവൺമെന്റുടമയിലുള്ള വ്യവസായങ്ങളിൽ തൊഴിൽ നിയമങ്ങൾ പ്രധാനമായും നടപ്പിൽ വരുത്തും.

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്കു വ്യാപിപ്പിക്കുന്നതിനും പ്രത്യേക ആശുപത്രികൾ സ്ഥാപിക്കുന്നുതിനും നാടൻ ചികിത്സാസമ്പ്രദായത്തിന്റെ ആനുകൂല്യം തൊഴിലാളികൾക്കു ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

എൻ) വിദ്യുച്ഛക്തി

ഇടുക്കി, കുറ്റ്യാടി പദ്ധതികൾ അടിയന്തിരമായും പൂർത്തീകരിക്കാനും

mappilaheritagelibrary.com

സൈലന്റുവാലി പദ്ധതി പുനഃപരിശോധനയ്ക്കു വിധേയമാക്കാനും വിദ്യുച്ഛക്തി കട്ട് കൂടാതെ കഴിക്കുന്നതിന് മൂന്നു തെർമ്മൽ സ്റ്റേഷനുകളെങ്കിലും ഏർപ്പെടുത്താനും ഇലക്ട്രിസിറ്റി ജീവനക്കാരുടെ അവശതകൾ പരിഹരിക്കാനും വേണ്ട നടപടികളെടുക്കേണ്ടിയിരിക്കുന്നു.

ഒ) വിദ്യാഭ്യാസം

പുതിയ സ്കൂളുകളനുവദിക്കുന്ന കാര്യത്തിൽ ശാസ്ത്രീയവും നീതിയുക്തവുമായ തത്വങ്ങൾ ആവിഷ്കരിക്കണം. പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിലെ ജനവിഭാഗങ്ങളെ ഉയർത്തുക, അധ്യാപകർക്ക് ന്യായമായി കിട്ടേണ്ട അവകാശങ്ങൾ കിട്ടത്തക്കനിലയിൽ കേരള വിദ്യാഭ്യാസനിയമം ഭേദഗതി ചെയ്യുക; വിദ്യാഭ്യാസച്ചട്ടത്തിലെ 14-ാം അധ്യായത്തിലെ ബി.സി, തരംതിരിവുകൾ അവസാനിപ്പിച്ച് സ്വകാര്യ അധ്യാപകന്മാർക്ക് മുമ്പുണ്ടായിരുന്ന ജനാധിപത്യ-രാഷ്ട്രീയാവകാശങ്ങൾ പുനഃസ്ഥാപിക്കുക; സംസ്കൃതം, അറബി, ഉറുദു, കർണ്ണാടകം, തമിഴ്, ഭാഷകൾ പഠിപ്പിക്കുന്നതിന് പ്രത്യേകം പ്രോത്സാഹനം നൽകുക; ഭാഷാധ്യാപകന്മാരുടേയും, ക്രാഫ്റ്റധ്യാപകന്മാരുടേയും, നോൺ-ടീച്ചിംഗ് സ്റ്റാഫിന്റേയും അവശതകൾ പരിഹരിക്കുക; ഒരു ലൈബ്രറി നിയമം ഉണ്ടാക്കി ഗ്രന്ഥശാലാപ്രവർത്തനം ക്രമീകരിക്കുക ഇതെല്ലാം ചെയ്യണം. അധ്യാപകന്മാരുടെ നിയമനത്തിൽ ഇന്നുള്ള അഴിമതികൾ ഇല്ലാതാക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്.

സാങ്കേതികവിദ്യാഭ്യാസ സൗകര്യങ്ങൾ കുറേക്കൂടി വർദ്ധിപ്പിക്കുന്നതാണ്.

എല്ലാ സമുദായങ്ങളിലും പെട്ട ദരിദ്രവിദ്യാർത്ഥികൾക്ക് സാമ്പത്തികമായ സഹായങ്ങൾ കൂടുതൽ നൽകുന്നതാണ്.

പി) സർവ്വീസ്

ജനാധിപത്യഭരണത്തിന്റെ ഒഴിക്കാൻ വയ്യാത്ത ആവശ്യങ്ങളാണ് ഗവൺമെന്റ് ജീവനക്കാരുടെയിടയിൽ അസംതൃപ്തിക്കിടയാക്കാത്ത സേവന വ്യവസ്ഥകളും ജനങ്ങളുടെയിടയിൽ ആവലാതിക്കിടയാക്കാത്ത ജീവനക്കാരുടെ പെരുമാറ്റവും. ഇതു രണ്ടുമാകട്ടെ, കേരളത്തിനുമാത്രമായി ഉണ്ടാക്കാൻ സാധ്യമല്ല. കേന്ദ്രഗവൺമെന്റ് തയ്യാറാക്കുന്ന സേവനവ്യവസ്ഥകൾ കേന്ദ്രനിയന്ത്രണത്തിലുള്ള സാമ്പത്തികസ്ഥിതി കേന്ദ്രനിർദ്ദേശമനുസരിച്ചും കേന്ദ്രസർവ്വീസുകളിലെ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തിലും ഏർപ്പെടുത്തപ്പെടുന്ന പെരുമാറ്റച്ചട്ടങ്ങൾ- ഇവയ്ക്കെല്ലാം വിധേയമായിട്ടാണ് സർവ്വീസസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ പരിമിതികൾ വെച്ചുകൊണ്ട് ഒരു സ്റ്റേറ്റു ഗവൺമെന്റിനു ചെയ്യാൻ കഴിയുന്ന ആനുകൂല്യങ്ങൾ ഗവൺമെന്റ് ജീവനക്കാർക്കു നല്കാൻ ഗവൺമെന്റ് ശ്രമിക്കേണ്ടതാണ്.

ഇതിന്റെ ഭാഗമെന്ന നിലയ്ക്ക് ഭരണഘടനയുടെ 350-ാം ഖണ്ഡിക അനുസരിച്ച് സംസ്ഥാന നിയമസഭ പാസ്സാക്കേണ്ടതും ഇതുവരെ പാസ്സാക്കിയിട്ടില്ലാത്തതുമായ പുതിയ സർവ്വീസ് ചട്ടങ്ങൾ ഗവൺമെന്റ് തയ്യാറാക്കി, നിയമസഭയിൽ അവതരിപ്പിച്ചു ചർച്ചചെയ്ത് ആവശ്യമാണെന്നു കാണുന്ന ഭേദഗതികളോടെ പാസ്സാക്കുന്നതാണ്. ഇങ്ങനെ പാസ്സാക്കിയെടുക്കുന്നു സർവ്വീസ് ചട്ടങ്ങളിൽ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരായി സത്വരവും ഫലപ്രദവുമായ നടപടികൾക്കു വേണ്ട വ്യവസ്ഥകൾ ചേർക്കുന്നതാണ്.

നിയമനങ്ങളെ സംബന്ധിച്ച വെരിഫിക്കേഷനിൽ രാഷ്ട്രീയപക്ഷപാതം ഒഴിവാക്കാൻ വേണ്ടി അത് പി.എസ്.സി.ക്കു വിട്ടു കൊടുക്കുന്നതാണ്.

mappilaheritagelibrary.com

കൃ) ഭരണപരിഷ്ക്കാരം

ഭരണത്തിന്റെ എല്ലാ നിലവാരത്തിലും ജനങ്ങൾക്കും അവരുടെ പ്രതിനിധികൾക്കും ഫലപ്രദമായ പങ്കു വഹിക്കാൻ കഴിയത്തക്കവിധം പഞ്ചായത്ത്-മുനിസിപ്പൽ നിയമങ്ങൾ പരിഷ്കരിക്കേണ്ടിയിരിക്കുന്നു. എക്സിക്യൂട്ടീവുദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ അനുദ്യോഗസ്ഥഭരണാധികാരികളെ എല്പിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിനും സ്റ്റേറ്റുഭരണത്തിനുമിടയിൽ തിരഞ്ഞെടുക്കപ്പെടുന്ന ചെയർമാന്മാരോടു കൂടിയ ജില്ലാപരിഷത്തുകൾ രൂപീകരിക്കുകയും അവയ്ക്കു കളക്ടർമാരടക്കമുള്ള ജില്ലാ ഉദ്യോഗസ്ഥന്മാരുടെമേൽ നിയന്ത്രണാധികാരം നൽകുകയും ചെയ്യേണ്ടതാണ്.

സംസ്ഥാനനിലവാരത്തിലടക്കം ഭരണനടപടികൾ മലയാളത്തിലാക്കുന്നതാണ്. ദൈനദിന ഭരണത്തിൽ പങ്കെടുക്കുന്ന ജനപ്രതിനിധികൾ അതുപയോഗിക്കുന്നതിൽ കാണിക്കുന്ന അഴിമതികളില്ലാതാക്കാൻ ഫലപ്രദമായ നടപടികളെടുക്കുന്നതാണ്. ഇതുസംബന്ധിച്ചു സന്താനം കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ പോലും അംഗീകരിക്കാൻ കേന്ദ്രഗവൺമെന്റ് ഇനിയും കൂട്ടാക്കിയിട്ടില്ല. കേന്ദ്രമന്ത്രിമാർ നടത്തുന്ന അഴിമതികൾക്കെതിരായി ശക്തമായ നടപടികളെടുക്കുന്നതിനുപകരം അഴിമതിക്കാരായ മന്ത്രിമാരേയും കോൺഗ്രസ് നേതാക്കന്മാരേയും രക്ഷിക്കാനാണ് കോൺഗ്രസ് ഗവൺമെന്റ് നോക്കുന്നത്. ഈ സാഹചര്യത്തിൽ ഒരു സംസ്ഥാന ഗവൺമെന്റിനു നടപ്പിലാക്കാൻ കഴിയുന്നിടത്തോളം വിപുലമായ അഴിമതിനിവാരണ നടപടികൾ എടുക്കുന്നതും ഗവൺമെന്റിന്റെ കടമയായിരിക്കും.

ആർ) പിന്നോക്കസമുദായങ്ങളും മത-ഭാഷാ ന്യൂനപക്ഷങ്ങളും

പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മറ്റു പിന്നോക്കസമുദായക്കാർ എന്നിവരെ വിദ്യാഭ്യാസപരമായും ഗവൺമെന്റുദ്യോഗങ്ങളുടെ കാര്യത്തിലും ഉയർത്തിക്കൊണ്ടുവരുന്നതിനു വേണ്ടി പ്രവർത്തിക്കുന്നത് ഗവൺമെന്റിന്റെ ഒരു പ്രധാന കടമയായിരിക്കും. മതന്യൂനപക്ഷങ്ങളിൽപ്പെട്ടവർക്ക് താന്താങ്ങളുടെ മതവിശ്വാസമനുസരിച്ചുള്ള മതസ്ഥാപനങ്ങളും ശ്മശാനങ്ങളും സ്ഥാപിക്കാനും നിലനിർത്താനുമുള്ള അവകാശങ്ങളും സൗകര്യങ്ങളും നല്കുന്നതാണ്.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടുമൂലം പിന്നോക്കസമുദായക്കാർക്കു വന്നപോരായ്മകൾ നീക്കേണ്ടതും ഈ വിഷയത്തെ സംബന്ധിച്ചു ബന്ധപ്പെട്ടവരുടെ അഭിപ്രായമാരാഞ്ഞു പ്രശ്നം പരിഹരിക്കേണ്ടതുമാണ്.

ഗവൺമെന്റുദ്യോഗങ്ങളിൽ പിന്നോക്കസമുദായക്കാർക്കുള്ള സംവരണം തുടരേണ്ടതാണ്.

ഭാഷാ ന്യൂനപക്ഷങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ ഒരു നിശ്ചിത സംഖ്യയിൽ കുറയാതെയുള്ള വിദ്യാലയങ്ങളിൽ അവർക്ക് സ്വന്തം ഭാഷയിൽ പഠിക്കാൻ വേണ്ട ഏർപ്പാടുകളുണ്ടാക്കും.

ഒരു നിശ്ചിത ശതമാനത്തിൽ കൂടുതൽ ഭാഷാ ന്യൂനപക്ഷക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ സ്വന്തം ഭാഷയിൽ ഹർജിയയച്ചാൽ അത് അധികൃതർ പരിശോധിക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ്.

മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കെതിരായി ഏതാക്രമണത്തേയും ശക്തിയായി അമർച്ച ചെയ്യേണ്ടിയിരിക്കുന്നു.

എസ്) മദ്യവർജ്ജനം

ഇന്നത്തെ മദ്യവർജ്ജന നിയമം ദയനീയമായി പരാജയപ്പെട്ടിരിക്കുവെന്ന

mappilaheritagelibrary.com

യാഥാർത്ഥ്യത്തെ പരിഗണിച്ച് വിഷലിപ്തമായ വ്യാജമദ്യങ്ങളുപയോഗിച്ച് ആരോഗ്യഹാനി വരുത്തുന്നതിന്റെ അപകടത്തെ ഒഴിവാക്കുന്നതിനും മദ്യപാനത്തിന്റെ ദുഷ്യങ്ങൾ പരമാവധി നിയന്ത്രിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും ഈ പ്രശ്നം പുനഃപരിശോധിക്കുന്നതാണ്.

ടി) ട്രാൻസ്പോർട്ട്

റോഡു ട്രാൻസ്പോർട്ട് പടിപടിയായി ദേശസാല്ക്കരിക്കും. പിന്നോക്ക പ്രദേശങ്ങളിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുകയും ജലഗതാഗതത്തിന്റെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും നിലവിലുള്ള മോട്ടോർ-ബോട്ടു തൊഴിലാളികൾക്കും സ്വകാര്യ ഉടമയിലുള്ള മോട്ടോർ തൊഴിലാളികൾക്കും കേവുവള്ളത്തിലെ തൊഴിലാളികൾക്കും വേതനവും സേവനവ്യവസ്ഥകളും മെച്ചപ്പെടുത്തിയെടുക്കുവാൻ ശ്രമിക്കുകയും ചെയ്യും. ദേശസാല്ക്കരിക്കപ്പെടുന്ന സ്വകാര്യ ട്രാൻസ്പോർട്ടിലെ ജീവനക്കാർക്ക് ഗവൺമെന്റ് പരിരക്ഷ നല്കുന്നതാണ്.

യു) മറ്റു കാര്യങ്ങൾ

വിലക്കയറ്റം തടയാൻ സംസ്ഥാന ഗവൺമെന്റിന് സാദ്ധ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. പരസ്പരസഹായ പ്രസ്ഥാനം അഭിവൃദ്ധിപ്പെടുത്തുന്നതിനും വൈദ്യസഹായം, ശുദ്ധജലവിതരണം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്നിവ വിപുലീകരിക്കുന്നതിനും നടപടികളെടുക്കുന്നതാണ്.

കേരളത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രമേ മുകളിൽ പറഞ്ഞിട്ടുള്ളൂ. പരിഹാരം കാണേണ്ടുന്ന മറ്റു പല പ്രശ്നങ്ങളും ഇനിയുമുണ്ട്. അവയ്ക്ക് എല്ലാം പരിഹാരം കാണുന്നതിനു വിശദമായ പരിപാടികൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് ആവിഷ്ക്കരിക്കുന്നതും നടപ്പിൽ വരുത്തുന്നതുമാണ്.

അങ്ങനെ കഴിഞ്ഞകാലത്ത് കോൺഗ്രസ്സ് നടത്തിയ ദുർഭരണത്തിന്റേയും കേരളത്തോട് കേന്ദ്രം കാണിച്ച അവഗണനയുടേയും ഫലമായി തീരാദുരിതമനുഭവിക്കുന്ന ഈ പ്രശ്നസംസ്ഥാനത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരുറച്ച സൽഭരണം ഉണ്ടാക്കുന്നതിന് കേരളത്തിലെ ജനലക്ഷങ്ങളെ പ്രതിനിധീകരിക്കുന്ന ഏഴു പാർട്ടികൾ ഒരു പൊതുനയത്തിന്റെ അടിസ്ഥാനത്തിൽ ഒന്നിച്ചു മുന്നോട്ടുവരികയാണ്. കോൺഗ്രസ്സിന്റെ പണച്ചാക്കുകളേയും ദുഷ്പ്രചരണങ്ങളേയും ഈ പാർട്ടികൾക്കു നേരിടേണ്ടി വരുമെങ്കിലും ഉൽബുദ്ധരായ കേരളത്തിലെ ബഹുജനങ്ങൾ അവയെയെല്ലാം പരാജയപ്പെടുത്തി ഒരു കോൺഗ്രസ്സിതര ജനകീയ ഗവൺമെന്റുണ്ടാക്കാൻ പിന്തുണ നൽകണമെന്ന് ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

1. ഇ.എം.എസ്.നമ്പൂതിരിപ്പാട് (ഒപ്പ്)
2. സി.അച്യുതമേനോൻ ,,
3. സി.എച്ച്.മുഹമ്മദ്കോയ ,,
4. കെ.കുഞ്ഞിരാമക്കുറുപ്പ് ,,
5. ജി.ഗോപിനാഥൻ നായർ ,,
6. ബി.വെല്ലിംഗ്ടൺ ,,
7. മത്തായി മാഞ്ഞൂറാൻ ,,

എറണാകുളം
17.9.1966

mappilaheritagelibrary.com

ഇ.എം.എസ്സ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 1967 ൽ അധികാരത്തിൽ വന്ന സപ്തകക്ഷി മുന്നണി മന്ത്രിസഭയിൽ മുസ്ലിംലീഗ് വിദ്യാഭ്യാസം, പഞ്ചായത്ത്- ഫിഷറീസ് വകുപ്പുകൾ കൈകാര്യം ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ പദവിയും മുസ്ലിംലീഗിനായിരുന്നു. രാഷ്ട്രീയമായ ഈ ഉണർവിന്റെ കാലത്താണ് 1968 ഫെബ്രുവരി 24, 25 തീയതികളിൽ കോഴിക്കോട് ചേരമാൻ പെരുമാളോ ബാദിൽ (മാനാഞ്ചിറ മൈതാനം) മുസ്ലിംലീഗ് സംസ്ഥാന സമ്മേളനം നടന്നത്. ലീഗ് അഖിലേന്ത്യാ നേതാക്കൾക്ക് പുറമെ യു.പി.യിൽ നിന്നു ഡോ. എ.ജെ.ഫരീദി, പശ്ചിമ ബംഗാളിൽ നിന്നു മുല്ലാജാൻ മുഹമ്മദ് തുടങ്ങിയവരും സംബന്ധിച്ചിരുന്നു. 25 ന് കോഴിക്കോട് നഗരത്തിൽ വളണ്ടിയർ മാർച്ചും പ്രകടനവും പൊതുസമ്മേളനവും നടന്നു. 24 നു രാവിലെ സമ്മേളന നഗരിയിൽ പതാക ഉയർത്തി പാണക്കാട് പി.എം.എസ്.എ പൂക്കോയ തങ്ങൾ ചെയ്ത പ്രസംഗം ശ്രദ്ധേമായിരുന്നു.

25
പി.എം.എസ്.എ. പൂക്കോയ തങ്ങളുടെ പ്രസംഗം

കോഴിക്കോട് – 1968

മുസ്ലിം സമുദായത്തിന്റെ ഐക്യത്തേയും അന്തസ്സിനെയും പ്രതിനിധീകരിക്കുകയും രാജ്യത്തിന്റെ മൊത്തത്തിലുള്ള അഭിവൃദ്ധിയേയും അഭിമാനത്തെയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന ഈ ഹരിതപതാക ആശയം ആവേശവും ആനന്ദവും അലതല്ലുന്നൊരന്തരീക്ഷത്തിലുയർത്താൻ അനുഗ്രഹിച്ച സർവ്വശക്തനായ അല്ലാഹുവിനെ ഞാനാദ്യമായി സ്തുതിക്കട്ടെ.

അഗ്നിപരീക്ഷണങ്ങളെ അതിജീവിച്ചുകൊണ്ട് സ്വന്തം അസ്തിത്വത്തിനുവേണ്ടി പോരാടുന്ന ആത്മാഭിമാനമുള്ളൊരു സമുദായത്തിന്റെ ആത്മാർത്ഥതയുടെയും അന്തസ്സിന്റെയും പ്രതീകമാണീ പതാക.

യാതനകളിലൂടെയും വേദനകളിലൂടെയും കടന്നു പോവുന്ന ഈ രാജ്യത്തിന്റെ ക്ഷേമത്തിനും ഭദ്രതക്കും വേണ്ടി നിലകൊള്ളുന്ന സുശക്തമായൊരു സംഘടനയുടെ വിശ്വാസദാർഢ്യത്തിന്റെയും വിജയത്തിന്റെയും പ്രതീകമാണീ പതാക.

വർഗ്ഗീയവിദ്വേഷവും കലാപവാസനകളും ആളിപ്പടരുന്നൊരു കാലഘട്ടത്തിൽ സാമുദായിക സൗഹാർദ്ദത്തിന്റെയും മതമൈത്രിയുടെയും മഹത്തായ സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി അർപ്പിക്കപ്പെട്ട സേവനത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമാണീ പതാക.

mappilaheritagelibrary.com

സർവ്വോപരി രാജ്യത്തിന്റെ അവിഛിന്നതയും അതിർത്തി ഭദ്രതയും കാത്തുസൂക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമായൊരു സമുദായത്തിന്റെ സ്വജ്ജ്വലമായ ദേശാഭിമാനത്തിന്റെയും സമുന്നതമായ രാജ്യസ്നേഹത്തിന്റെയും പ്രതീകമാണീ പതാക.

ചരിത്ര പ്രസിദ്ധമായ കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്ത് സംസ്ഥാന മുസ്‌ലിംലീഗ് സമ്മേളനത്തിനു വേണ്ടി സജ്ജമാക്കിയ ഈ ചേരമാൻ പെരുമാള ബാദിൽ, മുസ്‌ലിം സമുദായത്തിന്റെ ഐക്യത്തിന്റെയും അന്തസ്സിന്റെയും പ്രതീകമായ ഈ പതാക ഉയർത്തിക്കൊണ്ട് നിങ്ങളെ അഭിമുഖീകരിക്കുമ്പോൾ നൂറ്റാണ്ടുകൾക്കപ്പുറത്തേക്കാണ് ചിന്തകൾ പറന്നു പോവുന്നത്. അന്ന് ഈ സംസ്ഥാനം മഹത്തായ സാമുദായിക സൗഹാർദ്ദത്തിന്റെ കേരളീരംഗമായിരുന്നു ഇവിടത്തെ ഭൂരിപക്ഷസമുദായം മതപ്രചാരണത്തിനുവേണ്ടി വന്ന വിദേശികളെ സന്തോഷത്തോടും സ്നേഹത്തോടും കൂടിയാണ് സ്വാഗതം ചെയ്തത്. അമുസ്‌ലിം രാജാക്കന്മാർ അന്യനാട്ടുകാരായ മതപ്രചാരകന്മാർക്ക് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തു കൊടുത്തിരുന്നു. മഹത്തായൊരു സംസ്കാരത്തിന്റെ സന്ദേശവുമായി കേരളത്തിന്റെ മണ്ണിൽ കാലൂന്നിയ മുസ്‌ലിം മതപ്രബോധകന്മാരെ അന്നിവിടെ ഭരണം നടത്തിയിരുന്ന അമുസ്‌ലിം രാജാക്കന്മാർ അന്യനാട്ടുകാരായ മതപ്രചാരകന്മാർക്ക് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തു കൊടുത്തിരുന്നു. മഹത്തായൊരു സംസ്കാരത്തിന്റെ സന്ദേശവുമായി കേരളത്തിന്റെ മണ്ണിൽ കാലൂന്നിയ മുസ്‌ലിം മതപ്രബോധകന്മാരെ അന്നിവിടെ ഭരണം നടത്തിയിരുന്ന അമുസ്‌ലിം രാജാക്കന്മാർ സന്തോഷപൂർവ്വം സ്വാഗതം ചെയ്ത് സ്വീകരിച്ചുവെന്ന് മാത്രമല്ല, അവർക്ക് ആരാധനാലയങ്ങൾ പണിയുവാനുള്ള സൗകര്യങ്ങൾ നൽകുകയും മതപ്രചരണം നടത്താനുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുകയും കൂടി ചെയ്തു. അങ്ങിനെ തികഞ്ഞ സൗഹൃദത്തിന്റെയും നിറഞ്ഞ സൗമനസ്യത്തിന്റെയും ഒരന്തരീക്ഷത്തിലാണ് ഇവിടെ ഇസ്ലാംമതം പ്രചരിപ്പിക്കപ്പെട്ടത്. അന്യദേശത്തു നിന്ന് വന്നവർ വാളും കുന്തവുമേന്തി യുദ്ധം നടത്തിയതുകൊണ്ടല്ല; അവരുടെ സുന്ദരമായ സംസ്കാര സമ്പത്തിലാകൃഷ്ടരായി അതിനെ വാരിപ്പുണരാനും വളർത്തി വികസിപ്പിക്കാനും ഇവിടെയുള്ളവർ വെമ്പൽ കാണിച്ചതിന്റെ ഫലമായിട്ടാണ് ഇസ്‌ലാംമതം ഇവിടെ പ്രചരിച്ചതെന്ന് അനിഷേധ്യമായ ചരിത്ര വസ്തുതകൾ വ്യക്തമാക്കുന്നു. ഹിന്ദുവും മുസൽമാനും ഒരേ മാതാപിതാക്കളുടെ മക്കളെപ്പോലെ സ്നേഹത്തിലും സൗഹൃദത്തിലുമാണ് പൗരാണിക കാലം മുതൽക്കേ ഇവിടെ വർത്തിച്ചു വന്നത് ഇവിടത്തെ ഭരണാധികാരികളുടെ കരങ്ങളെ ശക്തിപ്പെടുത്താനും വൈദേശികാക്രമണങ്ങളിൽ നിന്നും വൈദേശികാധിപത്യത്തിൽ നിന്നും ഈ രാജ്യത്തെയാകമാനം വിമുക്തമാക്കാനും ഇവിടത്തെ ദേശാഭിമാനികളായ മുസ്‌ലിംകൾ സ്വന്തം ജീവൻപോലും അർപ്പിച്ച് പോരാടിയിട്ടുണ്ട്.

ചുരുക്കത്തിൽ, ഈ സംസ്ഥാനം മഹത്തായ മതമൈത്രിയുടെയും സമുജ്ജ്വലമായ സാമുദായികൈക്യത്തിന്റെയും പാവനമായ സന്ദേശമാണ് രാജ്യത്തിന് നൽകുന്നത്. സമീപകാലത്തുണ്ടായ ഒറ്റപ്പെട്ട ചില സംഭവങ്ങളെ ഒഴിച്ചു നിർത്തിയാൽ, നൂറ്റാണ്ടുകളിലൂടെ രൂപം പൂണ്ട ആ ഐക്യവും മൈത്രിയും ഭംഗം വരാതെ ഇവിടെ നിലനിന്നുവരുന്നുണ്ടെന്നു പറയുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്.

"ദൗർഭാഗ്യമെന്ന് പറയട്ടെ ഈ രാജ്യത്തിന്റെ ചരിത്രത്തോട് അനാദരവും ഈ രാജ്യത്തിന്റെ സംസ്കാരത്തോട് അവമതിപ്പും പുലർത്തുന്ന ചില സങ്കുചിത മനസ്കർ ഭൂരിപക്ഷത്തിന്റെ സമുദായിക വികാരങ്ങൾ ഇളക്കിവിട്ട് സംഘ

mappilaheritagelibrary.com

ട്ടനവും സമരവാസനയും സൃഷ്ടിച്ച് മുതലെടുപ്പു നടത്താനുള്ള സംഘടിതമായൊരു കുത്സിതശ്രമം നടത്തിവരുന്നുണ്ടെന്നുള്ള ഖേദകരമായ വസ്തുത കൂടി ഞാനീയവസരത്തിൽ വിസ്മരിക്കുന്നില്ല. എങ്കിലും ഇക്കാര്യത്തിലും ഇവിടത്തെ മുസ്‌ലിംകൾ പ്രദർശിപ്പിക്കുന്ന ക്ഷമയും സമചിത്തതയും അഭിനന്ദനാർഹമാണ്. എന്തെല്ലാം പ്രകോപനങ്ങളുണ്ടായാലും സാമുദായിക സൗഹൃദത്തിന്റെ മാർഗ്ഗത്തിൽ നിന്ന് അവർ അണു അളവ് വ്യതിചലിക്കുരുതെന്നും എന്തെല്ലാം നഷ്ടങ്ങൾ സംഭവിച്ചാലും ക്ഷമയുടെയും സഹനത്തിന്റെയും മാതൃക അവരൊരിക്കലും കൈവെടിയരുതെന്നും ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇന്ത്യൻ യൂനിയനിലുള്ള മുസ്‌ലിംകൾക്ക് ഒരുതരം അരക്ഷിതാബോധം അനുഭവപ്പെടുകയുണ്ടായി. ഭൂരിപക്ഷ സമുദായത്തിലെ മതഭ്രാന്തരായ വർഗ്ഗീയവാദികൾ ഒഴുക്കിവിട്ട രക്തപ്രവാഹത്തിന്റെ കദനകഥകളാണ് വടക്കെ ഇന്ത്യയിലെ പല വൻനഗരങ്ങൾക്കും പറയാനുള്ളത്. ആ ദയനീയമായ ചരിത്രം സാമുദായിക സൗഹൃദത്തിന്റെ കേളീരംഗമായ ഈ കൊച്ചു കേരളത്തിലും ആവർത്തിക്കാൻ കച്ചകെട്ടി രംഗത്തിറങ്ങുന്നവരെ ഇവിടത്തെ പ്രബുദ്ധരായ ഭൂരിപക്ഷം ഒറ്റപ്പെടുത്തുമെന്ന് ഞാനാശിക്കുന്നു; അതിനവരോടഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഈ രാജ്യത്തിന്റെ പൊതുവായ താല്പര്യത്തിനു വേണ്ടി ഒത്തു ചേർന്നു പ്രവർത്തിക്കുന്നതോടൊപ്പം ഇവിടത്തെ മുസ്‌ലിംകളുടെ പ്രത്യേകമായ താല്പര്യങ്ങൾ കാത്തു സൂക്ഷിക്കുകയും ചെയ്യുക എന്ന മഹത്തായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു ദേശീയ സംഘടനയാണ് മുസ്‌ലിംലീഗ് അതിനെ സംബന്ധിച്ചേടത്തോളമുണ്ടായിരുന്ന തെറ്റിദ്ധാരണകളും തെറ്റായ സങ്കല്പങ്ങളും ഇന്നേറെക്കുറെ അകന്നു കഴിഞ്ഞിരിക്കുകയാണ്. ന്യൂനപക്ഷപ്രശ്നം ഈ രാജ്യത്തിലെ ഒരു ദേശീയപ്രശ്നമാണ്. അതിനു പരിഹാരം കാണേണ്ടതു ഒരു ദേശീയാവശ്യവുമാണ്. ഈ വസ്തുത ആർക്കും നിഷേധിക്കാനാവില്ല. പ്രാധാന്യമർഹിക്കുന്നൊരു ദേശീയപ്രശ്നത്തിന്റെ പരിഹാരത്തിനു ആത്മാർത്ഥതയോടെ ഒത്തു ചേർന്നു പ്രവർത്തിക്കുമ്പോൾ ആ ശ്രമത്തെ ദുർവ്യാഖ്യാനങ്ങൾ നൽകി, ദുരാരോപണങ്ങൾ നടത്തി, ദുഷ്പ്രചരണങ്ങൾ ചെയ്ത് അടിച്ചമർത്താൻ നോക്കുന്നത് അപലപനീയമാണെന്നു മാത്രമല്ല, അപകടകരവും കൂടിയാണ്. മുസ്‌ലിംലീഗിന്റെ നയങ്ങളിലോ പരിപാടികളിലോ ദേശീയ വിരുദ്ധമോ ദേശദ്രോഹപരമോ ആയ എന്തെങ്കിലുമുണ്ടെന്ന് തെളിയിക്കാൻ ഇന്നേവരെ ആർക്കും കഴിഞ്ഞിട്ടില്ല. രാജ്യത്തിന്റെ വിശാലതാല്പര്യങ്ങൾക്കു വേണ്ടിയും ജനാധിപത്യത്തിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടിയും അതർപ്പിച്ച ത്യാഗങ്ങളേയും സേവനങ്ങളെയും ഇന്നാട്ടിലെ നീതിബോധവും നിഷ്പക്ഷതയുമുള്ള എല്ലാവരും ഏകകണ്ഠമായി അംഗീകരിച്ചതാണ് എന്നിട്ടും സ്വാർത്ഥതാല്പര്യങ്ങളെ മുൻനിറുത്തി ലീഗിനെ ഒറ്റപ്പെടുത്തി നശിപ്പിക്കാനുള്ള പല ഗൂഢതന്ത്രങ്ങളും ആസൂത്രണം ചെയ്യപ്പെട്ടു. അഖിലേന്ത്യാ കോൺഗ്രസ്സും അതിന്റെ കേരളഘടകവും അതിനു വേണ്ടി നിരന്തരം ശ്രമിച്ചു കൊണ്ടിരുന്നു. അവസാനം, ജനഹിതത്തെ ധിക്കരിച്ച കോൺഗ്രസ്സിനെ ജനങ്ങൾ അധികാരത്തിൽ നിന്ന് പുറം തള്ളുകയും ജനഹിതം മാനിച്ച മുസ്‌ലിം ലീഗിനെ അവർ അധികാരത്തിലേക്കുയർത്തുകയും ചെയ്തു. ആരുടെയെങ്കിലും ഔദാര്യം കൊണ്ട് ലഭിച്ച ഒരു സൗജന്യമല്ലേ ഈ ബഹുമതി. അജയ്യമായ സംഘടനാബലവും അനിഷേധ്യമായ നേതൃത്വശക്തിയുമാണ് മുസ്‌ലിംലീഗിനു ഈ മഹത്തായ നേട്ടം കൈവരുത്തിയത്. ഇന്ന് ഇതര സ്റ്റേറ്റുകളിലുള്ള മുസ്‌ലിംകളും നേതൃത്വത്തിനുവേണ്ടി കേരള മുസ്‌ലിംകളെയാണ് ഉറ്റു നോക്കുന്നത്. കേരള

mappilaheritagelibrary.com

മുസ്‌ലിംകളുടെ മാതൃക പിന്തുടരാൻ അവരും തയ്യാറായിരിക്കുന്നു.

നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും നമ്മുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും നമ്മുടെ സംസ്കാരം കാത്തു സൂക്ഷിക്കാനുമുള്ള ഏകമാർഗ്ഗം സുശക്തമായ സംഘടന മാത്രമാണ്. അതോടൊപ്പം സംഘടിതമായ നിലയിൽ ഈ രാഷ്ട്രത്തിനു വേണ്ടി സേവനങ്ങളർപ്പിക്കാനും അതു മുഖേന നമുക്കു കഴിയുന്നു. അതുകൊണ്ട് ഇന്ത്യൻ മുസ്‌ലിംകളുടെ ആശാകേന്ദ്രമായ ഈ സംഘടനയെ ശക്തിപ്പെടുത്താൻ എല്ലാവിധേനയും സഹായിക്കുന്നതിന് ഇന്നാട്ടിലെ മുസ്‌ലിംകളോട് ഞാനഭ്യർത്ഥിക്കുന്നു.

ഈ രാജ്യത്ത് ക്ഷേമവും ഐശ്വര്യവും വളർത്തുവാനും, സമുദായങ്ങൾ തമ്മിലുള്ള ഐക്യവും മമതയും ശക്തിപ്പെടുത്തുവാനും, ജനാധിപത്യ വ്യവസ്തിഥി അഭംഗം, അന്യൂനം തുടരുവാനുമുള്ള നമ്മുടെ ആത്മാർത്ഥമായ ശ്രമം വിജയത്തിലെത്തിക്കാൻ രാജ്യസ്നേഹികളായ എല്ലാവരും സഹായിക്കണമെന്ന് ഞാനൊരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

അല്ലാഹു നമ്മുടെ എല്ലാവിധ പ്രവർത്തനങ്ങളും വിജയപ്രദമാക്കിത്തീർക്കട്ടെ.

(ആമീൻ)

mappilaheritagelibrary.com

കോഴിക്കോട്- പാലക്കാട് ജില്ലകളിലെ വികസന പരമായി പിന്നോക്കം നിൽക്കുന്ന ഏറനാട്, തിരൂർ, പൊന്നാനി, പെരിന്തൽമണ്ണ താലൂക്കുകൾ ഉൾപ്പെടുത്തി മലപ്പുറം ആസ്ഥാനമായി ജില്ല രൂപവൽക്കരിക്കണമെന്നത് നേരത്തെയുള്ള ആവശ്യമായിരുന്നു. 1960 ൽ മങ്കട എം.എൽ.എ യായിരുന്ന പി.അബ്ദുൽ മജീദ് ഈ ആവശ്യം നിയമസഭയിൽ ഉന്നയിച്ചിരുന്നു. 1968 ഫെബ്രുവരി 25 ന് കോഴിക്കോട് നടന്ന സംസ്ഥാന മുസ്‌ലിംലീഗ് സമ്മേളനത്തിൽ സി.എച്ച്.മുഹമ്മദ് കോയ ഇത് സംബന്ധമായ പ്രമേയം അവതരിപ്പിക്കുകയും പഞ്ചായത്ത്- ഫിഷറീസ് വകുപ്പു മന്ത്രി എം.പി.എം. അഹമ്മദ് കുരിക്കൾ വിശദീകരണ പ്രസംഗം നടത്തുകയും ചെയ്തു.

ഇ.എം.എസ്. മന്ത്രിസഭ മലപ്പുറം ജില്ല രൂപവൽക്കരിക്കാൻ തീരുമാനിച്ചതിനെതിരെ വിവിധ കേന്ദ്രങ്ങൾ രംഗത്ത് വന്നു. എ.ബി.വാജ്പേയ്, കെ.കേളപ്പൻ, എം.കെ.വെള്ളോടി എന്നിവർ ഇത് വർഗീയ പ്രശ്നമാണെന്നു പറഞ്ഞപ്പോൾ മറ്റു ചില കേന്ദ്രങ്ങൾ ജില്ല അധികച്ചെലവാണ് എന്ന് പറഞ്ഞു എതിർത്തു. മുസ്‌ലിംലീഗ് നിലപാട് വിശദീകരിച്ചു കൊണ്ട് സംസ്ഥാന മുസ്‌ലിംലീഗ് പ്രസിഡണ്ട് സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ പുറപ്പെടുവിച്ച പ്രസ്താവന അടുത്ത പേജിൽ. മലപ്പുറം ജില്ല 1969 ജൂൺ 16 ന് സംസ്ഥാനത്തെ പത്താമത്തെ ജില്ലയായി നിലവിൽ വന്നു.

26

മലപ്പുറം ജില്ല രൂപവൽക്കരണം: ബാഫഖി തങ്ങളുടെ പ്രസ്താവന

ഭരണ സൗകര്യത്തിനും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ ഉദ്ധരിക്കുന്നതിനും വേണ്ടി ഒരു പുതിയ ജില്ല രൂപീകരിക്കുന്നതിനെ എതിർക്കുന്നത് ആപൽക്കരമാണ്. ഭരണ സൗകര്യത്തിനും ജനാഭിലാഷത്തിന്റെ സാക്ഷാത്ക്കരണത്തിനും വേണ്ടി താലൂക്കുകളും ജില്ലകളും മാത്രമല്ല സ്റ്റേറ്റുകൾ കൂടി നമ്മുടെ രാജ്യത്ത് രൂപീകരിച്ചിട്ടുണ്ട്. മദിരാശി ഒരൊറ്റ സ്റ്റേറ്റ് ആയിരുന്നു. നാല് സ്റ്റേറ്റുകളിലാണ് മുമ്പത്തെ മദിരാശി സ്റ്റേറ്റ് ഉൾപ്പെട്ടിരുന്ന പ്രദേശങ്ങൾ ഇപ്പോഴുള്ളത്. ഇതൊക്കെ ചെയ്തത് ജനങ്ങളുടെ ആഗ്രഹവും ആവശ്യവും അനുസരിച്ചായിരുന്നു. ജനങ്ങളുടെ ഹിതത്തിന് വഴങ്ങിക്കൊടുക്കുക എന്ന ജനാധിപത്യ തത്വമനുസരിച്ചായിരുന്നു ഗവർമ്മെണ്ടുകൾ പ്രവർത്തിച്ചിരുന്നത്. അന്നൊന്നും ചിലവുകളുടെ കാര്യം ആരും ഉന്നയിച്ചു കണ്ടിരുന്നില്ല. അതിന്റെ പേരിൽ പ്രക്ഷോഭമോ പ്രചാരവേലയോ നടത്താൻ ആരും മുതിർന്നിരുന്നുമില്ല.

കോഴിക്കോട് ജില്ലയിലെയും പാലക്കാട് താലൂക്കിലെയും അവികസിത

mappilaheritagelibrary.com

പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് ഒരു ജില്ല ഉണ്ടാക്കുന്നത് നാടിന്റെ പൊതുനന്മക്കും ഉത്തമതാല്പര്യത്തിനും ഉതകുമെന്ന ഒരഭിപ്രായമേ ഈ ജില്ലാ രൂപീകരണത്തിന് പിന്നിലുണ്ടായിരുന്നുള്ളൂ. ആ അഭിപ്രായം മുസ്‌ലിംലീഗ് ഒരു പ്രമേയം മുമ്പാകെ ഗവർമ്മെണ്ടിന്റെ മുമ്പിൽ സമർപ്പിച്ചു. മുസ്‌ലിംലീഗ് ആദ്യം അഭിപ്രായപ്പെട്ടു പോയതു കൊണ്ടെതിർക്കുക എന്ന ബാലിശമായ നയമാണ് ജില്ലാ വിരോധികൾ സ്വീകരിച്ചിട്ടുള്ളത്. നാടിന്റെ അഭിവൃദ്ധിക്കുതകുന്ന ഒരു നിർദ്ദേശവും മുസ്‌ലിംലീഗിന് ഉന്നയിച്ചു കൂടെന്നാണോ ഇതിനർത്ഥം? ഈ സ്റ്റേറ്റിന്റെ അഭിവൃദ്ധിക്കും ജനാധിപത്യത്തിന്റെ വിജയത്തിനും വേണ്ടി മഹത്തായ പല സംഭാവനകളും ചെയ്ത ഒരു കക്ഷിയാണ് മുസ്‌ലിം ലീഗെന്ന് അതിന്റെ കഴിഞ്ഞകാല ചരിത്രം തെളിയിച്ചിട്ടുണ്ട്. ഇന്നത്തെ ചില ജില്ലാ വിരോധികളുടെ പ്രശംസക്കു പോലും മുസ്‌ലിംലീഗ് പാത്രമായിട്ടുണ്ടായിരുന്നു. പുതിയ ജില്ല വരുമ്പോൾ സാമ്പത്തിക ബാധ്യത വർദ്ധിക്കുമെന്ന ഒരു വാദമാണ് മുഴങ്ങിക്കേൾക്കുന്നത്. നാടിന്റെ പുരോഗതിക്കു വേണ്ടി തുടങ്ങുന്ന ഏതു നടപടിക്കും സാമ്പത്തിക ബാധ്യതയുണ്ടാവും. അതുണ്ടെന്നു വെച്ച് ഒരു വികസന പരിപാടിയും വേണ്ടെന്നുവെച്ചിട്ടില്ല. സ്റ്റേറ്റുകൾ രൂപീകരിക്കുന്നതു പോലും വേണ്ടെന്നുവെച്ചിട്ടില്ല. മലപ്പുറം ജില്ലയുടെ കാര്യത്തിൽ മാത്രം ചിലവിന്റെ പ്രശ്നം കുത്തിപ്പൊക്കുന്നത് എന്നെ അൽഭുതപ്പെടുത്തുകയാണ്. മലനാട് ജില്ലയെക്കുറിച്ചാർക്കും എതിർപ്പില്ല. മലപ്പുറത്തെപോലെ തന്നെയാണ് മലനാടിനെയും ഞങ്ങൾ കാണുന്നത്. നിർദ്ദിഷ്ട മലപ്പുറം ജില്ലയുടെ കാര്യത്തിൽ ഞാൻ അസംതൃപ്തനാണെന്ന് പറഞ്ഞതായി മലയാള മനോരമ റിപ്പോർട്ടു ചെയ്തു. അത് ഞാൻ നിഷേധിക്കുന്നു. ഞാൻ പറഞ്ഞതു പോലെയല്ല പത്രം റിപ്പോർട്ടു ചെയ്തത്. ജില്ലാ ആപ്പീസുകളിൽ ചിലതിന് ചില മാറ്റങ്ങൾ ഉണ്ടായിക്കൂടെന്നില്ലെന്നാണ് ഞാൻ പറഞ്ഞത്. അത് തെറ്റിദ്ധാരണക്ക് ഇടം നൽകുന്നവിധത്തിൽ പ്രസ്തുത പത്രം പ്രസിദ്ധപ്പെടുത്തിയത് ഖേദകരമായിപ്പോയി.

കേരള സ്റ്റേറ്റിൽ ഒരു പുതിയ ജില്ലയുണ്ടാവുന്നത് ഒരു സ്റ്റേറ്റിനെപ്പോലെയാണെന്ന് വരുത്തിത്തീർത്ത് അതൊരു കൊച്ചു പാക്കിസ്താൻ ആണെന്ന് പ്രചാരവേല ചെയ്യുകയും ഹിന്ദുക്കളെ മതപരിവർത്തനം ചെയ്യിക്കുമെന്നു പറഞ്ഞ് പരത്തുകയും ഹിന്ദുക്കളെ ഭയവിഹ്വലരാക്കുന്ന വിധം പ്രചാരണം നടത്തുകയും ചെയ്യുന്ന ശ്രീ.കെ.കേളപ്പനെപ്പോലുള്ളവരുടെ ഉദ്ദേശം എന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ദേശീയ വിരുദ്ധമായ അത്തരം പ്രവണതയെ ചെറുക്കുക തന്നെ വേണം. ഒരു ജില്ല രൂപീകരിക്കണമെന്ന് ആവശ്യപ്പെടാൻ മുസ്‌ലിംകൾക്ക് അവകാശവും അർഹതയും ഭരണഘടന അനുവദിച്ചിരിക്കെ മുസ്‌ലിംകൾ ആവശ്യപ്പെടുന്നത് കൊണ്ട് അതിനെ എതിർക്കുക എന്നു വരുന്നത് ഭരണഘടനക്ക് നിരക്കാത്ത ഒരു പ്രചാരവേലയും പ്രക്ഷോഭവുമല്ലേ? ഭരണഘടനാസ്യൃതമായ പ്രവർത്തനങ്ങൾക്ക് സൗകര്യവും ഉണ്ടാക്കിക്കൊടുക്കുകയും ഭരണഘടനക്കു വിരുദ്ധമായ പ്രവർത്തനങ്ങളില്ലാതാക്കുകയും ചെയ്യേണ്ടത് ഗവർമ്മെണ്ടിന്റെ ചുമതലയാണ്.

ഐക്യമുന്നണിയിലെ എല്ലാ ഘടകങ്ങളും ജില്ലാ രൂപീകരണത്തെ അനുകൂലിച്ചത് മുസ്‌ലിം ലീഗിന് വഴങ്ങിക്കൊടുത്തതാണെന്നാണ് ഒരാക്ഷേപം. ജനങ്ങളുടെ ഹിതമനുസരിച്ച് ഒരു നടപടി എടുക്കുകയും നാടിന്റെ ഉത്തമ താല്പര്യത്തെ മുൻനിർത്തി ഒരു തീരുമാനമെടുക്കുകയും ചെയ്തത് ഒരു കക്ഷിക്ക് വഴങ്ങിക്കൊടുത്തതായി എടുത്തു പറയുന്നത് ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടി മാത്രമാണ്. ഹിന്ദു മുസ്‌ലിം വിദ്വേഷമുണ്ടാക്കി അതിൽ നിന്ന് മുതലെടുക്കാൻ വെമ്പുന്ന ദേശസ്നേഹമില്ലാത്ത ചിലരുടെ പ്രസ്താവനകൾ പത്രങ്ങളിൽ കാണു

mappilaheritagelibrary.com

കയുണ്ടായി. സർവ്വ സമുദായമൈത്രി നിലനിർത്താനും വളർത്താനും മറ്റാരേക്കാളും മുന്നിൽ നിന്നു പ്രവർത്തിച്ചിരുന്ന ഒരു സംഘടനയാണ് മുസ്‌ലിംലീഗ്. ആ നിലപാടിൽ മുസ്‌ലിംലീഗ് ഉറച്ചു തന്നെ നിൽക്കും. പ്രകോപനങ്ങൾക്കോ പ്രക്ഷോഭങ്ങൾക്കോ ആ നിലപാടിൽ നിന്ന് ലീഗിനെ വ്യതിചലിപ്പിക്കാനാവില്ല. ഭൂരിപക്ഷ സമുദായങ്ങളുടെ വിദ്വേഷാഗ്നി ആളിക്കത്തിക്കാനുള്ള തല്പരകക്ഷികളുടെ സംരംഭം പരാജയപ്പെടുത്തുന്നതിന് ഇന്നാട്ടിലെ ഹിന്ദുക്കളും മുസ്‌ലിംകളും മറ്റു സമുദായക്കാരും ഒരുമിച്ചു പ്രവർത്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഭീഷണിയുടെ ഭാഷയിൽ ചില പ്രസ്താവനകൾ കാണുകയുണ്ടായി. ഭീഷണിക്കു വഴങ്ങുകയായിരുന്നുവെങ്കിൽ മുസ്‌ലിംലീഗ് ഇന്ന് നിലവിലുണ്ടാകുമായിരുന്നില്ല. മുസ്‌ലിംകൾ ഭീരുക്കൾ അല്ലാതിരുന്നതു കൊണ്ടാണ് മുസ്‌ലിംലീഗ് ഇവിടെ നിലകൊള്ളുന്നത്. സമാധാനവും ശാന്തവുമായ ഒരന്തരീക്ഷം ഇവിടെ ഉണ്ടാവണമെന്ന് അഭിലഷിക്കുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുകയാണ് മുസ്‌ലിംലീഗിന്റെ നയം. ആ നയത്തിൽ ലീഗ് വ്യതിയാനം വരുത്തുകയില്ല. പക്ഷേ ഭീരുക്കളായി കഴിയാൻ മുസ്‌ലിംലീഗ് ആഗ്രഹിക്കുന്നില്ല.

(ചന്ദ്രിക 1969 ജൂൺ ഒന്ന്)

mappilaheritagelibrary.com

കേരള രാഷ്ട്രീയത്തിലെ സംഭവബഹുലമായ വർഷമായിരുന്നു 1969. സി.പി.എം- സി.പി.ഐ, മുസ്‌ലിംലീഗ്, സോഷ്യലിസ്റ്റ് പാർട്ടി, ആർ.എസ്.പി, കെ.എസ്.പി- കെ.ടി.പി മുന്നണി തകർന്നു. ഭരണമുന്നണിയിലെ സി.പി.ഐ, മുസ്‌ലിംലീഗ്, ആർ.എസ്.പി, സോഷ്യലിസ്റ്റ് പാർട്ടിയിൽ ഒരു വിഭാഗം, പുതിയ മുന്നണിയായി. മുഖ്യമന്ത്രി ഇ.എം.എസ്.നമ്പൂതിരിപ്പാട് നിയമസഭയിൽ ഭൂരിപക്ഷം നഷ്ടപ്പെട്ട് 1969 ഒക്ടോബർ 24 ന് രാജി സമർപ്പിച്ചു. അതിലേക്കു നയിച്ച രാഷ്ട്രീയ സംഭവങ്ങൾ വിശദീകരിക്കുന്ന മുസ്‌ലിംലീഗ് പ്രമേയങ്ങളും പ്രസ്താവനകളും കുറിപ്പുകളുമാണ് അടുത്ത പേജുകളിൽ.

27

1969 ആഗസ്റ്റ് മൂന്നിനു തിരുവനന്തപുരത്ത് ചേർന്ന കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് പ്രവർത്തകസമിതി അംഗീകരിച്ച പ്രമേയം

കേരളത്തിലെ ജനലക്ഷങ്ങൾ വളരെ അധികം പ്രതീക്ഷകളോടെ നിരവധി പ്രതിബന്ധങ്ങളോട് മല്ലിട്ട് അധികാരത്തിലേറ്റിയ ഐക്യമുന്നണി ഗവർമ്മെണ്ടിന്റെ പ്രവർത്തനങ്ങൾക്കു കോട്ടം നേരിടത്തക്ക അഭിപ്രായവ്യത്യാസങ്ങൾ ഉളവാകുകയും ആ അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാൻ മുസ്‌ലിംലീഗും ആർ.എസ്.പി.യും മറ്റുചില ഘടകകക്ഷികളും നടത്തിയ പരിശ്രമങ്ങൾ പരാജയപ്പെടുകയും ചെയ്തു കാണുന്നതിൽ മുസ്‌ലിംലീഗിന്റെ അഗാധമായ ഖേദം ഇവിടെ രേഖപ്പെടുത്തുന്നു.

ഐക്യമുന്നണി ജനങ്ങൾക്ക്, പ്രത്യേകിച്ച് സാധാരണക്കാർക്ക് നന്മ ചെയ്യുന്നതിൽ വളരെ അധികം, പ്രതീക്ഷിച്ചതോതിലല്ലെങ്കിലും പല കാര്യങ്ങളും ചെയ്യുകയുണ്ടായെന്നത് പ്രസ്താവ്യമാണ്.

പൊതുജനങ്ങൾക്ക് അസൗകര്യവും വ്യവസായ വളർച്ചക്ക് തടസ്സവും ഘരാവോ മുതലായ കാര്യങ്ങളിൽ സ്വീകരിക്കുന്ന നയങ്ങളിൽ ജനങ്ങൾക്ക് തികച്ചും വിയോജിപ്പാണുള്ളത്. എങ്കിലും പല പരിമിതികളുടെയും മദ്ധ്യത്തിൽ ജനോപകാരപ്രദമായ പല കാര്യങ്ങളും ചെയ്യാൻ ഐക്യമുന്നണിക്ക് കഴിഞ്ഞുവെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഇതെല്ലാം സാദ്ധ്യമായത് എല്ലാ കക്ഷികളും ജനങ്ങളും ഒന്നായി പിന്തുണ നൽകിയതുകൊണ്ടാണ് എന്നാൽ ഘടകകക്ഷികളെ ഏകോപിച്ചുകൊണ്ടു പോകേണ്ട ഏകോപന സമിതിയിൽ ഏതാനും മാസങ്ങളായി സ്തംഭനാവസ്ഥ ഉണ്ടായിട്ടുണ്ട്. ഘടകകക്ഷികൾ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചതിനാൽ ഒരിഞ്ച് പോലും മുന്നോട്ട് പോകാത്ത സ്ഥിതി വന്നപ്പോൾ പ്രതിസന്ധി ഒഴിവാക്കാൻ മുസ്‌ലിംലീഗ് ശ്രമം നടത്തുകയുണ്ടായി. രാജ്യനന്മയോർത്തു നടത്തിയ ഈ ശ്രമത്തിന്നിടയിൽ പോലും പല കുത്തു

mappilaheritagelibrary.com

വാക്കുകളും അപവാദങ്ങളും മുസ്‌ലിംലീഗിന് സഹിക്കേണ്ടി വന്നു. എന്നാൽ മുസ്‌ലിംലീഗിനെ നന്നായറിയുന്ന ജനങ്ങൾ തെറ്റിദ്ധരിക്കുകയില്ലെന്നു ഞങ്ങൾക്കറിയാം. മന്ത്രിമാരായ വെല്ലിംഗ്ടനും മത്തായിമാഞ്ഞൂരാനും മറ്റു പല നേതാക്കളും ലീഗിനെക്കുറിച്ചും ലീഗുമന്ത്രിമാർക്കെതിരായും പടച്ചുവിട്ട ആരോപണങ്ങൾ തികച്ചും നിരർത്ഥകവും അസത്യവും അബദ്ധജഡിലവുമാണെന്ന് വ്യക്തമാക്കാൻ ഞങ്ങളാഗ്രഹിക്കുന്നു.

മുഖ്യമന്ത്രിയും സഹമന്ത്രിമാരും ഘടകകക്ഷി നേതാക്കളും ആരോപണം ഉന്നയിച്ചുവെന്നതാണ് ഒരു പ്രശ്നം. ഐക്യമുന്നണിക്കാർ തമ്മിൽ ഇങ്ങിനെ ആരോപണപ്രത്യാരോപണങ്ങൾ ഉന്നയിക്കുന്നതു ഇതു സംബന്ധിച്ച് മുമ്പ് കോ-ഓർഡിനേഷൻ കമ്മിറ്റി അംഗീകരിച്ച ചട്ടങ്ങളുടെ ലംഘനമാണ്. ആരും പരസ്പരം ആരോപണങ്ങൾ ഉന്നയിക്കരുതെന്നാണ് ഞങ്ങളുടെ അഭിപ്രായം. ആരാണ് കുറ്റക്കാരെന്ന് രേഖകൾ പരിശോധിച്ചു വിധിക്കാൻ നിഷ്പക്ഷമായ ഒരേർപ്പാട് ഉണ്ടാക്കാൻ കഴിയേണ്ടതാണ്. ഇതു പരിശോധിച്ചശേഷം അത്തരം ആരോപണങ്ങൾക്കു ഉത്തരവാദികളായ ആളുകളെ കോ-ഓർഡിനേഷൻ കമ്മറ്റി താക്കീതു ചെയ്യണമെന്നും ഇനിയും ഇതാവർത്തിച്ചാൽ അവരുടെ പേരിൽ നടപടി എടുക്കണമെന്നുമാണ് ഞങ്ങൾക്കു പറയാനുള്ളത്. അതോടൊപ്പം തന്നെ ഘടകകക്ഷികൾ തമ്മിൽ ഉന്നയിക്കുന്ന ആരോപണങ്ങളെപ്പറ്റി അന്വേഷിക്കാനും, മുഖ്യമന്ത്രി വാഗ്ദാനം ചെയ്തതനുസരിച്ചു, അഴിമതി ആരോപണങ്ങളിൽ നിന്നൊഴിവാക്കപ്പെട്ട മന്ത്രിമാരുടെ പേരിൽ കൂടുതൽ ആരോപണമുണ്ടെങ്കിൽ അവയെപ്പറ്റി അന്വേഷിക്കാനും ഏർപ്പാടുണ്ടായിരിക്കേണ്ടതാണ്.

ഐക്യമുന്നണി കൂട്ടുമന്ത്രിസഭ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനും കക്ഷികൾ തമ്മിലുള്ള ബന്ധങ്ങൾ സംബന്ധിച്ച് ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കുവാനും നടപടി എടുക്കേണ്ടതാണ്.

ഈ നിലയിൽ തുടർന്നു പോകുന്നതിനു അത്യാവശ്യമായ ഉപാധികളിൽ ഒന്ന് എല്ലാകക്ഷികൾക്കും മുഖ്യമന്ത്രിയിൽ ഉള്ള വിശ്വാസമാണ്. മുഖ്യമന്ത്രിയും സഹമന്ത്രിമാരും പരസ്പരവിശ്വാസത്തോടെ പ്രവർത്തിക്കണം. പരസ്പരം അവിശ്വാസം ജനിപ്പിക്കുന്നതായി തോന്നത്തക്കവിധമുള്ള പ്രസ്താവനകളെല്ലാം പിൻവലിക്കേണ്ടതാണ്. പരസ്പരം പരസ്യമായ ആരോപണം ഉന്നയിക്കുകയില്ലെന്ന പ്രതിജ്ഞ എല്ലാ ഘടകകക്ഷികളും എടുക്കേണ്ടതാണ്. അതോടൊപ്പം പാർട്ടിബന്ധങ്ങളെ ഉലക്കുന്ന മേൽപറഞ്ഞ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കിയേ തീരൂ.

ജനങ്ങളുടെ ഇടയിൽ അസംതൃപ്തി ഉളവാക്കുവാൻ ഗവർമ്മെണ്ടിനെ ആയുധമാക്കണമെന്ന അഭിപ്രായത്തോട് മുസ്‌ലിംലീഗിന് യോജിപ്പില്ല. പ്രത്യയശാസ്ത്രപരമായി തീവ്രമായ അഭിപ്രായ വ്യത്യാസമുള്ള പാർട്ടികൾ ഉണ്ടായേക്കാം. എന്നാൽ ഭരണകൂടത്തിന് ഇങ്ങിനെ ഒരു ഉദ്ദേശമുണ്ടാവാൻ പാടില്ല.

"പാർട്ടികളിൽ ഓരോന്നിനും അഖിലേന്ത്യാ പ്രശ്നങ്ങളും സാർവ്വദേശീയ പ്രശ്നങ്ങളും സംബന്ധിച്ചു അതിന്റേതായ സമീപനവും പരിപാടികളും ഉണ്ടെങ്കിലും കേരളത്തിൽ രൂപീകരിക്കപ്പെടുന്ന ഗവർമ്മെണ്ട് നടപ്പാക്കേണ്ടതായ നയങ്ങളെക്കുറിച്ച് ഈ പാർട്ടികൾക്കു പൊതുസമീപനമുണ്ടാകണം" എന്ന് ഐക്യമുന്നണിയുടെ നയ പ്രസ്താവനയിൽ പറഞ്ഞത് എടുത്തുപറയാൻ ഞങ്ങളാഗ്രഹിക്കുന്നു. കേന്ദ്രവുമായുള്ള നയത്തിന്റെ കാര്യത്തിലും ഞങ്ങളുടെ നിലപാട് നയ പ്രസ്താവനയിൽ പറഞ്ഞപ്രകാരം തന്നെയാണ്.

mappilaheritagelibrary.com

ധനകാര്യമന്ത്രി പി.കെ.കുഞ്ഞുസാഹിബിന്റെ വകുപ്പുകളെ സംബന്ധിച്ച് ഘടകകക്ഷികൾ തമ്മിൽ തീരുമാനമെടുക്കേണ്ടതാണെന്നും ഞങ്ങൾക്കഭിപ്രായമുണ്ട്.

പല പരിശ്രമങ്ങൾ നടത്തിയിട്ടും എല്ലാ ഘടകകക്ഷികൾക്കും ആഗസ്ത് നാലാം തിയ്യതി ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിൽ ഒന്നായിപോകാൻ പ്രയാസമുള്ള സാഹചര്യം ഉണ്ടായിത്തീർന്നിരിക്കയാണ്. ഈ സാഹചര്യം ഒഴിവാക്കാനുള്ള കൂടിയാലോചന നടത്തുവാനും മന്ത്രിസഭയിൽ തുടരണമോ വേണ്ടയോ എന്നതടക്കം തീരുമാനമെടുക്കാനും ഉള്ള അധികാരം ജ:സെയ്ത് അബ്ദുറഹിമാൻ ബാഫഖിതങ്ങൾക്കും ഖാഇദെമില്ലത്തു ഇസ്മായിൽ സാഹിബിനും ഈ യോഗം നൽകുന്നു.

ആഗസ്ത് 24 നു കൊയിലാണ്ടിയിൽ ചേർന്ന
പ്രവർത്തക സമിതി യോഗം അംഗീകരിച്ച പ്രമേയം

"അഴിമതിയാരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നതിനെപ്പറ്റി കോ-ഓർഡിനേഷൻ കമ്മിറ്റിയിലും അസംബ്ലിക്കകത്തും പുറത്തും മുസ്‌ലിംലീഗ് സ്വീകരിച്ച നിലപാടിനെപ്പറ്റി പലരും തെറ്റിദ്ധരിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ പൊതുജനങ്ങളുടെ അറിവിനു വേണ്ടി ലീഗിന്റെ നിലപാട് ഒരിക്കൽകൂടി വ്യക്തമാക്കാൻ ഞങ്ങളാഗ്രഹിക്കുന്നു. അഴിമതിയില്ലാത്ത സംശുദ്ധമായ ഒരു ഭരണം പൊതുജനങ്ങൾക്ക് വാഗ്ദാനം ചെയ്ത ഐക്യമുന്നണി മന്ത്രിതലത്തിലും പാർട്ടിതലത്തിലും ഉണ്ടെന്നു പറയപ്പെടുന്ന അഴിമതികളെക്കുറിച്ചന്വേഷിക്കുവാൻ പബ്ലിക്മെൻ എൻക്വയറീസ് ബിൽ അതിവേഗം പാസ്സാക്കി അതനുസരിച്ചുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്നും ആ ബിൽ പാസ്സാക്കാൻ കാലതാമസം വരുന്നതിനാൽ നിയമസഭയിലുന്നയിച്ചു കഴിഞ്ഞതും മുഖ്യമന്ത്രി പരിശോധിച്ചതൊഴികെ ബാക്കിയുള്ളതുമായ ആരോപണങ്ങളെക്കുറിച്ചന്വേഷിക്കാൻ ഒരിടക്കാല ഏർപ്പാട് ഉണ്ടാകേണ്ടതാണെന്നും മുസ്‌ലിംലീഗ് വാദിച്ചു. മുന്നണിയിലെ ചില ഘടകകക്ഷികളും ഈ വാദത്തോടു യോജിക്കുകയുണ്ടായി. ഈ വാദങ്ങൾ സ്വീകരിച്ച് നടപടിക്രമങ്ങൾ ഏർപ്പെടുത്തുന്നതിനു പകരം മുസ്‌ലിംലീഗിനെ അധിക്ഷേപിക്കാനും ലീഗിന്റെ മേൽ ഗൂഢാലോചനയടക്കമുള്ള കുറ്റങ്ങൾ ചുമത്താനുമാണ് മാർക്സിസ്റ്റു പാർട്ടി മുതിർന്നത്. അഴിമതി അന്വേഷണബില്ലിനെ സംബന്ധിച്ചേടത്തോളം ഒരു മെല്ലെപ്പോകൽ നയവും, ഇടക്കാല മെഷനറിയെ സംബന്ധിച്ചേടത്തോളം ഒരു നിഷേധാത്മക നയവുമാണവർ സ്വീകരിച്ചത്. മുന്നണിയിലെ എത്ര ഘടകകക്ഷികളാവശ്യപ്പെട്ടാലും തങ്ങളുടെ പോളിറ്റ്ബ്യൂറോ തീരുമാനിക്കുന്നത് മറ്റുള്ളവർ അംഗീകരിക്കണമെന്ന ഒരു നിലപാടാണവർ അവലംബിച്ചത്. നിയമസഭയിലെ അജണ്ട തയ്യാറാക്കുന്നതിൽപ്പോലും പോളിറ്റ് ബ്യൂറോവിന്റെ ഉപദേശമനുസരിച്ച് അവർ ഒരു തടസ്സ നയമാണ് സ്വീകരിച്ചത്. ഒരു കൊല്ലത്തിലധികമായി സിലക്ട് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയ പഞ്ചായത്ത് രാജ്ബിൽ എപ്പോൾ ആലോചനക്കെടുക്കുമെന്നുകൂടി പറയാതെ അവർ കടന്നു ചാടുകയും ഇതുവരെ അവരുടെ മന്ത്രിവെച്ച് താമസിപ്പിച്ചതും ഇനിയുമവരുടെ നേതാക്കന്മാർ വെച്ച് താമസിപ്പിക്കാൻ നിയമസഭയിൽ നോട്ടീസ് കൊടുത്തതുമായ ഭൂനയബില്ലിന് മുൻഗണന നൽകുമെന്ന് അവർ ആലോചിക്കാതെ പ്രസ്താവിക്കുകയും നിയമസഭയുടെ സുഗമമായ പ്രവർത്തനങ്ങൾക്കു തടസ്സം വലിച്ചിടുകയും ചെയ്തു. മുസ്‌ലിംലീഗിന്റെയും മറ്റു സഹകക്ഷികളുടെയും വിട്ടുവീഴ്ചാ മനഃസ്ഥിതികൊണ്ടാണ് സർവ്വസ്വീകാര്യമായ ഒരജണ്ടയുണ്ടാക്കാൻ ബിസ്സിനസ്

mappilaheritagelibrary.com

അഡ്ഡെസറി കമ്മിറ്റിക്ക് കഴിഞ്ഞത്. അഴിമതിയാരോപണത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന പ്രമേയം സഭയിൽ വന്നപ്പോൾ അതിനെ അനുകൂലിക്കുവാൻ മുസ്‌ലിംലീഗും ചില സഹകക്ഷികളും തീരുമാനിച്ചതായിരുന്നു. ഇതിൽ ഗൂഢാലോചനയൊന്നുമില്ല. ഇതു പരസ്യമായി പ്രസ്താവിച്ചതാണ്. ഇതു മുസ്‌ലിംലീഗും സഹകക്ഷികളുമെടുത്ത നയത്തിന്റെ തുടർച്ചയാണ്. ഈ പ്രശ്നത്തിൽ മറിച്ചൊരു മാർഗ്ഗം സ്വീകരിക്കാൻ മുസ്ലിംലീഗിനു നിർവ്വാഹമില്ല. എന്നാൽ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ തടസ്സനയം മൂലം പ്രമേയമവതരിപ്പിക്കാൻ പോലും കഴിഞ്ഞില്ല.

നിയമസഭയിൽ 22-ാം തിയ്യതി മാർക്സിസ്റ്റുകളെടുത്ത നിലപാട് ആക്ഷേപാർഹവും ജനാധിപത്യവിരുദ്ധവും വേദനാജനകവുമാണ്. ഇതിനെല്ലാം പുറമെ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മുസ്‌ലിംലീഗിന്റെ മേൽ ഗൂഢാലോചനക്കുറ്റം ചുമത്തി ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. മുന്നണിയിലെ സഹകക്ഷികളുടെ മേൽ ഇങ്ങിനെ സ്വഭാവഹത്യ നടത്തുന്ന പ്രസ്താവനകളിറക്കുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു രണ്ടാം സ്വഭാവമായിത്തീർന്നിട്ടുണ്ട്. ശ്രീ.ടി.വി.തോമസിനെയും പി.കെ.കുഞ്ഞുസാഹിബിനെയും എം.എൻ.ഗോവിന്ദൻ നായരേയുമൊന്നുമവർ ഇതിൽ നിന്നുമൊഴിവാക്കിയിട്ടില്ല. ഒടുവിലായി മുസ്‌ലിംലീഗ് നേതാവ് ജ: ബാഫഖി തങ്ങൾ ഗൂഢാലോചന നടത്തി, വിദ്യാഭ്യാസമന്ത്രി ജ:സി.എച്ച്.മുഹമ്മദ് കോയാസാഹിബ് മുഖ്യമന്ത്രിയാകാൻ വേണ്ടി ഗൂഢാലോചന നടത്തി എന്നീ ആരോപണങ്ങളും അവരും അവരുടെ സിൽബന്ധികളും നടത്തുകയുണ്ടായി. ധനകാര്യവകുപ്പ് തട്ടിയെടുക്കാൻ മുസ്‌ലിംലീഗ് ഗൂഢാലോചന നടത്തിയെന്ന് മാർക്സിസ്റ്റുകളെ അനുകൂലിക്കുന്ന ഉത്തരവാദപ്പെട്ട ഒരു മന്ത്രി നിരുത്തരവാദപരമായി പ്രസ്താവിക്കുകയുണ്ടായി. പൊതുജനങ്ങൾ ഈ കെട്ടുകഥ പുച്ഛത്തോടെ തള്ളിക്കളയുമെന്നു ഞങ്ങൾക്കറിയാം.

ധനകാര്യവകുപ്പു ഐ.എസ്.പി.ക്ക് നൽകണമെന്നാണ് മുസ്‌ലിംലീഗ് വാദിച്ചത്; അത് മാർക്സിസ്റ്റുകാരുടെ കയ്യിൽതന്നെ നിർത്താൻ ആരാണ് ഗൂഢാലോചന നടത്തിയതെന്ന് ഞങ്ങൾക്കറിയാം. ചില സഹോദരകക്ഷികളെ പുകയിട്ടോ ആക്ഷേപം ചുമത്തിയോ പുറത്താക്കി അവരുടെ വകുപ്പുകൾ കൈവശപ്പെടുത്തുവാൻ ഗൂഢാലോചന നടത്തിയതാരാണെന്നും ഞങ്ങൾക്കറിയാം. മാർക്സിസ്റ്റ്കാർക്ക് അഹിതമായെന്തെങ്കിലും പറഞ്ഞാൽ ഉടനെ ഗൂഢാലോചനാരോപണത്തിന്റെ ചക്രായുധം ചുഴറ്റി അവരെ ആക്രമിക്കുവാൻ മാർക്സിസ്റ്റുകാരും അവരെ പിന്താങ്ങുവാൻ ബാദ്ധ്യസ്ഥരായ രണ്ടു മന്ത്രിമാരും ചേർന്നു നടത്തിയ ഗൂഢാലോചനയാണ് ഐക്യമുന്നണിക്ക് ഇന്നേർപ്പെട്ടിരിക്കുന്ന എല്ലാ രോഗങ്ങൾക്കും കാരണമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ഭൂനയബില്ലിനോടുള്ള എതിർപ്പുകൊണ്ടാണ് മുസ്‌ലിംലീഗ് അഴിമതിനിരോധന കാര്യത്തിൽ ശാഠ്യം പിടിക്കുന്നതെന്ന മാർക്സിസ്റ്റുകളുടെ വാദം ബാലിശവും ദുർഗ്രാഹ്യവും വസ്തുതകൾക്ക് നിരക്കാത്തതുമാണ്. ശ്രീ.ആർ.കൃഷ്ണൻ (മാർക്സിസ്റ്റ് എം.എൽ.എ) ഭൂനയബിൽ വീണ്ടും സെലക്ട് കമ്മറ്റിക്കയക്കണമെന്ന ഉപക്ഷേപത്തിന് നോട്ടീസ് കൊടുത്തതിന്റെ മഷി ഉണങ്ങുന്നതിന് മുമ്പ്, മുസ്‌ലിംലീഗ് എം.എൽ.എ. ജ: ഇ.അഹമ്മദ് ഭൂനയബില്ലിനെ അനുകൂലിച്ചു കൊണ്ട് ചെയ്ത പ്രസംഗത്തിന്റെ അലയടങ്ങുന്നതിന് മുമ്പ് അങ്ങകലെ ഡൽഹിയിൽവെച്ച് ഇത്രയും അവാസ്തവമായ ഒരു പ്രസ്താവന പുറപ്പെടുവിക്കുന്നതിനു അസാധാരണമായ തൊലിക്കട്ടിവേണം. മുസ്‌ലിംലീഗിനെ

mappilaheritagelibrary.com

എങ്ങിനെയെങ്കിലും കരിതേച്ച് കാണിക്കാനുള്ള വെമ്പലിൽ ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയകക്ഷിയുടെ ഉന്നതാധികാരക്കമ്മിറ്റി വസ്തുതകളോട് അശേഷവും നീതി ചെയ്തിട്ടില്ലെന്ന സംഗതി അവരെ ജനമദ്ധ്യത്തിൽ അപഹാസ്യരാക്കിത്തീർക്കുമെന്നതിൽ സംശയമില്ല. മുസ്‌ലിംലീഗിനെ അറിയുന്ന കേരളത്തിലെ പൊതുജനങ്ങൾ ഇതുകൊണ്ട് വഞ്ചിതരാവുകയില്ല. ഭൂനയബില്ലും പഞ്ചായത്ത് രാജ് ബില്ലും അഴിമതി നിരോധബില്ലും പാസ്സാക്കാൻ വിളിച്ചുകൂട്ടിയ അസംബ്ലിസമ്മേളനത്തിൽ അഴിമതിനിരോധബിൽ പൂർത്തിയാക്കി അവതരിപ്പിക്കുക പോലും ചെയ്യാതെ അതു ശീതികരണപ്പെട്ടിയിൽ വെക്കുകയും ആ ബില്ലിനെ തത്വത്തിൽ അനുകൂലിക്കുന്ന പ്രമേയത്തെ ഏറ്റവും അപഹാസ്യമായ നിലയിൽ മാറ്റിവെപ്പിക്കുകയും ഭൂനയബിൽ നീട്ടിക്കൊണ്ടു പോകുമാറ് അസംബ്ലി നടപടികൾ തകരാറാക്കുകയും ഓണം കഴിഞ്ഞ് നിയമസഭ കൂടണമെന്ന ലീഗടക്കമുള്ള ഘടകകക്ഷികളുടെ നിർദ്ദേശത്തെപ്പറ്റി ഒന്നും പറയാതെ ഒഴിഞ്ഞു മാറുകയും ചെയ്തതിനുശേഷം വിദൂരമായ ഡൽഹിയിൽ ചെന്നിരുന്ന് "ലീഗ് ഭൂനയബില്ലിന്നെതിരാണ്" എന്ന് പ്രസ്താവനയിറക്കുന്നവരുടെ ആത്മാർത്ഥതയെക്കുറിച്ച് പൊതുജനങ്ങൾ തന്നെ വിധികല്പിക്കട്ടെ.

മുസ്‌ലിംലീഗ് അഴിമതിക്കെതിരായ നിലപാട് കൈക്കൊള്ളുകയും ആരോഗ്യമന്ത്രിക്കെതിരെ അന്വേഷണം നടത്തേണമെന്നാവശ്യപ്പെടുകയും ചെയ്തതിന്റെ അനന്തരഫലമാണിതെന്ന് ആർക്കാണറിഞ്ഞു കൂടാത്തത് ആടിനെ പട്ടിയാക്കുന്ന ഈ പ്രചാരവേല ആരെയും വഞ്ചിക്കുകയില്ല. ആത്മരക്ഷക്കുവേണ്ടി ഈ പ്രസ്താവനയുടെ പിടിവള്ളിയിൽ അഭയം തേടിയവർക്കും അതറിയാം. നിയമസഭയിൽ അക്കമിട്ടു ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് വിധേയരായ മന്ത്രിമാരെപ്പറ്റി എല്ലാം അന്വേഷണം നടത്തണമെന്നു മുസ്‌ലിംലീഗ് ഒരിക്കൽകൂടി ഉറപ്പിച്ചു പറയുന്നു. ഈ കാര്യത്തിൽ വിട്ടുവീഴ്ച സാദ്ധ്യമല്ല.

ഗൂഢാലോചനയുടേയും ഭൂനയ ബില്ലിനെ എതിർക്കുന്നുവെന്ന പ്രചാരവേലയുടേയും പുകപരത്തുന്നത് കൊണ്ട് ഈ അഴിമതിക്കരു നിൽക്കുന്നവരുടെ തനിനിറം പൊതുജനം കാണാതിരിക്കുകയില്ല.

മുസ്‌ലിംലീഗിന്റെ നേതാക്കൾക്കും മന്ത്രിമാർക്കുമെതിരായി അടിസ്ഥാനരഹിതമായ ആരോപണങ്ങളഴിച്ച് വിട്ടുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയും അവരുടെ ഉപഗ്രഹങ്ങളും നടത്തുന്ന പ്രചാരവേലയിൽ ഈ കമ്മിറ്റിക്കുള്ള അമർഷവും രോഷവും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ഈ ആരോപണങ്ങളുടെ പൊള്ളയും അവ ഉന്നയിക്കുന്നവർ നടത്തിയ ഉപജാപങ്ങളുടെ രഹസ്യവും പൊതുജനങ്ങളുടെ മദ്ധ്യേ തുറന്നു കാട്ടുവാൻ തന്നെയാണ് ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത്. കേരളത്തിലെ മുസ്‌ലിംകളുടെ സ്നേഹഭാജനങ്ങളായ നേതാക്കൾക്കെതിരിൽ ഇത്തരം പ്രചാരവേലകൾ നടത്തുന്നത് സമുദായം സഹിക്കുകയില്ലെന്ന് വ്യക്തമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

പഞ്ചായത്ത്‌രാജ് ബിൽ, ഭൂനയ ബിൽ, അഴിമതി നിരോധനബിൽ മുതലായ ബില്ലുകളുടെ കാര്യമാലോചിക്കാൻ നിയമസഭ അടിയന്തിരമായി വിളിച്ചു കൂട്ടണമെന്നതാണ് ഞങ്ങളുടെ ആവശ്യം.

ഈ ആവശ്യം ഐക്യമുന്നണിയിലെ മാർക്സിസ്റ്റിതര ഘടകകക്ഷികളും അനുകൂലിക്കുമെന്നു ഞങ്ങൾക്കറിയാം. നിയമസഭയും ഏകോപനസമിതിയും സംയുക്ത പാർലിമെണ്ടറി പാർട്ടിയും മാർക്സിസ്റ്റുകാർ കാരണം സ്തംഭിച്ചു കിടക്കുന്ന ഈ സന്ദർഭത്തിൽ അവർ ഈ മുന്നണി തകർക്കൽ പരിപാടിയിൽ നിന്നു പിന്തിരിയണമെന്നാണ് ഞങ്ങൾക്കു പറയാനുള്ളത്. മർക്കടമുഷ്ടി ഉപേ

mappilaheritagelibrary.com

ക്ഷിച്ച് മുന്നണി മുന്നോട്ടു കൊണ്ടുപോകാൻ അവർ തയ്യാറാകുന്നില്ലെങ്കിൽ മുന്നണിക്കെന്തെങ്കിലും അപകടം വന്നാൽ അതിനുള്ള മുഴുവൻ ഉത്തരവാദിത്വവും അവർക്കു തന്നെയായിരിക്കും.

ഈ ഘട്ടത്തിൽ ഭാവിയിൽ എന്തു നിലപാടാണ് കൈക്കൊള്ളേണ്ടതെന്നാലോചിക്കാൻ സപ്തംബർ 4 നു മുന്നണിയിലെ സഹകക്ഷികളുമായി തിരുവനന്തപുരത്തുവെച്ച് സംഭാഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാനും ഞങ്ങളാഗ്രഹിക്കുന്നു.

(1969 ആഗസ്റ്റ് 3)

mappilaheritagelibrary.com

28
മുസ്‌ലിംലീഗും കേരളത്തിലെ രാഷ്ട്രീയസംഭവവികാസങ്ങളും

കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷകളോടും പ്രത്യാശകളോടും കൂടി ഊട്ടിയുണ്ടാക്കിയ ഐക്യമുന്നണി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മർക്കടമുഷ്ടി മനോഭാവവും വൻ പാർട്ടി മനസ്ഥിതിയും സ്വന്തം കക്ഷി താല്പര്യങ്ങളും കാരണം തകർന്നിരിക്കയാണ്.

നിയമസഭയും ജനകീയ ഗവൺമെന്റും ഇല്ലാതെയുള്ള കേരളസ്റ്റേറ്റിന്റെ ദയനീയസ്ഥിതിയിൽ പ്രസിഡന്റ് ഭരണം നിലവിലുള്ള അവസ്ഥയിൽ മദിരാശിയിൽ 1966 മേയ് 30-ാം നു ചേർന്ന ഇന്ത്യ�ൻ യൂണിയൻ മുസ്‌ലിംലീഗിന്റെ പ്രവർത്തക സമിതിയുടെ സുപ്രധാനമായ തീരുമാനമാണ് കേരളത്തിൽ ഐക്യമുന്നണിയുടെ ബിജാവാപം നടത്തിയത്. "ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ മറ്റു പ്രതിപക്ഷകക്ഷികളുമായി സഹകരിക്കാൻ ഇന്ത്യയിലെ മുസ്‌ലിംകളുടെ ഒരേയൊരു രാഷ്ട്രീയ പ്രാതിനിധ്യ സംഘടനയെന്ന നിലയിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് തീരുമാനിക്കുന്നു" എന്ന മദിരാശി പ്രമേയം കേരളത്തിലും മറ്റു ചിലേടങ്ങളിലും ഐക്യമുന്നണികൾക്ക് കളമൊരുക്കി.

മദിരാശി പ്രമേയത്തെ തുടർന്ന് 1966 സപ്തംബറിൽ എറണാകുളത്തു ചേർന്ന കേരളത്തിലെ പ്രമുഖ കോൺഗ്രസേതര കക്ഷികൾ രാഷ്ട്രീയസ്ഥിതികൾ ചർച്ചചെയ്യുകയും അതിന്റെ ഫലമായി "കേരളത്തിലെ രാഷ്ട്രീയമായ അനിശ്ചിതത്വം അവസാനിപ്പിച്ചു ഒരുറച്ച കോൺഗ്രസ്സിതരജനകീയ ഗവൺമെന്റ് രൂപീകരിക്കാൻ നടപടികളെടുക്കണമെന്ന്" ഏകകണ്ഠമായി തീരുമാനിക്കുകയും ചെയ്തു. പ്രതിപക്ഷപാർട്ടികളുടെ ഐക്യമുന്നണി അങ്ങിനെ നിലവിൽ വന്നു. ഐക്യമുന്നണിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന മിനിമം പരിപാടി അംഗീകരിച്ചു. 1967 ഫെബ്രുവരിയിൽ നടന്ന പൊതുതിരഞ്ഞെടുപ്പിനെ ഐക്യമുന്നണി നേരിട്ടു. കേരളത്തിലെ ജനലക്ഷങ്ങൾ മുന്നണിയിൽ പരിപൂർണ്ണ വിശ്വാസം അർപ്പിച്ചു മുന്നണി മന്ത്രിസഭ ധാരാളം പ്രതീക്ഷകളോടെ അധികാരത്തിൽ പ്രവേശിക്കുകയും ചെയ്തു.

മന്ത്രിസഭയുടെ പ്രവർത്തനം നിയന്ത്രിക്കാനും നിർദ്ദേശം നല്കുവാനും മുന്നണി സുഗമമായി പ്രവർത്തിക്കുവാനും ഏകോപനസമിതിയും സംയുക്ത നിയമസഭാകക്ഷിയും രൂപീകരിക്കപ്പെട്ടു. സ്വഭാവികമായും പ്രധാനഘടകമെന്ന നിലയിൽ ഇതിന്റെ നേതൃത്വം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കായിരുന്നു.

mappilaheritagelibrary.com

അധികാരത്തിൽ പ്രവേശിച്ച് അധികമാസങ്ങൾ കഴിയുന്നതിന് മുമ്പ് തന്നെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തനിനിറം വെളിപ്പെട്ടു തുടങ്ങിയിരുന്നു. സ്വന്തം പാർട്ടിയുടെ താല്പര്യങ്ങൾക്ക് മുൻഗണന നൽകി കൊണ്ട് മറ്റു ഘടക കക്ഷികളോട് അവഗണനാനയം അവർ അവലംബിച്ചു. നിയമസമാധാനപാലനം, ഭക്ഷ്യപ്രശ്നം തുടങ്ങിയ പരിപാടികൾ നടപ്പാക്കുന്നതിൽ അവർ അമാന്തം കാണിച്ചു ഈ കാര്യങ്ങൾ അന്നുതന്നെ മുസ്‌ലിംലീഗ് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഐക്യമുന്നണി മന്ത്രിസഭ അധികാരത്തിൽ പ്രവേശിച്ചു ആറുമാസമായപ്പോൾ 1967 ഒക്ടോബറിൽ മലമ്പുഴയിൽ ചേർന്ന സംസ്ഥാന മുസ്‌ലിംലീഗ് കൗൺസിൽ ഭക്ഷ്യപ്രശ്നത്തിന് പ്രായോഗിക പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടും പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കികൊണ്ടു നിയമസമാധാനനില സുസ്ഥാപിതമാക്കേണ്ട ആവശ്യകത ഊന്നിപ്പറഞ്ഞു കൊണ്ടും ഘരാവോ തുടങ്ങിയ അനാശാസ്യ പ്രവണതകളെ അപലപിച്ചുകൊണ്ടും പ്രമേയങ്ങൾ അംഗീകരിച്ചു, ഗവൺമെന്റിന്റെ പരിഗണനക്ക് സമർപ്പിച്ചത് സ്മരണീയമാണ്.

അഴിമതിനിരോധം

കേരള രാഷ്ട്രീയത്തിൽ അടുത്തകാലത്ത് ഏറ്റവും അധികം ഒച്ചപ്പാട് ഉണ്ടാക്കിയ കാര്യമാണല്ലോ അഴിമതിനിരോധം. അഴിമതി ആരോപണങ്ങളെ സംബന്ധിച്ചു അന്വേഷണം നടത്തണമെന്നതിനെപ്പറ്റി കോ-ഓർഡിനേഷൻ കമ്മറ്റിയിലും അസംബ്ളിക്കകത്തും പുറത്തും മുസ്‌ലിംലീഗ് സ്വീകരിച്ച നിലപാട് വ്യക്തമാണ്. ഈ വിഷയത്തിൽ ആഗസ്റ്റ് 24 നു കൊയിലാണ്ടിയിൽ ചേർന്ന സംസ്ഥാന മുസ്‌ലിംലീഗ് പ്രവർത്തകസമിതി അംഗീകരിച്ച പ്രമേയത്തിലെ പ്രസക്ത ഭാഗം താഴെ കൊടുക്കുന്നു:-

''അഴിമതിയില്ലാത്ത സംശുദ്ധമായ ഒരു ഭരണം പൊതുജനങ്ങൾക്ക് വാഗ്ദാനം ചെയ്ത ഐക്യമുന്നണി മന്ത്രിതലത്തിലും പാർട്ടിതലത്തിലും ഉണ്ടെന്നു പറയപ്പെടുന്ന അഴിമതികളെക്കുറിച്ചന്വേഷിക്കുവാൻ പബ്ളിക്മെൻ എൻക്വയറീസ്ബിൽ അതിവേഗം പാസ്സാക്കി അതനുസരിച്ചുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്നും ആ ബിൽ പാസ്സാക്കാൻ കാലതാമസം വരുന്നതിനാൽ നിയമസഭയിലുന്നയിച്ചു കഴിഞ്ഞതും മുഖ്യമന്ത്രി പരിശോധിച്ചതൊഴികെ ബാക്കിയുള്ളതുമായ ആരോപണങ്ങളെക്കുറിച്ചന്വേഷിക്കാൻ ഒരിടക്കാല ഏർപ്പാട് ഉണ്ടാകേണ്ടതാണെന്നും മുസ്‌ലിംലീഗ് വാദിച്ചു. മുന്നണിയിലെ ചില ഘടക കക്ഷികളും ഈ വാദത്തോടു യോജിക്കുകയുണ്ടായി. ഈ വാദങ്ങൾ സ്വീകരിച്ച് നടപടിക്രമങ്ങൾ ഏർപ്പെടുത്തുന്നതിനു പകരം മുസ്‌ലിംലീഗിനെ അധിക്ഷേപിക്കാനും ലീഗിന്റെമേൽ ഗൂഢാലോചനയടക്കമുള്ള കുറ്റങ്ങൾ ചുമത്താനുമാണ് മാർക്സിസ്റ്റ് പാർട്ടി മുതിർന്നത്. അഴിമതി അന്വേഷണബില്ലിനെ സംബന്ധിച്ചേടത്തോളം ഒരു മെല്ലേപ്പോകൽ നയവും, ഇടക്കാല മെഷനറിയെ സംബന്ധിച്ചേടത്തോളം ഒരു നിഷേധാത്മക നയവുമാണവർ സ്വീകരിച്ചത്. മുന്നണിയിലെ എത്ര ഘടകകക്ഷികളാവശ്യപ്പെട്ടാലും തങ്ങളുടെ പൊളിറ്റ്ബ്യൂറോ തീരുമാനിക്കുന്നത് മറ്റുള്ളവർ അംഗീകരിക്കണമെന്ന ഒരു നിലപാടാണവർ അവലംബിച്ചത്. നിയമസഭയിലെ അജണ്ട തയ്യാറാക്കുന്നതിൽപ്പോലും പൊളിറ്റ്ബ്യൂറോവിന്റെ ഉപദേശമനുസരിച്ച് അവർ ഒരു തടസ്സനയമാണ് സ്വീകരിച്ചത്. ഒരു കൊല്ലത്തിലധികമായി സിലക്ട് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയ പഞ്ചായത്ത് രാജ് ബിൽ എപ്പോൾ ആലോചനക്കെടുക്കുമെന്നു കൂടി പറയാതെ അവർ കടന്നു ചാടുകയും ഇതുവരെ അവരുടെ മന്ത്രി വെച്ച്താമസിപ്പിച്ചതും ഇനിയുമവരുടെ നേതാ

mappilaheritagelibrary.com

ക്കന്മാർ വെച്ച്താമസിപ്പിക്കാൻ നിയമസഭയിൽ നോട്ടീസ് കൊടുത്തതുമായ ഭൂനയ ബില്ലിന് മുൻഗണന നൽകുമെന്നു അവർ ആലോചിക്കാതെ പ്രസ്താവിക്കുകയും നിയമസഭയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം വലിച്ചിടുകയും ചെയ്തു. മുസ്‌ലിംലീഗിന്റെയും മറ്റു സഹകക്ഷികളുടെയും വിട്ടുവീഴ്ച മനസ്ഥിതി കൊണ്ടാണ് സർവ്വസ്വീകാര്യമായ ഒരജണ്ടയുണ്ടാക്കാൻ ബിസ്സിനസ്സ് അഡ്വൈസറി കമ്മിറ്റിക്ക് കഴിഞ്ഞത്. അഴിമതിയാരോപണത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന പ്രമേയം സഭയിൽ വന്നപ്പോൾ അതിനെ അനുകൂലിക്കുവാൻ മുസ്‌ലിംലീഗും ചില സഹകക്ഷികളും തീരുമാനിച്ചതായിരുന്നു. ഇതിൽ ഗൂഢാലോചനയൊന്നുമില്ല. ഇത് പരസ്യമായി പ്രസ്താവിച്ചതാണ്. ഇത് മുസ്‌ലിംലീഗും സഹകക്ഷികളുമെടുത്ത നയത്തിന്റെ തുടർച്ചയാണ്. ഈ പ്രശ്നത്തിൽ മറിച്ചൊരു മാർഗ്ഗം സ്വീകരിക്കാൻ മുസ്‌ലിംലീഗിനു നിർവ്വാഹമില്ല. എന്നാൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തടസ്സനയം മൂലം പ്രമേയമവതരിപ്പിക്കാൻ പോലും കഴിഞ്ഞില്ല."

അങ്ങിനെ അന്നു അനിശ്ചിതകാലത്തേക്ക് അസംബ്ളി നിർത്തിവെച്ചു. സെപ്തംബർ 29-ാംനു വീണ്ടും അസംബ്ളി ചേരുന്നതിന്നിടയിൽ ഘടകകക്ഷികൾ തമ്മിലുള്ള അഭിപ്രായഭിന്നതകൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളൊന്നും മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പക്ഷത്ത് നിന്ന് ഉണ്ടായില്ല. മാർക്സിസ്റ്റുകാരനായ കൺവീനർ കോ-ഓർഡിനേഷൻ കമ്മിറ്റി വിളിച്ചു കൂട്ടിയില്ല. മാർക്സിസ്റ്റുകാരനായ സെക്രട്ടറി സംയുക്ത നിയമസഭാകക്ഷി യോഗം വിളിച്ചു കൂട്ടിയുമില്ല.

ഐക്യമുന്നണിയിലെ ഘടകകക്ഷികൾ തമ്മിലുള്ള അഭിപ്രായ ഭിന്നതകൾ മൂർദ്ധന്യഘട്ടത്തിൽ എത്തിയപ്പോഴാണ് മുഖ്യമന്ത്രി നമ്പൂതിരിപ്പാട് ആഗസ്റ്റ് മദ്ധ്യത്തിൽ ചികിത്സാർത്ഥം വിദേശത്തേയ്ക്കു പോയത്. മന്ത്രിസഭാ പ്രവർത്തനത്തെ സംബന്ധിച്ചോ ഐക്യമുന്നണിയുടെ നിലപാടിനെ കുറിച്ചോ ഘടക കക്ഷികളോടോ സഹമന്ത്രിമാരോടുപോലുമോ അദ്ദേഹം കൂടിയാലോചിച്ചിരുന്നില്ല. ജ: ബാഫക്കി തങ്ങൾ ഒരു പ്രസ്താവനയിൽ ഈ കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ അസ്ഥാനത്ത് അനാവശ്യമായി ലീഗിനെ പഴി പറയാനും ഗൂഢാലോചന കുറ്റം ചുമത്താനുമാണ് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ മുതിർന്നത്.

ഒട്ടേറെ അഴിമതി ആരോപണങ്ങൾക്ക് വിധേയനായ ആരോഗ്യവകുപ്പുമന്ത്രി വെല്ലിങ്ടന്റെ പേരിൽ കമ്മീഷൻ ഓഫ് എങ്കയറീസ് ആക്ട് അനുസരിച്ച് അന്വേഷണം നടത്തണമെന്ന ഒരു ഐക്യമുന്നണി എം.എൽ.എ യുടെ (ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയിലെ മി.ചന്ദ്രശേഖരൻ നായർ) പ്രമേയം ഒക്ടോബർ 3-ാം തീയതി നിയമസഭ പാസ്സാക്കി. അതു തടയുന്നതിനും മാർക്സിസ്റ്റുകൾ വ്യത്തികെട്ട അടവുകൾ സ്വീകരിച്ചിരുന്നുവെങ്കിലും ബഹുമാനപ്പെട്ട സ്പീക്കറുടെ ഉറച്ച നിലപാടു കാരണം അത് വിഫലമാകുകയാണ് ഉണ്ടായത്.

1969 ഒക്ടോബർ 11-ാം തീയതി കോഴിക്കോട് പുതിയങ്ങാടിയിൽ ജ:ബാഫക്കി തങ്ങളുടെ വസതിയിൽ ചേർന്ന മുസ്‌ലിംലീഗ്, സി.പി.ഐ, ഐ.എസ്സ്.പി, ആർ. എസ്.പി എന്നീ 4 ഘടകകക്ഷികളുടെ നേതൃത്വസമ്മേളനം എല്ലാ സംഭവവികാസങ്ങളെ സംബന്ധിച്ചും ചർച്ച നടത്തുകയും സുപ്രധാനമായ ഒരു പ്രമേയം അംഗീകരിക്കുകയും ചെയ്തു. ആ പ്രമേയത്തിന്റെ പൂർണ്ണരൂപമാണ് താഴെ കൊടുക്കുന്നത്.

സുപ്രധാനമായ കോഴിക്കോട് പ്രമേയം

ആരോഗ്യവകുപ്പുമന്ത്രി ശ്രീ.വെല്ലിംഗ്ടന്റെ പേരിൽ ഉന്നയിക്കപ്പെട്ട

mappilaheritagelibrary.com

ആരോപണങ്ങളെപ്പറ്റി ഒരന്വേഷണം നടത്തണമെന്ന നിയമസഭയുടെ പ്രമേയം നടപ്പിലാക്കുന്ന കാര്യത്തിൽ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി സ്വീകരിക്കുന്ന നയം ഐക്യമുന്നണി ഭരണത്തിന്റെ സുഗമമായ പ്രവർത്തനത്തെ അപകട ത്തിലാക്കിയിരിക്കുന്നു. പ്രമേയം പാസ്സായി നിമിഷങ്ങൾക്കകം തന്നെ മുൻ തീരു മാനപ്രകാരം കൂടാനിരുന്ന മന്ത്രിസഭായോഗം മാർക്സിസ്റ്റ് മന്ത്രി ശ്രീമതി ഗൗരി ഏകപക്ഷീയമായി മാറ്റിവെക്കുകയുണ്ടായി. മാർക്സിസ്റ്റ് പാർട്ടിയും കെ.ടി.പി, കെ.എസ്.പി. മന്ത്രിമാരും ചേർന്ന് ഒരു ഗൂഢാലോചന നടത്തി ഐക്യമുന്നണി യുടെ സ്പീക്കർക്കെതിരായി അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകി. നിയ മസഭാ നടപടികൾ സമാധാനപരമായി നടത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമ ല്ലാത്ത സ്ഥിതിവിശേഷം അവർ മനപൂർവ്വം സൃഷ്ടിച്ചു. ആരേയും പ്രകോപിപ്പി ക്കത്തക്കമുള്ള അട്ടഹാസങ്ങളും അസഭ്യം പറച്ചിലും നിയമസഭയിൽ ഉയർത്തി. ജീവനെപ്പോലും ഭീഷണിപ്പെടുത്തിക്കൊണ്ടു വെല്ലുവിളികൾ തൊഴിൽകാര്യമ ന്ത്രിയിൽ നിന്നുണ്ടായി. ഖേദം പ്രകടിപ്പിക്കണമെന്ന എല്ലാ കക്ഷിനേതാക്കളുടെ അഭ്യർത്ഥനപോലും തൊഴിൽമന്ത്രി നിഷേധിച്ചു. അതിന്നപ്പുറവും കടന്നു രാജ്യത്തു ഒരാഭ്യന്തര യുദ്ധത്തിനും തന്നെ തൊഴിൽമന്ത്രി പരസ്യമായി ആഹ്വാനം ചെയ്തു.

നിയമസമാധാനം അപകടത്തിൽ

നിയമസഭാ സമ്മേളന രംഗത്തെ ഈവിധ നടപടികൾ നടന്നുകൊണ്ടിരി ക്കുമ്പോൾ തന്നെ ഭരണരംഗത്തു നിയമസമാധാനം അപകടത്തിലാകുന്ന സംഭ വങ്ങൾക്ക് രാജ്യത്തിലുടനീളം മാർ:കമ്യൂ: പാർട്ടി വ്യക്തമായ നേതൃത്വം നൽകി ക്കൊണ്ടിരിക്കുന്നു. ഗവൺമെന്റ് ഭൂമിയും സ്വകാര്യഭൂമിയും ബലമായി കയ്യേറു വാനുള്ള മാർക്സിസ്റ്റ് പ്രവർത്തകരുടെ പരസ്യാഹ്വാനവും തുടർന്നുള്ള കയ്യേ റ്റവും പല സ്ഥലത്തും പരസ്പര സംഘട്ടനങ്ങൾക്കും കലാപത്തിനും വഴിതെ ളിയിച്ചു. തൊഴിൽ സമരങ്ങൾ പോലും വിഭാഗീയ രാഷ്ട്രീയ പോരുകൾക്കുള്ള രംഗങ്ങളായി മാറ്റുകയാണ് അവർ ചെയ്തത്. പോലീസ് തികച്ചും ഒരു കക്ഷി യുടെ താല്പര്യത്തിനുവേണ്ടി നിലകൊള്ളുവാൻ ബാദ്ധ്യസ്ഥരാണെന്ന നില പല രംഗങ്ങളിലും ഉറപ്പിക്കപ്പെട്ടു.

സ്വജനപക്ഷപാതവും അഴിമതിയും

ഒരു ജനാധിപത്യ ഗവൺമെന്റിന്റെ സാമാന്യ മര്യാദകളുടെ മൂടുപടം പോലും വലിച്ചെറിഞ്ഞ് ട്രാൻസ്പോർട്ടു നിയമനങ്ങളിലും സർക്കാർഭൂമി വിതരണത്തിലും സ്വജനപക്ഷപാതവും അഴിമതിയും അനസ്യൂതമായി തുടർന്നു വരുന്നു. അപേ ക്ഷപോലും ക്ഷണിക്കാതെ സ്വന്തം കക്ഷിക്കാരെ എവിടെയെല്ലാം തിരുകിക്കയ റ്റാൻ കഴിയുമോ അവിടെയെല്ലാം ദിവസേന നിയമങ്ങൾ നടത്തിക്കൊണ്ടിരി ക്കുന്നു. ശ്രീ.വെല്ലിംഗ്ടന്റെ പേരിലുള്ള അഴിമതിയാരോപണങ്ങളെപ്പറ്റി അന്വേ ഷണം വേണമെന്നു ആവശ്യപ്പെട്ടതുകൊണ്ട് മറ്റു മന്ത്രിമാരുടെ പേരിലെല്ലാം അഴിമതി ആരോപണങ്ങൾ ക്ഷണിച്ചുവരുത്തി സഹോദരപാർട്ടികളെ കരിതേ ക്കുവാനുള്ള ഹീനമായ ശ്രമവും ഇതോടൊപ്പം നടന്നു. മതവികാരങ്ങളെ ഇള ക്കിവിടുന്നതിന് പോലും മാർക്സിസ്റ്റ് പാർട്ടിയും അനുയായികളും നിർലജ്ജം തയ്യാറായി.

ഭൂനയബില്ലും മറ്റു ജനോപകാരപ്രദമായ നിയമനിർമ്മാണങ്ങളും പാസ്സാക ണമെന്നുള്ളതു കൊണ്ട് അങ്ങേ അറ്റത്തെ സഹിഷ്ണതയാണ് ഞങ്ങൾ പ്രക ടിപ്പിച്ചത്. ഐക്യമുന്നണിയും ഗവൺമെന്റും ഇന്ന് എവിടെയാണ് നില്ക്കുന്നത്? നയപരിപാടികൾക്ക് രൂപം കൊടുക്കേണ്ട ഏകോപനസമിതി കൂടാറില്ല.

mappilaheritagelibrary.com

മന്ത്രിസഭാ പ്രവർത്തനം സ്തംഭിച്ച് ഭരണസ്തംഭനത്തിന് തന്നെ വഴിതെളിയിച്ചിരിക്കുന്നു. നിയമസഭയിൽ വരുന്ന നയപരമായ കാര്യങ്ങളിൽ ഐക്യമുന്നണിയിലെ ഘടക കക്ഷികൾക്ക ഒരു യോജിച്ച സമീപനം ഇല്ല. അതേ അവസരത്തിൽ ഇതരഘടകകക്ഷി അണികളിൽ പ്രലോഭനങ്ങളുമായി ഭിന്നിപ്പുണ്ടാക്കുവാനുള്ള ഹീനമായ ശ്രമങ്ങൾ അധികാരകൊതി മൂത്ത മാർക്സിറ്റ് കക്ഷിയിൽ നിന്ന് ഉണ്ടായിരിക്കുന്നു.

ജനങ്ങളോട് ചെയ്ത പ്രതിജ്ഞ ലംഘിച്ചു

ഐക്യമുന്നണി രൂപീകരിച്ച കാലത്ത് ജനങ്ങളോട് ചെയ്ത പ്രതിജ്ഞകൾ ലംഘിക്കപ്പെട്ടിരിക്കുന്നു. ഒരു സൽഭരണം പോയിട്ട് ഒരു ഭരണം പോലും ഇന്നില്ലാതായിരുന്നു. ഘടക കക്ഷികളുടെ അഭിപ്രായങ്ങളെ തുടർച്ചയായി അവഗണിച്ചതും മാർക്സിസ്റ്റിന്റെ മാത്രം അഭിപ്രായം ഇതരകക്ഷികൾ അംഗീകരിക്കണമെന്നുള്ള മേധാവിത്വ മനോഭാവത്തിൽ അധിഷ്ഠിതമായി വിഭാഗീയ പ്രവണതയാണ് ഈ സ്ഥിതിവിശേഷം ഉളവാക്കിയിരിക്കുന്നത്. കേരളത്തിലെ ഇന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികളെപ്പറ്റി മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പൊളിറ്റ് ബ്യൂറോ പാസ്സാക്കിയ പ്രമേയം ഐക്യമുന്നണിയെ വെട്ടിമുറിക്കുവാൻ അവസാനമായി എടുത്തിരിക്കുന്ന വാളാണ്. ഈ വാൾ സ: ഇ.എം.എസ്സിനെ ഏല്പിച്ചിരിക്കയാണ്.

എട്ടു കാര്യങ്ങൾ

ഈ സന്ദർഭത്തിൽ ഐക്യമുന്നണി നേതാവാണെന്ന നിലയിൽ മുഖ്യമന്ത്രി താഴെ പറയുന്ന എട്ടു കാര്യങ്ങൾ ചെയ്യുവാൻ മുന്നോട്ടു വരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഘടകകക്ഷികളുടെയും സ്വന്തം അണികളുടെയും നിയമസഭയുടെയും അഭിപ്രായത്തെ മാനിച്ചു ശ്രീ.വെല്ലിംഗ്ടന്റെ പേരിൽ കമ്മീഷൻ ഓഫ് എങ്കയറീസ് ആക്ട് അനുസരിച്ചു ജൂഡീഷ്യൽ അന്വേഷണത്തിന് ഒക്ടോബർ 18-ാം നുക്കകം ഉത്തരവിടേണ്ടതാണ്. ഇതുകൊണ്ടുമാത്രം പ്രശ്നപരിഹാരമാകുകയില്ല. തുടർന്നു താഴെപറയുന്ന കാര്യങ്ങളെ സംബന്ധിച്ചു തീരുമാനം ഉണ്ടാക്കാനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്.

1. നിയമസഭക്കകത്തും പുറത്തും പ്രതിപക്ഷത്ത് നിന്നും ഭരണകക്ഷികളിൽ നിന്നും അഴിമതി ആരോപിക്കപ്പെട്ട എല്ലാ മന്ത്രിമാരുടെ പേരിലും നിഷ്പക്ഷമായ അന്വേഷണത്തിനു വേണ്ട ഏർപ്പാട് ഏകോപനസമിതിയോഗം കൂടി ആവിഷ്ക്കരിക്കുക.

2. അരിയുടെ മൊത്തക്കച്ചവടം ഒന്നടങ്കം ഫുഡ്കോർപ്പറേഷനെ ഏല്പിക്കുക. റൈസ്മില്ലുകൾ ഏറ്റെടുക്കുക. വൻകിട ജന്മിമാരിൽ നിന്നും മിച്ചമുള്ള നെല്ല് ഗവൺമെന്റ് എടുക്കുക. ഭൂവിതരണക്കമ്മിറ്റികൾ മുഖാന്തിരം ഭൂപതിപ്പ് നടത്തുക. അങ്ങനെയല്ലാത്ത ഭൂപതിപ്പുകൾ റദ്ദു ചെയ്യുക അനധികൃതമായ ഭൂമികയ്യേറ്റം നിർത്തുക. പോലീസ് അക്രമത്തിലുള്ള അന്വേഷണം നടത്തുക തുടങ്ങി ഏകോപന സമിതി തീരുമാനമെടുത്ത കാര്യങ്ങൾ അടിയന്തിരമായും നടപ്പിൽ വരുത്തുക.

3. ഭൂനയബില്ല്, കടാശ്വാസബില്ല്, പഞ്ചായത്ത് രാജ് ബില്ല്, ട്രേഡ് യൂണിയൻ ബില്ലുകൾ അഴിമതി നിവാരണബില്ല് എന്നിവ നിയമസഭയുടെ ഈ സമ്മേളനത്തിൽ തന്നെ പാസ്സാക്കുക.

4. ഘടക കക്ഷികൾ ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏകോപന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക

mappilaheritagelibrary.com

5. സ്പീക്കർക്കെതിരായി നോട്ടീസ് നല്കിയിട്ടുള്ള അവിശ്വാസ പ്രമേയം പിൻവലിക്കുക

6. ട്രാൻസ്പോർട്ട് കോർപറേഷൻ അടക്കം എല്ലാ കോർപ്പറേഷനിലെയും നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മീഷന് വിടുക.

7. ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ അടുത്ത കാലത്തു നടന്നിട്ടുള്ള ക്രമ രഹിതമായ നിയമനങ്ങളെപ്പറ്റി അന്വേഷണം നടത്തുക

8. ഭരണയന്ത്രം പ്രത്യേകിച്ച് പോലീസ് സ്വന്തം പാർട്ടി താൽപര്യത്തിന് വേണ്ടി വിനിയോഗിക്കുന്ന സമ്പ്രദായം നിർത്തലാക്കുക.

ഈ കാര്യങ്ങളിൽ വ്യക്തവും തൃപ്തികരവുമായ തീരുമാനങ്ങൾ എത്രയും വേഗം ഉണ്ടായിട്ടില്ലെങ്കിൽ ഐക്യമുന്നണിയുടെ തുടർന്നുള്ള നിലനില്പു തന്നെ ജനങ്ങളോട് ചെയ്ത വാഗ്ദാനത്തിനു എതിരാകയാൽ ഇ.എം.എസിന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിന് ഞങ്ങളുടെ കക്ഷികൾ നൽകിയ പിന്തുണ പിൻവലിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിത്തീരും.

വിദേശത്തു ചികിത്സക്കു പോയിരുന്ന മുഖ്യമന്ത്രി ആരോഗ്യം വീണ്ടെടുത്തുകൊണ്ട് ഒക്ടോബർ 1-ന് തിരുവനന്തപുരത്ത് തിരിച്ചെത്തി. നാലു ഘടകകക്ഷികളുടെ നേതാക്കൾ 4-ന് മുഖ്യമന്ത്രിയെ കാണുകയും കോഴിക്കോട്ടെ പ്രമേയത്തിന്റെ കോപ്പി അദ്ദേഹത്തിന് സമർപ്പിക്കയും ചെയ്തു. കോഴിക്കോട് പ്രമേയത്തിന്റെ കോപ്പി സമർപ്പിക്കാൻ പോയ നാലുകക്ഷികളുടെ നേതാക്കളോട് പ്രമേയത്തിൽ പറഞ്ഞ കാര്യങ്ങളെപ്പറ്റി ചർച്ച നടത്താമെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചിരുന്നു. പക്ഷെ അതനുസരിച്ചുള്ള നീക്കമൊന്നും അദ്ദേഹത്തിൽ നിന്നു പിന്നീട് കാണുകയുണ്ടായില്ല. കോഴിക്കോട്ടെ ഈ പ്രമേയത്തെ ആധാരമാക്കി ഒക്ടോബർ 17 ന് വെള്ളിയാഴ്ച മുഖ്യമന്ത്രി നമ്പൂതിരിപ്പാട് നിയമസഭയിൽ നിർണ്ണായകമായ ഒരു പ്രസ്താവന ചെയ്തു. അന്വേഷണം നടത്തണമെന്ന് അസംബ്ളി പ്രമേയം പാസ്സാക്കിയ ശ്രീ. വെല്ലിംഗടന്റേയും സി.പി.ഐയിലെ എം.എൻ.ഗോവിന്ദൻ നായർ, ടി.വി.തോമസ്, ഐ.എസ്.പിയിലെ പി.ആർ. കുറുപ്പ് എന്നിവരുടേയും പേരിൽ അന്വേഷണം നടത്തുമെന്നുള്ളതായിരുന്നു ആ പ്രസ്താവന. ഗുരുതരമായ ആരോപണം ഉന്നയിക്കപ്പെട്ടിട്ടുണ്ടായിരുന്ന തന്റെ സ്വന്തം കക്ഷിയിലെ മന്ത്രിമാരായ ശ്രീമതി ഗൗരി, എം.കെ.കൃഷ്ണൻ, ഇമ്പിച്ചിബാവ എന്നിവരേയും തൊഴിൽകാര്യമന്ത്രി മത്തായിമാഞ്ഞൂരാനേയും ബോധപൂർവ്വം അന്വേഷണത്തിന് വിധേയമാക്കാതെ മാറ്റിനിർത്തുകയാണ് ഉണ്ടായത്. അന്വേഷണവിധേയരാക്കിയവരുടെ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ചാർജുകളെപ്പറ്റി പരിശോധിക്കുകയോ പ്രഥമദൃഷ്ട്യാ കേസ്സുണ്ടോ എന്ന് തിട്ടപ്പെടുത്തുവാൻ താൻ പരിശ്രമിക്കുകയോ ചെയ്തിട്ടില്ലെന്ന് മുഖ്യമന്ത്രി തന്റെ പ്രസ്താവനയിൽ സൂചിപ്പിച്ചിട്ടുള്ളതു ശ്രദ്ധേയമായ വസ്തുതയാണ്. അഴിമതി ആരോപണങ്ങൾക്ക് വിധേയരായ മന്ത്രിമാരെക്കുറിച്ച് അന്വേഷണം നടത്തുന്ന കാര്യത്തിൽ മുസ്‌ലിംലീഗ് ഒരിക്കലും വിലങ്ങുതടിയായിരുന്നില്ല. ഈ കാര്യം ഏറ്റവും ഒടുവിൽ അംഗീകരിച്ച കോഴിക്കോട് പ്രമേയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ പ്രസ്താവന പുറത്തുവന്ന ഒക്ടോബർ 17-ാംനു വൈകുന്നേരം തന്നെ അന്വേഷണവിധേയരായ ടി.വി, എം.എൻ, പി.ആർ. എന്നിവരും ആർ.എസ്.പി.മന്ത്രി ദിവാകരനും മുസ്‌ലിംലീഗ് മന്ത്രിമാരായ അവുക്കാദർകുട്ടിനഹയും സി.എച്ച് മുഹമ്മദുകോയയും രാജി സമർപ്പിച്ചു. ഇത് സംബന്ധിച്ച് സംസ്ഥാന മുസ്‌ലിംലീഗ് പ്രസിഡണ്ട് ജ:സെയ്ത് അബ്ദുറഹിമാൻ ബാഫക്കി തങ്ങൾ പുറപ്പെടുവിച്ച പ്രസ്താവന സ്വയം സംസാരിക്കുന്നതാണ്. പ്രസ്താവ

mappilaheritagelibrary.com

നയുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

ജ: ബാഫക്കി തങ്ങളുടെ പ്രസ്താവന

"ഒക്ടോബർ 11-ന് പുതിയങ്ങാടിയിൽ വെച്ചു നാലു കക്ഷികൾ എടുത്ത തീരുമാനം നമ്പൂതിരിപ്പാടിന് സമർപ്പിക്കുകയുണ്ടായി. അക്കാര്യത്തിൽ അദ്ദേഹം നീതിപൂർവ്വമായ തീരുമാനം കൈകൊള്ളുമെന്നായിരുന്നു ഞങ്ങൾ വിശ്വസിച്ചിരുന്നത്. മുഖ്യമന്ത്രി തന്റെ ഭരണകക്ഷികളോടും ജനങ്ങളോടും നീതി പ്രവർത്തിക്കുമെന്ന് ഞാൻ ആശിച്ചിരുന്നു. എന്നാൽ അദ്ദേഹം ജർമ്മനിയിൽ നിന്നു തിരിച്ചുവന്നശേഷം ഇന്ന് അസംബ്ളിയിൽ ചെയ്ത പ്രസ്താവനയോടെ അദ്ദേഹത്തിൽ ഞങ്ങൾക്കുള്ള എല്ലാ വിശ്വാസവും നശിച്ചിരിക്കുന്നു എന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്.

ഒരു ഡോക്ടർക്ക് രോഗം വന്നാൽ അദ്ദേഹം തന്നെ ചികിത്സിക്കുന്ന പതിവില്ല. അതുപോലെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ പേരിൽ ആരോപണങ്ങൾ ഉണ്ടായ സ്ഥിതിക്ക് അദ്ദേഹം തന്റെ കക്ഷിയിൽപ്പെട്ട മന്ത്രിമാർ കുറ്റമറവരാണെന്നും മാർക്സിസ്റ്റിതര മന്ത്രിമാരുടെ പേരിലുള്ള ആരേപണം ഗൗരവമുള്ളതാണെന്നും പറയുന്നത് പരിഹാസ്യമായി തോന്നുന്നു. ഞങ്ങൾക്കതിൽ അത്ഭുതമുണ്ട്.

മുമ്പ് ആരോഗ്യമന്ത്രി വെല്ലിംങ്ടനെപ്പറ്റി ആരോപണമുണ്ടായപ്പോൾ തെളിവില്ലെന്നു പറഞ്ഞ മുഖ്യമന്ത്രി ഇപ്പോൾ അദ്ദേഹത്തെ അന്വേഷണത്തിനു വിധേയമാക്കിയിരിക്കയാണ്. പക്ഷേ ഇന്ന് അതിന് മറ പിടിക്കാനെന്നോണം മറ്റു മൂന്നു മാർക്സിസ്റ്റിതര മന്ത്രിമാരേയും കൂട്ടിച്ചേർത്തിരിക്കുന്നു. ഇത് നാണംകെട്ട പ്രവൃത്തിയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇങ്ങിനെ നെറികെട്ട നയമുള്ള ഒരു മുഖ്യമന്ത്രിയുടെ കൂടെ തുടരാൻ ഞങ്ങൾ ഒരുക്കമില്ല.

ആരോപണവിധേയരായ എല്ലാ മന്ത്രിമാരെക്കുറിച്ചും അന്വേഷണം വേണ്ടെന്ന് ഞങ്ങൾ ഒരിക്കലും എവിടേയും പറഞ്ഞിട്ടില്ല. അതിന് സമയവും സ്ഥാനവും നോക്കി ചെയ്യേണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. ഇ.എം.എസ്.നമ്പൂതിരിപ്പാടിനെ മുഖ്യമന്ത്രിയാക്കുമ്പോൾ അദ്ദേഹം സപ്തകക്ഷികളുടെയും മുഖ്യമന്ത്രിയായിരുന്നു. അതെല്ലാം ഇന്നദ്ദേഹം കളഞ്ഞു കുളിച്ചിരിക്കയാണ്. അദ്ദേഹമിപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയങ്ങൾ മാത്രം നടപ്പിലാക്കുന്ന ഒരു ആജ്ഞാനുവർത്തിയായി മാറിയിരിക്കുകയാണ്.

മി.ഇ.എം.എസ്.നമ്പൂതിരിപ്പാട് തന്റേയും പാർട്ടിയുടേയും അധീനത്തിലുള്ള പോലീസ്, റവന്യൂ, ധനകാര്യം എന്നീ വകുപ്പുകൾ സ്വന്തം പാർട്ടിയുടെ ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്ന ഒരു ഏകാധിപതിയായി തീർന്നിരിക്കയാണ്. ഈ ധിക്കാരം സഹിക്കാനോ അതിന് അരുനില്ക്കാനോ അധികം പേരെ ലഭിക്കുകയില്ലെന്ന് അദ്ദേഹം മനസ്സിലാക്കുന്ന കാലം വിദൂരമല്ല.

പണ്ടു സ്റ്റാലിനും മറ്റും ജനങ്ങളെ ഭീഷണിപ്പെടുത്തിയും ബലികഴിച്ചും ഭരണം നടത്തി അവരുടെ ഹിതാനുസരണം പ്രവർത്തിച്ചതുപോലെ ചെയ്യാൻ മി.നമ്പൂതിരിപ്പാട് മുതിരുകയാണെങ്കിൽ എല്ലാ കഴിവുകളും ഉപയോഗിച്ച് അദ്ദേഹത്തേയും കൂട്ടുകാരേയും നിലക്കുനിർത്തുവാൻ മടിക്കുകയില്ലെന്ന് ഞങ്ങൾ അറിയിച്ചുകൊള്ളുന്നു.

ഞങ്ങൾ 11-ന് എടുത്ത തീരുമാനം മാറ്റാൻ മി.നമ്പൂതിരിപ്പാട് ആവശ്യപ്പെടുകയുണ്ടായി. ഞങ്ങളുടെ തീരുമാനമല്ല അദ്ദേഹത്തിന്റെ തീരുമാനമാണ് മാറ്റേണ്ടത്.

തന്നെക്കുറിച്ച് അഴിമതി ആരോപണങ്ങൾ ഉണ്ടായസ്ഥിതിക്ക് അദ്ദേഹം

mappilaheritagelibrary.com

കൈക്കൊള്ളേണ്ട നിലപാട് തീർച്ചയായും ഇതായിരുന്നില്ല. ഇ.എം.എസ്.മുഖ്യ മന്ത്രിസ്ഥാനത്തു നിന്നു പുറത്തുവന്നു സത്യം എന്തെന്നു തുറന്നു കാട്ടുകയാ യിരുന്നുവേണ്ടത്. എന്നാൽ അദ്ദേഹം ചെയ്തത് അതല്ല. അദ്ദേഹം ഈ നില തുടരുകയാണെങ്കിൽ അടുത്ത തിരഞ്ഞെടുപ്പിൽ ജനങ്ങൾ കണ്ടോളും.

മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഭരണം നടത്താമെന്ന് ഉറപ്പുന ല്കിയ മുഖ്യമന്ത്രി ഇന്ന് പൊളിറ്റ്ബ്യൂറോവിന്റെ നിർദ്ദേശപ്രകാരമാണ് ഭരണം നടത്തുന്നത്. ഈ നാണം കെട്ട മന്ത്രി സഭയിൽ തുടരാൻ തയ്യാറില്ലാത്തതു കൊണ്ടാണ് ഞങ്ങൾ രാജി സമർപ്പിച്ചത്.

കക്ഷിനേതാക്കളുടെ പ്രസ്താവന

മന്ത്രിമാർ രാജിവെച്ചതിനെ സംബന്ധിച്ചു നാലു കക്ഷികളുടെയും സംസ്ഥാന സെക്രട്ടറിമാർ പുറപ്പെടുവിച്ച ദീർഘമായ പ്രസ്താവനയുടെ പൂർണ്ണ രൂപം താഴെ ചേർക്കുന്നു.

നാലാം പൊതുതിരഞ്ഞെടുപ്പിനെ തുടർന്നു 1967 മാർച്ചുമാസത്തിൽ ശ്രീ.ഇ. എം.എസ്.നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ഐക്യമുന്നണി മന്ത്രിസഭയിൽ നിന്ന് ഞങ്ങളുടെ കക്ഷിയിൽപ്പെട്ട മന്ത്രിമാർ രാജിവെച്ചിരിക്കു ന്നു.

ഞങ്ങളുടെ കടമ

ഈ രാജിക്കു പ്രേരിപ്പിച്ച സംഭവങ്ങൾ പൊതുജനങ്ങളെ അറിയിക്കേണ്ടത് ഞങ്ങളുടെ കടമയാണെന്ന് ഞങ്ങൾ കരുതുന്നു. കോൺഗ്രസ്സിന്റെ ദുർഭരണ ത്തിൽ നിന്ന് രണ്ടു വർഷത്തിലധികം നീണ്ടുനിന്ന തുടർച്ചയായ പ്രസിഡന്റ് ഭരണത്തിന് ശേഷം കേരളത്തിലെ ജനങ്ങൾ വമ്പിച്ച പ്രതീക്ഷയോടെയും ഏറിയ വിലകൊടുത്തും ഊട്ടിയുണ്ടാക്കിയതാണ് പൊതുതിരഞ്ഞെടുപ്പിന് മുമ്പ് ഏഴുകക്ഷികൾ ചേർന്നു രൂപീകരിച്ച കേരളത്തിലെ ഐക്യമുന്നണിയും അതിനെ തുടർന്നുണ്ടായ ഗവർമ്മെണ്ടും.

ആ മുന്നണി ഭരണം തകർന്നിരിക്കുന്നു. കോൺഗ്രസ്സ് ഭരണത്തിൽ കിടന്നു നട്ടം തിരിയുന്ന ഇന്ത്യയിലെ ജനങ്ങളുടെ ആശാദീപമായ കേരളത്തിലെ ഐക്യ മുന്നണി, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അവരുടെ വിഭാഗീയ വൻപാർട്ടി മേധാവിത്വ നടപടികൾ മൂലം തല്ലിക്കെടുത്തിയിരിക്കുന്നു.

ജനക്ഷേമകരമായ പല നടപടികൾ പോലും സങ്കുചിത രാഷ്ട്രീയ താല്പര്യം മുൻനിർത്തി പ്രതിബന്ധപ്പെടുത്താനാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇതി നകം ശ്രമിച്ചിട്ടുള്ളത്.

തകർത്തതു മാർക്സിസ്റ്റുകൾ

ഐക്യമുന്നണിയെ തകർച്ചയിൽ എത്തിച്ചിട്ടുള്ളതിന്റെ മുഴുവൻ ഉത്തരവാ ദിത്വവും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാണ്.

ജനങ്ങളോട് ചെയ്ത വാഗ്ദാനം നിറവേറ്റി അവരെ സേവിക്കുന്നതിന് വ്യക്ത മായ ഭരണനടപടികളും നിയമ നിർമ്മാണങ്ങളും നടപ്പിൽ വരുത്തുന്നതിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി യാതൊരു താൽപര്യവും കാണിച്ചില്ല.

ഭൂരഹിതരായ കർഷകർക്ക് തരിശുഭൂമി വിതരണം ചെയ്യൽ, മലയോര കർഷ കർക്കു സ്ഥിരം പട്ടയം കൊടുക്കൽ, കർഷക തൊഴിലാളികൾക്കൊരു ഭവന നിർമ്മാണ പദ്ധതി നടപ്പാക്കൽ, വൻകിടഭൂവുടമകളിൽ നിന്ന് മിച്ചനെല്ല് മുഴു വൻ എടുത്തു ഭക്ഷ്യവിതരണത്തിൽ സ്വകാര്യ താല്പര്യങ്ങളെ നിയന്ത്രിച്ച് ഭക്ഷ്യ സംഭരണവും വിതരണവും മെച്ചപ്പെടുത്തൽ, പടിപടിയായുള്ള ട്രാൻസ്പോർട്ട് ദേശവൽക്കരണം, അഴിമതിയില്ലാതാക്കി ഒരു ശുദ്ധമായ ഭരണം

mappilaheritagelibrary.com

ഏർപ്പെടുത്തൽ; തുടങ്ങിയ ഐക്യമുന്നണിയുടെ തിരഞ്ഞെടുപ്പു വിജ്ഞാപന ത്തിൽ വാഗ്ദാനം ചെയ്തിട്ടുള്ള പരിപാടികളൊന്നും നടപ്പിലാക്കാൻ മാർക്സിസ്റ്റ് പാർട്ടി പരിശ്രമിച്ചിട്ടില്ല.

പോലീസിനേയും ഭരണകൂടത്തേയും സ്വന്തം പാർട്ടിതാല്പര്യത്തിന് വേണ്ടി അവർ ദുരുപയോഗപ്പെടുത്തി. ഭൂനയബില്ലും, കടാശ്വാസബില്ലും പാസ്സാക്കി നട പ്പാക്കുന്നതിനേക്കാൾ കൂടുതൽ അവയെ രാഷ്ട്രീയ പ്രചരണത്തിനു പ്രയോഗി ക്കാനുള്ള വ്യഗ്രതയാണവർ കാണിച്ചത്.

അഴിമതി നിവാരണത്തിന് എല്ലാ നിലവാരത്തിലും ഫലപ്രദമായ നടപടി കൾ എടുക്കുക എന്നത് ഐക്യമുന്നണിയുടെ പ്രധാനപ്പെട്ട ഒരു തിരഞ്ഞെ ടുപ്പു വാഗ്ദാനമായിരുന്നു. ഇത് നടപ്പിൽ വരുത്താൻ ഐക്യമുന്നണിക്കകത്തു നിന്നുകൊണ്ട് ഞങ്ങളുടെ മന്ത്രിമാരും ഞങ്ങളും പരമാവധി ശ്രമിച്ചു.

എന്നാൽ ഈ ശ്രമങ്ങളെല്ലാം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിര ന്തരവും ശക്തവുമായ എതിർപ്പുമൂലം പരാജയപ്പെടുകയാണുണ്ടായത്.

1967 ഒടുവിൽ ഐക്യമുന്നണി കോ-ഓർഡിനേഷൻ കമ്മിറ്റി തന്നെ അഴി മതി നിവാരണത്തിന് ഫലപ്രദമായ നടപടികൾ എടുക്കാൻ പര്യാപ്തമായ ഒരു ബിൽ തയ്യാറാക്കണമെന്ന് ഏകകണ്ഠമായി തീരുമാനിക്കുകയും അതിന് മുഖ്യ മന്ത്രിയടക്കം മൂന്ന് പേരുള്ള ഒരു സബ് കമ്മിറ്റിയെ നിയമിക്കുകയും ചെയ്ത താണ്. ആ സബ്കമ്മിറ്റി ഒരു മാസത്തിനകം ഒരു കരട് കോ-ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരത്തോ ടുകൂടി ആ ബിൽ പിന്നീട് മുഖ്യമന്ത്രി നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്ത കാര്യം പൊതുജനങ്ങൾക്കു ഓർമ്മയുണ്ടായിരിക്കും.

ഇങ്ങിനെ തങ്ങളുടെ പാർട്ടിയുടെ കൂടെ അംഗീകാരത്തോടുകൂടി അവതരി പ്പിക്കപ്പെട്ടതും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരനായ മുഖ്യമന്ത്രി തന്നെ ഇന്ത്യക്കൊട്ടാകെ മാതൃകയാണെന്ന് അഭിമാനപൂർവ്വം അവകാശപ്പെട്ടതുമായ നിയമത്തിന് തങ്ങളുടെ പാർട്ടി എതിരാണെന്നും അത് പാസ്സാക്കുവാൻ സമ്മ തിക്കുകയില്ലെന്നും പിന്നീട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പൊളിറ്റ് ബ്യൂറോ അസന്ദിഗ്ദ്ധമായും ഏകപക്ഷീയമായും പ്രഖ്യാപിക്കുകയാണുണ്ടായത്.

അതോടുകൂടി അഴിമതി നിരോധന പ്രവർത്തനങ്ങൾക്കെതിരായ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമരം ആരംഭിക്കുകയും ചെയ്തു. ബിൽ ആദ്യം ഉദ്ദേശിച്ചപോലെ വേഗം പാസ്സാക്കുകയില്ലെന്ന് വ്യക്തമായപ്പോൾ അത് പാസ്സാ ക്കുന്നതുവരെ ഒരു താല്ക്കാലിക ഏർപ്പാട് മന്ത്രിമാരുടെ പേരിൽ വരുന്ന അഴിമതി ആരോപണങ്ങളെ കൈകാര്യം ചെയ്യാൻ ഉണ്ടായിരിക്കണമെന്ന ഐക്യ മുന്നണിയിലെ മറ്റു എല്ലാ പാർട്ടികളുടെയും കൂട്ടായ ആവശ്യത്തെയും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ആദ്യം സമ്മതിക്കുകയും പിന്നീട് നിസ്സങ്കോചം തള്ളിക്കളയുകയും ചെയ്തു.

അങ്ങിനെ മന്ത്രിമാർക്കെതിരായി വരുന്ന ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്താൻ ഐക്യമുന്നണിയിലെ ഘടക കക്ഷികൾക്കെല്ലാം സ്വീകാര്യമായതും പൊതുജന ബോദ്ധ്യമുള്ളതും ആയ ഒരു ഏർപ്പാട് ഉണ്ടാക്കുന്നതിനെ മാർ: കമ്യൂ: പാർട്ടി സർവ്വശക്തിയും സർവ്വകുതന്ത്രവും ഉപയോഗിച്ച് ചെറുത്തു പരാ ജയപ്പെടുത്തി.

അതേ സമയം തന്നെ അഴിമതി അന്വേഷണമെന്ന ഏർപ്പാടിനെതന്നെ ഘട കകക്ഷികളുടെ നേരെ പ്രയോഗിച്ച് അവരെ കീഴടക്കി പാർശ്വവർത്തികളാക്കാനും അല്ലെങ്കിൽ തകർക്കാനുമുള്ള ഒരായുധമായി ഉപയോഗിക്കുന്ന അടവ് മാർ:

mappilaheritagelibrary.com

കമ്മ്യൂ: പാർട്ടി സ്വീകരിക്കുകയും അത് ഉപയോഗപ്പെടുത്താൻ തുടങ്ങുകയും ചെയ്തു.

നിയമസഭയിൽ പി.കെ.കുഞ്ഞുസാഹിബ്, ബി.വെല്ലിംഗ്ടൻ, എം.കെ.കൃഷ്ണൻ എന്നിവരുടെ പേരിൽ അഴിമതി ആരോപണം വന്നുവെങ്കിലും കുഞ്ഞുസാഹിബിനെ മാത്രമാണ് അന്വേഷണത്തിന് വിധേയമാക്കിയത്. ശ്രീ.കൃഷ്ണന്റെയും ശ്രീ.വെല്ലിംഗ്ടന്റെയും പേരിലുള്ള ആരോപണങ്ങളുടെ പ്രശ്നം കോ: ഓർഡിനേഷൻ കമ്മിറ്റിയിൽ തന്നെ ചർച്ച ചെയ്യുന്നതാണ്.

പക്ഷെ വിസ്മയകരമാംവണ്ണം ഒരു ഇരട്ടത്താപ്പ് നയമാണ് മുഖ്യമന്ത്രി ഇക്കാര്യത്തിൽ കൈക്കൊണ്ടത്. ശ്രീ.കൃഷ്ണന്റെയും ശ്രീ.വെല്ലിംഗ്ടന്റെയും പേരിൽ പ്രഥമ ദൃഷ്ട്യാ യാതൊരു കേസ്സും ഇല്ലെന്ന് പ്രഖ്യാപിക്കുകയാണദ്ദേഹം ചെയ്തത്. വെല്ലിംഗ്ടന്റെ പേരിൽ വന്ന ആരോപണങ്ങളിൽ ഒരെണ്ണം മാത്രമേ താൻ പരിശോധിച്ചുള്ളുവെന്ന് മുഖ്യമന്ത്രി തന്നെ നിയമസഭയിൽ സമ്മതിച്ചു എന്നുള്ളത് ശ്രദ്ധേയമാണ്.

അതിനദ്ദേഹം പറഞ്ഞ കാരണമാകട്ടെ അതിവിചിത്രമായിരുന്നു. നിയമസഭയിൽ നിന്ന് തനിക്ക് അയച്ച് കിട്ടിയത് അവ മാത്രമാണെന്നുള്ളതാണ്. ഈ വാദം എത്ര ദുർബലവും അപഹാസ്യവുമാണെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ അദ്ദേഹം തന്നെ പരസ്യമായി വാഗ്ദത്തം ചെയ്തു കൂടുതൽ ആരോപണങ്ങളെ താൻ പരിശോധിച്ചു കഴിഞ്ഞ കേസ്സുകളിൽ തന്നെ കൂടുതൽ തെളിവുകൾ ഉണ്ടെങ്കിൽ അന്വേഷിക്കാമെന്ന്.

അതനുസരിച്ച് പിന്നീട് നടന്ന നിയമസഭാ സമ്മേളനത്തിൽ തെളിവിനെ ആസ്പദമാക്കി രേഖകളോടെ കൂടുതൽ ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയും ചെയ്തു. എന്നാൽ മുഖ്യമന്ത്രിയുടെ വാഗ്ദാനം നിറവേറ്റുന്നതിന് പകരം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അതിൽ നിന്ന് പുറകോട്ട് പോകുകയാണുണ്ടായത്.

പരിഹാരം കാണാൻ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഞങ്ങളും കേബിനറ്റിൽ ഞങ്ങളുടെ മന്ത്രിമാരും ഞങ്ങളുടെ എം.എൽ.എ.മാർ പ്രത്യേകമായും നടത്തിയ പരിശ്രമങ്ങൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തങ്ങളുടെ ദുശ്ശാഠ്യം മൂലം പരാജയപ്പെടുത്തുകയും ഞങ്ങളുടെ ഉദ്ദേശശുദ്ധിയേയും വിശ്വാസ്യതയേയും അവർ ചോദ്യം ചെയ്യുകയും ചെയ്തു.

ഈ പരിതസ്ഥിതികളിലാണ് വെല്ലിംഗ്ടന്റെ എതിരായി നിയമസഭയിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ചു ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഒക്ടോബർ 18-നകം ഉത്തരവിടണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം ഐക്യമുന്നണിയിലെ ഘടകകക്ഷികളായ ഞങ്ങൾ നാലു പാർട്ടികളും ചേർന്ന വതരിപ്പിക്കാൻ ഇടയായത്. ആ പ്രമേയം പാസ്സാകുകയും ചെയ്തു.

ഇത് കോൺഗ്രസ്സിന്റെ പിൻതുണയെ കരുതിക്കൊണ്ടാണ് ചെയ്തതെന്ന മുഖ്യമന്ത്രിയുടെ വാദം ബാലിശവും ദുരുദ്ദേശവും വ്യാജവുമാണ്. അതു ശരിയാണെങ്കിൽ ആ പ്രമേയത്തോടൊപ്പം ഞങ്ങളുടെ ചില മന്ത്രിമാരുടെ പേരിൽ അന്വേഷണം വേണമെന്ന് പ്രമേയത്തിന് ഭേദഗതികൾക്കു മാർക്സിസ്റ്റ് എം. എൽ.എമാർ നോട്ടീസ് കൊടുത്തത് കോൺഗ്രസ് പിൻതുണയെ കരുതിയായിരുന്നുവോ എന്നു ഞങ്ങൾക്ക് അങ്ങോട്ട് ചോദിക്കാനുണ്ട്.

ജനാധിപത്യത്തെ തെല്ലെങ്കിലും മാനിക്കുന്ന ഒരു പാർട്ടിയാണെങ്കിൽ ആ പ്രമേയത്തിന്റെ തത്വമനുസരിച്ചു ഉടനടി അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ അത് ചെയ്യു

mappilaheritagelibrary.com

ന്നതിന് പകരം പ്രമേയം പാസ്സായിട്ടില്ലെന്നും മറ്റുമുള്ള ഹീനവാദങ്ങൾ പ്രയോഗിച്ചു പഴയപടി തുടരാനാണു മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ആദ്യം ശ്രമം ചെയ്തത്. അത് പരിഹാസ്യമാണെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ അടവൊന്നുമാറ്റി ശ്രീ.വെല്ലിംഗ്ടനോടൊപ്പം മറ്റു മന്ത്രിമാരുടെ പേരിൽ കൂടി അന്വേഷണം നടത്താൻ ഒരേ സമയം ഉത്തരവു പുറപ്പെടുവിച്ചിരിക്കയാണ്.

ഇത് ഒരു അഴിമതി നിരോധന നടപടിയേ അല്ല ഒരു രാഷ്ട്രീയ പകപോക്കൽ നടപടി മാത്രമാണ്. മുഖ്യമന്ത്രി വെള്ളിയാഴ്ച നിയമസഭയിൽ ചെയ്ത പ്രസ്താവന ആപാദചൂഢം തെളിയിക്കുന്നത് ഇതാണ്. ആഗസ്റ്റ് 22-ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്കാർ ബഹളമുണ്ടാക്കി കലക്കിയ നിയമസഭയിൽ വെല്ലിംഗ്ടനെതിരായ പ്രമേയം വരുന്നതുവരെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോ അവരുടെ എം.എൽ.എ. മാരോ ഞങ്ങളുടെ നാലു കക്ഷികളിലെ മന്ത്രിമാർക്കെതിരായി ആരോപണങ്ങളൊന്നുമുന്നയിച്ചിരുന്നില്ലെന്നോർക്കണം.

കൃത്രിമം

ആഗസ്റ്റ് 22-ലെ സംഭവങ്ങളെത്തുടർന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്റ്റേറ്റ് കമ്മിറ്റി യോഗം കൂടി നിർദ്ദേശവും ആഹ്വാനവും നല്കിയതനുസരിച്ച് സൃഷ്ടിക്കപ്പെട്ടതാണ് മറ്റു മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങൾ. എത്രമാത്രം കൃത്രിമമാണവയെന്നുള്ളതിന് ഈ ഒരറ്റ വസ്തുത തന്നെ സാക്ഷ്യം വഹിക്കുന്നു.

എന്നിരുന്നാലും മന്ത്രിമാരുടെ പേരിൽ എത്ര തന്നെ ദുഷ്ടവിചാരത്തോടുകൂടിയാണെങ്കിലും പരസ്യമായി ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടാൽ അവയെപ്പറ്റി അന്വേഷണം നടത്താൻ ഏർപ്പാട് ചെയ്യണമെന്നുള്ള പക്ഷക്കാരാണ് ഞങ്ങൾ. അതുകൊണ്ടാണല്ലോ അഴിമതിനിവാരണ ബില്ലും അത് വരുന്നതുവരേ ഒരു താൽക്കാലിക മെഷനറിയും വേണമെന്നെല്ലാം ഞങ്ങൾ ഇടതടവില്ലാതെ വാദിച്ചു പോന്നിട്ടുള്ളത്.

എന്ന് മാത്രമല്ല ക്രമപ്രകാരം ഉള്ളതും ഗൗരവതരമായതും ആരോപണം വന്നാൽ ഒരന്വേഷണത്തെ നേരിടാൻ ഞങ്ങൾ ഒരുക്കമാണെന്ന് സന്ദർഭമുണ്ടായിട്ടുള്ള അവസരങ്ങളിലെല്ലാം ഞങ്ങൾ ഉറച്ചു പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. അങ്ങിനെയുള്ള മെഷനറി എന്തായിരിക്കണമെന്നതിനെപ്പറ്റി ചർച്ച ചെയ്ത് എല്ലാവർക്കും അംഗീകാരമായ ഒരു തീരുമാനത്തിലെത്തണമെന്ന നിർദ്ദേശവും ഞങ്ങൾ 4 കക്ഷികളും ചേർന്നു മുഖ്യമന്ത്രിക്ക് 14.10.69ന് നൽകിയ മെമ്മോറാണ്ടത്തിൽ പ്രസ്താവിച്ചിരുന്നതുമാണ്.

മുഖ്യമന്ത്രി അന്ത്യം കുറിച്ചു

ഒരന്വേഷണത്തെ ഒഴിവാക്കാൻ അല്ല ഞങ്ങൾ നിലകൊണ്ടിരുന്നതെന്ന് സ്പഷ്ടമാണ്. ഒരു തകർച്ചയെ ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ മേല്പറഞ്ഞ മെമ്മോറാണ്ടത്തിൽ ഞങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. അത് ഭീഷണിയും അന്ത്യശാസനവുമാണെന്ന് പറഞ്ഞു അതിനെ പരിഹസിച്ചു തള്ളുകയും ധിക്കാരപൂർവ്വം നിരാകരിക്കുകയും ജനങ്ങൾ ഏറ്റുനോറ്റുണ്ടാക്കിയ മുന്നണിയുടെ അന്ത്യം കുറിക്കുകയുമാണ് മുഖ്യമന്ത്രി ചെയ്തത്.

ശ്രീ.വെല്ലിംഗ്ടന്റെയും മറ്റു മന്ത്രിമാരുടേയും പേരിൽ വന്നിട്ടുള്ള ആരോപണങ്ങളുടേയും സ്ഥിതി ഒരുപോലെയല്ല. മറ്റു മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങൾ ഒരു നിലവാരത്തിലും ചർച്ച ചെയ്യപ്പെട്ടിട്ടില്ല. കോ-ഓർഡിനേഷൻ കമ്മിറ്റിയിലോ മന്ത്രിസഭയിലോ മറ്റെവിടെയെങ്കിലുമോ ആരോപണം സംബന്ധിച്ചു ഒരു മന്ത്രിക്കു പറയാനുള്ളത് എന്ത് എന്ന് കേൾക്കുക പോലും മുഖ്യ

mappilaheritagelibrary.com

മന്ത്രി ചെയ്തിട്ടില്ല.

ഒരു മന്ത്രിസഭയിൽ തന്റെ ഒപ്പം രണ്ടരവർഷം പ്രവർത്തിച്ച സഹപ്രവർത്തകരെ സംബന്ധിച്ചു അങ്ങിനെ ഒരു പ്രാഥമിക മര്യാദയെങ്കിലും കാണിക്കാതെ അഴിമതി അന്വേഷണത്തിന് ഉത്തരവിടുന്നത് ജനാധിപത്യ വിരുദ്ധവും രാഷ്ട്രീയ വൈരനിര്യാതനവുമാണ്.

ഇതോർക്കണം

ഒരു സംഗതികൂടി ഓർക്കണം. ഇത് എല്ലാ മന്ത്രിമാരെപ്പറ്റിയും അന്വേഷണം നടത്താനായിരുന്നു ഉത്തരവിട്ടിരുന്നതെങ്കിൽ തെല്ലെങ്കിലും അതിന് ന്യായീകരണം ഉണ്ടാകുമായിരുന്നു.

എന്നാൽ തന്റെ പാർട്ടിയിലെ മന്ത്രിമാർക്കെതിരായും തനിക്ക് തന്നെ എതിരായും ഉത്തരവാദപ്പെട്ട നിയമ സാമാജികന്മാർ രേഖാമൂലം ആരോപിച്ചിട്ടുള്ള ആരോപണങ്ങൾ ഇരിക്കെ അവയെല്ലാം ഒഴിവാക്കി ചില പാർട്ടികളിലെ മന്ത്രിമാരെ മാത്രം തിരഞ്ഞുപിടിച്ചു ഉത്തരവു പാസ്സാക്കിയതിലുള്ള വിവേചനവും ദുർബുദ്ധിയും നീതിരാഹിത്യവും പൊതു ജനങ്ങൾ മനസ്സിലാക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

അങ്ങനെ ഐക്യമുന്നണി ജനങ്ങൾക്ക് നല്കിയ സകല വാഗ്ദാനങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ട് അധികാരത്തേയും ഭരണതന്ത്രത്തേയും മുന്നണിയിലെ സഹോദരപാർട്ടികളെ തേജോവധം ചെയ്യാനും കീഴടക്കാനും നശിപ്പിക്കാനുമുള്ള ഒരായുധമാക്കി മാറ്റി സകല ജനാധിപത്യ തത്വങ്ങൾക്കും മര്യാദകൾക്കും സലാം പറഞ്ഞുകൊണ്ടു മാർ: കമ്യൂ: പാർട്ടി നടത്തുന്ന ഭരണത്തിന് കൂട്ടുത്തരവാദിത്വം വഹിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഈ മന്ത്രിസഭ തുടർന്നു പോകുന്നതും ഐക്യമുന്നണിക്ക് ജനങ്ങൾ നല്കിയ അംഗീകാരത്തിനും ഐക്യമുന്നണി കക്ഷികൾ ജനങ്ങൾക്ക് നല്കിയ വാഗ്ദാനങ്ങൾക്കും എതിരാണ്. ഐക്യമുന്നണിയെ അധികാരത്തിലേക്കുയർത്തിയ ജനങ്ങളുടെ മുമ്പാകെ ഞങ്ങളത് തുറന്നു പറയുന്നു.

നമ്പൂതിരിപ്പാടിന്റെ രാജി

ഒക്ടോബർ 17-ാം നു നിയമസഭയിൽ മുഖ്യമന്ത്രി ചെയ്ത പ്രസ്താവനയെ തുടർന്നു രാജിവെച്ച മന്ത്രിമാർ രാജിക്കിടയായ കാരണങ്ങൾ വിവരിച്ചു കൊണ്ട് 21 ന് നിയമസഭയിൽ പ്രസ്താവനകൾ ചെയ്തു. മുഖ്യമന്ത്രിയുടെ 14-ാം തീയതിയിലെ പ്രസ്താവനയെ സംബന്ധിച്ചു നിയമസഭ ഒക്ടോബർ 22, 23, 24 തീയതികളിൽ സവിസ്തരം ചർച്ച നടത്തി. ചർച്ചയുടെ അന്ത്യത്തിൽ അന്വേഷണവരിയിൽ നിന്ന് മുഖ്യമന്ത്രി ഒഴിവാക്കിയ മാർക്സിസ്റ്റ് മന്ത്രിമാരായ ഗൗരി, കൃഷ്ണൻ, ഇമ്പിച്ചിബാവ എന്നിവരുടെയും തൊഴിൽ മന്ത്രി മാഞ്ഞൂരാന്റെയും പേരിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെപ്പറ്റി അന്വേഷിക്കണമെന്ന് പ്രമേയം അറുപതിനെതിരായി അറുപത്തി ഒൻപത് വോട്ടുകിട്ടിയതനുസരിച്ചു അസംബ്ളി പാസ്സാക്കി. ഈ പ്രമേയം അവിശ്വാസ പ്രകടനമായി കണക്കാക്കുമെന്ന് മുഖ്യമന്ത്രി കാലേകൂട്ടി തന്നെ പ്രഖ്യാപിച്ചിരുന്നു. പ്രമേയം പാസ്സായതിന്റെ അടിസ്ഥാനത്തിൽ അവശിഷ്ടമന്ത്രിസഭ രാജി സമർപ്പിക്കുകയും ഐക്യമുന്നണി സർക്കാരിന്റെ അന്ത്യം കുറിക്കുകയും ചെയ്തു.

തുടക്കം മുതൽക്കേ ഐക്യമുന്നണിയുടെ മിനിമം പരിപാടി നടപ്പാക്കുന്നതിൽ ശുഷ്കാന്തിയും താല്പര്യവും പ്രദർശിപ്പിക്കാതിരിക്കയും വല്യേട്ടൻ മനോഭാവത്തോടെ വൻ പാർട്ടി മേധാവിത്വം അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുകയും സ്വന്തം പാർട്ടിയുടെ താല്പര്യങ്ങൾക്ക് വേണ്ടി എല്ലാ ജനാധിപത്യ തത്വങ്ങ

mappilaheritagelibrary.com

ളേയും കാറ്റിൽ പറത്തുകയും ചെയ്ത മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാടാണ് ഐക്യമുന്നണിയുടെ തകർച്ചക്ക് വഴി തെളിയിച്ചത്. നിഷ്പക്ഷമായി ചിന്തിക്കുന്ന കേരളത്തിലെ പ്രബുദ്ധരായ ബഹുജനങ്ങൾ ഈ വസ്തുതകൾ അംഗീകരിക്കും. മഹത്തായ സ്ഥാനത്തിന്റെ കഴുത്തിൽ കത്തിവെച്ച മാർക്സിസ്റ്റുകൾക്ക് ചരിത്രം ഒരിക്കലും മാപ്പു തരികയില്ല.

ഭൂപരിഷ്കരണ ബിൽ

കേരള നിയമസഭ ഇയ്യിടെ പാസ്സാക്കിയ ഭൂപരിഷ്കരണ ഭേദഗതി ബില്ലിനെ ചൊല്ലി മുസ്‌ലിംലീഗിനെതിരിൽ പല അപവാദ പ്രചരണങ്ങളും മാർക്സിസ്റ്റുകളും അവരുടെ പിണിയാളുകളും നടത്തുന്നുണ്ട് ഈ ബില്ലിന്റെ കാര്യത്തിൽ മുസ്‌ലിംലീഗ് അവലംബിച്ച നിലപാട് ഒരിക്കൽകൂടി വ്യക്തമാക്കാൻ ആഗ്രഹമുണ്ട്.

ഭൂപരിഷ്കാര (ഭേദഗതി) നിയമം

ഭൂപരിഷ്കരണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നത് 17.9.1966 ന് അംഗീകരിച്ച ഐക്യമുന്നണി മിനിമം പരിപാടിയിലംഗീകരിച്ച ഒരു തത്വമായിരുന്നു. ഏഴു കക്ഷികൾ അംഗീകരിച്ച സംയുക്ത പ്രഖ്യാപനത്തിൽ ഭൂനിയമത്തെ പരാമർശിക്കുന്നഭാഗത്തു ഇങ്ങിനെ പറയുന്നു:

"... കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികളെടുക്കുന്നതോടൊപ്പം തന്നെ അദ്ധ്വാനിക്കുന്ന കൃഷിക്കാർ തങ്ങളുടെ അദ്ധ്വാനഫലം ഉപയോഗിക്കാൻ കഴിയത്തക്ക നിലക്കു പാട്ടത്തോതു ചുരുക്കുകയും കൃഷിയിടങ്ങളിൽ അവകാശങ്ങൾ ഉണ്ടാക്കുകയും വേണം. ഇതിന് തടസ്സമായ പല വ്യവസ്ഥകളും 1964-ൽ കോൺഗ്രസ്സ് സർക്കാർ ഉണ്ടാക്കിയ ഭൂനിയമത്തിലുണ്ട്. ഇതിൽ വാക്കാൽ കുടിയായ്മ, മര്യാദപ്പാട്ടം, പാട്ടകുടിശ്ശിക, ഒഴിപ്പിക്കൽ തടയൽ മുതലായ കാര്യങ്ങളിൽ പല ഭേദഗതികളും വരുത്തേണ്ടതുണ്ട്. കുടികിടപ്പുകാരുൾപ്പെടെ എല്ലാത്തരം കുടിയാന്മാർക്കും അവരുടെ സ്ഥലങ്ങൾ വാങ്ങി പരിപൂർണ്ണ അവകാശത്തോടു കൂടി കൈവശം വെക്കാനുള്ള സൌകര്യവും നിയമം മൂലമുണ്ടായിരിക്കണം. ഇതിനെല്ലാം പറ്റുന്ന വ്യവസ്ഥകൾ ഉൾകൊള്ളുന്ന ഒരു ഭൂനിയമഭേദഗതി ബിൽ ഗവൺമെണ്ട് തയ്യാറാക്കുന്നതായിരിക്കും.

ഇങ്ങിനെ ഭൂനിയമം ഭേദഗതി ചെയ്യുമ്പോൾ ഭൂമി കൈവശമോ മറ്റാദായ മാർഗ്ഗങ്ങളൊ ഇല്ലാത്ത ദരിദ്രജന്മികളുടെ കാര്യത്തിൽ അവരുടെ കുടിയാന്മാർ അവരേക്കാൾ പണക്കാരാണെങ്കിൽ വിശേഷിച്ചും ചില പ്രത്യേക പരിഗണനകൾ നൽകുന്നതായിരിക്കും. അതുപോലെ തന്നെ ക്ഷേത്രങ്ങൾ, പള്ളികൾ, ചർച്ചുകൾ മുതലായ ആരാധന സ്ഥാപനങ്ങളുടെ ദൈനംദിന നടത്തിപ്പിന് ഒഴിവാക്കാൻ വയ്യാത്ത ആവശ്യമുള്ള സ്ഥലങ്ങളെ സംബന്ധിച്ചും പ്രത്യേക പരിഗണനകൾ ഉണ്ടായിരിക്കും. എന്നാൽ ഈ വ്യവസ്ഥകളൊന്നും കുടിയിരിപ്പുകാരെയും കുടി കിടപ്പുകാരേയും ഒഴിപ്പിക്കാൻ ഇടയാക്കരുത്."

ഭൂപരിഷ്കരണനിയമം ഭേദഗതി ചെയ്തു അസംബ്ളിയിൽ അവതരിപ്പിച്ച് അത് പാസ്സാക്കുന്നത് വരെ മുസ്‌ലിംലീഗ് അനുവർത്തിച്ച നയം ഐക്യമുന്നണിയുടെ ഈ സംയുക്ത പ്രഖ്യാപനത്തിന് അനുസരണമായിരുന്നുവെന്ന് ഏതൊരാൾക്കും വ്യക്തമായും മനസ്സിലാക്കാം. അദ്ധ്വാനിക്കുന്ന കൃഷിക്കാർക്കു അദ്ധ്വാനഫലം ഉപയോഗിക്കാൻ കഴിയുന്നതിനെതിരായുള്ള എല്ലാ വാദങ്ങളെയും ലീഗു എതിർത്തിട്ടുണ്ട്. കർഷകരും കുടിയാന്മാരും കുടികിടപ്പുകാരുമായ വമ്പിച്ചൊരു ജനവിഭാഗത്തിന് നന്മ ലഭിക്കുന്ന ഭൂപരിഷ്ക്കരണ (ഭേദഗതി) നിയമം പാസ്സാക്കുന്നതിനു മുസ്‌ലിംലീഗ് കൈകൊണ്ട സഹകരണാത്മകമായ നിലപാട്

mappilaheritagelibrary.com

മാർക്സിസ്റ്റ് റവന്യൂമന്ത്രി ശ്രീമതി കെ.ആർ.ഗൗരിപോലും ഒന്നിലധികം തവ ണപ്രശംസിച്ചതാണ്. മുസ്‌ലിംലീഗ് പ്രവർത്തകന്മാരുടെ അറിവിനായി ചില കാര്യ ങ്ങൾ ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ.

ഭൂപരിഷ്കരണനിയമം (1964-ലെ ഒന്നാം ആക്ട്) ഭേദഗതി ചെയ്ത രൂപ ത്തിൽ ആദ്യമായി അസംബ്ളിയിൽ അവതരിപ്പിച്ചത്. 1968 ആഗസ്റ്റ് 19-ാം ന് ആയിരുന്നു. അന്നു മുസ്‌ലിംലീഗ് പാർട്ടിക്കുവേണ്ടി ചർച്ചയിൽ പങ്കെടുത്ത അംഗ ങ്ങൾ ബില്ലിനെ അനുകൂലിക്കുകയും ബില്ലിൽ പ്രകടമായിക്കണ്ട പോരായ്മ കൾ ചൂണ്ടിക്കാണിക്കുകയുമുണ്ടായി. മുസ്‌ലിംലീഗ് ഉന്നയിച്ച വാദമുഖങ്ങളിൽ പലതും അംഗീകരിച്ചിരുന്നുവെന്ന് ഈ ഭേദഗതി നിയമത്തിന്റെ ആദ്യത്തെയും അവസാനത്തെയും രൂപം വായിക്കാൻ ശ്രമിക്കുന്ന ആർക്കും മനസ്സിലാവും.

ഈ സന്ദർഭത്തിൽ ഇവിടെ ഒരു വസ്തുത ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഐക്യമുന്നണിയിലെ മറ്റു മന്ത്രിമാർ ചെയ്തപോലെ ആയിരുന്നില്ല, ശ്രീമതി ഗൗരി ഭൂപരിഷ്കരണം ഭേദഗതി ചെയ്ത ബിൽ അസംബ്ളിയിൽ അവതരിപ്പി ച്ചത്. മർമ്മപ്രധാനമായ നയങ്ങളടങ്ങിയ നിയമ നിർമ്മാണം നിയമസഭയിൽ അവതരിപ്പിക്കുന്നതിന് മുമ്പ് ഐക്യമുന്നണിയിലെ ഏകോപനസമതിയിൽ അവ ചർച്ച ചെയ്യുമായിരുന്നു. സർവകലാശാല ബില്ലിന്റെ കാര്യത്തിൽ ജ:സി.എച്ച്. മുഹമ്മദ് കോയാസാഹിബും മറ്റു സുപ്രധാന നിയമങ്ങളുടെ കാര്യത്തിൽ ബന്ധ പ്പെട്ട മറ്റു മന്ത്രിമാരും അങ്ങനെ ചെയ്തിരുന്നു. ഭൂപരിഷ്കരണബില്ലിന്റെ കാര്യ ത്തിലാവട്ടെ, അത്തരം ഒരു ചർച്ച ഏകോപനസമിതിയിൽ നടത്തപ്പെട്ടിട്ടില്ല. എന്നിട്ടും ഒരു സുപ്രധാന നിയമം ഭേദഗതി ചെയ്തു നിയമസഭയിലവതരിപ്പിച്ച പ്പോൾ സാങ്കേതിക വാദങ്ങളിൽ പിടിച്ചു തൂങ്ങാൻ ലീഗ് ആഗ്രഹിച്ചില്ല. പ്രത്യുത സർവവിധ സഹകരണവും നൽകുകയാണുണ്ടായത്.

1968 ആഗസ്റ്റ് 30-ന് ബിൽ സെലക്ട് കമ്മറ്റിയുടെ പരിഗണനക്ക് അസംബ്ളി അയച്ചു കൊടുത്തു. സെലക്ട് കമ്മറ്റി 37 തവണ യോഗം ചേർന്നു. പലരിൽ നിന്നും തെളിവെടുത്തു. സെലക്ട് കമ്മറ്റിയുടെ ചർച്ചകളിൽ മുസ്‌ലിംലീഗിന്റെ 4 പ്രതിനിധികൾ സജീവമായി പങ്കെടുത്തിരുന്നു. അങ്ങിനെയാണ് 1969 ആഗസ്റ്റ് 7-ാം ന് ബിൽ വീണ്ടും നിയമസഭയിൽ അവതരിപ്പിച്ചത്.

സെലക്ട് കമ്മറ്റിയുടെ ചർച്ചകളിൽ മുസ്‌ലിംലീഗിന്റെ പ്രതിനിധികൾ ഐക്യ മുന്നണി ജനങ്ങളുടെ മുമ്പിൽ വച്ച തത്വങ്ങളും ലീഗ് വിശ്വസിക്കുന്ന താഴെപറ യുന്ന മൂന്നു തത്വങ്ങളും മുമ്പിൽ വെച്ചുകൊണ്ടായിരുന്നു, പങ്കെടുത്തത്.

1. യഥാർത്ഥ കുടിയാന്മാർക്കും അദ്ധ്വാനിക്കുന്ന കർഷകർക്കും കുടികിടപ്പു കാർക്കുമുള്ള അവകാശങ്ങൾക്കും ന്യായമായ ആവശ്യങ്ങൾക്കും നിയമപര മായ അംഗീകാരം നൽകുക.

2. ചെറുകിട ഭൂവുടമകൾ എന്നറിയപ്പെടുന്ന സമൂഹത്തിലെ ദുരിതമനുഭവി ക്കുന്ന വിഭാഗത്തിനു ഒരു സാമൂഹ്യ പരിഷ്ക്കരണം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമെന്ന നിലക്ക്, ആശ്വാസനടപടികൾക്കായി നിയമവ്യവസ്ഥകൾ ചെയ്യുക.

3. ഭൂപരിഷ്കരണനിയമം നടപ്പിൽ വരുമ്പോൾ പൊതുസ്വഭാവമുള്ള മത-ധർമ്മ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന മിതവും ന്യായവുമായ അവകാശങ്ങൾക്ക് നിയമപരമായ സംരക്ഷണം നല്കുക.

കർഷകരും കുടിയാന്മാരും കുടികിടപ്പുകാരുമായ അവശവിഭാഗത്തിന് ആനു കൂല്യം കിട്ടണമെന്ന ഒരേ ഒരു ഉദ്ദേശത്തോടു കൂടിയാണ് മുസ്‌ലിംലീഗ് ഭൂപരി ഷ്കരണ ഭേദഗതി നിയമത്തെ നോക്കികണ്ടത്. കുടിയാന്മാരായ വമ്പിച്ചൊരു വിഭാഗം ഭൂമിയിൽ അവകാശം ലഭ്യമാകാതെ ഏതവസരത്തിലും ഒഴിപ്പിക്കൽ

mappilaheritagelibrary.com

ഭീതിയുമായി കഴിഞ്ഞുകൂടേണ്ടി വരുന്ന സ്ഥിതിവിശേഷം ഇനിയൊരിക്കലും പാടില്ലെന്ന് ലീഗ് വിശ്വസിക്കുന്നു. അതുകൊണ്ടാണ് "ജന്മി- കുടിയാൻ ബന്ധം അവസാനിപ്പിക്കാനുള്ള ശ്രമ" വുമായി റവന്യൂ മന്ത്രി ഭൂപരിഷ്കരണ ഭേദഗതി ചെയ്ത ബില്ലുമായി വന്നപ്പോൾ ലീഗതിനെ അനുകൂലിച്ചത്.

അതേപോലെ തന്നെ, കുടികിടപ്പുകാരുടെ പ്രശ്നങ്ങളിലും ലീഗ് അതീവ താല്പര്യം പ്രകടിപ്പിച്ചിരുന്നു. കുടികിടപ്പുകാരന് നൽകുന്ന ആനുകൂല്യങ്ങൾ അവന് അനുഭവിക്കാൻ സാധിക്കുന്ന വിധത്തിൽ സുശക്തവും ഫലപ്രദവുമായിരിക്കണമെന്നും ലീഗിന് നിർബന്ധമുണ്ടായിരുന്നു. അംഗീകരിക്കപ്പെട്ട ഭരണ ഘടനാതത്വങ്ങൾ ലംഘിച്ചു വല്ല ആനുകൂല്യവും അതിൽ എഴുതിച്ചേർത്താൽ കോടതി അതിനെ റദ്ദാക്കാനിടവരുന്ന ഒരു പരിതസ്ഥിതി ഉണ്ടാക്കരുതെന്ന് ലീഗ് വാദിച്ചിട്ടുണ്ട്. കുടികിടപ്പുകാരന് നല്കിയ ഒരാനുകൂല്യത്തെയും ലീഗ് എതിർത്തിട്ടില്ല. സെലക്ട് കമ്മറ്റി റിപ്പോർട്ടു ചെയ്ത രീതിയിൽ ഉള്ള ബില്ലിന്റെ ഖണ്ഡികകൾ ചർച്ച ചെയ്യുമ്പോൾ കുടികിടപ്പുകാരന് കൂടുതൽ ആനുകൂല്യങ്ങൾ നല്കാൻ ഉപകരിക്കുന്ന ചില ഭേദഗതികൾ റവന്യൂ മന്ത്രി അവതരിപ്പിച്ചപ്പോഴും ലീഗ് അതിനെ അനുകൂലിക്കുകയാണുണ്ടായത്. കുടികിടപ്പുകാരന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ഒരാനുകൂല്യം എടുത്തുകളയണമെന്നു പറഞ്ഞു ഏതെങ്കിലും ഒരു ലീഗു മെമ്പർ ഏതെങ്കിലും ഒരു ഭേദഗതി അവതരിപ്പിച്ചതായി ചൂണ്ടിക്കാണിക്കാനാവുമോ എന്ന് ഏതൊരു ലീഗുകാരനും ഏതൊരു എതിരാളിയേയും വെല്ലുവിളിക്കാൻ കഴിയും.

കുടികിടപ്പുകാർക്ക് കുടികിടപ്പുവാങ്ങാനുള്ള അധികാരം നല്കുന്ന വകുപ്പിനെയും ലീഗനുകൂലിച്ചു. ഇതേ അവസരം ഇങ്ങനെ പർച്ചേസ് അവകാശം നല്കിയാൽ അതിൽ നിന്നും മതധർമ്മസ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ലെങ്കിൽ ഭരണ ഘടനക്ക് നിരക്കാത്തതെന്ന കാരണത്താൽ കോടതിയിൽ തള്ളപ്പെടുകയില്ലേ എന്ന് ലീഗ് സംശയം പ്രകടിപ്പിച്ചിരുന്നു. അതുണ്ടാവില്ലെന്ന് ശ്രീമതി ഗൗരി തറപ്പിച്ചു പറഞ്ഞപ്പോൾ ലീഗ് ഉന്നയിച്ച സംശയം കൂടി പിൻവലിക്കയാണുണ്ടായത്.

ചെറുകിട ഭൂവുടമകൾ എന്ന് വേറൊരു വിഭാഗമുണ്ട് അവർക്ക് 'ജന്മി' എന്ന രണ്ടക്ഷരം മാത്രമേയുള്ളു. അവരിലധികമാളുടെ കൈവശവും ഒരിഞ്ചു ഭൂമി പോലുമില്ല. അതേയവസരം ഭൂമിയുടെ ഉടമാവകാശം മാത്രമുണ്ട്. കുടിയാന്മാർക്ക് പരിരക്ഷണം വേണമെന്ന വാദത്തിന്റെ മറപിടിപ്പു നൂറുകണക്കിൽ ഏക്ര ഭൂമി കൈവശം വെച്ചനുഭവിച്ചു "കുടിയാൻ" എന്നറിയപ്പെടുന്ന ഒരു വിഭാഗം ഒരുവശത്ത്, ഒരിഞ്ചുഭൂമിപോലും കൈവശമില്ലാതെ "ജന്മി" എന്ന പേരിലറിയപ്പെടുന്ന മറ്റൊരു വിഭാഗം മറുവശത്ത്- ഈ അസമത്വം പാടില്ല എന്ന് ലീഗു വാദിച്ചു അതെല്ലാവരും അംഗീകരിക്കുകയും ചെയ്തു. ചെറുകിടഭൂവുടമകളുടെ നിർവ്വചനത്തിൽ ചാക്കോവിന്റെ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്ന കൈവശം വെയ്ക്കാവുന്ന ഭൂമിയുടെ പരിധി കുറയ്ക്കണമെന്ന് പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് ലീഗു അനുകൂലിച്ചു. അതേയവസരം ചെറുകിട ജന്മിമാരുടെ കീഴിലുള്ള കുടിയാന്റെ കൈവശം, നിയമപ്രകാരം കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധിയേക്കാളധികമുണ്ടെങ്കിൽ 5 (അഞ്ച്) ഏക്രവരെ ഒഴിപ്പിക്കാൻ വ്യവസ്ഥ വേണമെന്നു ലീഗു വാദിച്ചു അതനുവദിച്ചിട്ടുമുണ്ട്. ചെറുകിട ഭൂവുടമകളുടെ എല്ലാ അവകാശങ്ങളും കുടിയാന് നൽകുമ്പോൾ അവന് സാന്ത്വനപ്രതിഫലമായി (Solacium) 500 ക നല്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് 1000 കയെങ്കിലുമാക്കി ഉയർത്തണമെന്ന് ലീഗ് വാദിച്ചു. അതു

mappilaheritagelibrary.com

പോലെ സാന്തനപ്രതിഫലം ലഭിക്കുന്ന ചെറുകിടക്കാരന് അയാളുടെ ഭൂമി നഷ്ടപ്പെടുമ്പോൾ പകരം ലഭിക്കുന്ന നഷ്ടപരിഹാരം 2000 കയിൽ കവിയരുതെന്ന വ്യവസ്ഥയും ചെറുകിടജന്മി ചെറിയ ഒരു കച്ചവടക്കാരനാണെങ്കിൽ അയാൾക്ക് സാന്ത്വന പ്രതിഫലമായി 500 ക നൽകരുതെന്നുമുള്ള വ്യവസ്ഥയും എടുത്തു കളയണമെന്ന് ലീഗ് വാദിച്ചിരുന്നു. ഈ രണ്ടു വാദങ്ങൾക്കും ഉപോൽബലകമായി ലീഗ് ചൂണ്ടിക്കാണിച്ച കാര്യകാരണങ്ങൾ ശരിയല്ലെന്ന് റവന്യൂ മന്ത്രിക്കുപോലും പറയാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യതകൾ വർദ്ധിക്കുമെന്ന ഒറ്റക്കാരണത്താലാണ് ചെറുകിട ഭൂവുടമകളുടെ ആനുകൂല്യത്തിനായി ലീഗ് ഉന്നയിച്ച വാദങ്ങൾ റവന്യൂ മന്ത്രി സ്വീകരിക്കാതിരുന്നത്. അതേപോലെ തന്നെ ഇൻകംടാക്സ് നൽകുന്ന ചെറുകിട ജന്മിക്കു സാന്ത്വന പ്രതിഫലം നല്കരുതെന്ന് ലീഗ് ശക്തിയായി വാദിച്ചിരുന്നു.

കുടിയാന്നോ കുടികിടപ്പുകാരന്നോ കർഷകന്നോ യാതൊരു ദോഷവും ഇതുകൊണ്ടുണ്ടാവുകയില്ല. ചെറുകിടക്കാരനു നൽകുന്ന ആനുകൂല്യങ്ങൾ കൊണ്ട് ഖജനാവിൽ നിന്ന് കുറച്ചു പണം ചിലവാകുന്നതല്ലാതെ മറ്റേതെങ്കിലും വിഭാഗത്തിനു ഒരു ദോഷവും വരുത്തുകയില്ല. ഇത്തരം വ്യവസ്ഥകൾ പോലും നിയമത്തിലുൾക്കൊള്ളിക്കാൻ മന്ത്രി തയ്യാറായില്ല. എന്നിരുന്നിട്ടു പോലും ഈ പ്രശ്നത്തിന്റെ പേരിൽ ഒരു തെറ്റിപ്പിരിയലിനോ എതിർപ്പിനോ ലീഗു ഒരുങ്ങിയിട്ടില്ല എന്നതാണ് സത്യം.

മതധർമ്മസ്ഥാപനങ്ങളുടെ കാര്യത്തിൽ ലീഗിന്റെ നയം പകൽ വെളിച്ചം പോലെ വ്യക്തമാണ്. അതേയവസരം ആ പ്രശ്നത്തിന്റെ പേരിൽ കുടിയാന്മാരുടെയും കുടികിടപ്പുകാരന്റെയും ന്യായമായവകാശങ്ങൾ നിഷേധിക്കപ്പെടരുതെന്നും ലീഗിന് നിർബന്ധമുണ്ടായിരുന്നു. മതധർമ്മസ്ഥാപനങ്ങളുടെ അവകാശങ്ങളെപ്പറ്റി സെലക്ട് കമ്മിറ്റിയുടെ മുമ്പിൽ വകുപ്പു ബോർഡും, ദേവസ്വം ബോർഡും പല നിവേദനങ്ങളും നടത്തിയിരുന്നു. ഇവയിൽ കുടികിടപ്പുകാരന്റെയും, കുടിയാന്റെയും ന്യായമായ അവകാശങ്ങൾക്ക് ഭംഗം വരാത്തരീതിയിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് ലീഗ് വാദിച്ചിരുന്നു. അത് സ്വീകരിക്കുകയും ചെയ്തിരുന്നു.

ഇതാണ് യാഥാർത്ഥ്യം. ഭൂപരിഷ്കരണ നിയമത്തിന്റെ കാര്യത്തിൽ മുസ്‌ലിംലീഗ് അനുവർത്തിച്ച നയം റവന്യൂമന്ത്രി കെ.ആർ.ഗൗരി ഒന്നിലധികം തവണ അഭിനന്ദിച്ചു. ആദ്യം ലീഗിനെതിരായ ആക്ഷേപം ഭൂനയബില്ലിനെ തുരങ്കം വെക്കുന്നുവെന്നായിരുന്നു. ഭൂനയബിൽ എത്രയും വേഗം പാസ്സാക്കാൻ ലീഗു ആത്മാർത്ഥമായി സഹകരിച്ചു. ബിൽ പാസ്സായി. ഇപ്പോൾ പറയുന്നു ഇ.എം.എസ്. മന്ത്രിസഭ തകർന്നത് പാസ്സായ ബിൽ നടപ്പിൽ വരുത്താതിരിക്കാനാണെന്ന്! ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽ വന്നുകഴിഞ്ഞാലും മുസ്‌ലിംലീഗിനെതിരായി വ്യാജ പ്രചരണം നടത്താൻ തക്കം പാർത്തിരിക്കുന്നവർക്ക് മറ്റു ചില കാരണങ്ങൾ കൂടി കണ്ടുപിടിക്കേണ്ടി വരും. ആ സന്ദർഭത്തിലെങ്കിലും സെലക്ട് കമ്മറ്റി സമർപ്പിച്ച ബിൽ വീണ്ടും ഒരു സെലക്ട് കമ്മറ്റിക്ക് അയക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടു ആലത്തൂരിലെ മാർക്സിസ്റ്റ് മെമ്പർ സ: ആർ. കൃഷ്ണൻ അസംബ്ളിയിൽ അവതരിപ്പിച്ച ഭേദഗതി അവർ മറക്കാതിരിക്കട്ടെ.

കേരളത്തിൽ രണ്ടരവർഷത്തോളം അധികാരത്തിൽ പങ്കാളിത്തം വഹിച്ച മുസ്‌ലിംലീഗ് സംഘടന സ്തുത്യർഹവും അഭിമാനകരവുമായ ഒരു ചരിത്രമാണ് സൃഷ്ടിച്ചത്. ഇതര ഘടകകക്ഷികളിൽപ്പെട്ടവരുടെ പേരിൽ ഒട്ടേറെ അഴിമതി ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടപ്പോൾ മുസ്‌ലിംലീഗു കക്ഷിയും മുസ്‌ലിംലീഗ്

mappilaheritagelibrary.com

മന്ത്രിമാരും മുസ്‌ലിംലീഗു എം.എൽ.എ മാരും കറപുരളാത്ത കൈകളുമായാണ് പുറത്തുവന്നിട്ടുള്ളതെന്ന കാര്യം അഭിമാനകരമാണ്.

മുസ്‌ലിംലീഗ് സംഘടന പല ഘട്ടങ്ങളിലായി പല സംഘടനകളുമായി യോജിച്ചു കൊണ്ടു ഭരണരംഗത്തും പുറത്തും പ്രവർത്തിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ നടത്തിയപ്പോഴെല്ലാം നാട്ടിന്റെയും നാട്ടുകാരുടെയും മുസ്ലിം സമുദായത്തിന്റെയും ഉത്തമതാല്പര്യങ്ങൾ മുൻനിറുത്തി പ്രവർത്തിച്ചുവെന്നത് ഒരു വസ്തുതയാണ്. "മുസ്‌ലിംലീഗിനെ വർഗ്ഗീയമുദ്ര" കുത്തുന്ന പ്രവണത ചില കേന്ദ്രങ്ങളിൽ ഇപ്പോഴും കാണുന്നുണ്ട്. മുസ്‌ലിംലീഗിന്റെ ഇക്കാലമത്രയുമുള്ള പ്രവർത്തനത്തിൽ വർഗ്ഗീയമായി ലീഗ് പ്രവർത്തിച്ചുവെന്ന് ആർക്കും ഒരിക്കലും ചൂണ്ടിക്കാണിക്കാൻ കഴിയുകയില്ല.

സംഘടനയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ പല നാഴികക്കല്ലുകളും കടന്നുപോകയാണ്. വിജയത്തിൽ നിന്നു വിജയത്തിലേയ്ക്കു സംഘടനയെ നയിക്കാൻ സർവ്വശക്തനായ അല്ലാഹു സഹായിക്കട്ടെ- ആമീൻ.

mappilaheritagelibrary.com

29
മുസ്‌ലിംലീഗ് മന്ത്രിമാർ എന്തിന് മന്ത്രിസഭ വിട്ടു?

ഇരുമ്പുലക്ക വിഴുങ്ങി ചുക്കുവെള്ളം കുടിക്കുന്ന ഇ.എം.എസ്സിന്റെ ഇരട്ടത്താപ്പ് നയം

മുഖ്യമന്ത്രിയുടെ നീതിനിഷ്ഠയിലും വ്യക്തിത്വത്തിലും എത്ര വിശ്വാസം അർപ്പിച്ചുവോ അത്രയും നിരാശയാണ് ഉണ്ടായതെന്നും ഏകകക്ഷി മേധാവിത്വത്തിന്റെ അൾത്താരയിൽ ഐക്യമുന്നണിയെ നിഷ്ക്കരുണം ബലിയർപ്പിക്കുകയാണ് മുഖ്യമന്ത്രി ചെയ്തതെന്നും അഴിമതിയന്വേഷണനിയമം സഹോദരകക്ഷികളെ ഭീഷണിപ്പെടുത്താനുള്ള ഒരു വാളായി മുഖ്യമന്ത്രി സൂക്ഷിച്ചിരിക്കുകയാണെന്നും പ്രസ്താവിച്ചുകൊണ്ട് ജ: സി.എച്ച്.മുഹമ്മദ് കോയ 1969 ഒക്ടോബർ 21-ാം ന് അസംബ്ലിയിൽ ചെയ്ത പ്രസംഗമാണ് ചുവടെ ചേർക്കുന്നത്.

ഐക്യമുന്നണിയുടെ ഘടകകക്ഷികളെന്ന നിലയിൽ ഞങ്ങളും ഞങ്ങളുടെ മൂന്നു സഹോദരപ്പാർട്ടികളും മുഖ്യമന്ത്രിക്ക് ഒക്ടോബർ 14-ന് നൽകിയ പ്രസ്താവനക്കു മറുപടി പറയുവാൻ മുഖ്യമന്ത്രി ഈ നിയമസഭാവേദി തിരഞ്ഞെടുത്തതിന്റെ ഔചിത്യമെന്തായാലും അതു ഞങ്ങളുടെ രാജിയടക്കമുള്ള പല സംഭവവികാസങ്ങൾക്കും കാരണമായിരിക്കയാൽ അതിനെക്കുറിച്ച് ചില കാര്യങ്ങൾ പറയാൻ ഞാൻ ബാധ്യസ്ഥനായിരിക്കയാണ്.

ഞങ്ങളുടെ പ്രസ്താവന പ്രധാനമായും ഊന്നിയത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ വൻപാർട്ടി മേധാവിത്വം ഒഴിവാക്കുകയും അഴിമതിയന്വേഷണത്തിലുള്ള ഇരട്ടത്താപ്പു നയം അവസാനിപ്പിക്കുകയും ചെയ്തില്ലെങ്കിൽ മുന്നണിക്കു നൽകിയ പിൻബലം പിൻവലിക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരായിത്തീരുമെന്നതിലായിരുന്നു. തുടർന്നു പിൻബലം നൽകുന്നതു ജനങ്ങളോടു നൽകിയ വാഗ്ദാനത്തിനെതിരാണെന്നും ഞങ്ങൾ പറഞ്ഞു. ചില കാര്യങ്ങൾ പറഞ്ഞതിനു ശേഷം ഇക്കാര്യത്തിൽ വ്യക്തവും തൃപ്തികരവുമായ തീരുമാനങ്ങൾ എത്രയും വേഗം ഉണ്ടായില്ലെങ്കിലേ ഇങ്ങിനെ ചെയ്യാനുദ്ദേശ്യമുള്ളുവെന്നും പറഞ്ഞിരുന്നു.

ഇരട്ടത്താപ്പുനയം

എന്നാൽ മുഖ്യമന്ത്രി ഇതിനു മറുപടി നൽകിയത് നാലു കക്ഷികളിൽ

mappilaheritagelibrary.com

ചിലതിന്റെ മന്ത്രിമാരുടെ പേരിൽ അഴിമതിക്കുറ്റം കൊണ്ടുവന്ന് പകരം വീട്ടിക്കൊണ്ടാണ്. ഇതിലും ഗൗരവാവഹമായ ആരോപണങ്ങൾക്ക് വിധേയരായ മാർകിസ്റ്റ് മന്ത്രിമാരുടെ പേരിലെന്തേ അന്വേഷമില്ലായെന്നു ചോദിച്ചപ്പോൾ "ചുണയുണ്ടെങ്കിൽ അവിശ്വാസപ്രമേയം കൊണ്ടുവാ" എന്നു പറഞ്ഞു തങ്ങളുടെ സംഖ്യാബലത്തെക്കുറിച്ചു ഊറ്റം കൊള്ളുകയാണ് മുഖ്യമന്ത്രി ചെയ്തത്. ഇതിനാണ് ഞങ്ങൾ ഇരട്ടത്താപ്പുനയം എന്നു പറയുന്നത്. സ്വജനപക്ഷപാതത്തിനും അഴിമതിക്കുമുള്ള തെളിവുകൾ നിയമസഭയിൽ നിരത്തി നിരത്തി വെച്ചു മാർകിസ്റ്റ് മന്ത്രിമാർക്കെതിരായി. പക്ഷേ ആദ്യം മുഖ്യമന്ത്രി പ്രഥമദൃഷ്ടിയുപയോഗിച്ചു ചിലരെ രക്ഷിച്ചു. ഇപ്പോൾ ആരോപണം തൂക്കിനോക്കിയാണദ്ദേഹം അന്വേഷണത്തിനുത്തരവിടുന്നത്. സ്വന്തം കക്ഷി നേതാക്കളുടെ ബന്ധുക്കൾക്ക് ജോലികൊടുത്തും പാർട്ടിയുടെ സ്റ്റേറ്റു കമ്മിറ്റിക്കും ജില്ലാകമ്മിറ്റിക്കും വേറെവേറെ കോട്ട വെച്ചും ഉദ്യോഗം കൊടുക്കുന്നവർ 'എ' ക്ലാസ്സ് പൗരന്മാർക്കു വേണ്ടി 'ക്ലീനായ' ഭരണം നടത്തുന്നവരാണ്. അതെയവസരത്തിൽ ശ്രീ വെളിയം ഭാർഗ്ഗവന്റെ ഒരു ബന്ധുവിനു സർവ്വകലാശാല റിസർച്ചു സൗകര്യം നൽകിയാൽ അതന്വേഷണത്തിനുത്തരവിട്ട മുഖ്യമന്ത്രിയുടെ കൈകൾ തന്നെ ശുദ്ധങ്ങളല്ലെന്ന് ഇവിടെയാരോപണമുണ്ടായി. അതിനെപ്പറ്റി പറഞ്ഞാൽ അവിശ്വാസപ്രമേയം വരട്ടെ പാസ്സാവട്ടെയെന്നു പറഞ്ഞാൽ മതിയോ? ഇരുമ്പുലക്ക വിഴുങ്ങി ചുക്കുവെള്ളം കുടിക്കുകയാണോ നമ്മുടെ മുഖ്യമന്ത്രി?

ഐക്യമുന്നണി ഭരണമാണിവിടെ നടക്കുന്നതുപോൽ. പക്ഷെ സഹോദരപാർട്ടികളോടൊരാലോചന പോലും നടത്താതെ അവരുടെ മന്ത്രിമാരോടൊരു ചോദ്യം പോലും ചോദിക്കാതെ രാക്കു രാമാനം മന്ത്രിമാരെ താഴത്തിടാൻ മുഖ്യമന്ത്രിക്കൊരു മടിയുമില്ല. അഴിമതിയന്വേഷണനിയമം സഹോദരകക്ഷികളെ ഭീഷണിപ്പെടുത്താനുള്ള ഒരു വാളായി മുഖ്യമന്ത്രി സൂക്ഷിച്ചിരിക്കയാണ്. പോളിറ്റ് ബ്യൂറോ ആവട്ടെ ആരെയൊക്കെയാണ് ലിക്വിഡേറ്റു ചെയ്യുന്നതെന്ന് നേരത്തെയങ്ങ് പ്രഖ്യാപിക്കുകയും ചെയ്യും.

മാർക്സിസ്റ്റുകാരനോ സ്വച്ഛന്ദം വിഹരിക്കാം

മാർക്സിസ്റ്റുകാരനോ ആശ്രിതനോയായാൽ അഴിമതിയുടെ കൊയ്ത്ത് നിർബാധം നടത്താം. പ്രഥമദൃഷ്ടിബാധയില്ല. തൂക്കി നോക്കി അഴിമതി കണ്ടു പിടിക്കില്ല. പോളിറ്റ് ബ്യൂറോവിന്റെ കാളികോപമില്ല. മുഖ്യമന്ത്രിയുടെ വാൾ തലയിൽ വീഴില്ല. ഇതാണ് ഇരട്ടത്താപ്പ്. വെല്ലിംഗ്ടണെതിരായി അന്വേഷണം നടത്തിക്കാൻ ആകാശഗംഗയെ പാതാളലോകത്തു കൊണ്ടുവരുന്ന പാട് ഞങ്ങൾ പെട്ടിട്ടുണ്ട്. കോർഡിനേഷൻ കമ്മിറ്റി അവർ നിശ്ചലമാക്കി. ജോയിന്റ് പാർലിമെന്ററി പാർട്ടി നിർവ്വീര്യമാക്കി. കാബിനറ്റിൽ പോലും തടസ്സനയം സ്വീകരിച്ചു. ഈ സഭ ദശാബ്ദങ്ങളായി നേടിയ സൽപേര് കളഞ്ഞു കുളിച്ചു. ചെയറിന്റെ മേൽപോലും ചെളിതെറപ്പിച്ചു. അവസാനം ഉത്തരവിട്ടതോ? ഒരു മുട്ടുശ്ശാന്തിയന്വേഷണത്തിന്. അമ്മായിഅമ്മയും കുടിച്ചു പാൽക്കഞ്ഞി എന്നു പറഞ്ഞതുപോലുള്ള ഒരന്വേഷണമാണിത്. കാര്യമായിയുന്നയിച്ച ആരോപണങ്ങളെയൊക്കെ മറുകണ്ടം ചാടി നാമമാത്രമായ രണ്ടു ചാർജ്ജ് വെച്ചുകൊടുത്ത് ഈ സഭയെ തൃപ്തിപ്പെടുത്താനൊരു വൃഥാശ്രമം നടത്തുന്നു. മുഖ്യമന്ത്രി, ലോകമിതു കാണുന്നുണ്ട്. വെല്ലിംഗ്ടന്റെ പേരിൽ നടക്കുന്നതന്വേഷണമല്ല, അന്വേഷണ പ്രഹസനമാണ്, അന്വേഷണാഭാസമാണ്.

കേരളാ കോൺഗ്രസ്സും സഹായിക്കുമെന്നുവെച്ചിട്ടാണ് ഞങ്ങൾ അഴിമതി അന്വേഷണത്തിനു പ്രമേയം കൊണ്ടു വന്നതെന്നു മുഖ്യമന്ത്രി ഒന്നിലധികം തവണ പറഞ്ഞു. മാർക്സിസ്റ്റ് പാർട്ടി തന്നെ സഹായിക്കുമെന്നു

mappilaheritagelibrary.com

ഞങ്ങൾക്കു വിശ്വസിച്ചുകൂടെ? മാർക്സിസ്റ്റ് എം.എൽ.എ.മാർ ആരുടെ സഹായം പ്രതീക്ഷിച്ചിട്ടാണ് പ്രമേയം കൊണ്ടുവന്നത്? മാർക്സിസ്റ്റ് പാർട്ടി അന്വേഷണത്തിനു എതിർത്തതു ഞങ്ങളുടെ കുറ്റമാണോ? ശ്രീ.സുന്ദരയ്യ മുൻകൂട്ടി പ്രഖ്യാപിച്ചതിനു ശേഷമാണെങ്കിലും കുഞ്ഞുസാഹിബിന്റെ പേരിൽ പ്രഥമദൃഷ്ടിയുടെ പിൻബലത്തിൽ വന്ന അന്വേഷണത്തെ ഞങ്ങൾ എതിർത്തിരുന്നുവോ? കോർഡിനേഷൻ കമ്മിറ്റിയിൽ ഒരു ഭിക്ഷാപാത്രവുമായി ഞങ്ങൾ എത്ര നാൾ കാത്തുനിന്നു? ഞങ്ങളുടെ "ഭക്തന്നെതിരിൽ അന്വേഷണമോ?" എന്ന നിലപാടല്ലേ മാർക്സിസ്റ്റുകൾ സ്വീകരിച്ചത്. അഴിമതിയന്വേഷണബിൽ അവർ പൂഴ്ത്തിവെച്ചില്ലേ? ഇടക്കാല മെഷീനറിയെ അവർ ഇടങ്കോലിട്ടില്ലേ? മാർക്സിസ്റ്റുകാർക്കിഷ്ടമുള്ളവരുടെ മേൽമാത്രം അന്വേഷണമെന്ന നിസ്സഹായാവസ്ഥയിലേക്കവർ ഞങ്ങളെ തള്ളിയില്ലേ? കണ്ണിലെ കൃഷ്ണമണിപോലെ മുന്നണിയെ കാത്തു രക്ഷിക്കാമെന്നു ജനങ്ങളോട് മി.നമ്പൂതിരിപ്പാട് ഏറ്റതാണ്. പക്ഷെ അദ്ദേഹത്തിന്റെ കൃഷ്ണമണി പോളിറ്റ്ബ്യൂറോ കൊത്തിക്കൊണ്ടു പോയിരിക്കുന്നു. പാർട്ടി തിമിരം കൊണ്ട് അന്ധനായ അദ്ദേഹം സഹോദരകക്ഷികളെ സങ്കോചലേശമന്യേ ചൂടുള്ള ഉരുളക്കിഴങ്ങ് പോലെ താഴെയിട്ടിരിക്കുന്നു: വെള്ളിയാഴ്ച അദ്ദേഹമിവിടെ ചെയ്തത് മുന്നണിയുടെ ചരമപ്രസംഗമാണ്. ഞങ്ങളുടെ പ്രമേയമാകെ അദ്ദേഹം തിരസ്കരിച്ചിരിക്കുന്നു.

മുന്നണിയിൽ ഞങ്ങളുടെ നാലു കക്ഷികൾക്ക് ഭൂരിപക്ഷമില്ലെന്ന് മി.നമ്പൂതിരിപ്പാട് പേർത്തും പേർത്തും പറയുന്നു. ഞങ്ങളെ അവഗണിക്കാനദ്ദേഹത്തെ പ്രേരിപ്പിക്കുന്നതും അതുതന്നെയാണ്. എല്ലാവരുടെയും സഹായത്തോടുകൂടി നേടിയ സംഖ്യാബലം ഘടകകക്ഷികളുടെ വാദങ്ങളെ പുച്ഛത്തോടെ തള്ളിക്കളയാൻ അവരെ പ്രേരിപ്പിക്കുന്നു. ഒരു സമയനിർണ്ണയം ചെയ്ത് ചില കാര്യങ്ങൾ ചെയ്യണമെന്ന് ഘടകകക്ഷികൾ പറഞ്ഞാൽ അതു തള്ളിക്കളയുക, എന്നിട്ടും മന്ത്രിസഭയിൽ പറ്റികൂടുന്നുവെന്ന് പരിഹസിക്കുക, ഇതൊക്കെ ചില സഹകക്ഷികളോട് നേരത്തെയെടുത്ത അടവുകളാണ്.

ധനകാര്യവകുപ്പ് അനധികൃതമായി കയ്യടക്കി

പ്രധാനപ്പെട്ട വകുപ്പുകൾ മാർകിസിസ്റ്റ് പാർട്ടി നേരത്തെ കൈയ്യടക്കിവെച്ചിരിക്കയാണ്. അതിന്റെ കൂടെ എല്ലാവരും കൂടി ഐ.എസ്പിക്ക് ഏല്പിച്ചുകൊടുത്ത ധനകാര്യവകുപ്പ് പിടിച്ചെടുത്തു. അതും അനധികൃതമായി കൈവശംവെച്ചു. മുഖ്യമന്ത്രി ജർമ്മനിയിലേക്കു പോകുമ്പോഴും ഈ വകുപ്പ് ആരോടും ചോദിക്കാതെ സ്വന്തക്കാർക്കു നൽകി സഹോദര കക്ഷികളെ അപമാനിക്കുകയാണ് ചെയ്തത്. മറ്റു വകുപ്പുകളിൽ അവിഹിതമായ സ്വാധീനം ചെലുത്തുന്നതിൽ റവന്യൂ, പോലീസ്, ധനകാര്യം, വിജിലൻസ്, സർവ്വീസസ്സ് മുതലായ എല്ലാ വകുപ്പുകളെയും ഉപയോഗിക്കുന്നു. കലക്ടർമാരെയോ, ഡി.എസ്.പിമാരെയോ നിയമിക്കുന്നതു മറ്റു മന്ത്രിമാർ അറിയാറില്ല; അവരോട് പറയാറില്ല. പോലീസുദ്യോഗസ്ഥന്മാർ പാർട്ടിയാഫീസിൽ നിന്നു കല്പന കിട്ടിയാലെ ഇടപെടാൻ വരൂ. മറ്റു പാർട്ടികാർക്കു രക്ഷയെവിടെ? ഒരു മന്ത്രിയായ ഞാൻ ഘരാവൊ ചെയ്യപ്പെട്ടപ്പോൾ ആ സ്ഥലത്തൊന്നു വരാൻപോലും കോഴിക്കോട് ഡി.എസ്.പിക്ക് സന്മനസ്സ് ഉണ്ടായില്ല. മി.കുറുപ്പിനോട് തൃശൂർ കലക്ടർ മേനോക്കി വളരെ മോശമായി പെരുമാറി. ഒരു നൂറാം മാർക്സിസ്റ്റുകാരനോടാണ് ഇങ്ങിനെ പെരുമാറിയതെങ്കിൽ ടെലിഫോണിൽ ആ ഉദ്യോഗസ്ഥന്മാർ മാറ്റപ്പെടുമായിരുന്നു. വിജിലൻസ് കമ്മീഷണർ രാമനാഥൻപിള്ള മാർകിസ്റ്റുകാരുടെ ചീട്ട് കിട്ടിയാൽ ഏതാഫീസിലും ഭീഷണിയുമായി കയറിച്ചെല്ലും. അവർ പറയുന്നതല്ലാതെ ഞങ്ങൾ പറയുന്നത് ഉദ്യോഗസ്ഥന്മാരനുസരിക്കേണ്ടതില്ലന്ന ഒരു നിലപാടുണ്ടാക്കാൻ

mappilaheritagelibrary.com

ഈ ഉദ്യോഗസ്ഥൻ അശ്രാന്തപരിശ്രമം ചെയ്യുന്നു. മലയാറ്റൂർ രാമകൃഷ്ണന്റെ സംഭവം ഇന്നും നമ്മുടെ സ്മരണയിൽ പച്ചയായിട്ടുണ്ടല്ലോ. അതേയവസരത്തിൽ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ ആരോടും ചോദിക്കാതെ മുൻകാല പ്രാബല്യത്തോടെ അവർ പുനർനിയമനം നടത്തി.

രാഷ്ട്രീയ കൊലപാതകം പെരുകുന്നു

നിയമസമാധാനങ്ങൾ അപകടത്തിലാണ് മാർക്സിസ്റ്റുകാർ പറഞ്ഞാലേ പോലീസ് വരൂ, ഇടപെടൂ. ഇമ്പിച്ചിബാവയുടെ ഏ-ക്ലാസ്സ് പൗരന്മാർക്ക് ഇവിടെ പോലീസ് സഹായം കിട്ടും. എവിടെയെങ്കിലും പോലീസ് നീതി പ്രവർത്തിച്ചാൽ ഏ.കെ.ഗോപാലനും കൂട്ടുകാരും പ്രസ്താവനകളിറക്കും. പിന്നെ ആ ഉദ്യോഗസ്ഥനെ കാസർക്കോട്ടോ, ദേവികുളത്തോ അഗളിയിലോ അന്വേഷിച്ചാൽ മതി. ജനങ്ങളുടെയിടയിൽ അസംതൃപ്തിയുളവാക്കാനുള്ള ശ്രമങ്ങൾ അനുസ്യൂതമായി നടന്നുവരുന്നു കുപ്രസിദ്ധമായ 'ചാത്തുണ്ണി'വിപ്ലവത്തിനുള്ള ആഹ്വാനത്തെത്തുടർന്ന് ഭൂമികയ്യേറ്റങ്ങൾ നിത്യസംഭവങ്ങളാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ പെരുകി വരുന്നു.

വ്യവസായങ്ങൾ വളരാൻ സമ്മതിക്കുന്നില്ല. ഉള്ളതിനെ തകർക്കാൻ ശ്രമിക്കുന്നു. ഘെരാവോ നടത്തി വ്യവസായ ശാലകൾ അടക്കുന്നു. കൃഷിരംഗത്തു അസമാധാനം വളർത്തി ഉല്പാദനം തകർക്കുന്നു. ഇതൊക്കെ പരിഹരിക്കാൻ ഞങ്ങൾ ഉള്ളിൽ വെച്ച് നടത്തിയ ശ്രമങ്ങളെ മാർകിസ്റ്റ് പാർട്ടി അശേഷം ഗൗനിച്ചില്ല. ഇപ്പോഴും മുഖ്യമന്ത്രി ആ പ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുകയാണ്.

പാർട്ടിയുടെ തടവുകാരൻ

മുഖ്യമന്ത്രിയുടെ നീതിനിഷ്ഠയിലും വ്യക്തിത്വത്തിലും എത്ര വിശ്വാസമർപ്പിച്ചുവോ അത്രയും നിരാശ ഞങ്ങൾക്കുണ്ടായി. മുഖ്യമന്ത്രി പാർട്ടിയുടെ തടവുകാരനാണ്. പാർട്ടിയെ പിണക്കിയാൽ അദ്ദേഹം വലിയ വില കൊടുക്കേണ്ടി വരും.

ഏകോപനസമിതിയെ ഒരു ടോക്കിംഗ് ക്ലബ്ബായി അവർ അധഃപതിപ്പിച്ചു. തീരുമാനമെടുക്കുന്നത് എന്ത് വിഷയത്തെക്കുറിച്ചാണെന്നു പോലും അവരുടെ പോളിറ്റ് ബ്യൂറോ മുൻകൂട്ടി തീരുമാനിക്കും. ഏകോപനസമിതി തീരുമാനിച്ചാൽ തന്നെ അതു ഏട്ടിലെ പശുവാണ്. ഭൂമി കമ്മിറ്റികൾ മുഖേന പതിച്ചു കൊടുക്കാനുള്ള തീർപ്പിനെ റവന്യൂമന്ത്രി കാറ്റിൽ പറത്തി. ഭക്ഷ്യവിതരണത്തിന്റെ ഹോൾസെയിൽ എഫ്.സി.ഐ.ക്ക് കൊടുക്കണമെന്ന തീർപ്പ് അവർ മാനിച്ചില്ല. അവിഹിതനിയമനത്തിനു കുപ്രസിദ്ധമായ ട്രാൻസ്പോർട്ട് വകുപ്പ് കഴിഞ്ഞാൽ മാർക്സിസ്റ്റുകാരുടെ ഏറ്റവും വലിയ കറവപ്പശുവാണ് ഇന്ന് അത്. കശുവണ്ടിയുടെ കുടിവറുപ്പിനെക്കുറിച്ചുള്ള തൊഴിൽ മന്ത്രിയുടെ തീർപ്പിനെക്കുറിച്ചും ജനങ്ങൾക്ക് ബലമായ സംശയങ്ങളുണ്ട്. മാർകിസ്റ്റ് കമ്മ്യൂ:കാർ കയ്യേറിയാൽ ഇറക്കില്ല. മറ്റുള്ളവരെ അടിച്ചിറക്കും. ഭൂമി പതച്ചു കിട്ടുന്നത് മാർക്സിസ്റ്റ്കാർക്ക് തന്നെ. ഇത് എന്ത് ഐക്യമുന്നണിയാണ്, സാർ.

അഴിമതിനിരോധബിൽ കോർഡിനേഷൻ കമ്മിറ്റിയംഗീകരിച്ചതാണ്. പക്ഷെ ബൂർഷ്വാ ജൂഡീഷ്യറിക്കു തങ്ങളുടെ സഖാക്കളെ വിചാരണക്കു കൊടുക്കില്ലെന്നു സുന്ദരയ്യ പ്രഖ്യാപിച്ചു. മുഖ്യമന്ത്രി ബിൽ മടക്കി ഫയൽപ്പെട്ടിയിൽ വെച്ചു. ഇവിടത്തെ വെളിച്ചപ്പാടന്മാർ പ്രസാദിച്ചാലും പോളിറ്റ്ബ്യൂറോയിലെ ദൈവങ്ങൾ പ്രസാദിച്ചില്ലെങ്കിൽ എന്തു മുന്നണി? എന്തു ഐക്യം? എന്തു കോർഡിനേഷൻ.

ഭൂനയബിൽ പാസ്സാക്കിയെടുക്കാനനുവദിച്ചില്ല

മരണത്തിലേക്ക് അടിവെച്ചടിവെച്ചു നീങ്ങിക്കൊണ്ടിരിക്കുമ്പോഴും അത്യ

mappilaheritagelibrary.com

ധ്യാനം ചെയ്തു എന്റെ അന്തരിച്ചുപോയ സ്നേഹിതൻ കുരിക്കൾ പഞ്ചായത്തുരാജ് ബിൽ സെലക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ ഘട്ടത്തിലെത്തിച്ചതാണ്. അപ്പോൾ പറഞ്ഞു അതെടുക്കാൻ അനുവാദമില്ലെന്ന്. ഞങ്ങൾ ഭൂനയബില്ലിനെതിരാണെന്നും ജന്മിമാരുടെ ഏജന്റാണെന്നും അമേരിക്കൻ പണം പറ്റുന്ന വരാണെന്നും വരെ മാർകിസ്റ്റ്കാരും സിൽബന്ധികളും പറഞ്ഞു നടന്നു. ഭൂനയബിൽ കൊണ്ടുവരാൻ താമസിച്ചതു ഞങ്ങൾ മൂലമായിരുന്നുവോ? എന്നിട്ടും ആ ബില്ലിനു മുൻഗണന നൽകി പാസ്സാക്കാൻ ഞങ്ങൾ മുന്നിൽ നിന്നു പ്രവർത്തിച്ചു. ഭൂനയബില്ലിന്റെ ശത്രുക്കൾക്കു ഭാവനയിലെങ്കിലും മിത്രങ്ങളെയുണ്ടാക്കി ആശ നൽകിയ കുറ്റം ഞാൻ മാർക്സിസ്റ്റുകാരുടെ പേരിൽ ആരോപിക്കുകയാണ്. ആർ.കൃഷ്ണന്റെ സ്വയം സംസാരിക്കുന്ന ഭേദഗതി നിയമസഭാ റിക്കാർഡുകളിൽ കിടന്നു മാർക്സിസ്റ്റുകളെ പരിഹസിക്കുന്നുണ്ടാവും.

സർ, ഈ പരിമിതികളും ദ്രോഹങ്ങളുമെല്ലാമുണ്ടായിട്ടും പൊതുജനങ്ങൾക്ക് നന്മചെയ്യാൻ എന്റെ വകുപ്പുവഴി ഞാൻ ശ്രമിച്ചിട്ടുണ്ട്. അധ്യാപകന്മാർക്ക് സംരക്ഷണവും വിദ്യാർത്ഥികൾക്ക് സർവ്വകലാശാലകളിൽ പ്രാതിനിധ്യവും നൽകുന്ന യൂണിവേഴ്സിറ്റി നിയമം, ടീച്ചർമാർക്ക് ഉയർന്ന ഗ്രെയ്ഡ് നൽകുന്ന പരിഷ്കരണം, കോഴിക്കോട് സർവ്വകലാശാലയുടെ സ്ഥാപനം, പിരിച്ചുവിടുന്ന അധ്യാപകന്മാർക്ക് നൽകുന്ന ഒരതിരുവരെയുള്ള സംരക്ഷണം, ഭാഷാ ഇൻസ്റ്റിട്യൂട്ടിന്റെ സ്ഥാപനത്തിലും പ്രവർത്തനത്തിലും വന്ന വേഗത, ഒൻപതും പത്തും സ്റ്റാന്റേർഡുകളിൽ ഫീസ് എടുത്തുകളഞ്ഞത്, പാർടൈം അദ്ധ്യാപകന്മാരെ ഫുൾടൈം ആക്കാനുള്ള പദ്ധതി, സർവ്വകലാശാലയിലും ലോകോളേജിലും മറ്റും നൽകിയ റിസർവേഷൻ, കുമാരപിള്ള കമ്മീഷനനുസരിച്ച ആനുകൂല്യങ്ങൾ കൂടുതൽ വ്യാപകമാക്കിയത്, അറബി അദ്ധ്യാപകന്മാർ മാത്രം ഭാഷാദ്ധ്യാപകരല്ലെന്ന അനീതി പരിഹരിച്ചത്, അനേകം സ്പെഷ്യൽ ടീച്ചർമാർക്ക് തസ്തികയനുവദിച്ചത് ഇങ്ങനെ എത്രയോ കാര്യങ്ങൾ എണ്ണിയെണ്ണിപ്പറയാനുണ്ട്. എല്ലാറ്റിലുമുപരിയായി കുത്തഴിഞ്ഞ പുസ്തകമെന്ന കുപ്രസിദ്ധമായ വിദ്യാഭ്യാസ വകുപ്പിലെ കുഴപ്പങ്ങൾ നീക്കി അതിനെയൊരു സാധാരണ വകുപ്പു പോലെയാക്കാൻ ഞാൻ വിജയപൂർവ്വം അത്യദ്ധ്വാനം ചെയ്തു.

മുന്നണിയെ ബലി കഴിച്ചു

എന്നാൽ ഏകകക്ഷി മേധാവിത്വത്തിന്റെ അൾത്താരയിൽ ഐക്യമുന്നണിയെ നിഷ്കരുണം ബലികൊടുത്ത മുഖ്യമന്ത്രിയുടെ നിഷ്ഠൂരമായ നീക്കം കൊണ്ട് എന്റെ ഭാവനയിലുള്ള പല നല്ല നടപടികളും നടപ്പിലാക്കാൻ കഴിഞ്ഞില്ലായെന്ന് പറയുവാൻ എനിക്ക് മനോവേദനയുണ്ട്. പക്ഷെ അതേയവസരത്തിൽ ഏകകക്ഷി മേധാവിത്വത്തിന് ആത്മാഭിമാനമുള്ള എന്റെ കക്ഷിതല കുനിച്ചില്ലെന്നതിൽ എനിക്കാശ്വാസമുണ്ട്, അഭിമാനമുണ്ട്, ആനന്ദവുമുണ്ട്. ഒരു കക്ഷിയുടെ അന്തസ്സ് രണ്ടു മന്ത്രിസ്ഥാനങ്ങൾക്കു പകരമാവില്ലെന്ന് മുഖ്യമന്ത്രിക്കറിയാമല്ലൊ.

കുൽസിതമാർഗ്ഗങ്ങൾ കൈകൊള്ളില്ലെന്നു മുഖ്യമന്ത്രി പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ട്. വെല്ലിംഗടന്റെയും ടി.വി.യുടെയും അന്വേഷണ ഉത്തരവുകൾ താരതമ്യപ്പെടുത്തി വായിച്ചു നോക്കിയിട്ട് ഇതല്ലേ കുൽസിതന്മാർഗ്ഗമെന്നു മുഖ്യമന്ത്രിയോടു ഞാൻ ചോദിക്കുന്നു. മുഖ്യമന്ത്രിയുടെയും എം.എൻ ന്റെയും പേരിലുള്ള ആരോപണ പത്രങ്ങൾ വായിച്ചു നോക്കിയിട്ട് ആദ്യത്തെതിനു അന്വേഷണമിടാത്തതല്ലേ കുൽസിത മാർഗ്ഗമെന്ന് ഞാൻ ചോദിക്കുന്നു. ഈ മന്ത്രിസഭതുടരാനധികാരമില്ലെന്നു ഭൂരിപക്ഷം നിയമസഭാംഗങ്ങളെ പ്രതിനിധീകരിക്കുന്ന കക്ഷിനേതാക്കൾ പറഞ്ഞിട്ടും അവിശ്വാസപ്രമേയം പാസ്സാക്കി മന്ത്രിസ

mappilaheritagelibrary.com

ഭയെ ഒന്നു കൊന്നുതരൂ ഞാനൊരു രക്തസാക്ഷിയാവട്ടെയെന്ന് സാങ്കേതിക ത്വത്തിന്റെ തലനാരിഴമേൽ തൂങ്ങി വാദിക്കുന്നതല്ലേ കുൽസിതമാർഗ്ഗം? മുഖ്യമ ന്ത്രി, അങ്ങയുടെ ഈ വാദത്തിനു മുമ്പിൽ പനമ്പിള്ളിയുടെ ഐവർജന്നിംഗ്സ് വാദം നിഷ്പ്രഭമായിപ്പോയിരിക്കുന്നു. അങ്ങ് ജനാധിപത്യമര്യാദയുണ്ടെങ്കിൽ രാജിവെച്ചു കൊള്ളുക. ഞങ്ങളേതായാലും പിരിയുകയാണ്."

mappilaheritagelibrary.com

30
അവുക്കാദർകുട്ടി നഹയുടെ പ്രസംഗം

ജനങ്ങൾക്കു ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യാൻ സമ്മതിക്കാതെ, മാർക്സിസ്റ്റ് മന്ത്രിമാർ ഞങ്ങളുടെ വകുപ്പുകളിൽ കയ്യിട്ടു മാന്തുകയും അവരുടെ അടക്കിവാഴലിന്നെതിരിൽ ഒന്നും ഇവിടെ നടപ്പില്ലെന്ന ബോധം നാട്ടിൽ പരത്തുകയും ചെയ്തതായി ആക്ഷേപിച്ചു കൊണ്ട് പഞ്ചായത്ത് സാമൂഹ്യവികസന ഫിഷറീസ് വകുപ്പുമന്ത്രിയുടെ സ്ഥാനം രാജിവെച്ച ഹാജി കെ.അവുക്കാദർ കുട്ടിനഹ ഒക്ടോബർ 21-ാം നു അസംബ്ലിയിൽ ചെയ്ത പ്രസംഗമാണ് ചുവടെ ചേർക്കുന്നത്.

"എന്റെ പാർട്ടിയുടെ നേതാവും രാജിവെച്ച വിദ്യാഭ്യാസ മന്ത്രിയുമായ സി.എച്ച്. മുഹമ്മദ്കോയ സാഹിബ് ചെയ്ത പ്രസംഗത്തോട് എനിക്കധികമൊന്നും കൂട്ടിച്ചേർക്കാനില്ല. പരമമായ അപഗ്രഥനത്തിൽ ഞങ്ങളുടെ വഴക്ക് വൻപാർട്ടി മേധാവിത്വത്തോടാണെന്ന് സഭ മനസ്സിലാക്കിയിരിക്കും. മാർക്സിസ്റ്റ് പാർട്ടി വലിയ കക്ഷി തന്നെ. അതുകൊണ്ടവർക്ക് നിയമസഭയിലും മന്ത്രിസഭയിലും അധികം അംഗത്വമുണ്ട്. ഇതിന്റെ ബലത്തിന്മേൽ എല്ലാം അവർ അടക്കിവാഴുകയും അവർക്കെതിരിൽ ഒന്നും നടക്കുകയില്ലെന്നുള്ള ബോധം നാട്ടിൽ പരത്തുകയും ചെയ്തു. അവരെയനുകൂലിച്ചാൽ ഏതു റൗഡിക്കും പോലീസ് സംരക്ഷണമുണ്ട്. അവരെയെതിർത്താൽ ഏത് മാന്യനും സംരക്ഷണമില്ലതാനും. കക്ഷിയോ രാഷ്ട്രീയമോ നോക്കാതെ എല്ലാവർക്കും നിയമത്തിന്റെ സംരക്ഷണം ലഭിക്കണമെന്നതാണ് ഞങ്ങളുടെ അഭിപ്രായം. അവർക്ക് ഭൂമി കയ്യേറിയാൽ ഇറക്കാൻ പോലീസിനെ കിട്ടില്ല. ഇതല്ലെ കോടഞ്ചേരിയിലും മറ്റു പല സ്ഥലങ്ങളിലും നടന്നത്, കാഞ്ഞങ്ങാട് ട്രാക്ടർ കത്തിച്ച സംഭവം ഈയ്യിടെ നടന്നതാണ്. പോലീസ് നിശ്ചലമായി നോക്കിനിന്നു. ഇനിയും എത്ര ഉദാഹരണം വേണം? ഈ സഭയുടെ സമയം പരിമിതമായതിനാൽ ഞാൻ നീട്ടുന്നില്ല.

സർ, ഞാൻ ഐക്യമുന്നണി ഗവർൺമെന്റിൽ ചേർന്നത് ഐക്യമുന്നണി അംഗീകരിച്ച മിനിമം പരിപാടികൾ നടപ്പിലാക്കണമെന്നുദ്ദേശിച്ചാണ്. എന്നാൽ മാർക്സിസ്റ്റ് പാർട്ടി അവരുടെ പോളിറ്റ്ബ്യൂറോയുടെ പരിപാടികളും അക്രമവും അരക്ഷിതാവസ്ഥയും അഴിച്ചുവിടുന്ന രണദിവെപ്ലാനും നടപ്പിലാക്കാനാണ് പരിശ്രമിച്ചത്. അതിന് കൂട്ടുനിൽക്കാൻ ഞാൻ തയ്യാറില്ല. സർ. 17-ാം തീയതി മുഖ്യ

mappilaheritagelibrary.com

മന്ത്രി ഇവിടെ ചെയ്ത പ്രഖ്യാപനം പോലും ഐക്യമുന്നണി നേതാവിന്റെതല്ല. വളരെ മുമ്പ് തന്നെ പോളിറ്റ്ബ്യൂറോ തീരുമാനിച്ച സംഗതിയാണ്.

ഒരേ പന്തിയിൽ രണ്ടു തരത്തിൽ വിളമ്പുന്ന നയം

"സർ, അഴിമതിയന്വേഷണത്തിന്റെ കഥ എന്റെ നേതാവ് വിവരിച്ചു കഴിഞ്ഞു. മി.വെല്ലിംഗ്ടന്റെ പേരിൽ ആത്മാർത്ഥമായി ഒരു അഴിമതിയന്വേഷണത്തിന് ഉത്തരവിടാൻ ഇന്നും മുഖ്യമന്ത്രിക്ക് സാധിച്ചിട്ടില്ല. ആരുടെയോ കണ്ണിൽ പൊടിയിടാനാണദ്ദേഹം പരിശ്രമിച്ചത്. ഒരേ പന്തിയിൽ രണ്ടുതരത്തിൽ വിളമ്പുന്നതിന് ഇത് ഉദാഹരണമല്ലെ? അല്ലെങ്കിൽ മുഖ്യമന്ത്രിയടക്കമുള്ള മാർക്സിസ്റ്റ് മന്ത്രിമാരെപ്പറ്റി അന്വേഷണം നടത്താതിരുന്ന അദ്ദേഹത്തിന്റെ നയമെങ്കിലും അതിനുദാഹരണമാണെന്ന് ഞങ്ങളുടെ മാർക്സിസ്റ്റ് സുഹൃത്തുക്കൾ മനസ്സിലാക്കുമെന്ന് ഞാൻ കരുതുന്നു.

എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്യാൻ ഞങ്ങളുദ്ദേശിച്ചതാണ്. എന്റെ പ്രഗത്ഭനായ മുൻഗാമി ഈ സഭയുടെ സഹായത്തോടെ മിനുക്കുപണികൾ നടത്തിയ പഞ്ചായത്ത് രാജ്ബിൽ ഇന്ത്യക്കാകെ മാതൃകയായിരുന്നു: അതിനെ പ്രശംസിക്കാത്തവരില്ല. എന്നാൽ ഈ ബില്ലിനെ തുരങ്കം വെക്കാനാണ് മാർക്സിസ്റ്റ് പാർട്ടിയും അവരുടെ സ്റ്റേറ്റ് സെക്രട്ടറി എ.കെ.ഗോപാലനും റവന്യൂമന്ത്രിയും ഇക്കാലമത്രയും ശ്രമിച്ചത്.

റവന്യൂ മന്ത്രി മലപ്പുറത്തു വെച്ചു പോലും ഇത്തരത്തിൽ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. ശ്രീ.ഗോപാലൻ, ജനങ്ങൾ ഈ ബില്ല് നടപ്പിലാക്കുന്നതിന് മാത്രം വളർന്നിട്ടില്ല, എന്നു പറഞ്ഞുകൊണ്ട് ബില്ലിനെ തുരങ്കം വെക്കുക മാത്രമല്ല കേരളത്തിലെ ജനങ്ങളെ ആകെ അവഹേളിക്കുകയാണ് ചെയ്തത്. സർ, എന്റെ കക്ഷിഭൂപരിഷ്കരണബില്ലിനെതിരാണെന്നു മാർക്സിസ്റ്റുകാർ നാടുനീളെ പ്രചരണം നടത്തുകയുണ്ടായി. എന്നാൽ ഈ സഭയിൽ രണ്ടാം വായനക്കെടുത്ത പഞ്ചായത്ത് രാജ് ബില്ലുപോലും മാറ്റിവെച്ചു കൊണ്ട് ഭൂപരിഷ്കരണബില്ല് അവതരിപ്പിക്കുവാൻ സമ്മതിക്കുകയാണ് ഞങ്ങൾ ചെയ്തത്. എന്നിട്ടും ഞങ്ങളുടെ പേരിൽ ആക്ഷേപം നിർത്തിയിട്ടില്ല.

ഫിഷറീസ് മാസ്റ്റർപ്ലാൻ ഈ കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റിക്കളയുന്ന ഒന്നാണ്. സംസ്ഥാന പ്ലാനിങ്ങ് കമ്മീഷനംഗങ്ങളുമായുള്ള ചർച്ചക്കു ശേഷം അന്തിമരൂപം നൽകിയ മാസ്റ്റർ പ്ലാനിനെക്കുറിച്ചു കേന്ദ്രഗവർമ്മെണ്ട് മന്ത്രിമാരുമായി ചർച്ച നടത്തുകയും അവരിൽ നിന്ന് അനുകൂലമായ പ്രതികരണങ്ങൾ ലഭിക്കുകയും ചെയ്തിരിക്കയാണ്. അതിന്നിടയിലാണ് മാർക്സിസ്റ്റുകാർ ഈ മന്ത്രിസഭയെ നിർദ്ദയം തകർത്തു കളഞ്ഞത്.

ഫിഷറീസ് വകുപ്പിന്റെ പണം റവന്യൂവകുപ്പിലേക്ക് മാറ്റി

"കേൾപ്പോരും കേൾവിയുമില്ലാതിരുന്ന രണ്ട് വകുപ്പുകളാണ് പഞ്ചായത്തും, ഫിഷറീസും. അവയെ എന്റെ മുൻഗാമിയുടെ പ്രാഗത്ഭ്യം കൊണ്ട് ഉടലെടുത്ത പഞ്ചായത്ത് രാജ് ബില്ലും ഫിഷറീസ് മാസ്റ്റർപ്ലാനും വഴി കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു വകുപ്പുകളായി മാറ്റാനുള്ള ഞങ്ങളുടെ ശ്രമം വേണ്ടത്ര സാമ്പത്തികസഹായം ലഭിക്കാത്തതിനാൽ പൂർണ്ണമായി വിജയിപ്പിക്കാൻ സാധിച്ചിട്ടില്ല. വേണ്ടത്ര പണമില്ലാതെ ജനോപകാരപ്രദമായ പല പ്രവൃത്തികളും നടപ്പാക്കാൻ സാധിക്കാതെ വിഷമിക്കുന്ന ഫിഷറീസ് വകുപ്പിൽ നിന്ന് ഫിഷറീസ് ഹാർബർ നിർമ്മാണത്തിനു വേണ്ടി നീക്കിവെച്ച 44 ലക്ഷത്തോളം രൂപാ ഞാനോ എന്റെ വകുപ്പുദ്യോഗസ്ഥന്മാരോ അറിയാതെ റവന്യൂ ഡിപ്പാർട്ടുമെണ്ടിലെ കഡസ്ട്രൽ സർവ്വേക്കു വേണ്ടി മാറ്റാൻ ഈയ്യിടെ പ്ലാനിംഗ് വകുപ്പും ധനകാര്യവകുപ്പും കൂടി തീരുമാനിക്കുകയാണുണ്ടായത്. ഇതിനെ സംബന്ധി

mappilaheritagelibrary.com

ച്ചുള്ള എന്റെ എതിർപ്പ് രേഖപ്പെടുത്തിയപ്പോൾ പ്രസ്തുത വകുപ്പുകളുടെ അഭിപ്രായം ശരിവെച്ചു കൊണ്ടുള്ള മറുപടിയാണ് ധനകാര്യ വകുപ്പ് മന്ത്രിയുടെ ചാർജ്ജ് വഹിച്ചിരുന്ന ബഹുമാനപ്പെട്ട ശ്രീമതി ഗൗരിയിൽ നിന്നു എനിക്ക് ലഭിച്ചത്. മത്സ്യബന്ധന വികസനത്തിനും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും അവശ്യം ആവശ്യമായ ഒട്ടേറെ നിരത്തുകളും കോളനികളും ഹാർബറുകളും നിർമ്മിക്കാനും മറൈൻ ഡീസൽ എഞ്ചിൻ വാങ്ങിക്കാനും പണമില്ലാതെ നട്ടംതിരിയുകയും 87 ലക്ഷം രൂപായുടെ ഒരു സപ്ലിമെന്ററിഗ്രാന്റ് അസംബ്ളിയിൽ അവതരിപ്പിക്കുന്നതിനു പോലും ധനകാര്യവകുപ്പും പ്ലാനിങ്ങ് വകുപ്പും പ്രതികൂലമായി നിൽക്കുകയും ചെയ്യുന്നയവസരത്തിലാണ് ഇത്തരമൊരു കൈകടത്തൽ നടന്നതെന്നാലോചിക്കുമ്പോൾ മറ്റു പാർട്ടികളോടുള്ള മാർകിസ്റ്റ് പാർട്ടിയുടെ സമീപനം മനസ്സിലാക്കാവുന്നതാണ്.

അതുപോലെ തന്നെ സാമൂഹ്യവികസന വകുപ്പ് ബ്ളോക്കുകളിലെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനപ്രീതിയാർജ്ജിച്ചതും വളരെ ഉപകാരപ്രദവുമായ റൂറൽമാൻ പവ്വർ പദ്ധതിയും പ്രയുക്ത പോഷകാഹാര പദ്ധതിയും നടപ്പാക്കുന്നതിന് പണമില്ലാതെ വിഷമിക്കുമ്പോഴും അതിനു വേണ്ടി കൂടുതൽ പണം നീക്കിവെക്കാനാവശ്യപ്പെടുമ്പോഴും വളരെ അനുഭാവശൂന്യമായ നിലപാടാണ് ധനകാര്യവകുപ്പും പ്ലാനിങ്ങ് വകുപ്പും ഈയ്യിടെയായി അനുവർത്തിച്ചു കാണുന്നത്.

ഇത്രയൊക്കെ പ്രതികൂല സാഹചര്യങ്ങളുണ്ടായിരുന്നിട്ടും ഈ കാലഘട്ടത്തിൽ പല നല്ല കാര്യങ്ങളും എന്റെ വകുപ്പിന് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക പരാധീനതയനുഭവപ്പെടുന്ന പഞ്ചായത്തുകൾക്ക് നിർല്ലോഭം ഗ്രാൻറ്റും കടവും നൽകുക വഴി സ്റ്റേറ്റിലെ ഭൂരിപക്ഷം പഞ്ചായത്തുകൾക്കും അവരുടേതായ ആഫീസ് കെട്ടിടങ്ങളും പഞ്ചായത്തുകളുടെ മുതൽകൂട്ടാവുന്ന ചന്ത, മാർക്കറ്റ്, ബസ്സ്റ്റാന്റ് മുതലായ മറ്റു സ്ഥാപനങ്ങളും ഉണ്ടായിട്ടുണ്ട്. കൂടാതെ പഞ്ചായത്തുദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും ജീവിത നിലവാരവും സേവന വ്യവസ്ഥയും മെച്ചപ്പെടുത്തുന്നതിന് പല നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

കാര്യക്ഷമമായ പ്രവർത്തനങ്ങൾ

ഇന്ത്യയിലാകെയുള്ള മത്സ്യബന്ധനത്തിന് ലഭിക്കുന്നതിന്റെ 80 ശതമാനം വിദേശനാണ്യം നേടിക്കൊടുക്കുന്നത് കേരളമാണ്. ആധുനിക സമ്പ്രദായങ്ങളുപയോഗിച്ച് ആഴക്കടലിലെ അളവറ്റ മത്സ്യസമ്പത്തു ആവോളം ചൂഷണം ചെയ്ത നമ്മുടെ മത്സ്യവിപണനം അഭിവൃദ്ധിപ്പെടുത്തുവാനും അങ്ങിനെ നമ്മുടെ ഭക്ഷ്യപ്രശ്നം ഒരളവുവരെ പരിഹരിക്കുവാനും കാലാകാലമായി അടിമത്വത്തിനും ചൂഷണത്തിനും വിധേയരായിക്കഴിയുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരിൽ നിന്നു രക്ഷപ്പെടുത്തി സഹകരണ സംഘങ്ങളുടെ വരുതിയിൽ കൊണ്ടുവരാനും അവർക്കുവേണ്ട യന്ത്രവൽകൃത ബോട്ടുകൾ നൽകിയും കോളണികൾ സ്ഥാപിച്ചും റോഡുകൾ വെട്ടിയും അവരുടെ ജീവിതനിലവാരമുയർത്താനും എന്റെ വകുപ്പ് ഒട്ടേറെ ശ്രമിച്ചിട്ടുണ്ട്. കൂടാതെ വീടില്ലാത്ത മത്സ്യത്തൊഴിലാളികളെയുദ്ദേശിച്ചു ഒരു ലക്ഷത്തോളം വീടുകൾ പണിയാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക ന്യൂനതകാരണം അവിടെ നിർത്തി വെച്ചിരിക്കയാണ്.

ഫിഷറീസ് കോർപ്പറേഷനെക്കുറിച്ചു കൂടി ഒരു വാക്ക് ഇതരുണത്തിൽ പറയുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. കോർപ്പറേഷന്റെ ആദികാലഘട്ടത്തിൽ അതിന്റെ നടത്തിപ്പിൽ ഭീമമായ നഷ്ടമുണ്ടായിരുന്നുവെങ്കിലും ഞാൻ

mappilaheritagelibrary.com

അധികാരമേറ്റെടുത്തതിനു ശേഷം കാര്യക്ഷമമായ പല നടപടികളും കൈക്കൊണ്ടതിന്റെ ഫലമായി നഷ്ടം കുറഞ്ഞിട്ടുണ്ടെന്നു മാത്രമല്ല, ഇപ്പോൾ ലാഭത്തിലാണ് നടക്കുന്നതെന്നും കൂടി പറയാൻ എനിക്ക് സന്തോഷമുണ്ട്.

സർ, എന്റെയും എന്റെ വകുപ്പിന്റെയും പ്രവർത്തനങ്ങളിൽ നിർല്ലോഭമായ സഹായസഹകരണങ്ങൾ നൽകിയ ഈ സഭയോടും എന്റെ വകുപ്പിലെ ഉദ്യോഗസ്ഥന്മാരോടും എനിക്കുള്ള നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

mappilaheritagelibrary.com

1969 ഒക്ടോബർ 24 ന് ഇ.എം.എസ്. മന്ത്രിസഭ രാജി വെച്ചതോടെ മാർക്സ് തുറ കക്ഷികളുടെ നേതൃത്വത്തിൽ 1969 നവംബർ ഒന്നിനു സി.അച്ചുതമേനോൻ മുഖ്യമ ന്ത്രിയായി ഗവൺമെന്റ് അധികാരത്തിൽ വന്നു. 1970 ജൂൺ 26 ന് വിശ്വാസ വോട്ട് തേടി ജയിച്ച ഉടനെ മുഖ്യമന്ത്രി ഗവർണറെ കണ്ട് നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്താൻ ശുപാർശ ചെയ്തു. മുസ്ലിംലീഗ്, സി.പി.ഐ, പി.എസ്.പി കക്ഷികൾ കോൺഗ്രസ്സുമായി സഹകരിച്ചു കൊണ്ട് തെരഞ്ഞെടുപ്പിനെ നേരിട്ടു. ഈ തെരഞ്ഞെടുപ്പിൽ മുസ്ലിംലീഗ് ഉൾപ്പെട്ട മുന്നണി ജയിച്ചു. 1970 ഒക്ടോബർ 4 ന് സി.അച്ചുതമേനോൻ വീണ്ടും മുഖ്യമന്ത്രിയായി അധി കാരമേറ്റു. 1971 സെപ്തംബർ 25ന് കെ.കരുണാകരന്റെ നേതൃത്വത്തിൽ കോൺഗ്രസ്സ് കൂടി ഈ മന്ത്രിസഭയിൽ ചേർന്നതോടെ ജനാധിപത്യ മുന്നണി ഗവർമെന്റിന് കെട്ടുറപ്പ് കൂടി. 1970 സെപ്തംബറിലെ തെരഞ്ഞെടുപ്പിൽ മുസ്ലിം ലീഗ് പുറപ്പെടുവിച്ച വിജ്ഞാപനമാണ് അടുത്ത പേജുക ളിൽ.

31
വോട്ടർമാരോട്

സപ്തംബർ 17-ന് കേരളത്തിൽ അതിപ്രധാനമായ ഒരിടക്കാല തിരഞ്ഞെ ടുപ്പ് നടക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ആകെയുള്ള 133 സീറ്റുകളിൽ 117 സീറ്റും സപ്തകക്ഷി ഐക്യമുന്നണിക്ക് ലഭിച്ചിട്ടും ഇങ്ങിനെ ഒരിടക്കാല തിരഞ്ഞെടുപ്പ് ആവശ്യമായ സാഹചര്യമെന്താണെന്ന് പോളിങ്ങ് ബൂത്തിലേക്കു പോകുന്ന ഉൽബുദ്ധ കേരളം ചിന്തിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കേരള ത്തിലെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാനുള്ള പ്രായോ ഗികമായ പരിപാടികൾ ആ മുന്നണിക്കുണ്ടായിരുന്നു. അതു നടപ്പിൽ വരുത്തു വാനുള്ള പിൻബലവും അവർക്കുണ്ടായിരുന്നു. ദുർബ്ബലമെങ്കിലും രചനാത്മക മായ ഒരു പ്രതിപക്ഷമായിരുന്നു അന്നുണ്ടായിരുന്നത്. അവർക്ക് പാർലിമെണ്ടറി ജനാധിപത്യത്തിൽ വിശ്വാസമുണ്ടായിരുന്നു. അക്രമത്തിനും കയ്യേറ്റത്തിനും അവരേതായാലും മുതിർന്നിരുന്നില്ല. രാഷ്ട്രീയ പ്രശ്നങ്ങൾക്ക് അന്നു തെരു വിൽ വെച്ചായിരുന്നില്ല പരിഹാരം തേടിയിരുന്നത്.

എന്നിട്ടും ആ ഐക്യമുന്നണി എങ്ങിനെ പരാജയപ്പെട്ടു? മാന്യ വോട്ടർമാർ ചിന്തിക്കേണ്ടുന്ന ഒരു പ്രശ്നമാണിത്. മാർക്സിസ്റ്റ് പാർട്ടിയുടെ വൻപാർട്ടി മേധാ വിത്വവും ജനാധിപത്യ വിരുദ്ധമായ പ്രവർത്തനങ്ങളും അക്രമാസക്തമായ പെരു മാറ്റങ്ങളും ഭരണത്തിൽ കുട്ടിസഖാക്കൾ നടത്തിയ കൈകടത്തലും മൂലം ആ മുന്നണി പൊട്ടിച്ചിതറിപ്പോയി. അതിൽ തന്നെയുള്ള ചില കഷ്ണങ്ങൾ ഒട്ടിച്ചു ഓട്ടക്കലം പോലെയുള്ള മറ്റൊരു മുന്നണിയുമായി ശ്രീ.ഇ.എം.എസ്.നമ്പൂതിരി പ്പാട് തന്നെ വീണ്ടും രംഗത്തുവന്നു. 'ഞങ്ങൾ ഏകയോഗക്ഷേമമായി മുന്നണി

mappilaheritagelibrary.com

യായി ജനാധിപത്യപരമായി ജനക്ഷേമകരമായി ഭരിച്ചോളാമേ' എന്നു പറയുമ്പോൾ നാട്ടുകാർക്ക് സംഗതമായും ചോദിക്കാം "പഴയ മുന്നണിയെവിടെ, അതെന്തേ തകർന്നത്, പഴയ മുന്നണിയുടെ ചരിത്രം ആവർത്തിക്കുകയില്ലെന്നതിനെന്താണു തെളിവ്?"

മാർക്സിസ്റ്റ് വൻപാർട്ടി മേധാവിത്വത്തിനു വഴങ്ങില്ലെന്നു പറഞ്ഞു മുന്നണിയിൽ പിളർപ്പുണ്ടായതു ഐ.എസ്.പി. മൂലമാണ്. ആ ഐ.എസ്.പി. ഇന്നവരുമായി ധാരണയിലാണ്. ആയാരാമന്മാരേയും ഗയാരാമന്മാരെയും പരിഹസിച്ച ഇ.എം.എസ്. ഹോൾസെയിലായിട്ടാണ് ഗയാരാമന്മാരെ ഇപ്പോൾ ധാരണവഴി നിയമസഭയിലേക്കയക്കാൻ ശ്രമിക്കുന്നത്. മാർക്സിസ്റ്റ് അനുയായി വൃന്ദത്തിന് ബുദ്ധിയുണ്ടെങ്കിൽ അവർ സ്വയം ചോദിക്കേണ്ടുന്ന ഒരു ചോദ്യമുണ്ട്. "നമ്മെ പിന്നിൽ നിന്നു കുത്താനുള്ള കഠാരി നാം തന്നെ നിയമസഭയിലേക്കു കൊണ്ടുപോകണമോ"

ഐ.എസ്.പി യുടെ അനുയായികൾ ജനാധിപത്യവാദികളാണെന്നാണ് വെപ്പ്. കുഞ്ഞുസാഹിബിന്റെ പേരിൽ അഴിമതിയാരോപണം വന്നപ്പോൾ ആരോപണത്തിനു ഒരടിസ്ഥാനവുമില്ലെന്നു ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയവരാണ് ഐ.എസ്.പി.ക്കാർ. പക്ഷെ മാർക്സിസ്റ്റുകാർ അതു അംഗീകരിച്ചില്ല. എന്നാൽ കുഞ്ഞുസാഹിബിനെയും പി.ആർ.കറുപ്പിനെയും തിരഞ്ഞെടുപ്പിൽ നിർത്തരുതെന്ന മാർക്സിസ്റ്റുകാരുടെ കല്പനക്ക് വഴങ്ങുക വഴി അവർ അഴിമതിക്കാരാണെന്ന വാദം പ്രകാരാന്തരേണ സമ്മതിക്കുകയാണ് ഐ.എസ്.പി. ഇന്നു ചെയ്തത്. സ്വന്തം സ്ഥാനാർത്ഥികളെ നിർത്തുവാനുള്ള സ്വാതന്ത്ര്യം പോലും ഐ.എസ്.പി. അടിയറ വെക്കേണ്ടിവന്നു. സീറ്റുകളുടെ എണ്ണത്തിൽ ഒരു വലിയ നഷ്ടക്കച്ചവടമാണവർ ചെയ്തത്. കിട്ടിയ സീറ്റുകളുടെ ജയസാദ്ധ്യതയും അപകടത്തിലാണ്. ഐ.എസ്.പി.യെ ശരിക്കും ചിറകുവെട്ടിയിടുകയാണ് മാർക്സിസ്റ്റ് പാർട്ടി ചെയ്തത്. കേരള രാഷ്ട്രീയ രഥത്തിലെ അഞ്ചാം ചക്രമാണ് ഐ.എസ്.പി.എന്നവർ പണ്ടേ പറയാറുള്ളതാണ്. ഇന്നു ആ വിമർശനം അർത്ഥവത്താക്കിയിരിക്കുന്നു. മാർക്സിസ്റ്റ് പാർട്ടിക്ക് നിയമസഭയിൽ നിഷ്പ്രഭരായ കുറെ കൈപൊക്കികളെ സപ്ലൈചെയ്യാൻ ഐ.എസ്.പി.ഒപ്പുവെച്ച കരാറ് പാലിക്കേണ്ടുന്ന ബാധ്യത കേരളത്തിലെ വോട്ടർമാർക്ക് ഏതായാലും ഇല്ല. മാർക്സിസ്റ്റ് പാർട്ടിയുമായി ധാരണയിലോ തെറ്റിദ്ധാരണയിലോ വർത്തിക്കുന്ന ഐ.എസ്.പി.സഹതാപമല്ലാതെ വോട്ട് തീർച്ചയായും അർഹിക്കുന്നില്ല.

മാർക്സിസ്റ്റ് വലയിൽ കുടുങ്ങിയ വേറെ ചില പാർട്ടികളുണ്ട്. അവയിൽ പ്രധാനം എസ്.എസ്.പി.യാണ്. അവർ എലക്ഷൻ രംഗത്തു തന്നെ ചില മുറുമുറുപ്പുകൾ ആരംഭിച്ചിരിക്കുന്നു. കേരളത്തിലെ എസ്.എസ്.പി. നേതൃത്വത്തിനു മാർക്സിസ്റ്റ് പാർട്ടിയുടെ ആജ്ഞാനുവർത്തികളായിട്ടല്ലാതെ പ്രവർത്തിക്കുവാൻ വയ്യ. കഴിഞ്ഞ നിയമസഭയിലും അവരങ്ങിനെയാണ് പ്രവർത്തിച്ചത്. ഐ.എസ്.പി. യെയും മുന്നണിയെയും അടിക്കാനുള്ള ഒരു വടിയായിട്ടാണ് അവർ എസ്.എസ്.പിയെ ഉപയോഗിച്ചത്. മാർക്സിസ്റ്റ് വോട്ടുകളെ മാത്രം ആധാരമാക്കിയാണവർ നിയമസഭയിലേക്കു നിൽക്കുന്നത്. എന്നിട്ടുപോലും മാർക്സിസ്റ്റുകാർക്ക് പ്രാബല്യമുള്ള കൂത്തുപറമ്പു മുതലായ നിയോജകമണ്ഡലങ്ങളിൽ നിന്നു അവരെ മാറ്റി പ്രതിഷ്ഠിക്കുകയാണ് ചെയ്തിരിക്കുന്നത്. ഉറച്ച സീറ്റുകൾ ബലികഴിക്കാൻ ഇത്തവണ മാർക്സിസ്റ്റ് പാർട്ടി തയ്യാറില്ല. എസ്.എസ്.പി.മാർക്സിസ്റ്റുകളുമായി ഇപ്പോൾ പിരിഞ്ഞിരിക്കയാണെങ്കിലും നിയമസഭയിൽ ജനാധിപത്യ വിശ്വാസികൾക്ക് യാതൊരാശയും അവർ വാഗ്ദാനം ചെയ്യുന്നില്ല.

mappilaheritagelibrary.com

കെ.ടി.പി, കെ.എസ്.പി. എന്നീ കക്ഷികൾ മുമ്പും മാർക്സിസ്റ്റ് പാർട്ടിയുടെ സ്വന്തഗ്രാഹികളാണ്. ശ്രീ.ബി.വെല്ലിംഗ്ടന്റെ പേരിലുള്ള അഴിമതി ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്തുക എന്ന ജനകീയാവശ്യത്തെ ആവോളം ചെറുത്തുനിന്നു എന്ന ഒറ്റക്കാര്യത്തിനു തന്നെ കെ.ടി.പി. മാർക്സിസ്റ്റ് കക്ഷിയോടു നന്ദി കാണിക്കേണ്ടതുണ്ട്. എന്നിട്ടും കെ.ടി.പി.നേതാവിനെ അല്പമെങ്കിലും ആശയുള്ള ഒരു നിയോജകമണ്ഡലത്തിൽ നിന്നു വളരെ അകലെ കൊണ്ടുപോയാണവർ നിർത്തിയത്. കെ.എസ്.പി.നേതാവിനും താൻ ജയിച്ച നിയോജകമണ്ഡലം വിട്ടുകൊടുക്കേണ്ടി വന്നു. പുതിയ സ്ഥലങ്ങളിൽത്തന്നെ ഈ രണ്ട് 'പാർട്ടി'കളെ വിജയിപ്പിക്കുന്നതു മാർക്സിസ്റ്റുകാരെ വിജയിപ്പിക്കുന്നതിനു തുല്യമാണ്. മാർക്സിസ്റ്റു പാർട്ടിയുടെ ഭീകരതയെക്കുറിച്ചു ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണ് ഈ ഈർക്കിൾ പാർട്ടികളുടെ പേരിൽ സ്ഥാനാർത്ഥികളെ നിർത്തുന്നത്. വാസ്തവത്തിൽ അവ മാർക്സിസ്റ്റ് പാർട്ടിയുടെ ഉപഗ്രഹങ്ങളാണെന്നു ജനങ്ങൾക്കു നല്ലപോലെ അറിയാം.

പിന്നെ രംഗത്തുള്ള മറ്റൊരു പ്രധാന പാർട്ടി നിജലിംഗപ്പായുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സാണ്. പ്രധാനമന്ത്രിയുമായി അവർക്കുള്ള പ്രധാന അഭിപ്രായവ്യത്യാസം പ്രധാനമന്ത്രിക്കുണ്ടെന്നു അവർ പറയുന്ന കമ്യൂണിസ്റ്റ് ചായ്‌വിനെച്ചൊല്ലിയാണ്. എന്നിട്ടവർ ചെയ്യുന്നതെന്താണ്? മാർക്സിസ്റ്റ് കക്ഷിയുടെ പിണയാളുകളായി അവർ മത്സരിക്കുന്നു. ത്രികോണ മത്സരത്തിനു കാരണഭൂതരായിത്തീരുകവഴി മാർക്സിസ്റ്റ് വിജയത്തിന്റെ പാത അവർ വെട്ടിത്തെളിയിക്കുന്നു. കേരളത്തിലെ മാർക്സിസ്റ്റുകളുടെ ഏറ്റവും വലിയ തലവേദനയായ മുസ്‌ലിംലീഗിനെ അവർ ദുർബ്ബലമാക്കുന്നു. ഇതേ ദുഷ്ടബുദ്ധി മുസ്‌ലിംലീഗും കാണിക്കുമെങ്കിൽ മാർക്സിസ്റ്റ് വിജയത്തിന്നിനിയെന്തുവേണം? പക്ഷെ നിജലിംഗപ്പാ കോൺഗ്രസ്സിന്റെ ഈ വൈരനിര്യാതന ബുദ്ധി ഭാഗ്യവശാൽ മുസ്‌ലിംലീഗുകാരെ പിടികൂടിയിട്ടില്ല. സ്വന്തം കക്ഷിയുടെ അംശമായ ഭരണകോൺഗ്രസ്സിന്റെ ശകുനം മുടക്കാൻ സ്വന്തം മൂക്കുമുറിക്കുന്നതിനു സന്നദ്ധരാണ് സംഘടനാകോൺഗ്രസ്സുകാർ. നിർഭാഗ്യവശാൽ മാർക്സിസ്റ്റുകാർ പരിതാപകരമായ പരാജയത്തിന്റെ പടുകുഴിയിൽ നിന്നു കരപറ്റുന്ന പക്ഷം അതിന്റെ ക്രഡിറ്റ് മുഴുവൻ നിജലിംഗപ്പാകോൺഗ്രസ്സിന്റെയും കേരളാ കോൺഗ്രസ്സിന്റെയും നേതാക്കൾക്കായിരിക്കും. കേരളത്തിലെ ജനങ്ങൾ അവർക്കൊരിക്കലും മാപ്പു കൊടുക്കുകയില്ല.

സി.പി.ഐ. യുടെ എലിയെ പിടിക്കാൻ മാർക്സിസ്റ്റ് പാർട്ടിയുടെ മൂർഖനെ വളർത്തുന്ന കേരളാകോൺഗ്രസ്സിന്റെ ബുദ്ധിശൂന്യതയെപ്പറ്റി ഞങ്ങളെന്തു പറയാനാണ്? മാർക്സിസ്റ്റുപാർട്ടി പരാജയത്തിന്റെ ആഴക്കിണറിൽ കിടന്നു മുറിവിളി കൂട്ടുന്ന ചില നിയോജക മണ്ഡലങ്ങളിൽ അവരെ ഏണിവെച്ചു കരകയറ്റുന്ന പണി ആരു ചെയ്താലും കേരളാകോൺഗ്രസ്സ് ചെയ്യരുതായിരുന്നു. പക്ഷെ രാഷ്ട്രീയതിമിരം കൊണ്ടന്ധരും അധികാരദുർമ്മോഹം കൊണ്ടു ബധിരരുമായ അരഡസൻ ആളുകളാണ് ഈ ആത്മഹത്യക്കുള്ള കയറുപിരിച്ചത്. രണ്ടു കമ്യൂണിസ്റ്റ്കാരെയും ഒഴിവാക്കുവാൻ ഒരു നാമമാത്ര മൂന്നാംചേരി സൃഷ്ടിച്ചു. മാർക്സിസ്റ്റുകാർക്ക് ജയസാദ്ധ്യതയുണ്ടാക്കികൊടുത്ത അവരോടു ഇ.എം.എസും കൂട്ടരും എന്നും നന്ദിയുള്ളവരായിരിക്കും. പുര കത്തിപ്പോയാലും ഐത്തക്കാരൻ അതു തൊട്ടില്ലല്ലോ എന്നു സമാധാനിച്ച വള്ളത്തോൾക്കവിതയിലെ ആഢ്യനെ ഞങ്ങൾ കേരളാ കോൺഗ്രസ്സിൽ കാണുന്നു. "സുഹൃത്തുക്കളെ! ഇനിയും വൈകിയിട്ടില്ല" എന്നു മാത്രമെ ഇപ്പോൾ ഞങ്ങളവരോടു പറയുന്നുള്ളു.

mappilaheritagelibrary.com

ഇനി രംഗത്തവശേഷിക്കുന്നതു ഭരണമുന്നണിയും അവരോടു സഖ്യത്തിലുള്ള ഭരണകോൺഗ്രസ്സുമാണ്. ശ്രീ: അച്ചുതമേനോന്റെ ഭരണകാലത്തു മുന്നണിയിലുണ്ടായിരുന്ന ഐ.എസ്.പി.യും, കേരളാ കോൺഗ്രസ്സും വിട്ടുപോയിട്ടുണ്ട്. കെ.കെ.പി. എന്ന ഒറ്റയാൻ കക്ഷിയെപ്പറ്റി ഞങ്ങൾ തൽക്കാലം ഒന്നും പരാമർശിക്കുന്നില്ല. സി.പി.ഐ, ആർ.എസ്പി, മുസ്‌ലിംലീഗ് എന്നീ കക്ഷികൾ ചേർന്നുകൊണ്ടുള്ളതാണ് മുന്നണി. മുന്നണി ഒരിക്കൽ കേരളം 9 മാസം ഭരിച്ചതാണ്. ആ ഭരണമാണ് ഭൂനയബില്ലിലെ പല വ്യവസ്ഥകളും ഉഭയസമ്മതത്തോടെ നടപ്പാക്കിയത്. പരസഹസ്രങ്ങൾ അതുവഴി തലചായ്ക്കുന്ന വീട്ടിന്റെ ചുറ്റുമുള്ള മണ്ണിന്റെ ഉടമകളായി. അനേകലക്ഷം പേർക്കു പണിയുന്ന മണ്ണിനും പട്ടയം കിട്ടി. പഴയ ഗവർമ്മെണ്ടിന്റെ കാലത്തു കുടിയായ്മക്കാര്യത്തിലുണ്ടായിരുന്ന ചുകപ്പുനാട അറുക്കുവാൻ ഒരു പ്രത്യേക ഭൂപരിഷ്കരണ വകുപ്പുതന്നെ ഉണ്ടാക്കി. അരിയുടെ മൊത്തക്കച്ചവടം കുത്തകക്കാരിൽ നിന്നെടുത്ത് എഫ്.സി.ഐ.ക്കു കൊടുക്കണമെന്നത് ഐക്യമുന്നണിയുടെ പ്രഖ്യാപിത നയമായിരുന്നു. പക്ഷെ അതു നടപ്പിലാക്കാൻ 31 മാസം ഭരിച്ച ഇ.എം.എസ്സിനു സാധിച്ചില്ല. അച്ചുതമേനോന്നാകട്ടെ അതിനു ആഴ്ചകൾ പോലും വേണ്ടി വന്നില്ല. പുരോഗമനാത്മകമായ ഭൂനയത്തിന്റെ ഭാഗമെന്ന നിലയിൽ കായൽ പ്രഭുക്കളുടെയും തോട്ടപ്രമാണിമാരുടെയും കയ്യിലുള്ള സർക്കാർ ഭൂമി തിരിച്ചെടുത്തു വിതരണം ചെയ്യാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചു.

ഭവനപ്രശ്നം പരിഹരിക്കുവാൻ ഒരു ഹൗസിംഗ് ബോർഡ് രൂപീകരിക്കുന്നതിനു ഏർപ്പാട് ചെയ്തു. ഗ്രാമങ്ങളിലെയും നഗരങ്ങളിലേയും മാറാല കെട്ടിക്കിടന്നിരുന്ന ജലവിതരണ പദ്ധതികൾ പൊടി തട്ടിയെടുത്തു എൽ.ഐ.സി. ലോണിന്റെ സഹായത്തോടെ നടപ്പാക്കാനുള്ള ഏർപ്പാടുകളും ഏതാണ്ട് പൂർത്തിയാക്കിയശേഷമാണ് ബഹുജനവിധി തേടാൻ വേണ്ടി മന്ത്രിസഭ തീരുമാനമെടുത്തത്. പാവപ്പെട്ട കുറെ അദ്ധ്യാപകന്മാർ 1960 ന് മുമ്പ് റിട്ടയർ ചെയ്ത അദ്ധ്യാപകന്മാരെന്ന നിലയിൽ ഒന്നും കിട്ടാതെ പ്രേതങ്ങളെപ്പോലെ ഉഴലുകയായിരുന്നു. അവർക്കു പെൻഷൻ അനുവദിച്ചു. പണ്ടുകാലത്തു അവഗണിച്ച പോലീസുകാരുടെ പാർപ്പിട പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ കൂടുതൽ സംഖ്യ വകയിരുത്തി. അങ്ങിനെ ഒമ്പതു മാസം കൊണ്ടു എമ്പാടും കാര്യങ്ങൾ ചെയ്തു.

എല്ലാറ്റിലും ഉപരിയായി ആ മന്ത്രിസഭ കേരളത്തിലെ നിയമ സമാധാന നില പുനഃസ്ഥാപിച്ചു. തീവ്രവാദികളെന്ന ഭംഗിയുള്ള പേര് സ്വീകരിച്ചു കൊള്ളയും കൊലയും നടത്തിയവർക്കു തണലേകുക എന്ന ഇ.എം.എസ്സിന്റെ പോലീസ് നയത്തിൽ മാറ്റങ്ങൾ വരുത്തി. പാർട്ടി പ്രവർത്തകന്മാരുടെ പക്ഷപാതം നിറഞ്ഞ മുഷ്ടിയിൽ നിന്നു പോലീസിനെ മോചിപ്പിച്ചു. നിയമത്തിന്റെ ഭരണം നാട്ടിൽ പുനഃസ്ഥാപിച്ചു. വേലി കെട്ട് വിപ്ലവത്തിന്റെ പേരിൽ ആരാന്റെ പറമ്പിലെ മുഴുവൻ തേങ്ങയും പറിച്ചു പാർട്ടിയെ തടിപ്പിക്കാനുള്ള ശ്രമത്തെ നിരുത്സാഹപ്പെടുത്തി. ഘെരാവോവിന്റെ പേരിൽ നടന്ന കാട്ടാളത്തത്തിന്റെ കരിദിനങ്ങൾക്കറുതി വരുത്തി. മാർക്സിസ്റ്റുകളും മാർക്സിസ്റ്റേതരരുമെന്ന ഇരട്ട പൗരത്വത്തെ ഇല്ലായ്മ ചെയ്തു. ജനങ്ങൾ ആശ്വാസത്തിന്റെ നെടുവീർപ്പുകളയച്ചു. അഴിമതി അവസാനിപ്പിക്കുവാൻ ആത്മാർത്ഥമായി യത്നിക്കുകയും മന്ത്രിമാരുടെ പേരിലുള്ള അഴിമതിയാരോപണത്തെ അന്വേഷിക്കാൻ ഫലപ്രദമായി ഏർപ്പാടുകളുണ്ടാക്കുകയും ചെയ്തു. ഒമ്പതു മാസത്തെ നടപടികളെക്കുറിച്ചു ചുരുക്കത്തിൽ ഇങ്ങിനെ പറയാം. "പാർട്ടിക്കാർക്കുവേണ്ടി പാർട്ടിക്കാർ നടത്തുന്ന പാർട്ടിഭരണം മാറ്റി ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനകീയഭരണം

mappilaheritagelibrary.com

ഏർപ്പെടുത്തി."

ആ മന്ത്രിസഭയെ കുതികാൽവെട്ടികളും കുലദ്രോഹികളും ചേർന്നു കുരുതിക്കൊടുക്കാൻ പുറപ്പെട്ടപ്പോഴാണ് ശ്രീ.അച്ചുതമേനോൻ ജനപിന്തുണ ആവശ്യപ്പെട്ടത്. ഇനിയും നല്ലകാര്യങ്ങൾ ചെയ്യാൻ, ചെയ്തുവെച്ച കാര്യങ്ങൾ പൂർത്തിയാക്കാൻ മുന്നണി ജയിച്ചുവരേണ്ടതത്യാവശ്യമാണ്. സമാധാനപരമായും ഭരണഘടനക്കുള്ളിൽ നിന്നു കൊണ്ടും പരിവർത്തനങ്ങൾ വരുത്തുവാൻ കഴിയുമെന്നു വിശ്വസിക്കുന്ന ജനാധിപത്യവാദികളെല്ലാം എന്തു ത്യാഗം ചെയ്തും ഈ മുന്നണിയെ വിജയിപ്പിക്കേണ്ടിയിരിക്കുന്നു. മുന്നണിക്കെതിരിൽ കുത്തുന്ന ഓരോ വോട്ടും കേരളത്തിലെ ജനാധിപത്യത്തിന്റെ നെഞ്ചിൽ കുത്തുന്ന ഓരോ കഠാരിയാണ്. നിജലിംഗപ്പാ കോൺഗ്രസ്സുകാരും കേരളാ കോൺഗ്രസ്സുകാരും ഭരണകോൺഗ്രസ്സിനെ ജയിപ്പിക്കാൻ നോമ്പുനോറ്റു നടക്കുന്നവരെ എതിർക്കുന്നതിനു മാർക്സിസ്റ്റുകാരോട് കൈകോർത്തു പിടിച്ച ഭരണകോൺഗ്രസ്സിലെ അംഗുലീപരിമിതരായ വിമതന്മാരും തങ്ങൾ ചെയ്യുന്ന കൊടും പാതകത്തിന്റെ ആഴം മനസ്സിലാക്കിയിട്ടുണ്ടോ? മാന്യവോട്ടർമാരെ! നിങ്ങളെങ്കിലും അതു മനസ്സിലാക്കുമോ?

ഇനി രംഗത്തു ശേഷിക്കുന്ന കക്ഷി ഭരണ കോൺഗ്രസ്സാണ്. കോൺഗ്രസ്സിന്റെ പുരോഗമന വിഭാഗവുമായി കൂട്ടുകൂടിയതിനു ഭരണമുന്നണിയെ വിമർശിക്കുന്നവർ അതിലെ താരതമ്യേന പിന്തിരിപ്പനായ വിഭാഗത്തോട് കൂട്ടുചേർന്നതിനു ശേഷമാണ് അങ്ങിനെ ചെയ്യുന്നതു എന്നത് വിനോദകരമായിത്തോന്നുന്നു. പ്രധാനമന്ത്രി സാമുദായിക ലഹളകളുടെയും മറ്റും കാര്യത്തിൽ ആപേക്ഷികമായി ഒരുറച്ച നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അത്തരം ഒരു വിഭാഗത്തോട് മുസ്‌ലിംലീഗും മറ്റും ചേർന്നു നിൽക്കുന്നതിനെ വിമർശിക്കുന്ന മാർക്സിസ്റ്റുകാർ സ്വതന്ത്രയും ജനസംഘവുമായി കൂട്ടു ചേർന്ന നിജലിംഗപ്പാ കോൺഗ്രസ്സിനെ കെട്ടിപ്പുണരുന്നതു എന്തു ന്യായം വെച്ചാണ്? പൂർവ്വകാലത്തു കോൺഗ്രസ്സ് എന്തു തന്നെ ചെയ്താലും ഇന്നത്തെ കോൺഗ്രസ്സ് നേതൃത്വം അച്ചുതമേനോൻ ഗവർമ്മെണ്ടിനെ ആദ്യം മുതൽക്കേ അനുകൂലിക്കുകയും ആ ഗവർമ്മെണ്ടിന്റെ നല്ല ചെയ്തികളെ പിന്താങ്ങുകയും ചെയ്തിട്ടുണ്ട്. മാർക്സിസ്റ്റ് മേധാവിത്വത്തിൽ നിന്നു ഈ സ്റ്റേറ്റിനെ രക്ഷിക്കുവാൻ കഴിയുന്ന ഒരു പുരോഗമന കക്ഷിയെന്ന നിലയിൽ ഭരണ കോൺഗ്രസ്സിനെ ഒരു ധാരണ വഴി ഇപ്പഴത്തെ മുന്നണിയുമായി ബന്ധിച്ചതിൽ ഒരാപാകതയുമില്ല; ഒരു തെറ്റുമില്ല. ഭരണ കോൺഗ്രസ്സും മുസ്‌ലിംലീഗ് മുതലായ മുന്നണി കക്ഷികളുമായുള്ള കൂട്ടുകെട്ടിനെ ഭരണകോൺഗ്രസ്സിലെ ആരും ഒരു തത്വമെന്ന നിലയിൽ എതിർത്തിട്ടില്ല. സീറ്റിന്റെ പേരിലാണ് പിന്നീട് ചില പൊട്ടലും ചീറ്റലുമുണ്ടായത്. ആ വിദ്വേഷാഗ്നി കെട്ടടങ്ങുമെന്നാണ് ഞങ്ങളുടെ വിശ്വാസം. മുന്നണി എന്നു പറയുന്നതു സീറ്റെല്ലാം ഒരു കൂട്ടർ തന്നെ കയ്യടക്കി വെക്കലല്ലല്ലോ. കേന്ദ്രത്തിലെ ഭരണ കോൺഗ്രസ്സ് ഗവർമ്മെണ്ടിനെ പല കാര്യങ്ങളിലും അനുകൂലിക്കുന്ന കക്ഷികളാണ് ഈ മുന്നണിയിലുള്ളത്. സോഷ്യലിസം, സമാധാനപരമായ പരിവർത്തനം, നിയമസമാധാനം മുതലായ കാര്യങ്ങളിൽ മുന്നണിയിലെ കക്ഷികൾക്കും ഭരണ കോൺഗ്രസ്സുമായി കാര്യമായ അഭിപ്രായവ്യത്യാസമൊന്നുമില്ല. ഭരണ കോൺഗ്രസ്സിലെ എല്ലാ സീറ്റുകളിലും ആത്മാർത്ഥമായി സഹായിക്കുവാൻ ബദ്ധകങ്കണരായ കക്ഷികളെ അവരുടെ സ്വന്തം മണ്ഡലങ്ങളിൽ അലോസരപ്പെടുത്തുകയും മാർക്സിസ്റ്റ് കക്ഷിക്ക് പ്രകാരാന്തരേണ സഹായം നൽകുകയും ചെയ്യുന്ന ആത്മഹത്യാപരമായ നയത്തിൽ നിന്നു ഭരണ കോൺഗ്രസ്സിലെ

mappilaheritagelibrary.com

സാഹസികന്മാരെ പിന്തിരിപ്പിക്കുവാൻ ആ പാർട്ടിയിലെ സാധാരണക്കാർ മുന്നോട്ടുവരുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

ജനക്ഷേമകരമായ ഒരു നല്ല ഭരണകൂടത്തിനുവേണ്ടി, സമാധാനപരമായ ജീവിതത്തിനുവേണ്ടി, ദരിദ്ര കേരളത്തിൽ ഒരു നല്ല നാളേക്കുവേണ്ടി നാട്ടുകാരെ! വോട്ടർമാരെ ഓരോ വോട്ടും മുന്നണിക്കും മുന്നണിയെ സഹായിക്കുന്ന ഭരണകോൺഗ്രസ്സിന്റെ ഔദ്യോഗിക സ്ഥാനാർത്ഥികൾക്കും സദയം നൽകുക.

(കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് കമ്മിറ്റി 1970 ആഗസ്റ്റ് 28)

mappilaheritagelibrary.com



ഗ്രേസ് എജുക്കേഷണൽ അസോസിയേഷൻ

സാമൂഹികശാസ്ത്ര വിഷയങ്ങളിൽ പ്രത്യേകിച്ച് രാഷ്ട്രീയചരിത്രത്തിൽ ഗവേഷണപഠനങ്ങൾ നടത്തുന്ന പലരും അന്വേഷിച്ചെത്തുക മുസ്‌ലിം ലീഗ് രേഖകൾ തേടിയാണ്. ഇവയാണെങ്കിൽ അസംഖ്യം കൈകളിലായി ചിതറിക്കിടക്കുന്നു. പൊതുരേഖകളായി പ്രസിദ്ധീകരിക്കപ്പെട്ട ഏതാനും ലഘുലേഖകൾ സമാഹരിച്ച് ഇങ്ങനെ ഒരു ഗ്രന്ഥം പുറത്തിറക്കുന്നത് രാഷ്ട്രീയ പഠിതാക്കളെ സംബന്ധിച്ചിടത്തോളം പ്രയോജനകരമായിരിക്കും.

പി.എ.റഷീദ്
എം.സി.വടകര
എം.ഐ.തങ്ങൾ

വില : 300.00

നിരൂപണം

Grace books

ISBN – 978-81-928952-1-5

9 788192 895215